# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### 2018 ജൂൺ 18, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 18, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

752/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....27

**II അടിയന്തരപ്രമേയം**

കാലവർഷക്കെടുതി

(അവതരണാനുമതി നിഷേധിച്ചു) ...512

**III ശ്രദ്ധ ക്ഷണിക്കൽ**

1. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ —

ശ്രീ. സി. കെ. ശശീന്ദ്രൻ ...539

2. പകർച്ചപ്പനിക്കെതിരെ മുൻകരുതൽ നടപടികൾ—

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...552

**IV സബ്മിഷൻ**

1. എളങ്കുന്നപ്പുഴ മുൻപഞ്ചായത്ത് പ്രസിഡന്റിന്റെ ആത്മഹത്യ—

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...558

2. പ്രവാസി പുനരധിവാസം—

ശ്രീ. കെ. വി. അബ്ദുൾ ഖാദർ ..560

3. എ.ഡി.ജി.പി.-യുടെ ഡ്രൈവർക്കേറ്റ മർദ്ദനം—

ശ്രീ. കെ. എസ്. ശബരീനാഥൻ ...561

4. പുതിയ ട്രേഡുകൾ അനുവദിക്കൽ—

ശ്രീ. വി. ജോയി ...563

5. ധനസഹായം—

ശ്രീ. എസ്. ശർമ്മ ...564

പേജ്

6. മിച്ചഭൂമി ഏറ്റെടുക്കൽ—

ശ്രീ. ജെയിംസ് മാത്യു ....565

7. കുടിവെള്ള പദ്ധതികൾ—

ശ്രീ. എൻ. ഷംസുദ്ദീൻ ....566

8. വരൾച്ചാ ദുരിതാശ്വാസ ഇൻഷ്വറൻസ് തുക—

ശ്രീ. കെ. വി. വിജയദാസ് ....568

9. മാമോഗ്രാം സൗകര്യം—

ശ്രീമതി ഗീതാ ഗോപി ....569

10. വേതന വർദ്ധന—

ശ്രീ. കോവൂർ കുഞ്ഞുമോൻ ....571

11. റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥ—

ശ്രീ. പി. കെ. ശശി .... 572

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...575

**VI റിപ്പോർട്ട് സമർപ്പണം**

1. 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...575

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ...576

3. 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...576

പേജ്

4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിനാല് മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ ...576

5. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ...576

6. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമതും നാലാമതും റിപ്പോർട്ടുകൾ ...577

**VII പ്രമേയം**

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ഭേദഗതി ...578

**VIII ക്രമപ്രശ്നം**

ചട്ടങ്ങൾ രൂപീകരിക്കൽ ...579

**റൂളിംഗ്**

**IX നിയമനിർമ്മാണകാര്യം**

(1) 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...580

**X അറിയിപ്പ്**

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച് ...608

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ...614

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ...614

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ...614

**XI അറിയിപ്പ്**

പ്രവാസി ചിട്ടിയുടെ ഉദ്ഘാടനം ...711

**അനുബന്ധം** ...712

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 18, തിങ്കൾ*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2018 ജൂൺ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*211)

### പാഠ്യക്രമം നവീകരിക്കുവാൻ നടപടി

1 (*211) ശ്രീമതി പി. അയിഷാ പോറ്റി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജ്ഞാന സമ്പാദനത്തേക്കാൾ തൊഴിൽ കമ്പോളത്തിലെ നേട്ടമാണ് മികച്ച വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന സമൂഹത്തിന്റെ തെറ്റിദ്ധാരണ തിരുത്തിക്കൊണ്ട്, കുട്ടികൾ ഓരോരുത്തർക്കും അവരവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാൻ കഴിയുംവിധം പാഠ്യക്രമം നവീകരിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ബി) പഠന സൗകര്യം ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായി വികസിപ്പിക്കുന്നതോടൊപ്പം ബോധനരീതിയിലും പരീക്ഷാരീതിയിലും നവീകരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിദ്യാഭ്യാസ നിലവാര ഉന്നതിക്ക് നിർണ്ണായകമായ അദ്ധ്യാപകരുടെ കർമ്മശേഷി ഉയർത്താൻ പരിപാടിയുണ്ടോ; വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, (എ) കേരളം മുന്നോട്ടുവയ്ക്കുന്ന വിദ്യാഭ്യാസത്തിന്, അതിനായി രൂപീകരിക്കപ്പെടുന്ന പാഠ്യക്രമത്തിന് രണ്ട് ധർമ്മങ്ങൾ നിറവേറ്റാനുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടവ

1. ഇന്ത്യൻ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യമതനിരപേക്ഷ മൂല്യബോധം കുട്ടികളിൽ ഉളവാക്കുക.
2. അറിവിന്റേതായ ഇന്നത്തെ ലോകത്തിൽ ആത്മാഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും മുന്നോട്ടുപോകാനുള്ള അറിവും കഴിവും നൈപുണ്യവും ആർജ്ജിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ ഒരുക്കുക. വിദ്യാഭ്യാസഘട്ടത്തിനുശേഷം ജീവിതായോധനത്തിന്റെ ഭാഗമായി തൊഴിൽ ചെയ്ത് ജീവിക്കാനുള്ള കഴിവ് നേടുക.

ഇതിനനുസൃതമായി ഓരോ കുട്ടിയുടെയും പ്രതിഭകൾ തിരിച്ചറിഞ്ഞ് അത് ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുവാൻ സഹായിക്കുക. നിലവിലുള്ള പാഠ്യക്രമം ഇതുപ്രകാരമുള്ളതാണോയെന്ന് പരിശോധിച്ച് ആവശ്യമാണെങ്കിൽ നവീകരിക്കുന്ന കാര്യം പരിഗണിക്കും.

(ബി) ക്ലാസ് മുറികൾ സാങ്കേതികവിദ്യാസൗഹൃദമാക്കുന്നതിനനുസൃതമായി ബോധനരീതിയിൽ പരിവർത്തനം ആവശ്യമാകും. അതോടൊപ്പം മൂല്യനിർണ്ണയ രീതിയിലും മാറ്റങ്ങൾ വേണ്ടിവരും. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയം (സി.സി.ഇ) കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പരീക്ഷകൾ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാലഘട്ടം ആവശ്യപ്പെടുന്നതിനനുസൃതമായും സാങ്കേതികവിദ്യാ സാധ്യത കളിൽ വരുന്ന മാറ്റത്തിനനുസരിച്ചും അദ്ധ്യാപകരുടെ കർമ്മശേഷി ഉയർത്താനായി തുടർച്ചയായ പരിശീലനം ആവശ്യമാണ്. ഈ അവധിക്കാലത്ത് ഹൈടെക് ക്ലാസ് മുറികൾ പഠനബോധന പ്രവർത്തനങ്ങൾക്ക് സമഗ്രവിഭവ പോർട്ടലിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതുകൂടി ഉൾപ്പെടുത്തി പരിശീലനം നൽകിയിട്ടുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ അധികാരത്തിൽവന്ന് രണ്ടുവർഷത്തിനുള്ളിൽത്തന്നെ സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വലിയ മാറ്റം വിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും സ്മാർട്ട് ക്ലാസ് റൂമുകൾ ഭൂരിഭാഗം സ്കൂളുകളിലും ഒരുക്കിക്കഴിയുകയും ചെയ്തു. ഇത്തരത്തിൽ കുട്ടികളുടെ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ഭൗതിക സാഹചര്യത്തിലുള്ള മാറ്റങ്ങൾക്ക് തുടക്കംകുറിക്കുകയും സാങ്കേതിക സൗകര്യങ്ങൾ ബഹുഭൂരിപക്ഷവും മെച്ചപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ കുട്ടികളുടെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലെത്തിക്കുക എന്നുള്ളതാണ് നമ്മുടെ കടമ. അതുകൊണ്ടു തന്നെ അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയമാണ് നാം മുന്നോട്ടുവച്ചിരിക്കുന്നത്. ഈ മികവ് നേടുന്നതിനുവേണ്ടിയുള്ള പാഠ്യക്രമമാണ് നമുക്ക് വേണ്ടത്. അതനുസരിച്ചുള്ള സിലബസും പെഡഗോജിയും ബോധനരീതിയും നമുക്കാവ ശ്യമാണ്. ഇതിനുവേണ്ടിയാണ് കഴിഞ്ഞ വർഷംതന്നെ സ്കൂളുകളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞിട്ടുള്ളത്.ഈ വിദ്യാഭ്യാസ വർഷത്തെ, മികവിന്റെ വർഷമെന്ന രീതിയിൽ നാം കാണുമ്പോൾ അതിലെ പ്രധാനപ്പെട്ട ലക്ഷ്യം, അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുക എന്നുള്ളതാണ്. അതിന്റെ വർക്ക്ഷോപ്പ് അടുത്തയാഴ്ച ആരംഭിക്കുകയാണ്. ഈ വർഷം അക്കാദമിക മാസ്റ്റർപ്ലാനിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കി മികവ് വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഹിന്ദി സംസാരിക്കുന്നവരുണ്ട്. വിദേശത്ത് ഇംഗ്ലീഷാണ് കൈകാര്യം ചെയ്യുന്നത്. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ചെറിയ ക്ലാസ് മുതൽതന്നെ ഇംഗ്ലീഷും ഹിന്ദിയും പഠിപ്പിക്കുന്നതുപോലെ കൂടുതൽ സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന ഭാഷകൾ എഴുതാനും വായിക്കാനും അനായാസം സംസാരിക്കാനും മനസ്സിലാക്കാനുമുള്ള പഠനക്രമം തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, രണ്ടുവർഷം മുമ്പ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചപ്പോൾ പറഞ്ഞ പ്രധാനപ്പെട്ട കാര്യം പത്താം ക്ലാസ് പാസ്സാകുമ്പോഴേയ്ക്കും കേരളത്തിലെ കുട്ടികൾക്ക് മൂന്ന് ഭാഷ സംസാരിക്കുവാനുള്ള കഴിവുണ്ടാകുമെന്നാണ്. അതിലൊന്ന് മലയാളമാണ്; നമ്മുടെ മാതൃഭാഷയാണ് ഏറ്റവും പ്രധാനം. അതുകൊണ്ടുതന്നെ ഭാഷ നല്ലതുപോലെ എഴുതാനും സംസാരിക്കാനുമുള്ള കഴിവുണ്ടാക്കാനാകും. അതോടൊപ്പം ഇംഗ്ലീഷും ഹിന്ദിയുമുണ്ട്. അങ്ങനെ മലയാളവും ഇംഗ്ലീഷും ഹിന്ദിയും സംസാരിക്കാൻ കഴിവുള്ളവരാക്കി, ഈ ഭാഷകളിൽ കഴിയാവുന്നത്ര ആഴത്തിൽ അറിവുള്ളവരാക്കി മാറ്റുക എന്നതുതന്നെയാണ് ഈ പരിപാടിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്.

പ്രൊഫ. കെ. യു. അരുണൻ: സർ, ഓഷോ ഒരിക്കൽ പറയുകയുണ്ടായി "I'm infinitely grateful to them, go to the teachers and parents. Because they died at the right time without destroying me". അദ്ധ്യാപകരും രക്ഷിതാക്കളും വേഗം ചത്തുതന്നു എന്നെ ഉപദ്രവിക്കാതെ എന്നാണർത്ഥം. അത് ഈ സന്ദർഭത്തിൽ

പറഞ്ഞത്, നമ്മുടെ സമൂഹത്തിൽ സമൂലമായൊരു മാറ്റത്തിന് അദ്ധ്യാപകരെ വിധേയമാക്കേണ്ടതുണ്ടെന്ന ചെറിയ ചിന്തയുടെ അടിസ്ഥാനത്തിലാണ്. അദ്ധ്യാപകരുടെ കർമ്മശേഷി വികസിപ്പിക്കാൻ അവർക്ക് പരിശീലനം കൊടുക്കണം. ഇപ്പോൾ ആറും ഏഴും വയസ്സാകുമ്പോൾ കുട്ടികൾ സ്മാർട്ടാണ്, സ്മാർട്ട് സ്കൂളായി, സ്മാർട്ട് ക്ലാസ് റൂമായി. അപ്പോഴാണ് നമ്മുടെ നാട്ടിലെ പ്രസിദ്ധമായ ഹിന്ദു പത്രം, courage to teach– പഠിപ്പിക്കാൻ ധൈര്യമുള്ളവർ ആര്; എല്ലാ കുട്ടികൾക്കും സമർത്ഥമായ പഠനശേഷി നൽകാൻ കഴിവുള്ളവർ ആര് എന്നൊരു ചോദ്യം ചോദിച്ചത്. അതുകൊണ്ടുതന്നെ പ്രൊഫ. സി. രവീന്ദ്രനാഥ് അതിനുവേണ്ടി തുടർച്ചയായി പരിശീലനം നൽകുന്നുണ്ട്. ആ പരിശീലനത്തിന്റെ കാലയളവ് കുറച്ചുകൂടി കുറയ്ക്കാനുള്ള എന്തെങ്കിലും തീരുമാനം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുണ്ടായിട്ടുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, പരിശീലനത്തിന്റെ കാലാവധി കൂട്ടാനാണ് ശ്രമിക്കുന്നത്. പ്രൊഫ. കെ. യു. അരുണൻ ഉദ്ദേശിച്ചത്, അദ്ധ്യാപകരെ ശാക്തീകരിക്കുന്നത് കുറച്ചുകൂടി എളുപ്പത്തിലാക്കുക എന്നതാണ്. അതിന് പരിശീലനത്തിന്റെ അളവ് കൂട്ടുകയോ കാലാവധി കൂട്ടുകയോ ചെയ്യണം. തുടർച്ചയായുള്ള പരിശീലനത്തിനാണ് നാം ശ്രമിക്കുന്നത്. കഴിഞ്ഞ രണ്ട് മാസങ്ങൾക്കുള്ളിൽ എട്ട് ദിവസം നീണ്ടുനിന്ന പരിശീലനമാണ് സമഗ്ര പോർട്ടൽ ഉപയോഗിച്ച് നൽകിയത്. ടെക്നോളജിക്കൽ പെഡഗോജി എന്നാലെന്താണ്; പൂർണ്ണമായും അത് ശരിയാണോ എന്നറിയില്ലെങ്കിലും ഒരുപക്ഷേ ടെക്നോളജിക്കൽ പെഡഗോജി പ്രയോഗിക്കുന്നത് കേരളത്തിലായിരിക്കും. അതെങ്ങനെയെന്ന് കൃത്യമായി അദ്ധ്യാപകരെ പഠിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. മാത്രമല്ല, ഇനി വരുന്ന മാസങ്ങളിൽ അവർക്ക് അത്തരത്തിലുള്ള എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ ഓൺലൈൻ വഴി സംശയങ്ങൾ തീർക്കുന്ന DIET എന്ന സംവിധാനം ജില്ലാതലത്തിലും ഗവേഷണതലത്തിലും പരിശീലനതലത്തിലും വളർത്തിയെടുത്ത് ഇടയ്ക്കിടക്ക് അവരുടെ സംശയം തീർക്കാനുള്ള സൗകര്യങ്ങൾ കൂടിയുണ്ടാക്കും. പരിശീലനം നടത്തിയശേഷം അടുത്ത പരിശീലനം വരെ കാത്തിരിക്കാതെ പരിശീലനത്തിനുശേഷം സംശയം തീർക്കാനുള്ള നടപടികളുണ്ടാകുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ കുറച്ചുകൂടി പെട്ടെന്ന് അദ്ധ്യാപകരെ ശാക്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി <u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഹൈടെക് ടെക്നോളജി ഉപയോഗിച്ചുകൊണ്ട് കുട്ടികളെ പഠിപ്പിക്കാനുള്ള ബോധന രീതിയുടെ പരിശീലനം കേരളത്തിലെ അദ്ധ്യാപകർക്ക് നൽകുന്നുണ്ടോ; ട്രെയിനിംഗിനാവശ്യമായ പഠന മൊഡ്യൂളുകൾ ഇതിനോടകം തയ്യാറാക്കിയോ; അതോടൊപ്പം അദ്ധ്യാപകർ ഈ മൊഡ്യൂൾ ഉപയോഗിച്ചുകൊണ്ട് പഠിപ്പിക്കുന്ന

രീതി മോണിറ്റർ ചെയ്യാൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടാകുമോ? നേരത്തെ പ്രൊഫ. കെ. യു. അരുണൻ അവസാനിപ്പിച്ച ഭാഗം Courage to teach ആണ്. യഥാർത്ഥത്തിൽ നമ്മുടെ അദ്ധ്യാപകർക്ക് പഠിപ്പിക്കാൻ ധൈര്യമില്ല. ബി.എഡ്. ട്രെയിനിംഗിന് പഠിക്കുന്ന ഒരു കുട്ടിക്ക് ഡെമോൺസ്ട്രേഷൻ നടത്താനുള്ള ധൈര്യം കേരളത്തിലെ സ്കൂൾ അദ്ധ്യാപകർക്കില്ലെന്നുള്ളത് വളരെ ദയനീയമാണ്. അവരുടെ ആത്മവിശ്വാസം ഉയർത്തുന്ന പദ്ധതികളുൾപ്പെടെ നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കഴിഞ്ഞ രണ്ടുവർഷക്കാലം പ്രധാനമായും അദ്ധ്യാപകരുമായുള്ള ആശയവിനിമയത്തിനാണ് ശ്രമിച്ചത്. കേരളത്തിലെ 14 ജില്ലകളിലെ പ്രിൻസിപ്പാൾമാർ ഹെഡ് മാസ്റ്റർമാരുമായും ഏകദേശം പതിനാറായിരത്തോളം അദ്ധ്യാപകരുമായും നേരിട്ട് സംവദിക്കുകയുണ്ടായി. വാസ്തവത്തിൽ നമ്മൾ പറയുന്നതിനപ്പുറം കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപകർ കൂടുതൽ ശക്തിയും ധൈര്യവും നല്ല പൊട്ടൻഷ്യലുമുള്ളവരാണെന്ന കാര്യത്തിൽ യതൊരു സംശയവുമില്ല. നിരന്തരമായ പരിശീലനം അവർക്ക് ലഭിച്ചിരുന്നില്ലെന്നുള്ള കുറവുണ്ട്. ആധുനികവൽക്കരണത്തിനനുസരിച്ച് അവരെ ശാക്തീകരിച്ചിരുന്നില്ല. അതുകൊണ്ട് അവരുടെ യഥാർത്ഥ പൊട്ടൻഷ്യൽ ഉപയോഗിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവരെ ശാക്തീകരിക്കുക എന്ന തന്ത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഞാൻ നേരത്തേ സൂചിപ്പിച്ച, സമഗ്ര പോർട്ടൽ എന്നത് ഓരോ പാഠത്തിന്റെയും ഡിജിറ്റൽ കണ്ടന്റ് വളരെ മനോഹരമായി ഉൾക്കൊള്ളുന്ന ഒരു പോർട്ടലാണ്. അത് വളരെ ആധുനികമായി NCERT തയ്യാറാക്കിയ ഒരു പോർട്ടലാണ്. ആ പോർട്ടൽ ഉപയോഗിച്ച് പഠിപ്പിക്കാൻ അദ്ധ്യാപകർ പ്രാപ്തരാണെന്ന് വിശ്വസിക്കുകയാണ്. ആദ്യമായിട്ടാണ് ഈ വർഷം ഇതാരംഭിക്കുന്നത്. അതുകൊണ്ട് കുറവുകളുണ്ടാകാം. കൂടുതൽ സംശയങ്ങൾ അവർക്കുണ്ടെങ്കിൽ ഉടൻതന്നെ ടെക്നിക്കൽ സെൽ ജില്ലാതലത്തിൽത്തന്നെ രൂപീകരിക്കാം. യഥാർത്ഥത്തിൽ അവർക്കുള്ള പൊട്ടൻഷ്യൽ ഉപയോഗിക്കത്തക്ക രീതിയിൽ അദ്ധ്യാപകരെ ശാക്തീകരിച്ച് നമ്മളുദ്ദേശിക്കുന്ന തലത്തിലേയ്ക്ക് അവരെ കൊണ്ടെത്തിക്കാൻ ശ്രമിക്കും.

<u>ശ്രീ. പി. ഉണ്ണി</u>: സർ, വിവരസാങ്കേതികവിദ്യയിലുണ്ടായ അഭൂതപൂർവ്വമായ വളർച്ച കണക്കിലെടുത്ത് നിലവിലുള്ള സ്കൂൾ സിലബസിൽ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽവരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അതിനായി മൂന്ന് തലങ്ങൾ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഒന്ന് കരിക്കുലം; മറ്റൊന്ന്, സിലബസ്. കരിക്കുലം വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും ഉയർന്ന ആശയതലത്തിൽ സൈദ്ധാന്തികമായി നിൽക്കുമ്പോൾ

അതിൽനിന്നും പാഠപുസ്തകത്തിലേയ്ക്ക് ആ കരിക്കുലം ഉദ്ദേശിക്കുന്ന ആശയങ്ങളെ എങ്ങനെ കൊണ്ടെത്തിക്കുമെന്ന് കാണിക്കുന്നതാണ് സിലബസ്. മറ്റൊന്ന്, ആ സിലബസിലുള്ള പാഠപുസ്തകങ്ങളിലെ ആശയങ്ങൾ എങ്ങനെ കുട്ടികളിലെത്തിക്കു മെന്നതാണ് പെഡഗോജി എന്ന ബോധനരീതി. ഇവിടെ സൂചിപ്പിച്ച കാര്യം പൂർണ്ണമാകാൻ കരിക്കുലം, സിലബസ്, ബോധനരീതി എന്നിങ്ങനെ മൂന്ന് തലങ്ങളുണ്ട്. അങ്ങനെ വരുമ്പോൾ പ്രധാനമായും മാറ്റം വരുന്നത് ഈ ബോധനരീതിയിലാണ്; പെഡഗോജിയിലാണ്. ആ പെഡഗോജി ഇപ്പോൾ ടെക്നോളജിക്കൽ ഫ്രണ്ട്ലിയായിട്ടും സ്റ്റുഡന്റ് ഫ്രണ്ട്ലിയായിട്ടും നോളഡ്ജ് ഫ്രണ്ട്ലിയായിട്ടും ടെക്നോളജിക്കൽ പെഡഗോജിയായിട്ടും മാറുകയാണ്. ഇതൊരുപക്ഷേ ആദ്യശ്രമമായിരിക്കാം. ഈ ടെക്നോളജിക്കൽ പെഡഗോജി ആർക്കും അനുകരിക്കാൻ സാധിക്കുന്ന ഒരു മാതൃകാ ശ്രമമായിട്ട് മാറാനാണ് പോകുന്നത്. അപ്പോൾ ബോധനരീതി ശാസ്ത്രം ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷൻ എന്ന രീതിയിൽ മാറും. ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷനിലുള്ള ടെക്നോളജിക്കൽ പെഡഗോജി എന്നുള്ളതാണ് ഇപ്പോൾ നമ്മൾ ക്ലാസ്സിൽ അനുവർത്തിച്ചുവരുന്ന രീതിശാസ്ത്രം. ഇതനുസരിച്ച് സിലബസിലും കരിക്കുലത്തിലും എന്ത് മാറ്റം വരേണ്ടതുതെന്നുള്ള പഠനം നടക്കുകയാണ്. അതിനുള്ള ശ്രമം കരിക്കുലം കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ച് ഇത് പരസ്പരപൂരകമാക്കി മാറ്റുന്ന കാര്യം പഠനത്തിനുശേഷം ആലോചിക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഹയർ സെക്കണ്ടറിയിലെ പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ എന്നിവരുടെയിടയിൽ തർക്കം നിലനിൽക്കുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. അതൊടൊപ്പംതന്നെ ഇവർ ക്കാവശ്യമായിട്ടുള്ള സപ്പോർട്ടിംഗ് സ്റ്റാഫില്ല. വിദ്യാഭ്യാസത്തെ ഉയർന്ന തലത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ഏത് നടപടിക്കും കേരളസമൂഹം ഒരുമിച്ച് നിൽക്കും. പക്ഷേ ഇതിന്റെ സിലബസ് രൂപീകരണം ഒരു വിദഗ്ദ്ധ കമ്മിറ്റിയുടെ കയ്യിലാണെന്ന കാര്യത്തിൽ ജനങ്ങൾക്ക് വിശ്വാസമില്ല. അവർ രൂപീകരിക്കുന്ന സിലബസാണ് കുട്ടികളെ നമ്മൾ പഠിപ്പിക്കാൻ പോകുന്നത്. സ്റ്റാന്റൈഡെസേഷന്റെ കാര്യത്തിൽ നമ്മൾ താഴോട്ട് പോകുകയാണെങ്കിൽ കേരളത്തിലെ വിദ്യാഭ്യാസ നിലവാരത്തെ ഉയർത്താൻ ബുദ്ധിമുട്ടുവരും. അതിനായി എന്ത് സൃഷ്ടിപരമായ നടപടിയാണ് അങ്ങ് സ്വീകരിക്കുന്നത്?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, സ്റ്റാന്റൈഡെസേഷനിൽ നമ്മൾ താഴെ പ്പോകുകയാണെന്ന് കരുതരുത്. നമ്മളെല്ലാവരും ഒന്നിച്ച് നടത്തുന്ന പ്രവർത്തന മാണിവ. കഴിഞ്ഞ നാഷണൽ അച്ചീവ്മെന്റ് സർവ്വേ, കേരളത്തിന്റെ അക്കാദമിക നിലവാരം മുമ്പുണ്ടായിരുന്ന അവസ്ഥയിൽനിന്നും വളരെ ഉയർന്നിട്ടുണ്ടെന്ന് കാണിക്കുകയാണ്. നാഷണൽ അച്ചീവ്മെന്റ് സർവ്വേയിൽ സാമൂഹ്യശാസ്ത്രമൊഴികെ

എല്ലാ വിഷയങ്ങളിലും 60 പോയിന്റിന്റെ മുകളിൽ നമ്മളെത്തിക്കഴിഞ്ഞു. അതായത്, അക്കാദമിക നിലവാരം ആദ്യംതന്നെ ഉന്നത വിദ്യാഭ്യാസത്തിലല്ല വളരുന്നത്. അക്കാദമിക നിലവാരത്തിന്റെ വളർച്ച താഴെ നിന്നുതന്നെ കൊണ്ടുവരണം. കഴിഞ്ഞ രണ്ടുവർഷം പ്രധാനമായും ശ്രമിച്ചത്, താഴെത്തട്ടിൽനിന്നും അക്കാദമിക നിലവാരം വളർത്തിയെടുക്കാനാണ്. അക്കാദമിക നിലവാരം വളരുന്ന പ്രാഥമികതലത്തിന് പൂരകമായിട്ടാണ് ഉന്നതതലത്തിൽ വളരുന്നത്. തീർച്ചയായിട്ടും എങ്ങനെയാണോ നാഷണൽ അച്ചീവ്മെന്റ് സർവ്വേയിൽ നല്ല നിലവാരം കൈവരിക്കാൻ കഴിഞ്ഞത്, ആ തലത്തിലേയ്ക്ക് ഉന്നതവിദ്യാഭ്യാസ നിലവാരത്തിന്റേതായ അക്കാദമിക വളർച്ചയുണ്ടാകും. അതിന്റെ സൂചനയാണ്, കഴിഞ്ഞ വർഷം നാഷണൽ റാങ്കിംഗിൽ നമ്മുടെ സർവ്വകലാശാലകളിൽ നാലെണ്ണം നൂറ് റാങ്കിൽ താഴെവന്നത്. കേരള സർവ്വകലാശാല 30-ാമത്തെ റാങ്കിംഗിലാണ് നിൽക്കുന്നത്. അതുപോരാ, നമുക്ക തിനേക്കാൾ മുന്നേറണം. എഞ്ചിനീയറിംഗ് കോളേജുകളുടെ പൊതുവായ മികവിനെ കുറിച്ച് നമ്മൾ പറയാറുണ്ട്. പക്ഷേ രണ്ടു കൊല്ലത്തെ ഇടപെടലിനുശേഷം കഴിഞ്ഞതവണ ആദ്യമായി തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ഇന്ത്യയിലെ പതിനായിരക്കണക്കിന് എഞ്ചിനീയറിംഗ് കോളേജുകളിൽ 75-ാമത്തെ സ്ഥാനത്താണ് വന്നത്. അതുപോലെതന്നെയാണ് കോഴിക്കോട്. എം.ജി.-കേരള സർവ്വകലാശാലകളിൽ ഈ വർഷം പരീക്ഷാ റിസൽട്ടുകൾ വരാത്ത ചില പ്രശ്നങ്ങളുണ്ടെന്നത് വിസ്മരിക്കുന്നില്ല. മാത്രമല്ല, ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവ് വർദ്ധിപ്പിക്കുവാനുള്ള ശ്രമം ശാസ്ത്രയാനിലൂടെ നടത്തികൊണ്ടിരിക്കുകയാണ്. 65-ഓളം കോളേജുകളും കൊച്ചിൻ യൂണിവേഴ്സിറ്റിയും യൂണിവേഴ്സിറ്റികളും വിവിധ പരിപാടികൾ നടത്തിയിരുന്നു. അതുകൊണ്ട് താഴെത്തട്ടിൽനിന്നും വളർച്ച പൂരകമായിട്ടുതന്നെ വേണമെന്നുള്ള ബോധ്യവും അതേസമയം ഇപ്പോഴുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിൽ കഴിയാവുന്നത്ര മികവിന്റെ വളർച്ചയും ഉണ്ടാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കുട്ടികൾ വൻതോതിൽ പൊതുവിദ്യാലയത്തിലേയ്ക്ക് കടന്നുവരുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഇതിന്റെ ഭാഗമായി പുതിയ ഡിവിഷനുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരികയാണ്. അത്തരമൊരു പശ്ചാത്തലത്തിൽ അദ്ധ്യാപകരുടെ പുനർവിന്യാസവും ഒഴിവ് നികത്താനായി പുതിയ നിയമനവും പുതിയ ക്ലാസ് മുറികളും അനുബന്ധ സൗകര്യങ്ങളുമൊരുക്കുന്ന കാര്യത്തിലും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ മാസം 20-ാം തീയതി എത്ര കുട്ടികൾ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് വന്നുവെന്ന പൂർണ്ണമായ കണക്കുകൾ ലഭിക്കും. 21-ാം തീയതി അതുസംബന്ധിച്ച ചിത്രം വ്യക്തമാകും. ഓരോ സ്കൂളുകളിലും

അധികമായി എത്ര കുട്ടികളുണ്ട്; അതനുസരിച്ച് പാഠപുസ്തകങ്ങൾ എത്രവേണം; അധ്യാപകരെത്രവേണം എന്നുള്ളതെല്ലാം കണക്കെടുക്കാൻ പോകുകയാണ്. കേരളത്തിന്റെ പൊതു വിദ്യാലയത്തിലേയ്ക്ക് വരുന്ന ഓരോ കുട്ടിക്കും പഠിക്കാനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്താൻ സർക്കാർ തയ്യാറാണെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അദ്ധ്യാപകരില്ലാത്ത പ്രശ്നമില്ല. എവിടെ അദ്ധ്യാപകരില്ലെങ്കിലും പി.എസ്.സി. നിയമിക്കുന്നതിനുമുമ്പ്, ഒരൊറ്റ ദിവസം കൊണ്ടുതന്നെ അവിടെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകനെ നിയമിക്കാനുള്ള ഓർഡർ ഇറങ്ങി കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അദ്ധ്യാപകരില്ലാത്ത പ്രശ്നം ഉദിക്കുന്നില്ല. സ്ഥിരമായി അദ്ധ്യാപകരില്ലാതെ വന്നേയ്ക്കാം. അതുസംബന്ധിച്ച് പി.എസ്.സി.-ക്ക് അറിയിപ്പ് കൊടുത്തിട്ടുണ്ട്; എത്രയുംവേഗം പി.എസ്.സി. വഴിയുള്ള നിയമനമുണ്ടാകും. 3000-ത്തോളം നിയമനം നടത്തുമെന്നുള്ള കഴിഞ്ഞ ദിവസത്തെ പത്രവാർത്ത നിങ്ങൾ കണ്ടിട്ടുണ്ടാകും. കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് പുതിയതായി വരുന്ന കുട്ടികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ വിദ്യാഭ്യാസ വകുപ്പും സംസ്ഥാന സർക്കാരും തയ്യാറായിട്ടുണ്ടെന്നുള്ളതാണ് അറിയിക്കാനുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ആധുനിക വിദ്യാഭ്യാസം കേരളത്തിൽ വ്യാപകമാകുകയാണെങ്കിലും സമൂഹം കൂടുതൽ ജീർണ്ണമായിക്കൊണ്ടിരിക്കുകയാണ്. അക്രമങ്ങൾ, കൊള്ള, കൊല, സ്ത്രീപീഡനം, ചൂഷണം, മർദ്ദനം എന്നിവ വർദ്ധിച്ചു വരികയാണ്. മനുഷ്യർക്ക് ഇതര മനുഷ്യരോടും പ്രകൃതിയോടും സമൂഹത്തോടുമുള്ള ബന്ധം അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസം നേടിയ ആളുകൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് ഒരറുതി വരുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അങ്ങനെ വരുമ്പോൾ നമ്മുടെ വിദ്യാഭ്യാസരീതിക്ക് എന്തോ കാര്യമായിട്ടുള്ള കുഴപ്പമുണ്ടെന്ന് മന്ത്രി ആലോചിച്ച് കാണുമെന്ന് ഞാൻ കരുതുന്നു. വിജ്ഞാനത്തെ കുറിച്ചാണ് ഇവിടെ ചോദിച്ചത്. വിജ്ഞാനവും ജ്ഞാനവും രണ്ടാണ്. അജ്ഞാനത്തിന്റെ അന്ധകാരം വ്യാപിക്കുകയും മനുഷ്യന്റെ ആത്മാക്കൾ ഇരുട്ടിന്റെ ആത്മാക്കളായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സമയമാണ്. ഈ അന്ധകാരത്തിനെ മാറ്റണമെങ്കിൽ വെളിച്ചം പകരണം. അങ്ങനെ മനുഷ്യർക്ക് വെളിച്ചം പകരുന്ന എന്തെങ്കിലുമൊരു വിദ്യാഭ്യാസ പദ്ധതി സർക്കാരിന്റെ വിദൂര പരിഗണനയിലെങ്കിലും ഉണ്ടോയെന്നുള്ളതാണ് എന്റെ ചോദ്യം?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോഴത്തെ പരിഗണന അതാണ്; വിദൂരമല്ല. ഇപ്പോൾ മിക്കവാറുമെല്ലാവരും എസ്.എസ്.എൽ.സി.-ക്ക് എ+ കിട്ടിയ വിദ്യാർത്ഥികളെ അഭിനന്ദിക്കുന്ന ചടങ്ങിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. ഞാനും കുറേ ചടങ്ങുകളിൽ പങ്കെടുത്തു. വിദ്യാഭ്യാസ വകുപ്പ് പ്രധാനപ്പെട്ട ഒരു കാര്യം പറയുന്നത്, നിങ്ങൾക്ക് പരീക്ഷയ്ക്ക് എ+ കിട്ടിയത് വളരെ നല്ലതാണ്. പക്ഷേ പരീക്ഷയ്ക്കുള്ള എ+

മാത്രമല്ല സർക്കാർ വിദ്യാഭ്യാസത്തിലൂടെ ആഗ്രഹിക്കുന്നത്, ജീവിതത്തിലും എ+ നേടണം. പഠനത്തിലുള്ള വിഷയം മാത്രമല്ല, ജീവിതത്തിൽ വരാൻ പോകുന്ന എല്ലാ പരീക്ഷകളിലും എ+ കിട്ടണമെങ്കിൽ ആ പ്രശ്നങ്ങളുടെയെല്ലാം പഠനം ഇവിടെ നടക്കണം. അതുകൊണ്ടാണ് വിദ്യാഭ്യാസം സമഗ്രമാണെന്ന് പറയുന്നത്. മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. അതിന്റെ ഭാഗമാണ് എഞ്ചിനീയറും ഡോക്ടറും എം.എൽ.എ.-യും മന്ത്രിയുമെല്ലാം. അതുകൊണ്ടാണ് ഓരോ കുട്ടിയുടേയും സർഗ്ഗശേഷിയും പ്രതിഭയും മനസ്സിലാക്കി അതെല്ലാം വളർത്തുകയും സാമൂഹിക ബോധമുണ്ടാക്കുകയും ചെയ്യുന്ന ശ്രമം പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി കൊണ്ടുപോകുന്നത്. ഔട്ട്-കം-ബേസ്ഡ് എഡ്യൂക്കേഷന്റെ പ്രശ്നംതന്നെ അതാണ്. ഏതെങ്കിലുമൊരു ലക്ഷ്യം വച്ചുകൊണ്ടല്ല, അതിനപ്പുറം കുട്ടിയുടെയും മാനവികതയുടെയും സാധ്യതയ്ക്കനുസരിച്ച് കുട്ടിയെ വളർത്താനുള്ള വലിയ ശ്രമമാണ് നടക്കുന്നത്. അതുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സമഗ്രമാണെന്ന് പറയുന്നത്. അതിന്റെ അടിസ്ഥാനമാണ് സിലബസ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സ്കൂളിന്റെ സമയക്രമം മാറ്റലും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തലും ഇവിടെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. പഠനസമയം മാറ്റിയാൽ കുട്ടികൾക്ക് സഹായകരമായ നിരവധി കാര്യങ്ങളുണ്ടാകും. നന്നായി പഠിക്കാനും ട്യൂഷൻ ലഭിക്കാനും വായന കൂട്ടാനുമൊക്കെയുള്ള സമയം ലഭിക്കും. അക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഒപ്പംതന്നെ ഇന്റർനാഷണൽ സ്കൂളാക്കുമ്പോൾ പല ക്ലാസ് മുറികളും മാറ്റപ്പെടുകയാണ്. അങ്ങനെ വരുമ്പോൾ സ്കൂളുകളിലാവശ്യമായ സംവിധാനമൊരുക്കുന്നതിന് വലിയ പ്രയാസം നേരിടുകയാണ്. ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുകയാണെങ്കിൽ ഇന്റർനാഷണൽ സ്കൂളാക്കുന്നത് സംബന്ധിച്ച പ്രശ്നം വലിയൊരു പരിധിവരെ പരിഹരിക്കാൻ കഴിയും. അത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്നാണ് അറിയേണ്ടത് ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ വർഷം നിലവിലുള്ള സംവിധാനം തുടരുകയാണ്. ഈ വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്ത് കൂടുതൽ നല്ലതേത് എന്നത് സംബന്ധിച്ച് തീരുമാനമെടുക്കാം. ഇപ്പോൾ കഴിഞ്ഞ വർഷമുണ്ടായിരുന്ന അതേ രീതിതന്നെ തുടരാനാണ് ആഗ്രഹിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട ഏത് ചർച്ചയും തുടങ്ങേണ്ടത് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ നിന്നാണ്. പൊതുവിദ്യാഭ്യാസത്തിലേയ്ക്ക് കൂടുതൽ കുട്ടികൾ വരുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. പക്ഷെ, അതിനൊക്കെ കാരണമായി പ്രവർത്തിക്കുന്നത് അതത് സ്കൂളുകളിൽ നല്ല പ്രീ-പ്രൈമറി വിദ്യാഭ്യാസം ഉണ്ടെന്നുള്ളതാണ്. പ്രീ-പ്രൈമറിയിലെ കുട്ടികളാണ്

അടുത്ത വർഷം ഒന്നാം ക്ലാസ്സിലേയ്ക്ക് ചേരുന്നത്. പക്ഷെ പ്രീ-പ്രൈമറിയിലെ അദ്ധ്യാപകരുടെ അവസ്ഥ ദയനീയമാണ്. സർക്കാർ മേഖലയിൽ താരതമ്യേന ഭേദപ്പെട്ട അവസ്ഥയാണെങ്കിലും എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർ വളരെ നാമമാത്രമായ, ഒരു പരിഷ്കൃത സമൂഹത്തിന് പുറത്തുപറയാൻ പറ്റാത്തത്ര ചെറിയ തുകയ്ക്കാണ് ജോലി ചെയ്യുന്നത്. 2,000 രൂപയും 3,000 രൂപയും പ്രതിഫലം കൈപ്പറ്റി കഠിനപ്രയത്നം നടത്തുന്ന പ്രീ-പ്രൈമറി അദ്ധ്യാപകരുടെ പ്രശ്നം എത്രയോ കാലങ്ങളായി സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. പ്രശ്നം പരിഹരിക്കാമെന്ന് അങ്ങുതന്നെ അവരുടെ സംഘടനകൾക്ക് ഉറപ്പുനൽകിയിട്ടുള്ളതുമാണ്. പക്ഷെ, പ്രശ്നപരിഹാരം മാത്രമുണ്ടാകുന്നില്ല. അതുകൊണ്ട് മറ്റ് തൊഴിൽ മേഖലകളിൽ 18,000 രൂപയും 20,000 രൂപയുമൊക്കെയായി നിശ്ചയിച്ചിരിക്കുന്ന മിനിമം കൂലിയുടെ നിലവാരത്തിലേയ്ക്ക് പ്രീ-പ്രൈമറി എയ്ഡഡ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിഞ്ഞ ദിവസം സബ്മിഷന് മറുപടിയായി ഇതിനുള്ള ഉത്തരം പറഞ്ഞതാണ്. ഈ കാര്യം കേരളത്തിലെ പ്രധാനപ്പെട്ട പ്രശ്നമാണെന്ന് സർക്കാർ തിരിച്ചറിയുന്നുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു പഠനം എസ്.സി.ഇ.ആർ.ടി. നടത്തിക്കൊണ്ടിരിക്കുകയാണ്. എസ്.സി.ഇ.ആർ.ടി. സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ഉടൻതന്നെ ഈ പ്രശ്നം പരിഹരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

## മത്സ്യോല്പാദന രംഗത്തെ വികസന പ്രവർത്തനങ്ങൾ

2 (*212) ശ്രീ. കെ. ആൻസലൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്രകൃതിദത്തമായ സൗകര്യം ഫലപ്രദമായി ഉപയോഗിച്ച് മത്സ്യോത്പാദനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പൊതു ജലാശയങ്ങൾ, കുളങ്ങൾ, ഡാമുകൾ, കായലുകൾ, നദികൾ എന്നിവയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാനുമുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതയെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) കടൽ മത്സ്യശോഷണത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമാണ്;

(ഡി) കടൽ മത്സ്യബന്ധനത്തിന്റെ വാണിജ്യവൽക്കരണം, മുതൽമുടക്കിന് ശേഷിയില്ലാത്ത പരമ്പരാഗത തൊഴിലാളികളെ പാപ്പരാക്കുന്നത് ഒഴിവാക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, (എ) പ്രകൃതിദത്തമായ സൗകര്യം ഫലപ്രദമായി ഉപയോഗിച്ച് മത്സ്യോത്പാദനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 390 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോത്പാദന കേന്ദ്രങ്ങൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കുന്നതിനും വികസനങ്ങൾക്കുമായി 1800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 4800 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഉൾനാടൻ ജലകൃഷി വികസന പ്രവർത്തനങ്ങൾ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3691.51 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 8 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ഓരുജലാശയങ്ങളിലെ കൂട്ടുകൃഷി, കല്ലുമ്മേക്കായ കൃഷി, പുനഃപര്യയന മത്സ്യകൃഷി, നവീകരിച്ച കുളങ്ങളിലെ ചെമ്മീൻകൃഷി, മത്സ്യ കൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ, ഓരുജല മത്സ്യകൃഷിക്കായി കുളങ്ങളുടെ പുനരുദ്ധാരണവും കുളം നവീകരണവും, എയർബ്രീത്തിംഗ് മത്സ്യങ്ങളുടെ കൃഷി, കുളം നവീകരിച്ചുകൊണ്ടുള്ള ഗിഫ്റ്റ് തിലോപ്പിയ കൃഷി എന്നിവയാണ്. ഇതിനുപുറമേ 2018-19 സാമ്പത്തിക വർഷം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കാർപ്പ് കൃഷി, ചെമ്മീൻ കൃഷി, ശുദ്ധജലാശയങ്ങളിലെ കൂട്ടുകൃഷി എന്നീ പദ്ധതികൾക്കായി 2400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കണ്ണൂർ, കോട്ടയം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിൽ 10 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ

4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരുന്നു. ഉൾനാടൻ മേഖലയിൽ മത്സ്യസമ്പത്തിന്റെ വർദ്ധനവിനും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കുമായി 2018-19 സാമ്പത്തിക വർഷം 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പൂർണ്ണമായും 14 ജില്ലകൾക്കായി ഉൾനാടൻ ജലാശയങ്ങളിൽ വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പൊതുജലാശയങ്ങൾ, കുളങ്ങൾ, ഡാമുകൾ, കായലുകൾ, നദികൾ തുടങ്ങിയവയിൽ കാർപ്പ്, കരിമീൻ, മഹസീർ, ഷ്രിംപ്, മിൽക്ക് ഫിഷ് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ജില്ലകളിൽ പുരോഗമിച്ചുവരുന്നു. മേൽപ്രവർത്തനങ്ങൾക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയുംകീഴിലുള്ള ഹാച്ചറികളിലും/ഫിഷ് സീഡ് ഫാമുകളിലും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സമുദ്ര ജലത്തിലുണ്ടാകുന്ന അനിയന്ത്രിതവും മാരകവുമായ മലിനീകരണവും ആഗോളതാപനം, വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കൽ ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, കണ്ടൽകാടുകളുടെ നാശം, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ് മത്സ്യസമ്പത്തിന്റെ ശോഷണത്തിനുള്ള പ്രധാന കാരണങ്ങൾ. ഇവയിൽ ചിലത് മനുഷ്യകാരണങ്ങളും മറ്റ് ചിലത് പ്രകൃത്യാ സംഭവിക്കുന്നവയുമാണ്. വിഭവശോഷണം ഒഴിവാക്കുന്നതിനായി മത്സ്യബന്ധന സമ്മർദ്ദം പരമാവധി കുറയ്ക്കുന്നതിന് ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എം.എഫ്.ആർ. ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂവനൈൽ ഫിഷിംഗ് പൂർണ്ണമായും തടയുന്നതിനായി 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് നോട്ടിഫൈ ചെയ്യുകയും അതനുസരിച്ച് പരിശോധനകൾ കർശനമാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പം, കുറഞ്ഞ കണ്ണിവലിപ്പം, എഞ്ചിനുകളുടെ പരമാവധി കുതിരശക്തി എന്നിവ നിഷ്കർഷിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി കൊല്ലങ്കോട് മുതൽ പരവൂർ വരെ 30 മീറ്റർ ആഴം വരെയും പരവൂർ മുതൽ മഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ വർഷവും അടിത്തട്ടിലെ ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നുണ്ട്. നടപ്പുവർഷം ട്രോളിംഗ് നിരോധനം മുൻകാലങ്ങളിൽ നടത്തിയിരുന്ന 47 ദിവസത്തിൽനിന്ന് 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ EEZ-ൽ പൂർണ്ണമായ മത്സ്യബന്ധന നിരോധനമാണ്

മൺസൂൺ കാലത്ത് നടപ്പിലാക്കുന്നത്. കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി തീരക്കടലിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഓരോ വർഷവും കൃത്രിമ പാര് നിക്ഷേപിക്കാറുണ്ട്. വിദേശ ട്രോളറുകൾക്ക് നമ്മുടെ സമുദ്രാതിർത്തിയിൽ വന്ന് മത്സ്യബന്ധനം നടത്താൻ അനുവാദം നൽകുന്ന LOP, പുതിയ നാഷണൽ മറൈൻ പോളിസിയുടെ അടിസ്ഥാനത്തിൽ നിർത്തലാക്കുമെന്ന നിലപാട് ഒരു പരിധിവരെ ആഴക്കടൽ മത്സ്യവിഭവശോഷണം കുറയ്ക്കുന്നതിന് സഹായിക്കും. LOP നിർത്തലാക്കുമെന്ന് പറയുമ്പോൾതന്നെ, കേന്ദ്ര സർക്കാർ ആഴക്കടൽ മത്സ്യബന്ധനത്തിൽ പൊതു സ്വകാര്യ പങ്കാളിത്തം (PPP) പ്രോത്സാഹിപ്പിക്കുമെന്ന നിലപാട് സ്വീകരിക്കുന്നത് മത്സ്യവിഭവചൂഷണ സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിനിടയാക്കുമെന്ന പ്രശ്നവും നിലനിൽക്കുന്നു.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, മത്സ്യോത്പാദന രംഗത്തുണ്ടായിരുന്ന കുറവുകൾ പരിഹരിക്കുന്നതിന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ ശ്ലാഘനീയമാണ്. കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കുന്ന മത്സ്യങ്ങളിൽ പലതും ആറും ഏഴും മാസം പഴക്കമുള്ളതാണെന്ന് നമുക്കറിയാം. അത് വലിയ തോതിലുള്ള ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കും. ഉൾനാടൻ ജലാശയങ്ങൾ, പ്രത്യേകിച്ച് കുളങ്ങളിലും ചെറു നീർത്തടങ്ങളിലും മത്സ്യകൃഷി ആരംഭിക്കുന്നതിന് കൃഷി വകുപ്പിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിക്ക് രൂപംകൊടുക്കുന്നതിനും കരിമീൻ അടക്കമുള്ള മത്സ്യക്കുഞ്ഞുങ്ങളെ ആവശ്യത്തിന് ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ:</u> സർ, കേരളത്തിനാവശ്യമായ മത്സ്യം കേരളത്തിൽ ഉത്പാദിപ്പിക്കുന്നതിനാണ് ഫിഷറീസ് വകുപ്പ് മുൻഗണന നൽകുന്നത്. നമുക്കാവശ്യമായ മത്സ്യം ഇവിടെ ലഭ്യമല്ലാത്തതുകൊണ്ടുതന്നെ ഒഡീഷ, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ധാരാളം മത്സ്യം വരുന്നുണ്ട്. നമുക്കുള്ള ജലാശയങ്ങളും കുളങ്ങളുമെല്ലാം പരമാവധി ഉപയോഗിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഹാച്ചറികളിൽ കരിമീൻ അടക്കമുള്ള തദ്ദേശീയ ഇനങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2 കോടിയിലേറെ മത്സ്യക്കുഞ്ഞുങ്ങളാണ് കേരളത്തിൽ ഉത്പാദനത്തിലുണ്ടായിരുന്നത്. ഇപ്പോൾ അതിന്റെ ഇരട്ടിയിലേറെ, 5 കോടിയിലേറെയായി മത്സ്യക്കുഞ്ഞുങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നമുക്കാവശ്യമുള്ള 12 കോടിയെന്ന ടാർജറ്റിലേയ്ക്ക് ഈ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിനുള്ളിൽത്തന്നെ എത്താനുള്ള നടപടികളുമായി അതിവേഗം മുന്നേറുകയാണ്. തീർച്ചയായും അതിലേയ്ക്കെത്തുകതന്നെ ചെയ്യും.

ശ്രീ. കെ. ആൻസലൻ: സർ, പാര് ഇടുന്നത് മത്സ്യോത്പാദനത്തിനും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും നല്ലതാണ്. അത് കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയുമോ; മറ്റൊന്ന്, ഓഖി ചുഴലിക്കാറ്റ് വന്നതിനുശേഷം കഴിഞ്ഞ രണ്ട് മാസക്കാലത്തിനിടയിൽ തീക്കൊള്ളികൊണ്ട പൂച്ചയ്ക്ക് മിന്നാമിനുങ്ങിനെ പേടിയെന്നതുപോലെ, ചെറിയ കാറ്റ് വന്നാലും സർക്കാർ കൊടുക്കുന്ന മെസ്സേജിന്റെ അടിസ്ഥാനത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ആ മേഖലയിൽ ഇന്ന് വറുതിയും പട്ടിണിയുമാണ്. മറ്റ് ഉപജീവന മാർഗ്ഗങ്ങളില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഈ കാലഘട്ടത്തിൽ എന്തെങ്കിലും സൗജന്യം കൊടുക്കാൻ കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ ഒരു മാസത്തെ സൗജന്യ റേഷൻ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യസമ്പത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പാരുകളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. പാരുകളുടെ നിക്ഷേപം വളരെ വിജയകരമാണ്. പാര് നിക്ഷേപിച്ചതിനുശേഷം തിരുവനന്തപുരം ജില്ലയിൽ കൂടുതൽ മത്സ്യം ലഭിച്ചിട്ടുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ തൊഴിലാളികൾക്ക് ആശ്വാസമായി നൽകുന്ന സമാശ്വാസ പദ്ധതിക്കായി 86 കോടി രൂപ ഈ സർക്കാർ വകയിരുത്തിയിട്ടുണ്ട്. പ്രകൃതിയിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചുള്ള മുന്നറിയിപ്പ് നമുക്ക് കൊടുക്കാതി രിക്കാൻ കഴിയില്ല. ആ മുന്നറിയിപ്പ് പലപ്പോഴും മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് പ്രശ്നമാണ്. അതെല്ലാം കൂട്ടായി അതിജീവിക്കുകയേ മാർഗ്ഗമുള്ളൂ. മറ്റ് മാർഗ്ഗങ്ങളൊന്നും നമ്മുടെ മുന്നിലില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കടൽ മത്സ്യത്തിന്റെ ഉൽപ്പാദനത്തിൽ ഇടിവുണ്ടായിട്ടുണ്ടെന്നാണ് അതുസംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഉൾനാടൻ മത്സ്യസമ്പത്തിൽ ഇടിവുണ്ടായിട്ടില്ലെങ്കിലും നാം പ്രതീക്ഷിക്കുന്ന വളർച്ച നേടാൻ കഴിഞ്ഞിട്ടില്ല. അതിന് പ്രധാനപ്പെട്ട കാരണം കടലിന്റെ ആവാസ വ്യവസ്ഥയ്ക്ക് സംഭവിച്ച തകരാറാണ്. സുനാമി മുതലുള്ള പ്രകൃതിക്ഷോഭങ്ങൾ പരിശോധിച്ചാൽ അതിനുള്ള കാരണങ്ങൾ വ്യക്തമാകും. ഈ പ്രത്യേക സാഹചര്യത്തിൽ കടൽ മത്സ്യസമ്പത്ത് വർദ്ധിക്കണമെങ്കിൽ കടലിൽ മത്സ്യങ്ങൾക്ക് ജീവിക്കാനും വളരാനുമുള്ള ആവാസ വ്യവസ്ഥയുണ്ടാകണം. അതുണ്ടാക്കിയെടുക്കാനുള്ള ഏതെങ്കിലും തരത്തിലുള്ള ആസൂത്രിത നീക്കം സർക്കാരിന്റെയോ ഏതെങ്കിലും ഗവേഷണ കേന്ദ്രങ്ങളുടെയോ ഭാഗത്തുനിന്നും വന്നിട്ടുണ്ടോ; അതിനായി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പഠനങ്ങൾ നടക്കുന്നുണ്ട്. കടൽത്തീരത്ത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായി ചൂണ്ടിക്കാണിക്കുന്ന ഒരു പ്രധാന കാരണം, അമിതമായ

മത്സ്യബന്ധന സമ്മർദ്ദവും ചെറുമത്സ്യങ്ങളെ അനിയന്ത്രിതമായി പിടിക്കുന്നതുമാണ്. ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ടെന്ന സി.എം.എഫ്.ആർ.ഐ. (Central Marine Fisheries Research Institute)-യുടെ ശിപാർശ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്താണ് നൽകിയത്. അന്നവർ പതിനാലിനം മത്സ്യ കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.എം.എഫ്.ആർ.ഐ.-യുടെ ശിപാർശ പൂർണ്ണമായും നടപ്പിലാക്കി. ഇപ്പോൾ അൻപത്തിയെട്ട് ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഉപയോഗിക്കുന്ന വലയുടെ കണ്ണിയുടെ വലിപ്പം, സ്ക്വയർ മെഷ് കോഡെന്റ് ഉപയോഗിക്കൽ തുടങ്ങിയ എല്ലാ നടപടികളും കർശനമായി നടപ്പാക്കുന്നതിന് കെ.എം.എഫ്.ആർ.ഐ. ആക്ട് ഭേദഗതി ചെയ്തു. ആ ഭേദഗതിയനുസരിച്ചുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിക്കുന്നത്. കഴിഞ്ഞ വർഷത്തെ കണക്ക് സഭയിൽ പറഞ്ഞിരുന്നു. ഈ വർഷം ആ നടപടി ശക്തമായി സ്വീകരിക്കുന്നതിന്റെ ഭാഗമായി 2018-19-ൽ മാത്രം മൂന്ന് മാസംകൊണ്ട് 54,53,040 രൂപ പിഴയിനത്തിൽ പിടിച്ചെടുത്തിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഇന്ന് സർക്കാരിന് സംവിധാനമുണ്ട്; അത് നടപ്പിലാക്കിവരികയാണ്. മത്സ്യസമ്പത്തിന്റെ സംരക്ഷണ വുമായി ബന്ധപ്പെട്ടാണ് ഈ നടപടികൾ സ്വീകരിക്കുന്നത്. അവ കർശനമായി തുടരുകയാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കാലവർഷം തുടങ്ങിയശേഷം മലപ്പുറം ജില്ലയുടെ തീരങ്ങളിൽ മാത്രം നൂറോളം ബോട്ടുകളും മത്സ്യബന്ധന യാനങ്ങളുമാണ് തകർന്നത്. അങ്ങ് സൗജന്യറേഷന്റെ കാര്യം പറഞ്ഞെങ്കിലും ആ കുടുംബങ്ങൾ പട്ടിണിയിലേയ്ക്ക് നീങ്ങുകയാണ്. ഇന്ന് അവരുടെ മത്സ്യബന്ധന ഉപാധികളെല്ലാം നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. അക്കാര്യത്തിലൊരു തീരുമാനം ഉണ്ടാകുന്നതോടൊപ്പം ഉൾനാടൻ മത്സ്യ കൃഷി പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ശക്തമായ വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ ജില്ലാതലങ്ങളിൽ ആരംഭിക്കാനും ഉത്തേജിത മത്സ്യബന്ധനം, വീട്ടാവശ്യത്തിനുള്ള മത്സ്യം വളർത്തൽ, സംയോജിത കൃഷി, സഹകരണ സംഘങ്ങളുടെ ശക്തിപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ അതിനുള്ള മറുപടി വിശദമായി ഇവിടെ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. സംയോജിത മത്സ്യകൃഷിയടക്കമുള്ള മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി ശക്തമായി സ്വീകരിക്കുകയാണ്. മറ്റൊന്നുകൂടി ഉദ്ദേശിക്കുന്നത്, 1987-ലെ സർക്കാരിന്റെ ഭരണകാലത്ത് തുടങ്ങിയ 'ഒരു നെൽ ഒരു മീൻ' കൃഷി പല കാരണങ്ങൾകൊണ്ട് ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. മീൻ കൃഷിയിലേയ്ക്ക് കർഷകർ പോയാൽ

നെൽകൃഷിയിൽനിന്നും പിൻമാറുമെന്ന ആശങ്ക കൃഷി വകുപ്പിനുണ്ട്. പക്ഷെ കൃഷി-ഫിഷറീസ് വകുപ്പുകൾ സംയുക്തമായി ചേർന്നാൽ കൃത്യമായി ഇവ രണ്ടും നടപ്പാക്കാൻ സാധിക്കും; നെല്ലിന്റെ സീസണിൽ നെല്ലും നെൽകൃഷി കഴിയുന്ന സീസണിൽ മത്സ്യകൃഷിയും ചെയ്യാൻ സാധിക്കും. നെൽകൃഷി ചെയ്യുന്നവർക്ക് മാത്രമേ മത്സ്യകൃഷിക്ക് ധനസഹായം കൊടുക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥയും വയ്ക്കാം. ഞാൻ കൃഷി വകുപ്പുമന്ത്രിയോട് അക്കാര്യം ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൃഷി വകുപ്പും മത്സ്യബന്ധന വകുപ്പുമായി ആലോചിച്ച് മത്സ്യ കൃഷി ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ് ഞങ്ങളാലോചിക്കുന്നത്. അങ്ങനെയൊരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി വിളിച്ചുചേർക്കും.

മറ്റൊന്ന്, മത്സ്യബന്ധനോപകരണങ്ങളുടെ നാശത്തെ സംബന്ധിച്ചാണ്. അതൊരു വലിയ പ്രശ്നമാണ്. ഇടയ്ക്കിടെയുണ്ടാകുന്ന കടൽക്ഷോഭങ്ങളിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്നതിന് അടിക്കടി സഹായം നൽകാനുള്ള പദ്ധതി നിലവിലില്ല. അതിനൊരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. പത്ത് വർഷങ്ങൾക്കുമുമ്പ് ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവന്നെങ്കിലും നഷ്ടം തിട്ടപ്പെടുത്താൻ വ്യവസ്ഥയില്ലാത്തതിനാൽ പലർക്കും നഷ്ടപരിഹാരം കിട്ടിയില്ല. ഇപ്പോൾ അതിനൊരു പരിഹാരമെന്ന നിലയിൽ ഈ നഷ്ടം തിട്ടപ്പെടുത്താനുള്ള ഒരു സംവിധാനമൊരുക്കാൻ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും അതിന് ചില ഓഫറുകൾ ലഭിക്കുകയും ചെയ്തു. അതിന്മേൽ തീരുമാനമെടുത്തിട്ടില്ല. ഇതുസംബന്ധിച്ച അടിയന്തര തീരുമാനമെടുത്ത് പുതിയ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും; മത്സ്യബന്ധനോപകരണങ്ങൾ നശിച്ചുപോയാൽ നഷ്ടപരിഹാരം കൊടുക്കാനുള്ള ഇൻഷ്വറൻസും നടപ്പാക്കും. അതുസംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. കെ. ജെ. മാക്സിക്കുവേണ്ടി ശ്രീ. കെ. ദാസൻ: സർ, ചെറുമത്സ്യങ്ങളെ പിടിക്കുന്നതിനായി പേഴ്സ്നെറ്റ് പോലുള്ള കൊല്ലിവലകൾ ഉപയോഗിക്കുന്നുണ്ട്. അത്തരം വലകൾ നിരോധിച്ചെങ്കിലും പല സ്ഥലങ്ങളിലും ഇവ ഉപയോഗിക്കുന്നതായി കാണുന്നുണ്ട്. അത് സമ്പൂർണ്ണമായി നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പേഴ്സ് നെറ്റ് അടക്കം കൊല്ലിവലകൾ നിരോധിച്ചതിനാൽ അവ ഉപയോഗിക്കാൻ കഴിയില്ല. ആരെങ്കിലും അവ ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നാഷണൽ ഫിഷറീസ് പോളിസി നിലവിൽവന്നിരിക്കുകയാണ്. കേരളത്തെ ദോഷകരമായി ബാധിക്കുന്ന ചില പ്രധാനപ്പെട്ട കാര്യങ്ങൾ അതിലുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

അതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സംസ്ഥാനത്തിനുള്ള അഭിപ്രായവ്യത്യാസങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; അതുപോലെതന്നെ ബ്ലൂ റെവല്യൂഷൻ ഇന്ന് രാജ്യത്തൊട്ടാകെ വിവിധ പദ്ധതികളിലൂടെ നടപ്പാക്കുകയാണ്. എന്തുകൊണ്ടാണ് കേരളത്തിൽ ആ പദ്ധതികൾ നടപ്പിലാക്കാനുള്ള കാലവിളംബമുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മറൈൻ പോളിസിയുടെ അവസാനരൂപം വന്നപ്പോൾ സ്റ്റേറ്റ് ഹോൾഡേഴ്സുമായിട്ടും ട്രേഡ് യൂണിയനുകളുമായും സർക്കാർ ചർച്ച സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായംകൂടി മനസ്സിലാക്കി കേന്ദ്ര സർക്കാരിന് അയച്ചിട്ടുമുണ്ട്. പി.പി.പി.-യുടെ കാര്യത്തിലാണ് നമുക്ക് ആശങ്കയുള്ളത്. പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷനെന്ന് പറഞ്ഞ് വീണ്ടും വിദേശ ട്രോളറുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള പിൻവാതിൽ നീക്കം ആ പ്രയോഗത്തിലുണ്ട്. അതിൽ നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് നല്ല ആശങ്കയുണ്ട്. അതിലുള്ള കുറെ കാര്യങ്ങൾ അംഗീകരിക്കാവുന്നതും എന്നാൽ കുറെ കാര്യങ്ങളിൽ ആശങ്കയുമുണ്ട്. ആശങ്കയുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. രണ്ടാമത്തെ കാര്യം, ബ്ലൂ റെവല്യൂഷനെ സംബന്ധിച്ചാണ്. രണ്ട് പ്രോജക്ട് കേന്ദ്ര സർക്കാരിന് കൊടുത്തിട്ടുണ്ട്. അതിൽ സാംഗ്ഷനായത് ഫലപ്രദമായി കാലതാമസില്ലാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷെ കൂടുതൽ പദ്ധതികൾ നമുക്ക് അനുവദിച്ചിട്ടില്ല. ഇപ്പോൾ നമ്മൾ റിക്വസ്റ്റ് ചെയ്തിരിക്കുകയാണ്, അനുമതി ലഭിച്ചുകഴിഞ്ഞാൽ സമയബന്ധിതമായി അവ നടപ്പിലാക്കും.

ശ്രീ. സജി ചെറിയാൻ: സർ, നല്ല രീതിയിലാണ് ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. പ്ലാസ്റ്റിക് മാലിന്യം കാരണം ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വലിയ തോതിൽ കുറയുകയാണ്. തീരദേശ മേഖലകളിലുള്ളതിനേക്കാൾ പ്രതിസന്ധിയാണ് ഇപ്പോൾ ഉൾനാടൻ മേഖലകളിലുണ്ടായിട്ടുള്ളത്. വിവിധ വകുപ്പുകളുമായി ചേർന്ന് ഈ കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ശ്രമിക്കുന്നുണ്ടോയെന്നാണ് അറിയേണ്ടത്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്ലാസ്റ്റിക് മാലിന്യം ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന പ്രധാനപ്പെട്ട വിപത്തുകളിലൊന്നാണ്. അതിനെതിരെ കൂട്ടായ ശ്രമമാണ് നടത്തേണ്ടത്. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ യൂണിറ്റുകളുമായി ആലോചിച്ച് അതിനായി മുൻകയ്യെടുക്കുന്നുണ്ട്. ഫിഷറീസ് വകുപ്പും ഈ കാര്യത്തിൽ മാതൃകാപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ മാത്രമല്ല, കടലിന്റെ അടിത്തട്ടിലുള്ള പ്ലാസ്റ്റിക് മാലിന്യംപോലും

മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ ശേഖരിച്ച് പ്രോസസ്സ് ചെയ്യുന്ന ഒരു യൂണിറ്റ് നീണ്ടകരയിൽ ആരംഭിച്ചിട്ടുണ്ട്. ഒരുപക്ഷെ ഏഷ്യയിലെതന്നെ ആദ്യത്തെ ഒരു പദ്ധതിയായിരിക്കും കടലിന്റെ അടിത്തട്ടിൽനിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പ്രോസസ്സ് ചെയ്യുന്ന സംരംഭം. ആ സംരംഭത്തിൽ ഫിഷറീസ് വകുപ്പ് മാത്രമല്ല, ശുചിത്വമിഷൻ, സി.എം.എഫ്.ആർ.ഐ., M.P.E.D.A., (The Marine Products Exports Development Authority) തുടങ്ങിയ എല്ലാ ഏജൻസികളെയും കൂട്ടിയോജിപ്പിച്ച് വളരെ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന ഒരു പ്രോജക്ടെന്ന നിലയിലാണ് നടപ്പിലാക്കിയത്. വിവിധ വകുപ്പുകൾ സംയോജിച്ച് കൃത്യമായി പദ്ധതി നടപ്പിലാക്കിയാൽ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയു മെന്നതിന്റെ ഒരുദാഹരണമാണ് നീണ്ടകരയിൽ സ്ഥാപിച്ച കടലിന്റെ അടിത്തട്ടിൽ നിന്നും പ്ലാസ്റ്റിക് സംഭരിച്ച് സംസ്കരിക്കുന്ന പദ്ധതി. അത് കൂട്ടായി ചെയ്യേണ്ട കാര്യമാണ്. ഫിഷറീസ് വകുപ്പ് അതിന് മുൻകയ്യെടുത്തിട്ടുണ്ട്.

ശ്രീ. ഹൈബി ഈഡൻ: സർ, മത്സ്യോൽപ്പാദനരംഗത്തെ വികസന പ്രവർത്തനങ്ങൾപോലെ പ്രാധാന്യമർഹിക്കുന്നതാണ് തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം. ഈ സർക്കാർ 6500 കോടി രൂപയുടെ പദ്ധതികളാണ് ഗ്രീൻ കോറിഡോറിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് പ്രാവർത്തികമാക്കുന്നതിന് ധാരാളം സമയവും റീ-ഹാബിലിറ്റേഷൻ പ്രോസസ്സും വേണ്ടിവരും. അതുകൊണ്ടുതന്നെ കണ്ണമാലി, ചെല്ലാനം പോലുള്ള സിറ്റിയുമായി ബന്ധപ്പെട്ടുകിടക്കുന്ന കോസ്റ്റൽ ബെൽറ്റിന് സമീപമുള്ളവർ അടിസ്ഥാന സൗകര്യ മില്ലാത്തതിനാൽ മഴക്കാലം തുടങ്ങിയതിനുശേഷം ഭീതിയിലാണ്. കടൽഭിത്തി, പുലിമുട്ട് എന്നിവ നിർമ്മിക്കണമെന്ന അവരുടെ ദീർഘനാളത്തെ ആവശ്യത്തിന്മേൽ മന്ത്രിതന്നെ നേതൃത്വത്തിൽ ജിയോട്യൂബ് പദ്ധതി അവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ പ്രായോഗികതലത്തിൽ അത് നടപ്പാക്കാൻ, 'അഴിമുതൽ അഴിവരെ' എന്നൊരു കാമ്പയിൻ ആ ഭാഗത്തുള്ളവർ നടത്തുന്നുണ്ട്. മണ്ണിന്റെ ലഭ്യതക്കുറവുകാരണം ജിയോട്യൂബിന്റെ പ്രവർത്തനം പ്രായോഗികതലത്തിൽ വരുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്തുന്ന തോടൊപ്പം പുലിമുട്ട് നിർമ്മിക്കുന്നതിനും അവരുടെ ജീവൻ സംരക്ഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, യുദ്ധകാലാടിസ്ഥാനത്തിൽ അതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഹാർബർ ബെയ്സ്ഡായിട്ടുള്ള പുലിമുട്ടിന്റെ സംരക്ഷണം ഫിഷറീസ് ഡിപ്പാർട്ട്മെന്റും അഗ്രീവ്ഡ് ആയിട്ടുള്ള ഏരിയകളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് ജലസേചന വകുപ്പും സംയുക്തമായി നടപടികൾ ആലോചിച്ചിരുന്നു.

പൊതുമരാമത്ത്, ജലവിഭവം, ധനകാര്യം എന്നീ വകുപ്പുമന്ത്രിമാരും ഞാനുമടക്കം ആലോചിച്ച് കൃത്യമായി, സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. ചെല്ലാനത്ത് ജലസേചന വകുപ്പ് ജിയോ ട്യൂബ് പദ്ധതി തുടങ്ങി കഴിഞ്ഞു. പൂന്തുറയിൽ N.I.O.T. (National Institute of Ocean Technology) -യുമായി സഹകരിച്ച് സെപ്റ്റംബറിൽ ആ പദ്ധതിക്ക് തുടക്കം കുറിക്കും. യുദ്ധകാലാടിസ്ഥാനത്തിൽതന്നെ ഇക്കാര്യത്തിൽ നടപടികൾ തുടങ്ങിയിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, സ്വാഭാവികമായും ധാരാളം മത്സ്യ സമ്പത്തുള്ള നാടാണ് കുട്ടനാട്. എന്നാൽ വർദ്ധിച്ചുവരുന്ന ജല മലിനീകരണം കാരണം അവിടത്തെ നാടൻ മത്സ്യസമ്പത്തിന് വലിയ തോതിലുള്ള കുറവ് സംഭവിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലെ വെള്ളം പലപ്പോഴും അമിതമായ രാസകീടനാശിനികളുടെ ഉപയോഗംമൂലം മലിനമാകാൻ കാരണമാകുന്നു. അവിടെ ഔഷധമൂല്യമുള്ള നാടൻ മത്സ്യങ്ങളായ കാരി, വരാൽ, ചെമ്പല്ലി എന്നിവ കൂടുതലായി കാണപ്പെടുന്നുണ്ട്. എന്നാൽ ഇവ വംശനാശം സംഭവിക്കുന്ന അവസ്ഥയിലേയ്ക്ക് വരികയാണ്. വകുപ്പിന്റെ ഭാഗത്തുനിന്നും പ്രത്യേകമായി എന്തെങ്കിലും പദ്ധതി കുട്ടനാടിന്റെ സ്വാഭാവിക മത്സ്യസമ്പത്തുണ്ടാകുന്ന ജലാശയങ്ങൾക്കുവേണ്ടി നടപ്പാക്കുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കുട്ടനാടിന്റെ മലിനീകരണം ഗൗരവമായൊരു പ്രശ്നമാണ്. കൃഷി വകുപ്പുമായി ആലോചിച്ച് നെൽകൃഷി കഴിഞ്ഞാലുടൻ തണ്ണീർമുക്കം ബണ്ട് തുറക്കുകയും മലിനജലം തുറന്നുവിടുകയും ശുദ്ധജലം കടന്നുവരാനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യണം. ഉപ്പുവെള്ളം കടന്നുവന്നാലേ മാലിന്യം കുറച്ചു മാറുകയുള്ളൂ. തണ്ണീർമുക്കം ബണ്ട് സമയബന്ധിതമായി തുറന്നാൽമാത്രമേ കുട്ടനാടൻ ജലാശയത്തിന്റെ മലിനീകരണത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഈ വർഷം അതിന് തുടക്കംകുറിച്ചിട്ടുണ്ട്. ബണ്ട് തുറന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കൃത്യമായി അത് ഓപ്പറേറ്റ് ചെയ്യേണ്ടതുണ്ട്. ഒരു വശത്ത് ബണ്ട് തുറന്നാൽ ഉപ്പുവെള്ളം കയറുമെന്നൊരു പ്രശ്നവുമുണ്ട്. മഴക്കാലത്ത് ബണ്ട് തുറന്നാൽ ഉപ്പുവെള്ളം ഇങ്ങോട്ട് കയറില്ല. അപ്പോൾ കുട്ടനാടൻ ജലാശയം ശുചീകരിക്കപ്പെടും. കൃത്യമായി അത് ഓപ്പറേറ്റ് ചെയ്യുകയാണ് വേണ്ടത്. അതിന് തുടക്കംകുറിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. അനിൽ അക്കര: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ച 'ഒരു നെല്ലും ഒരു മീനും' പദ്ധതി നല്ലതാണെങ്കിലും അതിന് പ്രായോഗികമായ ധാരാളം ബുദ്ധിമുട്ടുകളുണ്ട്. നമുക്ക് മീൻകുഞ്ഞുങ്ങളെ കിട്ടുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. സ്വാഭാവികമായും പത്ത് മാസമാകുമ്പോഴാണ് മീനുകൾക്ക് പൂർണ്ണവളർച്ചയുണ്ടാകുന്നത്. തൃശ്ശൂർ ജില്ലയിലെ നാൽപ്പതിനായിരത്തോളം ഏക്കർ കോൾ നിലങ്ങളിൽ ഡിസംബർ മാസത്തോടെ

പൂർണ്ണമായും വെള്ളം വറ്റിച്ചാണ് കൃഷിയിലേയ്ക്ക് പോകുന്നത്. നോമ്പ് മാസങ്ങളിൽ മീൻ വിൽപ്പനയ്ക്ക് ബുദ്ധിമുട്ടുണ്ട്. ഇതിനൊരു പരിഹാരം കാണേണ്ടതുണ്ട്. ലക്ഷക്കണക്കിന് മീൻകുഞ്ഞുങ്ങളെയാണ് വെള്ളത്തിലേയ്ക്കിടുന്നത്. തിരിച്ച് എത്ര കിട്ടുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ കണക്ക് വകുപ്പിനില്ല. നമുക്ക് ചെയ്യാൻ കഴിയുന്നത്, കോൾ പാടങ്ങളിലെ കനാലുകളിലെ ചെളി നീക്കം ചെയ്ത്, മത്സ്യങ്ങളെ ചെറിയ കേജുകളിലേയ്ക്ക് മാറ്റി, വെള്ളം വറ്റിക്കുന്ന സമയത്ത് വെള്ളം പമ്പുചെയ്ത് കനാലിലേയ്ക്ക് മാറ്റിയാൽ അവിടെ വെള്ളത്തിന് ബുദ്ധിമുട്ടുവരുന്നില്ല. അങ്ങനെ പത്തുമാസമെങ്കിലും മീൻകുഞ്ഞുങ്ങൾക്ക് വളർച്ച ഉറപ്പുവരുത്തിയാൽ മാത്രമേ നമുക്ക് ശരിയായ രീതിയിൽ പോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കേജുകളിൽ/കൂടിൽ മീൻകുഞ്ഞുങ്ങളെ വളർത്തി വലുതാക്കിയെടുക്കുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കോൾനിലങ്ങളിലെ കൂട് വിഷയമല്ല. കോൾ നിലങ്ങളിൽ കുറച്ച് സ്ഥലത്ത് ബണ്ട് കെട്ടി കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. നെല്ല് ഹാർവെസ്റ്റ് ചെയ്തതിനുശേഷമാണ് മീൻ കുഞ്ഞുങ്ങളെ നിക്ഷേ പിക്കുന്നത്. ആ പദ്ധതി നിലവിലുണ്ട്. അത് കൂടുതൽ ഇഫക്ടീവായി ചെയ്യുക യെന്നതാണ് ലക്ഷ്യം. നേരത്തെ വളരെ കുറച്ചുമാത്രമാണ് ചെയ്തിരുന്നത്. സർക്കാർ ഇപ്പോൾ ടാർജറ്റ് ചെയ്തിരിക്കുന്നത് നിലവിലുള്ള നാല്പതിനായിരം മെട്രിക് ടൺ മത്സ്യ ഉൽപ്പാദനത്തിൽനിന്നും എൺപതിനായിരം മെട്രിക് ടണ്ണിലേയ്ക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്നതാണ്. അത് വളരെ കൃത്യമായി വിപുലീകരിക്കും. സമയത്ത് ഇത് നടപ്പിലാകണമെങ്കിൽ കൃഷി വകുപ്പിന്റെ സഹകരണംകൂടി വേണം. നമ്മളൊരുമിച്ച് നിന്നാലേ ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൃഷി വകുപ്പും ഫിഷറീസ് വകുപ്പുമായി ആലോചിച്ച് നെൽകൃഷി വികസനവും മത്സ്യകൃഷി വികസനവും ഒരുമിച്ച് നടത്തുകയും അത് കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യണം. ഏതെങ്കിലുമൊരു കൃഷി ചെയ്തുകഴിഞ്ഞാൽ, മറ്റൊന്ന് ചെയ്യില്ലെന്നതാണ് കൃഷി വകുപ്പിന്റെ ആശങ്ക. അതുകൊണ്ട് അതിന് പരിഹാരം കാണണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, 'ഒരു നെല്ലും ഒരു മീനും' പദ്ധതി കർഷകരെ സംബന്ധിച്ച് നല്ലൊരു പദ്ധതിയാണ്. പക്ഷെ ആലപ്പുഴ ജില്ലപോലെ പല ജില്ലകളിലും 'ഒരു നെല്ലും ഒരു മീനും' പദ്ധതി ആരംഭിച്ചശേഷം രണ്ടും മീൻ മാത്രമായി മാറിയ സാഹചര്യമുണ്ടായിട്ടുണ്ട്. നെൽകൃഷി ഉപേക്ഷിച്ച് മത്സ്യകൃഷി മാത്രം ചെയ്യുന്നൊരു ലോബി പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട് ശ്രീ. അനിൽ അക്കര സൂചിപ്പിച്ച ഒരു വിഷയം, ഡിസംബർ മാസത്തിനുമുമ്പ് പലപ്പോഴും മീനിന്റെ വളർച്ചയ്ക്കുവേണ്ടി നെല്ലിന്റെ സമയക്രമീകരണത്തിൽ മാറ്റം വരുത്തുന്നതിന് നിർബന്ധബുദ്ധി

വരികയാണ്. നെൽകൃഷിയെ പരോക്ഷമായി ബാധിക്കുന്നതുകൊണ്ട് ശാസ്ത്രീയമായൊരു ക്രമീകരണം വരുത്തേണ്ട ആശങ്ക മാത്രമേയുള്ളൂ. അല്ലാതെ 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പാക്കുന്നതിനെ സംബന്ധിച്ച് കൃഷി വകുപ്പിന് ആശങ്കയൊന്നുമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നെൽവയലുകളുടെ മുകൾ ഭാഗവും താഴ്ഭാഗവും നികത്തിയതുകൊണ്ട് ഒരുതരത്തിലും നെൽകൃഷി ചെയ്യാൻ കഴിയാതെ വെള്ളക്കെട്ടായി മാറിയ ചില നിലങ്ങളുണ്ട്. അത്തരം വയലുകളിൽ മത്സ്യകൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ തയ്യാറാക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഏത് ജലാശയങ്ങളെയും ഫലപ്രദമായി ഉപയോഗിക്കുക, പ്രോട്ടീനിന്റെ ആവശ്യം നിറവേറ്റുന്നതിനാവശ്യമായ മത്സ്യകൃഷി വ്യാപിപ്പിക്കുക എന്നിവ സർക്കാരിന്റെ ലക്ഷ്യമാണ്. തീർച്ചയായും അത്തരം അസാദ്ധ്യമായ ഇടങ്ങളിൽപ്പോലും മത്സ്യകൃഷി ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല.

## പുതിയ കാലത്തിനനുസൃതമായ നിർമ്മാണം

3(* 213) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) പുതിയകാലം പുതിയ നിർമ്മാണം എന്ന ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിൽ ആയുസ്സ്, ഈട്, സൗന്ദര്യം ഇവ ഉറപ്പാക്കിക്കൊണ്ടുള്ള നിർമ്മാണ രീതി പ്രാവർത്തികമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ശാക്തീകരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;

(ബി) അഞ്ചുവർഷംകൊണ്ട് ഒരു ലക്ഷത്തിൽപ്പരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി വകുപ്പിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പുനർനിർമ്മാണം ആവശ്യമെന്ന് കണ്ടെത്തിയ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താനായി ഏർപ്പെടുത്തിയിട്ടുള്ള സോഷ്യൽ ഓഡിറ്റ് സംവിധാനത്തിന്റെ വിശദാംശം നൽകുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മറുപടി കുറച്ച് ദീർഘമായതുകൊണ്ട് ഞാനത് മേശപ്പുറത്തുവയ്ക്കുന്നു*. പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ പറയുന്നു :

(എ) ആധുനിക സാങ്കേതികവിദ്യകളും പുതിയ നിർമ്മാണ രീതിയും അവലംബിച്ചിട്ടുണ്ട്. നാച്വറൽ, റബ്ബർ, മിക്സ്ഡ് ബിറ്റുമിൻ, പ്ലാസ്റ്റിക്, കയർ എന്നിവ നിർമ്മാണത്തിന് കാര്യമായി ഉപയോഗിക്കുന്നുണ്ട്. മില്ലിംഗ് ആൻഡ് റീസൈക്ലിംഗ്, ജനറൽ മെഷീനുപയോഗിച്ചുള്ള നിർമ്മാണം എന്നിവ ചില ഭാഗങ്ങളിൽ നടത്തിയിട്ടുണ്ട്. മണ്ണിന്റെ സ്റ്റെബിലൈസേഷൻ ടെക്നോളജി ഉപയോഗിക്കുന്നുണ്ട്. സുതാര്യത, ഗുണമേന്മ, അഴിമതിരാഹിത്യം എന്നിവയാണ് ലക്ഷ്യം. പുതിയ കാലം പുതിയ നിർമ്മാണം എന്നുള്ളത് ഈ കാലത്തിനനുസരിച്ചുള്ള നിർമ്മാണം ആകണമെന്നുള്ളതാണ്. ക്വാളിറ്റി കൺട്രോൾ വിഭാഗം ഒരു three tier system രൂപീകരിച്ചിട്ടുണ്ട്. ഒന്നാമത്തേത്, മെറ്റീരിയലുകളെല്ലാം ലബോറട്ടറിയിൽ പരിശോധിക്കുന്നതിന് ജില്ലാടിസ്ഥാനത്തിലുള്ള സംവിധാനമാണുള്ളത്. രണ്ടാമതായി, സബ് ഡിവിഷനിൽ അതിന്റെ വിശദമായ പരിശോധന നടത്തുന്നു. മൂന്നാമതായി, ടെക്നിക്കൽ ഓഡിറ്റും സോഷ്യൽ ഓഡിറ്റും നടപ്പിലാക്കിയിട്ടുണ്ട്. ബയോ മെട്രിക് പഞ്ചിംഗ് വഴി ജീവനക്കാരുടെ സേവനം ഉറപ്പാക്കുന്നതാണ്.

(ബി) പി.എസ്.സി.-ക്ക് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തുവരികയാണ്. ഒരു ചീഫ് എഞ്ചിനീയർ (റോഡ് മെയിന്റൻസ്) ഒരു ചീഫ് എഞ്ചിനീയർ (പാലങ്ങൾ) എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. റോഡ്സ് & ബ്രിഡ്ജസ് ഡിവൈഡ് ചെയ്ത് പാലങ്ങളുടെ പ്രാധാന്യം കാരണം ബ്രിഡ്ജിന് മാത്രമായി ഒരു ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന് രണ്ട് വർഷത്തിനുള്ളിൽ ഒഴിവുകൾ നികത്തുന്നതിൽ വലിയ രീതിയിലുള്ള മുന്നേറ്റമുണ്ടായിട്ടുണ്ട്. ഏകദേശം 1844 ഓവർസീയർമാരെയും 164 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും നിയമിച്ചിട്ടുണ്ട്. 698 ടെക്നിക്കൽ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ആകെ 2542 പേരെ നിയമിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ ആവശ്യമാണ്. പക്ഷെ അത് വേഗത്തിൽ നടക്കാത്തതുകൊണ്ട് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

(സി) ചരിത്രത്തിൽ ആദ്യമായിട്ടാണ് സംസ്ഥാനത്തെ 2349 പാലങ്ങളെപ്പറ്റി പഠനം നടത്തിയത്. അതിൽ പ്രശ്നരഹിതമായിട്ടുള്ളത് 703 എണ്ണവും അറ്റകുറ്റപ്പണികൾ ആവശ്യങ്ങളുമായിട്ടുള്ളത് 1281 എണ്ണവും പുനരുദ്ധാരണം ആവശ്യമായിട്ടുള്ളത് 203 എണ്ണവുമാണ്. അതിൽ അത്യാവശ്യമായി പുതുക്കിപ്പണിയേണ്ട 162 എണ്ണമുണ്ട്. അതിൽ 70 എണ്ണം ഇപ്പോൾ പരിഗണനയിലാണ്. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങൾ കടന്നുകൊണ്ടിരിക്കുകയാണ്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്

(ഡി) 2016 മുതൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ചെയർമാനോ, പ്രസിഡന്റോ കൺവീനറായും എക്സ്പെർട്ടുകളെ നിയോഗിച്ച് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആലപ്പുഴയിലാണ് ആദ്യമായി സോഷ്യൽ ഓഡിറ്റിംഗ് നടത്തിയത്, നാഷണൽ ഹൈവേ പ്രവൃത്തി തുടങ്ങിയത്. അത് വൻ വിജയമായിരുന്നു. പ്രവൃത്തികളിലെ അപാകതയാണ് റിപ്പോർട്ട് ചെയ്യുന്നത്, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ വന്ന് പരിശോധിക്കണമെന്ന് ശിപാർശയിൽ പറയും. പൊതുമരാമത്ത് വിജിലൻസും സി.റ്റി.ഇ.-യും ധനകാര്യ അന്വേഷണ വിഭാഗവും പോലീസും അന്വേഷിക്കണമെന്ന് പറയും. ഇതെല്ലാം ശിപാർശകളാണ്. സർക്കാരാണ് ഇതെല്ലാം തീരുമാനിക്കേണ്ടത്.

വലിയ തരത്തിലുള്ള മാറ്റങ്ങൾ കാഴ്ചപ്പാടിലും പ്രവൃത്തിയിലും ഉണ്ടായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണമെന്നുള്ളത് പുതിയ സർക്കാരിന്റെ ശക്തമായ രാഷ്ട്രീയ തീരുമാനമാണ്. റെയിൽവേ, റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ജലഗതാഗതം എന്നിവയ്ക്കെല്ലാം സമഗ്രമായ നേതൃത്വമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകുന്നത്. അക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടും സംസ്ഥാനതലവുമായി ബന്ധപ്പെട്ടും നിരന്തര പരിശോധനകൾ നടക്കുന്നതുകൊണ്ട് വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. പുതിയ കാലം പുതിയ നിർമ്മാണം എന്നുള്ളത് വെറുമൊരു കാഴ്ചപ്പാട് മാത്രമല്ല, അത് പ്രയോഗത്തിൽ വരുത്താനും ജനങ്ങൾക്ക് ബോദ്ധ്യപ്പെടാനും കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം. രാജഗോപാലനുവേണ്ടി <u>ശ്രീ. ഡി. കെ. മുരളി</u>: സർ, പുതിയ കാലം പുതിയ നിർമ്മാണം എന്ന സങ്കൽപ്പത്തിൽ കേരളത്തിൽ റോഡുകളുടെ സമഗ്രവും കാര്യക്ഷമവുമായ വികസനമാണ് നടത്തിവരുന്നത്. പ്രത്യേകിച്ച്, കിഫ്ബി പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വളരെ പ്രാധാന്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് നടത്തിവരികയാണ്. കേരളത്തിൽ റോഡ് വികസന കാര്യത്തിൽ വലിയ മാറ്റവും മുന്നേറ്റവുമാണ് ഇപ്പോൾ ദൃശ്യമായിരിക്കുന്നത്. അതിന് നേതൃത്വം നൽകുന്ന വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. എന്നാൽ സർക്കാർ ഉദ്ദേശിക്കുന്ന പ്രാധാന്യം കിഫ്ബി പ്രവൃത്തികൾ ഏറ്റെടുക്കുന്ന ചില കരാറുകാരെങ്കിലും പാലിക്കുന്നില്ല, അല്ലെങ്കിൽ ശ്രദ്ധിക്കുന്നില്ലെന്ന ആക്ഷേപം ഉയർന്നുവരുന്നുണ്ട്. ആവശ്യമായ പ്ലാന്റും എക്യുപ്മെന്റ്സും ഇല്ലാത്ത കരാറുകാർ കരാറെടുത്ത് വലിയ കാലവിളംബം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനും കാലതാമസമില്ലാതെ പണി പൂർത്തിയാക്കുന്നതിനും കിഫ്ബി മാന്വലിൽ ഉൾപ്പെടെ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഡ്ജറ്റിൽ ആവശ്യമായ പണമില്ലാതെ, അടിസ്ഥാന വികസനം വലിയ തരത്തിൽ നടത്തേണ്ടതുകൊണ്ടാണ് കിഫ്ബി കൊണ്ടുവന്നിട്ടുള്ളത്. അതിപ്പോൾ നല്ല വിജയം കൈവരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ മുൻപില്ലാത്ത പരിശോധനകളും വിലയിരുത്തലുകളുമൊക്കെ ആവശ്യമായതു കൊണ്ടുള്ള കാലതാമസം സ്വാഭാവികമായുമുണ്ട്, പാലങ്ങളുടെ കാര്യത്തിൽക്കൂടുതലായുണ്ട്. എങ്കിലും ഉദ്യോഗസ്ഥപരമായ കാലതാമസങ്ങളുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള കിഫ്ബി കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബി പദ്ധതികൾ നടപ്പിലാക്കാൻ ആറ് എസ്.പി.വി.-കളെ പൊതുമരാമത്ത് വകുപ്പിൽ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ കീഴിലാണ് 1250 കിലോമീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലുമുള്ള മലയോര പാതയും 680 കിലോമീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലുമുള്ള തീരദേശ പാതയും വരുന്നത്. വീതിയില്ലാത്ത സ്ഥലങ്ങളിൽനിന്ന് മത്സ്യത്തൊഴിലാളികളെ ഒഴിപ്പിക്കുന്നത് ഒഴിവാക്കാൻ റോഡിൽനിന്ന് മുകളിലേയ്ക്ക് പണിത് വീതി നാല് വരിയാക്കി നിർമ്മിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

കിഫ്ബി പദ്ധതിയിൽ എല്ലാ മണ്ഡലങ്ങളിലും വ്യത്യാസങ്ങളില്ലാതെ സമഗ്ര വികസനത്തിന്റെ കാഴ്ചപ്പാടിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിലുണ്ടാകുന്ന കാലതാമസം ടെക്നിക്കലാണ്. അല്ലാത്ത കാലതാമസം പരിഹരിക്കാനുള്ള നടപടി യെടുത്തിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡാണ് ഏറ്റവും കൂടുതൽ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നത്. അവിടെ എസ്.പി.വി. ആയി ഒരു ചീഫ് എഞ്ചിനീയറും രണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുമുള്ള 28 എഞ്ചിനീയർമാരുടെ ഒരു പ്രത്യേക യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. നല്ല നിലയിൽ ആ യൂണിറ്റ് പ്രവർത്തിച്ചുവരികയാണ്. ഇനിയും നിരന്തരം പരിശോധിച്ച് കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, റോഡ് നിർമ്മാണത്തിൽ അനുഭവിക്കുന്ന പ്രധാനപ്പെട്ട ബുദ്ധിമുട്ട്, വാട്ടർ ലൈനുകളും കെ.എസ്.ഇ.ബി. ലൈനുകളും ഷിഫ്റ്റ് ചെയ്യുന്നതിനും അതുപോലെ റോഡ് നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം ഇവ സ്ഥാപിക്കുന്നതിനുമൊക്കെയാണ്. നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ കുത്തിക്കുഴിക്കേണ്ടി വരികയാണ്. തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ തമ്മിലും പൊരുത്തമില്ലായ്മയുമുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ചില നിർദ്ദേശങ്ങൾ നൽകിയതായി അറിയാം. ഇക്കാര്യത്തിൽ വീണ്ടും അപാകതകൾ തുടരുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അതുപോലെ ബി.പി.സി.എൽ. കരാറുകാർക്ക് സമയത്തിന് ടാർ നൽകാത്ത സ്ഥിതിവിശേഷമുണ്ട്, അക്കാര്യം പരിഹരിക്കാനാവശ്യമായ ഇടപെടൽ നടത്താൻ കഴിയുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പൈപ്പിടാനും ഇലക്ട്രിസിറ്റി ബോർഡിന്റെ ആവശ്യങ്ങൾക്കും ബി.എസ്.എൻ.എൽ.-നും മൊബൈൽ യൂണിറ്റുകൾക്കുമൊക്കെ റോഡ് പൊളിക്കുന്നത് സർവ്വസാധാരണമാണ്. ഇത് മുൻപും ഉള്ളതാണ്. ലക്കും ലഗാനുമില്ലാതെയൊക്കെ കഴിഞ്ഞ കാലങ്ങളിൽ കാര്യങ്ങൾ ചെയ്തിരുന്നു; അതിൽ ധാരാളം നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. പക്ഷേ കുടിവെള്ളത്തിന്റെ പ്രശ്നം വരുമ്പോൾ മഴക്കാലത്തുപോലും ചില എക്സംപ്ഷൻ നൽകുന്നുണ്ട്. എങ്കിലും പൊതുവേ നിയന്ത്രിക്കപ്പെടുന്നുണ്ട്. അതിന് പ്രത്യേക തരത്തിലുള്ള ചട്ടങ്ങളാണുള്ളത്. ഒരുപക്ഷേ നിയമനിർമ്മാണം ആവശ്യമായി വരും. കാരണം, കോടിക്കണക്കിന് രൂപയുടെ റോഡുകളാണ്. റോഡ് കട്ട് ചെയ്യേണ്ടെന്ന് പറയാൻ കഴിയില്ല. ആധുനിക യന്ത്രങ്ങളൊന്നും അവരുടെ കൈവശമില്ല. വെറുതെ വെട്ടിപ്പൊളിക്കുകയാണ്. അപ്പോൾ അതിനാവശ്യമായ നിയമനിർമ്മാണം തന്നെ നടത്തണം. ആധുനിക രീതിയിലുള്ള പരിഹാരമാർഗ്ഗങ്ങൾ കൊണ്ടുവരുന്ന കാര്യം ആലോചിക്കാം. അത് വിജയിക്കുക യാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കുമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ശാസ്ത്ര സാങ്കേതിക മേഖലകളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ പ്രയോജനപ്പെടുത്തി ആധുനിക സംവിധാനങ്ങളോടുകൂടി റോഡുകൾ നിർമ്മിച്ചുവരുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പ്രധാന ചോദ്യത്തിനുത്തരമായി നൽകിയിട്ടുണ്ട്. അത് പൂർണ്ണമായും ശരിയാണ്. എല്ലാ സംവിധാനങ്ങളേയും പ്രയോജനപ്പെടുത്തി നവീനമായ രീതിയിൽ റോഡ് നിർമ്മാണം നടത്തുമ്പോൾ വാഹനങ്ങളുടെ വേഗത വർദ്ധിച്ചുവരികയും പല സ്ഥലത്തും അപകടങ്ങൾ ശക്തി പ്പെട്ടുവരുകയും ചെയ്യുന്നു. പരീക്ഷണാർത്ഥം വൈപ്പിനിൽ ഒരു സർവ്വേ നടത്തിയപ്പോൾ അപകടങ്ങൾ കൂടുന്നതായിട്ടാണ് കാണുന്നത്. ഞാൻ പറഞ്ഞുവന്നത്, വേഗത വർദ്ധിക്കുന്നതിന്റെ ഭാഗമായി പൊതുവെ വാഹനാപകടങ്ങളുണ്ടാകുന്നുണ്ട്. അത് നിയന്ത്രിക്കുന്നതിന് ഇപ്പോൾ റോഡ് സുരക്ഷാ സേഫ്റ്റി കൗൺസിലുണ്ട്; ഗതാഗത വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുമായി യോഗം ചേരുന്നുമുണ്ട്. ജില്ലാടിസ്ഥാനത്തിൽ റോഡ് സേഫ്റ്റി കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിനും ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഈ അപകടങ്ങൾ ഒഴിവാക്കുന്നതിനും പ്രായോഗികമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന കാര്യത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, റോഡ് സേഫ്റ്റി കൗൺസിൽ എല്ലാ സംസ്ഥാനത്തുമുണ്ട്, കേരളത്തിലുമുണ്ട്. ജില്ലാടിസ്ഥാനത്തിൽ കളക്ടറാണ് ചെയർമാൻ. ഗതാഗത വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിവരടക്കമുള്ളവരും അതിലുണ്ട്. പക്ഷേ അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി ഞങ്ങൾക്ക് തോന്നിയിട്ടില്ല. ഞങ്ങൾ രണ്ടു-മൂന്ന് റിവ്യൂ മീറ്റിംഗുകൾ നടത്തി. കൂടാതെ അതിന് വേണ്ടത്ര ഫണ്ടുമില്ല; ഉള്ള ഫണ്ടുതന്നെ ശരിയായി ഉപയോഗിക്കുന്നുമില്ല.

ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലെ ഇക്കാര്യം ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നന്നായി പ്രവർത്തിക്കാനും റോഡ് സേഫ്റ്റി മെഷേഴ്സ് വളരെ പ്രധാനമാണ്. നല്ല റോഡ് വരുമ്പോൾ ആളുകൾ സ്പീഡ് ലിമിറ്റ് നോക്കാതെ ഡ്രൈവ് ചെയ്യുന്നുണ്ട്. അതിലൊക്കെ നല്ല മാറ്റങ്ങൾ വരുത്തണം. അതിന് വിശദമായ ചർച്ച നടത്താൻ കഴിയും. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുമായും ആലോചിച്ച് എന്തെല്ലാം മാറ്റങ്ങൾ വരുത്താമെന്നുള്ളത് നമുക്ക് തീരുമാനിക്കാൻ കഴിയും.

മി. സ്പീക്കർ : ശ്രീ. പി. വി. അൻവർ, Not in the seat.

ശ്രീ. ബി. ഡി. ദേവസ്സി: സർ, റോഡുകൾ നവീകരിക്കുന്നതോടൊപ്പം ഡ്രെയിനേജും നടപ്പാതയും സൈഡ് പ്രൊട്ടക്ഷനും നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെ പൊതുവേ ജോലി കുറഞ്ഞ സെക്ഷൻ ഓഫീസുകളും കൂടുതൽ ജോലിയുള്ള സെക്ഷൻ ഓഫീസുകളുമുണ്ട്. അതിനാൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിക്കുമോ; മറ്റൊന്ന്, മുകുന്ദപുരം താലൂക്കിൽ ഒരു സബ്ഡിവിഷൻ മാത്രമാണുള്ളത്. ആ താലൂക്ക് വിഭജിച്ച് ഇപ്പോൾ ചാലക്കുടി താലൂക്കായിട്ടുണ്ട്. ആ സാഹചര്യത്തിൽ ചാലക്കുടി കേന്ദ്രീകരിച്ച് ഒരു സബ്ഡിവിഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ വിന്യാസത്തിൽ വ്യക്തമായ തീരുമാനമെടുത്തിട്ടുണ്ട്. 12 മീറ്റർ വീതിയുള്ള റോഡിൽ നല്ല ഓട, അതിനുമുകളിൽ സ്ലാബ്, കാൽനട യാത്രയ്ക്കുള്ള സൗകര്യം, സൈക്കിൾ യാത്രയ്ക്കുള്ള സൗകര്യം, കുഴലുകളും പൈപ്പുകളും ഇടാനുള്ള ഡക്റ്റ് വയ്ക്കുക എന്നീ തീരുമാനമൊക്കെ എടുത്ത് പല സ്ഥലങ്ങളിലും അതെല്ലാം നടപ്പിലായതാണ്. അതിൽ വീതി ഒരു പ്രധാനപ്പെട്ട കാര്യമാണ്. വീതി കുറഞ്ഞ 8 മീറ്ററിലൊക്കെ ഓടകൾ മാത്രമേ നിർമ്മിക്കാൻ കഴിയുകയുള്ളൂ. ഇതിനെല്ലാം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ മണ്ഡലങ്ങളിലും അവിടെയുള്ള എം.എൽ.എ.-മാരും ലോക്കൽ ബോഡീസ് ഭാരവാഹികളും ഇക്കാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കുകകൂടി ചെയ്താൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. സബ്ഡിവിഷന്റെ കാര്യം പരിശോധിച്ച് തീരുമാനിക്കാം.

ശ്രീ. എം. ഉമ്മർ: സർ, നമ്മുടെ എഞ്ചിനീയർമാരെല്ലാം വളരെ മിടുക്കൻമാരായവരാണ്. പക്ഷെ അവർക്ക് പഠിച്ച കാര്യങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനോ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള ടെക്നോളജി വികസിപ്പിക്കുന്നതിനോ അതിൽ ഗവേഷണം നടത്തുന്നതിനോ ഇപ്പോൾ യാതൊരു സൗകര്യവുമില്ല. പുതിയ സാങ്കേതിക സർവ്വകലാശാല ഉപയോഗപ്പെടുത്തി എഞ്ചിനീയർമാർക്ക് പുതിയ റിഫ്രഷർ കോഴ്സുകളും പുതിയ ടെക്നോളജിയും പരിചയപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെടുന്ന കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല; അക്കാര്യം ആലോചിക്കാം. പക്ഷെ നല്ല സംവിധാനം ഇപ്പോഴുമുണ്ട്. നാഷണൽ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും കെ.എസ്.ഡി.പി.-യുടെ കീഴിൽ പ്രത്യേക റിസർച്ച് സംവിധാനവുമുണ്ട്. മാത്രമല്ല, എഞ്ചിനീയേഴ്സ് കോൺഗ്രസ് എന്നൊരു സംവിധാനം ഈ സർക്കാർ തുടങ്ങിയിട്ടുണ്ട്. മൂന്നാമത്തെ എഞ്ചിനീയേഴ്സ് കോൺഗ്രസ് നടക്കാൻ പോവുകയാണ്. അതിനെക്കുറിച്ച് വിശദമായ ചർച്ചയുണ്ട്. 14 ദേശീയ സെമിനാറുകളും പഠനങ്ങളും ഇവിടെ നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടും എറണാകുളത്തും ഡിസൈൻ യൂണിറ്റുണ്ട്. അവരൊക്കെ നല്ല തരത്തിൽ ഡിസൈൻ ചെയ്യുന്നവരാണ്. ആ കഴിവുകൾ നിരന്തരം പ്രോത്സാഹിപ്പിക്കാനാണ് തീരുമാനം. സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഗുണമുണ്ടാകുമെങ്കിൽ തീർച്ചയായും വൈസ് ചാൻസലറുമായി ചർച്ച ചെയ്യാം.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്വയംഭരണ കോളേജുകളുടെ അക്കാദമിക നിലവാരം

4 (*214) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വയംഭരണ അവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക് നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളുടെ കാര്യത്തിൽ സർവ്വകലാശാലകളുടെ നിയന്ത്രണാധികാരത്തെയും സ്വയംഭരണാധികാരത്തെയും ബാധിക്കുന്ന തരത്തിലുള്ള എന്തെങ്കിലും പുതിയ തീരുമാനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റൂസ ഫണ്ട് അനുവദിക്കുന്നതിന് സ്വയംഭരണ കോളേജുകളെയും എയ്ഡഡ് കോളേജുകളെയും ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നിലപാട് എന്താണ്; പ്രസ്തുത നിർദ്ദേശത്തിനനുസൃതമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഡോ.ജോയ് ജോബ് കുളവേലിൽ അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) യു.ജി.സി. 2018-ൽ പുറപ്പെടുവിച്ച Conferment of Autonomous Status Upon Colleges and Measures for Maintenance of Standards in Autonomous Colleges Regulation, 2018 എന്ന റെഗുലേഷൻ പ്രകാരം സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ സർവ്വകലാശാലകളുടെ മുൻകൂർ അനുമതി ആവശ്യമില്ല. പ്രസ്തുത നിബന്ധന സ്വയംഭരണ കോളേജുകൾക്ക് മേലുള്ള സർവ്വകലാശാലകളുടെ നിയന്ത്രണാധികാരത്തെ ബാധിക്കുന്നതാണ്.

(സി) റൂസ പദ്ധതി Phase-2-ലെ ഒൻപതാം ഘടകം അനുസരിച്ച് 2.5-ഓ അതിലധികമോ NAAC/NBA പോയിന്റ് ലഭിച്ചിട്ടുള്ള സർക്കാർ/എയ്ഡഡ് കോളേജുകൾക്ക് 2 കോടി രൂപ വരെ ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റിനായി അപേക്ഷിക്കാൻ യോഗ്യതയുണ്ട്. റൂസ പദ്ധതി Phase-2-ലെ ഘടകം 8 പ്രകാരം സ്വയംഭരണ കോളേജുകൾക്ക് അദ്ധ്യാപന-ഗവേഷണ മേഖലകളിലെ ഗുണനിലവാര വർദ്ധന ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ വരെ ധനസഹായത്തിന് അർഹതയുണ്ട്. 3.51-ഓ അതിലധികമോ NAAC പോയിന്റ് ഉണ്ടായിരിക്കണമെന്നതാണ് നിബന്ധന. ഇതിൻപ്രകാരം സംസ്ഥാനത്തെ 5 സ്വയംഭരണ കോളേജുകൾക്ക് ധനസഹായത്തിന് അർഹതയുണ്ട്.

## ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കാൻ പദ്ധതി

5 (*215) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് മത്സ്യമാർക്കറ്റുകളും മൊബൈൽ ഫിഷ് മാർക്കറ്റുകളും മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകളും വഴി ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിച്ച് കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് ആവശ്യമായ കോൾഡ് സ്റ്റോറേജുകളും അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുവാൻ ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) മത്സ്യത്തിൽ ഹാനികരമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം അറിയുന്നതിനുള്ള പരിശോധന കർശനമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിജയപ്രദമാണോ; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) സംസ്ഥാനത്തെ മത്സ്യ വിപണിയിൽ ഇടപെടുക, സുരക്ഷിതവും, ഗുണനിലവാരവുമുള്ള മത്സ്യങ്ങളും, മത്സ്യ ഉൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിലൂടെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാനത്ത് ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നത്. സംസ്ഥാനത്ത് ഗുണനിലവാരവും, ശുചിത്വവും ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ഇതിന്റെ വിപണന ശൃംഖല രൂപീകരിക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 31 ഫിഷ്മാർട്ടുകളും, മൊബൈൽ ഫിഷ് മാർട്ടും പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമേ 29 മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യം മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് ലേലം ചെയ്തു വാങ്ങിയും പൊതുവിപണിയിൽ നിന്നും ശേഖരിച്ചുമാണ് ഈ മാർട്ടുകൾ വഴി മത്സ്യം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ മത്സ്യഫെഡിന്റെ കൊച്ചിയിലുള്ള ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് ഫിഷ് മാർട്ടുകൾ വഴി ലഭ്യമാക്കി വരുന്നു. കൊല്ലത്ത് ശക്തികുളങ്ങരയിലെ മത്സ്യഫെഡ് പ്രീ-പ്രോസ്സസിംഗ് സെന്റർ, കൊച്ചിയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന ഐസ് & ഫ്രീസിംഗ് പ്ലാന്റ്, തിരുവാതുക്കൽ ബേസ് സ്റ്റേഷൻ, തിരുവനന്തപുരം വിഴിഞ്ഞം ബേസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നുമാണ് പ്രധാനമായും ഫിഷ്മാർട്ടുകളിലേയ്ക്കും മൊബൈൽ ഫിഷ്മാർട്ടുകളിലേയ്ക്കും മത്സ്യം വിതരണത്തിനായി എത്തിച്ചുവരുന്നത്.

മത്സ്യ വിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ദേശീയ മത്സ്യവികസന ബോർഡ് / കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം 41 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി ലഭിക്കുകയും 35 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3 മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഓരോ മത്സ്യ മാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ്, അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റ് എന്നിവയും ടോയ്‌ലെറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി വിഴിഞ്ഞം, ശക്തികുളങ്ങര, എറണാകുളം, തിരുവാതുക്കൽ എന്നിവ കേന്ദ്രീകരിച്ച് ബേസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. ഇവിടെ മത്സ്യം സംഭരിച്ച് വിവിധ ഫിഷ് മാർട്ടുകൾ വഴി വിതരണം ചെയ്തുവരുന്നു. നവീകരണത്തിന് മത്സ്യമാർക്കറ്റുകൾ പൂർത്തീകരിക്കുന്നമുറയ്ക്ക് എല്ലായിടങ്ങളിലും മത്സ്യം കേടുകൂടാതെ സംഭരിക്കുന്നതിനുള്ള ചിൽറൂം സംവിധാനവും ഫ്ളേക്ക് ഐസ് യൂണിറ്റും ആരംഭിക്കുന്നതാണ്. സംസ്ഥാന പദ്ധതി വിഹിതത്തിനുപുറമേ കേന്ദ്ര പദ്ധതി വിഹിതവും ഇതിനായി പ്രതീക്ഷിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതിനായി 400 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(സി) കേരളത്തിൽ ഗുണമേന്മയുള്ള മത്സ്യം ലഭിക്കുന്നതിനും അവയുടെ വിപണനത്തിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനും ഉതകുമാറ് ഒരു നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി എല്ലാ ജില്ലകളിലും ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും മത്സ്യ മാർക്കറ്റുകൾ, മറ്റ് വിൽപ്പന കേന്ദ്രങ്ങൾ ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിവരികയും ചെയ്യുന്നു. ഇത്തരം പരിശോധനയിൽ കുറ്റക്കാരെന്നുകാണുന്ന

വർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പ് സംഘടിപ്പിക്കുന്ന ബോധവൽകരണ പരിപാടികളിൽ മായംചേർക്കലിന്റെ ദൂഷ്യഫലത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നു. മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) തയ്യാറാക്കിയ പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നു. നിലവിൽ സർക്കാർ ഏജൻസികൾ / സ്ഥാപനങ്ങളിലെ പരിശോധനയ്ക്ക് ആവശ്യമായ ടെസ്റ്റിംഗ് കിറ്റ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-ൽ ലഭ്യമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും നടത്തുന്ന പരിശോധനകളിൽ ടെസ്റ്റ് കിറ്റ് പ്രയോജനപ്പെടുത്തിവരുന്നു. പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ കൈമാറ്റം ചെയ്ത് വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കുവാൻ ശ്രമം തുടങ്ങിക്കഴിഞ്ഞു. ഈ പ്രക്രിയ പൂർത്തിയാക്കിയശേഷം വിപുലമായ വിതരണം സാധ്യമാക്കാൻ നടപടിയെടുക്കുന്നതാണ്.

## അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്പെഷ്യൽ സ്കൂളുകൾ

6 (*216) ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം തുടങ്ങിയ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളുകൾക്ക് സർക്കാർ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം, പാഠപുസ്തകം, യൂണിഫോം എന്നിവ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(ബി) 2017-18 സാമ്പത്തിക വർഷം ടി സ്കൂളുകൾക്ക് നൽകിയിരുന്ന 13 കോടി രൂപ ധനസഹായം, 2018-19 സാമ്പത്തിക വർഷം 14 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം, പാഠപുസ്തകം എന്നിവ സൗജന്യമായി നൽകുന്നുണ്ട്. എന്നാൽ യൂണിഫോം നിലവിൽ സൗജന്യമായി നൽകുന്നില്ല.

**ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി**

7 (*217) ശ്രീ. ആന്റണി ജോൺ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി അനുസരിച്ച് സ്വയംഭരണ കോളേജുകളെ സ്വയംഭരണ സർവകലാശാലകളാക്കി മാറ്റാനുള്ള നിർദ്ദേശം ഉന്നത വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കുമെന്ന വിദ്യാഭ്യാസ വിചക്ഷണരുടെ അഭിപ്രായത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം നിലപാട് തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) വിലകൊടുക്കാൻ കഴിയാത്തവർക്ക് വിദ്യാഭ്യാസം അപ്രാപ്യമാക്കുന്ന സ്ഥിതി സംജാതമാകാതിരിക്കാനായി സംസ്ഥാന സർക്കാർ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ശാസ്ത്ര, സാങ്കേതികശാസ്ത്ര, മാനവിക വിഷയങ്ങളിലെ ഗവേഷണ നിലവാരം നിലവിൽ മെച്ചമല്ലാത്തതിനാൽ അത് പരിഹരിക്കാനായി പദ്ധതി ആവിഷ്കരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) യു.ജി.സി. 2018-ൽ പുറപ്പെടുവിച്ച Conferment of Autonomous Status Upon Colleges and Measures for Maintenance of Standards in Autonomous Colleges Regulation, 2018 എന്ന റെഗുലേഷൻ പ്രകാരം സ്വയംഭരണ കോളേജുകളെ സ്വയംഭരണ സർവ്വകലാശാലകളാക്കി മാറ്റാനുള്ള നിർദ്ദേശം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ഇത്തരം നിലപാട് തിരുത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനോടൊപ്പം സാമൂഹിക നീതിയും തുല്യതയും ഉറപ്പാക്കാൻ ഉതകുന്ന വിവിധ പദ്ധതികൾ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 5 സർവ്വകലാശാലകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. മഹാത്മാഗാന്ധി, കാലിക്കറ്റ് സർവ്വകലാശാലകളുടെ വിശദമായ പദ്ധതിരേഖകൾ സർക്കാർ പരിശോധിച്ച് വരുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാകുമ്പോൾ സ്വാഭാവികമായും ഗവേഷണ നിലവാരവും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**അക്കാദമിക പുരോഗതിക്കായി നടത്തിവരുന്ന പ്രവർത്തനങ്ങൾ**

8 (*218) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 വർഷം മികവിന്റെ വർഷമായി പ്രഖ്യാപിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് അക്കാദമിക പുരോഗതിക്കായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ദുർബലമായിക്കൊണ്ടിരിക്കുന്ന മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള സ്കൂളുകളെ ഹൈടെക് ആക്കി മാറ്റിയതിനോടൊപ്പം സാങ്കേതിക വിദ്യയുടെ പ്രയോജനം അനുഭവവേദ്യമാക്കാനായി പഠനത്തിനും പ്രവൃത്തിപരിചയത്തിനുമുള്ള വിഭവങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പഠന മികവിനായി സ്വകാര്യ ട്യൂഷനെയോ പരിശീലന സ്ഥാപനങ്ങളെയോ ആശ്രയിക്കുന്ന നിലവിലെ പ്രവണതക്ക് ആധാരമായ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; അവ പരിഹരിക്കാനായി പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷം എല്ലാ സ്കൂളുകൾക്കും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷം മികവിന്റെ വർഷമായി പരിഗണിച്ചു കൊണ്ട് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കും 2018-19 അദ്ധ്യയന വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക. കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു :

1. പൊതുവിദ്യാഭ്യാസം മുന്നോട്ടുവയ്ക്കുന്ന സമഗ്രമായ കാഴ്ചപ്പാടും പൊതുവിദ്യാലയം കൈവരിക്കേണ്ട സവിശേഷ നേട്ടങ്ങളും സംബന്ധിച്ച ശരിയായ അറിവുകൾ ഓരോ രക്ഷിതാവിലും എത്തിക്കുന്നതിനായി രക്ഷിതാക്കൾക്ക് 'നന്മ പൂക്കുന്ന നാളേയ്ക്കായി' എന്ന കൈപ്പുസ്തകം തയ്യാറാക്കി.

2. കേരളത്തിലെ വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയായി മലയാളം നിർബന്ധ മാക്കിയതിനെത്തുടർന്ന് പാഠപുസ്തകങ്ങളും മറ്റു പഠനസാമഗ്രികളും തയ്യാറാ ക്കുമ്പോഴുള്ള റഫറൻസിനായി വിവിധ വിഷയങ്ങളിലെ സാങ്കേതിക പദങ്ങളുടെ മലയാള പരിഭാഷ (സാങ്കേതിക പദാവലി) തയ്യാറാക്കി.

3. സംസ്ഥാന സർക്കാരിന്റെ ഭാഷാനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രണ്ടാം ക്ലാസ്സിൽ തമിഴ്, കന്നട ഭാഷകൾ മാതൃഭാഷയായിട്ടുള്ള കുട്ടികൾക്ക് മലയാളം പഠിക്കുന്നതിന് ഒരു പ്രത്യേക പാഠപുസ്തകം (നമ്മുടെ മലയാളം) എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി.

4. ഒൻപതു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികളിലും തൊഴിൽ നൈപുണി വികസിപ്പിക്കുന്ന തരത്തിൽ National Skills Qualifications Framework (NSQF) നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാർഗ്ഗരേഖ തയ്യാറാക്കി, 9, 10 ക്ലാസ്സുകളിലെ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ച് തൊഴിൽ നൈപുണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി.

5. പ്രീ-പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള പാഠപുസ്തകങ്ങൾ വിശകലനം ചെയ്ത് മൂല്യങ്ങൾ, മനോഭാവങ്ങൾ, ആശയങ്ങൾ, പഠന പ്രവർത്തനങ്ങൾ, തൊഴിൽ നൈപുണി സാധ്യതകൾ, ഐ.സി.റ്റി. അധിഷ്ഠിത സാധ്യതകൾ എന്നിവ പട്ടികപ്പെടുത്തുന്ന പ്രവർത്തനം പൂർത്തിയാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി, പാഠപുസ്തകം എന്നിവ മെച്ചപ്പെടുത്തു ന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു.

6. ഭാഷാ ന്യൂനപക്ഷ വിദ്യാലയങ്ങൾക്കായി തമിഴ്, കന്നട മാധ്യമങ്ങളിൽ 9, 10 ക്ലാസ്സുകളിലെ വിവിധ വിഷയങ്ങളുടെ ടീച്ചർ ടെക്സ്റ്റുകൾ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

7. സംസ്ഥാനത്തെ പ്രീസ്കൂൾ വിദ്യാഭ്യാസം ഏകോപിപ്പിക്കുന്നതിന് 'കളിപ്പാട്ടം' എന്ന പേരിൽ അദ്ധ്യാപകർക്കുള്ള ഒരു പ്രവർത്തന പുസ്തകം തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലനം നടന്നുവരുന്നു. പ്രവർത്തന പുസ്തകം തമിഴ്, കന്നട, ഇംഗ്ലീഷ് മാധ്യമങ്ങളിലേയ്ക്ക് തർജ്ജമ ചെയ്തു.

8. പൂജ്യം മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ ആശയരൂപീകരണ ശില്പശാല 2017 സെപ്റ്റംബർ 19 മുതൽ 21 വരെ എസ്.സി.ഇ.ആർ.ടി.യിൽ വച്ച് നടക്കുകയുണ്ടായി.

9. ഗവേഷണാടിസ്ഥാനത്തിലുള്ള പ്രീപ്രൈമറി അദ്ധ്യാപക പരിശീലന പരിപാടിയായ 'പ്രശിക്ഷാ' ഡയറ്റുകളുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

10. ആരോഗ്യ-ജീവിതനൈപുണി വിദ്യാഭ്യാസത്തെക്കുറിച്ച് അദ്ധ്യാപകർക്കായി തയ്യാറാക്കിയ കൈപ്പുസ്തകവും വിദ്യാർത്ഥികൾക്കുള്ള വർക്ക് ബുക്കുകളും (ഉല്ലാസപ്പറവകൾ) മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം എസ്.സി.ഇ.ആർ.ടി. പൂർത്തിയാക്കി.

11. ശ്രുവണപരമായി വെല്ലുവിളി നേരിടുന്ന ഒന്ന് മുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി സവിശേഷ പാഠ്യപദ്ധതി തയ്യാറാക്കി. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കായി മലയാളം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്കുള്ള പ്രവേശികാ പാഠപുസ്തകം തയ്യാറാക്കുകയും അദ്ധ്യാപക സഹായി തയ്യാറാക്കി നൽകുകയും ചെയ്തു. എല്ലാ സ്പെഷ്യൽ സ്കൂൾ (ശ്രുവണ പരിമിതി) അദ്ധ്യാപകർക്കും പരിശീലനം എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ നൽകി.

12. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഗൈഡൻസും കൗൺസിലിംഗുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തന ഏകോപനത്തിനായുള്ള ശിൽപ്പശാല എസ്.സി.ഇ.ആർ.ടി.യിൽ നടത്തി.

13. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി വർക്ക്ബുക്കുകളും അദ്ധ്യാപക സഹായികളും തയ്യാറാക്കിയിട്ടുണ്ട്. അതിനെ അടിസ്ഥാന മാക്കി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടുകൂടി റിസോഴ്സ് സി.ഡി. തയ്യാറാക്കി.

14. പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളെ മുൻകൂട്ടി കണ്ടെത്താൻ അദ്ധ്യാപകർക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനും പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രായോഗിക രീതിശാസ്ത്രം (പ്രായോഗിക അക്കാദമിക പ്രവർത്തനങ്ങൾ) വികസിപ്പിക്കുന്നതിനുമായി തിരുവനന്തപുരം ജില്ലയിലെ വിതുര, ചിറയിൻകീഴ് പഞ്ചായത്തുകളിലെ അപ്പർ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ കേന്ദ്രീകരിച്ച് ഒരു ഗവേഷണ പഠനം (തുണ) എസ്.സി.ഇ.ആർ.ടി. നടത്തി.

15. ടേം പരീക്ഷകളുടെ ചോദ്യശേഖരം വികസിപ്പിച്ച് അപ്‌ലോഡ് ചെയ്യുന്നതിനായി കൈറ്റ്, സി-ഡിറ്റ് എന്നിവയുടെ സഹായത്തോടെ സമഗ്ര-ചോദ്യജാലകം ഓൺലൈൻ പോർട്ടൽ സമഗ്രപോർട്ടലിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ തയ്യാറാക്കി.

16. സംസ്കൃത പഠനം ശാസ്ത്രീയവും രസകരവുമാക്കുന്നതിനുവേണ്ടി സി.ഡിറ്റിന്റെ സഹായത്തോടെ അനിമേറ്റഡ് ഇന്ററാക്ടീവ് ഡി.വി.ഡി. വികസിപ്പിച്ചെടുക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു.

17. പാഠ്യവിഷയങ്ങളുടെ വിനിമയം കൂടുതൽ ഫലപ്രദമാക്കുന്നതിനായി 5, 6, 7 ക്ലാസ്സുകളിലേയ്ക്കായി ഐ.സി.റ്റി. ആക്ടിവിറ്റി പുസ്തകമായ 'ഇ@വിദ്യ കൈറ്റ്'(KITE)ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി.

18. ദേശീയ അദ്ധ്യാപക വിദ്യാഭ്യാസ സമിതിയുടെ (NCTE) നിർദ്ദേശങ്ങൾക്കനുസരിച്ച് കേരളത്തിലെ അദ്ധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചു.

19. കേരളത്തിലെ കായികാദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനും കലാദ്ധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി.യുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ കേരളത്തിലെ മുഴുവൻ അദ്ധ്യാപകർക്കും ക്ലസ്റ്റർ പരിശീലനങ്ങൾക്കുള്ള മൊഡ്യൂളുകൾ തയ്യാറാക്കി നൽകി.

20. എൻ.സി.ഇ.ആർ.ടി.യുമായി ചേർന്ന് ദേശീയ വിദ്യാഭ്യാസ സർവ്വേ (National Achievement Survey) നടത്തി. ഇതിൽ മികച്ച പ്രകടനമാണ് കാഴ്ചവച്ചത്.

21. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിരന്തര വിലയിരുത്തൽ മെച്ചപ്പെടുത്തുന്നതിനുള്ള പഠനം എസ്.സി.ഇ.ആർ.ടി. നടത്തി. ഗവേഷണ ഫലങ്ങൾ വിദ്യാലയങ്ങളിൽ ട്രൈഔട്ട് നടത്തി അടുത്ത അദ്ധ്യയന വർഷം (2018-19) നടപ്പിലാക്കുന്നതാണ്.

22. മലയാളഭാഷയിൽ പ്രാവീണ്യം വളർത്തുന്നതിനും വായന പ്രോത്സാഹിപ്പിക്കുന്നതിനുമായി ഹൈസ്കൂൾതലത്തിൽ 'എന്റെ മലയാളം' പരിപാടിക്ക് തുടക്കംകുറിച്ചു. ആലപ്പുഴ, കണ്ണൂർ, കട്ടപ്പന എന്നീ വിദ്യാഭ്യാസ ജില്ലകളിൽ ഗവേഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി.

23. സ്കൂൾതലത്തിൽ നടപ്പിലാക്കുന്ന മെരിറ്റ് സ്കോളർഷിപ്പുകളുടെ (എൻ.റ്റി.എസ്.ഇ., എൻ.എം.എം.എസ്.ഇ., എൽ.എസ്.എസ്., യു.എസ്.എസ്) അവസ്ഥാപഠനം നടത്തുന്നതിനുള്ള നടപടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

24. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾതലത്തിൽ നടപ്പിലാക്കിവരുന്ന മികച്ച അക്കാദമിക മികവുകൾ കണ്ടെത്തി അംഗീകരിക്കുന്നതിനും രേഖപ്പെടുത്തി വ്യാപിപ്പിക്കുന്നതിനും ഗവേഷണാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

25. അധികവായനയ്ക്കും പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നടക്കേണ്ട വിവരശേഖരണത്തിനും സഹായകമായ വിധത്തിൽ സൈബർ കുറ്റകൃത്യങ്ങളും സംരക്ഷണവും, മദ്യം മയക്കുമരുന്ന് ഉപയോഗവും പരിണതഫലങ്ങളും, തെരഞ്ഞെടുപ്പ് സാക്ഷരത, മാലിന്യസംസ്കരണം, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും സംരക്ഷണവും ബാലാവകാശങ്ങളും, ആരോഗ്യവും വ്യക്തിശുചിത്വവും, മുതിർന്ന പൗരന്മാരുടെ പരിചരണവും സംരക്ഷണവും, ജൈവവൈവിധ്യവും ഹരിതവിദ്യാലയവും, ജീവിതശൈലീരോഗങ്ങളും പ്രതിവിധിയും, ദുരന്തനിവാരണ മാർഗ്ഗങ്ങൾ, റോഡ് സുരക്ഷ എന്നീ മേഖലകളെ അടിസ്ഥാനപ്പെടുത്തി പത്ത് റഫറൻസ് പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി.

26. 1 മുതൽ 12 വരെ ക്ലാസ്സുകളിലേയ്ക്കാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കി കൈറ്റിന്റെ സഹായത്തോടെ സമഗ്ര വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കൂടുതൽ വിഭവങ്ങൾ ഉൾച്ചേർക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

27. ഈ വർഷം മുതൽ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ അക്കാദമിക് മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

28. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറിയിലെ വിദ്യാർത്ഥികൾക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, എൻട്രൻസ് കോച്ചിംഗ് ക്ലാസ്, കരിയർ പ്ലാനിംഗ്, കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, തൊഴിൽ മേള എന്നിവയും വിവിധ പരിശീലനങ്ങളും 2018-19-ൽ വിഭാവന ചെയ്യുന്നു.

29. ജൈവ വൈവിദ്ധ്യ ഉദ്യാനം, ടാലന്റ് ലാബ് എന്നിവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഈ വർഷം നടപ്പിലാക്കുന്നു.

(ബി) മതനിരപേക്ഷവും ജനാധിപത്യ മൂല്യങ്ങളെയും ഉൾച്ചേർത്താണ് എസ്.സി.ഇ.ആർ.ടി. പാഠ്യപദ്ധതിയും, പാഠപുസ്തകങ്ങളും തയ്യാറാക്കിയിട്ടുള്ളത്. ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ഉറപ്പാക്കുന്നതിനും നിലവിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സമഗ്രമായി പരിശോധിക്കുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(സി) വിദ്യാലയങ്ങൾ 'ഹൈടെക്ക്' ആക്കുന്നമുറയ്ക്ക് ക്ലാസ്റൂം വിനിമയവും ഐ.സി.റ്റി. അധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ എസ്.സി.ഇ.ആർ.ടി. സ്വീകരിച്ചു വരുന്നു. ഇതിനായി കൈറ്റ്-ന്റെ സഹായത്തോടെ സമഗ്ര വെബ് പോർട്ടലിനും രൂപം നൽകുകയും അതിനാവശ്യമായ ഡിജിറ്റൽ റിസോഴ്സസ് തയ്യാറാക്കി നൽകുകയും ചെയ്തു. 1 മുതൽ 12 വരെ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ നിലവിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടുതൽ വിഭവങ്ങൾ ഉൾച്ചേർക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലെ പാഠപുസ്തകങ്ങൾ ഐ.സി.റ്റി. അധിഷ്ഠിതമായി വിനിമയം ചെയ്യുന്നതിന് അവയിൽ ഐ.സി.റ്റി. കണ്ടന്റുകൾ ഉൾച്ചേർത്ത് മെച്ചപ്പെടുത്തി വരുന്നു. വെക്കേഷൻ കാലത്ത് ഈ മേഖലയിൽ ഊന്നി അദ്ധ്യാപകർക്ക് പരിശീലനവും നൽകിയിരുന്നു. കൂടാതെ പ്രവൃത്തിപരിചയ വിദ്യാഭ്യാസം നടപ്പാക്കുന്നതിന് പുസ്തകങ്ങളിൽ വേണ്ടത്ര ഉൾച്ചേർക്കലുകളും നടത്തിവരുന്നു.

(ഡി) ഇല്ല. എന്നാൽ ഓരോ പഠിതാവിനും പഠനം ഉറപ്പാക്കുന്ന തരത്തിൽ പാഠാസൂത്രങ്ങളും ഐ.സി.റ്റി. അധിഷ്ഠിതമായ ക്ലാസ്റൂം അനുഭവങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ സർവ്വേ നടപടികൾ**

9 (*219) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1966 മുതൽ നടന്നുവരുന്ന റീ സർവ്വേ നടപടികൾ 50 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) റീ സർവ്വേ നടത്തിയ വില്ലേജുകളിൽ ഉണ്ടായ പരാതികൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ; അല്ലെങ്കിൽ ഇതിനായി പ്രത്യേക അദാലത്തുകൾ താലൂക്കുതലത്തിൽ നടത്തി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എത്ര കാലത്തിനുള്ളിൽ റീ സർവ്വേ നടപടികൾ പൂർത്തിയാക്ക ണമെന്നാണ് ഇതിനായി നിയോഗിച്ചിട്ടുള്ള ഏജൻസിയോട് നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവ്വേ നാളിതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലാത്ത വിഷയം ഗൗരവമായി പരിഗണിച്ച് സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനംകൂടി പ്രയോജനപ്പെടുത്തി സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ പരിപാലനവും, റീസർവ്വേയ്ക്ക് ശേഷ മുണ്ടായിട്ടുള്ള പരാതികൾ എൽ.ആർ.എം. വിഭാഗം മുഖേന തീർപ്പാക്കുന്നതിനുള്ള ചുമതലയും അതാത് താലൂക്കുകളിലെ അഡീഷണൽ തഹസിൽദാർമാർക്ക് നൽകി ഉത്തരവായിരുന്നു. എന്നാൽ അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കുവാൻ കഴിയാത്തതിനെ തുടർന്ന് എൽ.ആർ.എം. പരാതികൾ അതിവേഗം തീർപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ വിസ്തീർണ്ണ വ്യത്യാസം, അതിർത്തി മാറ്റം എന്നിവ അംഗീകരിക്കുന്നതിൽ ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ അധികാരം നിയമഭേദഗതി വരുത്തി താലൂക്ക് സർവ്വെയർക്ക് കൈമാറിയും ഉദ്യോഗസ്ഥ തലത്തിലുണ്ടായിരുന്ന വിവിധ തട്ടുകൾ കുറവ് ചെയ്ത് സർവ്വെയർ റിപ്പോർട്ട് പ്രകാരം പരാതികളിൽ തീർപ്പ് കൽപ്പിച്ച് ഉത്തരവാകുന്നതിനും റിക്കാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള ചുമതല (ഭൂരേഖ) തഹസിൽദാരിൽ നിക്ഷിപ്തമാക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിലും ധാരാളം പരാതികൾ തീർപ്പാക്കാതെ അവശേഷിക്കുകയും റീസർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് പുതിയ പരാതികൾ ഫയൽ ചെയ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, എല്ലാ ജില്ലകളിലും വില്ലേജുതലത്തിൽ എൽ.ആർ.എം. പരാതി പരിഹാര അദാലത്ത് സംഘടിപ്പിച്ച്, പരാതികൾ ബന്ധപ്പെട്ട സർവ്വേ, റവന്യൂ ഉദ്യോഗസ്ഥരുടെ കൂട്ടായുള്ള

പരിശോധനയ്ക്ക് വിധേയമാക്കി നിലവിലുള്ള എൽ.ആർ.എം. പരാതികൾ അടുത്ത 6 മാസം കൊണ്ട് പൂർണ്ണമായും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽ നിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള അനുവാദം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സർവ്വേ നിയമം ഭേദഗതി, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുന്നത് തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണം

10 (*220) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി സി. കെ. ആശ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ്, ഇ-ഓഫീസ് എന്നിവ ശക്തിപ്പെടുത്തുന്നതിനും വ്യാപകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) സംയോജിത ഓൺലൈൻ പോക്കുവരവ് സംബന്ധിച്ച് വിശദമാക്കുമോ; ഇത് എല്ലാ വില്ലേജുകളിലേക്കും വ്യാപിപ്പിക്കുമോ;

(ഇ) റവന്യൂ റിക്കവറി നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ആയിട്ടുണ്ടോ എന്നറിയിക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) റവന്യൂ വകുപ്പിന്റെ ആധുനികവൽകരണത്തിനും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ എളുപ്പത്തിലുമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകിവരുന്നു.

2. ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ (Textual Data Digitization)

സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചുവരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നികുതികൾ അടയ്ക്കുവാൻ കഴിയുന്ന സംവിധാനമാണിത്. ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-ഓഫീസ്

കടലാസുരഹിത ഓഫീസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു. ഈ സംവിധാനത്തിലൂടെ ഓഫീസുകളിലെ ഫയൽനീക്കം പൂർണ്ണമായും ഡിജിറ്റൽ രീതിയിലേയ്ക്ക് മാറ്റപ്പെടുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുന്നതിനും കഴിയുന്നതാണ്.

6. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനംവഴി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

(ബി) ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് ഇ-ഡിസ്ട്രിക്റ്റ്, സംയോജിത ഓൺലൈൻ പോക്കുവരവ്, ഇ-പേമെന്റ്, ഇ-ഓഫീസ്, ആർ.ആർ. ഓൺലൈൻ എന്നിവ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 എണ്ണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയ വില്ലേജുകളിൽ ഓൺലൈൻ ടാക്സ് പെയ്മെന്റ് വഴി കരം സ്വീകരിക്കുന്നതിനും, റവന്യൂ ഇ-പേമെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കടലാസ് രഹിത ഓഫീസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

തുടരുന്നു. ഈ സംവിധാനത്തിലൂടെ ഓഫീസുകളിലെ ഫയൽനീക്കം പൂർണ്ണമായും ഡിജിറ്റൽ രീതിയിലേയ്ക്ക് മാറ്റപ്പെടുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുന്നതിനും കഴിയുന്നതാണ്. ഇ-ഓഫീസ് ശൃംഖലയിലേയ്ക്ക് പതിന്നാല് കളക്ടറേറ്റുകളെയും ബന്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 9 കളക്ടറേറ്റുകളിൽ മാത്രമാണ് ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളത്. ബാക്കിയുള്ള കളക്ടറേറ്റുകളിൽ ഇത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളുടെ അടിസ്ഥാന റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചു വരുന്നു. നാളിതുവരെ 11665318 ബി.ടി.ആർ. റെക്കോർഡുകളും, 19428148 തണ്ടപ്പേർ റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

(ഡി) ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു.

(ഇ) റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺ ലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. റിക്വിസിഷൻ, കളക്ഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രോസസ്സുകൾ ഓൺലൈൻ ആയിട്ടുണ്ട്. എന്നാൽ പേമെന്റ് നിലവിൽ മാന്വലായാണ് സ്വീകരിച്ചുവരുന്നത്.

## സംസ്ഥാന റോഡ് വികസന പദ്ധതി

11 (*221) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്ര വികസനത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി) ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ പൊതു-സ്വകാര്യ പങ്കാളിത്തം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) നടപ്പിലാക്കിവരുന്നുണ്ട്.

(ബി) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd.)-ൽ എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായാണ് വികസിപ്പിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന ഏകദേശം 469 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും, ലഘുവായ തോതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമായ ഏകദേശം 621 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് നടപ്പിലാക്കിവരുന്നത്. ഇവയിൽ റീഹാബിലിറ്റേഷൻ പാക്കേജിൽ, പാക്കേജ് - എ എന്ന പേരിൽ രണ്ട് റോഡുകൾ നിർമ്മാണം പൂർത്തീകരിക്കുകയും നിലവിൽ ഈ റോഡുകൾ 13 വർഷത്തെ പരിപാലന കാലാവധിയിലുമാണ്. പാക്കേജ് എ -യുടെ കീഴിൽ വരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. വിദ്യാനഗർ - സീതാംഗോളി റോഡ് - 9.40 കി.മീ. - കാസർഗോഡ് ജില്ല.
2. ഉപ്പള -കനിയാന റോഡ് - 15.6 കി.മീ. കാസർഗോഡ് ജില്ല.

റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന പാക്കേജ് ബി-ൽ രണ്ട് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിൽ 36.10 കി.മീ. നീളമുള്ള കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതും 21.90 കി.മീ. നീളമുള്ള തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ചെറ്റച്ചൽ റോഡ് പ്രവൃത്തി ഏകദേശം 92% പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(സി) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന റോഡ് വികസന പദ്ധതി (SRIP)യുടെ നിർവ്വഹണത്തിനായുള്ള പ്രത്യേക ദൗത്യസ്ഥാപനം (SPV) ആയി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) 2012 മാർച്ച് 19-ന് പൊതുമേഖലയിൽ രൂപീകരിച്ചിട്ടുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ള പുനരുദ്ധാരണ പാക്കേജിനു കീഴിൽ നാലു റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും റീഹാബിലിറ്റേഷൻ പാക്കേജിനുകീഴിൽ പാക്കേജ് -എ, പാക്കേജ് -ബി എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. പാക്കേജ് എ-യുടെ രണ്ട് റോഡുകളായ ഉപ്പള-കനിയാന റോഡും വിദ്യാനഗർ-സീതാംഗോളി റോഡും പണി പൂർത്തിയായിട്ടുണ്ട്. പാക്കേജ് - ബി -യുടെകീഴിൽ വരുന്ന രണ്ട് റോഡുകളായ കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് ഇതിനോടകം പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതും വെള്ളനാട് ചെറ്റച്ചൽ റോഡിന്റെ പ്രവൃത്തി 2018 ആഗസ്റ്റിൽ പൂർത്തിയാകുന്നതുമാണ്.

(ഡി) പൊതു - സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് റീഹാബിലിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. നാല് റോഡുകൾ പി.പി.പി. ഡി.ബി.എഫ്.എം.ഒ.ടി. (ഡിസൈൻ, ബിൽഡ്, ഫിനാൻസ്, മെയിന്റയിൻ, ഓപ്പറേറ്റ്, ട്രാൻസ്ഫർ) ആന്യൂറ്റി വ്യവസ്ഥയിലാണ് ആരംഭിച്ചിട്ടുള്ളത്.

## സ്കൂൾ കുട്ടികളുടെ അപകട ഇൻഷ്വറൻസ്

12 (*222) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് അപകടമരണം സംഭവിച്ചാൽ അപകട ഇൻഷ്വറൻസ് പദ്ധതിപ്രകാരം ലഭിക്കുന്ന ഇൻഷ്വറൻസ് ആനുകൂല്യം 2011-16 കാലയളവിൽ മരണപ്പെട്ട കുട്ടികളുടെ രക്ഷകർത്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകട ഇൻഷ്വറൻസ് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് ലഭ്യമാക്കുമോ;

(സി) അടുത്തകാലത്ത് പൊന്നാനിപ്പുഴയിലുണ്ടായ അപകടത്തിലും വിയ്യാവൂർ എസ്.എച്ച്.എസ്.എസ്.-ലെ കുട്ടികൾ ഉൾപ്പെട്ട തോണി അപകടത്തിലും മരണപ്പെട്ട കുട്ടികളുടെ പോസ്റ്റുമോർട്ടം കളക്ടർമാർ ഇടപെട്ട് ഒഴിവാക്കിയതിനാൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇല്ലാത്ത സാഹചര്യത്തിൽ തുക നൽകുന്നതിന് ഇൻഷ്വറൻസ് കമ്പനി തയ്യാറാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുത്ത് ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) 2011-2016 കാലയളവിൽ മരണപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് യഥാസമയം ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പ്രസ്തുത ക്ലെയിമുകൾ 2017-18 സാമ്പത്തിക വർഷം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ബി) അപകട ഇൻഷ്വറൻസ് സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഇതിനകംതന്നെ എല്ലാ സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്.

(സി) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടത്തുന്നത്. 30-9-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്) 163/16/പൊവിവ. പ്രകാരം ഇൻഷ്വറൻസ് കമ്പനികളെ ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ അർഹതപ്പെട്ട കുട്ടികൾക്ക് ക്ലെയിം ലഭിക്കുന്നതിന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് സമർപ്പിക്കേണ്ട ആവശ്യകതയില്ല.

## എൻ.സി.ഇ.ആർ.ടി. നടത്തിയ സർവ്വേ

13 (*223) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി, സെക്കണ്ടറി തലത്തിലെ വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് എൻ.സി.ഇ.ആർ.ടി നടത്തിയ പഠനനേട്ട സർവ്വേയിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ ഏറെ മുന്നിലാണെന്ന് കണ്ടെത്തുകയുണ്ടായോ; ഈ നേട്ടം നിലനിർത്തുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ചെറിയ കുട്ടികളിൽ ശാസ്ത്രകൗതുകം ഉണർത്തുന്നതിനും ശാസ്ത്ര നിരീക്ഷണത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വിവിധ പാഠ്യക്രമം അനുസരിച്ച് അധ്യയനം നടത്തുന്ന കുട്ടികൾക്ക് മാതൃഭാഷയിൽ പരിജ്ഞാനമില്ലെന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ കൈക്കൊണ്ട നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) അതെ. 3, 5, 8 എന്നീ ക്ലാസ്സുകളിൽ എൻ.സി.ഇ.ആർ.ടി. നടത്തിയ പഠന നേട്ട സർവ്വേയിൽ കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരം ഗുണമേന്മയുള്ളതാണെന്നും കേരളം നിലവിൽ 3, 5 ക്ലാസ്സുകളിൽ ഭാഷ, ഗണിതം, പരിസര പഠനം എന്നിവയിൽ ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, മലയാളം, ഗണിതം എന്നീ വിഷയങ്ങളിൽ എട്ടാം തരത്തിൽ ദേശീയ ശരാശരിയെക്കാൾ കേരളം മുന്നിലാണ്. എന്നാൽ ശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നീ വിഷയങ്ങളിലെ പഠന നിലവാരം ഇനിയും മുന്നേറേണ്ടതുണ്ടെന്നും പഠനം വ്യക്തമാക്കുന്നുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ പഠന പോഷണ പരിപാടികളായ 'ഗണിതവിജയം', 'ശാസ്ത്രമധുരം', 'മലയാളത്തിളക്കം', 'ഭൗമം' എന്നിവ ദേശീയ പഠന നേട്ട സർവ്വേയിൽ കണ്ടെത്തിയ നിലവാരം നിലനിർത്തുവാനും, കൂടുതൽ മെച്ചപ്പെടുത്തുവാനുമുള്ള ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ്.

(ബി) പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ശാസ്ത്രപഠനം മെച്ചപ്പെടുത്തുന്നതിന് 'ശാസ്ത്രമധുരം' എന്ന പഠനപോഷണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങളിലെ ശാസ്ത്ര ലാബുകൾ ശക്തിപ്പെടുത്തുകയും, പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ശാസ്ത്രപഠനത്തിനുള്ള പ്രവർത്തനങ്ങളും 'ശാസ്ത്രമധുര'ത്തിന്റെ ഭാഗമായി നടത്തുന്നതാണ്.

(സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള മലയാള ഭാഷാ പഠന ആക്ടും ചട്ടങ്ങളും നിലവിൽവന്നിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ കൂടാതെ, സി.ബി.എസ്.ഇ., ഐ.എസ്.സി.ഇ. തുടങ്ങിയ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി 2017-18 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിലെയും, 2018-19 അദ്ധ്യയന വർഷം രണ്ടാം ക്ലാസ്സിലേയ്ക്കുമുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്താനായി ഹൈസ്കൂൾ തലങ്ങളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെകീഴിൽ അദ്ധ്യാപകരുടെ ഒരു പാനൽ ഉണ്ടാക്കുവാനും, പാനൽ പരിശോധിക്കുന്ന റിപ്പോർട്ട് വിദ്യാഭ്യാസ

ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാനും ആക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. എൽ.പി./ യു.പി. തലങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തണമെന്നും ആക്ടിൽ വ്യവസ്ഥയുണ്ട്. മേൽ പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം മലയാളഭാഷാ പഠന ആക്ടിലെ വ്യവസ്ഥകൾ ഏതെങ്കിലും സ്കൂളുകൾ ലംഘിച്ചതായി ബോധ്യപ്പെട്ടാൽ, അങ്ങനെയുള്ള സ്കൂളിന്റെ പ്രധാനാദ്ധ്യാപകനിൽനിന്നും പിഴ ചുമത്തുന്ന കാര്യങ്ങളും ആക്ടിൽ അനുശാസിക്കുന്നുണ്ട്. അതോടൊപ്പം തമിഴ്, കന്നട എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കുട്ടികളുടെ ഭാഷാപഠനം ലക്ഷ്യമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മറ്റ് പാഠ്യക്രമമനുസരിച്ച് മാതൃഭാഷയിൽ പരിജ്ഞാനമില്ലെന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ കൈക്കൊണ്ട നടപടിയുടെ പുരോഗതി വിലയിരുത്താൻ സമയമായിട്ടില്ല.

## അർഹരായ എല്ലാവർക്കും പട്ടയം

14 (*224) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാവരെയും ഭൂമിയുടെ ഉടമകളാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെയടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും പട്ടയം നൽകാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഭൂമിയുടെമേൽ ദീർഘകാലമായി നിലനിൽക്കുന്ന അവകാശത്തർക്കങ്ങൾ പരിഹരിക്കുന്നതിനായി റീസർവ്വേ നടത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ;

(സി) ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ചിട്ടുള്ള രണ്ടുലക്ഷത്തിലധികം അപേക്ഷകൾ തീർപ്പാക്കാത്തത് നിരവധി പാവപ്പെട്ടവരുടെ സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യമാകാതിരിക്കാൻ ഇടയാക്കിയിട്ടുള്ളതിനാൽ ഇത്തരം അപേക്ഷകളിൻമേൽ സത്വര നടപടിയെടുക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) 1960-ലെ കേരള ഭൂമി പതിവ് നിയമവും ആയത് അടിസ്ഥാനമാക്കിയുള്ള 1964 ലെയും 1995 ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായവർക്ക് ഭൂമി പതിച്ചുനൽകുന്നുണ്ട്. കേരള

ഭൂപരിഷ്കരണ നിയമം 1963 അനുസരിച്ച് മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ള ഭൂമി ഭൂരഹിതർക്ക് പതിച്ചുനൽകുന്നുണ്ട്. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 ബി പ്രകാരമുള്ള കുടിയാന്മ നിയമപ്രകാരം ലാന്റ് ട്രൈബ്യൂണൽ വഴി പട്ടയം നൽകി വരുന്നു. ലാന്റ് ട്രൈബ്യൂണൽ വഴിയുള്ള പട്ടയ വിതരണം മുൻകാലങ്ങളെ അപേക്ഷിച്ച് വേഗത്തിലാക്കിയിട്ടുള്ളതും ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 62495 പട്ടയങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന 80,000 ഫയലുകൾക്ക് തീർപ്പുകല്പിച്ചു. പട്ടയത്തിന് ലഭിക്കുന്ന അപേക്ഷകളിൽ അർഹരായവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും പട്ടയവിതരണം വേഗത്തിലാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ പട്ടയമേളകൾ സംഘടിപ്പിച്ചുവരുന്നുമുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുടെ ഭൂമി കൈവശം വച്ച് വരുന്നവർക്കും പട്ടയം നൽകുന്നതിനുവേണ്ടി, സംയുക്ത പരിശോധനാ നടപടികൾ ഊർജ്ജിതമാക്കി ബന്ധപ്പെട്ട വകുപ്പുകളുടെ എൻ.ഒ.സി. ലഭ്യമാക്കി പട്ടയ വിതരണം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലെ കൈവശവും റിക്കാർഡുകളും അനുസരിച്ചാണ് ഭൂമി റീ സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്നത്. റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് ആ പ്രദേശത്തെ നാളിതീകരിച്ച സർവ്വേ റിക്കാർഡുകൾ ലഭ്യമാകുന്നതിനാൽ അതിർത്തി തർക്കങ്ങൾ നീതിയുക്തമായി പരിഹരിക്കുവാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാബാങ്കുകളെ സംബന്ധിച്ച് ധാരാളം പരാതികളും ആക്ഷേപങ്ങളും ഉയർന്നുവന്ന സാഹചര്യത്തിലും പ്രസിദ്ധപ്പെടുത്തിയ ഡാറ്റാ ബാങ്കുകളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ലാത്തതിനാലും, 4-4-2017-ലെ ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ല്യു.എ-571/2017 നമ്പർ കേസ്സിൽ ഇക്കാര്യം പരിശോധിക്കണമെന്ന് ഉത്തരവായ സാഹചര്യത്തിലും ഡാറ്റാ ബാങ്കുകളിലെ തെറ്റായ വിവരംമൂലം സങ്കടം അനുഭവിക്കുന്ന വ്യക്തികൾക്ക് പുനഃപരിശോധന അപേക്ഷ സമർപ്പിക്കുന്ന ഡാറ്റാ ബാങ്ക് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 30-5-2017-ലെ സ.ഉ.(പി) നമ്പർ 34/2017/റവന്യൂ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതുപ്രകാരം 218382 അപേക്ഷകൾ പ്രാദേശിക നിരീക്ഷണ സമിതി കൺവീനറായ കൃഷി ഓഫീസർമാർക്ക്

ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ 19824 എണ്ണത്തിൽ സ്ഥലപരിശോധന നടത്തുകയും അവയിൽ 11,987 എണ്ണം ശാസ്ത്രീയപരിശോധനക്കായി KSREC-യ്ക്ക് കൈമാറുകയും അതിൽ 3715 എണ്ണത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ റിപ്പോർട്ടുകൂടി ലഭ്യമായ ഉടൻതന്നെ ഡാറ്റാ ബാങ്ക് ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ**

15 (*225) ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഫണ്ടുകൾ ലഭിക്കുന്നതിന് സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾക്കും ഓട്ടോണമസ് കോളേജുകൾക്കും കേന്ദ്ര ഫണ്ട് അനുവദിക്കാൻ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തോട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തരം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ വർഷം രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ (റൂസ) മുഖേന പദ്ധതികൾ നടപ്പിലാക്കേണ്ട കോളേജുകളുടെ പട്ടികയിൽ എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വയംഭരണ കോളേജുകൾക്കെതിരെ സ്വീകരിച്ചിരുന്ന നിലപാടിൽ നിന്നും സർക്കാർ പിന്നോക്കം പോയത് കൂടുതൽ കേന്ദ്ര ഫണ്ട് ലഭിക്കുന്നതിന് വേണ്ടിയാണോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) കേന്ദ്ര ഫണ്ടുകൾ ലഭിക്കുന്നതിന് സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന വിധത്തിലുള്ള കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ നിർദ്ദേശം റൂസയ്ക്ക് ലഭിച്ചിട്ടില്ല. റൂസ 1-ാം ഘട്ടത്തിലും 2-ാം ഘട്ടത്തിലും എയ്ഡഡ് കോളേജുകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിവിധ

ഘടകങ്ങൾ (Components) ഉൾപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റൂസ 2-ൽ എയ്ഡഡ് കോളേജുകളെയും ഉൾപ്പെടുത്തി പദ്ധതികൾ സംസ്ഥാനം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനുകീഴിലെ റൂസയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളിൽ സ്വയംഭരണ കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) റൂസ 2-ൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനുകീഴിലെ റൂസയിൽ നിന്നും ലഭിച്ച വിവിധ അറിയിപ്പുകളെ അടിസ്ഥാനമാക്കി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തരം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളെയും ഉൾപ്പെടുത്തി വിവിധ ഘടകങ്ങളിലായി (Components) സ്ഥാപനങ്ങൾ നേരിട്ട് (ഓൺലൈനായി) അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴി റൂസ-MHRD-യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എയ്ഡഡ് കോളേജുകളിൽ സ്വയംഭരണ കോളേജുകളും ഉൾപ്പെടുന്നു.

(സി) 2017-2020 കാലയളവിൽ നടപ്പിലാക്കുന്ന റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളിൽ സംസ്ഥാനത്തുനിന്നും എയ്ഡഡ് കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രാഥമികമായി 96 എയ്ഡഡ് കോളേജുകളും 9 ഗവൺമെന്റ് കോളേജുകളും 5 എയ്ഡഡ് സ്വയംഭരണ കോളേജുകളും, 2 യൂണിവേഴ്സിറ്റികളുമാണ് റൂസയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾ അംഗീകരിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തി അന്തിമപട്ടിക തയ്യാറാക്കുന്നതാണ്.

(ഡി) സ്വയംഭരണ കോളേജുകൾ സംബന്ധിച്ച നിലപാടിൽ സർക്കാർ മാറ്റമൊന്നും വരുത്തിയിട്ടില്ല.

## നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ സംരക്ഷണം

16 (*226) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി 3200 ഹെക്ടർ ആയി നിലനിർത്തി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥലങ്ങളിലെ വ്യാജപട്ടയക്കാരെയും കയ്യേറ്റക്കാരെയും ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ഉണ്ട്.

(ബി) 10-5-2018-ലെ സ.ഉ.(കൈ) 178/2018/റവ. നമ്പർ ഉത്തരവ് പ്രകാരം ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62 എന്നിവയിലെ പട്ടയഭൂമി മാത്രം ഒഴിവാക്കി ബ്ലോക്ക് 59, 60, 61, 63 എന്നിവയിലെ റവന്യൂഭൂമികൂടി ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്തവിധം അതിരുകൾ പുനർനിർണ്ണയം ചെയ്യാനാണ് ഉത്തരവായിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്.

## സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

17 (*227) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കെ. കെ. ദിനേശൻ കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) യോഗ്യതയുള്ളവരെ മാത്രം അദ്ധ്യാപകരായി നിയമിക്കുന്നുവെന്നും അവർക്ക് ന്യായമായ വേതനവും സംഘടനാ സ്വാതന്ത്ര്യവും അനുവദിക്കുന്നുവെന്നും ഉറപ്പുവരുത്തുവാൻ നടപടിയെടുക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് സമാധാനപരമായി സംഘടിക്കുവാനുള്ള മൗലികാവകാശം ഹൈക്കോടതി വിധിയിലൂടെ റദ്ദാക്കിയത് പുനഃസ്ഥാപിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രാക്ടിക്കൽ മാർക്കിന്റെയും ഇന്റേണൽ മാർക്കിന്റെയും പേരിൽ വിദ്യാർത്ഥികളെ വിധേയരാക്കി നിർത്തുന്നത് അവസാനിപ്പിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ-ഡി) ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും ടി റിപ്പോർട്ട് 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2018 ഉ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്ത്രീ മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ

18 (*228) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിൽപ്പനയിലും അനുബന്ധതൊഴിലിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികളുടെ വരുമാനവും ജീവിതനിലവാരവും ഉയർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; ഇതിനായി 'യു.എൻ. വിമൻ' വാഗ്ദാനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) മത്സ്യ വിപണന മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും മത്സ്യ മാർക്കറ്റ് സ്ത്രീ സൗഹൃദമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ;

(സി) മത്സ്യബന്ധന നിരോധന കാലയളവിൽ തൊഴിൽ ഇല്ലാതാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആശ്വാസ ധനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പച്ച മത്സ്യത്തിന്റെ ആദ്യവില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്താനും മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) മത്സ്യവിൽപ്പനയിലും അനുബന്ധത്തൊഴിലിലും ഏർപ്പെടുന്ന സ്ത്രീ തൊഴിലാളികളുടെ ശാക്തീകരണത്തിനും വരുമാനവും ജീവിതനിലവാരവും ഉയർ ത്തുന്നതിനുമായി സൊസൈറ്റി ഫോർ അസിസ്റ്റന്റ് റ്റു ഫിഷർവുമൺ (സാഫ്), മത്സ്യഫെഡ് എന്നിവ മുഖാന്തരം വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. യു.എൻ. വിമൺ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

(1) മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്യുക. കൂടാതെ Community Based Organization (CBO)-ഉം ആനുപാതിക അടിസ്ഥാനസൗകര്യങ്ങളുടെ വികസനവും ഉറപ്പു വരുത്തുക.

(2) മത്സ്യത്തൊഴിലാളി വനിതകൾക്കായി കാര്യശേഷി വികസനത്തിനാവശ്യമുള്ള ട്രെയിനിംഗുകൾ നൽകുക.

(3) മത്സ്യവിൽപ്പന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി വിശ്രമമുറികൾ ഒരുക്കുക.

(4) മത്സ്യവിൽപ്പന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് മത്സ്യസംഭരണ സൗകര്യങ്ങൾ, വിതരണ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(5) മോഡൽ ഫിഷ്മാർക്കറ്റുകൾ, മാലിന്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.

(ബി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സംസ്ഥാനമൊട്ടാകെ ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി മത്സ്യ വിപണന മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് സൗഹൃദമായ രീതിയിൽ സ്ലാബ്, സിങ്ക്, ഡ്രെയിൻ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകളും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, ലേല ഹാൾ, മാലിന്യ സംസ്കരണ യൂണിറ്റ്, ചിൽ റൂം സംവിധാനം, ഫ്ളേക്ക് ഐസ് യൂണിറ്റ്, സ്ത്രീകൾക്കായി പ്രത്യേക ടോയ്‌ലറ്റ് സംവിധാനം, സ്ഥല സൗകര്യമുള്ള മാർക്കറ്റുകളിൽ വിശ്രമമുറി എന്നിവ ഒരുക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിലെ തൊഴിൽനഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് 50% കേന്ദ്ര സഹായത്തോടെ 1991-92 വർഷം മുതൽ നടപ്പിലാക്കിവരുന്ന ഒരു ക്ഷേമ പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. 2016-17 വർഷം മുതൽ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 2700 രൂപയിൽനിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2015-16 വർഷം മുതൽ ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാകുന്നില്ല. ആയതിനാൽ സർക്കാർ വിഹിതം പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

(ഡി) മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിന് മത്സ്യത്തിന്റെ രാസവസ്തു ചേർത്തുള്ള വില്പന നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ട് നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്. മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം അറിയുന്നതിനായി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത ടെസ്റ്റ് കിറ്റ് ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മത്സ്യത്തിൽ രാസവസ്തു ചേർത്തുള്ള വില്പന പരിശോധിക്കുന്നതിനായി ജില്ലകളിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത ടെസ്റ്റ് കിറ്റ് പരിശോധനകളിൽ പ്രയോജനപ്പെടുത്തിവരുന്നു.

**ദേശീയപാത വികസനവും ഭൂമി ഏറ്റെടുക്കലും**

19 (*229) ശ്രീ. കെ. മുരളീധരൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള വികസനത്തിന് എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഇത് സംബന്ധിച്ച 3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) 3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച പല സ്ഥലത്തും അതിനെതിരെ നടക്കുന്ന ജനകീയ സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥലങ്ങളിൽ സമരത്തിന് ആസ്പദമായ കാര്യങ്ങളെക്കുറിച്ച് മന്ത്രിതലത്തിൽ ചർച്ച നടത്തി സമന്വയത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത്; ഇതിനായി എന്തെങ്കിലും പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ&ബി) ദേശീയപാത വികസനത്തിനായി 10 ജില്ലകളിലായി 2629 Ha ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 1469 Ha ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 848 Ha-ന് 3A നോട്ടിഫിക്കേഷനും 274 Ha-ന് 3D നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികളിലെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു*. കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം അനുബന്ധത്തിലെ കോളം 8-ലും 3A നോട്ടിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ കോളം നമ്പർ 9-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കണ്ണൂർ, മലപ്പുറം ജില്ലകളിൽ ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതികൾ ലഭിച്ചിരുന്നു. ആയത് സർക്കാർതലത്തിൽ വിവിധ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ജനങ്ങളുടെ പരാതികൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 1 പ്രകാരം കോംപൻസേഷനും ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസവും നൽകണമെന്നാണ് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുള്ളത്. എന്നാൽ ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എംഎസ്.) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് അംഗീകരിച്ചുകൊണ്ടുള്ള മറുപടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നോ, കേന്ദ്ര സർക്കാരിൽ നിന്നോ ഇതുവരെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിദ്യാർത്ഥികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

20 (*230) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രാരംഭത്തിൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് നടപ്പിലാക്കി യിരുന്ന പ്രസ്തുത പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തത് ഏത് വർഷം മുതലാണ്;

(സി) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1-10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം കുട്ടി മരണപ്പെട്ടാൽ രക്ഷിതാവിന് 50,000 രൂപ ക്ലെയിമായി നൽകുന്നു. അപകടത്തിൽ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ 10,000 രൂപയും ചികിത്സാ ചെലവിനായി പരമാവധി 10,000 രൂപയും നൽകിവരുന്നു. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000 രൂപ ട്രഷറി അക്കൗണ്ടിൽ 'ഫിക്സഡ് ഡെപ്പോസിറ്റാ'യി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കാനും ഉത്തരവുണ്ട്.

(ബി) 2003 മുതൽ പ്രസ്തുത സ്കീം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തി വന്നിരുന്നെങ്കിലും 2013 ൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടത്താൻ ഉത്തരവായി. എന്നാൽ 2016-ൽ പദ്ധതി പരിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടപ്പാക്കാൻ ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത സ്കീമിന്റെ നടത്തിപ്പിനായി നടപ്പു സാമ്പത്തികവർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

21 (*231) ശ്രീ. രാജു എബ്രഹാം :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി സർക്കാർ വിദ്യാലയങ്ങളിലേക്ക് സ്വകാര്യ വിദ്യാലയങ്ങളിൽ നിന്ന് ഒന്നര ലക്ഷത്തോളം കുട്ടികളെ ആകർഷിക്കാൻ സാധ്യമായ മികച്ച നേട്ടം കൈവരിച്ചതിനെ തുടർന്ന് കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സമയബന്ധിതമായി എത്തിച്ച് കൊടുക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്നുണ്ടോ;

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; നേഴ്സറി പാഠ്യപദ്ധതിയും പ്രവേശന മാനദണ്ഡവും രൂപീകരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എൻ.സി.ഇ.ആർ.ടി. സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) 2018-19 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.) എന്ന സ്ഥാപനത്തെ ചുമതല പ്പെടുത്തിയിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്ക് മൂന്ന് വാല്യങ്ങളായാണ് പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത്. ഒന്നാം വാല്യം 288 ടൈറ്റിലും രണ്ടാം വാല്യം 187 ടൈറ്റിലും മൂന്നാം വാല്യം 66 ടൈറ്റിലുമാണുള്ളത്. പാഠപുസ്തകങ്ങൾ അച്ചടിക്കാനുള്ള ടെൻറ്റേറ്റീവ് പ്രിന്റ് ഓർഡർ 16-10-2017 ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.ബി.പി.എസ്.-ന് നൽകിയിരുന്നു. തുടർന്ന് 22-11-2017 മുതൽ 18-12-2017 വരെ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് രേഖപ്പെടുത്തുവാനുള്ള സമയം അനുവദിക്കുകയും ലഭിച്ച ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 22-12-2017-ന് ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും വിതരണത്തിനുമായുള്ള അന്തിമ പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് നൽകുകയും ചെയ്തു. ഇതിൽ ഒന്നാംവാല്യം 288

ടൈറ്റിലുകളിലായി 3.06 കോടി പാഠപുസ്തകങ്ങൾ ഇപ്പോൾ അച്ചടിച്ച് വിതരണം നടത്തി. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം ജനുവരി 15-ാം തീയതി മുതൽ കെ.ബി.പി.എസ് ആരംഭിച്ചു. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പ്തന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിച്ചു തുടങ്ങി. രണ്ടു മുതൽ ഒൻപതു വരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വരുന്ന മുറയ്ക്ക് 10-ാം ക്ലാസ്സിലേയും പാഠപുസ്തകങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചതിൻ പ്രകാരം ഒൻപതുവരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ വർഷാവസാനപരീക്ഷ തീരുന്ന മുറയ്ക്ക് നൽകുകയും മേയ് മാസം രണ്ടാം തീയതി ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വന്നയുടൻ സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് വച്ച് ബഹു. മുഖ്യമന്ത്രി 10-ാം ക്ലാസ്സിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ നൽകിയും ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ജില്ലാതലത്തിൽ പാഠപുസ്തക വിതരണം ഏകോപിപ്പിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ ഒരു സൂപ്രണ്ടിനേയും രണ്ടു ക്ലാർക്കുമാരേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകി. സംസ്ഥാനതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് മേഖലയായി തിരിച്ച് രണ്ട് അഡീഷണൽ ഡയറക്ടർക്കും ചാർജ് നൽകിയിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് ചുവടെ ചേർക്കുന്ന ഷെഡ്യൂൾ പ്രകാരമാണ്.

ഒന്നാംവാല്യം - 2018 ഏപ്രിൽ 15

രണ്ടാംവാല്യം - 2018 ആഗസ്റ്റ് 30

മൂന്നാംവാല്യം - 2018 ഒക്ടോബർ 30

2018-19 അദ്ധ്യയന വർഷത്തെ ഒന്നാംവാല്യം പാഠപുസ്തക വിതരണം കുറ്റമറ്റ രീതിയിലും സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ വിതരണം നടത്തി കഴിഞ്ഞു. പുതുതായി അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ നൽകാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനായി പാഠപുസ്തക അച്ചടി മുതൽ സ്കൂൾ സൊസൈറ്റികളിൽ വിതരണം ചെയ്യുന്നത് വരെ എല്ലാ തലത്തിലും വേണ്ടനടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി തലത്തിലുള്ള പാഠപുസ്തക വിതരണം 'സി-ആപ്റ്റാ'ണ് നിർവ്വഹിച്ചുവരുന്നത്. 2018-19 അദ്ധ്യയന വർഷം ഓൺലൈൻ ഇൻഡന്റ് ചെയ്ത സ്കൂളുകൾക്കുള്ള പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ വിതരണം നടത്തുന്നതിനുവേണ്ട നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലസ് ടു പാഠപുസ്തകങ്ങൾ ഏകദേശം 85% ത്തോളവും പ്ലസ്

വൺ പാഠപുസ്തകങ്ങൾ ഏകദേശം 30%-ത്തോളവും ഇതിനോടകം വിതരണം നടത്തിക്കഴിഞ്ഞു. പ്ലസ് ടു പാഠപുസ്തകങ്ങൾ ജൂൺ 25-ന് മുമ്പ് വിതരണം പൂർത്തിയാക്കാനുംവേണ്ട തീവ്രശ്രമത്തിലാണ്. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിർത്തിവച്ച വിതരണം ജൂൺ 12 മുതൽ പുനഃരാരംഭിച്ചിട്ടുണ്ട്.

(ബി) 1 മുതൽ 8 വരെ ക്ലാസ്സുകളിലേയ്ക്കുള്ള എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നല്കിവരുന്നുണ്ട്.

(സി) പ്രീ-പ്രൈമറി മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിരുന്നു. പഠനം പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. അക്കാദമിക രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. ഏകീകരിച്ച പ്രീ-സ്കൂൾ പാഠ്യപദ്ധതിയും അതിന്റെ അടിസ്ഥാനത്തിലുള്ള അദ്ധ്യാപക സഹായി 'കളിപ്പാട്ടം' എന്ന പേരിലുള്ള പ്രവർത്തന പുസ്തകവും തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കളിപ്പാട്ടത്തെ ആസ്പദമാക്കി പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് ട്രൈഔട്ട് പരിശീലനം 'പ്രശിക്ഷാ' എന്ന പേരിൽ എല്ലാ ജില്ലകളിലെയും 60 വീതം അദ്ധ്യാപകർക്ക് നൽകുകയുണ്ടായി. ട്രൈഔട്ടിലെ കണ്ടെത്തലുകൾ ജില്ലകളിൽ ഡയറ്റിന്റെ നേതൃത്വത്തിൽ സെമിനാർ രൂപത്തിൽ അവതരിപ്പിക്കുകയും സംസ്ഥാനതലത്തിൽ സെമിനാർ സംഘടിപ്പിച്ച് ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ടെത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ പരിശീലനങ്ങൾ പ്രവർത്തനക്ഷമമാകുന്നതാണ്.

3. പൂജ്യം മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും നിയമ നിർമ്മാണം നടപ്പിലാക്കുന്നതിനുമായി ഒരു ദേശീയ ശില്പശാല വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തുകയും നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

4. പ്രീസ്കൂൾ വർക്ക് ഷീറ്റുകൾ അടങ്ങുന്ന പ്രവർത്തന പുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. എന്നാൽ ദേശീയ തലത്തിൽ എൻ.സി.ഇ.ആർ.ടി. പ്രീസ്കൂൾ പാഠ്യപദ്ധതി കരട് തയ്യാറാക്കിയിട്ടേയുള്ളൂ. സംസ്ഥാനങ്ങളുടെ അഭിപ്രായം സ്വരൂപിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളൊന്നും സംസ്ഥാനങ്ങൾക്ക് നൽകിയിട്ടില്ല.

## ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി

22 (*232) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയും അവർ വിറ്റ ഭൂമിയും തിരിച്ചുപിടിക്കുവാൻ, ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഓഫീസർ ആയിരുന്ന ശ്രീ. രാജമാണിക്യം നൽകിയ ഉത്തരവുകൾ കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) കൃത്രിമ രേഖകളുടെ അടിസ്ഥാനത്തിലാണ് ഹാരിസൺ ഭൂമി കൈവശം വച്ചിരിക്കുന്നത് എന്ന് സിംഗിൾ ബഞ്ചിനെ ബോദ്ധ്യപ്പെടുത്തുവാൻ സർക്കാരിനുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഈ കേസിൽ തിരിച്ചടി നേരിടുവാൻ കാരണം എന്നത് വസ്തുതയാണോ;

(സി) ഹാരിസൺ കൈവശപ്പെടുത്തിയ ഭൂമി തിരിച്ചുപിടിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് സർക്കാരിന് കേസ് നടത്തിപ്പിലുണ്ടായ വീഴ്ചമൂലം തടസ്സം നേരിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ&ബി) ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ 11-4-2018-ലെ WP(C)33122/14-ലെ ഉത്തരവ് പ്രകാരം ഹാരിസൺസ് മലയാളം കമ്പനി ലിമിറ്റഡ്, ഗോസ്പൽ ഫോർ ഏഷ്യ, റ്റി.ആർ & റ്റി, ബോയ്സ് എസ്റ്റേറ്റ്, റിയ എന്നീ കമ്പനികളിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽനിന്നും ഭൂമി അവരുടേതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായ സർട്ടിഫിക്കറ്റുകളും ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി. ഉത്തരവുകളും/സർട്ടിഫിക്കറ്റുകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ലെന്ന കാരണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്.

(സി&ഡി) ബഹു.ഹൈക്കോടതിയുടെ 11-4-2018-ലെ WP(C)33122/14-ലെ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ താത്പര്യങ്ങൾക്ക് ഹാനികരമായിട്ടുള്ളതാകയാൽ ടി വിധിക്കെതിരെ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റീ-സർവ്വേ നടപടികൾക്ക് സ്വതന്ത്ര ഏജൻസി

23 (*233) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനായി സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റീ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ സർക്കാർ സംവിധാനത്തിന് കഴിയാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ രൂപീകരിച്ച ഭൂമി കേരളം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനായി 10-5-2018-ലെ സ.ഉ(എംഎസ്) നമ്പർ 181/18/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വേ നിയമം ഭേദഗതി ചെയ്യുക. പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസുമായി

ബന്ധപ്പെട്ടുള്ള സർവ്വേ, പട്ടയവിതരണത്തിനാവശ്യമായ സർവ്വേ, പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ട സർവ്വേ, സർക്കാരിന്റെ വിവിധ പ്രോജക്റ്റുകൾക്കാവശ്യമായ സർവ്വേ തുടങ്ങിയ സർവ്വേ പ്രവർത്തനങ്ങൾക്ക് റീസർവ്വേയിൽ നിന്നാണ് ജീവനക്കാരെ നിയോഗിക്കുന്നത്. പല സാഹചര്യങ്ങളിലും ഭൂപരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്ത് പ്രവർത്തനങ്ങൾക്കുവേണ്ടി റീസർവ്വേ നിർത്തിവച്ച് ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവും റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സാധിക്കാത്തതിന് കാരണമായിട്ടുണ്ട്.

(സി) ഭൂമി കേരളം പദ്ധതിയുടെ ഭാഗമായി നിലവിൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു.

- വനാവകാശ സർവ്വേയ്ക്കുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സർവ്വേ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- സംസ്ഥാനവ്യാപകമായി എല്ലാ ജില്ലയിലും ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾക്കാവശ്യമായ ഗ്രൗണ്ട് കൺട്രോൾ നെറ്റ്‌വർക്ക് (GCN) പോയിന്റുകൾ സ്ഥാപിച്ചുവരുന്നു.
- മുൻകാല സർവ്വേ റിക്കോർഡുകളുടെ ഭൗതികമായ സംരക്ഷണം നടത്തുകയും ഡിജിറ്റൈസ് ചെയ്ത് ഇമേജുകളാക്കി erekha.kerala.gov.in എന്ന വെബ് പോർട്ടൽ മുഖാന്തരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സർവ്വേ റിക്കാർഡുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ആധുനിക സംവിധാനത്തോടെയുള്ള മോഡേൺ റിക്കാർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാനത്ത് പാലക്കാട് ജില്ല ഒഴികെ എല്ലാ ജില്ലകളിലുമുള്ള ഡിജിറ്റൈസ് സെന്ററുകൾ, തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ ഡിജിറ്റൈസ് സെന്റർ എന്നിവ മുഖാന്തരം മാപ്പുകൾ ഡിജിറ്റൈസ് ചെയ്തുവരുന്നു.
- വെബ് GIS മുഖാന്തരം ലാൻഡ് റിക്കാർഡുകൾ ഏകജാലക സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

- ഡിജിറ്റൽ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനായി വാങ്ങിയിട്ടുള്ള ബാക്കപ്പ് സെർവ്വറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- ആധുനിക സർവ്വേ ഉപകരണങ്ങളായ ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ (ETS), ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിഷനിങ് സിസ്റ്റംസ് (DGPS) എന്നിവയുടെ പരിപാലനം നടത്തി വരുന്നു.
- വിവിധ സ്ഥാപനങ്ങൾക്കാവശ്യമായ ഡീറ്റെയിൽഡ് സർവ്വേ പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്നമുറയ്ക്ക് നിർവ്വഹിച്ച് വരുന്നു.

## സ്വകാര്യ സ്കൂളുകളിലെ പഠനവൈകല്യമുള്ള കുട്ടികൾ

24 (*234) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറ് ശതമാനം വിജയം കൈവരിക്കാനായി പഠനവൈകല്യമുള്ള കുട്ടികളെ സ്കൂൾ അധികൃതർ ഭീഷണിപ്പെടുത്തുകയും പുറത്താക്കുകയും ചെയ്യുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് വിധേനയും നൂറ് ശതമാനം വിജയം നേടുന്നതിന് സ്വകാര്യ സ്കൂൾ അധികൃതർ നടത്തുന്ന ക്രൂരമായ പ്രവൃത്തികൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളിൽ നടക്കുന്ന ഇത്തരം ക്രൂരതക്കെതിരെ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഇല്ല.

(ബി&സി) ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് അന്വേഷണമോ നടപടികളോ സ്വീകരിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല.

## വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് നിയന്ത്രണങ്ങൾ

25 (*235) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. മമ്മൂട്ടി :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി. പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നിയന്ത്രണങ്ങൾമൂലം സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തിവരുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ അംഗീകാരം നഷ്ടപ്പെടാൻ സാധ്യതയുണ്ടോ;

(ഡി) യു.ജി.സി.-യുടെ പുതിയ മാനദണ്ഡങ്ങൾ വിദൂര വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധി എങ്ങനെ നേരിടുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018 ഫെബ്രുവരി 21-ന് യു.ജി.സി. പുറപ്പെടുവിച്ച നോട്ടീസ് [F.No. 74-8/2017 (DEB-IV)], പ്രകാരം നാക്കിന്റെ 3.26 ഗ്രേഡ് ലഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് മാത്രമെ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടത്താൻ കഴിയൂ. കേരളത്തിലെ ഒരു സർവ്വകലാശാലയ്ക്കും 3.26 ഗ്രേഡ് നിലവിൽ ലഭിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) യു.ജി.സി.-യുടെ പുതിയ മാനദണ്ഡങ്ങൾ വിദൂര വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന വിഷമതകൾ കേന്ദ്ര സർക്കാരിനെയും യു.ജി.സി.യെയും ബോദ്ധ്യപ്പെടുത്തി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## നവീന നിർമ്മാണ രീതികളുടെ പ്രോത്സാഹനം

26 (*236) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. കെ. ശശി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചാത്തല സൗകര്യ നിർമ്മാണ പ്രക്രിയയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി കൈക്കൊണ്ട നടപടികൾ അറിയിക്കാമോ;

(ബി) നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോഗവും നവീന നിർമ്മാണ രീതിയുടെ സ്വാംശീകരണവും പ്രോത്സാഹിപ്പിക്കാൻ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിൽ പരിസ്ഥിതിക്കിണങ്ങുന്നതും ചാരുതയാർന്ന രീതിയിലുള്ളതുമായ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ സാങ്കേതിക മികവ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധ പരിശീലന പരിപാടികളും, ശില്പശാലകളും നടത്തിവരുന്നു. ഓരോ വർഷത്തെയും പരിശീലന പരിപാടികൾ 3 മേഖലകളിലായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തിവരുന്നു. എഞ്ചിനീയർമാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പല വിഷയങ്ങളും അതായത് ആട്ടോകാഡ്, ടോട്ടൽ സ്റ്റേഷൻ, സർവ്വേ ക്വാളിറ്റി കൺട്രോൾ ഇൻ റോഡ് കൺസ്ട്രക്ഷൻ, ബിൽഡിംഗ്സ് കൺസ്ട്രക്ഷൻ, മിക്സ്ഡ് ഡിസൈൻ തുടങ്ങിയ പരിശീലന പരിപാടിയിൽ വർഷംതോറും ഉൾപ്പെടുത്തുന്നുണ്ട്. പുതുതായി പ്രസിദ്ധീകരിച്ച ക്വാളിറ്റി കൺട്രോൾ മാന്വലിനെ കുറിച്ചുള്ള പരിശീലനം എല്ലാ ജില്ലകളിലുമുള്ള എഞ്ചിനീയ ർമാർക്ക് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തിയിരുന്നു. ഇതുകൂടാതെ തിരുവനന്തപുരം ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സാങ്കേതിക മേഖലകളിലെ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലന പരിപാടികളും ശില്പശാലകളും നടത്തി വരുന്നു. കഴിഞ്ഞ കാലയളവിൽ സ്ഥലമെടുപ്പിനെക്കുറിച്ചും റോഡ് നിർമ്മാണത്തിന് സുപ്പീരിയർ ബിറ്റുമിന്റെ ഉപയോഗത്തെക്കുറിച്ചുമുള്ള സെമിനാർ, കൊറോഷൻ ഇൻ ആർ.സി.സി.

സ്ട്രക്ചർ, ക്വാളിറ്റി മാനേജ്മെന്റ് ഇൻ 3 ഡി ആന്റ് ആട്ടോകാഡ് റിഫ്രഷിങ്ങ് കോഴ്സ് തുടങ്ങിയ പരിശീലന പരിപാടികൾ നടത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയേഴ്സ് IAHE, CRRI തുടങ്ങിയ സ്ഥാപനങ്ങളിൽ വിവിധ വിഷയങ്ങളിൽ ഡൽഹിയിൽ പരിശീലനം നൽകുന്ന അവസരങ്ങളും ഒരുക്കുന്നുണ്ട്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഇൻഡക്ഷൻ പരിശീലന പരിപാടികൾ KHRI മുഖേന നടത്തിവരുന്നു.

(ബി) നിർമ്മാണരംഗത്തെ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഗുണമേന്മയുള്ള റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനെക്കുറിച്ച് പല പരിശീലന പരിപാടികളും ശില്പശാലകളും നടത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയിൽ അറിവ് ലഭിക്കുന്നതിനുവേണ്ടി രണ്ട് ദിവസത്തെ സെമിനാർ നടത്തിയിരുന്നു. പ്രസ്തുത സെമിനാറിൽ ലേറ്റസ്റ്റ് ബിൽഡിംഗ് ടെക്നോളജി, ഡിസാസ്റ്റർ റെസിസ്റ്റന്റ് ഫീച്ചേഴ്സ് ഇൻ ട്രഡീഷണൽ ടെക്നോളജി, സ്റ്റെബിലൈസൻസ്മഡ് ടെക്നോളജി, ഫ്ളൈ ആഷ് ടെക്നോളജി, മുളകൊണ്ടുള്ള സാങ്കേതികവിദ്യ, പ്രീ കാസ്റ്റ്-ഫ്രീ ഫാബ് ലൈറ്റ് വെയിറ്റ് ടെക്നോളജി എന്നീ വിഷയത്തിൻമേൽ വിദഗ്ദ്ധർ ക്ലാസ്സെടുക്കുകയുണ്ടായി. ഇതിനുപുറമെ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സർവ്വേ ഡിസൈൻ ജീവനക്കാരുടെ ആവശ്യമനുസരിച്ച് നൂതന സോഫ്റ്റ് വെയറിലുള്ള പരിശീലനം, വേസ്റ്റ് പ്ലാസ്റ്റിക് ഉൾപ്പെടുത്തി റോഡ് നിർമ്മാണം തുടങ്ങിയ പല വിഷയങ്ങളിലും പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. 2016-17, 2018-19 ബഡ്ജറ്റുകളിൽ റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികളിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനായി 6-12-2017-ലെ യോഗത്തിൽ തീരുമാനിച്ചു. റോഡ് നിർമ്മാണത്തിനായി നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതു സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിനായി 20-2-2018 സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.284/2018/PWD പ്രകാരം ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ പരിശോധിക്കുകയും പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കുവാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളിൽ നൂതന നിർമ്മാണ സാമഗ്രികളായ N.R.M.B, Plastic, കയർ മുതലായവയും, ആധുനിക സാങ്കേതിക വിദ്യകളായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് രീതി, മണ്ണ് സ്റ്റെബിലൈസേഷൻ ടെക്നോളജി എന്നിവ നടപ്പിലാക്കുന്നതിനായി 26-3-2018 സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.527/2018/PWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗത്തിന്റെകീഴിൽ 744.12 കി.മീ. ദൈർഘ്യം

റോഡുകൾ N.R.M.B. ഉപയോഗിച്ചും, 85.73 കി.മീ. ദൈർഘ്യം റോഡുകൾ പ്ലാസ്റ്റിക് ബി.സി. ഉപരിതലത്തിലുള്ള മെറ്റലിനോടൊപ്പം ചേർത്തും 5.5 കി.മീ. ദൈർഘ്യം റോഡിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ കൂടുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വാസ്തുശില്പ വിഭാഗത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഹരിത നിർമ്മാണ തത്വങ്ങളെക്കുറിച്ച് പല ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററും, കേന്ദ്ര ഹരിത നിർമ്മാണ ഏജൻസിയായ ഗൃഹയും സംഘടിപ്പിച്ച നിരവധി ക്ലാസ്സുകളിൽ വാസ്തുശില്പ വിഭാഗത്തിലെ സാങ്കേതിക വിഭാഗവും പങ്കെടുത്തിട്ടുണ്ട്. പുനരുദ്ധാരണ യോഗ്യമായ സർക്കാർ മന്ദിരങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് INTACH (Indian National Trust for Art & Cultural Heritage) പൊതുമരാമത്ത് ഉദ്യോഗസ്ഥർക്ക് വേണ്ടി പരിശീലന ക്ലാസ്സും സംഘടിപ്പിച്ചിട്ടുണ്ട്. വാസ്തുശില്പ വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് MEP (Mechanical, Electrical & Plumbing) ട്രെയിനിംഗും നൽകിയിട്ടുണ്ട്. നിർമ്മാണമേഖലയിലെ പുതിയ നിർമ്മാണ വസ്തുക്കളെ പരിചയപ്പെടുത്തുന്ന ക്ലാസ്സുകളും വാസ്തുശില്പ വിഭാഗത്തിലെ ജീവനക്കാർക്കായി സംഘടിപ്പിച്ചു വരുന്നു. ഹരിത നിർമ്മാണ സാങ്കേതികവിദ്യയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമുള്ള പരിശീലനം നൽകുകയും അവ നിർമ്മിക്കുവാനും വിലയിരുത്തുവാനുമുള്ള യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടങ്ങൾ സ്റ്റീൽ ഉപയോഗിച്ച് (കോംബോസിറ്റ് കൺസ്ട്രക്ഷൻ) നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരത്ത് നേമത്ത് പണിയുവാൻ ഉദ്ദേശിക്കുന്ന രജിസ്ട്രേഷൻ സമുച്ചയത്തിനും, പത്തനംതിട്ട കളക്ടറുടെ ഔദ്യോഗിക വസതിക്കും ഗൃഹയുടെ റേറ്റിംഗ് ലഭിക്കുന്നതിലേയ്ക്കായി പ്രാരംഭ രജിസ്ട്രേഷൻ നടത്തികഴിഞ്ഞു.

**ഇ-ഡിസ്ട്രിക്ട് പദ്ധതി**

27 (*237) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് പൊതുജനങ്ങൾക്ക് ഈ പദ്ധതി വഴി നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി സംബന്ധിച്ച വിവരങ്ങളുടെ ഡിജിറ്റൈസേഷൻ എല്ലാ വില്ലേജ് ഓഫീസുകളിലും ആരംഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ബി.ടി.ആർ. റെക്കോർഡുകളുടെയും തണ്ടപ്പേർ റെക്കോർഡുകളുടെയും ഡിജിറ്റൈസേഷൻ നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സംയോജിത ഓൺലൈൻ പോക്കുവരവും ഇ-പേമെന്റ് നടപടിക്രമങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു.

താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകി വരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്

13. കൺവർഷൻ സർട്ടിഫിക്കറ്റ്

14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്

15. അഗതി സർട്ടിഫിക്കറ്റ്

16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്

18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്

20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ ആൻഡ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്വേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോരിറ്റി സർട്ടിഫിക്കറ്റ്.

(ബി) സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളിലെ അടിസ്ഥാന റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 11665318 ബി.ടി.ആർ. റിക്കോർഡുകളും, 19428148 തണ്ടപ്പേർ റിക്കാർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. നാളിതുവരെ 602 വില്ലേജുകളുടെ തണ്ടപ്പേർ റിക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

(സി) ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളിലെ അടിസ്ഥാന റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന പേമെന്റുകൾ ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്.

**ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

28 (*238) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതിയുമായി ചേർന്ന് ഭവനനിർമ്മാണ ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ഉണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 2015-16 വർഷം വരെയുള്ള ഭരണ/പ്രവർത്തന റിപ്പോർട്ട് അവലോകനം ചെയ്തിട്ടുണ്ട്.

(ബി) ഗൃഹശ്രീ ഭവനപദ്ധതി, സാഫല്യം ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/ വാണിജ്യ സമുച്ചയ പദ്ധതികൾ എന്നിവയാണ് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ. കൂടാതെ എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായും ഭവന നിർമ്മാണ ബോർഡ് പ്രവർത്തിച്ചുവരുന്നു.

(സി) എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന ലൈഫ് മിഷൻ പദ്ധതിക്കായി 2018-19 വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തും ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കണ്ണൂർ ജില്ലയിലെ പട്ടുവത്ത് 48 യൂണിറ്റുകളും കോഴിക്കോട് ജില്ലയിലെ മുക്കത്ത് 48 യൂണിറ്റുകളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവയാണ് ഭവന നിർമ്മാണ വകുപ്പിന് കീഴിൽ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നത്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ശാസ്ത്രീയമായ രീതിയിലാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കൂടാതെ ഭവന നിർമ്മാണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രവും ചെലവു കുറഞ്ഞ വീട് നിർമ്മാണം പ്രചരിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യകൾ അഥവാ സീഫ് ടെക്നോളജി (Cost Effective Environment Friendly Technology) വികസിപ്പിക്കുന്നതിന്റെയും പ്രചരിപ്പിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന നിർമ്മിതി കേന്ദ്രം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രധാനമായും താഴെപ്പറയുന്ന മേഖലകളെ അടിസ്ഥാനമാക്കിയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് :

(i) ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യയിൽ ഗവേഷണത്തിനുള്ള സൗകര്യം ഒരുക്കൽ-ലാറി ബേക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്)

(ii) ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ സാമഗ്രികളുടെ ഉത്പാദന കേന്ദ്രങ്ങളുടെ ആരംഭം.

(iii) ചെലവുകുറഞ്ഞ സാങ്കേതികവിദ്യയിൽ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ധർ എന്നിവർക്കായുള്ള അവബോധന പരിശീലന പരിപാടികളുടെ നടത്തിപ്പ്.

(iv) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പി.റ്റി.പി. നഗറിലുള്ള കാമ്പസിൽ ബദൽ സാങ്കേതിക-വിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഭവനങ്ങളുടെ മാതൃകകൾ ഗുണഭോക്താക്കൾക്ക് കണ്ടു മനസ്സിലാക്കുന്നതിനായി നിർമ്മിച്ചിട്ടുണ്ട്.

(v) കെട്ടിട നിർമ്മാണ (ബദൽ) സാങ്കേതികവിദ്യയിൽ തൊഴിൽ പരിശീലനം നൽകുക.

(vi) കെട്ടിട നിർമ്മാണത്തിലെ അറിവുപകരുന്നതിനായി വിവിധ ജില്ലകളിൽ ഹൗസിംഗ് ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം.

(vii) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറകളുടെ നടത്തിപ്പ്.

(ഇ) എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം 2018-19 വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിൽ പട്ടുവത്തും കോഴിക്കോട് ജില്ലയിൽ മുക്കത്തും ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കണ്ണൂർ ജില്ലയിൽ പട്ടുവത്ത് 48 യൂണിറ്റുകളും കോഴിക്കോട് ജില്ലയിൽ 48 യൂണിറ്റുകളും നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഗൃഹശ്രീ ഭവനപദ്ധതി, സാഫല്യം ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/ വാണിജ്യ സമുച്ചയ പദ്ധതികൾ എന്നിവയും ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളാണ്.

## നീലക്കുറിഞ്ഞി ഉദ്യാനാതിർത്തി പുനർനിർണ്ണയം

29 (*239) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ നീലക്കുറിഞ്ഞി ഉദ്യാനാതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന ഉത്തരവുകൾ എന്തൊക്കെയാണ്;

(ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയിൽ കൈവശരേഖ ഉള്ളവർക്ക് പട്ടയം നൽകുമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) മൂന്നാറിലെ ഭൂമി കൈയേറ്റം അന്വേഷിച്ച ഉന്നത ഉദ്യോഗസ്ഥ സംഘങ്ങൾ മൂന്നാർ ദേവികുളം മേഖലയിൽ വ്യാജപട്ടയം സുലഭമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) വ്യാജപട്ടയങ്ങളുടെ നിജസ്ഥിതി പരിശോധിക്കുവാൻ പോലീസ്, റവന്യൂ, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്ത സമിതി രൂപീകരിച്ചിരുന്നോ; എങ്കിൽ അവരുടെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ഇ) കൈവശരേഖയുള്ളവർക്ക് പട്ടയം നൽകുമെന്ന ഉത്തരവ് കൈയേറ്റക്കാർ ദുരുപയോഗം ചെയ്യാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 10-5-2018-ലെ സർക്കാർ ഉത്തരവ് (കൈ.)178/2018/റവ. നമ്പരായി ടി വിഷയത്തിൽ ചീഫ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശരിയായ കൈവശരേഖകളുള്ള ആരെയും കുടിയൊഴിപ്പിക്കേണ്ടതില്ലെന്നും ഇപ്പോൾ സാങ്ച്വറി പ്രദേശമായി ഉദ്ദേശവിജ്ഞാപനത്തിൽപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തിജീവിച്ചുപോരുന്ന എല്ലാവർക്കും 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളനുസരിച്ച് പട്ടയം നൽകാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സംയുക്ത സമിതി രൂപീകരിച്ചിട്ടില്ല. റവന്യൂ-പോലീസ്-സർവ്വേ സംയുക്ത ടീമിനെ നിയോഗിച്ച് വൻകിട തോട്ടം ഉൾപ്പെടെ കയ്യേറിയത് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പഞ്ചായത്തിന്റെയോ റവന്യൂ വകുപ്പിന്റെയോ കൃഷി വകുപ്പിന്റേയോ രേഖകളോ കൈവശാവകാശ രേഖയോ, പട്ടയമോ, വീടുണ്ടെങ്കിൽ അതുസംബന്ധിച്ച ഏതെങ്കിലും സർക്കാർ/ബാങ്ക് രേഖയോ, റേഷൻ/ഇലക്ഷൻ രേഖകളോ പരിശോധിച്ച് ഉടമസ്ഥത/കൈവശം തിട്ടപ്പെടുത്തി മാത്രം ശരിയായ കൈവശരേഖകളുള്ള ആളുകളെ കുടിയൊഴിപ്പിക്കേണ്ടെന്നും ഇപ്പോൾ സാങ്ച്വറി പ്രദേശമായി ഉദ്ദേശ വിജ്ഞാപനത്തിൽപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തി പോരുന്ന എല്ലാവർക്കും 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളനുസരിച്ച് പട്ടയം നൽകാവുന്നതാണെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യകൾ

30 (*240) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് ഏതെല്ലാം നൂതന സാങ്കേതികവിദ്യകളാണ് നിലവിൽ ഉപയോഗിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ ഭൂവസ്ത്രം, പ്ലാസ്റ്റിക്, റബ്ബർ തുടങ്ങിയവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വേണ്ടത്ര ഗുണനിലവാരമില്ലെന്ന് പരിശോധനയിൽ കണ്ടെത്തുന്ന റോഡുകളുടെ പുനർനിർമ്മാണം കരാറുകാരനെക്കൊണ്ടുതന്നെ നിർവ്വഹിപ്പിക്കാനും ക്രമക്കേടുകൾ കണ്ടെത്തിയാൽ അർഹമായ ശിക്ഷാനടപടികൾ സ്വീകരിക്കാനും എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത്;

(ഡി) റോഡ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ച് ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമെന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർ നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതിസമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെകീഴിലെ റോഡുകളിൽ N.R.M.B.(Natural Rubber Modified Bitumen) ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രഡഡ്, പ്ലാസ്റ്റിക്, റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത സാഹചര്യങ്ങളിൽ കയർ ഭൂവസ്ത്രം പോലുള്ള ജിയോ ടെക്സ്റ്റയിൽസ് എന്നീ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെകീഴിൽ 744.12 കി.മീ. ദൈർഘ്യം N.R.M.B. (Natural Rubber Modified Bitumen) ഉപയോഗിച്ചും, 85.73 കി.മീ. ദൈർഘ്യം റോഡുകൾ പ്ലാസ്റ്റിക് ബി.സി. ഉപരിതലത്തിലുള്ള മെറ്റലിനൊപ്പം ചേർത്തും, 5.5 കി.മീ. ദൈർഘ്യം റോഡിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് റോഡിന്റെ അടിത്തറ ബലപ്പെടുത്തിയും നിർമ്മിച്ചിട്ടുണ്ട്.

(ബി) കയർ ഭൂവസ്ത്രം, പ്ലാസ്റ്റിക്, റബ്ബർ തുടങ്ങിയവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം വ്യാപകമാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. നൂതന രീതികൾ അവലംബിക്കുന്നതിനായി 26-3-2018-ലെ സർക്കാർ ഉത്തരവ് 527/2018/PWD തീയതി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ കൂടുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വേണ്ടത്ര ഗുണനിലവാരമില്ലായെന്ന് പരിശോധനയിൽ കണ്ടെത്തുന്ന റോഡുകളുടെ അപാകതകൾ പ്രസ്തുത കരാറുകാരന്റെ ചെലവിൽതന്നെ പരിഹരിക്കുവാൻ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ളതും പ്രവൃത്തിയുടെ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരമുള്ളതുമായ നടപടികൾ സ്വീകരിച്ചുവരുന്നു. 31-8-2013 സർക്കാർ ഉത്തരവ് G.O.(MS) No.73/2013/PWD പ്രകാരം നിശ്ചയിച്ചിട്ടുള്ള defect liability period നുള്ളിൽ വരുന്ന കേടുപാടുകൾ കരാറുകാരൻ തന്നെ പരിഹരിക്കേണ്ടതുണ്ട്. കൂടാതെ ഗുണനിലവാരം പരിശോധന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം കരാറുകാരുടെ ബിൽ തുക നൽകുവാനും നിഷ്കർഷിച്ചിട്ടുണ്ട്. കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് അനുസൃതമായി പിഴ ഈടാക്കുക, കരാറിൽ നിന്ന് നീക്കം ചെയ്യുക, കരിമ്പട്ടികയിൽ ഉൾപ്പെടുത്തുക എന്നീ നടപടിക്രമങ്ങളും സ്വീകരിച്ചു വരുന്നു. ദേശീയപാത വിഭാഗത്തിന് കീഴിലെ പ്രധാന പ്രവൃത്തികളെല്ലാം തന്നെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കരാറുകളിൽ ഏർപ്പെടുന്നത്. ഇത്തരം കരാറുകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും കാലതാമസം വരുത്തുന്ന ഓരോ ദിവസത്തിനും കരാർ തുകയ്ക്കാനുപാതികമായി പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ പുതുക്കിയ മാന്വൽ പ്രകാരം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. തുടർന്നും പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്പെടുത്തി കരാർ റദ്ദ് ചെയ്ത് വേണ്ട നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരന്റെ ലൈസൻസ് പുതുക്കി നൽകാതിരിക്കു

ന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന് പിഴ ഈടാക്കുന്നതിന് സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിലെ ക്ലോസ് നമ്പർ 49 ആയി ലിക്വിഡേറ്റഡ് ഡാമേജ് എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മഴക്കാലത്ത് റോഡിലെ കുഴികൾ ചെലവ് കുറഞ്ഞ രീതിയിൽ അടയ്ക്കുന്നതിനായി KANDHAL MIX എന്ന മിശ്രിതം ഉപയോഗിക്കുന്നതിനുള്ള പ്രായോഗികതയെക്കുറിച്ചും, റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്ന തിനെക്കുറിച്ചും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിലെ 'ROUGHNESS' എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ കെ.എച്ച്.ആർ.ഐ. പഠനം നടത്തിയിട്ടുണ്ട് റോഡുകൾ, പാലങ്ങൾ എന്നിവയോട് അനുബന്ധിച്ചുള്ള 'Embankment Construction-നും ഗുണനിലവാരം കുറഞ്ഞ മണ്ണുള്ള സ്ഥലങ്ങളിൽ കൂടി കടന്നുപോകുന്ന റോഡുകളുടെ 'Sub-Grade Preparation-ഉം വേണ്ടി FACT-കൊച്ചിൻ ഡിവിഷന്റെ Phosphoric Plant ലെ by-Product ആയ Phosphor Gypsum-ഉം കൽക്കരി നിർമ്മാണത്തിലെ by-Product ആയ Flyash ഉം ചില പ്രത്യേക അനുപാതങ്ങളിൽ ചേർത്ത് മണ്ണിന്റെ ഉറപ്പ് പ്രധാനമായും (CBR Value) കൂട്ടുവാനുള്ള ഗവേഷണങ്ങൾ അന്തിമഘട്ടത്തിൽ ആണ്. Geo-Technical re use of Waste material, Correlation of CBR Value with Index properties of Soil എന്നീ വിഷയങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾ തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുവാനായി നിർമ്മാണ വസ്തുക്കളുടേയും, നിർമ്മാണ രീതികളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള പരിശോധനകൾ ക്വാളിറ്റി കൺട്രോൾ വിഭാഗമാണ് ഇപ്പോൾ നടത്തിവരുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള ശാസ്ത്രീയമായ നിർമ്മാണ രീതികളെക്കുറിച്ച് കെ.എച്ച്.ആർ.ഐ. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കായി വിവിധ പരിശീലന പരിപാടികളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ടി.പി. റോഡ് വികസന പദ്ധതി

1 (2597) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന കെ.എസ്.ടി.പി. റോഡ് വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത പണികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കാമോ?

<u>ഉത്തരം</u>

ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ മൊത്തം പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ 56% ലോക ബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ**

2(2598) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൻകീഴിലെ റോഡുകളിൽ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ടെലിഫോൺ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും കുഴികൾ എടുക്കുന്നതും റോഡ് മുറിക്കുന്നതുംമൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുഴികൾ എടുക്കുന്നതും റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ബി) സ്വകാര്യ വ്യക്തികൾ റോഡുകൾ കുഴിക്കുമ്പോഴോ മുറിക്കുമ്പോഴോ പൊതുമരാമത്ത് വകുപ്പധികൃതർ ഇത് പരിശോധിക്കുകയോ പുനർനിർമ്മാണ പ്രക്രിയ കൃത്യസമയത്ത് നടപ്പാക്കുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരത്തിൽ റോഡുകളിൽ മറ്റുവകുപ്പുകൾ പ്രവർത്തനം നടത്തി അപാകതകൾ ഉണ്ടാക്കിയാൽ പൊതുമരാമത്ത് വകുപ്പിന് പരാതി നൽകാൻ ഒരു കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തെന്നും ഇല്ലെങ്കിൽ ഈ സർക്കാർ അതിനായി എന്ത് നടപടി കൈകൊള്ളും എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ ആവശ്യകത സംബന്ധിച്ചും വിവിധ വകുപ്പുകൾ പാലിക്കേണ്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങൾ 5-1-2018-ലെ G.O.(Rt) No. 30/2018/PWD dated 5-1-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ അനുവാദത്തോടുകൂടി സ്വകാര്യ വ്യക്തികൾ റോഡുകൾ കുഴിക്കുകയോ, മുറിക്കുകയോ ചെയ്യുമ്പോൾ വകുപ്പ് അധികൃതർ പരിശോധിക്കുകയും, പുനർനിർമ്മാണ പ്രക്രിയ കൃത്യസമയത്ത് നടപ്പാക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുവാദമില്ലാതെ റോഡുകൾ കുഴിക്കുമ്പോൾ പുനർനിർമ്മാണ പ്രക്രിയ കൃത്യസമയത്ത് നടപ്പാക്കാൻ സാധിക്കാറില്ല.

(സി) ഇല്ല. എന്നാൽ നിലവിൽ ഏത് പരാതിയും സ്വീകരിക്കാൻ കേന്ദ്രീകൃതമായ പബ്ലിക് ടോൾ ഫ്രീ കോൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. മാസത്തിലെ ആദ്യത്തെ ബുധനാഴ്ച പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട് ഫോണിൽ പരാതി കേൾക്കുകയും, പരിഹാര നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

## ജൻഡർ ബഡ്ജറ്റിംഗ്

3 (2599) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബഡ്ജറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം പബ്ലിക് ഓഫീസുകളിൽ സ്ത്രീ സൗഹൃദപരമായ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് വകുപ്പിലെ എഞ്ചിനിയർമാർക്കും ആർക്കിടെക്റ്റുകൾക്കും പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ദീർഘദൂര യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് ഉപയോഗപ്രദമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് കമ്പനി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ജില്ല, താലൂക്ക്, വില്ലേജ് ഓഫീസുകളിൽ സ്ത്രീകൾക്കുള്ള ടോയ്‌ലെറ്റ്, വിശ്രമ മുറി, കാത്തിരിപ്പ് കേന്ദ്രങ്ങൾ, തുടങ്ങിയവയാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്നത്.

(സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകിയിട്ടില്ല; അത് നൽകുന്നതാണ്.

(ഡി) യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദേശ്യ ലക്ഷ്യം. പൊതുശൗചാലയങ്ങളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ശൗചാലയമാണ് വിഭാവന ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ആരോഗ്യ സംരക്ഷണവും ടോയ്‌ലെറ്റ് ലഭ്യതയും ഉറപ്പുവരുത്തുക, ഉപയോക്താക്കളുടെ മനോഭാവത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുക, പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുക, ശുചീകരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് കമ്പനി സ്വീകരിച്ചുവരുന്നത്.

## ലോക്കൽ മാർക്കറ്റ് റേറ്റ് നിശ്ചയിക്കുന്നതിൽ കാലതാമസം

4 (2600) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി നടത്തിപ്പിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എൽ.എം.ആർ. (ലോക്കൽ മാർക്കറ്റ് റേറ്റ്) പ്രസിദ്ധീകരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് ഏജൻസിയെയാണ് ;

(ബി) എത്ര കാലാവധിക്കുള്ളിലാണ് എൽ.എം.ആർ. പുതുക്കി പ്രസിദ്ധീകരിക്കേണ്ടത്;

(സി) എൽ.എം.ആർ. നിശ്ചയിച്ച് അവസാനം പ്രസിദ്ധീകരിച്ചത് എന്നാണ് ;

(ഡി) എൽ.എം.ആർ. നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അത്തരം സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 11-8-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1213/2017/ പി.ഡബ്ല്യു.ഡി. പ്രകാരം ലോക്കൽ മാർക്കറ്റ് റേറ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റാണ്.

(ബി) ക്വാർട്ടേർലി (മൂന്ന് മാസം കൂടുമ്പോൾ) ആണ് എൽ.എം.ആർ. പ്രസിദ്ധീകരിക്കേണ്ടത്.

(സി) 2017 ഒക്ടോബർ-ഡിസംബർ കാലയളവിലാണ് പ്രസിദ്ധീകരിച്ചത്.

(ഡി) 6-2-2017-ലെ ജി.ഒ. (പി) നമ്പർ 16/2017/ഫിൻ പ്രകാരം ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് എൽ.എം.ആർ. പ്രസിദ്ധീകരിക്കേണ്ടത്. എന്നാൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് എൽ.എം.ആർ. പ്രസിദ്ധീകരിക്കു ന്നതിന് കാലതാമസം വരുന്നതിനാൽ ഇതുവരെ ചെയ്തതുപോലെ പൊതുമരാമത്ത് വകുപ്പിന് എൽ.എം.ആർ. തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനായുള്ള അനുമതി ഡിസംബർ 2017 വരെ നൽകിയിരുന്നു. ഡിസംബർ 2017-നുശേഷം എൽ.എം.ആർ. തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റാണ്. എന്നാൽ പ്രസ്തുത ഡിപ്പാർട്ട്മെന്റ് എൽ.എം.ആർ. തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ വീണ്ടും കാലതാമസംവന്ന സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് എൽ.എം.ആർ. തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്ന രീതി തുടരുന്ന കാര്യം പരിശോധിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ്**

5 (2601) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പദ്ധതി നടത്തിപ്പിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റിലെ തുകയും എൽ.എം.ആർ-ലെ (ലോക്കൽ മാർക്കറ്റ് റേറ്റ്) തുകയും തമ്മിൽ 10 ശതമാനത്തിലധികം വ്യത്യാസം വരുന്നതിന്റെ കാരണം പരിശോധി ച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിലെ തുകയേക്കാൾ വൻകുറവ് എൽ.എം.ആർ-ൽ വരുന്നതിനാൽ പദ്ധതികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എൽ.എം.ആർ. യഥാസമയം പുതുക്കാത്തതിനാൽ വ്യത്യാസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്. എൽ.എം.ആർ. യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്.

## 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

6 (2602) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഡി.പി.ആർ. ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമരാമത്ത് വകുപ്പിലെ അഴിമതി

7(2603) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി അവസാനിപ്പിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിയുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരേയാണ് അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 2 കോടി രൂപയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന first time ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ്

നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാംതരം (second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും, മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിനു സഹായകരമാകുന്നുണ്ട്. മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിച്ച് നൂതന സാങ്കേതികവിദ്യ നടപ്പാക്കുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് നിരുത്സാഹപ്പെടുത്തി, എസ്റ്റിമേറ്റ് കൃത്യമാക്കി. മോശപ്പെട്ട കരാറുകാരെ കരിമ്പട്ടി കയിൽ ഉൾപ്പെടുത്തി ഫൈൻ ചുമത്തി. പൊതുമരാമത്ത് വകുപ്പിൽ ലഭിക്കുന്ന പരാതികളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ കർശനമായ അച്ചടക്കനടപടികൾ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾ 1960 പ്രകാരം സ്വീകരിക്കാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിയുമായി ബന്ധപ്പെട്ട് 260 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മരാമത്ത് പണികളിലെ ഗുണനിലവാര പരിശോധന**

8 (2604) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടു ത്തിയിട്ടുള്ളത്;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരമില്ലായ്മയും ക്രമക്കേടുകളും ഒഴിവാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി ക്വാളിറ്റി കൺട്രോൾ മാനുവൽ പ്രകാരമുള്ള ത്രിതല ഗുണനിലവാര പരിശോധന കർശനമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധന ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി റീജിയണൽതലത്തിലും ജില്ലാതലത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തനം നടപ്പാക്കിവരുന്നു. പ്രവൃത്തികളുടെ പേമെന്റിന് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പരിശോധന സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരമില്ലായ്മയും ക്രമക്കേടുകളും ഒഴിവാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള ത്രിതല ഗുണനിലവാര പരിശോധന കർശനമായി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി പ്രവൃത്തികളുടെ വിവരങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ അറിയിക്കുകയും ടി വിഭാഗത്തിൽനിന്നും പരിശോധിച്ച് സർട്ടിഫിക്കറ്റുകൾ നൽകിവരികയും ചെയ്യുന്നു. പ്രവൃത്തികളുടെ പേയ്മെന്റിന് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പരിശോധന സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) പ്രവർത്തിക്കുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) നടപ്പിലാക്കിയിട്ടുണ്ട്. 5-1-2018 ജി.ഒ. (എംഎസ്) നമ്പർ 1/2018/ പി.ഡബ്ല്യു.ഡി. തിയതി പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാസമിതികളിൽ അതത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റോഡുകൾ പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാസമിതി മുമ്പാകെ നൽകാവുന്നതാണ്. മുൻകൂട്ടി നിശ്ചയിക്കാതെ തന്നെ ചെയർമാന്റെ അനുവാദത്തോടു കൂടി പ്രവൃത്തികൾ പരിശോധിക്കുന്നതിനുള്ള അധികാരം മെമ്പർമാർക്ക് ഉണ്ടായിരിക്കുന്നതാണ്. പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ് :

1. പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ.
2. പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക.
3. പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.
4. സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.
5. ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.
6. പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

## റോഡ് വികസനം

9 (2605) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് വികസനത്തിനായി എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്; പാതകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര പുതിയ പാതകൾക്ക്/ പാതവികസനത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ എയർപോർട്ട്-സീപോർട്ട് റോഡ് രണ്ടാംഘട്ട സെക്ഷൻ ബി (മഹിളാലയം മുതൽ ചൊവ്വര വരെ) വികസനത്തിനായി ചൊവ്വര വില്ലേജിൽ 32.09 ആർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*. പ്രസ്തുത റോഡ് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. മറ്റുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (RICK) ലിമിറ്റഡിന് 2016-17-ൽ ഫണ്ട് ലഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷം എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 5054-80-800-69-എസ്.ആർ.ഐ.പി. (പ്ലാൻ) എന്ന ശീർഷകത്തിൽ 36.23 കോടി രൂപയും, സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 7,50,70,000 രൂപയും സർക്കാരിൽനിന്നും അനുവദിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കേണ്ട റോഡ് വികസന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിലുൾപ്പെട്ട മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് വികസനത്തിനുവേണ്ടി 1.6248 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. KRFB-ക്ക് 26-5-2017-ലെ സ.ഉ. (എംഎസ്)നമ്പർ 714/2017/പൊ.മ.വ. പ്രകാരം 50 കോടി രൂപ അനുവദിക്കുകയുണ്ടായി. പാതവികസനം ആരംഭിച്ചിട്ടില്ല.

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ റോഡുവികസനത്തിനായി 4.431 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്ത് വിഭാഗത്തിൻകീഴിൽ 6 പുതിയ പാതകൾക്കായി 10.87 കോടി രൂപയും 978 പാതകളുടെ വികസനത്തിനായി 3175.58 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ദേശീയപാത വിഭാഗത്തിൻകീഴിലെ പ്രവർത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**റോഡ് നിർമ്മാണത്തിൽ നൂതന രീതികൾ**

10(2606) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാസ്റ്റിക്കും സ്വാഭാവിക റബ്ബറും ജിയോ ടെക്സ്റ്റയിലും ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തിയ റോഡുകൾ ഏതെല്ലാം; അവയുടെ ഉറപ്പും നിലനിൽപ്പും എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം റോഡ് നിർമ്മാണം ഫലവത്താണ് എന്ന് സർക്കാർ പരിശോധനകളിൽ വ്യക്തമായിട്ടുണ്ടെങ്കിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പൊതുമരാമത്ത് വകുപ്പ് നിർമ്മാണത്തിലേർപ്പെട്ട ബൈപ്പാസുകളിൽ പൂർത്തീകരിച്ചവ/ പൂർത്തീകരിക്കാനുള്ളവ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ പ്ലാസ്റ്റിക്കും സ്വാഭാവിക റബ്ബറും ജിയോ ടെക്സ്റ്റൈൽസും ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തിയ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഇത്തരത്തിൽ പ്ലാസ്റ്റിക്കും സ്വാഭാവിക റബ്ബറും ജിയോ ടെക്സ്റ്റൈൽസും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ കൂടുതൽ ഈടുനിൽക്കുന്നതാണ്.

(ബി) പ്ലാസ്റ്റിക്കും സ്വാഭാവിക റബ്ബറും ജിയോ ടെക്സ്റ്റൈൽസും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ കൂടുതൽ ഫലവത്താണ്. ആയതിനാൽ ഇത്തരം പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നളിതുവരെ പൊതുമരാമത്ത് വകുപ്പ് നിർമ്മാണത്തിലേർപ്പെട്ട ബൈപ്പാസുകളിൽ പൂർത്തീകരിച്ചവയുടെയും, പൂർത്തീകരിക്കാനുള്ളവയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

11(2607) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.ഐ.ഡി.എഫ് (റോഡ് ഇൻഫ്രാസ്ട്രക്ച്ർ ഡെവലപ്മെന്റ് ഫണ്ട്) മുഖേന പൊതുമരാമത്ത് വകുപ്പിൽ നിന്നും എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിയോജക മണ്ഡലാടിസ്ഥാന ത്തിലുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. (റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്) മുഖേന (80% നബാർഡ് ഫണ്ട്) 2016-17 സാമ്പത്തിക വർഷത്തിൽ 177.80 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 146.68 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മലയോര ഹൈവേ**

12 (2608) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട മലയോര ഹൈവേ അരുവിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളിൽ കൂടിയാണ് കടന്നു പോകുന്നത്; ഇതിൽ ഏതെല്ലാം റോഡുകളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ട്; ഇതിൽ എത്ര റോഡുകൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്;

(ബി) മലയോര ഹൈവേ ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിർമ്മിക്കുന്നത്; വിശദാംശം നൽകാമോ;

(സി) നിർദ്ദിഷ്ട മലയോര ഹൈവേയിൽ റോഡിന്റെ വീതി എത്രയായാണ് നിജപ്പെടുത്തിയിരിക്കുന്നത്; ഈ പദ്ധതിയിൽ ഭൂമി അധികം വേണ്ട സ്ഥലങ്ങളിൽ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുമോ; ഇല്ലെങ്കിൽ ഇതിനായി പകരം സംവിധാനം എന്താണ് കൈക്കൊള്ളുന്നത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ ചായം-പെരിങ്ങമല റോഡ്, കൊപ്പം-വിതുര, വിതുര-ഇരുത്തലമൂല ഭാഗം, ഇരുത്തലമൂല-ആര്യനാട്, ആര്യനാട്-കള്ളിക്കാട് എന്നീ റോഡുകളിലൂടെയാണ് നിർദ്ദിഷ്ട മലയോര ഹൈവേ കടന്നു പോകുന്നത്. ചായം-പെരിങ്ങമല, വിതുര-ഇരുത്തലമൂല, ആര്യനാട്-കള്ളിക്കാട് എന്നീ ഭാഗങ്ങൾ മലയോര പാതയിൽ ഉൾപ്പെടുത്തി കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ റോഡുകളിലെ മറ്റ് ഭാഗങ്ങൾ ബഡ്ജറ്റിലും റിക്ക് പദ്ധതിയിലും ഉൾപ്പെടുത്തി പുരോഗമിക്കുന്നു.

(ബി) 12 മീറ്റർ വീതിയിൽ 7 മീറ്റർ ക്യാരേജ് വേ ഇരുവശങ്ങളിലും ഓരോ മീറ്റർ പേവ്ഡ് ഷോൾഡർ, ഫുട്പാത്തുകൾ, ഓട സംരക്ഷണ ഭിത്തി, റോഡ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡി.ബി.എം.&ബി.സി. രീതിയിൽ ആധുനിക രീതിയിലാണ് നിർമ്മിക്കുന്നത്.

(സി) 12 മീറ്റർ പൊന്നുംവിലയ്ക്ക് എടുക്കില്ല. പകരം സ്വമേധയാ ഭൂമി വിട്ടുനൽകുന്നവർക്ക് ചുറ്റുമതിൽ, കെട്ടിട ഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനർ നിർമ്മിച്ചുനൽകും.

### ഫ്ലൈ ഓവറുകൾ

13 (2609) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി എത്ര ഫ്ലൈ ഓവറുകൾ നിർമ്മിക്കുവാൻ കിഫ്ബിയുടെ സഹായം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഗുരുതരമായ ഗതാഗതകുരുക്ക് പരിഹരിക്കുവാൻ ഈ ഫ്ലൈ ഓവറുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നാളിതുവരെ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 18 ഫ്ലൈ ഓവറുകളുടെ നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 11 ഫ്ലൈ ഓവറുകളുടെ പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിയിൽ സമർപ്പിക്കുകയും 9 ഫ്ലൈ ഓവറുകളുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-കൾ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റ് വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്നമുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്നുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-കളുടെ ചുമതലയാണ്.

### മലയോര ഹൈവേയുടെ നിർമ്മാണം

14(2610) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ആദ്യഘട്ടമായി എത്ര കിലോമീറ്റർ റോഡ് പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഇതിന് കിഫ്ബി ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ ലഭ്യമാക്കി എന്നറിയിക്കാമോ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ 26 റീച്ചുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 20 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. 15 പദ്ധതികൾക്ക് അംഗീകാരമായി. 4 പദ്ധതികൾ ടെണ്ടർ നടപടികളുടെ അവസാനഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ രണ്ടാംഘട്ടത്തിലെ 2 പദ്ധതികൾക്കും അംഗീകാരം ലഭിച്ചു. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽനിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഒന്നാംഘട്ടത്തിൽ 777 കി.മീ. റോഡാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ആദ്യഘട്ടത്തിലെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്ന 4 പ്രവൃത്തികൾക്ക് 395.42 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്ന 4 പദ്ധതികൾ 2 വർഷത്തിനകം പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതികവിദ്യകൾ

15 (2611) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് നിലവിൽ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകൾ ദീർഘകാലം നിലനിൽക്കുന്നതിന് കേരളത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കാറുണ്ടോ; എങ്കിൽ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ ഏതെല്ലാം റോഡുകളിൽ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്; ആയതുകൊണ്ട് ഉണ്ടായ നേട്ടം എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിന് കരാർ നൽകുമ്പോൾ നിശ്ചിത കാലത്തേയ്ക്ക് മെയിന്റനൻസ് നടത്തുന്നതിനുള്ള ബാധ്യത കരാറുകാരനിൽ നിക്ഷിപ്തമാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പ്രവൃത്തികളിൽ നൂതന നിർമ്മാണ സാമഗ്രികളായ എൻ.ആർ.എം.ബി., പ്ലാസ്റ്റിക്, കയർ മുതലായവയും ആധുനിക സാങ്കേതിക വിദ്യകളായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് രീതി, മണ്ണ് സ്റ്റെബിലൈസേഷൻ ടെക്നോളജി എന്നിവ നടപ്പിലാക്കുന്നതിനായി 26-3-2018 നമ്പർ 527/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് രീതി ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയ പാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ് വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും.

(ബി) റോഡുകൾ ദീർഘകാലം നിലനിൽക്കുന്നതിന് കേരളത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകളായ എൻ.ആർ.എം.ബി, പ്ലാസ്റ്റിക്, കയർ, ജിയോടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നടത്തിവരുന്നു. മേൽപ്പറഞ്ഞ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇത്തരം സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ കൂടുതൽ ഈട് നിൽക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) റോഡ് നിർമ്മാണത്തിന് കരാർ നൽകുമ്പോൾ നിശ്ചിത കാലത്തേയ്ക്ക് മെയിന്റനൻസ് നടത്തുന്നതിനുള്ള ബാധ്യത കരാറുകാരനിൽ നിക്ഷിപ്തമാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 31-8-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 73/2013/ പൊമവ. പ്രകാരം ഡിഫക്ട് ലയബിലിറ്റി പിരീയഡ് നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ചു വരുന്നു. ദേശീയപാത വിഭാഗത്തിനുകീഴിലെ പ്രധാന പ്രവൃത്തികളെല്ലാം തന്നെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കരാറുകളിൽ ഏർപ്പെടുന്നത്. നിലവിൽ ബി.എം.&ബി.സി. പ്രവൃത്തികൾക്ക് ഡിഫക്ട് ലയബിലിറ്റി പീരീഡ് 3 വർഷവും ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രോക്യുമെന്റ് ആന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് ഡിഫക്ട് ലയബിലിറ്റി പീരീഡ് 4 വർഷവുമാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കാലയളവിൽ വരുന്ന എല്ലാ അറ്റകുറ്റപ്പണികളും കരാറുകാരനാണ് നടത്തേണ്ടത്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ദേശീയപാത വിഭാഗത്തിന് പിഴ ഈടാക്കുന്നതിന് സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിലെ ക്ലോസ് നമ്പർ 49 ആയി ലിക്വഡേറ്റഡ് ഡാമേജ് എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**തീരദേശ ഹൈവേ**

16(2612) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇതിലേക്കാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ;

(സി) ഈ ഹൈവേയോടൊപ്പം ഇരുവശത്തും സൈക്കിൾ സവാരിക്കായി പ്രത്യേക ട്രാക്കുകൾ നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഈ ഹൈവേയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും എത്രകാലംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) തീരദേശ ഹൈവേയുടെ നിർമ്മാണം കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 942/2017/ പൊ.മ.വ. പ്രകാരം 6500 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. വിവിധ ജില്ലകളിലായി 249.14 കി.മീ. നീളത്തിൽ 13 വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ആയതിൽ 211.880 കി.മീ. നീളം വരുന്ന 11 ഉപപദ്ധതികളുടെ ഡി.പി.ആർ. സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. 12 മീറ്റർ വീതിയിൽ തീരദേശ പാത നിർമ്മിക്കുന്നതിനായി തീരുമാനമെടുത്തിട്ടുള്ളതിനാൽ ഓരോ റോഡിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിലകൂടി ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) പല റീച്ചുകളിലും സ്ഥലത്തിന്റെ ലഭ്യതക്കുറവുണ്ട്.

(സി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ തീരദേശ ഹൈവേയോടൊപ്പം സൈക്കിൾ സവാരിക്കായി പ്രത്യേകം ട്രാക്കുകൾ നിർമ്മിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തീരദേശ പാതയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കി, കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി കിട്ടുന്നമുറയ്ക്ക് മാത്രമെ നിർമ്മാണം ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുകയുള്ളൂ.

## മലയോര ഹൈവേ നിർമ്മാണം

17 (2613) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേ എത്ര റീച്ചുകളായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്;

(ബി) കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ള റീച്ചുകളുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വനമേഖലയിലൂടെ കടന്നുപോകുന്ന റീച്ചുകളുടെ നിർമ്മാണത്തിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) മലയോര ഹൈവേ നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലയോര ഹൈവേ 43 റീച്ചുകളായി നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ആദ്യഘട്ടത്തിലെ 15 പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചു. രണ്ടാംഘട്ടത്തിലെ 2 പദ്ധതികൾക്കും അംഗീകാരം ലഭിച്ചു. ഇതിൽ തിരുവനന്തപുരം-1, കൊല്ലം-1, കാസർഗോഡ്-2 പദ്ധതികളുടെ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. അംഗീകാരം ലഭിച്ച മറ്റ് പദ്ധതികളുടെ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ ഭൂമി ലഭ്യമാക്കുന്നതിന് ഗവൺമെന്റുതലത്തിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, വനഭൂമി ലഭ്യമാക്കാനുള്ള സ്ഥലത്ത് പൊതുമരാമത്തും വനംവകുപ്പും ചേർന്ന് സംയുക്ത പരിശോധന നടത്തുകയും വനഭൂമി ലഭ്യമാക്കുന്നതിന് DFO-മാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) 4 പദ്ധതികളുടെ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്. അംഗീകാരം ലഭിച്ച മറ്റ് പദ്ധതികളുടെ തുടർനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ പ്രവൃത്തികൾ**

18(2614) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ പ്രവൃത്തികൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) മലയോര ഹൈവേയുടെ പ്രവൃത്തികൾക്കായി കിഫ്ബി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ 26 റീച്ചുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 20 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. 15 പദ്ധതികൾക്ക് അംഗീകാരമായി. 4 പദ്ധതികൾ ടെണ്ടർ നടപടികളുടെ അവസാനഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ

രണ്ടാംഘട്ടത്തിലെ 2 പദ്ധതികൾക്കും അംഗീകാരം ലഭിച്ചു. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായി NATPAC-നെ ഏർപ്പെടുത്തുകയും NATPAC സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഫൈനൽ അലൈൻമെന്റ് 21-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 679/2017/പൊ.മ.വ. പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽക്കൂടിയാണ് കടന്നുപോകുന്നത്. NATPAC സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം തീരദേശ പാതയുടെ നീളം 655.6 കി. മീറ്ററും ആയതിന് വേണ്ടിവരുന്ന ചെലവ് കണക്കാക്കിയിട്ടുള്ളത് 6040 കോടി രൂപയുമാണ്. പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 6500 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കെ.ആർ.എഫ്.ബി.-യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. വിവിധ ജില്ലകളിലായി 249.14 കി.മീ. നീളത്തിൽ 13 വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ആയതിൽ 12 റോഡുകളുടെ നിലവിലുള്ള വീതി ഉപയോഗിച്ചുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖ കെ.ആർ.എഫ്.ബി.-യിൽ ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ സർക്കാർ തലത്തിൽ ഭൂമി ഏറ്റെടുക്കൽ വഴി 12 മീറ്റർ വീതിയിൽ തീരദേശപാത നിർമ്മിക്കുന്നതിനായി തീരുമാനമെടുത്തിട്ടുള്ളതാണ്. ആയതിൽ ഓരോ റോഡിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിലകൂടി ഉൾപ്പെടുത്തി പുതുക്കിയ വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) മലയോര ഹൈവേയുടെ പ്രവൃത്തികൾക്കായി ഇതുവരെ 4 റീച്ചുകൾക്കായി 395.42 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

## മലയോര ഹൈവേയുടെ നിലവിലെ സ്ഥിതി

19(2615) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന മലയോര ഹൈവേക്കായുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ;

(ബി) ഈ ഹൈവേയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ;

(സി) എത്ര കാലംകൊണ്ട് നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മലയോര ഹൈവേ 12 മീറ്റർ വീതിയിൽ നിർമ്മിക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിനായി കഴിവതും നിലവിലുള്ള റോഡുകളെ ഉപയോഗപ്പെടുത്തിയാണ് NATPAC അലൈൻമെന്റ് തയ്യാറാക്കിയിട്ടുള്ളത്. റോഡ് വികസനത്തിന് നിലവിലുള്ളതിനേക്കാൾ അധികമായി ആവശ്യമുള്ള സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ free surrender-ആയി ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിലെ 15 പ്രോജക്ടുകൾക്ക് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതെല്ലാം ഇപ്രകാരം സ്ഥലം ലഭ്യമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽനിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളിൽ തിരുവനന്തപുരം-1, കൊല്ലം-1, കാസർഗോഡ്-2 എന്നിവ ടെണ്ടർ നടപടിയുടെ അവസാനഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്ന 4 പദ്ധതികൾ 2 വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ആലപ്പുഴ-ചങ്ങനാശ്ശേരി-വാഴൂർ ദേശീയപാത നിർമ്മാണ പദ്ധതി

20(2616) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽനിന്നും ചങ്ങനാശ്ശേരി വഴി വാഴൂർ വരെ ദേശീയപാത നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴയിൽനിന്ന് ചങ്ങനാശ്ശേരി വഴി വാഴൂർ റോഡിലെത്തുന്ന റോഡ് കേന്ദ്ര സർക്കാർ തത്വത്തിൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനത്തിനും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കുന്നതിനുമായി KITCO Ltd. എന്ന Consultancy സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നടത്തിയ പഠന പ്രകാരമുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ അംഗീകാരത്തിനും പ്രസ്തുത റോഡ് ദേശീയപാതയായി പ്രഖ്യാപിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനും സമർപ്പിച്ചിരിക്കുകയാണ്.

## കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ

21(2617) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) 2017-18 വർഷം കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ റോഡ് നിർമ്മാണത്തിന് സംസ്ഥാനത്തിന് എത്ര കോടി രൂപ ലഭിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും ആയതിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്നും അറിയിക്കാമോ;

(ഡി) ഇപ്രകാരം 2018-19 വർഷത്തെ പട്ടിക തയ്യാറായിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക തയ്യാറാക്കിവരുന്നു.

(ബി) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുന്നത് 10 കി.മീ. കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് ജില്ലാ റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണിജ്യ, വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ എന്നിവയാണ്. കൂടാതെ പാലങ്ങളുടെ നിർമ്മാണവും പുനർനിർമ്മാണവും സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്.

(സി) 2017-18 വർഷം കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ റോഡ് നിർമ്മാണത്തിന് സംസ്ഥാനത്തിന് 17 പദ്ധതികൾക്കായി 230.99 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 65.92 കോടി രൂപ സി.ആർ.എഫ്. പദ്ധതികൾക്കായി 2017-18-ൽ ചെലവഴിച്ചു. 2017-18 വർഷത്തിൽ മലപ്പുറം ജില്ലയിൽ ഒരു പ്രവൃത്തിക്കും സി.ആർ.എഫ്. പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടില്ല.

(ഡി) 2018-19 വർഷത്തെ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗതിയിലാണ്.

## ടാറിംഗ് ചെയ്ത റോഡുകൾ വെട്ടിപ്പൊളിക്കൽ

22 (2618) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാറിംഗ് ചെയ്ത ഉടൻതന്നെ കെ.ഡബ്ല്യു.എ., ബി.എസ്.എൻ.എൽ. എന്നിവ നിർമ്മാണ പ്രവർത്തനങ്ങൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുകയും പിന്നീട് സമയബന്ധിതമായി ഇവ റിപ്പയർ ചെയ്യാത്തതിലൂടെ റോഡുകൾ തകരുകയും ഗർത്തങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നവരിൽ നിന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുക പി.ഡബ്ല്യു.ഡി.ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) വെട്ടിപ്പൊളിക്കുന്ന റോഡുകൾ റിപ്പയർ ചെയ്യാത്ത കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് റോഡുകളിൽ മറ്റ് സേവന ദാതാക്കളുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 5-1-2018-ലെ സ.ഉ. (സാധാ) നമ്പർ 30/2018/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സാധാരണയായി യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതിനായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം റോഡ് റിപ്പയർ ചെയ്യുന്നതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് കൈമാറി മുൻകൂർ അനുവാദം വാങ്ങിയാണ് നടപ്പാക്കുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ തുക അടയ്ക്കാതെയും, അനുവാദം വാങ്ങാതെയും അറ്റകുറ്റപ്പണികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കാറുണ്ട്.

(സി) വെട്ടിപ്പൊളിക്കുന്ന റോഡുകൾ റിപ്പയർ ചെയ്യാൻ ഏൽപ്പിക്കുന്ന കരാറുകാർ പ്രവൃത്തി ചെയ്യാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിക്കുകയും കരാറുകാരനെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്ത് പൂർത്തിയാക്കുന്നു. അങ്ങനെ പൂർത്തിയാക്കുന്ന പ്രവൃത്തിക്ക് അധികമായി ചെലവാക്കുന്ന തുക ആദ്യത്തെ കരാറുകാരനിൽ നിന്നും ഈടാക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ പൈപ്പുകൾ അഥവാ കേബിളുകൾ സ്ഥാപിക്കാനായി അനുമതി നൽകുന്നതുതന്നെ ടി കക്ഷികൾ അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കാമെന്ന് കരാർ ഉടമ്പടി വച്ചതിനു ശേഷമാണ്. ആയതിനാൽ വെട്ടിപ്പൊളിക്കുന്ന റോഡുകൾ റിപ്പയർ ചെയ്യാത്ത കരാറുകാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ വ്യവസ്ഥകളുണ്ട്.

## റബ്ബർ, പ്ലാസ്റ്റിക് എന്നിവ ചേർത്തുള്ള റോഡ് ടാറിംഗ്

23 (2619) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റബ്ബർ, പ്ലാസ്റ്റിക് എന്നിവ ചേർത്തുള്ള റോഡ് ടാറിംഗ് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ ഇത് നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) നടപ്പിലാക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കൂടുതൽ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിൽ നൂതന നിർമ്മാണ സാമഗ്രികളായ NRMB, പ്ലാസ്റ്റിക് കയർ ഉൾപ്പെടുത്തുന്നതിനായി 26-3-2018-ലെ G.O. (Rt) No. 527/2018/PWD പ്രകാരം ഉത്തരവായിട്ടുണ്ട്. ബി.സി. ഉപരിതലത്തിൽ NRMB-യുടെ ഉപയോഗം നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ 744.12 കി.മീ. ദൈർഘ്യം റോഡുകൾ NRMB ഉപയോഗിച്ചും 10 കിലോമീറ്റർ റോഡ് ഉപരിതലം നിർമ്മിക്കുമ്പോൾ കുറഞ്ഞത് ഒരു കിലോമീറ്റർ പ്ലാസ്റ്റിക് ഉപയോഗിച്ചും നിർമ്മിക്കുന്നതിന്റെ ഭാഗമായി 85.73 കി.മീ. ദൈർഘ്യം റോഡുകൾ പ്ലാസ്റ്റിക് ബി.സി. ഉപരിതലത്തിലുള്ള മെറ്റലിനോടൊപ്പം ചേർത്തും നിർമ്മിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 9-11-2015-ലെ കത്ത് നമ്പർ RW/NH3044/24/2015 SR(R) പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയിലുള്ള 50 കി.മീ. ചുറ്റളവിനകത്ത് ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട്മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റോഡുകൾ ഒറ്റത്തവണ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നടപടി

24(2620) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഒറ്റത്തവണ പദ്ധതി പ്രകാരം ഏറ്റെടുത്ത് നവീകരിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല. ഒറ്റത്തവണ നവീകരണ നിർമ്മാണം പ്രഖ്യാപിക്കുന്നത് ധനകാര്യ വകുപ്പാണ്.

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന റോഡുകൾ

25(2621) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ റോഡ് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) റോഡ് ഏറ്റെടുക്കുന്നതിനുള്ള ലിസ്റ്റ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. നിലവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നുംതന്നെ ഏറ്റെടുക്കേണ്ടതില്ലെന്നതാണ് ക്യാബിനറ്റ് തീരുമാനം.

## ദേശീയപാത വികസനത്തിന് ഭൂമി വിട്ടുനൽകുന്നവർക്ക് ആനുകൂല്യങ്ങൾ

26(2622) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്; വിശദീകരിക്കാമോ;

(ബി) ഭൂമി വിട്ടുനൽകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തിയെന്ന വാർത്ത ശരിയാണോ; ആയതിന് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ;

(സി) ഭൂമി വിട്ടുനൽകുന്നവർക്കായി നൽകുന്ന നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നതിലെ ഏറ്റവും പുതിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിലനിർണ്ണയം ഏത് തരത്തിലാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) NH Act 1956 പ്രകാരം സ്ഥലമെടുപ്പ് നടത്തിവരികയാണ്. ഭൂമി നഷ്ടപ്പെട്ട ഭൂ ഉടമകൾക്ക് Gazette Notification-ലൂടെ നിയമിക്കപ്പെടുന്ന Special Deputy Collector, LA-NH (CALA)യാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. RFCTLARR Act 2013 & Amendment (Ordinance) 2015 പ്രകാരമാണ് ഭൂമി നഷ്ടപ്പെട്ട ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. ഭൂമി ഏറ്റെടുക്കുമ്പോൾ അത് ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം, കെട്ടിടത്തിന്റെ കാലപ്പഴക്കം കൊണ്ടുള്ള മൂല്യശോഷണം ബാധകമാക്കാതെ അംഗീകൃത വാല്യുവേഴ്സിനെക്കൊണ്ടാണ് നടപ്പാക്കുന്നത്.

**ദേശീയപാത വികസനം**

27 (2623) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശിയപാതാ വികസനത്തിൽ ഏതെല്ലാം സ്ഥലത്താണ് അടിപ്പാതകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ചേർത്തല-കഴക്കൂട്ടം ദേശീയപാത വികസനത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ വാഹനങ്ങൾക്ക് റോഡ് മുറിച്ചു കടക്കുന്നതിന് സൗകര്യമുണ്ടായിരിക്കും എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള റോഡ് നാലുവരിപാതയായി വികസിപ്പിക്കുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരികയാണ്. ഇതിന് അംഗീകാരം ലഭിച്ചാൽ മാത്രമേ അടിപ്പാതകൾ, മേൽപാലങ്ങൾ, നടപ്പാതകൾ എന്നിവയുടെ വിശദവിവരം ലഭ്യമാവുകയുള്ളൂവെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് കെട്ടിട നിർമ്മാണം

28(2624) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനായി ടെണ്ടർ വിളിച്ച് കെട്ടിടം പണി പൂർത്തിയായതിനുശേഷം മാത്രമേ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഇലക്ട്രോണിക് വർക്കുകൾ, ലിഫ്റ്റ് എന്നിവയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം നല്ല ഫിനിഷിംഗോടുകൂടി കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ ഹൈടെക് ക്ലാസ് റൂമുകൾ ഫിനിഷിംഗില്ലാതെ ഉദ്ഘാടനം ചെയ്യേണ്ടിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണം നടക്കുന്ന സമയത്ത് ഭിത്തികളുടെ പ്രവൃത്തികൾ പൂർത്തിയായതിനുശേഷം ഇലക്ട്രിക്, പ്ലംബിംഗ്, ഇലക്ട്രോണിക്സ് വർക്കുകൾകൂടി നടത്തിയതിനുശേഷം മാത്രം പ്ലാസ്റ്ററിംഗ് നടത്തിയാൽ മതി എന്ന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ കെട്ടിട നിർമ്മാണം, സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഇലക്ട്രോണിക്സ്, ലിഫ്റ്റ് എന്നീ വർക്കുകൾ ഏകോപിപ്പിച്ചുതന്നെയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

## ചാലക്കുടി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്

29(2625) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പി.ഡബ്ള്യു.ഡി. റസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം കൂടി പൂർത്തീകരിച്ചതോടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ വൻവികസനം കൈവരിച്ച പ്രസ്തുത റസ്റ്റ് ഹൗസിന്റെ ഗ്രേഡ് ഉയർത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) പുതിയ തസ്തികകൾ അംഗീകരിച്ച് നിയമന ഉത്തരവ് വരുന്നത് വരെയുള്ള കാലയളവിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ അനുമതിയും നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം ഉടനെ പരിശോധിക്കുന്നതാണ്.

## പാണ്ടിക്കാട് റസ്റ്റ് ഹൗസിന്റെ കെട്ടിട നിർമ്മാണം

30(2626) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ പാണ്ടിക്കാട് റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ എന്നിവ ചെയ്യുന്നതിനുവേണ്ടി പ്രൈസ് സോഫ്റ്റ്‌വെയർ ഐ.ഡി. നമ്പർ 2016/8392 പ്രകാരം 1,60,000 രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ടി നിർമ്മാണ സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തിയായതിനുശേഷം പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം വഴി പ്ലാൻ തയ്യാറാക്കി സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കേണ്ടതുണ്ട്. ഇവ ലഭ്യമായതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയതിനുശേഷം കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും.

(സി) ടി പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമായതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മാത്രമെ നിർമ്മാണ ചെലവ് എത്ര രൂപയാണെന്ന് വ്യക്തത ഉണ്ടാവുകയുള്ളൂ.

## കാട്ടാക്കടയിൽ റസ്റ്റ് ഹൗസ്

31(2627) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി പഞ്ചായത്തുവക ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) റസ്റ്റ് ഹൗസ് നിർമ്മാണത്തിനുള്ള മാസ്റ്റർപ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാട്ടാക്കട പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ് പണിയുന്നതിനുള്ള സ്ഥലം ആർക്കിടെക്റ്റിനൊപ്പം എഞ്ചിനീയർമാർ സന്ദർശിക്കുകയും സ്ഥലം അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഞ്ചായത്ത് അധികൃതർ ഈ സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) പഞ്ചായത്തുവക ഭൂമി സർക്കാരിൽ നിന്നും അനുമതി വാങ്ങി പൊതുമരാമത്ത് വകുപ്പിനു കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) സ്ഥലം കിട്ടുന്ന മുറയ്ക്ക് ആർക്കിടെക്ചറൽ പ്ലാനും മറ്റ് അനുബന്ധ നടപടികളും സ്വീകരിക്കുന്നതാണ്.

**മലപ്പുറം ഫ്ലൈഓവർ നിർമ്മാണ നടപടികൾ**

32(2628) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തെ ബജറ്റിൽ 50 കോടി രൂപ ചെലവിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച മലപ്പുറം ഫ്ലൈഓവർ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കാമോ;

(ബി) ആർ.ബി.ഡി.സി.കെ. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗതാഗത മന്ത്രാലയത്തിലേക്ക് നിരാക്ഷേപ പത്രത്തിനായിട്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ടുമുഖേനയുള്ള മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ഫ്ലൈ ഓവർ നിർമ്മാണത്തിന് 10-7-2017-ലെ ജി.ഒ. (ആർ.റ്റി) നമ്പർ. 942/2017/ പി.ഡബ്ല്യൂ.ഡി. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിട്ടുണ്ട്. ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന്

ആർ.ബി.ഡി.സി.കെ. M/s. EI Technologies, Bangalore എന്ന സ്ഥാപനത്തെ 7-5-2018-ൽ നിയമിച്ചിട്ടുണ്ട്. 120 ദിവസമാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കാലാവധി.

(ബി) ആർ.ബി.ഡി.സി.കെ. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

(സി) കേന്ദ്ര ഗതാഗത മന്ത്രാലയത്തിലേക്ക് നിരാക്ഷേപ പത്രത്തിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

### കരമന-വെള്ളറട റോഡ് വികസനം

33(2629) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-വെള്ളറട റോഡ് വികസനത്തിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് വികസനത്തിന്റെ ഭാഗമായി ഏതൊക്കെ ജംഗ്ഷനുകളാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് ; ആയതിന്റെ അളവുകൾ വിശദമാക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കരമന-വെള്ളറട റോഡ് സ്ഥലമേറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന്, ഭൂമി ഏറ്റെടുക്കുന്നതിനായി 15-2-2016-ലെ G.O(Rt) No.335/2016/PWD ഉത്തരവ് പ്രകാരം 5054-04-337-80 എന്ന ബജറ്റ് ഹെഡിൽനിന്ന് 21.44 കോടി രൂപ ഭരണാനുമതി ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിന് കരമന മുതൽ വെള്ളറട വരെയുള്ള 35.50 കി.മീ. ദൂരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കരമന മുതൽ കുണ്ടമൺകടവ് പാലം വരെയുള്ള ആദ്യത്തെ 5.100 കി.മീ. ദൂരം പുതിയ റീസർവ്വേ പ്രകാരമുള്ള പുതുക്കിയ റിക്വസിഷൻ ഫാറം ജില്ലാ കളക്ടർക്ക് 15-5-2018-ൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി വരുന്ന 5.00 കി. മീറ്റർ മുതൽ 35.50 കി.മീ. വരെയുള്ള ഭാഗത്തിന്റെ റിക്വസിഷൻ ഫാറം ജില്ലാ കളക്ടർക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കരമന, പൂജപ്പുര, തിരുമല, വലിയവിള, പേയാട്, മലയിൻകീഴ്, കാട്ടാക്കട, ഒറ്റശേഖരമംഗലം, ചെമ്പൂര്, വെള്ളറട എന്നീ ജംഗ്ഷനുകളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കരമന ജംഗ്ഷൻ നിലവിലെ വീതിയിലും, പൂജപ്പുര, തിരുമല, മലയിൻകീഴ്, കാട്ടാക്കട എന്നീ ജംഗ്ഷനുകൾ 20.00 മീറ്റർ വീതിയിലും പേയാട് ജംഗ്ഷൻ 18.00 മീറ്റർ വീതിയിലും, വലിയവിള, ഒറ്റശേഖരമംഗലം, ചെമ്പൂര്, വെള്ളറട എന്നീ ജംഗ്ഷനുകൾ 16.00 മീറ്റർ വീതിയിലുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിനുവേണ്ടി ഡയറക്ട് പർച്ചേസ് സമ്പ്രദായത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കി വരുന്നു. നിലവിലെ ഷെഡ്യൂൾഡ് ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് പാക്കേജ് പ്രകാരമുള്ള ലാന്റ് അക്വിസിഷൻ ശിപാർശകൾ തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മലയോര ഹൈവേയുടെ അങ്കമാലി മണ്ഡലത്തിലെ സ്ഥിതി**

34 (2630) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലൂടെയാണ് കടന്ന് പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഹൈവേയുടെ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഡിവിഷന്റെ പരിധിയിൽവരുന്ന വെറ്റിലപ്പാറ മുതൽ കാടപ്പാറ വരെ പ്രദേശത്ത് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചു. പ്രവൃത്തി നിർവ്വഹിക്കുന്നതിനായി സ്ഥലത്ത് സർവ്വേ ആരംഭിച്ചപ്പോൾ ഫോറസ്റ്റ് അധികൃതർ തടയുകയും തുടർന്ന് ഫോറസ്റ്റിൽനിന്ന് എൻ.ഒ.സി. ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയുക്ത പരിശോധനയ്ക്ക് വനം വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) അയ്യമ്പുഴ, മലയാറ്റൂർ.

(സി) ഇല്ല.

(ഡി) വനം വകുപ്പിൽനിന്നും NOC ലഭിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി സംയുക്ത പരിശോധനയ്ക്ക് വനം വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**തിരുമല-തൃക്കണ്ണാപുരം റോഡ് വികസനം**

35(2631) <u>ശ്രീ .ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 85% സ്ഥലം ഏറ്റെടുത്തെങ്കിലും ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക ഉണ്ടായിട്ടും നടപടികൾ മുന്നോട്ട് പോകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നേമം നിയോജകമണ്ഡലത്തിലെ തിരുമല മുതൽ തൃക്കണ്ണാപുരം പാലം വരെ 274.91 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 18-10-2005-ലെ സ.ഉ. (സാധാ.) നമ്പർ 949/2005/പൊ.മ.വ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 211.41 ആർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി വരുന്ന 63.50 ആർ സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതായിട്ടുണ്ട്. 5-3-2013-ലെ സ.ഉ. (സാധാ.) നമ്പർ 1200/13/ആർ.ഡി. പ്രകാരം 76 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ആകെ നീളം 3.300 കി.മീ. ആണ്. ഇപ്പോൾ നിലവിലുള്ള 8 മീറ്റർ റോഡിനെ 15 മീറ്റർ വീതിയിലാക്കുന്നതിനാണ് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നത്. തിരുമല മുതൽ തൃക്കണ്ണാപുരം വരെ അഞ്ചു ഭാഗങ്ങളായി തിരിച്ചാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടത്തിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ള സ്ഥലങ്ങളിലെ ചമയങ്ങളുടെ ലേലനടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടുവരുന്ന കടകളിൽ കച്ചവടം നടത്തുന്നവർക്ക് പുനരധിവാസ പാക്കേജ് നൽകിയിട്ടുള്ള കടകൾ പൊളിച്ച് നീക്കം ചെയ്തിട്ടുണ്ട്. ഇനിയും ഏറ്റെടുക്കാനുള്ള സ്ഥലങ്ങൾ റവന്യൂ ഉദ്യോഗസ്ഥരുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും, അതിൻ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരികയുമാണ്. ഇതുമായി

ബന്ധപ്പെട്ട് കണ്ടിജൻസി ചെലവുകൾക്കായി 25 ലക്ഷം രൂപ തഹസീൽദാർക്ക് നൽകിയിട്ടുള്ള തുകയിൽനിന്നും ചെലവഴിക്കുന്നതിനായുള്ള അനുമതിയും നൽകിയിട്ടുണ്ട്. പുതിയ റിക്വിസിഷൻ പ്രകാരം റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും തിരുമല മുതൽ തൃക്കണ്ണാപുരം വരെ വരുന്ന കടകളിലെ കച്ചവടക്കാർക്ക് ആനുകൂല്യവും നൽകുന്നതോടുകൂടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയാകുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ നിർമ്മാണ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

## കൊല്ലം-ആശ്രാമം ലിങ്ക് റോഡ് നിർമ്മാണം

36(2632) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം ജില്ലയിൽ എസ്.ഇ.റ്റി. എൻജിനീയറിംഗ് കോളേജിന് നൽകിയ ഭൂമി റോഡ് വികസനത്തിനായി പൊതുമരാമത്ത് ദേശീയപാതാ വിഭാഗം ഏറ്റെടുത്തിട്ട് നഷ്ടപരിഹാരം നൽകിയില്ലെന്ന കാരണത്താൽ കൊല്ലം ജില്ലയിൽ ആശ്രാമം ലിങ്ക് റോഡ് നിർമ്മാണത്തിന് ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ട് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച അപേക്ഷയിൽ (ഫയൽ നമ്പർ ഡി1/312/2017/ഗതാഗതം) ഭൂമി വിട്ട് നൽകേണ്ടതില്ലെന്ന് തീരുമാനിച്ച കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്രാമം ലിങ്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിക്കും.

## മാമൂട് റോഡിന്റെ പുനരുദ്ധാരണം

37 (2633) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട്ട് മാമൂട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ജോലി ഇതുവരെ ആരംഭിക്കാത്തതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) അടിയന്തരമായി ഈ പ്രവൃത്തി നടത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പായിപ്പാട്ട് മാമൂട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 1.50 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി-ഇ) നിലവിലുള്ള പ്രവൃത്തി കരാറുകാരൻ ആരംഭിക്കാത്തതുകൊണ്ട് ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്തിട്ടുണ്ട്. ടി കരാറുകാരൻ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസിലെ ഉത്തരവിന് വിധേയമായി മാത്രമെ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**അരൂർ മണ്ഡലത്തിലെ സർക്യൂട്ട് ടൂറിസം റോഡ്**

38(2634) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-3-2018-ൽ ചേർന്ന യോഗത്തിൽ മന്ത്രി നിർദ്ദേശിച്ച അരൂർ മണ്ഡലത്തിലെ സർക്യൂട്ട് ടൂറിസം റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള 50 കോടി രൂപയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഈ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഈ പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി ഇതിന്റെ ഭരണാനുമതി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സർക്യൂട്ട് ടൂറിസം റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പേരോട്-പാറക്കടവ് റോഡ്

39(2635) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ പേരോട്-പാറക്കടവ് റോഡ് നിർമ്മാണ പൂർത്തീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിലെ പേരോട്-പാറക്കടവ് റോഡ് പൂർത്തീകരണത്തിന് 698.65 ലക്ഷം രൂപയുടെ ലാൻഡ് അക്വിസിഷൻ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്തുവിഭാഗം കോഴിക്കോടിന്റെ കീഴിൽ തയ്യാറാക്കി വരുന്നു. വികസനത്തിന് 0.59 ഹെക്ടർ സ്ഥലം ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. പാർപ്പിട വാണിജ്യ കെട്ടിടത്തിന്റെ വിസ്തൃതി 792 സ്ക്വയർ മീറ്ററും ഓടുമേഞ്ഞ കെട്ടിടത്തിന്റെ വിസ്തൃതി 432 സ്ക്വയർ മീറ്ററും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(ബി) വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തൈക്കാട്-ചെങ്ങന്നൂർ സേഫ് കോറിഡോർ പദ്ധതി

40 (2636) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.സി. റോഡിൽ തൈക്കാട് - ചെങ്ങന്നൂർ സേഫ് കോറിഡോർ പദ്ധതി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) പദ്ധതിയിൽ ഏതെല്ലാം ജംഗ്ഷനുകളുടെ നവീകരണ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിലെ മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 28-12-2016-ന് ആരംഭിച്ചു.

(ബി) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന എം.സി. റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ. (SCDP) റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ 41% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഉപരിതലം പുതുക്കൽ 45.35 കി.മീ. ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്ക് ഡിസൈൻ, മാർക്കിംഗ് മുതലായവ M/s. NATPAC-നെ ഏൽപ്പിച്ചിട്ടുണ്ട്. അത് കിട്ടുന്നമുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

(സി) 1. വെട്ട്റോഡ് ജംഗ്ഷൻ
2. കാട്ടായിക്കോണം ജംഗ്ഷൻ
3. പോത്തൻകോട് ജംഗ്ഷൻ(3 ജംഗ്ഷനുകളായാണ് പരിഗണിക്കുന്നത്)
4. തൈക്കോട് ജംഗ്ഷൻ
5. വെഞ്ഞാറമൂട് ജംഗ്ഷൻ
6. കാരേറ്റ് ജംഗ്ഷൻ
7. കിളിമാനൂർ ജംഗ്ഷൻ
8. നിലമേൽ ജംഗ്ഷൻ
9. ചടയമംഗലം ജംഗ്ഷൻ
10. ആയൂർ ജംഗ്ഷൻ
11. ആയൂർ-കൊല്ലം ജംഗ്ഷൻ
12. വാളകം ജംഗ്ഷൻ
13. സദാനന്ദപുരം ജംഗ്ഷൻ

14. കരിക്കം ജംഗ്ഷൻ
15. മേഴ്സി ഹോസ്പിറ്റൽ ജംഗ്ഷൻ
16. കൊട്ടാരക്കര ജംഗ്ഷൻ
17. മൈലം ജംഗ്ഷൻ
18. കലയപുരം ജംഗ്ഷൻ
19. പുത്തൂർ മുക്ക് ജംഗ്ഷൻ
20. ലക്ഷംവീട് കോളനി ജംഗ്ഷൻ
21. കുളക്കട ജംഗ്ഷൻ
22. ഏനാത്ത് ജംഗ്ഷൻ
23. ഏനാത്ത്-വൈ ജംഗ്ഷൻ
24. വടക്കടത്ത്കാവ് ജംഗ്ഷൻ
25. നെല്ലിമൂട്ടിൽപടി ജംഗ്ഷൻ
26. അടൂർ റൗണ്ട് എബൗട്ട് ജംഗ്ഷൻ
27. ബൈപ്പാസ് എന്റ് ജംഗ്ഷൻ
28. ഹൈസ്കൂൾ ജംഗ്ഷൻ.

(ഡി) മുഴുവൻ പ്രവർത്തനങ്ങളും 26-4-2019-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി നടത്തിപ്പിനായി റോഡ് സേഫ്റ്റി സെൽ (പി.ഡബ്ല്യൂ.ഡി), NATPAC, ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (കേരള റോഡ് സേഫ്റ്റി അതോറിറ്റി) എന്നിവരുടെ നേതൃത്വത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

## വർക്കല എസ്.എൻ. മെഡിക്കൽസ്-പ്ലാവിള എക്സ്ചേഞ്ച് റോഡ്

41(2637) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നഗരസഭയിലെ എസ്.എൻ. മെഡിക്കൽസ്-പ്ലാവിള എക്സ്ചേഞ്ച് റോഡിന്റെ നിലവാരം ഉയർത്തുന്നതിനായി ഭരണാനുമതി നല്കിയതും, പ്രവൃത്തി ആരംഭിച്ചപ്പോൾ സ്വകാര്യ വ്യക്തി തർക്കം ഉന്നയിക്കുകയും ചെയ്ത വിഷയത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) വർക്കല നഗരസഭയിലെ എസ്.എൻ. മെഡിക്കൽസ്-പ്ലാവിള എക്സ്ചേഞ്ച് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രദേശവാസിയായ എസ്. സുകേന്ദു എന്നയാൾ തർക്കം ഉന്നയിക്കുകയും WP(C) No. 25948/2015(P) നമ്പരായി ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും ചെയ്തു. ടി ഹർജിയിൽ 5-4-2016-ന് ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ തൽസ്ഥിതി തുടരുന്നതിന് നിർദ്ദേശിച്ചതിനാൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല. ടി കേസിൽ നഗരസഭ സെക്രട്ടറി, പ്രദേശവാസികളായ രണ്ടുപേർ എന്നിവരാണ് എതിർകക്ഷികൾ. കേസിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കക്ഷിയല്ലാത്തതിനാൽ, വിഷയം പരിഹരിക്കണമെന്ന് നഗരസഭയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) WP(C) No. 25948/2015 നമ്പർ കേസിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കക്ഷിയല്ല. ആയതിനാൽ ടി കേസിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. ടി പ്രവൃത്തി പൂർത്തിയാക്കണമെന്ന ആവശ്യമുന്നയിച്ച് പ്രദേശവാസിയായ ശ്രീ. ഷാനവാസ് എന്നയാൾ WP(C) No. 5214/17 നമ്പരായി ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ സത്യവാങ്മൂലം 15-3-2017-ൽ അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

## ഇരവിപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ

42(2638) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ ഏതെല്ലാം റോഡുകളാണുള്ളതെന്നും പ്രസ്തുത റോഡുകൾക്ക് എത്ര കിലോമീറ്റർ ദൈർഘ്യമുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിലവിലെ അവസ്ഥ എന്താണെന്നും അവയിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ട റോഡുകൾ ഉണ്ടെങ്കിൽ അവ ഏതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽ 67.920 കി.മീ. ദൈർഘ്യമുള്ള 34 പ്രധാനപ്പെട്ട (MDR) റോഡുകളാണുള്ളത്. റോഡുകളുടെ വിശദവിവരവും, നിലവിലെ അവസ്ഥയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**അങ്കമാലി-കൊച്ചി വിമാനത്താവളം ബൈപ്പാസ്**

43 (2639) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി- കൊച്ചി വിമാനത്താവളം ബൈപ്പാസിന് എന്നാണ് ഈ സർക്കാർ പുതുക്കിയ ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കേണ്ട ചുമതല ആർക്കാണെന്നും നാളിതുവരെയായി അവർ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2-6-2017-ൽ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും നിരവധി തവണ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനം എടുത്തിട്ടും നാളിതുവരെയായി ഈ പ്രവൃത്തിയുടെ ടെണ്ടർ ചെയ്യുവാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അങ്കമാലി-കൊച്ചി വിമാനത്താവളം ബൈപ്പാസിന് 2016-17 ബജറ്റിൽ കിഫ്ബി മുഖേന നിർമ്മാണത്തിന് 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതിരേഖ (DPR) പ്രകാരം ഈ പദ്ധതിക്ക് 390.68 കോടി രൂപ ആവശ്യമാണെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2-6-2017-ലെ സ.ഉ. (സാധാ.) നമ്പർ. 771/2017/പൊ.മ.വ ഉത്തരവ് പ്രകാരം 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 27-9-2016-ലെ സ.ഉ. (സാധാ.) നമ്പർ. 1324/2016/പൊ.മ.വ. ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ-യെ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയുണ്ടായി. അതിൻപ്രകാരം ആർ.ബി.ഡി. സി.കെ. 45 മീ. വീതിയിൽ ആറുവരിയിൽ പ്രസ്തുത ബൈപ്പാസിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും 16-12-2017-ൽ കരയാംപറമ്പ് മുതൽ അങ്കമാലി (ഫേസ് 1) വരെയുള്ള അലൈൻമെന്റ്, കിഫ്ബി മാനദണ്ഡപ്രകാരം 25 മീ. വീതിയിൽ നാലുവരിയാക്കി ചുരുക്കുകയും പുതുക്കിയ റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും 190.16 കോടി രൂപയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് (ഫേസ് 1) ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി 19-3-2018-ൽ ജില്ലാ കളക്ടർക്ക് റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതാണ്. എൽ.എ-യുമായി ബന്ധപ്പെട്ട തുടർനടപടികൾ പുരോഗമിക്കുന്നു.

(സി&ഡി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായതിനുശേഷം മാത്രമെ സാങ്കേതികാനുമതി, ടെണ്ടർ മുതലായ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## ചെർക്കള-ജാൽസൂർ റോഡിലെ മരങ്ങൾ

44 (2640) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെർക്കള-ജാൽസൂർ സംസ്ഥാന പാതയോരത്ത് മരങ്ങൾ റോഡിലേക്ക് വീണ് അപകടങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അപകടസാധ്യതയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് വനം വകുപ്പുമായി ചേർന്ന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ സംയുക്ത പരിശോധനയിലൂടെ, അപകട സാധ്യത വരുത്തുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അപകടാവസ്ഥയിലുള്ള മരങ്ങൾ/ശാഖകൾ മുറിച്ചുമാറ്റുന്നതിന് വേണ്ടി മരങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കാസർഗോഡിന് അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ അതീവ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് എസ്.എൽ.ടി.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി 2 ലക്ഷം രൂപയുടെ പ്രവൃത്തി പുനർദർഘാസ് ചെയ്തിട്ടുണ്ട്.

## ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർപാസ്സേജ് നിർമ്മാണം

45(2641) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിൽ ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർപാസ്സേജ് നിർമ്മാണം ആഴ്ചകളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വീസ് റോഡിൽ ഒരു ഭാഗത്തെ ഗതാഗതം നിർത്തി ഗതാഗതം ഒരു വരിയാക്കി നിയന്ത്രിച്ച് ആരംഭിച്ച അണ്ടർ പാസ്സേജ് നിർമ്മാണം നിലച്ചതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സർവ്വീസ് റോഡ് താഴ്ന്നിയ ഭാഗത്ത് വലിയ വെള്ളക്കെട്ട് ഉള്ളത് അപകടം ക്ഷണിച്ചുവരുത്തും എന്നതിനാലും അടിയന്തരമായി നിർമ്മാണം പുനരാരംഭിക്കുന്നതിനും സമയപരിധിക്കുള്ളിൽ തന്നെ അണ്ടർ പാസ്സേജിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വീസ് റോഡിന്റെ ഒരു ഭാഗം അടച്ച് ഗതാഗതം നിയന്ത്രിച്ച് നിർമ്മാണം എത്രയുംവേഗം തീർക്കുന്നതിനുള്ള നിർദ്ദേശം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കേരളത്തിലെ റീജിയണൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

## വാഴക്കാട് ജംഗ്ഷൻ വിപുലീകരണം

46(2642) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ സംസ്ഥാന പാതയിലെ വാഴക്കാട് ജംഗ്ഷനിൽ ഇടക്കിടെ വാഹനാപകടങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് ഈ ജംഗ്ഷനിലെ റോഡിൽ ഡിവൈഡർ സ്ഥാപിച്ച് ഗതാഗത നിയന്ത്രണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഡിവൈഡർ സ്ഥാപിക്കുന്നതിനും ജംഗ്ഷൻ വിപുലീകരിക്കുന്നതിനും ആവശ്യമായ തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം പത്ത് വർഷങ്ങൾക്കുമുമ്പ് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ സംസ്ഥാന പാതയിലെ വാഴക്കാട് ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിച്ചതുമൂലം രാത്രികാലങ്ങളിൽ അപകടങ്ങൾ പതിവായതിനെത്തുടർന്ന് പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഡിവൈഡർ നീക്കംചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ഥലത്തെ ടോപ്പോഗ്രാഫിക് സർവ്വേ നടത്തിയതിൻ പ്രകാരം ജംഗ്ഷൻ വികസനത്തിനായി സ്വകാര്യ വ്യക്തികളുടേയും, വനം വകുപ്പിന്റെയും സ്ഥലം ആവശ്യമായി വരുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വനം വകുപ്പിന്റെ ഭൂമി വിട്ടുകിട്ടുന്നതിനുവേണ്ട നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

## പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡ് നവീകരണം

47(2643) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാവങ്ങാട്-ഉള്ള്യേയേരി-കുറ്റ്യാടി-ചൊവ്വ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നറി യിക്കാമോ?

ഉത്തരം

നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2016-17-ലെ കിഫ്ബി പ്രവൃത്തിയായി ഉൾപ്പെടുത്തി 1-11-2016-ലെ സ.ഉ. (സാധാ) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം പുറക്കാട്ടിരി-അണ്ടിക്കോട്-ഉള്ള്യേരി റോഡിന് (ക്രമ നം.58) 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. 2017-18-ലെ കിഫ്ബി പ്രവൃത്തിയായി ഉൾപ്പെടുത്തി 10-7-2017-ലെ സ.ഉ. (സാധാ)നം.942/2017/പൊ.മ.വ പ്രകാരം PUK Road-ന് (ക്രമ നമ്പർ 26) 50 കോടി രൂപയ്ക്കും, PUKC Road-Ullyeri Road-ന് (ക്രമ നമ്പർ 27) 20 കോടി രൂപയ്ക്കും തത്വത്തിൽ അനുമതി നൽകിയിരുന്നു. 2017-18-ലെ കിഫ്ബിയിൽ ഉൾപ്പെട്ട ഈ രണ്ട് പ്രവൃത്തികളും (ക്രമ നമ്പർ 26, 27) ഒരേ റോഡിന്റെ ഒരേ ഭാഗമാണ്. ആയതിനാൽ PUKC Road-Ullyeri Road (ക്രമ നമ്പർ 27) എന്ന പ്രവൃത്തിയുടെ ആവശ്യമില്ല. എന്നാൽ 2016-17-ലെ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയും (ക്രമ നമ്പർ 58) 2017-18-ൽ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയും (ക്രമ നമ്പർ 26, 27) ഒരേ റോഡിലെ വിവിധ ഭാഗങ്ങളാണ്. 2016-17-ലെ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിന് നൽകുകയും ആയതിൻ

പ്രകാരം 20 M വീതിയിൽ റോഡ് നിർമ്മിക്കുന്നതിനായി കരട് അലൈൻമെന്റ് പരിശോധനയ്ക്കായി 11-4-2018-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്ത് വിഭാഗം കോഴിക്കോടിന് നൽകുകയും ചെയ്തു. 28-5-2018-ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം കത്ത് പ്രകാരം 15 M വീതിയിൽ അലൈൻമെന്റ് പുതുക്കി നൽകണമെന്ന് ആവശ്യപ്പെടുകയും പ്രസ്തുത പുതുക്കിയ അലൈൻമെന്റ് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കി വരികയുമാണ്. പുതുക്കിയ അലൈൻമെന്റ് പ്രകാരം പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സാമ്പത്തികാനുമതിക്ക് സമർപ്പിക്കുന്നതാണ്. 2017-18-ലെ കിഫ്ബി പ്രവൃത്തിയായി ഉൾപ്പെടുത്തിയ PUK Road (ക്രമ നം.26) ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

## വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ റീടാറിംഗ്

48 (2644) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ റീടാറിങ്ങ് പ്രവൃത്തികൾക്ക് പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;എങ്കിൽ തുക എത്രയെന്നും ഏത് ഏജൻസി മുഖാന്തരമാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയിലുൾപ്പെടുത്തി വൈപ്പിൻ-മുനമ്പം സംസ്ഥാന പാതയുടെ വികസനത്തിനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി തയ്യാറാക്കിവരുന്നു.

(ബി) 10-11-2017-ലെ സ.ഉ. (സാധാ) നമ്പർ 1675/2017/പൊ.മ.വ. പ്രകാരം സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ-മുനമ്പം റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. അത് പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**കഴക്കൂട്ടം-അടൂർ സേഫ് കോറിഡോർ**

49(2645) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കഴക്കൂട്ടം-അടൂർ സേഫ് കോറിഡോർ റോഡിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന എം.സി. റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ (SCDP) റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ 41% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഉപരിതലം പുതുക്കൽ 45.35 കി.മീ. ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്ക് ഡിസൈൻ, മാർക്കിംഗ് മുതലായവ M/s NATPAC-നെ ഏല്പിച്ചിട്ടുണ്ട്. അത് കിട്ടുന്നമുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

(ബി) 26-4-2019-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 146,67,38,745 രൂപയാണ്.

**മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നിർമ്മാണം**

50(2646) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നിർമ്മാണത്തിനും കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുന്നതിനുമായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഗതാഗതത്തിരക്കുള്ള ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നിർമ്മാണത്തിനും, കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുന്നതിനും കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയുടെ ഫോർ ലൈൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതിയ്ക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ഒറ്റപ്പാലം ബൈപ്പാസ് റോഡ്**

51(2647) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം ബൈപ്പാസിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അതിനായി എന്തെല്ലാം പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഏറ്റെടുക്കപ്പെടേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡിന്റെ ഡി.പി.ആർ. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി 26-2-2018-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ 15-5-20108-ലെഉത്തരവ് നമ്പർ PWD 003-04-PA-07 തീയതി പ്രകാരം പദ്ധതിക്ക് 78.05 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി&സി) സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ല. ഇതിനായുള്ള റിക്വസിഷൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. റിക്വസിഷൻ സമർപ്പിച്ചതിന് ശേഷം റവന്യൂ സർവ്വേ നടപടികൾ പൂർത്തിയായാലേ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

## നോർത്ത് കാരശ്ശേരി-തേക്കുംകുറ്റി-മരഞ്ചാട്ടി-കക്കാടംപൊയിൽ റോഡ്

52 (2648) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർത്ത് കാരശ്ശേരി-തേക്കുംകുറ്റി-മരഞ്ചാട്ടി-കക്കാടംപൊയിൽ റോഡ് നിർമ്മാണത്തിന് സെൻട്രൽ റോഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡിന് സെൻട്രൽ റോഡ് ഫണ്ട് ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) 2018-19, വർഷത്തിൽ കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക തയ്യാറാക്കിവരുന്നു. പ്രസ്തുത പട്ടികയിൽ നോർത്ത് കാരശ്ശേരി-തേക്കുംകുറ്റി-മരഞ്ചാട്ടി-കക്കാംപൊയിൽ റോഡ് ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

## കുമ്പളങ്ങി-കണ്ടക്കടവ് റോഡ്

53 (2649) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി-കണ്ടക്കടവ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) നിർമ്മാണം അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്ന കുമ്പളങ്ങി-കണ്ടക്കടവ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(ബി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന് അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി, ഭൂമി ഏറ്റെടുക്കൽ നടപടികൾ, സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവ പൂർത്തീകരിച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## കോഴിക്കോട്-കാരപ്പറമ്പ്-ബാലുശ്ശേരി റോഡിന്റെ നവീകരണ പ്രവൃത്തി

54(2650) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-കാരപ്പറമ്പ്-ബാലുശ്ശേരി റോഡിന്റെ ശോചനീയവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 11-12-2016-ലെ സ.ഉ. (സാധാ.) നമ്പർ 1687/2016/പൊ.മ.വ. പ്രകാരം ടി റോഡിന്റെ വികസന പ്രവൃത്തി നടപ്പിലാക്കുന്നതിന് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയെ പ്രത്യേക ദൗത്യസ്ഥാപനമായി നിയോഗിച്ചുകൊണ്ടും, ആയതിലേയ്ക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി-ക്ക് സമർപ്പിച്ച് അംഗീകാരവും ധനസഹായവും നേടുന്നതിനും ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. അതിൻ പ്രകാരം കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ പുതരുദ്ധാരണത്തിന് റിക് (RICK) മുഖേന തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 21-12-2017-ലെ ഉത്തരവ് നമ്പർ APR-2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന്റെ 88.92 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചശേഷം അതിർത്തി കല്ലിടുന്ന ജോലി ആരംഭിക്കുന്നതാണ്.

(സി) സാധാരണ നടപടിക്രമങ്ങൾമൂലമുള്ള കാലതാമസം മാത്രമെ ഉണ്ടായിട്ടുള്ളൂ.

(ഡി) നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## കോതമംഗലത്തെ റോഡ് പുനരുദ്ധാരണത്തിന് ഫണ്ട്

55 (2651) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യ.ഡി.റോഡാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് തന്നെ ഏറ്റവുംകൂടുതൽ കിലോമീറ്റർ പി.ഡബ്ല്യ.ഡി. റോഡുകളുള്ള മണ്ഡലങ്ങളിൽ ഒന്നായ കോതമംഗലത്തിന് റോഡ് പുനരുദ്ധാരണത്തിനും മെയ്ന്റനൻസിനും ഫണ്ട് അനുവദിക്കുമ്പോൾ വളരെ കുറച്ച് കിലോമീറ്റർ മാത്രം റോഡുള്ള മറ്റ് മണ്ഡലങ്ങളിൽ അനുവദിക്കുന്ന തുകയ്ക്ക് സമാനമായ തുക മാത്രമെ അനുവദിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണ്ഡലത്തിലെ പി.ഡബ്ല്യ.ഡി. റോഡുകളുടെ ദൈർഘ്യത്തിന് ആനുപാതികമായി കൂടുതൽ തുക ഇനിയുള്ള വർഷങ്ങളിൽ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ 451.44 കിലോമീറ്റർ പി.ഡബ്ല്യ.ഡി. റോഡാണുള്ളത്.

(ബി&സി) റോഡ് പുനരുദ്ധാരണത്തിനും മെയിന്റനൻസിനും ഫണ്ട് അനുവദിക്കുന്നതിന് റോഡുകളുടെ ശോചനീയാവസ്ഥയും, ആവശ്യകതയും, ദൈർഘ്യവുമാണ് പരിഗണിച്ചിട്ടുള്ളത്.

## അട്ടപ്പാടിയിൽ മലയോര ഹൈവേയുടെ റൂട്ട്

56 (2652) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി റൂട്ടിൽ 18 കിലോമീറ്റർ ലാഭിക്കാവുന്ന മണ്ണാർക്കാട് റോഡിൽ നിന്നും ചിറയ്ക്കൽപ്പടി വഴി ഉളിക്കടവ് റോഡ് മലയോര ഹൈവേയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ റോഡ് നിലവിൽ മലയോര ഹൈവേയുടെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) മണ്ണാർക്കാട് റോഡിൽനിന്നും ചിറയ്ക്കൽപ്പടി വഴി റോഡ് നിലവിൽ നിർദ്ദിഷ്ട മലയോര ഹൈവേയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പരിഗണനയിലില്ല. മലയോര ഹൈവേയുടെ നിലവിലെ അലൈൻമെന്റിൽ ഉൾപ്പെടുത്താത്തതുകൊണ്ട് പ്രസ്തുത റോഡിനെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമല്ല.

**ഒറ്റപ്പാലത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളിലെ കയ്യേറ്റങ്ങൾ**

57 (2653) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, കച്ചവടക്കാർ എന്നിവർ കയ്യേറുകയോ സ്വന്തം ഭൂമിയോട് ചേർക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡുകളിൽ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; ഓരോ കയ്യേറ്റവും ഒഴിപ്പിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള മംഗലം-മുരുക്കുംപറ്റ റോഡിൽ പുതിയ പെട്രോൾ പമ്പ് തുടങ്ങിയ വ്യക്തി കയ്യേറിയ ഭാഗം ഒഴിപ്പിച്ചിട്ടുണ്ട്. പാലക്കാട്-പൊന്നാനി റോഡിൽ ഒറ്റപ്പാലം മുതൽ പത്തിരിപ്പാല വരെയുള്ള റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ അധികൃതരുടെ സഹകരണത്തോടെ കയ്യേറിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ട്. ഒറ്റപ്പാലം-പത്തിരിപ്പാല റോഡിൽ 19-ാം മൈലിൽ പുതിയ പെട്രോൾ പമ്പിനുമുൻവശം കയ്യേറിയ സ്ഥലം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. അമ്പലപ്പാറ ടൗണിലും മംഗലാംകുന്ന് സെന്ററിലും കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി അതിർത്തി നിർണ്ണയിച്ചുതരുന്നതിന് താലൂക്ക് സർവ്വേയർക്ക് കത്ത് നൽകിയിട്ടുണ്ട്.

## വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണം

58 (2654) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ റോഡുകളുടെ നവീകരണത്തിനായി 2015 മേയ് മുതൽ 2018 മേയ് വരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്നും ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പകർപ്പുകൾ സഹിതം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2015 മുതൽ 2018 വരെ എസ്.എൽ.റ്റി.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്ന കോട്ടശേരിയറ-ഇല്ലത്ത് മാട് റോഡിന്റെ സാങ്കേതികാനുമതി നീണ്ടു പോകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ 2015 മേയ് മുതൽ 2018 മേയ് വരെ ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെ വിശദ വിവരങ്ങളും, ഭരണാനുമതി നൽകിയിട്ടുള്ള ഉത്തരവിന്റെ പകർപ്പുകളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2015-മുതൽ 2018 വരെ എസ്.എൽ.റ്റി.എഫ്-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെയും ഉത്തരവുകളുടെയും വിശദ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) കോട്ടശേരിയറ-ഇല്ലത്ത് മാട് റോഡിന്റെ പുനരുദ്ധാരണം KIIFB മുഖാന്തരം നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും KIIFB ഇതുസംബന്ധിച്ചുള്ള അധിക വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ കിഫ്ബി.ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പൊതുമരാമത്ത് റോഡിന് കുറുകെ പണിയുന്ന കാന**

59 (2655) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കലൂർ പി.വി.എസ്. ഹോസ്പിറ്റലിന് മുൻവശമുള്ള പൊതുമരാമത്ത് റോഡിന് കുറുകെ പണിയുന്ന കാനയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി എന്നാണ് അവസാനിക്കുന്നത്; ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടി പ്രവൃത്തിയുടെ ഭാഗമായി കെ.എസ്.ഇ.ബി.യുടെ ലൈനും, ജല വിഭവ വകുപ്പിന്റെ പൈപ്പുകളും മാറ്റിവയ്ക്കേണ്ടിയിരുന്നു. ആയതിൽ 300 mm പൈപ്പും, കെ.എസ്.ഇ.ബി.യുടെ ലൈനും മാറ്റി കിട്ടാനുള്ള താമസംമൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടു. ജലവിഭവവകുപ്പിന്റെ 600 mm പൈപ്പ് മാറ്റിയിടുന്ന ജോലി ഇനിയും പൂർത്തീകരിക്കുവാനുണ്ട്.

(ബി) എഗ്രിമെന്റ് പ്രകാരം നിർമ്മാണ കാലാവധി 9 മാസമാണ്. ടി പ്രവൃത്തിയുടെ കാലാവധി 31-8-2017 വരെ നീട്ടിയിരുന്നു. 3,70,91,578 രൂപയാണ് ടി പ്രവൃത്തിയുടെ കരാർ തുക.

(സി) ജലവിഭവ വകുപ്പിന്റെ പൈപ്പ് മാറ്റി സ്ഥാപിച്ചു കഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തി മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

**അട്ടക്കുളങ്ങര ബൈപ്പാസ് ജംഗ്ഷനിലെ അനധികൃത വാഹന പാർക്കിംഗ്**

60 (T *2656) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറ്റവും തിരക്കേറിയതും പ്രധാനപ്പെട്ടതുമായ അട്ടക്കുളങ്ങര ബൈപ്പാസ് ജംഗ്ഷൻ മുതൽ മണക്കാട് വഴി കമലേശ്വരം വരെ റോഡിന് ഇരുവശവുമുള്ള അനധികൃത വാഹന പാർക്കിംഗ് കാരണം യാത്രക്കാർക്ക് ഉണ്ടാകുന്ന ഇന്ധന നഷ്ടം,സമയ നഷ്ടം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) റോഡിന്റെ വശങ്ങളിൽ അനധികൃത പാർക്കിംഗിന് പിഴ ഈടാക്കുന്നുണ്ടെങ്കിലും അത് ഫലപ്രദമല്ലാത്തതിനാൽ പ്രസ്തുത റോഡ് മോഡൽ റോഡിന്റെ തുടർച്ചയാക്കി വാഹനയാത്ര സൗകര്യപ്രദമാക്കുന്നതിന് പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അട്ടക്കുളങ്ങര ബൈപ്പാസ് ജംഗ്ഷൻ മുതൽ മണക്കാട് വഴി കമലേശ്വരം വരെയുള്ള റോഡ് മോഡൽ റോഡിന്റെ തുടർച്ചയാക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണയിലില്ല.

**ഇംപ്രൂവ്മെന്റ് ഓഫ് വേരിയസ് റോഡ്സ് ഇൻ കുട്ടമ്പുഴ**

61 (2657) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16-ൽ ഒ.ടി.എം. സ്കീം പ്രകാരം കോതമംഗലം മണ്ഡലത്തിൽ ഇംപ്രൂവ്മെന്റ് ഓഫ് വേരിയസ് റോഡ്സ് ഇൻ കുട്ടമ്പുഴ എന്ന പേരിൽ 5 പ്രവൃത്തികൾ അനുവദിച്ചിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ ഒരു പ്രവൃത്തി മാത്രമേ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാക്കി 4 പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഇ) ആരംഭിച്ചിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതും സ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച തർക്കവും മൂലമാണ് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാഞ്ഞത്. വനം വകുപ്പിന്റെ അനുമതി ലഭിച്ച പ്രവൃത്തിക്ക് മെറ്റലിംഗ് &ടാറിംഗ് മാറ്റി കോൺക്രീറ്റ് ഐറ്റം ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ പുനരാരംഭിക്കുവാൻ സാധിക്കുന്നതാണ്.

(ഇ) ആരംഭിച്ചിട്ടുള്ള പ്രവൃത്തി റീറ്റെയിനിംഗ് വാൾ കെട്ടി, സെക്ഷൻ ചെയ്ത്, മെറ്റൽ സപ്ലൈ പൂർത്തീകരിച്ചിട്ടുണ്ട്. നവംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മാനന്തവാടിയിൽനിന്നും കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ

62 (2658) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ അനുബന്ധ റോഡുകൾ ഏതെല്ലാം; ആയതിന്റെ പ്രവർത്തനപുരോഗതി വ്യക്തമാക്കാമോ; റോഡുകളുടെ വീതി എത്രയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) മാനന്തവാടിയിൽനിന്നും കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; റോഡ് വീതി, റോഡ് ഏരിയ എന്നിവ എത്രയാണ് എന്ന് അറിയിക്കാമോ;

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ?

ഉത്തരം

(എ-സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നരീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30-12-2017-ലെ സ.ഉ (കൈ.) നമ്പർ 74/2017/പൊ.മ.വ പ്രകാരം അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത 6 റോഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## അരുവിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

63 (2659) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള എത്ര റോഡുകളാണ് ഉള്ളത്; ഇവയുടെ ആകെ ദൈർഘ്യം എത്രയാണ്; ഇവയിൽ എത്ര റോഡുകൾ ആധുനിക നിലവാരത്തിൽ (ബി.എം.ബി.സി.) നവീകരിച്ചിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ മണ്ഡലത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം നൽകാമോ;പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ ഉണ്ടോ; ഇപ്പോൾ നവീകരണത്തിനായി എത്ര റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ;

(സി) ഈ മണ്ഡലത്തിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര റോഡുകളാണ് നവീകരിക്കുന്നത്;ഇത് ഏതൊക്കെ റോഡുകളാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) നെടുമങ്ങാട്-മഞ്ച-അരുവിക്കര-വെള്ളനാട് റോഡ്, കാട്ടാക്കട-പട്ടകുളം-വീരണകാവ്-കള്ളിക്കാട് റോഡ്, വിതുര-ബോണക്കാട് റോഡ് എന്നീ റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഈ റോഡുകളുടെ നവീകരണം എന്നേയ്ക്ക് തുടങ്ങാൻ സാധിക്കും; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ)അരുവിക്കര നിയോജക മണ്ഡലത്തിൽ 56 റോഡുകൾ, പൊതുമരാമത്ത് വകുപ്പിന്റെകീഴിൽഉണ്ട്. ഇതിന്റെ നീളം 261.04 കി.മീ. ഇതിൽ 11 റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്.

(ബി) പുതുതായി റോഡുകൾ ഒന്നുംതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു മണ്ഡലത്തിലും ഏറ്റെടുത്തിട്ടില്ല. നിലവിൽ ആര്യനാട്-അണയിലക്കടവ്-കാരിയോട് റോഡും (2.08 കി.മീ.), ആര്യനാട്-അണയിലക്കടവ്-കൊക്കോട്ടേല-ചെറുമഞ്ചൽ റോഡും (3.1 കി.മീ.) ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്. ഇപ്പോൾ (2017-18 സാമ്പത്തിക വർഷം) നവീകരണത്തിനായി 4 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. Improvements to Kulappada-Panacode-Manoorkonam road ch 0/000 to 1/500-150 lakhs
2. Improvements to Kulappada-Panacode- Manoorkonam road ch 1/500 to 6/500-600 lakhs
3. Improvements to Peyad-Uriyacode road-100 lakhs
4. Improvements to Mulayara-Uriyacode road (Peyad-Uriyacode road from km 6/200 to 9/600) by providing 50mm BM&30mm BC-45 lakhs

(സി) ആറ് റോഡുകൾ.

1. നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ്-കിഫ്ബി പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 8.5 കി.മീ ദൂരം അരുവിക്കര മണ്ഡലത്തിൽ ഉണ്ട്. അതിർത്തി നിർണ്ണയ കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കും.

2. തിരുവനന്തപുരം-നെയ്യാർഡാം റോഡ് ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

3. വിതുര ബോണക്കാട് റോഡ്-ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

4. അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട ചായം പെരിങ്ങമല റോഡ്, തിരുവനന്തപുരം പൊൻമുടി റോഡിലെ വിതുര ഇരുത്തലമൂല ഭാഗം, നെടുമങ്ങാട് ഷൊർലക്കോട് റോഡിലെ ആര്യനാട് മുതൽ കള്ളിക്കാട് വരെയുള്ള ഭാഗം എന്നിങ്ങനെ 3 റോഡുകൾ മലയോര പാതയിൽ ഉൾപ്പെടുത്തി കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) 1. നെടുമങ്ങാട്-മഞ്ച-അരുവിക്കര-വെള്ളനാട് റോഡ് നവീകരണത്തിനായി കിഫ്ബിയിൽ അംഗീകാരം ലഭിച്ചു. ഇതിന്റെ അതിർത്തി നിർണ്ണയക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കും.

2. കാട്ടാക്കട-പട്ടക്കുളം-വീരണക്കാവ്-കള്ളിക്കാട് റോഡ് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി (തിരുവനന്തപുരം-നെയ്യാർഡാം റോഡ്) ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

3. വിതുര-ബോണക്കാട്റോഡ്-സാമ്പത്തികാനുമതിയുള്ള ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. സമർപ്പിച്ച ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി പരിശോധിച്ചു വരികയാണ്.

## മുട്ടേൽ പാലത്തിന്റെ പുനർനിർമ്മാണം

64(2660) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാലപ്പഴക്കത്തെത്തുടർന്ന് അപകടഭീഷണിയിലുള്ള കായംകുളം നഗരസഭയേയും ദേവികുളങ്ങര പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയിടം-പ്രയാർ റോഡിൽ സ്ഥിതിചെയ്യുന്ന മുട്ടേൽ പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം നഗരസഭയേയും ദേവികുളങ്ങര പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയിടം-പ്രയാർ റോഡിൽ സ്ഥിതി ചെയ്യുന്ന മുട്ടേൽ പാലത്തിന്റെ പുനർനിർമ്മാണത്തിനായി 2018-19 ബജറ്റിൽ 20% പ്രൊവിഷനായ 1.60 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**വടവന്നൂർ പാലം**

65(2661) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയന്തരമായി പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തി തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ വടവന്നൂർ പാലം ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) അടിയന്തരമായി പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തി തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വടവന്നൂർ പാലം ഉൾപ്പെട്ടിട്ടില്ല. എന്നാൽ വീതി കുറഞ്ഞ പാലമായതിനാൽ റീ കൺസ്ട്രക്ഷൻ ആവശ്യമായതുകൊണ്ട് പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭ്യമാവുകയും 495 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 26-2-2018-ലെ കത്ത് നമ്പർ CE/R&B/2017/3799/PRICE പ്രകാരം ലഭ്യമാകുകയും ആയത് വിശദമായ പരിശോധനകൾക്കുശേഷം ഈ സാമ്പത്തിക വർഷം പുനഃസമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകി മടക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം മേൽ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ അനുമതിക്കായി ലഭ്യമായിട്ടില്ല.

**കനോലി കനാലിന് കുറുകെ പാലം നിർമ്മാണം**

66(2662) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത 17-നെയും ചാവക്കാട് വടക്കാഞ്ചേരി സംസ്ഥാന പാതയേയും ബന്ധിപ്പിച്ച് കനോലി കനാലിന് കുറുകെ പാലം നിർമ്മിച്ച് പുതിയ പാത നിർമ്മിക്കുന്നതിനായി കിഫ്ബിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഡിസൈൻ തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തിയുടെ പേര്: Constuction of Chinganattukadavu Bridge across Canoli Canal connecting NH-17 and SH-50 in Guruvayoor LAC.

**ആനക്കയം പാലം**

67 (2663) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ ആനക്കയം പാലം നിർമ്മിക്കുവാൻ 2006-2011 സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് വകയിരുത്തിയിരുന്നത് എന്ന് വ്യക്തമാക്കാമോ;അനുവദിച്ച തുകയുടെ എ.എസ്. ഇപ്പോൾ നിലവിൽ ഉണ്ടോ എന്ന് വിശദമാക്കാമോ;

(ബി) വനം വകുപ്പിന്റെ എതിർപ്പുമൂലമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാകാതിരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർദ്ദിഷ്ട ആനക്കയം പാലത്തിന് ഏതാനും മീറ്ററുകൾ മാത്രം താഴെയായി ബംഗ്ലാകടവിൽ ഫോറസ്റ്റ് ഭൂമി ഉപയോഗിക്കാതെ പുതിയ പാലം നിർമ്മിക്കുവാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2018-19 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള ബംഗ്ലാകടവ് പാലത്തിന് വേണ്ടി, മുൻപ് ആനക്കയം പാലം നിർമ്മാണത്തിന് അനുവദിച്ച എ.എസ്. മാറ്റി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആനക്കയം പാലം നിർമ്മിക്കുന്നതിന് വേണ്ടി 4-3-2014-ലെ G.O.(Rt) No.371/2014/PWD പ്രകാരം 17.50 കോടി രൂപയുടെ ഭരണാനുമതിയായിരുന്നു നൽകിയത്. ഭരണാനുമതിയുടെ കാലാവധി 3-3-2016-ൽ അവസാനിച്ചു.

(ബി) ഉണ്ട്. വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിലെ സാങ്കേതിക തടസ്സംമൂലമാണ് പ്രവൃത്തി നടപ്പിലാകാതിരുന്നത്.

(സി) ബംഗ്ലാകടവിൽ പാലം നിർമ്മിക്കുന്നതിന് വടാട്ടുപാറ ഭാഗത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ആവശ്യമാണ്.

(ഡി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കാവിൻ മുനമ്പ് പാലം**

68(2664) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിഫ്ബിയിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻ മുനമ്പ് പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൽ മുനമ്പ് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരികയാണ്. ഡിസൈൻ പൂർത്തിയാക്കി അംഗീകരിച്ചു കഴിഞ്ഞാൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

**ചേലക്കര മണ്ഡലത്തിലെ പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് നടപടി**

69(2665) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പി.ഡബ്ള്യ .ഡി. റോഡുകളിലുള്ള ഏതൊക്കെ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനാണ് പൊതുമരാമത്ത് (പാലങ്ങൾ വിഭാഗം)വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴംപാലക്കോട് പാലം, കയ്യേപാടം പാലം, പുതുപ്പാലം എന്നീ പാലങ്ങൾ പുതുക്കി പണിയേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പഴംപാലക്കോട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ കഴിഞ്ഞു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. കയ്യേപാടം, പുതുപ്പാലം എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുള്ള ടെണ്ടറും, ക്വട്ടേഷനും ക്ഷണിച്ചുവെങ്കിലും ആയതിന് പ്രതികരണം ലഭിച്ചിട്ടില്ല.

(ബി) മേൽപ്പറഞ്ഞ പാലങ്ങളുടെ പ്രവൃത്തികൾക്കുള്ള ഡി.പി.ആർ. ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## എരഞ്ഞോളി പാലത്തിന്റെ നിലവിലുള്ള അവസ്ഥ

70(2666) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ എരഞ്ഞോളി പാലത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും ആയതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) എരഞ്ഞോളി പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനപാത 30-ൽ പെട്ടതും അന്തർസംസ്ഥാന പാതയുമായ തലശ്ശേരി-കൂർഗ്ഗ് റോഡിൽ ജില്ലാ അതിർത്തിയായ കൂട്ടുപുഴവരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തി ലോകബാങ്കിന്റെ സഹായത്തോടെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിലൂടെ 2013 മുതൽ നടപ്പിലാക്കിവരുന്നു. വിവിധങ്ങളായ കാരണത്താൽ 22-4-2015-ന് കോൺട്രാക്ടറുടെ സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ ആദ്യത്തെ കരാറുടമ്പടി അവസാനിപ്പിച്ചു. പ്രസ്തുത പദ്ധതിയിൽ 32 മീറ്റർ നീളത്തിൽ 2 സ്പാനോടുകൂടിയതും 1.70 മീറ്റർ ഉയരത്തിലും എരഞ്ഞോളി പാലം നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്യുന്നത്. മേൽകാലയളവിൽതന്നെ പാലത്തിന്റെ പൈലിംഗ് പ്രവൃത്തി, എബർട്ട്മെന്റ് പിയർ, 10 എണ്ണത്തിൽ 7 ഗർഡറുകൾ എന്നിവ പൂർത്തീകരിച്ചു. ഏകദേശം 1.83 കോടി രൂപ ഇതുവരെ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത

പാലം നിർമ്മിക്കുന്ന പുഴ ദേശീയ ജലപാതയായി പ്രഖ്യാപിക്കാൻ സാധ്യത യുണ്ടെന്നും ആയതിനാൽ ദേശീയ ജലപാത ചട്ടം അനുസരിച്ച് മാത്രമേ പാലം നിർമ്മിക്കാവൂ എന്നും ഉൾനാടൻ ജലഗതാഗത വകുപ്പ് അറിയിച്ചതിനാൽ പാലത്തിന്റെ തുടർ പ്രവൃത്തികളെല്ലാം നിർത്തിവയ്ക്കുകയായിരുന്നു. ജലപാത ചട്ടം അനുസരിച്ച് പാലം നിർമ്മിക്കുമ്പോൾ പാലത്തിന്റെ ഉയരം 6.0 മീറ്ററായും ക്രമാനുഗതമായി നീളവും വർദ്ധിക്കുകയും അതുവഴി അപ്രോച്ച് റോഡിനും സർവ്വീസ് റോഡിനും മറ്റുമായി ഏകദേശം 1.76 ഏക്കർ ഭൂമി അധികമായി ഏറ്റെടുക്കേണ്ടി വരുന്നതുമാണ്. 8-1-2018-ലെ ജി.ഒ. (ആർ.റ്റി.) 62/18/പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എരഞ്ഞോളി, തിരുവങ്ങാട് എന്നീ വില്ലേജുകളിലെ 53 കൈവശക്കാരിൽ നിന്നുമാണ് ഭൂമി ഏറ്റെടുക്കേണ്ടത്. പ്രസ്തുത ഭൂമിയിൽ 21 കടമുറികളും 1 വീടും ഉൾപ്പെടുന്നുണ്ട്. സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തിയുടെ പ്രാരംഭ നടപടികളും സർവ്വേയും പൂർത്തീകരിച്ച് അർത്ഥനാപത്രം തുടർനടപടികൾക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ദേശീയ ജലപാത ചട്ടം അനുസരിച്ചുള്ള പാലത്തിന്റെ പുതുക്കിയ ഡിസൈൻ പ്രകാരം ഭേദഗതി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൂഫ് ചെക്കിംഗിനായി കൺസൾട്ടന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് കിട്ടുന്ന മുറയ്ക്ക് മാത്രമെ പാലത്തിന്റെ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഇതോടൊപ്പം തന്നെ ആർ.എഫ്.സി.ടി. എൽ.എ ആന്റ് ആർ.ആർ. ആക്ട് 2013 അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതാണ്.

## തൊട്ടുപുഴ-മാരിയൻ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ്

71(2667) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊട്ടുപുഴ-മാരിയൻ കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി ആയത് പൂർത്തീകരിക്കാൻ സമയക്രമം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തൊട്ടുപുഴ-മാരിയൻ കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സൊലേഷ്യം അടയ്ക്കുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടം വരെയായി എന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകളിൽ സൊലേഷ്യം അടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഭൂമി ഏറ്റെടുക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായിട്ടുള്ള 25-4-2018-ലെ പ്രൊപ്പോസൽ CE/R&B/FRI/3110/2018 പ്രകാരം സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ വിശദമായ പരിശോധനകൾക്കു ശേഷം മാത്രമേ LOC പ്രൊപ്പോസലിന് അനുമതി നൽകി തുക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. ടി തുക അനുവദിച്ചു കിട്ടി ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് കൈമാറിയാലുടൻ അക്വിസിഷൻ നടപടികൾ ആരംഭിക്കുമെന്ന് ലാന്റ് അക്വിസിഷൻ തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായിട്ടുള്ള Contingency തുക അനുവദിച്ച് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയശേഷം റവന്യൂ വകുപ്പാണ് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നത്. ഈ നഷ്ടപരിഹാരത്തുക റവന്യൂ അധികാരികൾ അറിയിക്കുന്ന മുറയ്ക്ക് സർക്കാർ അനുവദിച്ചു നൽകുകയാണ് പതിവ്. സൊലേഷ്യം എന്നത് നഷ്ടപരിഹാരത്തുകയുടെ ഒരു ഘടകമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 323 കേസുകളിൽ നഷ്ടപരിഹാരത്തുക അടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

**അരുവിക്കര നിയോജകമണ്ഡലത്തിലെ പാലങ്ങൾ**

72(2668) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പാലങ്ങൾ ഏതെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്താണ്;

(സി) അരുവിക്കര ജല സംഭരണിയുടെ കുറുകെ ഇപ്പോൾ ഉപയോഗിക്കുന്ന വീതി കുറഞ്ഞ പാലം ഒഴിവാക്കി പുതിയ പാലം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി എന്താണ്; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അരുവിക്കര നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പാലങ്ങൾ, ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു :

1. <u>പൊന്നംചുണ്ട് പാലം പുനർനിർമ്മാണം</u>

30-3-2012-ലെ സ.ഉ.(സാധാ) നമ്പർ 528/2012 പൊ.മ.വ. പ്രകാരം 1000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. സ്ഥലം ഏറ്റെടുക്കൽ പൊതുമരാമത്ത് വകുപ്പ്, ഡയറക്ട് പർച്ചേസ് മുഖേന നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സർവ്വേ സ്കെച്ച് അപ്രൂവൽ നടപടികൾ റവന്യൂ വകുപ്പിലും നടന്നുവരുന്നു. സർവ്വെ സ്കെച്ച് അപ്രൂവൽ ലഭിച്ചതിനുശേഷം മാത്രമെ പൊതുമരാമത്ത് വകുപ്പ്, ഭൂവുടമകൾക്ക് നഷ്ട പരിഹാരം നൽകി ഭൂമി ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ദർഘാസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

2. <u>പന്നിക്കുഴി പട്ടംകുളിച്ച പാറ പാലം നിർമ്മാണം</u>

30-3-2012-ലെ സ.ഉ. (സാധാ.) നമ്പർ 528/2012 പൊ.മ.വ. പ്രകാരം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുതിയ എൽ.എ. ആക്ട് പ്രകാരം റവന്യൂ വകുപ്പിൽ നടന്നു വരുന്നു. പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി പൊതുമരാമത്ത് വകുപ്പിന് വിട്ടു നൽകുന്നതിനുള്ള Forest Right Committee Approval-ഉം ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ദർഘാസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

3. <u>അരുവിക്കര-തോട്ടത്തിൽകടവ്-മൂഴി മൈലം പാലം-കരമന നദിക്കു കുറുകെ</u>

28-2-2014-ലെ സ.ഉ.(സാധാ.) നമ്പർ 323/2014 പൊ.മ.വ. പ്രകാരം 776 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുതിയ എൽ.എ. ആക്ട് പ്രകാരം റവന്യൂ വകുപ്പിൽ നടന്നു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ദർഘാസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

(സി) അരുവിക്കര ജലസംഭരണിയുടെ കുറുകെ നിലവിലുള്ള പാലം വീതി കൂട്ടുന്നതിലേയ്ക്കായി ഇതിന് സമാന്തരമായി ഒരു പാലം നിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി ഡിസൈൻ ലഭ്യമായിട്ടില്ല. ഇതിനുവേണ്ടിയുള്ള സർവ്വേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ദർഘാസ് നടത്തി, കരാർ ഏൽപ്പിച്ചു കഴിഞ്ഞു. സർവ്വേ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുമ്പളങ്ങി-കെൽട്രോൺ ഫെറി പാലം നിർമ്മാണം

73(2669) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കുമ്പളങ്ങി - കെൽട്രോൺ ഫെറി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കിഫ്ബിയിൽനിന്ന് ആവശ്യപ്പെട്ട പ്രകാരം പൈലുകളുടെ കപ്പാസിറ്റി നിർണ്ണയിക്കുന്നതിനുവേണ്ടി പ്രവൃത്തി ദർഘാസ് ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കുകയുണ്ടായില്ല. ആയതിനാൽ ഡിസൈൻ വിഭാഗത്തിൽ നിന്നുള്ള ശിപാർശ കൂടി ഉൾപ്പെടുത്തി വീണ്ടും ദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പൈൽ കപ്പാസിറ്റി നിർണ്ണയിച്ചശേഷം ഡിസൈൻ വിഭാഗത്തിൽ നിന്നും ആവശ്യമായ ഡ്രോയിംഗ് ലഭ്യമായാൽ ഡി.പി.ആർ. സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. തുടർന്ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ച് സാങ്കേതികാനുമതി ലഭ്യമായാൽ ദർഘാസ് നടപടികൾക്കുശേഷം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ പാലങ്ങളുടെ ഡി.പി.ആർ.

74 (2670) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നിർമ്മാണാനുമതി ലഭിച്ച പാലങ്ങളുടെ ഡി.പി.ആർ. ലഭിക്കുവാൻ ഏറെ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. വൈകുന്നതുമൂലം നീക്കിവച്ച പണം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുന്നതിനാൽ ഡി.പി.ആർ. സമയബന്ധിതമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ദർഘാസ് നടത്തി പൂർത്തിയാക്കണം. അതിനുശേഷം ഡിസൈൻ വിംഗിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ച് ഡിസൈൻ തയ്യാറാക്കി

അതിന്റെ ഫീസിബിലിറ്റി നോക്കിയതിനുശേഷമാണ് ഡി.പി.ആർ. തയ്യാറാക്കുവാൻ സാധിക്കുന്നത്. കാസർഗോഡ് ജില്ലയിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നത് ചീഫ് എഞ്ചിനീയർ, ഡിസൈൻ ഓഫീസിലെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ട വിശദാംശങ്ങൾ നൽകുന്നത് ഈ ഓഫീസിന്റെ കീഴിലുള്ള ബ്രിഡ്ജസ് സെക്ഷനുകളിൽ നിന്നാണ്. ആദ്യത്തെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ ഇല്ലാത്ത ചില അധിക വിവരങ്ങൾ കൂടി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് ആവശ്യപ്പെട്ടിരുന്നു. അതിനുവേണ്ടി വേറെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ചെയ്യേണ്ടിവന്നു. ആയതിനാലാണ് ഡി.പി.ആർ, തയ്യാറാക്കാൻ ചെറിയ താമസം വന്നത്. അധികം വൈകാതെതന്നെ ഡി.പി.ആർ, തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കോഴിക്കോട് തൊണ്ടിലക്കടവിൽ പാലം നിർമ്മാണം

75 (2671) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് തൊണ്ടിലക്കടവിൽ പാലം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും എന്നാണ് ഇതിന് ഭരണാനുമതി നൽകിയതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ;

(സി) സ്ഥലമെടുപ്പ് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിന് കാലതാമസം വരാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കോഴിക്കോട് തൊണ്ടിലക്കടവിൽ ഒറ്റവരിപാലം നിർമ്മിക്കുന്നതിന് 10-2-2011-ലെ സ.ഉ (ആർ.ടി.)നമ്പർ 251/2011/പൊ.മ.വ. പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി 30-8-2017-ലെ സ.ഉ. (ആർ.ടി.) നമ്പർ 1319/2017/ പൊ.മ.വ. പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലാ കളക്ടർക്ക് പൊതുമരാമത്ത് നിരത്തു വിഭാഗം കോഴിക്കോടിന്റെ 9-11-2017-ലെ ഡി.ബി.3/2486/2009 നമ്പർ കത്ത് പ്രകാരം അർത്ഥന സമർപ്പിച്ചിട്ടുണ്ട്.

(സി) നിർബന്ധിത സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ ജില്ലാ കളക്ടർ പുറപ്പെടുവിച്ചെങ്കിൽ മാത്രമേ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**കല്ലാച്ചേരി കടവ് പാലം**

76 (2672) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിൽ 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കല്ലാച്ചേരി കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം പണി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ 2016-17-ലെ ബഡ്ജറ്റിൽ (കിഫ്ബി) പ്രഖ്യാപിച്ച കല്ലാച്ചേരിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട പ്രദേശവാസികളുടെ തർക്കം നിലനിൽക്കുന്നതിനാൽ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ സ്ഥലം ലഭ്യമായതിന് ശേഷം തുടർ നടപടികൾ നടത്തുവാൻ സാധിക്കും.

**കോവിൽക്കടവ്-കുലശേഖരം പാലം**

77 (2673) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട-വട്ടിയൂർക്കാവ് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോവിൽക്കടവ്-കുലശേഖരം പാലത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കരമന പുഴയുടെ കുറുകെയുള്ള കോവിൽക്കടവ്-കുലശേഖരം പാലത്തിന്റെ നിർമ്മാണത്തിന് 2-3-2013-ലെ സർക്കാർ ഉത്തരവ് G.O(Rt) No.313/2013/PWD പ്രകാരം 1250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് ഇപ്പോഴും നിലനിൽക്കുന്നു. പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിനാവശ്യമായ ഭൂമി പൊതുമരാമത്ത് വകുപ്പ്, ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുത്തുവരുന്നു. 32 ഭൂവുടമകളിൽ നിന്നും വസ്തു

ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ 30 പേരിൽനിന്നും വസ്തു ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക നൽകികഴിഞ്ഞു. 29-1-2018-ലെ CDO/BDU/10/18 പ്രകാരം പാലത്തിന്റെ ഡിസൈൻ നവീകരിച്ച് ലഭിച്ചതിനെത്തുടർന്ന് ഇപ്പോൾ നിലനിൽക്കുന്ന ഭരണാനുമതി തുകയേക്കാൾ അധികമായ തുക ആവശ്യമായതിനാൽ പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പുതിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ആയത് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകി തുടർന്ന് സാങ്കേതികാനുമതിയും നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ നടപടികൾ പുരോഗതിയിലാണ്.

## പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മാണം

78(2674) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിലേക്കായി പുതിയ അർത്ഥനാപത്രം, ലാൻഡ് ഷെഡ്യൂൾ,അലൈന്മെന്റ് സ്കെച്ച്, ഡീമാർക്കേഷൻ സ്കെച്ച് എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ടോ എന്നും ആയത് സംബന്ധിച്ച നിലവിലെ പുരോഗതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) സ്ഥലമേറ്റെടുത്ത് പൂർത്തിയാക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനുമുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിലേയ്ക്കായി പുതിയ അർത്ഥനാപത്രം 24-2-2018-ൽ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച്, ഡീമാർക്കേഷൻ സ്കെച്ച് എന്നിവ 10-1-2012-ൽ എൽ.എ. സ്പെഷ്യൽ തഹസീൽദാർ (നമ്പർ 1) കൊല്ലത്തിന് കൈമാറിയിട്ടുണ്ട്. 10-1-2012-ൽ എൽ.എ. സ്പെഷ്യൽ തഹസീൽദാർ (നമ്പർ 1) കൊല്ലത്തിന് സമർപ്പിച്ചിരുന്ന ഡീമാർക്കേഷൻ ചെയ്ത അലൈൻമെന്റ് സ്കെച്ചിൽ മാറ്റങ്ങളൊന്നും വന്നിട്ടില്ല.

(ബി) സ്ഥലം ലഭിക്കാത്തതും 2018-19-ലെ ബഡ്ജറ്റ് ബുക്കിൽ ടോക്കൺ പ്രൊവിഷനിൽ ടി പ്രവൃത്തി വന്നിട്ടില്ലാത്തതുമാണ് നിലവിലെ തടസ്സങ്ങൾ.

## മൂലക്കീൽക്കടവ്, വണ്ണാത്തിക്കടവ് പാലങ്ങൾ

79(2675) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തേയും കല്ല്യാശ്ശേരി മണ്ഡലത്തേയും ബന്ധിപ്പിക്കുന്ന മൂലക്കീൽക്കടവ് പാലത്തിന്റെയും കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം-കുറ്റൂർ-പാണപ്പുഴ റോഡിൽ സ്ഥിതിചെയ്യുന്ന വണ്ണാത്തിക്കടവ് പാലത്തിന്റെയും നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പാലങ്ങൾക്ക് ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മൂലക്കീൽക്കടവ് പാലം:

പ്രസ്തുത പാലത്തിന് 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 31-10-2016 ജി.ഒ. (ആർ.ടി.) 1496/2016/പൊ.മ.വ. പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്തിരുന്നു. എന്നാൽ പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നതിനാൽ ആയതിനാവശ്യമായ രീതിയിൽ ഡിസൈൻ തയ്യാറാക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തി ഫൈനൽ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയും.

വണ്ണാത്തിക്കടവ് പാലം:

പ്രസ്തുത പാലത്തിന്റെ 800 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രൊപ്പോസൽ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) വണ്ണാത്തിക്കടവ് പാലം പുതുക്കി പണിയുന്നതിന് 2018-19-ലെ ബഡ്ജറ്റിൽ ക്രമനമ്പർ 1620 നമ്പറായി 100 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## പുളിഞ്ഞോളിക്കടവ് പാലം നിർമ്മാണം

80(2676) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിലെ പുളിഞ്ഞോളിക്കടവ് പാലത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടിക്രമങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ എവിടെയാണ് ഉള്ളതെന്നും ആയതിന്റെ ഫയൽ നമ്പരും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി മണ്ഡലത്തിലെ പുളിഞ്ഞോളിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിന്റെ അന്തിമഘട്ടത്തിലെത്തിയപ്പോൾ പാലം നിർമ്മിക്കുന്ന സ്ഥലത്തുകൂടി ജലപാത വരുന്നതായി അറിയാൻ കഴിഞ്ഞതിനാൽ ഡിസൈൻ തയ്യാറാക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ജലപാത റൂട്ട് സംബന്ധിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും കൃത്യമായി റൂട്ട് നിർദ്ദേശിക്കുവാൻ ജലഗതാഗത വകുപ്പിന് സാധിച്ചിട്ടില്ല. ആയതിനാൽ ഫൈനൽ ഡിസൈൻ തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 6 മാസത്തിനുള്ളിൽ ഉൾനാടൻ ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ടിരുന്നെവെങ്കിലും റൂട്ട് സംബന്ധിച്ച് വ്യക്തത വന്നിട്ടില്ല. നിലവിൽ പ്രവൃത്തിയുടെ ഫയൽ അസിസ്റ്റന്റ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, തലശ്ശേരിയുടെ കാര്യാലയത്തിലാണുള്ളത്. ആയതിന്റെ ഫയൽ നമ്പർ AE/BT/PULI/2017.

(ബി) ഉൾനാടൻ ജലഗതാഗത വകുപ്പ് പാലം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ വെർട്ടിക്കൽ, ഹോറിസോണ്ടൽ ക്ലിയറൻസ് എത്രയാണെന്ന് അറിയിച്ചാൽ മാത്രമേ പാലത്തിന്റെ ഫൈനൽ ഡിസൈൻ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ഫൈനൽ ഡിസൈൻ തയ്യാറാക്കിയശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിക്കേണ്ടതുണ്ട്. അതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തൃപ്പൂണിത്തുറയിലെ ഇരുമ്പുപാലത്തിന്റെ ശോചനീയാവസ്ഥ

81(2677) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറയിലെ ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ഇരുമ്പുപാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലത്തിനു പകരമായി പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിലേക്കായുള്ള മണ്ണുപരിശോധന കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പാലം നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പാലത്തിനെ പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുതിയ പാലത്തിന്റെ നിർമ്മാണത്തിനായി മണ്ണുപരിശോധന നടത്തുന്നതിന് കരാർ വച്ചിട്ടുണ്ട്.

(സി) മണ്ണുപരിശോധന നടന്നുവരികയാണ്.

(ഡി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ച് ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് അലൈൻമെന്റ് പ്രകാരം സ്ഥലം ആവശ്യമുണ്ടെങ്കിൽ ഏറ്റെടുത്ത ശേഷം മാത്രമേ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. നടപടികൾ പുരോഗതിയിലാണ്.

## മൂന്നാർ-ബോഡിമേട്ട് റോഡിന്റെ നിർമ്മാണം

82 (2678) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-ധനുഷ്കോടി ദേശീയപാത 49-ൽ മൂന്നാർ-ബോഡിമേട്ട് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ റോഡുപണി പൂർത്തിയാകാത്തതുമൂലം ജനങ്ങളും സഞ്ചാരികളും അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയുടെ തടസ്സങ്ങൾ മാറ്റിയെടുക്കുന്നതിന് വേണ്ടി ക്യാബിനറ്റ് തീരുമാനം നിലവിലുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) പ്രസ്തുത റോഡ് വീതി കൂട്ടുന്നതിനായി മരംമുറിക്കുന്നതിന് വനം വകുപ്പ് ഉന്നയിക്കുന്ന തടസ്സവാദങ്ങൾ ഒഴിവാക്കിയും ദേശീയപാത 49-ലെ കാർഡമം ഹിൽ റിസർവ് ഭൂമി വനഭൂമിയല്ലെന്നുള്ള സർക്കാർ നിലപാട് അംഗീകരിച്ചും റോഡുപണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി-ധനുഷ്കോടി ദേശീയപാത 49-ൽ മൂന്നാർ-ബോഡിമേട്ട് റോഡിന്റെ നിർമ്മാണ കാലാവധി 730 ദിവസങ്ങളാണ് (24 മാസം). 1-9-2017-ൽ ആരംഭിച്ച പ്രവൃത്തി 31-8-2019-ൽ തീർക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. നിലവിൽ 14.6% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 75% റോഡും നിർമ്മാണ പ്രവൃത്തികൾക്കായി ലഭ്യമായിട്ടുണ്ട്. വളരെ അപകടകരമായ പ്രവൃത്തികൾ നടക്കുന്ന ഭാഗങ്ങളിൽ നിർമ്മാണ സമയത്ത് വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അടിയന്തര ഘട്ടങ്ങളിൽ വാഹനങ്ങളെ പോകാൻ അനുവദിക്കുന്നുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ അഭാവത്തിൽ പാത പൂർണ്ണമായും ഉപയോഗയോഗ്യമാണ്.

(സി&ഡി) വനഭൂമി സംബന്ധിച്ച പ്രശ്നപരിഹാരത്തിന് ക്യാബിനറ്റ് തീരുമാനം നിലവിലുണ്ട്. അതുപ്രകാരം നിർമ്മാണ ജോലികൾക്കായി തർക്കഭൂമി വിട്ടുകൊടുത്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാർഡമം ഹിൽ റിസർവ് ഏര്യയിൽ വരുന്ന ഭാഗം നിർമ്മാണത്തിന് തടസ്സമില്ലെന്ന് തീരുമാനമായിട്ടുള്ളതാണ്. വനം വകുപ്പിൽനിന്ന് വാല്യുവേഷൻ ലഭിക്കുന്ന മുറയ്ക്ക് മരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### മലപ്പുറം ജില്ലയിലെ ദേശീയപാത വികസനം

83(2679) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഇടിമുഴക്കൽ ഭാഗത്തിനായി തയ്യാറാക്കിയ അലൈൻമെന്റും ബദൽ അലൈൻമെന്റും താരതമ്യപഠനം നടത്തിയരുന്നോ;വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അലൈൻമെന്റ് സംബന്ധിച്ച സാധ്യതാ പഠനത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇടിമുഴക്കൽ ഭാഗത്തെ അലൈൻമെന്റ് പ്രകാരം എത്ര വീടുകൾ, ആരാധനാലയങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ പൂർണ്ണമായോ ഭാഗികമായോ പൊളിച്ചുമാറ്റേണ്ടിവരും എന്ന് വെളിപ്പെടുത്തുമോ;

(ഡി) ദേശീയപാത വികസനത്തിനായി സ്ഥലം വിട്ടുനൽകുന്നവർക്ക് ശേഷിക്കുന്ന ഭാഗത്ത് നിർമ്മാണ പ്രവൃത്തികൾ വേണ്ടി വന്നാൽ ആയതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കൺസൾട്ടന്റ് മുഖാന്തരം താരതമ്യപഠനം നടത്തുകയും സാങ്കേതികമായി ഏറ്റവും അനുയോജ്യമായ അലൈൻമെന്റാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) M/s. Feedback Infra Private Limited എന്ന കൺസൾട്ടന്റിനെയാണ് ഇതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിയോഗിച്ചിരിക്കുന്നത്.

(സി) നിർദ്ദിഷ്ട അലൈൻമെന്റ് പ്രകാരം താഴെ പറയുന്ന നിർമ്മിതികൾ ഭാഗികമായോ പൂർണ്ണമായോ പൊളിച്ചുമാറ്റേണ്ടിവരും. വീടുകൾ-44 എണ്ണം വ്യാപാര സ്ഥാപനങ്ങൾ - 53 എണ്ണം, ആരാധനാലയങ്ങൾ - ഒരു ക്ഷേത്രം (ഭാഗികമായി), മുസ്ലീം പള്ളി (പൂർണ്ണമായും).

(ഡി) റോഡ് വികസനത്തിന് ഭൂമിയുടെ ഭാഗം സൗജന്യമായി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ അദ്ധ്യായം XI (ചട്ടം 79), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI (ചട്ടം 77) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളവ് അനുവദിക്കാവുന്നതാണ്.

**ദേശീയപാത വികസനത്തിൽ ആരാധനാലയങ്ങളുടെ സംരക്ഷണം**

84 (2680) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിൽ കാസർഗോഡ് ജില്ലയിൽ ഏതെല്ലാം ആരാധനാലയങ്ങളും അവയുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥലങ്ങളും സ്വത്തുക്കളും നഷ്ടപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആരാധനാലയങ്ങളെ സംരക്ഷിക്കുന്ന വിധത്തിൽ നിലവിലുള്ള അലൈൻമെന്റിൽ മാറ്റം വരുത്താൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടാത്തത് സംബന്ധിച്ച് ആശങ്കയിലായ വിശ്വാസികളുമായി സമന്വയമുണ്ടാക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ വിശദീകരിക്കാമോ;

(ഡി) വിശ്വാസികളെ വിശ്വാസത്തിലെടുക്കാനും അവരുടെ വികാരങ്ങൾ വ്രണപ്പെടാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയപാത വികസനം കാസർഗോഡ് ജില്ലയിലുള്ള 43 ആരാധനാലയങ്ങളെ ബാധിച്ചിട്ടുണ്ട്. അവയിൽ 8 എണ്ണത്തിന്റെ ചുറ്റുമതിൽ മാത്രമേ നഷ്ടപ്പെടുകയുള്ളൂ. ആരാധനാലയങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ച അലൈൻമെന്റിൽ സംസ്ഥാന സർക്കാരിന്റെ പൊതുവായ അംഗീകാരം (General approval) ലഭിച്ചിട്ടുണ്ട്. അതുപ്രകാരമാണ് ദേശീയപാതാ വികസനം നടപ്പിലാക്കുന്നത്.

(സി&ഡി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മുമ്പ് കൺസൾട്ടന്റുമാർ വിദഗ്ദ്ധ പഠനം നടത്തിയിട്ടുള്ളതാണ്. സാങ്കേതിക ആവശ്യകത അനുസരിച്ചും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ കോഡുകൾ/ മോർത്ത് മാനദണ്ഡങ്ങൾ അനുസരിച്ചും, റോഡ് ഉപഭോക്താക്കളുടെ സുരക്ഷയും കൂടി കണക്കാക്കിയാണ് വിശദമായ രൂപരേഖ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കിയത്.

## ദേശീയപാത നാലുവരി വികസനം

85 (2681) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത നാലുവരി വികസനത്തിന് റോഡിന് ഇരുവശത്തുനിന്നും ഒരേപോലെ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പാതയുടെ ഒരു വശത്ത് നിന്നു മാത്രം പരമാവധി ഭൂമി ഏറ്റെടുക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ കണ്ടെത്തിയ വസ്തുതകൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഇപ്രകാരം ഏതെല്ലാം പ്രദേശങ്ങളിലാണ് പാതയുടെ ഒരു വശത്ത് നിന്ന് മാത്രം ഭൂമി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കാസർഗോഡ് ജില്ലയിൽ സർക്കാർ ഭൂമിയുണ്ടായിരിക്കെ സ്വകാര്യ വ്യക്തിയുടെ ഭൂമി പരമാവധി എവിടെയെങ്കിലും ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ദേശീയപാത നാലുവരി വികസനത്തിന് റോഡിന് ഇരുവശത്തു നിന്നും ഒരേപോലെ ഭൂമി ഏറ്റെടുക്കാൻ എല്ലാ ഭാഗങ്ങളിലും സാധിച്ചിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നത് സാങ്കേതിക ആവശ്യകതയനുസരിച്ചുള്ള വിശദമായ രൂപരേഖ അടിസ്ഥാനപ്പെടുത്തിയും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ കോഡുകൾ/ മോർത്ത് മാനദണ്ഡങ്ങൾ അനുസരിച്ചുമാണ്. ദേശീയപാത 66-ന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കഴിവതും രണ്ട് വശങ്ങളിൽനിന്ന് തുല്യമായി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കാസർഗോഡ് ജില്ലയിലെ നിലവിലെ അലൈൻമെന്റിൽ ബാധകമായിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങളും ഐ.ആർ.സി. കോഡുകളും കണക്കിലെടുത്ത് ഡിസൈൻ സ്പീഡിൽ രൂപകല്പന ചെയ്യുമ്പോൾ നിലവിലെ അലൈൻമെന്റിൽ മധ്യരേഖയിൽനിന്നും 22.5 മീറ്റർ വീതം രണ്ടുവരികളിലും നിജപ്പെടുത്തി അലൈൻമെന്റ് നിർണ്ണയിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2 വശങ്ങളിൽനിന്നും തുല്യമായി ഏറ്റെടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ഡി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ ആകെ 377.83 ഹെക്ടർ സ്ഥലമാണ് ആവശ്യമുള്ളത്. ഇതിൽ 280.84 ഹെക്ടർ (74.23%) സ്ഥലവും സർക്കാർ ഭൂമിയാണ്.

## പാപ്പിനിശ്ശേരി വേളാപുരം മുതൽ തുരുത്തിവരെയുള്ള അലൈൻമെന്റ്

86 (2682) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി പാപ്പിനിശ്ശേരി വേളാപുരം മുതൽ തുരുത്തിവരെയുള്ള അലൈൻമെന്റിനെതിരെ വ്യാപക പ്രതിഷേധം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ അലൈൻമെന്റ് വരുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നത് ദളിത് കുടുംബങ്ങളാണോ എന്നറിയിക്കാമോ;

(സി) ആദ്യം തയ്യാറാക്കിയ അലൈൻമെന്റിൽ കാര്യമായ മാറ്റം വരുത്തിയത് ഏത് സാഹചര്യത്തിലാണെന്നും അതിൽ എന്തെങ്കിലും ബാഹ്യ ഇടപെടൽ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാലുവരി പാതയ്ക്കായി റോഡ് സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുതുക്കിയ അലൈൻമെന്റ് നിശ്ചയിക്കപ്പെട്ടപ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നതിൽ ധാരാളം ദളിത് കുടുംബങ്ങളുണ്ട്.

(സി) ബാഹ്യ ഇടപെടൽ ഉണ്ടായിട്ടില്ല. IRC-യുടെയും MoRTH-ന്റെയും മാനദണ്ഡങ്ങൾ പാലിച്ചാണ് ഡി.പി.ആർ. കൺസൾട്ടന്റ് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ അതിൽ ഇടപെടുന്നില്ല.

**ഇടുക്കി ജില്ലയിലെ കിഫ്ബി പദ്ധതികൾ**

87 (2683) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഇടുക്കി ജില്ലയിലെ കാരിക്കോട്-ആനക്കയം-കാഞ്ഞാർ, കുരുതിക്കളം-ചേലച്ചുവട് റോഡുകളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി ലഭിക്കുവാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇടുക്കി ജില്ലയിലെ കാരിക്കോട്-ആനക്കയം-കാഞ്ഞാർ റോഡിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കുരുതിക്കളം-ചേലച്ചുവട് റോഡിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പീരുമേട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

88 (2684) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കിഫ്ബി മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പരിഗണന യിലുള്ള പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ?

ഉത്തരം

1. ഹിൽ ഹൈവേ ഒന്നാംഘട്ട റീച്ചായ കുട്ടിക്കാനം-ചപ്പാത്ത് റോഡ് കി.മീ. 0/000 മുതൽ 19/000 വരെ - ഭരണാനുമതി നൽകുകയും നിലവിലുള്ള റോഡ് പുറമ്പോക്ക് നിർണ്ണയിക്കുന്നതിനുവേണ്ടി സർവ്വേ വകുപ്പിന്റെ സേവനം തേടിയിട്ടുമുണ്ട്.

2. മുക്രത്താൻ വളവ് വെള്ളാരംകുന്ന്-കുമളി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

3. ചോറ്റുപാറ-ഉളുപ്പൂണി-വട്ടപ്പതാൽ-ഉപ്പുതറ-ഏലപ്പാറ-വണ്ടിപ്പെരിയാർ-വള്ളക്കടവ് സത്രം -കല്ലാർ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പാലങ്ങളുടെ ഡിസൈനുവേണ്ടി ഡ്രിക്-ന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**പാലക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

89 (2685) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ?

ഉത്തരം

പാലക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**നേമം യു.പി. സ്കൂളിന് പുതിയ കെട്ടിടം**

90(2686) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള പാത വികസനത്തിന്റെ ഭാഗമായി പൊളിച്ച നേമം യു.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായുള്ള നടപടി എന്തായെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം പാതിവഴിയിൽ നിലച്ചുപോയതിന്റെ കാരണം വിശദമാക്കാമോ;

(സി) കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് മനസിലാക്കി കെട്ടിടം നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കാമോ?

ഉത്തരം

(എ) കരമന-കളിയിക്കാവിള പാത വികസനത്തിന്റെ ഭാഗമായി പൊളിച്ച നേമം യു.പി. സ്കൂളിന്റെ കെട്ടിടത്തിന് പകരമായി 6 ക്ലാസ് റൂമുകളുള്ള ഒരു കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ കുറവുമൂലമാണ് ഈ കെട്ടിടത്തിന്റെ ഫിനിഷിംഗ് പണികൾ ചെയ്യാൻ സാധിക്കാത്തത്.

(സി) ഈ കെട്ടിടത്തിന്റെ ബാക്കിവന്ന ഫിനിഷിംഗ് വർക്കുകളും ടോയ്‌ലറ്റ് ബ്ലോക്കും ചെയ്യുവാനുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മങ്കട ചേരിയം ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

91 (2687) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി മങ്കട ചേരിയം ഹൈസ്കൂളിന് അനുവദിച്ച 50 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് (ബിൽഡിംഗ്) വകുപ്പിനെ ചുമതലപ്പെടുത്തി നാളേറെയായിട്ടും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം ലഭ്യമാക്കാമോ;

(സി) മങ്കട ചേരിയം ഹൈസ്കൂൾ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 50 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ, സർവ്വീസ് ടാക്സ് എന്നിവ കിഴിച്ച് സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പി.എ.സി. 46,07,379 രൂപയാണ്. ടെണ്ടർ നിരക്ക്

കുറവ് ചെയ്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ സമ്മതിച്ച തുക 39,16,271.79 രൂപയാണ്. പ്രവൃത്തി ആരംഭിച്ച സമയം സ്കൂൾ അധികൃതരും പി.റ്റി.എ. കമ്മിറ്റിയും മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ ചില ഇനങ്ങൾ അധികമായി ചെയ്യേണ്ടിവന്നു. ഗോവണിയുടെ കൈവരികൾ സെറാമിക് ടൈൽ ഫ്ലോറിംഗ്, ജനലും വാതിലും ഉറപ്പിക്കൽ, പെയിന്റിംഗ് ജോലികൾ എന്നിവ ഒഴികെ ബാക്കി പ്രവൃത്തികൾക്ക് (അധികമായി ചെയ്തത് ഉൾപ്പെടെ) കരാറുകാരൻ സമ്മതിച്ച തുകയായ 39,16,272 രൂപയോളം ചെലവഴിച്ചിട്ടുണ്ട്.

(ബി) ബാക്കി ഇനങ്ങൾകൂടി ഉൾപ്പെടുത്തി 45,85,253 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണ വകുപ്പിന് സമർപ്പിച്ചെങ്കിലും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കാൻ കഴിയുകയില്ലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സി) മേൽപ്രവൃത്തികൾ ചെയ്യുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നോ ഭരണ വകുപ്പായ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊല്ലം മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

92(2688) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡല പരിധിയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻകീഴിൽ പദ്ധതി - പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡല പരിധിയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻകീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റാന്നി മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന കെട്ടിടങ്ങൾ

93(2689) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ നിർമ്മാണം നടക്കുന്ന കെട്ടിടങ്ങൾ ഓരോന്നിന്റേയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഓരോ കെട്ടിടത്തിനും അനുവദിച്ച തുക എത്രയെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കാനാകും എന്നും പറയാമോ;

(ബി) ഏതെങ്കിലും കെട്ടിടത്തിന് നിലവിൽ നിർമ്മാണ തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് കെട്ടിടത്തിന്; എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ നിർമ്മാണം നടക്കുന്ന കെട്ടിടങ്ങൾ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വെച്ചൂച്ചിറ പോളിടെക്നിക് മെയിൻ ബിൽഡിംഗിന്റെ നിർമ്മാണത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ കരാറുകാരനുമായുള്ള തർക്കം കാരണം നിർത്തിവച്ചിരിക്കുകയാണ്. കരാറുകാരൻ പ്രവൃത്തി പുനരാരംഭിക്കാൻ തയ്യാറാകാത്തതിനാൽ കരാറുകാരനെ റിസ്ക് &കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ട്.

## വളപട്ടണം ബസ് സ്റ്റാൻഡ് നവീകരണ പ്രവൃത്തി

94(2690) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളപട്ടണം പഞ്ചായത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് ഭരണാനുമതി ലഭിച്ച വളപട്ടണം ബസ് സ്റ്റാൻഡ് നവീകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ കണ്ണൂർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർ കാര്യാലയത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 25-1-2018-ന് 60 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) വളപട്ടണം പഞ്ചായത്തിലെ ബസ് സ്റ്റാൻഡ് നവീകരണത്തിന് ഭരണാനുമതിയും ഫണ്ടും ലഭ്യമായതിനുശേഷം സാങ്കേതികാനുമതിക്കുള്ള നടപടികൾ നടത്തിവരുന്ന സമയം പഞ്ചായത്തിന്റെ തീരുമാനപ്രകാരം നേരത്തേ സമർപ്പിച്ച ബസ് സ്റ്റാൻഡ് നിർമ്മാണ പ്രവൃത്തി മാറ്റി പകരം ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് എന്ന നിർമ്മാണ പ്രവൃത്തിയാണ് ചെയ്യേണ്ടതെന്ന് പഞ്ചായത്ത് അധികൃതർ അറിയിക്കുകയും ആയതിന്റെ പ്ലാൻ വളപട്ടണം പഞ്ചായത്ത് മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് തീരദേശ നിയന്ത്രണ സോണിന്റെ അനുമതി ലഭ്യമാകാത്തതിനാൽ കണ്ണൂർ കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ പ്ലാനും എസ്റ്റിമേറ്റും വളപട്ടണം പഞ്ചായത്തിന് അയച്ചിട്ടുണ്ട്. ആയതിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

(സി) ടി പ്രവൃത്തി തീരദേശ നിയന്ത്രണ സോണിന്റെ പരിധിയിൽപ്പെട്ട സ്ഥലത്തായതിനാൽ തീരദേശ നിയന്ത്രണ സോണിന്റെ അനുമതി കിട്ടേണ്ടതായിട്ടുണ്ട്.

**നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം**

95 (2691) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ, പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ് ; വിശദാംശം ലഭ്യമാക്കുമോ;

(സി) നാളിതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിയ്ക്കാത്തതുമൂലം വാടക കെട്ടിടത്തിൽ പ്രവൃത്തിയ്ക്കുന്ന ഹോസ്റ്റലിന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തി ആരംഭിക്കുന്നതിനായി ലഭ്യമായ സ്ഥലത്ത് സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർക്കിടെക്ചറൽ വിഭാഗത്തിൽനിന്നും 3 നിലകളിലായി 1054 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമായിട്ടുണ്ട്. ടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിലവിലെ പി.ഡബ്ല്യു.ഡി. നിരക്കുകൾ പ്രകാരം 250 ലക്ഷം രൂപയ്ക്ക് മുകളിൽ നിർമ്മാണ ചെലവ് വരുന്നതിനാൽ സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിലേക്ക് 19-4-2018-ൽ കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. ഡിസൈൻ കിട്ടുന്ന മുറയ്ക്ക് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയും അതുവഴി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതുമൂലം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന്റെ ബുദ്ധിമുട്ടുകൾ മാറുകയും ചെയ്യും.

## വളപട്ടണം ഇൻഡോർ സ്റ്റേഡിയം പദ്ധതിയുടെ പ്രവൃത്തി

96(2692) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് ഭരണാനുമതി ലഭിച്ച വളപട്ടണം ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം പദ്ധതിയുടെ പൂർത്തീകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ കാര്യാലയത്തിൽ ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 5-3-2016-ൽ 70 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) വളപട്ടണം ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള സ്ഥലം തീരദേശ നിയന്ത്രണ സോണിന്റെ പരിധിയിൽപ്പെട്ട സ്ഥലമായതിനാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ആരംഭിക്കുന്നതിന് മുൻപായി തീരദേശ നിയന്ത്രണ സോണിന്റെ അധികൃതരിൽനിന്നും അനുമതി ലഭ്യമാകുന്നതിന് പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും വളപട്ടണം ഗ്രാമപഞ്ചായത്തിലേക്ക് തുടർ നടപടികൾക്കായി കണ്ണൂർ കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അയച്ചിട്ടുണ്ട്. ആയതിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

(സി) തീരദേശ നിയന്ത്രണ സോണിന്റെ പരിധിയിൽപ്പെട്ട സ്ഥലമായതിനാൽ തീരദേശ നിയന്ത്രണ സോണിന്റെ അനുമതി ആവശ്യമാണ്. അത് ഇതുവരെ ലഭ്യമായിട്ടില്ല.

### പൊഴിയൂർ യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

97 (2693) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു.പി.എസ്.-ൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര കോടിയുടെ ഡി.പി.ആർ ആണ് പൂർത്തീകരിച്ചത് ;

(ബി) കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിച്ച എന്ന് വ്യക്തമാക്കുമോ;എങ്കിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു.പി.എസ്.-ൽ നിർമ്മിക്കുന്ന കെട്ടിടത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ വർക്കിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട്. സ്ട്രക്ചറൽ ഡിസൈനും ആർക്കിടെക്ചറൽ പ്ലാനും അതത് വിംഗുകളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് DPR പൂർത്തീകരിക്കാൻ കഴിയും.

(ബി) ഡി.പി.ആർ. തയ്യാറാക്കി ടെക്നിക്കൽ സാംഗ്ഷൻ നൽകിയതിനുശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

(സി) കുളത്തൂർ വി.എച്ച്.എസ്.ഇ. സ്കൂളിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി ബ്ലോക്കിനുവേണ്ടി ഒരുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ബ്ലോക്കിനായി സ്കൂൾ അധികൃതർ നിർദ്ദേശിച്ചിരുന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റുകയും ഇൻവെസ്റ്റിഗേഷൻ വർക്കിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡിസൈനും ആർക്കിടെക്ച്ചറൽ പ്ലാനും ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് പൂർത്തീകരിക്കുന്നതാണ്.

## തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി.സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം

98 (2694) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി. സ്കൂളിൽ, എം.പി. ഫണ്ടിൽനിന്നും 25 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ കെട്ടിട നിർമ്മാണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ പ്ലിന്ത് ലെവൽ പൂർത്തീകരിച്ച് മുകളിലുള്ള കോളത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഉണ്ട്. സ്കൂളിൽ നിലവിലുണ്ടായിരുന്ന പഴയ കെട്ടിടം അവധിക്കാലത്ത് പൊളിച്ചുമാറ്റിയാണ് പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചത്. ആയതിനാലാണ് നിർമ്മാണത്തിന് കാലതാമസമുണ്ടായത്.

(സി) 2018 ഡിസംബർ മാസത്തോടുകൂടി ടി കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## ഓവർസിയർ ഗ്രേഡ്-I തസ്തികയിലെ ഒഴിവുകൾ

99(2695) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗം ഓവർസിയർ ഗ്രേഡ് 1 തസ്തികയിൽ സംസ്ഥാനതലത്തിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി.- യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനതലത്തിൽ 11 ഒഴിവുകളുണ്ട്.

(ബി&സി) പി.എസ്.സി. മുഖേന നികത്തേണ്ട എല്ലാ ഒഴിവുകളിലും നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മങ്കട നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. പ്രവൃത്തികൾ**

100 (2696) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പി.ഡബ്ള്യു.ഡി. (ആർ&ബി), പി.ഡബ്ള്യു.ഡി. (എൻ.എച്ച്) എന്നിവ മുഖേന ചെയ്തിട്ടുള്ളതും നിലവിൽ ചെയ്യാനുള്ളതുമായ മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിലെ പി.ഡബ്ള്യു.ഡി. റോഡുകളുടെ നവീകരണം സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും മുഖേന ചെയ്തിട്ടുള്ളതും നിലവിൽ ചെയ്യാനുള്ളതുമായ മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*. ദേശീയപാത വിഭാഗത്തിൽ മങ്കട നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 966-ന്റെ ഉപരിതലം വീതികൂട്ടി ബലപ്പെടുത്തുന്ന പ്രവൃത്തിക്ക് കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 62 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗതിയിലാണ്. പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെട്ട മക്കരപ്പറമ്പ് ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തിയും പുരോഗതിയിലാണ്.

(ബി) ദേശീയപാത വിഭാഗത്തിന്റെകീഴിൽ നടപ്പ് സാമ്പത്തിക വർഷം ദേശീയപാതയുടെ നവീകരണം സംബന്ധിച്ച് പ്രൊപ്പോസൽ ഒന്നുംതന്നെയില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽനിന്നും പ്രൊപ്പോസലുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊല്ലം ജില്ലയിൽ നിർമ്മാണ സാമഗ്രികൾക്കുള്ള ദൗർലഭ്യം

101 (2697) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ റോഡ്-കെട്ടിട നിർമ്മാണ സാമഗ്രികൾക്കുള്ള ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യംമൂലം പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ നിലച്ചിട്ടുണ്ടോ വിശദമാക്കുമോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് നിർമ്മാണസാമഗ്രികൾ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൊല്ലം ജില്ലയിൽ റോഡ്-കെട്ടിട നിർമ്മാണ സാമഗ്രികൾക്കുള്ള ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യംമൂലം ചില പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ മന്ദീഭവിച്ചിട്ടുണ്ട്.

(ബി) മന്ത്രിതലങ്ങളിലും ഉദ്യോഗസ്ഥ തലങ്ങളിലും പ്രശ്നപരിഹാരത്തിനായി പല യോഗങ്ങൾ നടത്തിയിരുന്നെങ്കിലും പ്രശ്നം പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

(സി) നിർമ്മാണ സാമഗ്രികൾ എത്തിക്കേണ്ട ചുമതല ബന്ധപ്പെട്ട കോൺട്രാക്ടർക്കാണ്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്.

## അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

102 (2698) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പുവഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

**എറണാകുളം ജില്ലയിൽ തീരദേശ റോഡ് നിർമ്മാണം**

103 (T*2699) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വർദ്ധിച്ചുവരുന്ന കായൽ - പുഴ കയ്യേറ്റങ്ങൾ കണക്കിലെടുത്ത് തുടർകയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും കായലുകളും പുഴകളും സംരക്ഷിക്കുന്നതിനും കയ്യേറ്റ ഭൂമി വിനിയോഗിച്ച് സാധാരണക്കാർക്ക് ഉപദ്രവമില്ലാത്ത രീതിയിൽ തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പശ്ചിമ കൊച്ചി മേഖലയിലെ പുഴകളിലും കായലുകളിലും അടിഞ്ഞു കൂടിയിട്ടുള്ള ചളിയും എക്കലും ഉപയോഗിച്ച് ഇടക്കൊച്ചി, തോപ്പുംപടി, തേവര ഭാഗങ്ങളിൽ തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനും ജനവാസകേന്ദ്രങ്ങളിൽ വെള്ളം പൊങ്ങുന്നത് തടയുന്നതിനും ആവശ്യമായ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായൽ-പുഴ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും കയ്യേറ്റഭൂമി വിനിയോഗിച്ച് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള പ്രായോഗികത പരിശോധിച്ച് പഠനം നടത്തിയാൽ മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സാധ്യമാകുകയുള്ളൂ.

(ബി) ഇതുസംബന്ധിച്ച് ശാസ്ത്രീയ നിർമ്മാണ രീതി അവലംബിക്കുന്നതിന് പഠനം നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ.

**ചടയമംഗലം മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

104(2700) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ 2018 ഏപ്രിൽ 30 വരെ ഭരണാനുമതി ലഭ്യമായിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതിൽ കിഫ്ബി പദ്ധതികളുടെ വിശദാംശം പ്രത്യേകം വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ 2016 മേയ് മുതൽ 2018 ഏപ്രിൽ 30 വരെ 130.47 കോടി രൂപ വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ദേശീയപാത വിഭാഗത്തിൻകീഴിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ 2018 ഏപ്രിൽ 30 വരെ CRF 2016-17 Improvements to Chengamannadu-Kadakkal road (km 0/000 to 15/000) in Kollam District in the State of Kerala എന്ന പ്രവൃത്തിക്ക് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിക്കുന്നു. കെട്ടിട വിഭാഗത്തിൻകീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കെട്ടിട വിഭാഗത്തിൽ കിഫ്ബി പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

**വാമനപുരം മണ്ഡലത്തിലെ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് പ്രവൃത്തികൾ**

105(2701) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള രണ്ടു വർഷക്കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും തുക എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഇനിയും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെ; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള രണ്ട് വർഷക്കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികളും തുകയും ഇനിയും പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**വാമനപുരം മണ്ഡലത്തിലെ പ്രവൃത്തികൾ**

106 (2702) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ-നിർവ്വഹണ പുരോഗതിയുടെ വിവരം നൽകാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ദേശീയപാത വിഭാഗത്തിൽ വാമനപുരം നിയോജകമണ്ഡലത്തിലെ പഴയചന്ത- മുതുവിള -കല്ലറ -തുമ്പോട് -മുതുവിള-ചുള്ളാളം റോഡ് സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തിക്കായി 20 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ്. നിരത്തുകളും പാലങ്ങളും കെട്ടിട വിഭാഗം പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## ആലത്തൂർ മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ

107 (2703) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 വർഷങ്ങളിലെ ബഡ്ജറ്റിൽ ആലത്തൂർ മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 വർഷങ്ങളിലെ ബഡ്ജറ്റിൽ ആലത്തൂർ മണ്ഡലത്തിന് പൊതുമരാമത്ത് നിരത്തുകൾ വിഭാഗം പാലക്കാടിനുകീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കെട്ടിട വിഭാഗത്തിൻ കീഴിൽ 2016-17 ബഡ്ജറ്റിൽ ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രീമെട്രിക് ഹോസ്റ്റൽ ആലത്തൂർ അറ്റകുറ്റ പ്രവൃത്തികൾക്ക് 16-12-2016-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 2099/2016/ എസ്.സി.എസ്.ടി. ഡി. പ്രകാരം 10.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 2017-18 വർഷങ്ങളിലെ ബഡ്ജറ്റിൽ പദ്ധതികളൊന്നുംതന്നെ അനുവദിച്ചിട്ടില്ല. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ പ്രവൃത്തികളൊന്നും തന്നെയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആലത്തൂർ മണ്ഡലത്തിൽ എസ്.ആർ., ഒ.ആർ., ആർ.പി. വർക്കുകൾ

108 (2704) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സിൽ (എസ്. എൽ. ടി. എഫ്.) അനുവദിച്ചിട്ടുള്ള എസ്.ആർ. (സ്പെഷ്യൽ റിപ്പയേഴ്സ്), ഒ. ആർ(ഓർഡിനറി റിപ്പയേഴ്സ്), ആർ. പി. (റിന്യൂവൽ പ്രോഗ്രാം) വർക്കുകൾ ഏതെല്ലാമെന്നും ഓരോ വർക്കിനും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## തിരൂരങ്ങാടി ദേശീയപാതയുടെ ഭൂമി കൈമാറുന്ന നടപടി

109 (T* 2705) ശ്രീ. പി. കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ കോഴിച്ചെനയിലെ ദേശീയപാതയുടെ ഭൂമിയിൽ നിന്നും പ്രദേശത്തെ ടൂറിസം വികസന പദ്ധതിക്ക് വേണ്ടി സ്ഥലം കൈമാറുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ കോഴിച്ചെനയിലെ ദേശീയപാത 66 നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കുന്ന നടപടിയുടെ നോട്ടിഫിക്കേഷനിൽ പ്രസ്തുത ഭൂമി ഉൾപ്പെട്ടതാകയാൽ ദേശീയപാതയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾക്കുശേഷം മാത്രമേ പ്രസ്തുത ഭൂമി ടൂറിസം വികസന പദ്ധതിക്കുവേണ്ടി കൈമാറുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

110 (2706) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ

1. കി.മീ. 567 മുതൽ 568 വരെ റോഡിന്റെ വശങ്ങളിലെ ഓടയുടെ പുനർ നിർമ്മാണവും ഫുട്ട്പാത്തിന്റെ കൈവരി നിർമ്മാണവും എന്ന പ്രവൃത്തിക്ക് 51,10,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
2. സി.ആർ.എഫ്. 2017-18 ജഗതി തിരുവല്ലം റോഡ് വികസനം എന്ന പ്രവൃത്തിക്ക് 7 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

നിരത്തുകൾ, പാലങ്ങൾ, കെട്ടിടം എന്നീ വിഭാഗങ്ങളുടെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതി വിമുക്തമാക്കുന്നതിനുള്ള നടപടികൾ

111 (2707) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതി വിമുക്തമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതിവിമുക്തമാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാനും ഫീസുകൾ ഇ-പേമെന്റ് സംവിധാനംവഴി ഒടുക്കുവാനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം ഓഫീസുകളിൽ തുക കൈകാര്യം ചെയ്യുന്നതിൽ കുറവ് വന്നിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി നേരിട്ട് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽവന്നതോടെ പൊതുജനങ്ങൾക്ക് ഓഫീസിൽ വരാതെയും ഇടനിലക്കാരുടെ സഹായമില്ലാതെയും സേവനം ലഭിക്കുന്നതാണ്. ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനും ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും ആധാരത്തിന്റെ അത്യാവശ്യം വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്.

(ബി) ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂമിയുടെ ന്യായവില നിർണ്ണയം

112 (2708) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ന്യായവില നിർണ്ണയം നടത്തിയിട്ടില്ലാത്ത ഭൂമിയുടെ രജിസ്ട്രേഷന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ന്യായവില നിർണ്ണയം നടത്തിയിട്ടില്ലായെന്ന കാരണത്താൽ മാത്രം ഭൂമി കൈമാറ്റം നടത്താനോ വിൽപ്പന നടത്താനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല രജിസ്ട്രാർ ഓഫീസുകളിലും ന്യായവില നിർണ്ണയം നടത്തിയിട്ടില്ലാത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിന് തടസ്സമുന്നയിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തര സാഹചര്യങ്ങളിൽ ഭൂമികൈമാറ്റം ആവശ്യമായി വരുന്നവർക്ക് ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ന്യായവില നിർണ്ണയം നടത്തിയിട്ടില്ലാത്ത ഭൂമിയുടെ രജിസ്ട്രേഷന് തടസ്സങ്ങളൊന്നും നിലവിലില്ല. ന്യായവില നിർണ്ണയം നടത്തിയിട്ടില്ലാത്ത കാരണത്താൽ മാത്രം ഭൂമി കൈമാറ്റം നടത്താനോ വിൽപ്പന നടത്താനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്റ്റാമ്പ് ഡ്യൂട്ടി

113 (2709) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം വസ്തുക്കളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര തുക വീതമാണ് ലഭിച്ചത് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ വസ്തു പ്രമാണം ചെയ്യുന്നതുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിരക്ക് എത്രയാണ്; എന്ന് മുതലാണ് ഈ നിരക്ക് ബാധകമാക്കിയിട്ടുള്ളത്; ഇതിന് മുമ്പ് എത്ര ശതമാനം തുക ആയിരുന്നു;

(സി) സംസ്ഥാനത്തെ ഭൂമി കൈമാറ്റം കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

| | | |
|---|---|---|
| (എ) | വർഷം | തുക (കോടി രൂപയിൽ) |
| | 2016-17 | 1624.61 (2016 ജൂൺ മാസം മുതൽ) |
| | 2017-18 | 2278.79 |

(ബി) വിലയാധാരങ്ങളുടെ മുദ്രവില നിരക്ക് ഓരോ 100 രൂപയ്ക്കും 8 രൂപയാണ്. ഇത് അവസാനമായി പുതുക്കിയത് 2016-ലെ ഫിനാൻസ് ആക്ട് പ്രകാരം 18-7-2016 മുതലാണ്. ഇതിന് മുമ്പ് 6% ആയിരുന്നു നിരക്ക്. കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനം, ധനനിശ്ചയം, റിലീസ് എന്നിവയ്ക്ക് 1-4-2018 മുതൽ ഏറ്റവും കുറഞ്ഞത് 1000 രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി പ്രതിഫലത്തിന്റെ ഓരോ 1000 രൂപയ്ക്കും 2 രൂപയാണ്. അല്ലാത്ത സന്ദർഭങ്ങളിൽ വില/പ്രതിഫലത്തിന്റെ 5% ആണ് സ്റ്റാമ്പ് ഡ്യൂട്ടി. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന് 1-4-2018 മുതൽ ഏറ്റവും കുറഞ്ഞത് 1000 രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി വില/പ്രതിഫലത്തിന്റെ ഓരോ 10,000 രൂപയ്ക്കും 15 രൂപയും അല്ലാത്ത സന്ദർഭങ്ങളിൽ 6% ആയും മുദ്രവില നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. വിശദമായ ഷെഡ്യൂൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ

114 (2710) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ പുതുതായി എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ ഭൂമിയുടെ മാർക്കറ്റ് വില സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; ഇതുവഴി എത്ര തുക അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്;

(സി) നിലവിൽ ഭൂമി രജിസ്ട്രേഷൻ, വിവിധങ്ങളായ ആധാരങ്ങൾ എന്നിവക്ക് ഈടാക്കുന്ന ഫീസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വസ്തു സംബന്ധമായ ഏതൊക്കെ തരത്തിലുള്ള ആധാരങ്ങളാണ് രജിസ്ട്രേഷൻ വകുപ്പ് ജനങ്ങൾക്ക് ചെയ്തുകൊടുക്കുന്നത്; ഇതിന്റെ പൂർണ്ണ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ മുദ്രവില അടയ്ക്കേണ്ട ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിൽ വരുത്തി. ആധാരത്തിന്റെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാൻ സംവിധാനം ഏർപ്പെടുത്തി. രജിസ്ട്രേഷൻ സേവനം കൂടുതൽ സുതാര്യവും സുഗമവും വേഗതയിലുമാക്കുന്നതിന് ഇത് സഹായകരമാകും. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 52 ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ചിട്ടികളുടെ രജിസ്ട്രേഷൻ ഭാഗികമായി ഓൺലൈനാക്കിയിട്ടുണ്ട്.

(ബി) ഭൂമിയുടെ നിലവിലുള്ള ന്യായവില 1-4-2018 മുതൽ 10% വർദ്ധിപ്പിച്ചു. 2017 ഏപ്രിൽ, മേയ് മാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 2018 ഏപ്രിൽ, മേയ് മാസങ്ങളിലായി 3235 ആധാരങ്ങൾ വർദ്ധിക്കുകയും 98.21 കോടി രൂപയുടെ അധിക വരുമാനമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ന്യായവില വർദ്ധനവിലൂടെയുള്ള അധിക വരുമാനം കൃത്യമായി കണക്കാക്കാൻ കഴിയുന്നതല്ല.

(സി&ഡി) വസ്തു സംബന്ധമായി പൊതുവായി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ ലിസ്റ്റും അവയുടെ ഫീസും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇ-സ്റ്റാമ്പിംഗിന് നടപടി

115(2711) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നിയമപരമായ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപയോഗിക്കുന്നതിനും ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില ആവശ്യമായി വരുന്ന ഇടപാടുകൾക്ക് മുദ്രപത്രങ്ങളോ/ഇ-സ്റ്റാമ്പോ ഉപയോഗിക്കുന്നതിനും മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ മാത്രമേ ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ നിയമപരമായ തടസ്സങ്ങളില്ല.

## മുദ്രപ്പത്രങ്ങൾ പൂഴ്ത്തിവയ്ക്കുന്നതായി പരാതി

116 (2712) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി മൂല്യംകുറഞ്ഞ മുദ്രപ്പത്രങ്ങളുടെ വിതരണത്തിൽ അപ്രഖ്യാപിത നിയന്ത്രണം ഏർപ്പെടുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ആവശ്യങ്ങൾക്കായി മൂല്യം കുറഞ്ഞ മുദ്രപത്രങ്ങൾക്ക് പകരം പതിന്മടങ്ങ് മൂല്യം കൂടിയ മുദ്രപ്പത്രങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(സി) മുദ്രപ്പത്രങ്ങൾ പൂഴ്ത്തിവയ്ക്കുന്നതായ പരാതി പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 50, 100 രൂപയുടെ നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിനായി മുദ്രപ്പത്ര ക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽനിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50, 100 രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയംചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ട്രഷറി/സ്റ്റാമ്പ് ഡിപ്പോകളിൽ പുനർ മൂല്യനിർണ്ണയം ചെയ്ത 50 രൂപയുടെയും 100 രൂപയുടെയും നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ സബ്ട്രഷറികൾക്കും വെണ്ടർമാർക്കും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽനിന്നും എത്തിച്ച മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ ചെറിയ വിലയുള്ള മുദ്രപ്പത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കും ട്രഷറികളിൽ അനുഭവപ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കുള്ള ഓൺലൈൻ ഫീസ്

117(2713) <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കായി (കുടിക്കട സർട്ടിഫിക്കറ്റിന്) ഓൺലൈൻ വഴി പണമടച്ച് അപേക്ഷ നൽകുമ്പോൾ ഡാറ്റാ എൻട്രിയിലെ പിഴവുകൾമൂലം നിരസിക്കപ്പെടുന്ന അപേക്ഷകളിന്മേൽ, സ്വീകരിച്ച ഫീസ് തിരികെ നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ അപേക്ഷ നിരസിക്കപ്പെടുമ്പോൾ വീണ്ടും പണമടച്ച് പുതുതായി അപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ റീ-എഡിറ്റ് ചെയ്യാൻ അവസരം നൽകുന്നതിനോ അടച്ച ഫീസ് റീഫണ്ട് ചെയ്യുന്നതിനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അപേക്ഷാ കക്ഷി ഓൺലൈനായി ലഭ്യമാക്കുന്ന അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ബാധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നത്. ആയതിനാൽ ബാധ്യതാ സർട്ടിഫിക്കറ്റിനായി ഓൺലൈൻ വഴി പണമടച്ച് അപേക്ഷ നൽകുമ്പോൾ ഡാറ്റാ എൻട്രിയിലെ പിഴവുകൾമൂലം നിലവിൽ അപേക്ഷ നിരസിക്കുകയില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുമുമ്പ് എഡിറ്റ് ചെയ്യാനുള്ള സൗകര്യം നിലവിലുണ്ട്. അപേക്ഷ സമർപ്പിച്ചശേഷം റീ-എഡിറ്റ് ചെയ്യാനുള്ള സൗകര്യം നിലവിലില്ല. ഡാറ്റാ എൻട്രിയിലെ പിഴവുകൾമൂലം നിലവിൽ അപേക്ഷ നിരസിക്കാത്തതിനാൽ അടച്ച ഫീസ് റീഫണ്ട് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

## ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യങ്ങൾ

118 (T* 2714) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ട് നിരോധനവും ജി.എസ്.ടി.-യും നിലവിൽവന്നപ്പോൾ അത് ഭൂമി സംബന്ധമായ രജിസ്ട്രേഷനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യങ്ങൾ പൊതുജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ട് നിരോധനംമൂലം ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നിലവിൽ വന്നത് ഭൂമി രജിസ്ട്രേഷനെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ചാത്തമംഗലം രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

119 (2715) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തമംഗലം രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടം പൊളിച്ച് നീക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(സി) നിലവിൽ രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന സ്ഥലത്ത് എത്ര ഭൂമിയാണ് സർക്കാരിന്റെ കൈവശത്തിലുള്ളത്;

(ഡി) ഏറെ പഴക്കമുള്ള രജിസ്ട്രാർ ഓഫീസ് സംരക്ഷിച്ച് നിലനിർത്തണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽ നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കാതെ തന്നെ പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ രജിസ്ട്രേഷൻ വകുപ്പിലെ 52 ഓഫീസുകൾക്ക് കെട്ടിട നിർമ്മാണത്തിന് 5-12-2017-ലെ സ.ഉ. (സാധാ) നമ്പർ 995/2017/നി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഉണ്ട്.

(സി) ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്നത് 17.813 ആർ സർക്കാർ ഭൂമിയിലാണ്.

(ഡി) ഉണ്ട്.

(ഇ) നിലവിലെ കെട്ടിടം പൊളിച്ചുമാറ്റിയാൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും റിക്കോർഡുകൾ സംരക്ഷിക്കാൻ ആവശ്യമായ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

120 (2716) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പയ്യന്നൂർ സബ്ബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമായാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കേരളത്തിലെ റെയിൽവേ പദ്ധതികൾ**

121 (2717) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ജോയി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത്തരത്തിൽ കേരളത്തിലെ റെയിൽവേയുടെ പ്രവർത്തനം ദുർബലപ്പെടുത്താനായി ശ്രമം നടക്കുന്ന സാഹചര്യത്തിൽ പുതിയ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, സിഗ്നൽ സംവിധാന നവീകരണം, സ്റ്റേഷനുകളുടെ നിലവാരമുയർത്തൽ, ആധുനിക കോച്ചുകളുടെ ലഭ്യത തുടങ്ങിയവ കാര്യക്ഷമമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കേരളം ആസ്ഥാനമായി പെനിൻസുലർ സോൺ അനുവദിക്കണമെന്ന ആവശ്യം നേടിയെടുക്കാനായി നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റെയിൽ പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) അങ്കമാലി-എരുമേലി ശബരിപാത, നേമത്തെ നിർദ്ദിഷ്ട വൻകിട ടെർമിനൽ എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുമുള്ള ചില ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിലില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുണ്ട്. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്ത് ഹൈക്കോടതിക്ക് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോഴില്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. റെയിൽവേ സോൺ അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തിവരുന്നു.

(ബി) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി നടപ്പാക്കുന്നതിലേക്കായി റെയിൽവേ ബോർഡിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭ്യമായില്ല.

(സി) അങ്കമാലി - ശബരി റെയിൽപാതയുടെ നിർമ്മാണത്തിന് ആകെ 113.26 ഹെക്ടർ ഭൂമിയാണ് ആവശ്യമുള്ളത്. അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലെ സർവ്വേ/അലൈൻമെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു. അങ്കമാലി-ശബരി റെയിൽപാതയുടെ ആവശ്യകതയും

പ്രാധാന്യവും കണക്കിലെടുത്ത് നിർദ്ദിഷ്ട പദ്ധതി പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിപ്പിച്ചുവരുന്ന നേമം പദ്ധതിക്ക് 2008-ൽ അനുമതി ലഭിച്ചിരുന്നു. അന്ന് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് 250 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 28.33 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനും 30 ട്രെയിനുകളുടെ അറ്റകുറ്റപ്പണി നടത്താൻ 10 പിറ്റ് ലൈനുകളും 12 സ്റ്റേബ്ലിംഗ് ലൈനുകളും ജീവനക്കാരുടെ ക്വാർട്ടേഴ്സുമാണ് നിർമ്മിക്കേണ്ടിയിരുന്നത്. എന്നാൽ 78 കോടി രൂപ മാത്രമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. നേമം സ്റ്റേഷൻ വികസനത്തിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്ര വികസനം

122(2718) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിൽ കേന്ദ്ര സർക്കാർ പുലർത്തുന്ന വിവേചനങ്ങൾമൂലം കേരളത്തിലെ റെയിൽ ഗതാഗത വികസനം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ റെയിൽവേ വികസന സാധ്യതകൾ കണ്ടെത്തി നിലവിലെ പരാധീനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ള നിവേദനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ശബരിമല തീർത്ഥാടകരുടെ പ്രധാന സ്റ്റേഷനായ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്ര വികസനം സാക്ഷാത്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, കാലപ്പഴക്കംവന്ന റെയിൽപാളങ്ങൾ പുന:സ്ഥാപിക്കുക, റെയിലുകളുടെ

തേയ്മാനവും വിള്ളലുകളും പരിഹരിക്കുക, പഴക്കംചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുക, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയവയാണ് കേന്ദ്ര സർക്കാർ പുലർത്തുന്ന വിവേചനങ്ങൾമൂലം കേരളത്തിലെ റെയിൽ ഗതാഗത വികസനം നേരിടുന്ന പ്രതിസന്ധികൾ. മാത്രമല്ല 2018-19-ലെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് (50 ശതമാനത്തോളം). സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തി വരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനായി നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബജറ്റിന് മുന്നോടിയായി വർഷാവർഷങ്ങളിൽ കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കാറുണ്ട്. റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി വിവിധ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോഴില്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. റെയിൽവേ സോൺ അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തി വരുന്നു.

(സി) ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്ര വികസനം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## കൊടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജ്

123 (2719) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കൊടുവള്ളി ആർ.ഒ.ബി. (റെയിൽവേ ഓവർ ബ്രിഡ്ജ്)-യുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഈ പ്രവൃത്തിയിലുണ്ടായ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ ആരുടെ കൈവശമാണ് ഉള്ളതെന്നും ഇതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കൊടുവള്ളി ആർ.ഒ.ബി.യുടെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കൊടുവള്ളി ആർ.ഒ.ബി.-യുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കഴിഞ്ഞ ആറുമാസ കാലയളവിൽ പദ്ധതിക്ക് ആവശ്യമായ സ്ഥലം ഡയറക്ട് നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനായുള്ള DLFC ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 29-11-2017-ൽ രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 18-12-2017-ന് യോഗം ചേർന്ന് വില നിശ്ചയിച്ച് SLEC അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും വില പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 7-3-2018-ന് കമ്മിറ്റി വീണ്ടും ചേർന്നെങ്കിലും ഭൂമി വിലയുടെ കാര്യത്തിൽ തീരുമാനത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ല. സമാന്തരമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കൈറോസ്, കണ്ണൂർ എന്ന ഏജൻസിയെ 21-12-2017-ൽ ഏൽപ്പിക്കുകയും പ്രസ്തുത ഏജൻസി 28-2-2018-ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ ഗ്രൂപ്പിനെ 30-4-2018-ന് രൂപീകരിക്കുകയും പ്രസ്തുത ഗ്രൂപ്പ് 9-5-2018-ന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ജില്ലാ കളക്ടറാണ് സ്വീകരിക്കുന്നത്.

(സി) സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകുക, ടെണ്ടർ നടപടി സ്വീകരിക്കുക, കരാർവച്ച് പ്രവൃത്തി തുടങ്ങുക എന്നീ നടപടിക്രമങ്ങൾകൂടി ഉണ്ടായിരിക്കുന്നതാണ്.

## കല്ലുമല റെയിൽവേ മേൽപ്പാല നിർമ്മാണം

124(2720) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര കല്ലുമല റെയിൽവേ ഗേറ്റിന് (L.C.No:28) പകരമായി മേൽപ്പാല നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനും സർവ്വേ നടപടികൾക്കും ഇൻവെസ്റ്റിഗേഷനും സ്വീകരിച്ച നടപടികളും തുടർനടപടികളും വിശദമാക്കുമോ?

ഉത്തരം

മാവേലിക്കര കല്ലുമല റെയിൽവേ ഗേറ്റിന് (L.C.No.28) പകരമായി മേൽപ്പാല നിർമ്മാണം ഉൾപ്പെടെ 39 മേൽപ്പാലങ്ങൾ 19-4-2018 G.O.(Rt.)No. 718/2018/ PWD പ്രകാരം കിഫ്ബി മുഖേന നടപ്പാക്കുന്നതിന് 878 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 41 മേൽപ്പാലങ്ങളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 2.87 കോടി രൂപ (41 x7 ലക്ഷം) അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ 8-5-2018 മുതൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പദ്ധതിയുടെ സർവ്വേയും ഇൻവെസ്റ്റിഗേഷനും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാവങ്ങാട് റെയിൽവേ മേൽപ്പാല നിർമ്മാണം

125(2721) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പാവങ്ങാട് റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ മേൽപ്പാലം നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 20-3-2013-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 394/2013/ പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ പാവങ്ങാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. മേൽപ്പാലത്തിന്റെ റെയിൽവേ ട്രാക്കിന് മുകളിലുള്ള സ്പാൻ നിർമ്മിക്കുന്നതിന് 2013 ജൂണിൽ 3.66 കോടി രൂപ റെയിൽവേയിൽ ഡെപ്പോസിറ്റ് ചെയ്തു. 9-10-2013-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ

1326/2013/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്. തുടർന്ന് ആർ.ബി.ഡി.സി.കെ. 2108.89 ലക്ഷം രൂപയുടെ വിശദമായ പദ്ധതിരേഖ സമർപ്പിച്ചു. 9-12-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1828/2015/പി.ഡബ്ല്യു.ഡി. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 252.804 ലക്ഷം രൂപയും റെയിൽവേ ട്രാക്കിന് മുകളിലുള്ള സ്പാനിന്റെ പൂർത്തീകരണത്തിന് റെയിൽവേക്ക് നൽകേണ്ട ബാക്കി തുകയായ 202 ലക്ഷം രൂപയും അനുവദിച്ചു. തുടർന്ന് ആർ.ബി.ഡി.സി.കെ. കോഴിക്കോട് താലൂക്കിൽ എലത്തൂർ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 11.18 ആർ സ്ഥലവും പുതിയങ്ങാടി വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 8.60 ആർ സ്ഥലവും ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം 23-2-2016-ൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകി. ഏറ്റെടുക്കേണ്ട സ്ഥലങ്ങളിൽ ചിലത് നിലമായതിനാൽ അവ പരിവർത്തനം ചെയ്യുന്നതിന് അനുമതി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറിൽനിന്നും ലഭ്യമാക്കി 22-11-2017-ൽ കളക്ടർക്ക് നൽകി. 17-1-2018-ൽ DLFC മീറ്റിംഗ് കൂടിയെങ്കിലും സ്ഥലവില സംബന്ധിച്ച് ഭൂവുടമകളുമായി ഒരു ധാരണയിലെത്താൻ കഴിഞ്ഞില്ല. തുടർന്ന് 21-5-2018-ൽ കൂടിയ DLFC മീറ്റിംഗിൽ ഭൂവിലയെ സംബന്ധിച്ച് ധരണയിലെത്തിയിട്ടുണ്ട്. ഈ വിലയ്ക്ക് SLEC-യുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഭൂമി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തി

126 (2722) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-2018 ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ?

### ഉത്തരം

(എ-സി) വാത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, റെയിൽവേ എന്നിവരുടെ അനുമതി ആവശ്യമാണ്. ആർ.ബി.ഡി.സി.കെ. പദ്ധതിയുടെ 3 അലൈൻമെന്റുകൾ തയ്യാറാക്കി 25-11-2017-ന്

കൊച്ചി തുറമുഖ ട്രസ്റ്റിന് സമർപ്പിച്ചു. തുടർന്ന് നിരവധി ചർച്ചകൾക്കുശേഷം പുതുക്കിയ കരട് അലൈൻമെന്റ് 28-2-2018-ന് തുറമുഖ ട്രസ്റ്റിനും ഇന്ത്യൻ നേവിക്കും റെയിൽവേക്കും സമർപ്പിച്ചിരുന്നു. തുടർന്ന് 20-3-2018-ന് പോർട്ട്, അലൈൻമെന്റിന് എൻ.ഒ.സി. നൽകി. എന്നാൽ 18-4-2018-ൽ ഇന്ത്യൻ നേവി മേൽപ്പാലത്തിന്റെ ലൊക്കേഷൻ, വിമാനത്താവളത്തിന്റെ ഹൈറ്റ് ക്ലിയറൻസ് എന്നിവ കണക്കിലെടുത്ത് 200 മീറ്റർ മാറ്റണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് 14-5-2018-ൽ നേവിയുമായി ചർച്ചകൾ നടത്തിയെങ്കിലും 90 മീറ്റർ എങ്കിലും മാറ്റിയാൽ മാത്രമേ അലൈൻമെന്റ് അംഗീകരിക്കുന്ന കാര്യം സിവിൽ ഏവിയേഷൻ നിയമങ്ങളനുസരിച്ച് കഴിയുകയുള്ളൂവെന്ന് അറിയിച്ചു. ഇതിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി പരിശോധിച്ചശേഷം പുതുക്കിയ അലൈൻമെന്റ് ഒരു മാസത്തിനകം വീണ്ടും നേവിയുടെയും തുറമുഖ ട്രസ്റ്റിന്റെയും റെയിൽവെയുടെയും അംഗീകാരത്തിന് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിന്റെ നടപടികൾ പുരോഗമിക്കുന്നു.

## അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം

127 (2723) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചോ;

(സി) റെയിൽവേ മേൽപ്പാലത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത് ;

(ഡി) ഇതിൽ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും ഇനി എത്ര ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും നഷ്ടപരിഹാരത്തുകയായി എത്ര രൂപ നൽകിയിട്ടുണ്ടെന്നും എത്ര രൂപ ഈ ഇനത്തിൽ നൽകേണ്ടതായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) അറ്റ്ലാന്റിസ് മേൽപ്പാല പദ്ധതി കൊച്ചിൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പദ്ധതിയാണ്. നാലുവരി ഗതാഗതത്തിനുതകുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിക്കായി കൊച്ചി കോർപ്പറേഷൻ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കാൻ കഴിയാത്ത

സാഹചര്യത്തിൽ 27-9-2016-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1324/2016/ പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചു. നാളിതുവരെ ഏറ്റെടുത്തതും ഇനി ഏറ്റെടുക്കേണ്ടതുമായിട്ടുള്ള സ്ഥലത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി 20 മീറ്റർ വീതിയിൽ നാലുവരി ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ മേൽപ്പാലത്തിനായുള്ള വിശദമായ പദ്ധതി രേഖയുടെ കരട് 2-6-2018-ൽ ആർ.ബി.ഡി.സി.കെ.-യിൽ ലഭ്യമായത് ആവശ്യമായ പരിശോധനകൾക്കുശേഷം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(ബി) പൂർത്തീകരിച്ചിട്ടില്ല.

(സി&ഡി) അറ്റ്ലാന്റിസ് മേൽപ്പാലത്തിനായി 132.09 ആർ (326.35 സെന്റ്) ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. കൊച്ചിൻ കോർപ്പറേഷനിൽനിന്ന് ലഭ്യമായ വിശദാംശമനുസരിച്ച് ഇതിൽ 100.90 ആർ (240.29 സെന്റ്) ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി 31.19 ആർ (77.06 സെന്റ്) ഇനി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതുവരെ 46.63 കോടി രൂപ കൊച്ചിൻ കോർപ്പറേഷൻ നഷ്ടപരിഹാര തുകയായി നൽകിയിട്ടുണ്ട്. ബാക്കി 42.26 കോടി രൂപ ഈ ഇനത്തിൽ നൽകേണ്ടതായിട്ടുണ്ട്.

(ഇ) വിശദമായ പദ്ധതിരേഖയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിനു ശേഷമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ.

## മാവേലി എക്സ്പ്രസിന് തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ്

128 (2724) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മംഗലാപുരം -തിരുവനന്തപുരം മാവേലി എക്സ്പ്രസ്സിന് (ട്രെയിൻ നമ്പർ 16603) തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലബാറിൽനിന്ന് വരുന്ന രോഗികൾക്ക് ആർ.സി.സി.യിലും ശ്രീചിത്ര ഹോസ്പിറ്റലിലും പോകാൻ ഏറ്റവും ഉപകാരപ്പെടുന്നതിനാലും ഒന്നാം പ്ലാറ്റ്ഫോമിൽ തന്നെ ഇറങ്ങാൻ സൗകര്യം ഉള്ളതിനാലും മാവേലി എക്സ്പ്രസ്സിന് (ട്രെയിൻ നമ്പർ 16603) പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനം എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളെത്തുടർന്ന് ട്രെയിനുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കുന്നതുമൂലം ട്രെയിനുകളുടെ വേഗതയിൽ ഗണ്യമായ കുറവ് വരികയും യാത്രാ സമയം വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ റെയിൽവേ പുതിയ സ്റ്റോപ്പുകൾ അനുവദിക്കുന്നില്ല. പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് റെയിൽവേക്ക് കത്ത് നൽകുന്നതാണ്.

## നിലമ്പൂർ -തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്

129 (2725) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച് റെയിൽവേ ബോർഡിൽ നിന്നും എന്തെങ്കിലും തീരുമാനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്വതന്ത്ര ട്രെയിനാക്കുമെന്ന പ്രഖ്യാപനം നടത്തി മാസങ്ങൾ പിന്നിട്ടിട്ടും ഇനിയും കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മലബാറിലെ യാത്രക്കാർക്ക് ഏറെ ആശ്വാസമായ രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് ഡിവിഷൻ റെയിൽവേ ബോർഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ട്രെയിനായി ഓടിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തുകയുണ്ടായി. എ.സി. 2 ടയർ -1, എ.സി. 3 ടയർ -2, സെക്കന്റ് ക്ലാസ് സ്ലീപ്പർ കോച്ച് -7, ജനറൽ കമ്പാർട്ട്മെന്റ് 4, എസ്.എൽ.ആർ.-2 എന്നിങ്ങനെ ആകെ 16 കോച്ചുകൾ ഈ ട്രെയിനിന് ഉണ്ടായിരിക്കും. കോച്ചുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ ട്രെയിൻ സർവ്വീസ് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി

130 (2726) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് സർക്കാരിന് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(സി) ഈ പദ്ധതിയിലൂടെ എന്തൊക്കെ വിദ്യാഭ്യാസ വികസന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദേശിക്കുന്നത് ;

(ഡി) നിലവിലുള്ള പൊതു വിദ്യാഭ്യാസ പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങളാണ് പുതിയ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) എസ്.എസ്.എ., ആർ.എം.എസ്.എ., അദ്ധ്യാപക വിദ്യാഭ്യാസം എന്നീ 3 കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചാണ് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം സമഗ്ര ശിക്ഷാ അഭിയാൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നത്. പ്രീ-സ്കൂൾ മുതൽ ഹയർ സെക്കണ്ടറിതലംവരെ (4 വയസ് മുതൽ 18 വയസ്സുവരെ) എല്ലാ കുട്ടികളെയും ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. സ്കൂൾ പ്രാപ്യത, തുല്യത, ഗുണത എന്നിവ ഉറപ്പാക്കുക എന്നതാണ് സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി മുഖേന ലക്ഷ്യമിടുന്നത്.

(ബി) നടപ്പുവർഷത്തെ ആനുവൽ വർക്ക്&പ്ലാൻ ബഡ്ജറ്റ് (എ.ഡബ്ല്യു. പി.&ബി.) പ്രകാരം 437.64 കോടി (നാനൂറ്റി മുപ്പത്തിയേഴ് കോടി അറുപത്തിനാല് ലക്ഷം) രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഈ പദ്ധതി പ്രകാരം സ്കൂൾ പ്രാപ്യതയിൽ (അക്സസ്) 3 റെസിഡൻഷ്യൽ ഹോസ്റ്റലുകൾ, കുട്ടികൾക്കുള്ള യാത്രാബത്ത, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം എന്നിവ ഉൾപ്പെടുന്നു. കൂടാതെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ എല്ലാ വിഷയങ്ങളിലും പഠന പോഷണ പരിപാടികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠനപിന്തുണയ്ക്കും അദ്ധ്യാപക പരിശീലനത്തിനും പ്രത്യേകം പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) 3 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജനത്തിലൂടെ കാര്യക്ഷമത, അക്കാദമിക് നിലവാരം എന്നിവ ഉയർത്തുന്നതിന് സാധിക്കുന്നു. 2030 ആകുമ്പോഴേക്കും പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലംവരെ തുല്യത ഉറപ്പുവരുത്തുക എന്നതും സമഗ്രശിക്ഷാ അഭിയാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**തീരദേശ സ്കൂളുകൾക്ക് സാമ്പത്തിക സഹായം**

131 (2727) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിധിയിൽ വരുന്ന സ്കൂളുകൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ ആണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) തലശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ വന്നതിന് ശേഷം ഏതെല്ലാം തീരദേശ സ്കൂളുകൾക്കാണ് സാമ്പത്തിക സഹായം അനുവദിച്ചതെന്ന് തുകയടക്കം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ 'ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ മേഖലയിലെ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കെട്ടിട നിർമ്മാണം, ലബോറട്ടറി നവീകരണം എന്നിവ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ 250 കുട്ടികളെങ്കിലും അധ്യയനം നടത്തുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരിൽ നിന്നാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. കൂടാതെ, പുതിയ കെട്ടിട നിർമ്മാണത്തിനായി സ്ഥലസൗകര്യമുള്ള സ്കൂളുകളെയും, ലാബ് നവീകരിണത്തിന് നിലവിൽ മതിയായ കെട്ടിട സൗകര്യമുള്ള സ്കൂളുകളെയുമാണ് പരിഗണിക്കുന്നത്.

(ബി) സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

132(2728) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) 500 കുട്ടികളെങ്കിലും പഠിക്കുന്ന സർക്കാർ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഏത് തരത്തിലുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നതെന്നറിയിക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എസ്.പി.വി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനായി ചലഞ്ച് ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ് അല്ലെങ്കിൽ സ്കൂൾ സംരക്ഷണ സമിതി മുടക്കുന്ന തുകയ്ക്ക് തുല്യമായ നിക്ഷേപം (പരമാവധി ഒരു കോടി രൂപ) നടത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചലഞ്ച് ഫണ്ട് ആവശ്യമുള്ള സ്കൂളുകൾ പ്രൊപ്പോസൽ തയ്യാറാക്കി ഗൈഡ്ലൈനിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ നിർവ്വഹിച്ചശേഷം അപേക്ഷ സമർപ്പിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന എല്ലാ ജില്ലകളിലും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 500 കുട്ടികളെങ്കിലും പഠിക്കുന്ന സർക്കാർ സ്കൂളുകൾക്ക് 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെ വിനിയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

## പൊതുവിദ്യാഭ്യാസ മേഖലയുടെ പെരുമയിൽ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക്

133 (2729) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയുടെ വിജയത്തിലും പെരുമയിലും സമാന്തര വിദ്യാഭ്യാസ (ട്യൂട്ടോറിയൽ) സ്ഥാപനങ്ങളുടെ പങ്ക് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂളുകളിലെ അദ്ധ്യാപക രക്ഷകർതൃ സംഘടനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസ മേഖലയെപ്പറ്റി അറിവുള്ള വ്യക്തികൾ അദ്ധ്യാപക രക്ഷാകർതൃ സംഘടനയിലേക്ക് കടന്നുവരുന്നുണ്ടോ;

(സി) അദ്ധ്യാപകരുടെ ഹാജർ നിലവാരം, അദ്ധ്യാപന നിലവാരം, ഹൈടെക് സംവിധാനങ്ങളുടെ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ടോ; ആയത് കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇരുന്നൂറിലധികം പ്രവൃത്തി ദിനങ്ങൾ ഉണ്ടാകുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അതാത് മേഖലയിൽ വിലയിരുത്തുന്നുണ്ട്. അറിവുള്ള വ്യക്തികൾ അദ്ധ്യാപക രക്ഷാകർതൃ സംഘടനയിലേക്ക് കടന്നുവരുന്നുണ്ട്. പി.ടി.എ. സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിലാണ് എല്ലാ സ്കൂളുകളിലും പി.ടി.എ. പ്രവർത്തിക്കുന്നത്.

(സി) അദ്ധ്യാപകരുടെ ഹാജർ നിലവാരം അദ്ധ്യാപന നിലവാരം എന്നിവ പരിശോധിക്കുന്നുണ്ട്. ഹൈടെക് സംവിധാനം വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള അവസ്ഥയിൽ ഇവയെല്ലാം കാര്യക്ഷമമാണ്. കൈറ്റ്-ന്റെ നേതൃത്വത്തിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുകൂടി ഹൈടെക് സംവിധാനങ്ങളുടെ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) 2018-19 അധ്യയന വർഷത്തിൽ ശനിയാഴ്ചകൾ ഉൾപ്പെടെ കണ്ടെത്തി 200 പ്രവൃത്തിദിനങ്ങൾ ഉൾപ്പെടുത്തി വിദ്യാഭ്യാസ കലണ്ടർ നടപ്പാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ ജൂൺ ആദ്യവാരംതന്നെ പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

134(2730) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിവരുന്ന 'പൊതുവിദ്യാഭ്യാസ യജ്ഞ'ത്തിന്റെ ഫലമായി സ്വകാര്യ /സ്വാശ്രയ സ്കൂളുകളിൽ നിന്നും സർക്കാർ സ്കൂളുകളിലേക്ക് ഇതുവരെ എത്ര കുട്ടികൾ വന്നുചേർന്നുവെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടി നടത്തി വരുന്ന പ്രവർത്തനങ്ങൾക്കൊപ്പം ബധിര വിദ്യാലയങ്ങൾക്ക് വേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ബധിര വിദ്യാലയങ്ങൾക്കുവേണ്ടി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പ്രത്യേക പാഠപുസ്തകങ്ങൾ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ളതാണെന്ന് അറിയിക്കാമോ;

(ഡി) ഇത്തരത്തിൽ തയ്യാറാക്കപ്പെട്ട പുസ്തകങ്ങൾ ഈ അദ്ധ്യയന വർഷം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിവരുന്ന 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഫലമായി സ്വകാര്യ / സ്വാശ്രയ സ്കൂളുകളിൽനിന്നും സർക്കാർ സ്കൂളുകളിലേക്ക് ഒന്നാം ക്ലാസ്സിൽ 5703 കുട്ടികളും 2 മുതൽ 9 വരെ ക്ലാസ്സുകളിൽ മുൻവർഷം പഠിച്ചിരുന്ന കുട്ടികൾക്ക് പുറമേ 61250 കുട്ടികളും പുതുതായി ചേർന്നിട്ടുണ്ട്. 2018-19 അധ്യയന വർഷത്തെ കണക്ക് 20-6-2018-ലെ വിവരശേഖരണം ലഭ്യമായ ശേഷം മാത്രമേ കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ.

(ബി) ബധിര വിദ്യാലയങ്ങളെ മികവിലേക്ക് ഉയർത്തുന്നതിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ബധിര വിദ്യാർത്ഥികൾക്കുവേണ്ടി (1 മുതൽ 4 വരെ ക്ലാസ്സുകളിലേക്കായി) തയ്യാറാക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ഒന്നാം ക്ലാസ്സിലേക്കുള്ള ഒരു ബ്രിഡ്ജിംഗ് മെറ്റീരിയൽ 'പ്രവേശിക പാഠം' തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി. ഒന്നാം ക്ലാസ്സിലേക്കുള്ള പാഠപുസ്തകം തയ്യാറാക്കിവരുന്നു. തുടർന്ന് 2, 3, 4 ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകം തയ്യാറാക്കുന്നതാണ്. വരും വർഷങ്ങളിൽ തുടർന്നുള്ള ക്ലാസ്സുകളിലെ പാഠപുസ്തകവും തയ്യാറാക്കി നൽകുന്നതാണ്.

(ഡി) ഒന്നാം ക്ലാസ്സിലേക്കുള്ള പാഠപുസ്തകം ഈ അധ്യയന വർഷംതന്നെ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

**കേച്ചേരി ഗവ. എൽ.പി.എസ്.-ന്റെ വികസനത്തിന് ഫണ്ട്**

135 (2731) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കേച്ചേരി ഗവൺമെന്റ് എൽ.പി.എസി.-ന്റെ വികസനത്തിന് ഒരു കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ സ്കൂളിന്റെ വികസനത്തിനായുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സത്വരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) ഇല്ല.

## മലബാറിലെ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

136 (2732) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഇറക്കിയ 13-6-2007-ലെ G.O.(P)No.107/07/G.Edn നമ്പർ ഉത്തരവ് പുനഃപരിശോധിക്കാനിടയായ സാഹചര്യം എന്തായിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പുനഃസ്ഥാപിച്ച്, മലബാർ മേഖലയിൽ മുസ്ലീം സമുദായത്തിൽ ഇന്ന് അനുഭവപ്പെടുന്ന ഈ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ ഉത്തരവനുസരിച്ച് അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നിശ്ചയിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ഡി) ഈ വ്യവസ്ഥകൾ അംഗീകരിക്കുന്ന എത്ര അൺ-എയ്ഡഡ് സ്കൂളുകളാണുള്ളത്;

(ഇ) കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ അംഗീകാരമുള്ളതും സംസ്ഥാന സർക്കാർ അംഗീകാരമില്ലാത്തതുമായ എത്ര അൺ-എയ്ഡഡ് സ്കൂളുകളാണ് സംസ്ഥാനത്തുള്ളത് എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ അൺ-എയ്ഡഡ് സ്കൂൾ കുട്ടികൾ

137 (2733) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്ട് 2009-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 25 ശതമാനം സീറ്റുകളിൽ സമീപപ്രദേശങ്ങളിലെ ദുർബ്ബല വിഭാഗത്തിലും പ്രതികൂലാവസ്ഥയിലുമുള്ള ഗണത്തിലുംപെടുന്ന കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ 2015-16, 2016-17, 2017-18 അദ്ധ്യയന വർഷങ്ങളിൽ അപ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പുല്ലമ്പാറ മോഡൽ പബ്ലിക് സ്കൂളിൽ ഇപ്രകാരം പ്രവേശനം നൽകിയിട്ടുണ്ട്.

(ബി)

| സ്കൂളിന്റെ പേര് | 2015-16 | 2016-17 | 2017-18 |
|---|---|---|---|
| മോഡൽ പബ്ലിക് സ്കൂൾ, പുല്ലമ്പാറ | 18 | 14 | 15 |

## സ്പെഷ്യൽ സ്കൂളുകൾക്ക് വാർഷിക ഗ്രാന്റ്

138 (2734) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ ആകെ എത്രയെണ്ണമുണ്ടെന്നും അവയിൽ സർക്കാർ അംഗീകാരമുള്ളവ എത്രയെന്നും അറിയിക്കാമോ; ഇവയിലാകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; സർക്കാർ നേരിട്ടുനടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ ഏതൊക്കെ;

(ബി) ഈ സ്കൂളുകളിൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഉച്ചഭക്ഷണമോ പാഠപുസ്തകങ്ങളോ യൂണിഫോമുകളോ നൽകുന്നുണ്ടോ; പ്രസ്തുത ആവശ്യങ്ങൾക്കായി ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; എങ്കിൽ ഇപ്രകാരം നൽകുന്ന വാർഷിക ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) മറ്റു സ്കൂളുകളിലെ അദ്ധ്യാപകരെ അപേക്ഷിച്ച് ഇവിടെ ജോലി ചെയ്യുന്നവർക്ക് താരതമ്യേന വളരെ കുറഞ്ഞ ശമ്പളം മാത്രമാണ് നൽകുന്നത് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇവയിൽ പല സ്കൂളുകളിലും വിദ്യാർത്ഥികളെ സൗജന്യമായാണ് പഠിപ്പിക്കുന്നതെന്നതിനാൽ അടച്ചുപൂട്ടലിൽനിന്നും രക്ഷിക്കുന്നതിന് മതിയായ ഗ്രാന്റ് അനുവദിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ മാനസികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന 317 സ്പെഷ്യൽ സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ പി.ഡബ്ല്യു.ഡി. ആക്ട്/റൂൾസ് പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ ഏകദേശം

23500-ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.), പാങ്ങപ്പാറ എന്ന സ്ഥാപനം സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നു.

(ബി) സ്പെഷ്യൽ സ്കൂളുകളിൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഉച്ചഭക്ഷണവും പാഠപുസ്തകങ്ങളും നൽകുന്നുണ്ടെങ്കിലും യൂണിഫോം നൽകുന്നില്ല. സ്കൂളുകളുടെ പ്രവർത്തന ചെലവിനായി ഗ്രാന്റ് നൽകുന്നുണ്ട്. പൂർണ്ണമായും സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന എസ്.ഐ.എം.സി.-യിലെ കുട്ടികൾക്ക് ഭക്ഷണവും പാഠപുസ്തകങ്ങളും യൂണിഫോമുകളും നൽകുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം ടി സ്പെഷ്യൽ സ്കൂളുകൾക്കായി 13 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഗ്രാന്റ് 14 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഭാഗം സ്കൂളുകൾക്കായി 2017-18 വർഷം 13 കോടി രൂപ വകയിരുത്തിയത് 2018-19 സാമ്പത്തിക വർഷം 14 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മതിയായ ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സർക്കാർ ജീവനക്കാരുടെ കുട്ടികളെ സർക്കാർ സ്കൂളുകളിൽ പഠിപ്പിക്കാൻ ബോധവൽക്കരണം

139(2735) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിച്ച ആകെ കുട്ടികളുടെ എണ്ണം എത്ര; തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ എയ്ഡഡ് മേഖലയിൽ 2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ കുട്ടികളുടെ എണ്ണം എത്ര കണ്ട് വർദ്ധിച്ചു; വിശദമാക്കുമോ;

(സി) നിലവിൽ അൺ-എയ്ഡഡ് സ്കൂളുകളോട് രക്ഷിതാക്കൾക്കും പഠിതാക്കൾക്കും താല്പര്യം കുഞ്ഞുവരുന്നതായി സർക്കാർ കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ തങ്ങളുടെ കുട്ടികളെ സർക്കാർ സ്കൂളുകളിൽതന്നെ പഠിപ്പിക്കണമെന്ന ബോധവത്കരണം നടത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിച്ച ഹൈസ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലുള്ള ആകെ കുട്ടികളുടെ എണ്ണവും ഹയർ സെക്കണ്ടറി തലത്തിലുള്ള കുട്ടികളുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റ ഭാഗമായി സർക്കാർ/ എയ്ഡഡ് മേഖലയിൽ 2017-18 അദ്ധ്യയന വർഷം കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു. 2018-19 അദ്ധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കാക്കിവരുന്നു. വിവര ശേഖരണം പൂർത്തിയാക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ 12,198 കുട്ടികൾ ഒന്നാം ക്ലാസ്സിൽ അധികമായി ചേർന്നു. 2 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ കഴിഞ്ഞ വർഷത്തെ താഴ്ന്ന ക്ലാസുകളിൽനിന്നും പ്രൊമോഷൻ കിട്ടി വന്ന കുട്ടികളെ കൂടാതെ പുതുതായി 145208 കുട്ടികൾകൂടി ചേർന്നിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2018-19-ലെ അഡ്മിഷൻ പ്രക്രിയ നടന്നുവരുന്നതേയുള്ളൂ. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതായി കാണുന്നില്ല.

| വർഷം | ഒന്നാം ക്ലാസിലെ കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | |
| 2017-18 | 96913 | 164818 | 261731 |
| 2016-17 | 91210 | 158323 | 249533 |
| വർദ്ധനവ് | 5703 | 6495 | 12198 |

| സ്റ്റാൻഡേർഡ് | പുതുതായി ചേർന്ന കുട്ടികൾ |
|---|---|
| (1) | (2) |
| II | 10,103 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) |
|---|---|
| III | 9911 |
| IV | 8575 |
| V | 40385 |
| VI | 14256 |
| VII | 9504 |
| VIII | 30083 |
| IX | 22391 |
| ആകെ | 145208 |

(സി) അൺ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ ഓരോ വർഷവും കുറഞ്ഞു വരുന്ന വിദ്യാർത്ഥികളുടെ എണ്ണം രക്ഷിതാക്കൾക്കും പഠിതാക്കൾക്കും അൺ-എയ്ഡഡ് സ്കൂളുകളോട് താൽപ്പര്യം കുറഞ്ഞുവരുന്നതിനുള്ള ഒരു കാരണമായി കണക്കാക്കാവുന്നതാണ്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. 333 അൺ എയ്ഡഡ് സ്കൂളുകളിൽ ഒരു ബാച്ച് പ്രവർത്തിക്കുവാനാവശ്യമായ വിദ്യാർത്ഥികൾ മുൻവർഷങ്ങളിലുള്ളതായി കാണുന്നില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ അൺ-എയ്ഡഡ് സ്കൂളുകളില്ല.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

140 (2736) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ ലാഭകരമല്ലാത്ത ഗണത്തിൽപെടുത്തുന്നത് ഏത് മാനദണ്ഡപ്രകാരമാണ്;

(ബി) നിലവിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി, ഹൈസ്കൂൾ വിഭാഗത്തിൽ ലാഭകരമല്ലാത്ത ഗണത്തിൽപെടുന്ന എത്ര വിദ്യാലയങ്ങൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കിയതുമൂലം പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ എത്ര വർദ്ധനവാണ് ഓരോ ക്ലാസ്സിലും ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ലാഭകരമല്ലാത്ത ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും വിദ്യാലയം ഈ യജ്ഞത്തിന്റെ അടിസ്ഥാനത്തിൽ ലാഭകരമായ ഗണത്തിലേക്ക് മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കെ.ഇ.ആർ. അധ്യായം V ചട്ടം 22-എ പ്രകാരം ഒരു സ്റ്റാൻഡേർഡിലെ ശരാശരി 25 കുട്ടികളിൽ താഴെയുള്ള സ്കൂളുകളെയും തമിഴ്/കന്നട മീഡിയത്തിൽ ഒരു ക്ലാസിൽ ശരാശരി 15 കുട്ടികളിൽ താഴെയുള്ള സ്കൂളുകളെയുമാണ് ലാഭകരമല്ലാത്തതായി കണക്കാക്കി വന്നിരുന്നത്. എന്നാൽ 12-6-2018-ലെ സ.ഉ.(കൈ)നമ്പർ 83/2018/ പൊ.വി.വ. പ്രകാരം ഇനിമുതൽ ഒരു സ്റ്റാൻഡേർഡിലെ ശരാശരി കുട്ടികളുടെ എണ്ണം 15-ൽ കുറവല്ലെങ്കിൽ പ്രസ്തുത സ്കൂളിൽ മതിയായ എണ്ണം കുട്ടികളുണ്ടെന്ന് കണക്കാക്കാമെന്ന് ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(ബി) 2016-17 റിപ്പോർട്ട് പ്രകാരമുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| | എൽ.പി. | യു.പി. | എച്ച്.എസ്. | ആകെ |
|---|---|---|---|---|
| സർക്കാർ | 1896 | 461 | 232 | 2589 |
| എയ്ഡഡ് | 2446 | 588 | 100 | 3134 |
| ആകെ | 4342 | 1049 | 332 | 5723 |

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞംമൂലം 2017-18 അദ്ധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ 12198 കുട്ടികളുടെ വർദ്ധനവും 2 മുതൽ 9 വരെ 1,45,208 കുട്ടികളും പുതുതായിവന്നുചേർന്നിട്ടുണ്ട്. ക്ലാസ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ടി വർഷം മുൻവർഷത്തെ അപേക്ഷിച്ച് പത്താം ക്ലാസിൽ 841 കുട്ടികളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| സ്റ്റാൻഡേർഡ് | പുതുതായി ചേർന്ന കുട്ടികൾ |
|---|---|
| II | 10103 |
| III | 9911 |
| IV | 8575 |
| V | 40385 |
| VI | 14256 |
| VII | 9504 |
| VIII | 30083 |
| IX | 22391 |
| ആകെ | 145208 |

(ഡി) 2017-18-ലെ കണക്കും 2018-19-ലെ ആറാം പ്രവർത്തി ദിനത്തിലെ കണക്കും 12-6-2018-ലെ ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് മാത്രമേ ഇക്കാര്യം കൃത്യമായി കണക്കുവാൻ സാധിക്കുകയുള്ളൂ.

**പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

141 (2737) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ;

(ബി) ഈ അദ്ധ്യയന വർഷം, സംസ്ഥാനത്ത് ,ഒന്നാം ക്ലാസ്സിൽ എയ്ഡഡ്-സർക്കാർ സ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി ക്ലാസ് മുറികൾ ഹൈടെക് ആക്കിവരുന്നു. കൂടാതെ കിഫ്ബിയുടെ 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും ധനസഹായത്തോടെ സ്കൂളുകളുടെ പുനരുദ്ധാരണം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവ നടത്തിവരുന്നു. ഇതിനായി 8 മുതൽ 12 വരെയുള്ള 4775 സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റും. 1200 സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ പാർക്ക് പദ്ധതി നടപ്പിലാക്കി. എൽ.പി., യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 156 സ്കൂളുകൾക്ക് 2017-18 വർഷത്തിൽ ഒരു കോടി രൂപ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി. അതനുസരിച്ച് ഓരോ സ്കൂളും ഈ വർഷത്തെ ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി 'ഹലോ ഇംഗ്ലീഷ്', 'സുരീലി ഹിന്ദി', 'മലയാളത്തിളക്കം' എന്നീ പദ്ധതികളും ശാസ്ത്ര വിഷയത്തിൽ നൈപുണ്യം നേടുന്നതിനായി 'ലിറ്റിൽ ഗലീലിയോ', ഗണിത അഭിരുചി വളർത്തുന്നതിനായി 'ഗണിത വിജയം', സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി 'ടാലന്റ് ലാബ്' എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി 'ശ്രദ്ധ', 'നവപ്രഭ' എന്നീ പദ്ധതികളും നടന്നുവരുന്നു.

(ബി) ഈ അദ്ധ്യയന വർഷം ചില ജില്ലകളിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ കാലതാമസം നേരിട്ടതിനാൽ ജൂൺ 20-ഓടെ മാത്രമേ എല്ലാ ജില്ലകളിൽനിന്നുമുള്ള വിവരശേഖരണം പൂർത്തിയാകുകയുള്ളൂ.

**എസ്.പി.സി. അദ്ധ്യാപകരെ നിലനിർത്താൻ നടപടി**

142(2738) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളിൽ എസ്.പി.സി., എൻ.സി.സി., സ്കൗട്ട് ആന്റ് ഗൈഡ്സ് തുടങ്ങിയ വിഭാഗങ്ങളുടെ ചുമതലയുള്ള അദ്ധ്യാപകർക്ക് ക്ലാസ് ചാർജ്ജ് നൽകാറുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഡിവിഷൻ കുറയുന്നതുമൂലം ബന്ധപ്പെട്ട വിഷയത്തിൽ പ്രസ്തുത അദ്ധ്യാപകരുടെ വേക്കൻസി നഷ്ടപ്പെടുമ്പോൾ ഇവരെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാലയങ്ങളിൽ എസ്.പി.സി., എൻ.സി.സി., സ്കൗട്ട് ആന്റ് ഗൈഡ്സ് തുടങ്ങിയ വിഭാഗങ്ങളുടെ ചുമതലയുള്ള അദ്ധ്യാപകർക്ക് ക്ലാസ് ചാർജ്ജ് നൽകരുതെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) തസ്തിക നഷ്ടമാകുന്ന സംരക്ഷിതാദ്ധ്യാപകർക്ക് പുനർവിന്യാസം നൽകിയാൽ മാത്രമേ ശമ്പളത്തിന് അർഹതയുണ്ടാകൂ എന്നതിനാൽ ഇവർക്ക് തസ്തിക നഷ്ടമായാലും സ്കൂളിൽ തുടർന്നും നിലനിർത്താനാകില്ല.

**ഡോ. എം. എ. ഖാദർ കമ്മിറ്റി ശിപാർശകൾ**

143 (2739) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളെ ലയിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; ലയനം സംബന്ധമായി ഡോ. എം. എ. ഖാദർ കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിൽ ഉണ്ടാകുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കുമോ;

(സി) നിലവിൽ നല്ല നിലയിൽ നടന്നുവരുന്ന സെക്കണ്ടറി ഹയർ സെക്കണ്ടറി തലങ്ങളെ ലയിപ്പിക്കുന്നത് കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സെക്കണ്ടറി ഹയർ സെക്കണ്ടറി തലങ്ങളെ ലയിപ്പിക്കണമെന്ന ശിപാർശ ആരുടേതാണ് ; ഇക്കാര്യത്തിൽ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ച് വരുന്ന വിവിധ സംഘടനകളുമായി യോഗം കൂടിയിരുന്നോ; എങ്കിൽ മീറ്റിംഗിന്റെ മിനുറ്റ്സ് പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ലയനം നടന്നുകഴിഞ്ഞാൽ ഓരോ തലത്തിലും പുതുതായി അധ്യാപക തസ്തികകൾ ഉണ്ടാവില്ല എന്നതും നിലവിൽ ഉള്ളവരെ സാരമായി ബാധിക്കും എന്നതും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടില്ല.

(ബി-ഇ) ബാധകമല്ല.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളുടെ അംഗീകാരം

144(2740) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് സർക്കാർ കൊണ്ടുവന്ന മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂളുകൾ അടച്ച് പൂട്ടുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഈ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ മാനദണ്ഡങ്ങൾ അപ്രായോഗികവും അശാസ്ത്രീയവുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് സുപ്രീം കോടതി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പൊതുവിദ്യാഭ്യാസത്തിന് നിലവാരം ഇല്ലാത്തതുകൊണ്ടാണ് സി.ബി.എസ്.ഇ. സിലബസ്സിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർദ്ധിച്ചുവരുന്നതെന്നും അതിന് സർക്കാർ തന്നെയാണ് ഉത്തരവാദിയെന്നുമുള്ള ആക്ഷേപം വസ്തുതാപരമാണോ;

(ഇ) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നൽകുന്നതിനായി 7-10-2011-ലെ ജി.ഒ.(എംഎസ്.)നമ്പർ 202/11/പൊ.വി.വ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശമാണ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്ന സ്കൂളുകൾക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷൻ നൽകുന്നതിനുള്ള എൻ.ഒ.സി. നൽകിയിരുന്നു. എൻ.ഒ.സി. ഇല്ലാതെ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസിലുള്ള സ്കൂളുകളും സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളും അടച്ചുപൂട്ടുന്നതിന് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകുകയുമുണ്ടായി. ഇങ്ങനെ നോട്ടീസ് ലഭിച്ച പല സ്കൂളുകളും ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയും അത്തരം സ്കൂളുകൾക്കെതിരെ തുടർനടപടികൾക്ക് ഇടക്കാല സ്റ്റേ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സർക്കാരിന്റെ മാനദണ്ഡങ്ങൾ അപ്രായോഗികവും അശാസ്ത്രീയവുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് സുപ്രീം കോടതി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അല്ല.

(ഇ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ടി സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഫലമായി ടി സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതായും പല സ്കൂളുകളിലും ഹൈടെക് സംവിധാനം നിലവിൽവന്നതോടെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതായും കണ്ടുവരുന്നു.

## ഡോ. എം. എ. ഖാദർ സമിതി റിപ്പോർട്ട്

145 (2741) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിഭാഗങ്ങളെ ഏകോപിപ്പിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. എം.എ. ഖാദർ അദ്ധ്യക്ഷനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ആയത് ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

## അപകട മരണം സംഭവിച്ച രക്ഷിതാക്കളുടെ മക്കളുടെ തുടർ പഠനം

146 (2742) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകട മരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർപഠനത്തിന് 50,000 രൂപ ട്രഷറി നിക്ഷേപമായി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകട മരണം സംഭവിച്ചാൽ കുട്ടികളുടെ തുടർപഠനത്തിനായി 50,000 രൂപ ട്രഷറി നിക്ഷേപമായി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പുതുതായി ഉൾപ്പെടുത്തിയതാണ് മുകളിൽ സൂചിപ്പിച്ച പദ്ധതി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിന് അർഹമായവരുടെ അപേക്ഷ സ്വീകരിച്ച് തീരുമാനം കൈക്കൊള്ളുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നാളിതുവരെ ആർക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല.

## എൻ.സി.ഇ.ആർ.ടി. നടത്തിയ ദേശീയ പഠന - നേട്ട സർവ്വേ

147 (2743) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എൻ.സി.ഇ.ആർ.ടി. നടത്തിയ ദേശീയ പഠന നേട്ട സർവ്വേയിൽ ദേശീയ ശരാശരിയേക്കാളും രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലെ ശരാശരിയേക്കാളും കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം വളരെയേറെ മുന്നിലാണെന്ന സർവ്വെ ഫലം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ 95% കുട്ടികളും സ്കൂളിൽ വരാൻ ഇഷ്ടപ്പെടുന്നുവെന്ന സർവ്വേ ഫലം വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സർവ്വേയിലെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സംസ്ഥാനത്തെ സ്കൂളുകൾക്ക് കഴിയുന്നുണ്ടെന്നാണ് ദേശീയ തലത്തിൽ നടത്തിയ നാഷണൽ അച്ചീവ്മെന്റ് സർവ്വേ (നാസ് 2017) ഫലങ്ങൾ വെളിപ്പെടുത്തുന്നത്. എല്ലാ മേഖലകളിലും ദേശീയ ശരാശരിയെക്കാൾ മുന്നിലാണ് കേരളത്തിന്റെ സ്ഥാനം. എന്നാൽ സാമൂഹ്യശാസ്ത്ര പഠനത്തിൽ ഇനിയും മെച്ചപ്പെടുത്തൽ ആവശ്യമാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

(സി) പ്രവേശനോത്സവത്തിൽ ആരംഭിക്കുന്ന അദ്ധ്യയനവർഷം കുട്ടികൾക്ക് വിദ്യാഭ്യാസം ആഹ്ലാദകരമാക്കി മാറ്റുന്നു. പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ വിദ്യാഭ്യാസമാണ് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നൽകുന്നത്. ഇതുമൂലം കുട്ടികൾ സ്കൂൾ പ്രവർത്തനങ്ങളിൽ കൂടുതൽ തൽപ്പരരായിട്ടുണ്ട്.

(ഡി) മാതൃഭാഷയിൽ ബഹുഭൂരിപക്ഷം കുട്ടികൾക്കും പഠനം നടത്താൻ കഴിയുന്നുവെന്നും പഠനത്തോടൊപ്പം വിനോദങ്ങളിൽ ഏർപ്പെടാൻ കഴിയുന്നുണ്ടെന്നും ആവശ്യമായ പഠന സാമഗ്രികൾ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാകുന്നുവെന്ന നിരീക്ഷണവും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച**

148(2744) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗം ഗുണപരമായി നിലവാരത്തകർച്ച നേരിടുകയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2016-ലെ ദേശീയ വിദ്യാഭ്യാസ നയ പ്രകാരം ഉന്നത വിദ്യാഭ്യാസവുമായി പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി പ്രവർത്തിപരിചയം (ഇന്റേൺഷിപ്പ്) വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിൽ സംസ്ഥാനം പിന്നിലാണെന്ന റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) സാങ്കേതികരംഗത്തിന്റെ കുതിച്ചുചാട്ടം മുന്നിൽകണ്ടുകൊണ്ട് മേൽത്തരം അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അത്യാധുനിക പാഠ്യപദ്ധതികളുമായി കിടപിടിക്കുന്ന തരത്തിലുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കി ഉന്നത വിദ്യാഭ്യാസ രംഗം നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഗവേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകിവരുന്ന സംസ്കൃത സർവ്വകലാശാലയിൽ 19 വിഷയങ്ങളിൽ എം.ഫിൽ.-ഉം വിവിധ പഠന വകുപ്പുകളിലായി 26 വിഷയങ്ങളിൽ ഗവേഷണവും നടത്തുന്നുണ്ട്. സംസ്കൃത സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ബിരുദ-ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റവും എം.ഫിൽ., പിഎച്ച്.ഡി. പ്രോഗ്രാമുകൾക്ക് കോഴ്സ് വർക്കും നടപ്പിൽവരുത്തിയിട്ടുണ്ട്. കോഴ്സ് ഘടന, സിലബസ് എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിലെ മാറ്റങ്ങൾക്കനുസരിച്ച് പുതുക്കുന്നുണ്ട്. സംസ്കൃതത്തെ ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെടുത്തി ബിരുദതലത്തിൽ സാൻസ്ക്രിറ്റ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി കോഴ്സ് നടത്തിവരുന്നുണ്ട്. എം.പി.എഡ്., എം.എഫ്.എ., ഡിപ്ലോമ ഇൻ ആയുർവേദിക് പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പി എന്നിവയുടെ സിലബസ് നവീന സാങ്കേതിക മികവിന്റെ കൂട്ടുപിടിച്ച് തയ്യാറാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 3 വർഷത്തിൽ ഒരിക്കൽ കരിക്കുലം പരിഷ്കരണം നടത്തുന്നുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ബിരുദ-ബിരുദാനന്തര തലത്തിൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

## വിദൂര വിദ്യാഭ്യാസത്തിലൂടെ നേടുന്ന യോഗ്യതകളുടെ അംഗീകാരം

149 (2745) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദൂര വിദ്യാഭ്യാസത്തിലൂടെ ശാസ്ത്ര വിഷയങ്ങളിൽ നേടുന്ന ബിരുദാനന്തര ബിരുദ യോഗ്യതകൾ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) യു.ജി.സി-യുടെ 23-2-2018-ലെ 1-9/2018 (ഡി.ഇ.ബി-1) നമ്പർ നോട്ടീസ് അനുസരിച്ച് വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ യു.ജി.സി. അംഗീകൃതമായ എല്ലാ ഡിഗ്രികൾക്കും ഇക്വലൻസി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ബിരുദങ്ങളുടെ അംഗീകാരം, തുല്യത തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. രാജൻ ഗുരുക്കളുടെ അദ്ധ്യക്ഷതയിൽ പത്തംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ് അംഗങ്ങൾ, യു.ജി.സി. പ്രതിനിധി എന്നിവർ ഉൾപ്പെടെ അംഗങ്ങളായ ഈ കമ്മിറ്റി ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

**മാതൃഭാഷ പഠനം നിർബന്ധമാക്കാൻ സ്വീകരിച്ച നടപടി**

150 (2746) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെ മാതൃഭാഷ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ലക്ഷ്യം നിറവേറ്റുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് അധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ 2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/ പെ.വി.വ. (എസ്.ആർ.ഒ. നമ്പർ 366/18) പ്രകാരം നിലവിൽവന്നു.

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ 2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ. (എസ്.ആർ.ഒ. നമ്പർ 366/18) പ്രകാരം നിലവിൽവന്നു. ഇതിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ കൂടാതെ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) തുടങ്ങിയ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി 1, 2 ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് & ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.) തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തമിഴ്, കന്നട എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കുട്ടികളുടെ ഭാഷാപഠനം ലക്ഷ്യമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാനുള്ള ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. 2017-18 വർഷം ഒന്നാം ക്ലാസിലും 2018-19 വർഷം രണ്ടാം ക്ലാസിലുമാണ് ഈ പാഠപുസ്തകങ്ങൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഹൈസ്കൂൾ തലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ കീഴിൽ അദ്ധ്യാപകരുടെ ഒരു പാനൽ രൂപീകരിക്കണമെന്നും ഈ പാനൽ പരിശോധനാ റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും മലയാള ഭാഷാചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എൽ.പി./യു.പി. തലങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തണമെന്നും മേൽപ്പറഞ്ഞ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. മേൽ പരിശോധന റിപ്പോർട്ടുകൾ പ്രകാരം മലയാള ഭാഷാപഠന ചട്ടങ്ങളിലെ വ്യവസ്ഥകൾ ഏതെങ്കിലും സ്കൂളുകൾ ലംഘിച്ചതായി ബോധ്യപ്പെട്ടാൽ അങ്ങനെയുള്ള സ്കൂളിന്റെ പ്രധാനാദ്ധ്യാപകനിൽ നിന്നും പിഴ ചുമത്തുന്ന കാര്യങ്ങളും ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒന്നാം തരം മുതൽ പത്താം തരം വരെ മലയാള ഭാഷാപഠനം ഉറപ്പുവരുത്തുന്നതിനായി 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ 2-6-2018-ലെ സ.ഉ.(അച്ചടി) നമ്പർ 14/18/പൊ.വി.വ. പ്രകാരം പ്രാബല്യത്തിൽവന്നിട്ടുണ്ട്. 2018-19 അദ്ധ്യന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്കൂൾ യൂണിഫോം വിതരണം

151 (2747) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കുട്ടിക്ക് എത്ര സ്കൂൾ യൂണിഫോം വീതം കണക്കാക്കിയാണ് അളവ് നിശ്ചയിച്ച് തുണി വിതരണം ചെയ്തത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) വിതരണം ചെയ്ത തുണി സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള എണ്ണം യൂണിഫോം തയ്ക്കുന്നതിന് തികയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) രണ്ട് ജോഡി വീതം. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ ആൺകുട്ടികൾക്ക് ഷർട്ടും ഷോർട്സും 5 മുതൽ 7 വരെ ക്ലാസ്സിലുള്ളവർക്ക് ഷർട്ടും പാന്റ്സും 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് ഷർട്ടും സ്കർട്ടും 5 മുതൽ 7 വരെ ക്ലാസ്സുകളിലുള്ളവർക്ക് ഷർട്ടും സ്കർട്ടും ഓവർകോട്ടുമാണ് വിതരണം ചെയ്തത്.

(ബി) ഉണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ ആൺകുട്ടികൾക്ക് നൽകിയ 2 ഷോർട്സിനുള്ള തുണി ഉപയോഗിച്ച് പാന്റ്സ് തയ്ക്കുന്നതിന് ആവശ്യമായ അളവിൽ മുറിക്കുമ്പോൾ 2 പാന്റ്സിന് തികയാതെ വരുമെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കുട്ടികൾ അധികമായി അഡ്മിഷൻ എടുത്ത സ്കൂളുകളിൽ തുണി തികയാതെ വരുന്ന സാഹചര്യത്തിൽ അധികമായി ആവശ്യമുള്ള തുണി ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കണക്കെടുപ്പിനുശേഷം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഏകീകരണ പദ്ധതി

152 (2748) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-സ്കൂൾ മുതൽ പ്ലസ് ടു വരെ ഒരു കുടക്കീഴിലാക്കി സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സമഗ്രമാറ്റം വരുത്തുന്ന ഏകീകരണ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രീ-സ്കൂൾ മുതൽ പ്ലസ് ടു വരെ ഏകീകൃത സംവിധാനത്തിലാക്കുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറിതലത്തിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി&ഡി) വിശദമായ പഠനത്തിനുശേഷം തീരുമാനിക്കുന്നതാണ്.

## സ്കൂൾ പാചകപ്പുരയുടെ വൃത്തിയും സ്ഥലസൗകര്യങ്ങളും

153 (2749) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ പാചകപ്പുരകൾക്ക് ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) പാചകപ്പുരകളുടെ വൃത്തിയും മറ്റു സ്ഥലസൗകര്യങ്ങളും ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും മേന്മയും പാചകത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതിയും ശുചിത്വവും പരിശോധിക്കുന്നതിന് നിലവിൽ എന്തു സംവിധാനമാണുള്ളതെന്നു അറിയിക്കുമോ;

(സി) ഇപ്രകാരമുള്ള വിവിധ കാര്യങ്ങളിൽ കൃത്യമായ നിരീക്ഷണമില്ലായ്മ കാരണം വിവിധ സ്കൂളുകളിൽ ഭക്ഷ്യവിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങളിൽ കർശന സുരക്ഷാ നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്കൂൾ പാചകപ്പുരകൾക്ക് ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സ്കൂളുകളിലെ പാചകപ്പുരകൾ സന്ദർശിച്ച് ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് സർക്കാർ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്യാറുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 30-9-2015-ലെ മിഡ് ഡേ മീൽ റൂൾസ് 2015-ലെ റൂൾ (8)-ലെ വ്യവസ്ഥ പ്രകാരം ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും

ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ന്യൂട്രീഷ്ണൽ സ്റ്റാൻഡേർഡ്സ് ക്വാളിറ്റി, മൈക്രോ ബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കുന്നതിനായി കേന്ദ്രസർക്കാർ അധീനതയിൽ പ്രവർത്തിക്കുന്നതും എൻ.എ.ബി.എൽ., എഫ്.എസ്.എസ്.എ.ഐ. സർട്ടിഫിക്കേഷനുകൾ ഉള്ളതുമായ കൊല്ലത്തെ സി.ഇ.പി.സി.ഐ. ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവിധ തലത്തിലുള്ള കൃത്യമായ മോണിറ്ററിംഗ് സംവിധാനങ്ങളുടെ നിരീക്ഷണത്തിലും മേൽനോട്ടത്തിലുമാണ് സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്ത് കുട്ടികൾക്ക് നൽകുന്നത്. പോഷകസമൃദ്ധവും ഗുണമേന്മയുള്ളതുമായ ഭക്ഷണം ഏറ്റവും ശുചിത്വമുള്ള അന്തരീക്ഷത്തിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് പാചകം ചെയ്ത് കുട്ടികൾക്ക് നൽകുന്നതിന് വിപുലമായ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഇതിന് മേൽനോട്ടം വഹിക്കുന്നതിനായി നൂൺ മീൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മാനവവിഭവശേഷി വികസന വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മിഡ് ഡേ മീൽ റൂൾസ് 2015-ലെ റൂൾ 7 പ്രകാരം സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെക്കൂടി പദ്ധതിയുടെ നടത്തിപ്പ്, ഭക്ഷണത്തിന്റെ ഗുണമേന്മ, ഭക്ഷണ വിതരണത്തിലെ ശുചിത്വം, പരിസര ശുചിത്വം എന്നിവ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നു. ഒരു അദ്ധ്യാപകൻ സ്കൂൾ ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഭക്ഷണത്തിന്റെ ഗുണനിലവാരം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നു. ഉച്ചഭക്ഷണം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് മുമ്പായി ഉച്ചഭക്ഷണത്തിന്റെ ചുമതലയുള്ള അദ്ധ്യാപിക/അദ്ധ്യാപകൻ ഭക്ഷണം രുചിച്ച് നോക്കാറുണ്ട്. കൂടാതെ ഉച്ചഭക്ഷണ വിതരണ സമയത്ത് ഒന്നിലധികം കുട്ടികളുടെ രക്ഷിതാക്കളോ എസ്.എം.സി. മെമ്പറോ ഉണ്ടാകാറുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കുമനുസൃതമായാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഉപജില്ലാ തലത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സംസ്ഥാനത്താകെ 163 നൂൺ മീൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സോൺ തലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2 നൂൺമീൽ ഓഫീസർമാരെ സോണൽ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ, പോഷകമൂല്യം, ഭക്ഷണം പാചകം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും പാലിക്കേണ്ട ശുചിത്വം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുമായി ഉപജില്ലാ/ജില്ലാ/സംസ്ഥാന തലങ്ങളിൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോണിറ്ററിംഗ് സമിതികളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ ന്യൂട്രീഷ്യൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റ് വിദഗ്ദ്ധർ, മെഡിക്കൽ ഓഫീസർമാർ

എന്നിവർ അംഗങ്ങളാണ്. സ്കൂൾ തുറക്കുന്ന ദിവസംതന്നെ ഹെൽത്ത് കാർഡ് ഹാജരാക്കാൻ പാചകത്തൊഴിലാളികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ 6 മാസം കൂടുമ്പോഴും ഹെൽത്ത് കാർഡ് ഹാജരാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം ഒരു സ്കൂളിൽ മാത്രമാണ് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ സ്കൂൾ വർഷാരംഭത്തിൽതന്നെ സ്കൂളുകളിലെ കുടിവെള്ളം ഉപയോഗിക്കുന്ന കിണറുകളും വാട്ടർടാങ്കും പാചകപ്പുരയും പരിസരവും വൃത്തിയാക്കുന്നതിനും പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് എടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഉച്ച ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും ക്വാളിറ്റി ഉറപ്പുവരുത്തുന്നതിന് കൊല്ലത്തെ സി.ഇ.പി.സി.ഐ. ലാബ് അധികൃതർ പരിശോധന നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിൽ കേന്ദ്രീയ വിദ്യാലയം

154 (2750) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മതിയായ സ്ഥലം വിട്ടുനൽകിയാൽ സിവിലിയൻ സെക്ടറിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിന് വേണ്ടി സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുമോ; വിശദമാക്കാമോ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

## പേരാവൂർ ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ഉപജില്ല

155(2751) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പേരാവൂർ ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ആയത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള 52593/N1/09/G.Edn. എന്ന ഫയലിന്റെ നിലവിലെ സ്ഥിതി എന്താണ്;

(സി) പേരാവൂർ ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പേരാവൂർ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുകയാണെങ്കിൽ ആവശ്യമായി വരുന്ന തസ്തികകൾ പുനർവിന്യാസത്തിലൂടെ കണ്ടെത്തണമെന്ന തീരുമാനത്തിന്റെ യടിസ്ഥാനത്തിൽ തസ്തികകളുടെ പുനർവിന്യാസ സാധ്യത പരിശോധിച്ചുവരികയാണ്.

(ബി) പേരാവൂർ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുമ്പോൾ ആവശ്യമായി വരുന്ന തസ്തികകളുടെ പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

156 (2752) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഒറ്റപ്പെട്ട സ്ഥലങ്ങളിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ വളരെ ബുദ്ധിമുട്ടി ജോലിചെയ്യുന്ന അദ്ധ്യാപകരുടെ ജോലി സ്ഥിരത സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 283 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) കെ.ഇ.ആർ. പ്രകാരമുള്ള സ്ഥലസൗകര്യവും കെട്ടിട സൗകര്യവും ലഭ്യമാകുന്നതും നിശ്ചിത എണ്ണം കുട്ടികൾ ഉള്ളതുമായ എം.ജി.എൽ.സി.-കളെ എൽ.പി. സ്കൂളുകളായി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. അതോടൊപ്പം അപ്ഗ്രേഡ് ചെയ്യാൻ സാധിക്കാത്ത എം.ജി.എൽ.സി.-കളിലെ കുട്ടികളെ തൊട്ടടുത്തുള്ള സ്കൂളുകളിലേയ്ക്ക് മാറ്റുകയും ആവശ്യമുള്ള ഇടങ്ങളിൽ വാഹന സൗകര്യം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാർ കരാർ വ്യവസ്ഥയിലാണ് ജോലിനോക്കിവരുന്നത്. എന്നാൽ വർഷങ്ങളായി ജോലി നോക്കിവരുന്ന വിദ്യാവോളന്റിയർമാരെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ അടച്ചുപൂട്ടൽ സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

## വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് നടപടി

157 (2753) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഇറക്കിയിട്ടുള്ള സർക്കാർ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരം പ്രദേശങ്ങളിൽ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് തീരുമാനം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; എന്നത്തേക്ക് ഇവ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് : വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ അവകാശ നിയമത്തിലെ 6, 14 എന്നീ ചട്ടങ്ങൾ പ്രകാരം നിഷ്കർഷിച്ച നടപടികൾ പൂർത്തിയായിവരികയാണ്. ഇതിന്റെ ആദ്യഘട്ടമായി സർവ്വശിക്ഷാ അഭിയാൻ കേരളാ ഘടകത്തിന്റെ മേൽനോട്ടത്തിൽ കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ്, റെക്കഗ്നൈസ്ഡ് അൺഎയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തി സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി. തുടർന്ന് ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2 പ്രകാരമുള്ള വിജ്ഞാപനം, 25-5-2016-ലെ അസാധാരണ ഗസറ്റ് നമ്പർ 985 പ്രകാരം

പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരം പരസ്യപ്പെടുത്തിയ വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളുടെ ലിസ്റ്റ് സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന് ഒരുമാസ കാലയളവ് വിജ്ഞാപനത്തിൽ അനുവദിച്ചിരുന്നു. ആയത് പ്രകാരം ലഭ്യമായ പരാതികൾ പരിശോധിച്ചശേഷം തയ്യാറാക്കിയ പട്ടികയിലെ ഓരോ സ്ഥലത്തേയും കുട്ടികളുടെ ലഭ്യത ഉൾപ്പെടെയുള്ള വിശദവിവരങ്ങൾകൂടി പരിശോധിച്ച് 4 പ്രദേശങ്ങളെ 20-5-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10-10-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്യുകയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തൊട്ടടുത്ത സ്കൂളുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും 9-6-2017-ലെ സ.ഉ. (സാധാ.) നമ്പർ 1813/17/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

കൂടാതെ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ 2 ട്രൈബൽ പ്രദേശങ്ങൾ 22-8-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 1845 പ്രകാരം (ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തിലെ സൊസൈറ്റിപ്പടി, പത്തനംതിട്ട ജില്ലയിലെ സീതത്തോട് പഞ്ചായത്തിലെ ഗവി) വിജ്ഞാപനം ചെയ്തിട്ടുണ്ട്. 30-5-2018-ലെ സ.ഉ. (സാധാ) 2006/2018/പൊ.വി.വ. പ്രകാരം വാഹന സൗകര്യം നൽകുന്നത് വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ മലപ്പുറം ജില്ലയിലെ കുന്നമംഗലം പഞ്ചായത്തിലെ ചേരക്കാട്, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുല്ലൂർ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാം പാറ പഞ്ചായത്തിലെ കുന്നങ്കാട്ടുപതി, പത്തനംതിട്ട ജില്ലയിലെ പെരുനാട് പഞ്ചായത്തിലെ പെരുനാട് എന്നീ പ്രദേശങ്ങളെ വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പുകൾ അനുബന്ധമായി ലഭ്യമാക്കുന്നു.*

(സി) രണ്ട് സ്ഥലങ്ങളിൽ നിലവിലുള്ള സർക്കാർ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും ഒരു പ്രദേശത്ത് നിലവിലുള്ള എം.ജി.എൽ.സി., സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള നടപടികൾ തുടർന്നുവരികയാണ്.

(ഡി) ബഹു. കേരളാ ഹൈക്കോടതിയിൽ ഈ വിഷയത്തിൽ നിരവധി റിട്ട് ഹർജികൾ ഫയൽ ചെയ്ത സാഹചര്യത്തിൽ നേരിട്ട നിയമതടസ്സം കാരണമാണ് ഇതുസംബന്ധിച്ച നടപടികൾക്ക് കാലതാമസം നേരിട്ടത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രീ-പ്രൈമറി സ്കൂളിലെ അദ്ധ്യാപകർക്കും ആയമാർക്കും അംഗീകാരം

158 (2754) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2012-നുശേഷം നിലവിൽവന്ന പൊതുവിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ആയമാർക്കും അംഗീകാരം നൽകി ഹോണറേറിയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല.

## സംസ്ഥാനത്തെ സംരക്ഷിത അദ്ധ്യാപകരുടെ എണ്ണം

159 (2755) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം എത്ര സംരക്ഷിത അധ്യാപകർ ഉണ്ട് ; അവർ എത്ര പേർ ഗവൺമെന്റ്/എയ്ഡഡ് പോസ്റ്റുകളിൽ വർക്ക് ചെയ്യുന്നു എന്ന് തരം തിരിച്ച ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സംരക്ഷിത അധ്യാപകരുടെ നിയമനം മൂലം എത്ര എസ്.സി ,എസ്.ടി, ഒ.ബി .സി, ഒ .ഇ സി. തസ്തികകൾ നഷ്ടമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18-ലെ തസ്തിക നിർണ്ണയത്തിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 3957 സംരക്ഷിത അദ്ധ്യാപക/അനദ്ധ്യാപകരാണുള്ളത്. ഇതിൽ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്നവരുടെ തരംതിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സംരക്ഷിതാദ്ധ്യാപകരെ പി.എസ്.സി. റാങ്ക് ലിസ്റ്റ് വരുന്നതുവരെ താൽക്കാലികമായി പുനർവിന്യസിക്കുന്നതുമൂലം എസ്.സി., എസ്.റ്റി., ഒ.ബി.സി., ഒ.ഇ.സി. തസ്തികകളൊന്നും നഷ്ടമായിട്ടില്ല.

## കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി പദ്ധതി

160 (2756) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരവും തുല്യതയും ഉറപ്പാക്കുന്ന പൊതുവിദ്യാഭ്യാസത്തിന്റെ സാക്ഷാത്കരണത്തിനായി തുടങ്ങിവച്ച പദ്ധതികൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; അതിലൂടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനത്തിലും ആശയവിനിമയത്തിലും വിദ്യാർത്ഥികൾക്ക് എത്രമാത്രം മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്നവരെ മറ്റ് കുട്ടികളോടൊപ്പം കൊണ്ടുവരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ; ശ്രദ്ധ പദ്ധതി വിജയകരമാണോ; വിശദമാക്കുമോ;

(ഡി) പൊതു വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പാഠ്യപദ്ധതിയിൽ എന്തെങ്കിലും മാറ്റം വേണമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 'മലയാളത്തിളക്കം', 'എന്റെ മലയാളം', 'ഹലോ ഇംഗ്ലീഷ്', 'സുരിലീ ഹിന്ദി' തുടങ്ങിയ പദ്ധതികൾ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ ഇംഗ്ലീഷിലുള്ള ആശയവിനിമയശേഷി ഗണ്യമായി വർദ്ധിച്ചതായി വ്യക്തമാകുന്നുണ്ട്.

(സി) അതെ. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കാൻ 'ശ്രദ്ധ' പദ്ധതി സഹായകരമായിട്ടുണ്ട്.

(ഡി) ഉണ്ട്. പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളുടെ പ്രവർത്തന മികവ്

161 (2757) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനം നൽകുന്നതിലെ വേഗതയുടെയും ഫയൽ തീർപ്പാക്കുന്നതിന്റെ കാര്യക്ഷമതയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളുടെ പ്രവർത്തന മികവ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) വിവിധ തലത്തിലുള്ള ഓഫീസുകളുടെ പ്രവർത്തനമികവ് പരിശോധി ക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇതിലെ പോരായ്മകൾ എന്തൊക്കെയാണ്;

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സേവനങ്ങൾ സമയ ബന്ധിതമായി ലഭിയ്ക്കാത്തത് അന്യജില്ലകളിൽ നിന്നുള്ള ജീവനക്കാർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) കൃത്യമായ ഇടവേളകളിൽ പ്രവർത്തന മികവ് പരിശോധിക്കുന്നതിന് സംവിധാനമേർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ ജില്ലകളിലും ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. അതിനുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും അത്തരത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലകളിലെ ഓഫീസുകളിൽ നേരിട്ട് സന്ദർശനം നടത്തിവരുന്നു. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുമ്പായി സമർപ്പിക്കാറുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിവിധ ഓഫീസുകളിൽ ഒ&എം പരിശോധനയും ആകസ്മിക സന്ദർശനങ്ങളും നടത്തിവരുന്നു. ടി പരിശോധനാ വേളയിൽ ഗുരുതരമായ കൃത്യവിലോപങ്ങൾ നടത്തുന്ന ജീവനക്കാർക്കെതിരെ നടപടികളും സ്വീകരിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാ ഉപഡയറക്ടർമാർ തങ്ങളുടെ പരിധിയിൽപ്പെട്ട കാര്യാലയങ്ങളിൽ വാർഷിക പരിശോധനകളും നടത്തിവരുന്നുണ്ട്.

മാസത്തിൽ ഒന്നോ രണ്ടോ പരിശോധനകൾ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഓരോ മാസാന്ത്യം വരെയും പേഴ്സണൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ഫയലുകളുടെയും തപാലുകളുടെയും വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. ലഭിക്കുന്ന തപാലുകളിന്മേലുള്ള ഉചിത നടപടിയും ത്വരിതഗതിയിലുള്ള തീർപ്പാക്കലും സാധിക്കുന്നു. വകുപ്പിലെ ഫയൽനീക്കത്തെക്കുറിച്ചും തീർപ്പാക്കലിനെക്കുറിച്ചും പുരോഗതിയെ കുറിച്ചും അറിയുന്നതിനും ഫയൽ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനും സാധ്യമാകുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഒരു സാമ്പത്തിക വർഷത്തെ നാലായി തിരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിലുള്ള എല്ലാ ഉപ ഓഫീസുകളിലും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഫയൽ ഓഡിറ്റ് നടത്താൻ തീരുമാനമായിട്ടുണ്ട്.

## വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നത് പഠിക്കാൻ കമ്മിറ്റി

162 (2758) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ശുപാർശകളാണ് അവർ നൽകിയിട്ടുള്ളത്;വിശദമാക്കാമോ;

(സി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്?

### ഉത്തരം

(എ) ഇല്ല. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 19-10-2017-ലെ സ.ഉ. (സാധാ.) 3779/17/പൊ.വി.വ. 3-3-2018 സ.ഉ.(സാധാ.) 941/18/പൊ.വി.വ. എന്നിവ പ്രകാരം താഴെ പറയുന്നവർ അംഗങ്ങളായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

1. ഡോ. എം. എ. ഖാദർ (എസ്.സി.ഇ.ആർ.ടി. മുൻഡയറക്ടർ - ചെയർമാൻ)

2. ശ്രീ. ജ്യോതി ചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്)

3. ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട് പി.ഒ., കാസർഗോഡ്

(ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) മേൽപരാമർശിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വിദ്യാഭ്യാസ അവകാശനിയമവുമായി ബന്ധപ്പെട്ട് കെ.ഇ.ആർ.-ൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകൾ

163 (2759) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന എത്ര പ്രീ പ്രൈമറി സ്കൂളുകൾക്ക് 2011 വരെയുള്ളവയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ട്;

(ബി) 2012 മുതൽ പ്രവർത്തിക്കുന്നവയ്ക്ക് അംഗീകാരം ലഭിക്കാത്തത് കാരണം പ്രവർത്തിക്കുന്നതിന് വളരെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

### ഉത്തരം

(എ) 2159 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വള്ളിക്കുന്ന് മണ്ഡലത്തിലെ സ്കൂളുകൾ

164 (2760) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ പേരും ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കുമോ ?

### ഉത്തരം

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ പേര് ചുവടെ ചേർക്കുന്നു :

1. ഗവ. വി.എച്ച്.എസ്.എസ്., ചേലാരി

2. ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

ഇതുകൂടാതെ ചേളാരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് 1-11-2017-ലെ സ.ഉ. (സാധാ) 4101/17/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, കടലുണ്ടി എന്ന സ്കൂളിന് 1,00,00,000 (ഒരു കോടി) രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**നിയമനാംഗീകാരം നേടിയ അദ്ധ്യാപകരുടെ മുൻകാല സർവ്വീസ്**

165(2761) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011 -ൽ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി നിയമനാംഗീകാരം നേടിയ അദ്ധ്യാപകരുടെ 2006 മുതലുള്ള മുൻകാല സർവ്വീസ് അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് നിയമനാംഗീകാരം നൽകാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പാക്കേജിന്റെ ഭാഗമായി അംഗീകാരം ലഭിച്ച സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായവരുടെയും മുൻകാല സർവ്വീസ് പരിഗണിച്ച് പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അദ്ധ്യാപക പാക്കേജ് വഴി 1-6-2011 മുതൽ നിയമനാംഗീകാരം ലഭിച്ചവരുടെ മുൻകാല സർവ്വീസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് 16-2-2018-ലെ സ.ഉ. (പി) നമ്പർ 2/2018/പൊവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും പ്രസ്തുത വിഷയത്തിൽ സുപ്രീം കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതിനാൽ 20-2-2018-ലെ സ.ഉ. (പി) 3/2018/ പൊവിവ. നമ്പർ പ്രകാരം അത് റദ്ദ് ചെയ്യുകയുണ്ടായി. സുപ്രീംകോടതിയിലുള്ള കേസിൽ അന്തിമവിധി ആയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(സി) പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങാൻ ഭരണാനുമതി

166 (2762) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങാൻ വളരെ മുമ്പുതന്നെ ഭരണാനുമതി ലഭിച്ചിട്ടും ഈ അദ്ധ്യയനവർഷം ആരംഭിച്ചപ്പോൾ സ്കൂൾ ബസ്സുകൾ വാങ്ങി നൽകാനാവാത്തത് എന്തുകൊണ്ടാണ് ; വിശദമാക്കുമോ;

(ബി) സ്കൂൾ ബസ്സുകൾ വാങ്ങുന്നതിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടും പഴയതുപോലെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചതിനാലാണ് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിൽ കാലതാമസം ഉണ്ടായത് എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) മുമ്പ് ചെയ്തിരുന്നപോലെ എം.എൽ.എ. ഫണ്ടും ബാക്കിത്തുകയും കണ്ടെത്തി പി.ടി.എ. കമ്മിറ്റികൾക്ക് തന്നെ ബസുകൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഭരണാനുമതി നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ്. സ്കൂൾ ബസ് വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡയറക്ടറാണ്. പ്രസ്തുത ഭരണാനുമതി ഉത്തരവ് പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടത് നിലവിലെ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച്, ഇ-ടെണ്ടർ മുഖേനയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇ-ടെണ്ടർ നടപടി സ്വീകരിക്കുന്നതിനാൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബന്ധപ്പെട്ട സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്നുണ്ട്.

(ബി&സി) പരിശോധിച്ചുവരുന്നു.

## വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ

167 (2763) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് അതിലെ പ്രധാന നിർദ്ദേശങ്ങൾ; വിശദമാക്കാമോ;

(ബി) സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ചെയ്യാവുന്നതും ചെയ്യ കൂടാത്തതുമായ കാര്യങ്ങളുടെ പട്ടിക ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ടോ;

(സി) സ്കൂളുകളിൽ സുരക്ഷാ ക്ലബ്ബ് ആരംഭിക്കണമെന്ന നിർദ്ദേശം പ്രാവർത്തി കമാക്കിയിട്ടുണ്ടോ;

(ഡി) സ്കൂൾ ബസ്സുകളിൽ നിയുക്തരാകുന്ന ഡ്രൈവർമാരെയും സഹായികളെയും കുറിച്ച് അന്വേഷിക്കുന്നതിനും അവരുടെ പൂർവ്വകാല ചരിത്രം മനസ്സിലാക്കിയശേഷം നിയമനം നൽകുന്നതിനും ശിപാർശ ചെയ്യുമോ ?

ഉത്തരം

(എ&ബി) എല്ലാ അദ്ധ്യയനവർഷവും സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് ഫിറ്റ്നസ്/അൺഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നു. സ്കൂളിനും സ്കൂൾ കുട്ടികൾക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം മുറിച്ച് മാറ്റുന്നതിനുള്ള അനുവാദവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ സ്കൂളിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള വൈദ്യുതി പോസ്റ്റുകൾ, വൈദ്യുതി കണക്ഷനുകൾ എന്നിവ പരിശോധിക്കുന്നതിനും അപകടാവസ്ഥ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും സ്കൂൾ കോമ്പൗണ്ടിലും പരിസരങ്ങളിലുമുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ അപകടരഹിതമെന്ന് ഉറപ്പുവരുത്തുവാനും സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ടവരിൽനിന്നും വാങ്ങുവാനും വേണ്ടത്ര പരിചയം ഇല്ലാത്തവരും അംഗവൈകല്യമുള്ളവരും കാഴ്ച/കേൾവി കുറവുള്ളവരും അനാരോഗ്യവാന്മാരും സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർ/ ക്ലീനർ എന്നിവരായി ജോലി ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാനും ശക്തമായ മഴ, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ എന്നിവ കാരണം സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കുന്നതറിയാതെ സ്കൂളുകളിൽ എത്തിച്ചേരുന്ന കുട്ടികളെ സുരക്ഷിതമായി വീടുകളിൽ എത്തിക്കുവാനും അടിയന്തര സാഹചര്യങ്ങളിൽ ജില്ലാ കളക്ടറേറ്റ്/ ജില്ലാ ദുരന്ത നിവാരണ സമിതി എന്നിവയുമായി ബന്ധപ്പെടുവാനും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ സ്കൂൾ സുരക്ഷാ പദ്ധതി സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സ്കൂൾ അധികൃതർക്കും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂളുകളിൽ സുരക്ഷാ ക്ലബ്ബ് ഔദ്യോഗികമായി പ്രാവർത്തികമാക്കി യിട്ടില്ല.

(ഡി) സ്കൂൾ ബസ്സുകളിൽ നിയുക്തരാകുന്ന ഡ്രൈവർമാരുടെയും സഹായികളുടെയും വിവരം പ്രഥമാദ്ധ്യാപകർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാറുണ്ട്. ഇവരെക്കുറിച്ച് അന്വേഷിക്കുന്നതിനും അവരുടെ പൂർവ്വകാല ചരിത്രം മനസ്സിലാക്കിയ ശേഷം നിയമനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## 2018-19 അദ്ധ്യയനവർഷം അഡ്മിഷൻ നേടിയ കുട്ടികൾ

168 (2764) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 അദ്ധ്യയനവർഷാരംഭത്തിൽ സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ആയി എത്ര കുട്ടികൾ പുതിയതായി അഡ്മിഷൻ നേടിയിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലെയും എണ്ണം പ്രത്യേകം വ്യക്തമാക്കുമോ;

(സി) 1-ാം ക്ലാസ് മുതൽ 9-ാം ക്ലാസ് വരെ പുതിയതായി അഡ്മിഷൻ നേടിയ കുട്ടികളുടെ എണ്ണം ക്ലാസ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തി സ്കൂളുകൾ മികവിന്റെ കേന്ദ്രമായി മാറുന്നതാണ് കുട്ടികൾ കൂട്ടത്തോടെ പൊതുവിദ്യാലയങ്ങളിൽ എത്താൻ കാരണം എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ-സി) ചില പ്രത്യേക സാഹചര്യത്തിൽ മധ്യവേനൽ അവധിക്കുശേഷം ചില ജില്ലകളിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ താമസം നേരിട്ടതിനാൽ ജൂൺ 20-ഓടെ മാത്രമെ എല്ലാ ജില്ലകളിൽ നിന്നുമുള്ള 2018-19 അധ്യയനവർഷത്തെ ആറാം പ്രവർത്തിദിനം അടിസ്ഥാനമാക്കിയുള്ള വിവരശേഖരണം പൂർത്തിയാകുകയുള്ളൂ.

(ഡി) ഇല്ല.

## ഹരിപ്പാട് മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി

169 (2765) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളെയാണ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്തെല്ലാം വികസന, നിർമ്മാണപ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഏത് ഏജൻസിയെയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു*

(ബി) ഹൈടെക് സ്കൂൾ പദ്ധതി നിർവ്വഹണത്തിനായി ക്ലാസ് മുറികൾ സജ്ജമാക്കേണ്ടത് അതത് സ്കൂളുകൾ തന്നെയാണ്. മണ്ഡലത്തിലെ സജ്ജമായ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം പൂർത്തിയാക്കി. ഓരോ ക്ലാസ്സിലേക്കും ലാപ്ടോപ്പ്, കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/ സ്ക്രീൻ യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫംഗ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്വർക്കിംഗ് സംവിധാനവും ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്ര വിഭവ പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്.

(സി) ഹൈടെക് സ്കൂൾ പദ്ധതിക്കുള്ള ക്ലാസ് മുറികൾ സജ്ജമാക്കേണ്ടത് അതത് സ്കൂളുകൾ തന്നെയാണ്. പദ്ധതി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (കൈറ്റ്) ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**മികവിന്റെ കേന്ദ്രങ്ങളാകുന്ന എറണാകുളം ജില്ലയിലെ വിദ്യാലയങ്ങൾ**

170 (2766) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാകുന്ന എറണാകുളം ജില്ലയിലെ വിദ്യാലയങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കിഫ്ബിയുടെ അഞ്ച് കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 141 സ്കൂളുകളെയാണ് മികവിന്റെ കേന്ദ്രമാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ എറണാകുളം ജില്ലയിലെ വിദ്യാലയങ്ങൾ താഴെ പറയുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. പെരുമ്പാവൂർ, ഗവ.എച്ച്.എസ്.എസ്.
2. അങ്കമാലി നായത്തോട് എം.ജി.എം.എച്ച്.എസ്.എസ്.
3. ആലുവ ചെങ്ങമനാട് ഗവ.എച്ച്.എസ്.എസ്.
4. കളമശ്ശേരി കൊങ്ങരപ്പള്ളി ജി.എച്ച്.എസ്.എസ്.
5. വൈപ്പിൻ ഞാറക്കൽ ജി.എച്ച്.എസ്.എസ്.
6. കൊച്ചി-ഫോർട്ട് കൊച്ചി ജി.ഇ.എം.ജി.എച്ച്.എസ്.എസ്.
7. തൃപ്പൂണ്ണിത്തുറ ജി.എച്ച്.എസ്.എസ്.
8. എറണാകുളം എളമക്കര ഗവ.എച്ച്.എസ്.എസ്.
9. തൃക്കാക്കര എടപ്പള്ളി ഗവ.എച്ച്.എസ്.എസ്.
10. കുന്നത്തുനാട് വാഴക്കുളം സൗത്ത് ഗവ.എച്ച്.എസ്.എസ്.
11. പിറവം ഗവ.എച്ച്.എസ്.എസ്.
12. മൂവാറ്റുപുഴ പേഴക്കാപ്പള്ളി ഗവ.എച്ച്.എസ്.എസ്.
13. കോതമംഗലം ചെറുവട്ടൂർ ഗവ.മോഡൽ എച്ച്.എസ്.എസ്.
14. പറവൂർ ചേന്ദമംഗലം ജി.എച്ച്.എസ്.എസ്.
15. പുത്തൻതോട് ജി.എച്ച്.എസ്.എസ്.,ചെല്ലാനം.

(ബി) പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സ്കൂളുകൾക്ക് ഭരണാനുമതിയും കിഫ്ബിയുടെ 5 കോടി രൂപ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി (PMC) WAPCOS എന്ന സർക്കാർ അംഗീകൃത ഏജൻസിയെയും തെരഞ്ഞെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**അങ്കമാലിയിലെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് സംവിധാനം**

171 (2767) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ് സംവിധാനം ഏർപ്പെടുത്തിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ സ്കൂളിലും എത്ര ക്ലാസ് മുറികളാണ് സ്മാർട്ട് ആക്കിയത് ; സ്കൂളുകളുടെ പേര് ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്ന കണ്ണൂർ ജില്ലയിലെ സ്കൂളുകൾ**

172 (2768) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിലവാരത്തിലേക്ക് ഉയർത്തുവാനായി കണ്ണൂർ ജില്ലയിലെ ഏതെല്ലാം ഹയർ സെക്കണ്ടറി സ്കൂളുകളാണ് തെരഞ്ഞെടുത്തതെന്നും ഓരോന്നിനും ഇതിനോടകം സാമ്പത്തിക സഹായം ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ വിഭാഗത്തിൽ ഏതെല്ലാം സ്കൂളുകൾ ലക്ഷ്യത്തിലെത്തിയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന സ്കൂളുകളെ കിഫ്ബിയുടെ ധനസഹായത്തിലുൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു :

| സ്കൂളിന്റെ പേര് | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| (1) | (2) |
| കരിവള്ളൂർ എ.വി. സ്മാരക ഗവ. എച്ച്.എസ്.എസ്. | 5 |
| ചെറുതാഴം ഗവ. എച്ച്.എസ്.എസ്. | 5 |
| ശ്രീകണ്ഠപുരം ഗവ. എച്ച്.എസ്.എസ്. | 5 |
| തോട്ടട ഗവ. എച്ച്.എസ്.എസ്. | 5 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) |
|---|---|
| പെരളശ്ശേരി എ.കെ.ആർ.എസ്. ഗവ. എച്ച്.എസ്.എസ്. ധർമ്മടം | 5 |
| പാട്യം ഗവ. എച്ച്.എസ്.എസ്. | 5 |
| ചിറ്റാരിപ്പറമ്പ് ഗവ. എച്ച്.എസ്.എസ്. | 5 |
| മുഴക്കുന്ന് ഗവ. എച്ച്.എസ്.എസ്. | 5 |
| കുറുമത്തൂർ ഗവ. വി.എച്ച്.എസ്.എസ്. | 5 |
| വളപട്ടണം ഗവ. എച്ച്.എസ്.എസ്. | 4.93 |
| ചിറക്കര ഗവ. എച്ച്.എസ്.എസ്. | 4.9 |

മേൽപ്പറഞ്ഞ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി കോൺട്രാക്ടർമാരെ തെരഞ്ഞെടുത്ത് ഏൽപ്പിച്ചിട്ടുണ്ട്. മൂന്ന് കോടി രൂപയിലുൾപ്പെടുത്തി താഴെപ്പറയുന്ന സ്കൂളുകളിൽ നടപടി സ്വീകരിച്ചുവരുന്നു :

ഗവ. എച്ച്.എസ്.എസ്. കുട്ടമത്ത്

ഇ.കെ. നായനാർ ഗവ. എച്ച്.എസ്.എസ്.

ഗവ. എച്ച്.എസ്.എസ്., ഇരിക്കൂർ

ഗവ. എച്ച്.എസ്.എസ്. ചാല

കതിരൂർ ഗവ. വി.എച്ച്.എസ്.എസ്.

മേൽപ്പറഞ്ഞ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി കോൺട്രാക്ടർമാരെ തെരഞ്ഞെടുത്ത് ഏൽപ്പിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന സ്കൂളുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

മാറമംഗലം ഗവ. എച്ച്.എസ്.എസ്.

ഗവ. വി.എച്ച്.എസ്.എസ്., ചെറുകുന്ന്

ഗവ. എച്ച്.എസ്.എസ്., കണ്ണാടിപ്പറമ്പ്

വി.എച്ച്.എസ്.എസ്. ടാഗോർ വിദ്യാനികേതൻ

ഗവ. എച്ച്.എസ്.എസ്. , മുണ്ടേരി

ഗവ. എച്ച്.എസ്.എസ്., ചാവശ്ശേരി.

കൂടാതെ ഗവ. എച്ച്.എസ്.എസ്. മാലൂർ, പാല ഗവ. എച്ച്.എസ്.എസ്. പേരാവൂർ, MKKNPMG VHSS പാഞ്ഞാനം എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**വരവൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം**

173 (2769) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിലെ വരവൂർ ഗവൺമെന്റ് എൽ.പി. സ്കൂളിൽ 2018-19 അദ്ധ്യയനവർഷം എത്ര കുട്ടികൾ പുതിയതായി അഡ്മിഷൻ നേടിയിട്ടുണ്ട്;

(ബി) നിലവിൽ ഈ സ്കൂളിൽ ആകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്;

(സി) ഇത്രയും കുട്ടികൾക്ക് സുരക്ഷിതമായി ഇരുന്നു പഠിക്കുന്നതിന് ആവശ്യമായ ക്ലാസ് മുറികൾ ഈ സ്കൂളിൽ ലഭ്യമല്ല എന്നുള്ളത് കണക്കിലെടുത്ത് ആവശ്യമായ കെട്ടിട സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചില പ്രത്യേക സാഹചര്യത്തിൽ മധ്യവേനൽ അവധിക്കുശേഷം ചില ജില്ലകളിൽ സ്കൂളുകൾ ഉറന്നുപ്രവർത്തിക്കാൻ താമസം നേരിട്ടതിനാൽ ജൂൺ 20-ഓടെ മാത്രമെ എല്ലാ ജില്ലകളിൽനിന്നുമുള്ള 2018-19 അധ്യയന വർഷത്തെ ആറാം പ്രവർത്തി ദിനം അടിസ്ഥാനമാക്കിയുള്ള വിവരശേഖരണം പൂർത്തിയാകുകയുള്ളൂ.

(സി&ഡി) പരിശോധിച്ചുവരുന്നു.

**കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം**

174 (2770) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിടനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള കെട്ടിടത്തിന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ആയത് ലഭിക്കുന്നതിൽ എന്തെല്ലാം തുടർ നടപടികൾ നാളിതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കുവാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി എന്നത്തേക്ക് കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-നെ കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കെട്ടിട നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കിവരുന്നു. ഇത് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് ഈ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ മുമ്പ് അനുവദിച്ച നിർമ്മാണ പ്രവർത്തനത്തിന്റെ പൂർത്തിയാകാത്ത പ്രവൃത്തികൾ രണ്ടാംഘട്ടമായി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് പ്രസ്തുത നിർമ്മാണം നടത്തുന്നത്.

(സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി കിഫ്ബി മുഖേനയുള്ളതല്ല.

(ഡി) നിലവിലുള്ള പ്രവൃത്തിയുടെ വർക്കുകൾ കഴിഞ്ഞാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ഹൈടെക് സ്കൂളുകൾ

175 (2771) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളെയാണ് വിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക്സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; ഏതെല്ലാം വികസന/നിർമ്മാണ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസിയെയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഹൈടെക് സ്കൂൾ പദ്ധതി നിർവ്വഹണത്തിനായി ക്ലാസ് മുറികൾ സജ്ജമാക്കേണ്ടത് അതത് സ്കൂളുകൾ തന്നെയാണ്. മണ്ഡലത്തിലെ സജ്ജമായ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം പൂർത്തിയാക്കി. ഓരോ ക്ലാസ്സിലേക്കും ലാപ്ടോപ്പ്, കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടി മീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫംഗ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ് സംവിധാനവും ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്ര വിഭവ പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്.

(സി) ഹൈടെക് സ്കൂൾ പദ്ധതിക്കുള്ള ക്ലാസ് മുറികൾ സജ്ജമാക്കേണ്ടത് അതത് സ്കൂളുകൾ തന്നെയാണ്. പദ്ധതി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (കൈറ്റ്) ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ വിതരണം**

176 (2772) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിൽ എന്തെല്ലാം ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഉച്ചഭക്ഷണ വിതരണത്തിനായി ഒരു കുട്ടിക്ക് എത്ര തുകയാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്; തുക പര്യാപ്തമല്ലാത്തപക്ഷം ആയത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷണത്തിന്റെ വൈവിധ്യം ഉറപ്പാക്കിക്കൊണ്ടുവേണം പ്രതിദിന മെനു നിശ്ചയിക്കേണ്ടതെന്നും ഭക്ഷണത്തിൽനിന്നും കുട്ടികൾക്ക് അവശ്യം ലഭിക്കേണ്ട കലോറിമൂല്യം, പ്രോട്ടീൻ എന്നിവ ലഭിക്കത്തക്കവിധത്തിലുള്ള ഭക്ഷണ സാധനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നും പ്രഥമാദ്ധ്യാപകർക്കും സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കും കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ചോറിനോടൊപ്പം ഒരു കറിയും രണ്ട് വിഭവങ്ങളും നൽകണമെന്നും രസം, അച്ചാർ എന്നിവ ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിവിധതരം പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കുട്ടികളുടെ താൽപ്പര്യം കണക്കിലെടുത്തും മത്സ്യം മാംസാഹാരം എന്നിവ മെനുവിൽ ഉൾപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം ഉച്ചഭക്ഷണം കഴിക്കുന്ന എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു ദിവസം മുട്ടയും രണ്ട് ദിവസം പാലും (150 മില്ലി ലിറ്റർ വീതം) നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾക്കൊപ്പം സ്കൂളുകൾക്ക് ചുവടെ ചേർക്കുന്ന ഒരു സാമ്പിൾ മെനുകൂടി നൽകിയിട്ടുണ്ട്.

1. തിങ്കൾ: ചോറ്, പരിപ്പ് കറി, കിച്ചടി, തോരൻ (ബീറ്റ് റൂട്ട്/കാരറ്റ്/കോവയ്ക്ക/പപ്പായ/കാബേജ് തുടങ്ങിയവ)
2. ചൊവ്വ: ചോറ്, എരിശ്ശേരി/പുളിശ്ശേരി, ചെറുപയർ/വൻപയർ തോരൻ, അവിയൽ
3. ബുധൻ: ചോറ്, സാമ്പാർ, മുട്ടക്കറി (കുട്ടി ഒന്നിന് ഒരു മുട്ട വീതം), ഇലക്കറികൾ (ചീര/മുരിങ്ങയില തുടങ്ങിയവ)
4. വ്യാഴം: ചോറ്, പരിപ്പ് കറി, അവിയൽ, തോരൻ (കാരറ്റ്/ ബീൻസ്/മുരിങ്ങയ്ക്ക/പപ്പായ/കാബേജ് തുടങ്ങിയവ)
5. വെള്ളി: ചോറ്, സാമ്പാർ, ചെറുപയർ/വൻപയർ തോരൻ, ഇലക്കറികൾ (ചീര, മുരിങ്ങയില തുടങ്ങിയവ).

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിപുലമായ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ അദ്ധ്യാപക-രക്ഷകർത്ത പങ്കാളിത്തവും പൊതുസമൂഹത്തിന്റെ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി സ്കൂൾതല ഉച്ചഭക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം ടി കമ്മിറ്റികളെ ഏൽപ്പിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ മെനു നിശ്ചയിക്കുന്നതും പാചക തൊഴിലാളികളെ നിയമിക്കുന്നതും ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന് മുമ്പായി ഓരോ മാസത്തേയും പദ്ധതി നടത്തിപ്പിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ പദ്ധതി നടത്തിപ്പിന് ആവശ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതും സ്കൂൾ ഉച്ചഭക്ഷണ

കമ്മിറ്റികളാണ്. പദ്ധതിയുടെ നടത്തിപ്പ് നിരന്തരം നിരീക്ഷിക്കുന്നതിനും സ്കൂൾ തല പരിശോധനകൾ നടത്തുന്നതിനുമായി ഉപജില്ലാ തലത്തിൽ ഓരോ നൂൺ മീൽ ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി രണ്ട് മേഖലാ കോർഡിനേറ്റർമാരെ സർക്കാർ നിയമിച്ചിട്ടുണ്ട്. കൂടാതെ ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലയിലെ ഏറ്റവും സീനിയറായ ലോക് സഭാ അംഗം ചെയർമാനായ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ മറ്റൊരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെംഗ്ത്തുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം എട്ട് രൂപ, 151 മുതൽ 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെംഗ്ത്തുള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് പ്രതിദിനം എട്ട് രൂപയും തുടർന്ന് 151 മുതൽ 500 വരെ വരുന്ന 350 കുട്ടികൾക്ക് പ്രതിദിനം കുട്ടിയൊന്നിന് ഏഴ് രൂപയും 500-നുമുകളിൽ ഫീഡിംഗ് സ്ട്രെംഗ്ത്തുള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിന് പ്രതിദിനം എട്ട് രൂപയും തുടർന്നുള്ള 350 കുട്ടികൾക്ക് (151 മുതൽ 500 വരെ) കുട്ടിയൊന്നിന് പ്രതിദിനം ഏഴ് രൂപയും 500-ന് മുകളിൽ കുട്ടിയൊന്നിന് പ്രതിദിനം ആറ് രൂപയും പാചക ചെലവിനത്തിൽ നിലവിൽ നൽകിവരുന്ന തുക പര്യാപ്തമാണ്.

## അക്കാദമിക് മാസ്റ്റർപ്ലാൻ

177 (2773) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുള്ള ആസൂത്രണവും നിർവ്വഹണവും നടത്തുക എന്നത് അക്കാദമിക് മാസ്റ്റർപ്ലാൻ ലക്ഷ്യംവയ്ക്കുന്നുണ്ടോ; എങ്കിൽ തദനുസൃതമായിട്ടാണോ അവ തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ജനകീയമായ അക്കാദമിക് മാസ്റ്റർപ്ലാൻ മുഖേന അദ്ധ്യയനം കൂടുതൽ ശിശു കേന്ദ്രീകൃതമാക്കുന്നതിന് സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിലൂടെ വിദ്യാർത്ഥികളുടെ നിത്യജീവിതവുമായി പാഠപുസ്തകങ്ങളെ ബന്ധിപ്പിക്കുന്നതിനും അതിലൂടെ പൊതുസമൂഹവുമായി സംവദിക്കുവാനുള്ള അവസരം കൈവരുന്നതായും കണ്ടെത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഈ അദ്ധ്യയന വർഷം മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള വിദ്യാഭ്യാസം, പൊതുവിദ്യാലയങ്ങളിലെ കുട്ടികളിൽ എന്തൊക്കെ മാറ്റം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്. അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനാണ് മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. സ്കൂളുകളുടെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും പ്രായത്തിനനുസൃതമായി വികസിപ്പിക്കണമെന്നത് മുന്നിൽകണ്ട് നിശ്ചിതവും സമയബന്ധിതവുമായ പ്രവർത്തനങ്ങളോടെ അവരെ ഉയർന്ന നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യമാണ് അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. പ്രാദേശിക വിഭവങ്ങളും വൈദഗ്ധ്യവും പഠനനിലവാരം ഉയർത്തുന്നതിന് പ്രയോജനപ്പെടുത്തുന്നതിലൂടെ ഇത് സാധ്യമാകും. കൂടാതെ സ്കൂളുകളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

(സി) ഈ അധ്യയന വർഷം മുതലാണ് അക്കാദമിക് മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നത്. ഇതിന്മേലുള്ള വിശകലനം ഓരോ ടേമുകൾക്ക് ശേഷമേ വിലയിരുത്താൻ കഴിയുകയുള്ളൂ.

(ഡി) അക്കാദമിക പ്രവർത്തനങ്ങൾവഴി എല്ലാ കുട്ടികളും വായിക്കുന്നുവെന്ന് ഉറപ്പാക്കും, ഗണിത/ശാസ്ത്ര അഭിരുചി വളർത്തും, മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതി ശാസ്ത്രം വികസിപ്പിക്കും, കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തും.

## കുട്ടികളുടെ പഠന മികവ് പങ്ക് വയ്ക്കുന്നതിന് പരിപാടി

178(2774)<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ പഠനമികവ് രക്ഷകർത്താക്കളുമായും പൊതുസമൂഹവുമായും പങ്ക് വയ്ക്കുന്നതിന് സർഗ്ഗോത്സവം എന്ന പരിപാടി സംഘടിപ്പിച്ചിരുന്നോ; പ്രസ്തുത പരിപാടിക്ക് ലഭിച്ച സ്വീകാര്യത വെളിപ്പെടുത്തുമോ;

(ബി) സ്കൂളുകളെ ആർട്സ്, സ്പോർട്സ്, പ്രവൃത്തി പരിചയം എന്നിവയുടെ ഹബ്ബായി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദീകരിക്കുമോ;

(സി) ഈ പദ്ധതി ഹയർ സെക്കണ്ടറി തലത്തിൽനിന്നും ഹൈസ്കൂൾ തലത്തിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംഘടിപ്പിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ വൈവിധ്യമാർന്ന കഴിവുകൾ പ്രദർശിപ്പിക്കാൻ ഇതിലൂടെ അവസരം ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കുട്ടികളുടെ ബഹുമുഖ കഴിവുകളെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിന് ടാലന്റ് ലാബ് എന്ന ആശയം വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളെ ഒന്നായി കണ്ടുകൊണ്ട് ഓരോതലത്തിലെയും കുട്ടികളുടെ കഴിവുകൾ പരിഗണിച്ചാണ് ടാലന്റ് ലാബ് എന്ന പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

## അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയ സ്കൂളുകൾ

179 (2775) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കാദമിക് മികവ് ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിർദ്ദേശിച്ച രീതിയിൽ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ള പാലക്കാട് ജില്ലയിലെ സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം സ്കൂളുകളിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ വി.സി.എം. എൽ.പി.എസ്. വല്ലപ്പുഴ, എസ്.ആർ.വി. എൽ.പി.എസ്. ചുഡുവാലത്തൂർ എന്നീ രണ്ട് സ്കൂളുകൾ ഒഴികെ ബാക്കിയുള്ള മുഴുവൻ സ്കൂളുകളും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി പൊതുസമൂഹത്തിന് മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. എസ്.ആർ.വി. എൽ.പി.എസ്. ചുഡുവാലത്തൂർ സ്കൂളിൽ ആകെ രണ്ട് വിദ്യാർത്ഥികളും ഒരു അദ്ധ്യാപികയും മാത്രമാണുള്ളത്. രണ്ട് വിദ്യാർത്ഥികളും CWSN (Children with Special Needs) വിഭാഗത്തിൽപ്പെട്ട കുട്ടികളുമാണ്.

(ബി) ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിനുകീഴിലുള്ള എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്.

## വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുന്ന പദ്ധതി

180(2776) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ജൈവ വൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ നൽകിയ ഏഴ് വിദ്യാലയങ്ങളിൽ എന്തെങ്കിലും നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ ഈ അധ്യയനവർഷം ഉദ്യാനം നിർമ്മിക്കുവാൻ സാധിക്കുമോ; ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഏഴ് വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## വിദ്യാർത്ഥികളിലെ വായനാശീലം വളർത്തുന്നതിന് പദ്ധതി

181(2777) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനായി സർക്കാർ സ്കൂളുകളിൽ പുതിയ പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ലാസ്സ് മുറികളിൽ ഒരുക്കുന്ന വായനശാലയിലേക്ക് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനായി സർക്കാർ പ്രൈമറി സ്കൂളുകളിലെയും ഹൈസ്കൂളുകളിലെയും ലൈബ്രറികൾക്കായി പുസ്തകം വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുകൂടാതെ എല്ലാ വർഷവും ജൂൺ 19 മുതൽ ജൂലൈ 7 വരെ കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വായനാപക്ഷമായി ആചരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കാർ പ്രൈമറി സ്കൂളുകളിൽ ലൈബ്രറികൾ ഒരുക്കിക്കൊണ്ട് അത്തരം ലൈബ്രറികൾക്കായി പുസ്തകം വാങ്ങി നൽകുന്നതിനും ഹൈസ്കൂളുകളിൽ ലൈബ്രറികൾക്കായി പുസ്തകം വാങ്ങി നൽകുന്നതിനുമായി ഈ സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## എല്ലാ ഹൈസ്കൂളുകളിലും ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കാൻ നടപടി

182(2778) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷയെ കോർ സബ്ജക്ട് വിഭാഗത്തിൽനിന്നും മാറ്റി ഭാഷാ വിഷയമായി പരിഗണിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് കെ.ഇ.ആർ. ഭേദഗതിയും സ്റ്റാഫ് ഫിക്സേഷനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എല്ലാ ഹൈസ്കൂളുകളിലും ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

## ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗൃഹപാഠം നൽകാതിരിക്കാൻ നടപടി

183 (2779) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ ഒരു സ്കൂളിലും ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് അദ്ധ്യാപകർ ഗൃഹപാഠം നൽകുന്നില്ലായെന്ന് ഉറപ്പുവരുത്തണമെന്ന മദ്രാസ് ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പല സ്കൂളുകളിലും പിഞ്ചുകുഞ്ഞുങ്ങൾക്ക് കനത്ത ഗൃഹപാഠം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കുട്ടികളിൽ കനത്ത മാനസിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന സാഹചര്യത്തിൽ മദ്രാസ് ഹൈക്കോടതിയുടെ വിധിയിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സ്കൂളുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗൃഹപാഠം നൽകാൻ നിർദ്ദേശം നൽകിയിട്ടില്ല. ഇത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്കൂൾ മോണിറ്ററിംഗിന്റെ ഭാഗമായി ഉറപ്പാക്കുന്നതാണ്.

**പ്രൈമറി - അപ്പർ പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപക നിയമനം**

184 (2780) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ അപ്പർ പ്രൈമറി-പ്രൈമറി വിഭാഗത്തിലായി നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2014-ൽ അപേക്ഷ ക്ഷണിച്ച എൽ.പി.എസ്.എ. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൽ.പി.എസ്.എ. തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമനം നടക്കാത്തതിനാലുള്ള പ്രശ്നങ്ങൾ സ്ഥലംമാറ്റ ഉത്തരവിലൂടെയാണ് പരിഹരിക്കുന്നതെന്ന ആക്ഷേപം ശരിയാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി-അപ്പർ പ്രൈമറി വിഭാഗത്തിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അംഗീകാരം വൈകാനുള്ള കാരണവും വ്യക്തമാക്കാമോ;

(ഇ) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ വർദ്ധനയും സ്ഥലസൗകര്യവും ഉണ്ടെങ്കിൽ പോലും നിയമനം പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളിൽ പുതിയ നിയമനം നടത്തിയാൽ അംഗീകാരം നൽകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ സ്കൂളുകളുടെ വിവരം

| ക്രമ നമ്പർ | ജില്ല | എൽ.പി.എസ്.ടി. | യു.പി.എസ്.ടി. |
|---|---|---|---|
| (1) | (2) | (3) | (4) |

| (1) | (2) | (3) | (4) |
|---|---|---|---|
| 1 | തിരുവനന്തപുരം | 141 | 66 |
| 2 | കൊല്ലം | 261 | 75 |
| 3 | പത്തനംതിട്ട | 135 | 17 |
| 4 | ആലപ്പുഴ | 85 | 43 |
| 5 | കോട്ടയം | 88 | 27 |
| 6 | ഇടുക്കി | 72 | 30 |
| 7 | എറണാകുളം | 156 | 74 |
| 8 | തൃശ്ശൂർ | 150 | 80 |
| 9 | പാലക്കാട് | 218 | 129 |
| 10 | മലപ്പുറം | 668 | 229 |
| 11 | കോഴിക്കോട് | 232 | 78 |
| 12 | വയനാട് | 120 | 40 |
| 13 | കണ്ണൂർ | 71 | 48 |
| 14 | കാസർഗോഡ് | 328 | 149 |
| | ആകെ | 2725 | 1085 |

എയ്ഡഡ് സ്കൂളുകളുടെ വിവരം

എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ളതും അല്ലാത്തതുമായ തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളതിനാൽ ഒഴിവുകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമല്ല.

(ബി) 2014-ലെ എൽ.പി.എസ്.എ.-യുടെ ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുന്നതായി പി.എസ്.സി.-യിൽനിന്നും തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറും ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറും അറിയിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ നിന്ന് മേൽവിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശരിയല്ല. പി.എസ്.സി. നിയമനങ്ങൾ നടക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ സ്ഥലംമാറ്റ ഉത്തരവ് മുഖേന പരിഹരിക്കാൻ കഴിയുകയില്ല. സ്ഥലംമാറ്റം അനുവദിച്ചാലും ഒഴിവുകളുടെ എണ്ണം അതേപടി നിലനിൽക്കും. താൽക്കാലിക പരിഹാരത്തിനായി സർക്കാർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കും.

(ഡി) മാനേജർമാർ നിലവിലുള്ളതും അല്ലാത്തതുമായ തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളതിനാലും അധിക തസ്തികകളിലെയും പുതിയ വിഭാഗം സ്കൂളുകളിലെയും നിയമനം സംബന്ധിച്ച് തൽസ്ഥിതി തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവായിട്ടുള്ളതിനാലും നിയമനാംഗീകാരം നൽകാൻ കഴിയാത്ത വളരെയധികം കേസുകളുണ്ട്.

(ഇ) അധിക തസ്തികകളുടെ നിയമനം സംബന്ധിച്ച ജി.ഒ.(പി) നമ്പർ 199/16 തീയതി 3-12-2016 ബഹു. ഹൈക്കോടതി തൽസ്ഥിതി തുടരാൻ ഉത്തരവായിട്ടുള്ള തിനാൽ പുതിയ തസ്തികകളിലെ നിയമനം അംഗീകരിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

## ഹയർ സെക്കണ്ടറി മേഖലയിൽ പുതിയ ബാച്ചുകളും അദ്ധ്യാപക തസ്തികയും

185 (2781) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ-എയിഡഡ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ 2014-15, 2015-16 അക്കാദമിക വർഷങ്ങളിൽ പുതിയതായി സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇടങ്ങളിൽ 2015-16 വർഷത്തെ ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണ് ഇക്കാര്യത്തിലെ തടസ്സമെന്നും അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് 2018-19 അധ്യയന വർഷത്തിന്റെ തുടക്കത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) 2015-16 അക്കാദമിക വർഷത്തിൽ അനുവദിക്കപ്പെട്ട എത്ര സർക്കാർ എയ്ഡഡ് സ്കൂളുകൾ ഉണ്ട്; അവയുടെ തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട് എല്ലാ ആർ.ഡി.ഡി.-കളിൽനിന്നും പ്രൊപോസലുകൾ എത്തിയിട്ടുണ്ടോ;. ഇല്ലെങ്കിൽ ഇനിയും ഏതെല്ലാം ആർ.ഡി.ഡി.കളിൽ നിന്നാണ് പ്രൊപ്പോസലുകൾ ലഭിക്കാനുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2015-16 അധ്യയന വർഷം ആരംഭിച്ച സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) 2015-16 വർഷം സർക്കാർ/എയ്ഡഡ് മേഖലകളിലായി 21 സ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളിലെ ജീവനക്കാരുടെ നിയമനാംഗീകാരം

186 (2782) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ജൂണിൽ എയ്ഡഡ് സ്കൂളിൽ ജോയിൻ ചെയ്ത ജീവനക്കാരുടെ നിയമനാംഗീകാരം സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.ഇ.ആർ ഭേദഗതിയ്ക്ക് മുൻകാല പ്രാബല്യം നൽകിയ 29/2016-ലെ ഉത്തരവിൽ എവിടെയെങ്കിലും പുതിയ സ്കൂളിലെ എല്ലാ തസ്തികയിലും സംരക്ഷിതക്കാരെ നിയമിക്കണമെന്ന് പറയുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി നടത്തിയിട്ടുള്ള നിയമനങ്ങൾ ഏതു വർഷത്തേ താണെങ്കിലും അവ അംഗീകരിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. 2016 ജൂൺ മാസത്തെ നിയമനങ്ങൾക്കും ഇത് ബാധകമാണ്. എന്നാൽ കെ.ഇ.ആർ. ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച 3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/ പൊ.വി.വ. ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും 2016-17 വർഷത്തെ, ഈ ഉത്തരവുമായി ബന്ധപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം

എന്നിവ സംബന്ധിച്ച് status quo നിലനിർത്താൻ ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവായിട്ടുമുണ്ട്. കോടതിയുടെ അന്തിമഉത്തരവായതിനുശേഷം മാത്രമേ ഇത്തരം കേസ്സുകളിൽ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമെടുക്കാനാകൂ.

(ബി) 3-12-2016-ലെ ജി.ഒ. (പി) നമ്പർ 199/2016/പൊവിവ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7(3)ലാണ് പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത്. ഇതിന് 29-1-2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

## പ്ലസ് ടു തുല്യതാ പരീക്ഷ സർട്ടിഫിക്കറ്റ്

187 (2783) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2017 ഒക്ടോബറിൽ പ്ലസ്ടു തുല്യതാ പരീക്ഷ എഴുതിയ മുപ്പത്തിയഞ്ചോളം പേർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് എന്നത്തേക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഒന്നാംബാച്ചിലെ പരീക്ഷ എഴുതി വിജയിച്ചവരുടെ സർട്ടിഫിക്കറ്റിൽ ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യതയുണ്ടെന്ന് രേഖപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ച് അനുമതി നൽകി 4-6-2018-ലെസ.ഉ.(കൈ.)നമ്പർ 79/2018/ പൊ.വി വ. തീയതി 4-6-2018 പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ സർട്ടിഫിക്കറ്റ് വിതരണ ത്തിനുണ്ടായിരുന്ന തടസ്സം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ബി) ജൂലൈ 15-നകം സർട്ടിഫിക്കറ്റ് വിതരണം പൂർത്തിയാക്കുന്നതാണ്.

## മുഴുവൻ വിദ്യാർത്ഥികൾക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നതിന് പരിശീലനം

188 (2784) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നതിന് ഉതകുന്ന ശാസ്ത്രീയ ഇടപെടൽ നടത്തുവാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നതിന് ഈ വിദ്യാർഥികളെ സഹായിക്കുന്നതിനോടൊപ്പം മത്സരപ്പരീക്ഷകളിലും ഇന്റർവ്യൂകളിലും മികവ് കാണിക്കുന്നതിന് അടിസ്ഥാന പരിശീലനംകൂടി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എല്ലാ വിദ്യാർത്ഥികളിലും മികവുണ്ടാകുന്നതിനും പഠനം ഉറപ്പാക്കുന്നതിനുമുള്ള ഒട്ടേറെ അക്കാദമിക പരിപാടികൾ നിലവിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്നു. ഇതിനാവശ്യമായ പഠനവിഭവങ്ങൾ ഒരുക്കുന്നതിനും അദ്ധ്യാപകരെ സജ്ജരാക്കുന്നതിനുമുള്ള വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) പഠന-ബോധന പ്രക്രിയ ഐ.സി.ടി. അധിഷ്ഠിതമാക്കുന്നതിനും പഠന നേട്ടങ്ങൾക്കനുസൃതമായി പാഠ്യപദ്ധതിയും പാഠഭാഗങ്ങളും മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ശ്രദ്ധ പദ്ധതിയിൽ ഈ അധ്യയനവർഷം പത്താം ക്ലാസ്സിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തും. ഇതിന്റെ ഭാഗമായി അദ്ധ്യാപക ശാക്തീകരണ പരിപാടികളും സംഘടിപ്പിച്ചിരുന്നു.

(സി) എല്ലാ മേഖലകളിലും മികവുപുലർത്തുന്ന സമൂഹത്തെ സൃഷ്ടിക്കുന്ന തരത്തിൽ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന കർമ്മപരിപാടികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

## സ്കൂളുകളിൽ കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുകൾ

189 (2785) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ മികച്ച വിജയം കണക്കിലെടുത്ത് സർക്കാർ സ്കൂളുകളിൽ കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ദേശീയ നൈപുണ്യ കോഴ്സുകൾ

190 (2786) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ പരമ്പരാഗത കോഴ്സുകൾക്ക് പകരം ദേശീയ നൈപുണ്യ കോഴ്സുകൾ തുടങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ അദ്ധ്യയനവർഷം ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും എത്ര സ്കൂളുകളിലാണ് പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ നടന്നുവരുന്ന ചില തൊഴിലധിഷ്ഠിത കോഴ്സുകളിൽ മാറ്റം വരുത്തിയാണ് എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി പ്രകാരമുള്ള പുതിയ കോഴ്സുകൾ നടപ്പിൽവരുത്തിയിരിക്കുന്നത്. ആദ്യ ഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിലുള്ള എൻ.എസ്.ക്യൂ.സി. (National Skill Qualification Committee) അംഗീകരിച്ച താഴെപ്പറയുന്ന 12 ജോബ് റോളുകൾ, 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുകയുണ്ടായി.

1. Installation Technician - Computing Peripherals
2. Optical Fibre Technician
3. Distribution Linemen
4. Cable Jointer - Electrical Power System
5. Domestic Biometric Data Entry Operator
6. Micro Irrigation Technician
7. Floriculturist (Open Cultivation)
8. Gardener
9. General Duty Assistant
10. Beauty Therapist
11. Meet and Greet Officer
12. Sales Associates.

## എൽ.ബി.എസ്. സെന്റർ നടത്തിയ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്

191 (2787) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്. സെന്ററിന്റെ മേൽനോട്ടത്തിൽ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് 2015 ജൂൺ മാസം സുവോളജി വിഷയത്തിൽ നടത്തിയ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിൽ പങ്കെടുക്കാൻ ഏതൊക്കെ വിഷയത്തിലുള്ള അക്കാദമിക് യോഗ്യതയാണ് നിശ്ചയിച്ചിരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പരീക്ഷയിൽ, സുവോളജി വിഷയത്തിൽ എത്ര കുട്ടികൾ പരീക്ഷയെഴുതി; എത്ര പേർ വിജയിച്ചു; വിജയിച്ച എത്ര പേർക്ക് സർട്ടിഫിക്കറ്റ് നല്കി;

(സി) വിജയിച്ച ആർക്കെങ്കിലും ഇനി സർട്ടിഫിക്കറ്റ് നല്കാനുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെ സർട്ടിഫിക്കറ്റ് നല്കാനുണ്ടെന്നും നല്കാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015 ജൂണിൽ നടത്തിയ സെറ്റ് പരീക്ഷയുടെ സുവോളജി വിഷയത്തിലുള്ള യോഗ്യത അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്*.

(ബി) 1084 പേർ പരീക്ഷ എഴുതി. 306 പേർ വിജയിച്ചു. 207 പേർ ഇതുവരെ സർട്ടിഫിക്കറ്റ് വാങ്ങി.

(സി) 34 പേർക്ക് ഇനിയും സർട്ടിഫിക്കറ്റ് നൽകാനുണ്ട്. പട്ടിക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(i) 9 പേർ Equivalency/Recognition Certificate അല്ലെങ്കിൽ രണ്ട് സർട്ടിഫിക്കറ്റുകളും സമർപ്പിക്കാത്തതുകൊണ്ട്

(ii) 5 പേർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതു കൊണ്ട്

(iii) ഒരാൾ Non-Creamy layer, Equivalency and Recognition Certificate സമർപ്പിക്കാത്തതുകൊണ്ട്

(iv) 19 പേർ ഇതുവരെയും സർട്ടിഫിക്കറ്റിന് അപേക്ഷിക്കാത്തതു കൊണ്ടുമാണ് സർട്ടിഫിക്കറ്റുകൾ നല്കാത്തത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്കോൾ കേരള ഫീസ് വർദ്ധന പുനഃപരിശോധിക്കാൻ നടപടി

192 (2788) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് വൺ പഠനത്തിന് അവസരം കുറവായ സാഹചര്യത്തിൽ വടക്കൻ ജില്ലകളിലുള്ള എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾ സ്കോൾ കേരള വഴിയാണ് ഉപരിപഠനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം എത്ര കുട്ടികൾ സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സ്കോൾ കേരളയിൽ ഫീസ് വർദ്ധനവ് ഈ വർഷം ഏർപ്പെടുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുക്കിയ ഫീസ് നിരക്ക് എത്രയാണെന്ന് അറിയിക്കുമോ; വർദ്ധനവ് പുന:പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 72343 വിദ്യാർത്ഥികൾ (2017-18 അദ്ധ്യയന വർഷം).

(സി) പുതുക്കിയ ഫീസ് നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. വർദ്ധനവ് പുനഃപരിശോധിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം

193 (2789) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള എച്ച്.ഇ.സി. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കാലാവധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എച്ച്.ഇ.സി നിഷ്കർഷിച്ചിട്ടുള്ള പഠന മേഖലകൾ ഏതൊക്കെ; വിശദവിവരം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക രംഗത്തെയും ഇതര മേഖലകളിലെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡോ. ജോയ് ജോബ് കുളവേലിൽ അദ്ധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രസ്തുത കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കാലാവധി നിശ്ചയിച്ച് നൽകിയിട്ടില്ല.

## വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ

194 (2790) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല ജില്ലകളിലും എസ്.എസ്.എൽ.സി. പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്താണ്; എത്ര ശതമാനം സീറ്റ് വർദ്ധനവാണ് വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ വർദ്ധനയ്ക്ക് ആനുപാതികമായി അദ്ധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% സീറ്റ് വർദ്ധന ആദ്യംതന്നെ അനുവദിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ സ്കൂളുകൾക്ക് വീണ്ടും 10% സീറ്റ് കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവിന് പ്രത്യേകമായി അദ്ധ്യാപകരെ നിയമിക്കേണ്ടി വരുന്നില്ല.

## നെയ്യാറ്റിൻകരയിലെ പ്ലസ് ടു സ്കൂളുകൾ

195 (2791) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു അനുവദിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽനിന്നും 2016 മുതൽ 2018 മേയ് മാസം വരെ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; അപേക്ഷ നൽകിയ സ്കൂളുകൾ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്ന തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016 മുതൽ 2018 വരെ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കാൻ സർക്കാർ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

(ബി) ഇല്ല.

**എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക്**

196 (2792) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിലബസ്സിൽ 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സംസ്ഥാന, ദേശീയതല കായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ;

(ബി) എങ്കിൽ നിലവിൽ ഏതെല്ലാം മത്സരങ്ങൾക്കാണ് ഇപ്രകാരം ഗ്രേസ് മാർക്ക് നൽകി വരുന്നത്;

(സി) കായിക മത്സരങ്ങളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സംസ്ഥാന, ദേശീയതല കായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർക്ക് എസ്.എസ്.എൽ.സി. പഠിക്കുന്ന സമയത്ത് ജില്ലാ മത്സരങ്ങളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി യവർക്കാണ് ഗ്രേസ് മാർക്ക് നൽകുന്നത്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന എല്ലാ മത്സര ഇനങ്ങൾക്കും കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അസോസിയേഷനുകൾ നടത്തുന്ന മത്സരങ്ങൾക്കും ഗ്രേസ് മാർക്ക് നൽകിവരുന്നു.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് ആന്റ് ഗെയിംസ് മാന്വലിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹയർ സെക്കണ്ടറി സ്ഥാപനങ്ങളിൽ കായിക അദ്ധ്യാപകർ

197 (2793) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ കായിക അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രീഡിഗ്രി നിലവിലുണ്ടായിരുന്നപ്പോൾ കുട്ടികൾക്ക് ലഭ്യമായിരുന്ന കായിക വിദ്യാഭ്യാസം ഹയർ സെക്കണ്ടറി രൂപീകരിച്ചപ്പോൾ നഷ്ടപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും കായിക അദ്ധ്യാപകരുടെ തസ്തിക പുതുതായി സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായിക അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ല. എന്നാൽ, നിലവിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2 പിരീഡ് കായിക പരിശീലനത്തിനായി അനുവദിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായിക അദ്ധ്യാപകർ ഇല്ലാത്തതിനാൽ ടി പിരീഡ് കൈകാര്യം ചെയ്യുന്നതിന് ഹൈസ്കൂളിലെ കായിക അദ്ധ്യാപകർക്ക് സ്പെഷ്യൽ അലവൻസായി 300 രൂപ നൽകുന്നുണ്ട്.

(ബി) നിലവിൽ ഹയർ സെക്കണ്ടറിയിൽ 2 പിരീഡ് കായിക പരിശീലനത്തിനായി മാറ്റിവയ്ക്കുകയും ഹൈസ്കൂളിലെ കായികാദ്ധ്യാപകന്റെ സേവനം ഹയർ സെക്കണ്ടറിയിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കൈറ്റ്-ന്റെ പ്രവർത്തനങ്ങൾ

198 (2794) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)-ന്റെ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈറ്റ് ഏത് വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുന്നത്; പ്രവർത്തന ഫണ്ടിന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(സി) കൈറ്റിന്റെ ഭരണസമിതി അംഗങ്ങൾ, അവരുടെ തെരഞ്ഞെടുപ്പ്/ നാമനിർദ്ദേശം, കാലാവധി തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) കൈറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2013-ലെ കമ്പനീസ് ആക്ട് പ്രകാരം ഒരു സർക്കാർ കമ്പനിയായാണ് (സെക്ഷൻ 8) കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. നേരത്തെ ഐടി@സ്കൂൾ പ്രോജക്ട് ആയിരുന്നപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ലഭ്യമായിരുന്ന പ്ലാൻ ഫണ്ട് പിന്നീട് 'കൈറ്റി'ന്റെ പേരിൽ മാറ്റിയിട്ടുണ്ട്. ഇതിനുപുറമെ കിഫ്ബിയിൽ നിന്നും ഹൈടെക് സ്കൂൾ പ്രോജക്ടിനുള്ള സെന്റേജ് ചാർജ്ജും ലഭിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 34 കോടി രൂപയാണ് കൈറ്റ്-ന് പദ്ധതി വിഹിതം ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) 20-5-2017-ലെ G.O.(Rt)No.1456/2017/G.Edn. സർക്കാർ ഉത്തരവിലൂടെയാണ് കൈറ്റ്-ന്റെ ഡയറക്ടർ ബോർഡിലെ അംഗങ്ങളെ നിശ്ചയിച്ചിട്ടുള്ളത് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*). ഇതനുസരിച്ചുള്ള ഡയറക്ടർ ബോർഡാണ് കൈറ്റിനുള്ളത്. 2017 ജൂലൈ 20 മുതൽ താഴെപ്പറയുന്ന അംഗങ്ങളാണ് ഡയറക്ടർ ബോർഡിലുള്ളത്.

1. ഡോ. ഉഷാ ടൈറ്റസ്
2. ശ്രീ. മോഹൻ കുമാർ കെ. വി.
3. ശ്രീ. അൻവർ സാദത്ത് കെ.

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഐടി@സ്കൂൾ പ്രോജക്ട് പൂർണ്ണമായും കൈറ്റിന്റെ ഭാഗമായി മാറിയപ്പോൾ അതിന് മുമ്പ് ഐടി@സ്കൂൾ പ്രോജക്ട് നിർവ്വഹിച്ചിരുന്ന എല്ലാ പ്രവർത്തനങ്ങളും (ഐടി അടിസ്ഥാന വികസനം, ഉള്ളടക്ക വികസനം, അദ്ധ്യാപക പരിശീലനം, വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ, ഇ-ഗവേണൻസ്) കൈറ്റിന്റെ ഐ.ടി. വിഭാഗം നിർവ്വഹിച്ചുവരുന്നുണ്ട്. ഇതിനുപുറമെ സർക്കാർ മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ 'കിഫ്ബി' വഴി നടപ്പാക്കാനായി പ്രത്യേക ഇൻഫ്രാസ്ട്രക്ചർ വിഭാഗവും കൈറ്റിൽ പ്രവർത്തിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെയും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് കൈറ്റിനെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) എന്ന നിലയിൽ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സമഗ്ര ശിക്ഷാ പദ്ധതി

199 (2795) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ ഒറ്റ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി അഞ്ച് കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം എസ്.എസ്.എയും ആർ.എം.എസ്.എയും ലയിപ്പിച്ച് സമഗ്ര ശിക്ഷാ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ട്;

(സി) കഴിഞ്ഞ വർഷം എസ്.എസ്.എ.യിലും ആർ.എം.എസ്.എ.-യിലുമായി അനുവദിച്ചിരുന്ന തുകയിൽനിന്നും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മാനസികമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ വിഭാഗത്തിൽപ്പെട്ട അഞ്ച് കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രൈമറിതലം മുതൽ സെക്കണ്ടറി തലം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എസ്.എസ്.എ, ആർ.എം.എസ്.എ. എന്നീ പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്ര ശിക്ഷാ അഭിയാൻ' എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) നിലവിലുള്ള സൊസൈറ്റികൾ പിരിച്ചുവിടുന്നതിനും പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനും ഇതിനായി മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റെഗുലേഷൻസ് തയ്യാറാക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രൈമറി തലം മുതൽ സെക്കന്ററി തലംവരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിൻ കീഴിൽ വരുന്നതോടെ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുവാൻ സാധിക്കുന്നതുവഴി അക്കാദമിക് നിലവാരം ഉയർത്താനാകും. കൂടാതെ അദ്ധ്യാപക പരിശീലനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കും.

കുട്ടികളുടെ പഠന നേട്ടങ്ങൾ ക്രമാനുഗതമായി വിലയിരുത്തി ആവശ്യമായ പരിഹാര പോഷണ പ്രവർത്തനങ്ങൾ നൽകാൻ കഴിയും. കേന്ദ്ര സർക്കാരിൽനിന്നും പദ്ധതി അംഗീകരിച്ചുകൊണ്ട് ഔദ്യോഗിക അറിയിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) മാനസികമായി വെല്ലുവിളി നേരിടുന്ന 5 കുട്ടികളെങ്കിലുമുള്ള സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കാനാണ് സംസ്ഥാനം എം.എച്ച്.ആർ.ഡി.-ക്ക് പദ്ധതി സമർപ്പിച്ചിട്ടുള്ളത്.

## ചാലക്കുടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ആധുനിക ലാബ് നിർമ്മാണം

200 (2796) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ആർ.എം.എസ്.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച ചാലക്കുടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ആധുനിക ലാബ്, ചാലക്കുടി ഗവൺമെന്റെ ഗേൾസ് എച്ച്.എസ്. കോമ്പൗണ്ടിൽ പ്രീ-മെട്രിക ഗേൾസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ നീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ഗവ. ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ ആർ.എം.എസ്.എ. ഫണ്ട് ഉപയോഗിച്ച് ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തുകയും നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി നിയമാനുസൃതമായ കരാറിലേർപ്പെടുന്നതിനും അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടി ജി.വി.എച്ച്.എസ്.എസ്.-ൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന "ഐഡിയൽ ലാബ്"-ന്റെ നിർമ്മാണ ചുമതല സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആയതിലേയ്ക്ക് ആർ.എം.എസ്.എ. സ്റ്റീൽ ഇൻഡസ്ട്രീസ്

കേരള ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്ക് സൈറ്റ് സർവ്വേ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ജൂൺ 19-ന് ആരംഭിക്കാനാണ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ഉദ്ദേശിക്കുന്നത്.

(ബി&സി) നിലവിൽ തടസ്സങ്ങളൊന്നുംതന്നെയില്ല.

### വളപട്ടണം സി.എച്ച്. മുഹമ്മദ്കോയ ഹൈസ്കൂൾ

201 (2797) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, വളപട്ടണം ഗവൺമെന്റ് ഹൈസ്കൂളിന്റെ പേര്, 1994-ൽ സി.എച്ച്. മുഹമ്മദ്കോയ ഹൈസ്കൂൾ എന്ന് നാമകരണം ചെയ്ത് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിരുന്നോ; ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവ് പ്രകാരം സ്കൂളിന്റെ പേരിൽവന്ന മാറ്റത്തിനനുസരിച്ച് പല സർക്കാർ രേഖകളിലും മാറ്റം വരുത്തിയിട്ടില്ലായെന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### കാട്ടാക്കട മണ്ഡലത്തിലെ എൽ.പി. സ്കൂളിന് കെട്ടിടം

202 (2798) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട മണ്ഡലത്തിലെ കുളത്തുമ്മൽ എൽ. പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി 1-3-2018-ലെ (GO.91/2018/ പൊ.വി.വ.) ലഭ്യമായ പ്രവൃത്തിയുടെ തുടർനടപടി എന്തായെന്ന് വിശദമാക്കാമോ ;

(ബി) പള്ളിച്ചൽ പഞ്ചായത്തിലെ കുഴിവിള പി.വി.എൽ.പി.എസ്.-ന്റെ ഭൗതിക സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുളത്തുമ്മൽ എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് പൊതുമരാമത്ത് വകുപ്പിനെയാണ്. സാങ്കേതികാനുമതിയും ടെൻഡർ ക്ഷണിക്കുന്നതുൾപ്പെടെയുള്ള അനന്തര നടപടികളും സ്വീകരിക്കുന്നത് പ്രസ്തുത വകുപ്പാണ്. എന്നാൽ തുടർനടപടികളൊന്നും ആയിട്ടില്ലെന്നാണ് സ്കൂൾ പ്രഥമാദ്ധ്യാപിക അറിയിച്ചിട്ടുള്ളത്.

(ബി) ഇല്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

**ശിവപുരം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് കമ്പ്യൂട്ടർ ലാബ്**

203 (2799) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ശിവപുരം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ ലാബ് അനുവദിച്ചിട്ടും അത് സ്ഥാപിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശിവപുരം ഹയർ സെക്കണ്ടറി സ്കൂളിന് കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ; ഇത് സംബന്ധിച്ച് കൈറ്റ് (കെ.ഐ.റ്റി.ഇ.) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ശിവപുരം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ആകെയുള്ള 8 ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള ഉപകരണങ്ങൾ കൈറ്റ് സ്കൂളിന് ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുന്നതിനുള്ള ലാപ്ടോപ്പുകൾ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

**ഫറോക്ക് ജി.ജി.യു.പി.എസ്.-ൽ നിലവിലുള്ള വേക്കൻസി**

204 (2800) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് സബ് ജില്ലയിൽ ഉൾപ്പെട്ട ജി.ജി.യു.പി.എസ്.-ൽ നിലവിലുള്ള എൽ.പി.എസ്.എ./യു.പി.എസ്.എ. വേക്കൻസി ജില്ലാന്തര ഓൺലൈൻ ട്രാൻസ്ഫറിനായി (2018-19) അപ്‌ലോഡ് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിലെ എൽ.പി.എസ്.എ. (5), യു.പി.എസ്.എ. (3) വേക്കൻസികൾ അപ്‌ലോഡ് ചെയ്യാത്തതുമൂലം ഓൺലൈൻ അപേക്ഷകർക്ക് ട്രാൻസ്ഫർ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓൺലൈൻ അപേക്ഷകർക്ക് ട്രാൻസ്ഫർ നൽകാതെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുകയും, ഈ വർഷം 26-5-2018-ൽ വീണ്ടും ഇന്റർവ്യൂ നടത്തിയതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഓൺലൈൻ അപേക്ഷ സമയത്ത് വേക്കൻസി ഉണ്ടായിരുന്നിട്ടും ബോധപൂർവ്വം വേക്കൻസി അപ്‌ലോഡ് ചെയ്യാത്ത കോഴിക്കോട് ഡി.ഡി.ഇ.യ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സ്കൂളിൽ ഓൺലൈൻ അപേക്ഷകനായ അരുൺ ജി.യ്ക്ക് നിയമാനുസൃതം ലഭിക്കേണ്ട ട്രാൻസ്ഫർ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി-ഇ) ജില്ലാന്തര ഓൺലൈൻ ട്രാൻസ്ഫറിന് ടി വേക്കൻസികൾ അപ്‌ലോഡ് ചെയ്തിട്ടില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിജസ്ഥിതി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## ചാവക്കാട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ

205 (2801) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നഗരസഭ പരിധിയിൽ സ്ഥിതിചെയ്യുന്ന ചാവക്കാട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ പഴയ കെട്ടിടം അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് സംരക്ഷിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുമെന്ന പ്രഖ്യാപനത്തിന്മേലുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദീകരിക്കാമോ?

ഉത്തരം

പ്രസ്തുത പദ്ധതിക്കുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

206 (2802) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ 33 സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കിയ ഉത്തരവ് ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ ഇതിന്മേലുള്ള തീരുമാനം എന്തായിരുന്നു; വിശദമാക്കുമോ;

(സി) പ്രസ്തുത സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള 33 സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 38/2016/പൊ.വി.വ. പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളെയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകുന്നത് കുട്ടികൾക്ക് കൂടുതൽ പ്രയോജനം ചെയ്യുമെന്ന് കണ്ടെത്തുകയും അതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾകൂടി പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## നങ്ങ്യാർകുളങ്ങര സർക്കാർ യു.പി.എസ്. ശതാബ്ദി കെട്ടിട നിർമ്മാണം

207 (2803) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര സർക്കാർ യു.പി.എസ്. ശതാബ്ദി കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ആലപ്പുഴ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽനിന്നും ഡി.പി.ഐ.യ്ക്ക് കൈമാറിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ തുക കൈമാറുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ലഭ്യമായാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**അദ്ധ്യാപികയുടെ എൽ.ഡബ്ല്യു.എ. ഫയൽ**

208 (2804) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് എൻ.എസ്.എസ്.എച്ച്.എസ്. അകത്തേത്തറയിലെ എച്ച്.എസ്.എ. ആയി ജോലി നോക്കിയിരുന്ന ബിന്ദു.ആർ നായർ എന്നയാളുടെ എൽ.ഡബ്ല്യു.എ. ലീവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിലനിൽക്കുന്ന (GED/M2/82/2018 E FILE NO.766729) ഫയലിൽ തീരുമാനമെടുക്കുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ധനകാര്യ വകുപ്പിൽ ഇപ്പോൾ എത്തിയിരിക്കുന്ന ബിന്ദുവിന്റെ ലീവ് സാംഗ്ഷനും തുടർന്ന് തിരികെ സർവ്വീസിൽ പ്രവേശിക്കുവാനുള്ള അവസരവും എത്രയുംവേഗം നടപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) അപേക്ഷ നൽകി വിവിധ ഓഫീസുകളിൽ കഴിഞ്ഞ 7 മാസമായി കയറിയിറങ്ങുന്ന അദ്ധ്യാപികയുടെ ലീവ് സംബന്ധമായ വിഷയം എന്നേക്ക് പരിഹരിക്കപ്പെടും എന്നറിയിക്കാമോ; ഇവർക്ക് എന്നേക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പാലക്കാട് എൻ.എസ്.എസ്. എച്ച്.എസ്. അകത്തേത്തറയിലെ എച്ച്.എസ്.എ. ആയി ജോലി നോക്കിയിരുന്ന ശ്രീമതി ബിന്ദു ആർ. നായർ എന്നയാളുടെ എൽ.ഡബ്ല്യു.എ. ലീവുമായി ബന്ധപ്പെട്ട് GED/M2/82/2018E FILE No.766729 ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. ഫയൽ ലഭ്യമാക്കി ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.ഇ.ആർ. ഭേദഗതിക്ക് മുൻകാല പ്രാബല്യം**

209 (2805) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഇ.ആർ. ഭേദഗതി ശരിവച്ചുകൊണ്ട് ഹൈക്കോടതി നടത്തിയ 2016 ഡിസംബർ 3-ലെ വിധി പ്രസ്താവനയിൽ 29-1-2016 മുതൽ കെ.ഇ.ആർ ഭേദഗതിക്ക് മുൻകാലപ്രാബല്യം നൽകിയത് റദ്ദാക്കിയിട്ടുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) 2016 ഡിസംബറിനുമുമ്പ് സ്കൂളുകളിൽ നിലനിന്നിരുന്ന തസ്തികകളിൽ പ്രൊട്ടക്റ്റഡ് ജീവനക്കാരെ മാത്രമേ നിയമിക്കാവൂ എന്ന കർശന നിബന്ധന ഉള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.ഇ.ആർ. ഭേദഗതി പ്രകാരം ഡിസംബർ 2016-ന് മുമ്പ് നിയമിതരായിട്ടുള്ള സ്കൂൾ ജീവനക്കാരുടെ നിയമനത്തെ അംഗീകരിക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുവെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 3-12-2016-ലെ ജി.ഒ. (പി) നമ്പർ 199/2016/പൊവിവ. പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതിക്ക് 29-1-2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. റിട്ട് ഹർജി (സി) നമ്പർ 1356/2017 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 11-10-2017-ന് പുറപ്പെടുവിച്ച വിധിന്യായത്തിലാണ് ഇത് ശരിവച്ചത്. പ്രസ്തുത മുൻകാലപ്രാബല്യം കോടതി റദ്ദാക്കിയിട്ടില്ല.

(ബി) അപ്രകാരം ഒരു നിബന്ധന 3-12-2016-ലെ കെ.ഇ.ആർ. ഭേദഗതി ചട്ടങ്ങളിലോ മറ്റ് ചട്ടങ്ങളിലോ ഇല്ല.

(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി നടത്തിയിട്ടുള്ള നിയമനങ്ങളുടെ അംഗീകാരത്തിന് (അവ ഏതുവർഷത്തേതായാലും) യാതൊരു തടസ്സവുമില്ല.

## പ്രീ-പ്രൈമറി സ്കൂൾ ജീവനക്കാരുടെ വേതനം

210 (2806) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകൾക്ക് സർക്കാർ അംഗീകാരം ലഭ്യമല്ലാത്തതിനാൽ, അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പി.ടി.എ. നല്കുന്ന വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത് എന്നും അതു കൃത്യമായി ലഭിക്കാറുമില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിച്ച് സർക്കാർ അനുകൂല നടപടികൾ കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും മാസവേതനം

211 (2807) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിദ്യാലയങ്ങളിൽ പി.ടി.എ.-യുടെ കീഴിൽ ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന പ്രീ-പ്രൈമറി കോഴ്സ് പാസ്സായ അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം എത്ര രൂപയാണ് മാസവേതനം നല്കിവരുന്നതെന്നറിയിക്കുമോ;

(ബി) പ്രസ്തുത മാസവേതനം സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും ആയമാർക്കും നല്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ;

(സി) HRMP 3616/2015 നമ്പർ പരാതിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ എതിർകക്ഷിയാക്കി 2016 ജൂൺ 27-ാം തീയതി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പാസ്സാക്കിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

ഉത്തരം

(എ) അദ്ധ്യാപകർക്ക് 10,000 രൂപ (പതിനായിരം രൂപ മാത്രം)യും ആയമാർക്ക് 6500 രൂപ(ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം)യും വീതം ഓണറേറിയം അനുവദിച്ചുവരുന്നു.

(ബി) ഇല്ല. എയ്ഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടില്ല.

(സി) ഉണ്ട്. ഇതിൽ അന്തിമ തീരുമാനമായിട്ടില്ല.

## ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ നിയമനം

212 (2808) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ട്;

(ബി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) പ്രിൻസിപ്പൽമാരായി പ്രൊമോഷൻ നൽകുന്നതിന് അർഹരായവരുടെ ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അർഹരായവർക്ക് ഉടൻ പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 813.

(ബി) 31-05-2018 വരെ 171 ഒഴിവുകൾ.

(സി) നിലവിലുണ്ട്. അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തിക നിർണ്ണയം**

213 (2809) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 കാലയളവിൽ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള ബാച്ചുകളിലെ തസ്തിക നിർണയ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയന വർഷാരംഭത്തിൽതന്നെ പ്രസ്തുത തസ്തിക നിർണയ നടപടികൾ പൂർത്തീകരിച്ച് അദ്ധ്യാപകർക്ക് ശമ്പളം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2015-16 അദ്ധ്യയന വർഷം ആരംഭിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**നോൺ വൊക്കേഷണൽ ടീച്ചർ ജനറൽ ഫൗണ്ടേഷൻ കോഴ്സ് തസ്തിക**

214 (2810) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവ.വോക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നോൺ വോക്കേഷണൽ ടീച്ചർ ജനറൽ ഫൗണ്ടേഷൻ കോഴ്സ് (ജൂനിയർ)-ന്റെ എത്ര തസ്തികകൾ നിലവിലുണ്ട്; അവ ഏതൊക്കെ സ്കൂളുകളിലാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഏതൊക്കെ സ്കൂളുകളിലെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) രണ്ട് കോഴ്സുകൾ മാത്രമുള്ള സ്കൂളുകളിൽ ജി.എഫ്.സി. അദ്ധ്യാപകരുടെ തസ്തിക ജൂനിയർ ആയി പരിഗണിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളുകളിലെ ജി.എഫ്.സി. അദ്ധ്യാപക തസ്തിക ഏതു രീതിയിലാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 114 തസ്തികകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 23 ഒഴിവുകൾ സംസ്ഥാനതലത്തിൽ നിലവിലുണ്ട്.

(സി) 23 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ദിവസവേതനാടിസ്ഥാനത്തിലാണ് പ്രസ്തുത സർക്കാർ സ്കൂളുകളിൽ ജി.എഫ്.സി. അദ്ധ്യാപക തസ്തിക പരിഗണിക്കപ്പെടുന്നത്.

## എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം

215 (2811) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി വിഭാഗം തുടങ്ങുന്നതിന് സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചിട്ടുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് നാമമാത്രമായ ശമ്പളമാണ് മാനേജ്മെന്റ് നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് നൽകുന്ന മിനിമം ശമ്പളം എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി സ്കൂളുകളിൽ ജോലി നോക്കുന്ന അദ്ധ്യാപകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനക്കാരെ നിയമിക്കാൻ നടപടി

216 (2812) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും പേഴ്സണൽ സ്റ്റാഫിലേക്ക് ഡെപ്യൂട്ടേഷനിൽ പോകുന്ന എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവിലേക്ക് ദിവസവേതനക്കാരെ നിയമിക്കാൻ തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവിലേക്ക് ദിവസവേതനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒരു അക്കാദമിക് വർഷത്തിൽ 30 ദിവസത്തിൽ കൂടുതലും ഒരു അക്കാദമിക് വർഷത്തിൽ കുറവുമുള്ള ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും പേഴ്സണൽ സ്റ്റാഫിലേക്ക് ഡെപ്യൂട്ടേഷനിൽ പോകുന്ന എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവ് ഇപ്രകാരമുള്ളതാണെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നികത്തുന്നതാണ്.

## ആലപ്പുഴ ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

217(2813) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര ഒഴിവുകൾ വീതമെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചുവടെ പറയും പ്രകാരമുള്ള 51 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് :

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | എച്ച്.എസ്.എ. (മലയാളം) | 14 |
| 2 | എച്ച്.എസ്.എ. (ഹിന്ദി) | 2 |
| 3 | എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) | 13 |
| 4 | എച്ച്.എസ്.എ. (ഇംഗ്ലീഷ്) | 2 |
| 5 | എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) | 5 |
| 6 | എച്ച്.എസ്.എ. (ഗണിതം) | 14 |
| 7 | എച്ച്.എസ്.എ. (നാച്വറൽ സയൻസ്) | 1 |
| | ആകെ | 51 |

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന എണ്ണം നിയമനം നടന്നിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | എച്ച്.എസ്.എ. (മലയാളം) | 13 |
| 2 | എച്ച്.എസ്.എ. (ഹിന്ദി) | 1 |
| 3 | എച്ച്.എസ്.എ. (നാച്വറൽ സയൻസ്) | 1 |
| | ആകെ | 15 |

## മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. നാച്വറൽ സയൻസ് ഒഴിവുകൾ

218 (2814) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. നാച്വറൽ സയൻസിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 74 ഒഴിവുകളാണ് നിലവിലുള്ളത്. ഇതിൽ 68 ഒഴിവുകളാണ് പി.എസ്.സി. - ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ല. അതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ അടിയന്തരമായി നിയമിക്കാൻ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അദ്ധ്യാപക പാക്കേജ് അനോമലി പരിഹരിക്കാൻ നടപടി

219(2815) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകൾകളിൽ ഏത് തീയതിക്ക് മുൻപ് നിയമനം നേടിയ അദ്ധ്യാപകർക്കാണ് അദ്ധ്യാപക പാക്കേജ് പ്രകാരം സംരക്ഷണം നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) അദ്ധ്യാപക പാക്കേജ് നിലവിൽവന്നതിനുശേഷം തസ്തികയില്ലാതെ പുറത്തുപോയവർക്ക് പുനർനിയമനം നൽകുന്ന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) സീനിയർ ആയ അദ്ധ്യാപകർ സംരക്ഷണത്തിന്റെ പേരിൽ പുറത്തുപോയി ബി.ആർ.സി.-കളിൽ ട്രെയിനറായി നിയമനം ലഭിക്കുമ്പോൾ മുഴുവൻ ശമ്പളവും ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഒരു സ്കൂളിൽനിന്നും 14-7-1997-ന് മുൻപ് നിയമനം ലഭിച്ചവർ പുറത്തുപോയി അദ്ധ്യാപക പാക്കേജ് പ്രകാരം സംരക്ഷണം ലഭിക്കുമ്പോൾ മുഴുവൻ ശമ്പളവും ലഭിക്കുകയും ഈ തീയതിയ്ക്ക് ശേഷം അദ്ധ്യാപക പാക്കേജിന്റെ ആനുകൂല്യം ലഭിച്ച് ബി.ആർ.സി., സി.ആർ.സി.-കളിൽ കോ-ഓർഡിനേറ്റർ തസ്തികയിൽ നിയമനം ലഭിക്കുമ്പോൾ ശമ്പള നഷ്ടം സംഭവിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ അനോമലി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/2016/പൊവിവ. പ്രകാരം താഴെ പറയുന്ന വിഭാഗങ്ങളിലെ ജീവനക്കാരെയാണ് അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷണം അനുവദിച്ചിട്ടുള്ളത്.

1. 31-3-2011-ന് നിയമനാംഗീകാരത്തോടെ റെഗുലർ സർവ്വീസിൽ തുടർന്ന അദ്ധ്യാപക/അനദ്ധ്യാപകർ
2. അദ്ധ്യാപക പാക്കേജ് വഴി 1-6-2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപകർ
3. മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും
4. അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെതന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങിവരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ
5. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ റെഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിച്ചവർ.

(ബി) അദ്ധ്യാപക പാക്കേജ് ഇപ്പോൾ നിലവിലില്ല. 6-8-2015-ലെ സ.ഉ. (പി) നമ്പർ 213/2015/പൊവിവ. പ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവും അനുബന്ധ ഉത്തരവുകളും സർക്കാർ പിൻവലിച്ചിട്ടുണ്ട്. തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് സംരക്ഷണം, പുനർവിന്യാസം എന്നിവ അനുവദിക്കുന്നത് 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/2016/പൊവിവ, 5-8-2016-ലെ സ.ഉ.(പി) നമ്പർ 134/2016/ പൊവിവ. എന്നിവ പ്രകാരമാണ്. തസ്തിക നഷ്ടപ്പെടുന്ന സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങളാണ് ഇപ്പോൾ അവലംബിച്ച് വരുന്നത്.

I. തസ്തികനിർണ്ണയം നടത്തുമ്പോൾ സർക്കാർ സർവ്വീസിൽ അധികം വരുന്ന അദ്ധ്യാപകരെ താഴെപ്പറയുന്ന ഒഴിവകളിൽ പുനർവിന്യസിക്കുന്നതാണ് :

1. പ്രധാന അദ്ധ്യാപകരെ ക്ലാസ് ചാർജിൽനിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്.

2. അധിക ഡിവിഷൻ തസ്തികകൾ

3. ഭാവിയിൽ ഉണ്ടാകുന്ന അവധി ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും

4. എസ്.എസ്.എ.-യുടെകീഴിലുള്ള വിവിധ പ്രോജക്ടുകളിലും ആർ.എം.എസ്.എ. സ്കൂളുകളിലും.

5. സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കോ-ഓർഡിനേറ്റർമാർ.

6. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള സംരക്ഷിത അദ്ധ്യാപകരെ രണ്ടോ മൂന്നോ സ്കൂളുകൾ അടങ്ങുന്ന ക്ലസ്റ്ററിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരായി നിയമിക്കേണ്ടതാണ്. സ്കൂളുകളെ ക്ലസ്റ്ററാക്കുമ്പോൾ എയ്ഡഡ് സ്കൂളുകളെയും ഉൾപ്പെടുത്താവുന്നതാണ്.

II. എയ്ഡഡ് സംരക്ഷിത അദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതാണ് :

1. ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ്

2. അതത് മാനേജുമെന്റുകളുടെ കീഴിലുള്ള എല്ലാത്തരം ഒഴിവുകളിലും

3. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി./യു.പി. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരെ സഹായിക്കുന്നതിന്

4. എയ്ഡഡ് സ്കൂളുകളിൽനിന്ന് എസ്.എസ്.എ. തുടങ്ങിയ പ്രോജക്റ്റുകൾ ഉൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകളിൽ

5. എസ്.എസ്.എ.-യുടെകീഴിൽ പഞ്ചായത്തുതല ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി (ഒരേ മാനേജ്മെന്റിന് കീഴിലുള്ള അദ്ധ്യാപകർ തമ്മിലുള്ള സീനിയോറിറ്റി പാലിച്ച്)

6. ആർ.ടി.ഇ. ആക്ടനുസരിച്ച് എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതിനാൽ പുനർവിന്യസിക്കപ്പെടേണ്ടുന്ന കലാ, കായിക, പ്രവൃത്തി പരിചയം, തുന്നൽ തുടങ്ങിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഒന്നിലധികം സർക്കാർ/എയ്ഡഡ് സ്കൂളുകൾ ക്ലബ്ബ് ചെയ്തു കൊണ്ട് നിയമിക്കേണ്ടതാണ്. അങ്ങനെ ക്ലബ്ബ് ചെയ്യുമ്പോൾ യു.പി. വിഭാഗത്തിൽ നിയമിച്ചവരെ അതിന്റെതന്നെ എൽ.പി. വിഭാഗത്തിലും തിരിച്ചും വിന്യസിക്കാവുന്നതാണ്.

7. ആർ.എം.എസ്.എ. സ്കൂളുകളിൽ അധികംവരുന്ന ഒഴിവുകളിൽ (ജി)ഐറ്റി @സ്കൂളുകളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അദ്ധ്യാപകർക്ക് പകരം

8. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അക്കാദമിക മോണിറ്ററിംഗ് സമിതികളിലേക്ക് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പകരം (ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കപ്പെട്ടവർ)

9. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദീർഘകാല അവധി ഒഴിവുകൾ ഉൾപ്പെടെ എയ്ഡഡ് അദ്ധ്യാപക/അനദ്ധ്യാപ കരുടെ 3 മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും

10. ഇൻസർവ്വീസ് കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് പകരം.

11. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റെഗുലർ നിയമനം നടക്കുന്നതുവരെ.

12. പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ 2016-17 വർഷം മുതൽ ഉണ്ടാകുന്ന ഒഴിവുകളിൽ.

13. അനദ്ധ്യാപക സംരക്ഷിത ജീവനക്കാരെ എസ്.എസ്.എ, ആർ.എം.എസ്.എ. തുടങ്ങിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകളിൽ വിന്യസിക്കേണ്ടതാണ്.

(സി) തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നത് എവിടെയായാലും അവർക്ക് വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറവൊന്നുമുണ്ടാകില്ല. അവർ അവരുടെ മാതൃവിദ്യാലയത്തിൽ നിന്നാണ് ശമ്പളം കൈപ്പറ്റുന്നത്. സംരക്ഷണത്തിന് അർഹതയുള്ള റിട്രഞ്ച്ഡ് അദ്ധ്യാപകർ ഈ ഗണത്തിൽ ഉൾപ്പെടുന്നില്ല. അവരെ സി.ആർ.സി. കോ-ഓർഡിനേറ്ററായാണ് പുനർവിന്യസിച്ചിരിക്കുന്നത്. അവർക്ക് മിനിമം അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും മറ്റ് അലവൻസുകളുമാണ് എസ്.എസ്.എ.-യിൽനിന്ന് ഇപ്പോൾ നൽകിവരുന്നത്.

(ഡി) 14-7-1997-നുമുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ പുറത്തുപോയാലും 2014-15-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ പുറത്തുപോയാലും സംരക്ഷണം അനുവദിക്കുന്നത് അദ്ധ്യാപക പാക്കേജ് പ്രകാരമല്ല. 29-1-2016-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ്. അദ്ധ്യാപക പാക്കേജ് ഇപ്പോൾ നിലനിൽക്കുന്നുമില്ല. അദ്ധ്യാപക പാക്കേജ് വഴി സി.ആർ.സി. കോ-ഓർഡിനേറ്ററായി നിയമിച്ചിരുന്നവർക്ക് 29-1-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷണം അനുവദിച്ചിട്ടുണ്ട്. ഇവർക്കുമാത്രമാണ് മിനിമം അടിസ്ഥാന ശമ്പളവും അലവൻസുകളും എസ്.എസ്.എ. നൽകുന്നത്. പുനർവിന്യസിക്കപ്പെട്ട മറ്റ് സംരക്ഷിതാദ്ധ്യാപകർക്ക്, അവർക്ക് തസ്തികനഷ്ടം സംഭവിച്ച തീയതിയിൽ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറവൊന്നുമുണ്ടാകില്ല.

(ഇ) പരിശോധിക്കുന്നതാണ്.

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

220 (2816) ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30, 1:35, 1:40 എന്നിങ്ങനെ മാറ്റം വരുത്തിയതിന് സമാനമായി ജോലി നഷ്ടപ്പെടുന്ന അനദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായി അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വ്യത്യാസപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എൽ.പി. സെക്ഷൻ അറ്റാച്ച് ചെയ്തിട്ടുള്ള ഹൈസ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ നിലനിർത്തുവാൻ എൽ.പി. വിഭാഗം കുട്ടികളുടെ എണ്ണം കണക്കാക്കിയതുപോലെ അനദ്ധ്യാപകരെ സംരക്ഷിക്കുന്നതിനും എൽ.പി. വിഭാഗം കുട്ടികളുടെ എണ്ണംകൂടി ചേർക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കേരള വിദ്യാഭ്യാസ ചട്ടം അനുസരിച്ച് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) 17-8-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 220/2015/പൊവിവ. പ്രകാരം ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ് -4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഒരു സ്കീം തയ്യാറാക്കി ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ സർക്കാർ ആലോചിച്ചുവരുന്നു.

**അദ്ധ്യാപകരുടെ മിനിമം വേതനം**

221 (2817) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാരായ കുട്ടികളെ പഠിപ്പിക്കുന്ന സംസ്ഥാനത്തെ പല സ്കൂളുകളിലെയും അദ്ധ്യാപകർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് മിനിമം വേതനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതു വിദ്യാലങ്ങളിലെ ഒന്ന് മുതൽ എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്കായുള്ള റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം എസ്.എസ്.എ. വഴിയും ഒൻപത് മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികൾക്കായുള്ള റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം ആർ.എം.എസ്.എ. വഴിയുമാണ് നടന്നിരുന്നത്. എം.എച്ച്.ആർ.ഡി. അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളം നിശ്ചയിക്കുന്നത്. കഴിഞ്ഞ വർഷം എസ്.എസ്.എ./ആർ.എം.എസ്.എ. വഴി നിയമിതരായ ടി അദ്ധ്യാപകർക്ക് പ്രതിമാസം യഥാക്രമം 19,800 രൂപയും 28,815 രൂപയുമാണ് ശമ്പളമായി നൽകിയിരുന്നത്. കേന്ദ്ര സർക്കാർ നടപ്പുവർഷം എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പ്രോജക്ടുകൾ യോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ എന്ന ഒറ്റ പ്രോജക്ടാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ സ്വകാര്യ ഏജൻസികൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ബഡ്സ് സ്കൂളുകൾക്കും പ്ലാൻ ഫണ്ട് വഴിയുള്ള ധനസഹായവും നൽകിവരുന്നു.

(ബി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാഭ്യാസ വകുപ്പിലെ തസ്തികമാറ്റ ഉത്തരവ്

222 (2818) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ അനദ്ധ്യാപക തസ്തികകളായ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡന്റ് എന്നീ തസ്തികയിലുള്ളവർക്ക് അദ്ധ്യാപക തസ്തികയിലേക്ക് തസ്തിക മാറ്റത്തിന് നിലവിലുള്ള വ്യവസ്ഥകളും യോഗ്യതകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗ്യതകളും വ്യവസ്ഥകളും നിശ്ചയിച്ചത് ഏത് സർക്കാർ ഉത്തരവ് അഥവാ സ്പെഷ്യൽ റൂൾ മുഖേനയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവ് അഥവാ സ്പെഷ്യൽ റൂൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## വിദ്യാഭ്യാസ വകുപ്പിലെ ബൈട്രാൻസ്ഫർ നിയമനം

223(2819) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാർക്കും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും ബൈട്രാൻസ്ഫർ വഴി എച്ച്.എസ്.എ.ആയി നിയമനം ലഭിക്കുന്നതിന് 2017 നവംബറിൽ തന്നെ സർട്ടിഫിക്കറ്റ് പരിശോധന കഴിഞ്ഞിട്ടും ഇന്റർവ്യൂവിന് കാലതാമസം നേരിടുന്ന തെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമനങ്ങൾക്കുള്ള കൂടിക്കാഴ്ചാതീയതി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ HSA (ബൈട്രാൻസ്ഫർ) തസ്തികയിലേക്കുള്ള ഇന്റർവ്യൂ തീയതി നിശ്ചയിച്ച് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തിയാക്കാൻ കമ്പ്യൂട്ടർ പരിശീലനം

224 (2820) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് 45 മണിക്കൂർ കമ്പ്യൂട്ടർ പരിശീലനം വേണമെന്ന നിബന്ധന നിലവിൽ ഡിഗ്രിതലത്തിലോ പി.ജി.തലത്തിലോ കമ്പ്യൂട്ടർ പ്രധാന വിഷയമായോ സബ്സിഡിയറി വിഷയമായോ ബിരുദം നേടിയവർക്ക് നിർബന്ധമാണോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെ 45 മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ പരിശീലനത്തിൽനിന്നും ഇളവ് അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെ 45 മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ പരിശീലനം വേണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) KER Chapter XIV A Rule 6 (a) പ്രകാരം ഇതേ അദ്ധ്യായത്തിലെ റൂൾ 3 പ്രകാരം നിയമിതരായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ 2 വർഷത്തെ തുടർച്ചയായ സർവ്വീസിനിടയിൽ ഒരു വർഷ കാലയളവ് നിരീക്ഷണ കാലമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവർക്ക് സമാന/ഉയർന്ന യോഗ്യതകളില്ലെങ്കിൽ ഇക്കാലയളവിനുള്ളിൽ 45 മണിക്കൂർ ദൈർഘ്യമുള്ള സർക്കാർ അംഗീകൃത ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സ് പാസ്സാകണമെന്നും റൂളിൽ നിബന്ധനയുണ്ട്. ഡിഗ്രി തലത്തിലോ പി.ജി. തലത്തിലോ കമ്പ്യൂട്ടർ പ്രധാന വിഷയമായോ സബ്സിഡിയറി വിഷയമായോ ബിരുദം നേടിയവർക്ക് ഈ നിബന്ധന ബാധകമല്ല.

(ബി) ഇല്ല.

(സി) KER Chapter XIV A Rule 6 (a) പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന കമ്പ്യൂട്ടർ കോഴ്സിന് സമാനമായതോ ഉയർന്നതോ ആയ യോഗ്യതയുള്ളവർക്ക്, നിലവിൽ, ഈ നിബന്ധന ബാധകമല്ല.

## സർക്കാർ സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തികകൾ

225 (2821) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പാൾ തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-5-2018 വരെ 171 ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ ഒഴിവുകളുണ്ട്.

(ബി) പ്രിൻസിപ്പാൾമാരായി പ്രൊമോഷൻ നൽകുവാനായി ഡി.പി.സി.കൂടി അർഹരായവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പാൾ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ

226(2822) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പിൽ എട്ട് വർഷം പൂർത്തിയാക്കിയ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ സംബന്ധിച്ച വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യതയുള്ള വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് നിശ്ചിത അനുപാതത്തിൽ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിവരുന്നു. 8 വർഷം പൂർത്തിയാക്കുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് 30,700-65400 രൂപ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്. അതാത് ശമ്പള പരിഷ്കരണ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായാണ് പ്രസ്തുത സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്.

## കോഴിക്കോട് ജില്ലയിലെ എൽ.പി.എസ്.ടി./യു.പി.എസ്.ടി. ഒഴിവുകൾ

227 (T*2823) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ സ്കൂളുകളിൽ പി.എസ്.സി. നിയമനം വൈകുന്നതിനാൽ അദ്ധ്യാപകക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ എൽ.പി.എസ്.ടി./യു.പി.എസ്.ടി. വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകളിലേക്ക് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൽ.പി.എസ്.ടി. - 232 യു.പി.എസ്.ടി. - 78

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## പ്രീപ്രൈമറി സ്കൂളിലെ അദ്ധ്യാപകർ

228 (2824) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും പഠനത്തിലും പ്രീപ്രൈമറി സ്കൂളിലെ അദ്ധ്യാപകർ വഹിക്കുന്ന പങ്ക് പ്രശംസനീയമാണെന്ന് കരുതുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 7-12-2012 വരെ നിയമിതരായിട്ടുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് തുച്ഛമായ ഓണറേറിയമാണ് നൽകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ഓണറേറിയത്തിന് പകരം ശമ്പള സ്കെയിൽ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

*"T " മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ അദ്ധ്യാപകർക്ക് 10,000 രൂപയും ആയമാർക്ക് 6,500 രൂപയും വീതം ഓണറേറിയം അനുവദിക്കുന്നു.

(സി) പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പ്രീ-പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം**

229(2825) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പ്രീപ്രൈമറി അധ്യാപകർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളിലെ അധ്യാപകർക്ക് സർക്കാർ നൽകുന്ന ആനുകൂല്യം ഇവർക്കും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വർഷങ്ങളായി ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനവും ആനുകൂല്യവും തൊഴിൽ സംരക്ഷണവും നൽകുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല

**തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.റ്റി.**
**ഇംഗ്ലീഷ് തസ്തികയിലെ ഒഴിവുകൾ**

230 (2826) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) തസ്തികമാറ്റം മുഖേന എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിൽ നിയമനം നടത്തുന്നതിന് എത്ര ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തികയിൽ റെഗുലർ ഒഴിവില്ല. നിലവിലുണ്ടായിരുന്ന 4 ഒഴിവുകൾ 2017-18 തസ്തിക നിർണ്ണയത്തെതുടർന്ന് തസ്തിക നഷ്ടമായി. 1:40 അനുപാതത്തിൽ താൽക്കാലികമായി നിലനിർത്തിയിരുന്ന എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) അദ്ധ്യാപകരെ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഒഴിവുകൾ നിലവിലില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) 2015-16, 2016-17 വർഷങ്ങളിലായി ബൈടാൻസ്ഫർ നിയമനത്തിനായി കെ.പി.എസ്.സി.-യിലേയ്ക്ക് 7 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും അതിലേയ്ക്ക് നിയമന ശിപാർശകൾ ലഭിക്കുകയുണ്ടായില്ല. 2017-18 തസ്തിക നിർണ്ണയ പ്രകാരം എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തികകൾ നഷ്ടമായതിനാൽ റെഗുലർ ഒഴിവൊന്നും നിലവിലില്ല.

(ഡി) എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ലൈബ്രേറിയന്മാരുടെ തസ്തിക അനുവദിക്കാൻ നടപടി

231 (2827) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കുന്ന സർക്കാർ ഹയർ സെക്കണ്ടറി രംഗത്ത് അത്യാവശ്യം ഉണ്ടാകേണ്ട ആധുനിക ലൈബ്രറിയും പരിശീലനം ലഭിച്ച ലൈബ്രേറിയന്മാരും ഇല്ല എന്ന വസ്തുത ഉൾക്കൊള്ളുന്നുണ്ടോ;

(ബി) ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുകയും അവിടെ പരിശീലനം ലഭിച്ച ലൈബ്രേറിയന്മാരുടെ തസ്തികകൾ അനുവദിക്കുകയും ചെയ്യുമോ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽപേർ ഫയൽ ചെയ്ത W.P.(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013-ലെ പൊതുവിധിന്യായം

നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 220/2015/ പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സ്ഥിരാദ്ധ്യാപകരില്ലാത്ത സ്കൂളുകളിലെ വിദ്യാഭ്യാസം

232 (2828) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഥിരാദ്ധ്യാപകരില്ലാത്ത എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉത്തമ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന അവസരത്തിൽ സ്ഥിരാദ്ധ്യാപകരില്ലാത്തത് സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളെയും വിദ്യാർത്ഥികളുടെ പഠന നിലവാരത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ സംസ്ഥാനത്ത് സ്ഥിരാദ്ധ്യാപകരില്ലാത്ത എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്നതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. ഹയർ സെക്കന്ററി സ്കൂളുകളിൽ 2015-16 അദ്ധ്യയന വർഷം അനുവദിച്ച സ്കൂളുകളിൽ/ ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ല. ടി സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. തസ്തിക സൃഷ്ടിച്ചിട്ടുള്ള എല്ലാ സ്കൂളുകളിലും സ്ഥിരം അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉത്തമ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിൽ

സ്ഥിരാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർതന്നെ സ്കൂൾ പ്രിൻസിപ്പാളിന്റേയും മറ്റു സ്കൂളുകളിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരുടേയും സഹായത്തോടെ പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇല്ല. സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ സ്ഥിരാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അദ്ധ്യാപകരെ കണ്ടെത്തി കരാർ അടിസ്ഥാനത്തിൽ നിയമിച്ച് അധ്യയനം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ

233 (2829) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ ആരംഭിച്ചതും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചതുമായ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട് ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) തസ്തികകൾ സൃഷ്ടിച്ചിട്ടും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ സ്കൂൾ സന്ദർശന റിപ്പോർട്ടും ഫിക്സേഷൻ ഉത്തരവും വൈകുന്നതിനാൽ ഇന്റർവ്യൂപോലും നടത്താൻ കഴിയാത്ത ഏതൊക്കെ സ്കൂളുകളാണ് കൊല്ലം ജില്ലയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഫിക്സേഷൻ ഉത്തരവുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) എം.ജി.ഡി.എച്ച്.എസ്.എസ്. കുണ്ടറ, കൊല്ലം എന്ന സ്കൂൾ മാത്രമാണുള്ളത്.

(സി) 31-3-2014-ലെ സ.ഉ. (കൈ) 143/14/പൊ.വി.വ. പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നമുറയ്ക്ക് തസ്തിക നിർണ്ണയം നടത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

234 (2830) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-6-2017-ൽ നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഈ പ്രക്രിയ രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും എറണാകുളം ട്രിബ്യൂണൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരെ (കാറ്റഗറി നമ്പർ 459/2010, എച്ച്.എസ്.എസ്.റ്റി, കൊമേഴ്സ് ജൂനിയർ) ഹിയറിംഗിന് വിളിക്കുമെന്ന് അറിയിച്ചിരുന്നോ;

(സി) എങ്കിൽ ഇവരുടെ ഹിയറിംഗ് നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 30-6-2017-ൽ നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) അറിയിച്ചിരുന്നു.

(സി) ഹിയറിംഗ് നടത്തിയിരുന്നു.

(ഡി) എച്ച്.എസ്.എസ്.റ്റി. തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിനായി യോഗ്യരായ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കൊമേഴ്സ് അധ്യാപകർ ഉള്ളതിനാൽ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സ്പെഷ്യൽ റൂൾസ് പ്രകാരം കഴിയുകയില്ല.

## പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കായി നീക്കിവച്ച തസ്തികകൾ

235 (2831) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയ സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കായി നീക്കിവച്ച തസ്തികകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുമോ;

(ബി) പ്രസ്തുത തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഘട്ടം ഘട്ടമായി ഷിഫ്റ്റ് സമ്പ്രദായം പൂർണ്ണമായും ഒഴിവാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പുറപ്പെടുവിച്ച 4-6-2010-ലെ സ.ഉ. (എംഎസ്) നമ്പർ 92/10/പൊ.വി.വ-ലെ നിർദ്ദേശങ്ങളിൽ, കുട്ടികളുടെ എണ്ണം കുറവുവരുന്നതുമൂലം നഷ്ടപ്പെടുന്ന സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ ക്രമീകരിച്ച് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതാണെന്നും ഇതിനായി ജില്ലയെ ഒരു യൂണിറ്റായി കണക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. ഇതല്ലാതെ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കിയ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് മറ്റ് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന സാഹചര്യം നിലവിലുള്ളതായി വിദ്യാഭ്യാസ ഓഫീസർമാർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

## എച്ചിപ്പാറ ട്രൈബൽ സ്കൂളിലെ എട്ടാം ക്ലാസ്സിന്റെ അംഗീകാരം

236(2832) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് എച്ചിപ്പാറ ഗവൺമെന്റ് ട്രൈബൽ സ്കൂളിലെ എട്ടാം ക്ലാസിന്റെ അംഗീകാരം സർക്കാർ നിർദ്ദേശ പ്രകാരം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് കേരള ഹൈക്കോടതി വിധിയുടെ ലംഘനമാകുകയില്ലേ ; വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് എച്ചിപ്പാറ ഗവൺമെന്റ് ട്രൈബൽ സ്കൂളിൽ യു.പി. ക്ലാസുകൾ അനുവദിക്കുന്നതിനായി സ്ഥലം എം.എൽ.എ. അന്നത്തെ വിദ്യാഭ്യാസ മന്ത്രിക്ക് കത്ത് നൽകിയിരുന്നോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിലെ എട്ടാം ക്ലാസിൻെറ അംഗീകാരം റദ്ദാക്കാനുണ്ടായ കാരണം വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ബാധകമല്ല.

## ഡി.പി.ഐ. ഓഫീസ് പുതുക്കിപ്പണിയാൻ ആർക്കിയോളജി വകുപ്പിന്റെ സഹായം

237 (2833) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വളരെ പുരാതനമായതും പൈതൃകമന്ദിരങ്ങളുടെ കൂട്ടത്തിൽപ്പെടുത്തിയിട്ടുള്ളതുമായ ഡി.പി.ഐ. ഓഫീസിന്റെ പുതുക്കിപ്പണിയൽ നടന്നിട്ടുണ്ടോ; എങ്കിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് ആർക്കിയോളജി വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നടത്തിയ വർക്കുകൾക്കായി ചെലവഴിച്ച തുകയെത്രയെന്നും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തതെന്നും വർക്കുകൾ നടത്താൻ അനുമതി നൽകിയത് ആരാണെന്നും വ്യക്തമാക്കുമോ;

(സി) പൈതൃക മന്ദിരമായതിനാൽ ഡി.പി.ഐ ഓഫീസിൽ നടത്തുന്ന പുതുക്കിപ്പണിയലിന് ആർട്ട് ആന്റ് ഹെറിട്ടേജ് കമ്മീഷൻ, പുരാവസ്തു വകുപ്പ് എന്നിവയുടെ നിർദ്ദേശങ്ങളും സാന്നിദ്ധ്യവും ഉറപ്പാക്കണം എന്ന് കാണിച്ച് സംസ്ഥാന പുരാവസ്തു ഡയറക്ടറുടെ 17-7-2017-ലെ A2-3663/2017/DA നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1,00,13,347 രൂപ (ഒരു കോടി പതിമൂന്നായിരത്തി മുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) ഇ-ഗവേണൻസിനായുള്ള അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഇലക്ട്രിക്കൽ, നെറ്റ് വർക്കിംഗ്, സെക്ഷനുകളിൽ ആവശ്യമായ കമ്പ്യൂട്ടർ ടേബിളുകൾ, ഫയൽ റാക്കുകൾ, പെയിന്റിംഗ്, ഫ്ലോറിംഗ്, മഴക്കാലത്ത് ചോർന്നൊലിക്കുന്ന ഭാഗങ്ങളിൽ ഷീറ്റ് കൊണ്ടുള്ള മേൽക്കൂര തുടങ്ങിയ പ്രവൃത്തികളാണ് ചെയ്തത്. ഇതിൽ ഫ്ലോറിംഗും മേൽക്കൂരയും ചെയ്തത് പൈതൃക മന്ദിരത്തിന്റെ അനുബന്ധ കെട്ടിടങ്ങളിലാണ്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാന പ്രകാരമാണ് പ്രസ്തുത പ്രവൃത്തികൾ ചെയ്തത്.

(സി) സംസ്ഥാന പുരാവസ്തു ഡയറക്ടറുടെ 17-7-2017-ലെ A2-3663/2017/ DA നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 7-8-2017-ന് പുരാവസ്തു ഡയറക്ടറുമായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചേംബറിൽ കൂടിക്കാഴ്ച നടത്തി. പൊതുവിദ്യാഭ്യാസ

ഡയറക്ടറേറ്റ് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടമാണെന്നും എന്നാൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ ലിസ്റ്റിൽ ഈ കെട്ടിടം ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണെന്നും പുരാവസ്തു ഡയറക്ടർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന് കത്ത് നൽകുകയുണ്ടായി. എന്നാൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല എന്നത് വ്യക്തമാണ്. കാലപ്പഴക്കംചെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മന്ദിരം വളരെ ശോചനീയമായ അവസ്ഥയിലാണ്. മഴക്കാലമാകുമ്പോൾ മേൽക്കൂരകൾ ചോർന്നൊലിച്ച് ജീവനക്കാർക്ക് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ ഈ മന്ദിരത്തിന്റെ പൈതൃക തനിമ നിലനിർത്തിക്കൊണ്ട് നവീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനായി പുരാവസ്തു ഡയറക്ടറെയും PWD ചീഫ് ആർക്കിടെക്റ്റിനെയും പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരുകയും തുടർനടപടികൾ സ്വീകരിക്കുവാൻ പ്രാഥമിക ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്.

## കെ. കെ. കൃഷ്ണൻ നായരുടെ ശമ്പള പരിഷ്കരണ അപാകത

238 (2834) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലായിലെ ജില്ല പാഠപുസ്തക ഡിപ്പോയിൽ പാർടൈം സ്വീപ്പറായി ജോലി ചെയ്തിരുന്ന കെ. കെ. കൃഷ്ണൻ നായരുടെ 2008-ലെ ശമ്പള പരിഷ്കരണ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിനും മുഖ്യമന്ത്രിക്കും നൽകിയിരുന്ന Docket No.G160800136 R6/11100/2018/ ഡിപിഐ നമ്പർ നിവേദനത്തിൻമേൽ വിദ്യാഭ്യാസ വകുപ്പ് ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) കൃഷ്ണൻ നായരുടെ അപേക്ഷ പ്രകാരം ശമ്പള പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ ഫയലിൽ തീരുമാനമുണ്ടാകാൻ എടുക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രീ. കെ. കെ. കൃഷ്ണൻ നായരുടെ നിവേദനം പരിശോധിച്ച് 2014 ശമ്പള പരിഷ്കരണത്തിലൂടെ ടിയാന് ലഭ്യമാകേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ട്രഷറി മുഖേന അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്.

(ബി) കാലതാമസമുണ്ടായിട്ടില്ല.

## കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ള അസ്ട്രോണമി ഗ്യാലറി

239 (2835) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ള ആസ്ട്രോണമി ഗ്യാലറിക്ക് വേണ്ടി എത്ര തുകയാണ് ചെലവാക്കിയതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഗ്യാലറിയിലെ ഓരോ എക്സിബിറ്റുകൾക്ക് എത്ര തുക ചെലവാക്കിയെന്നും അവ സ്ഥാപിച്ച കമ്പനിയുടെ പേര്, അഡ്രസ്സ് എന്നിവയും വ്യക്തമാക്കാമോ;

(സി) ആസ്ട്രോണമി ഗ്യാലറിയിലെ എക്സിബിറ്റുകൾക്കും അനുബന്ധ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ പേരും ക്വാട്ട് ചെയ്ത തുകയും വ്യക്തമാക്കുമോ;

(ഡി) ആസ്ട്രോണമി ഗ്യാലറിയിലെ എക്സിബിറ്റുകളുടെയും മറ്റ് അനുബന്ധ പ്രവൃത്തികളുടെയും കരാറുകാർക്ക് പി.ഡബ്ല്യു.ഡി. ലൈസൻസ് ഉണ്ടോ; ഇല്ലെങ്കിൽ പി.ഡബ്ല്യു.ഡി. ലൈസൻസ് ഇല്ലാത്തവർക്ക് കരാർ നൽകാനുണ്ടായ സാഹചര്യവും കാരണവും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ആസ്ട്രോണമി ഗ്യാലറിക്കുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ഇനം | ചെലവായ തുക (രൂപ) |
|---|---|
| (1) | (2) |
| ഇലക്ട്രിക്കൽ & ഇലക്ട്രോണിക് ഐറ്റവും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് | 3,53,855 |
| ഫാബ്രിക്കേഷൻ മെറ്റീരിയൽസ് | 4,71,057 |
| എക്സിബിറ്റ് & എക്സിബിറ്റ് കാബിൻ | 15,98,600 |
| വ്യൂ സ്പേസ് പ്രോഗ്രാം | 4,44,692 |

| (1) | (2) |
|---|---|
| ടെലിസ്കോപ്പ് & ബൈനോക്കുലർ | 8,66,329 |
| മറ്റ് അനുബന്ധ ചെലവുകൾ | 1,56,486 |
| ആകെ | 38,91,019 |

(ബി) ഗ്യാലറിയിലുള്ള ഓരോ എക്സിബിറ്റുകൾക്കും എത്രവീതം തുക ചെലവാക്കിയിട്ടുണ്ടെന്നുള്ള വിവരവും അത് സ്ഥാപിച്ച കമ്പനിയുടെ/വ്യക്തിയുടെ പേരും വിവരവും പ്രത്യേകം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ഒന്നിലധികം എക്സിബിറ്റുകൾ ഒന്നിച്ചാണ് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുന്നത്.

(സി) ആസ്ട്രോണമി ഗ്യാലറിയിലെ എക്സിബിറ്റുകൾക്കും അനുബന്ധ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ ക്വാട്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| I സപ്ലൈ ആൻഡ് സെറ്റിംഗ് അപ്പ് ഓഫ് എക്സിബിറ്റ് ക്യാബിൻ | തുക |
| ശ്രീ. അഡാരി ഷൗക്കത്തലി ഗവൺമെന്റ് കോൺട്രാക്ടർ, നിലമ്പൂർ | 8,35,500 |
| ശ്രീ. അശോക കുമാർ, ചന്ദ്രഭവൻ, കരിക്കകം, തിരുവനന്തപുരം | 8,35,500 |
| വൈഗ ഇന്റീരിയർ വി.വി.റോഡ്, പാറ്റൂർ, തിരുവനന്തപുരം | 7,56,586 |
| II സപ്ലൈ ഇൻസ്റ്റാളേഷൻ ആൻഡ് കമ്മിഷണിംഗ് എക്സിബിറ്റിംഗ് ഓഫ് റൊട്ടേഷൻ ആൻഡ് റവലൂഷൻ ഓഫ് എർത്ത് ആൻഡ് മൂൺ | തുക |
| 1. ശ്രീ.രാജൻ.സി, രാജൻ ഹോം മൈലക്കാട് പി.ഒ. കൊല്ലം | 1,15,000 |

| | |
|---|---|
| 2. മിത്രനികേതൻ, റൂറൽ ട്രെയിനിംഗ് സെന്റർ, മിത്രനികേതൻ, വെള്ളനാട്, തിരുവനന്തപുരം | 1,17,000 |
| 3. രതീഷ്. ആർ, കടവാകിഴലകാട്ടിൽ, അഴീക്കൽ പി.ഒ., പ്രയാർ, കൊല്ലം | 1,03,000 |
| III ടെൻഡർ ഫോർ സ്റ്റാറ്റസ് ഓഫ് ഗലീലിയോ ആൻഡ് സ്കെയിൽ ഡൗൺ മോഡൽ ഓഫ് സ്റ്റോൺ ഹെൻജ് മായൻ ടെമ്പിൾ, പിരമിഡ് ബാബിലിയോൺ ടെമ്പിൾ, ജന്തിർ മന്തിര ഇൻ ദ പ്രപ്പോസ്ഡ് അസ്ട്രോണമി ഗാലറി | തുക |
| 1. ശ്രീ. പ്രദീപ്കുമാർ, ഭാസ്കര ഭവൻ, ചിറക്കോണം, കുറ്റിച്ചൽ | 2,70,000 |
| 2. ശ്രീ. ജിതേഷ് സി.എൻ., ചരത്ത് ഹൗസ്, വെള്ളാട്, ആലക്കോട്, കണ്ണൂർ | 2,50,000 |
| 3. ശ്രീ.ഷഫീക്ക്, റാഫി മൻസിൽ, ഓടംകുഴി ലൈൻ, തിരുമല, തിരുവനന്തപുരം | 2,47,494 |
| IV. ടെൻഡർ ഫോർ ഇൻസ്റ്റാളേഷൻ ആൻഡ് കമ്മീഷണിംഗ് ഓഫ് ട്രാൻസ്ലേറ്റ് ഓഫ് സിക്സ് സയന്റിസ്റ്റ് ഇൻ ദ പ്രപ്പോസ്ഡ് അസ്ട്രോണമി ഗാലറി | തുക |
| ശ്രീ. സജൻ. ആർ<br>ഗോപാല, നെട്ടമം, കോവളം.പി.ഒ.<br>തിരുവനന്തപുരം | 1,74,000 |
| ശ്രീ. സുനിൽകുമാർ കെ.<br>ടി.സി.4-667,സുലറ എ-6<br>കവടിയാർ പി.ഒ. | 1,86,000 |

തിരുവനന്തപുരം

| | |
|---|---|
| ശ്രീ. ഷഫീക്ക്<br>റാഫി മൻസിൽ, ഓടാംകുഴി ലൈൻ, തിരുമല<br>തിരുവനന്തപുരം | 1,54,000 |
| V. ടെൻഡർ ഫോർ സപ്ലൈ ഓഫ് ഇൻസ്റ്റാളേഷൻ 60 ട 65 എൽ.ഇ.ടി.ടി.വി. അസ്ട്രോണമി ഗാലറി | തുക |
| വിൽസം ഡിസ്ട്രിബ്യൂട്ടേഴ്സ്, കൈമനം, പാപ്പനംകോട്, തിരുവനന്തപുരം | 1,82,000 |
| കെ.എം. ടെക്നോളജി,<br>കാണ്ണോത്തറ ബിൽഡിംഗ്, ഓപ്പോസിറ്റ് കെ.കെ. അപ്പർട്മെന്റ്, വടവത്തൂർ, കോട്ടയം | സോണി ഡി 65 9004 65 2 ഡി-3 ഡി രൂപ 3,54,900- ഷാർപ്പ് പി.എൻ.ആർ 603-60 കൊമേഴ്സ്യൽ ഡിസ്പ്ലേ പാനൽ രൂപ 1,90,000 |

(ഡി) ഇല്ല. അതിനാൽ ഈ രംഗത്ത് പ്രത്യേകം പ്രാഗത്ഭ്യമുള്ളവരുടെ സേവനം ലഭ്യമാക്കുവാനാണ് Open tender ക്ഷണിച്ചിട്ടുള്ളത്.

### കേരള വിദ്യാഭ്യാസ നിയമ പരിഷ്കരണ കമ്മീഷൻ

240(2836) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യാഭ്യാസ നിയമം പരിഷ്കരിക്കുന്നതിനും കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനും വേണ്ടി നിയമിച്ച കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എം. എ. ഖാദറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി രംഗത്ത് നിലവിലുള്ള ചട്ടങ്ങൾ പര്യാപ്തമല്ലാത്തതിനാൽ എം.എ.ഖാദറിന്റെ അധ്യക്ഷതയിലുള്ള കമ്മിറ്റിയോട് അത് സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നിർദ്ദേശിക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് വിവിധ ഏജൻസികളായ എസ്.എസ്.എ.,എസ്.സി.ഇ. ആർ.ടി., സീമാറ്റ്, ഐ.ടി.അറ്റ് സ്കൂൾ, ആർ.എം. എസ്.എ., പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയുടെ ഏകോപനമില്ലെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ഇ) ഭരണ രംഗത്ത് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന സീമാറ്റിൽ വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; അക്കാദമിക മികവ് പുലർത്തുന്നവരെ ഉൾക്കൊള്ളിച്ച് ഭരണ രംഗത്തിന് ആവശ്യമായ പരിശീലനം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ പരിഗണന വിഷയങ്ങൾ താഴെ പറയുന്നവയാണ്.

1. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.
2. ഇതനുസരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽവന്ന നോട്ടിഫിക്കേഷനിൽ കൂടുതൽ വ്യക്തത വരുത്തേണ്ട ഭാഗങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.
3. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

(സി) നിർദ്ദേശിക്കുന്നതാണ്.

(ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എസ്.എസ്.എ, ആർ.എം.എസ്.എ, സീമാറ്റ്, കൈറ്റ്, എസ്.സി.ഇ.ആർ.റ്റി. തുടങ്ങിയവയെല്ലാം പരസ്പര ഏകോപനത്തോടെയും നവീകരണത്തോടെയും തന്നെയാണ് പ്രവർത്തിക്കുന്നത്.

(ഇ) പരിശോധിക്കുന്നതാണ്.

**അഞ്ജു പി.എ.-യുടെ ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക്**

241 (2837) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി അഞ്ജു പി.എ. 3-11-2017-ലെ B4/46242/2017 നമ്പർ പ്രകാരം പരീക്ഷ ഭവനിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് നൽകി; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷപ്രകാരം ഡ്യൂപ്ലിക്കേറ്റ് ബുക്ക് ഇതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ അപേക്ഷകയുടെ തുടർവിദ്യാഭ്യാസം ഉൾപ്പെടെയുള്ളവയ്ക്ക് തടസ്സം ഉണ്ടാകുമെന്ന വസ്തുതകൂടി പരിഗണിച്ച് അടിയന്തരമായി എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുവാൻ നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 27-11-2017-ൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് പരീക്ഷാഭവനിൽനിന്നും ഹെഡ്മാസ്റ്റർ, എച്ച്.എസ്., അന്തിക്കാടിന് അയച്ചുകൊടുത്തിട്ടുണ്ട് (RL 384522072 IN)

(ബി) ബാധകമല്ല.

**ശാസ്ത്ര സാങ്കേതിക മ്യൂസിയം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തിക**

242 (2838) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം നോട്ടിഫിക്കേഷൻ No.E/240/09 തീയതി 9-2-2009 പ്രകാരം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് എത്ര ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചു; അതിൽ എത്ര പേർ എഴുത്ത് പരീക്ഷയിൽ പങ്കെടുത്തു :എഴുത്ത് പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇന്റർവ്യൂവിന് മുമ്പ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയപ്പോൾ നോട്ടിഫിക്കേഷനിൽ പറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയവും തെളിയിക്കുന്ന ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, സർട്ടിഫിക്കേഷൻ നടത്തിയതിന്റെ ലിസ്റ്റിന്റെ പകർപ്പ്, ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(സി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥിക്ക് മതിയായ യോഗ്യത ഉണ്ടായിരുന്നോ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം 9-2-2009-ലെ നോട്ടിഫിക്കേഷൻ No. E/240/09 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നില്ല. 9-12-2009-ലെ നോട്ടിഫിക്കേഷൻ നമ്പർ ഇ/2404/09 നോട്ടിഫിക്കേഷൻ പ്രകാരം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് എട്ട് (8) പേർ അപേക്ഷിച്ചിരുന്നു. അവരുടെ പട്ടികയും റാങ്ക് ലിസ്റ്റിന്റെ പകർപ്പും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, റാങ്ക് ലിസ്റ്റിന്റേയും നിയമന ഉത്തരവിന്റേയും പകർപ്പുകൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) അയോഗ്യതയുള്ളതായി ഇന്റർവ്യൂ ബോർഡ് രേഖപ്പെടുത്തിയിട്ടില്ല.

## ചേലക്കര മണ്ഡലത്തിലെ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികൾ

243 (2839) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലായി 2018-19 അദ്ധ്യയന വർഷം എത്ര കുട്ടികൾ പുതിയതായി പ്രവേശനം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്കൂളിലും പുതിയതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചില പ്രത്യേക സാഹചര്യത്തിൽ മധ്യവേനൽ അവധിക്കുശേഷം ചില ജില്ലകളിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ താമസം നേരിട്ടതിനാൽ ജൂൺ 20-ാം തീയതി മാത്രമേ എല്ലാ ജില്ലകളിൽ നിന്നുമുള്ള 2018-19 അദ്ധ്യയന വർഷത്തെ ആറാം പ്രവർത്തിദിനം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം പൂർത്തിയാകുകയുള്ളൂ.

## മലപ്പുറം ജില്ല സോഷ്യൽ സയൻസ് എച്ച്.എസ്.എസ്.ടി. തസ്തിക

244 (2840) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സോഷ്യൽ സയൻസ് വിഷയത്തിൽ എച്.എസ്.എസ്. ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ സോഷ്യൽ സയൻസ് എന്ന വിഷയം ഇല്ല. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം ജില്ലാടിസ്ഥാനത്തിലല്ല സംസ്ഥാനതലത്തിലാണ് നടത്തുന്നത്.

## പാറശ്ശാല മണ്ഡലത്തിൽ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

245 (2841) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്നുള്ള വിവരം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഏതിലൊക്കെയാണ് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

1. ഗവ. എച്ച്.എസ്.എസ്. ആനാവൂർ -

   എച്ച്.എസ്.എ. (എസ്.എസ്) -1

   എച്ച്.എസ്.എ. (പി.എസ്) -1

   എച്ച്.എസ്.എ (ഹിന്ദി)-1

2. ഗവ. എച്ച്.എസ്.എസ്., ധനുവച്ചപുരം

   എച്ച്.എസ്.എ. (മലയാളം) -1

3. ഗവ. എച്ച്.എസ്.എസ്., കീഴാറൂർ

എച്ച്.എസ്.എ. (എസ്.എസ്) -2

എച്ച്.എസ്.എ. (പി.എസ്) -1

എൽ.പി.എസ്.എ -4

4. ഗവ. എച്ച്.എസ്.എസ്., മാരായമുട്ടം -

എച്ച്.എസ്.എ. (എസ്.എസ്) -1

യു.പി.എസ്.എ. -1

ഡ്രോയിംഗ് -1

കായികാദ്ധ്യാപകൻ -1

5. ഗവ. എച്ച്.എസ്.എസ്., പാറശ്ശാല

എച്ച്.എസ്.എ. (പി.എസ്) -1

എച്ച്.എസ്.(മലയാളം) -1

യു.പി.എസ്.എ. -1

6. ഗവ. എച്ച്.എസ്.എസ്., മൈലച്ചൽ

എച്ച്.എസ്.എ. (ഗണിതം) -1

എച്ച്.എസ്.എ. (മലയാളം) -1

7. ഗവ. എൽ.പി.എസ്., കുന്നനാട്-1

ആകെ - 24

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | സ്കൂളിന്റെ പേരും സ്കൂൾ കോഡും | ഒഴിവുള്ള വിഷയങ്ങൾ | |
|---|---|---|---|
| | | എച്ച്. എസ്.എസ്.റ്റി. ജൂനിയർ | എച്ച്.എസ്. എസ്.റ്റി |
| (1) | (2) | (3) | (4) |
| 1 | ജി.എച്ച്.എസ്.എസ്., ആനാവൂർ (1027) | ഇല്ല | ഇല്ല |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | ജി.എച്ച്.എസ്.എസ്. നെയ്യാർഡാം (1037) | ഫിസിക്സ് -1<br>മാത്തമാറ്റിക്സ്-1 | ഇല്ല |
| 3 | ജി.എച്ച്.എസ്.എസ്., മാരായമുട്ടം (1043) | കെമിസ്ട്രി -1 | ഇല്ല |
| 4 | എൻ.കെ.എം.ജി. എച്ച്.എസ്.എസ്., ധനുവച്ചപുരം (1046) | മാത്തമാറ്റിക്സ് -1 | ഇല്ല |
| 5 | ജി.വി.എച്ച്.എസ്.എസ്., പാറശ്ശാല (1135) | ഇല്ല | ഇല്ല |
| 6 | ജി.എച്ച്.എസ്.എസ്. മൈലച്ചൽ (1143) | ഇംഗ്ലീഷ് -1<br>ഹിന്ദി-1 | ഇല്ല |

(ബി) പി.എസ്.സി. വഴി നിയമനത്തിന് അർഹമായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം സംസ്ഥാനടിസ്ഥാനത്തിൽ ആയതിനാൽ സ്കൂൾ തിരിച്ചുള്ള ഒഴിവുകളല്ല റിപ്പോർട്ട് ചെയ്യുന്നത്. മേൽപ്പറഞ്ഞ സ്കൂളുകളിലെ നിലവിലുള്ള ഒഴിവുകളെല്ലാം പൊതു സ്ഥലംമാറ്റം മുഖേനയോ പി.എസ്.സി./ബൈ ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിലൂടെയോയാണ് നികത്തപ്പെടുന്നത്.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിന്മേൽ നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തിവരുന്നുണ്ട്.

**സർക്കാർ പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ**

246 (2842) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഭരണച്ചുമതല, വിദ്യാഭ്യാസവകുപ്പുതല യോഗങ്ങൾ, എസ്.എസ്. എ.-യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സഹാദ്ധ്യാപകരുടെ ക്ലാസുപരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുതീർക്കേണ്ട ഉത്തരവാദിത്വമുള്ള സർക്കാർ പ്രൈമറി സ്കൂളുകളിലെ പ്രധാനദ്ധ്യാപകരെ ഒരു ക്ലാസ്സിന്റെ പൂർണ്ണച്ചുമതല ഏൽപ്പിക്കുകവഴി പ്രസ്തുത ക്ലാസ്സിലെ കുട്ടികളുടെ പഠനത്തെ അത് പ്രതികൂലമായി ബാധിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലെന്നിരിക്കെ സർക്കാർ പ്രൈമറി പ്രധാനാദ്ധ്യാപകർക്ക് ഗസറ്റഡ് റാങ്ക് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഹൈസ്കൂൾ അദ്ധ്യാപകന് ഹൈസ്കൂൾ എച്ച്.എം., ഡി.ഇ.ഒ, ഡി.ഡി.ഇ, എ.ഡി.പി.ഐ. എന്നിങ്ങനെ സ്ഥാനക്കയറ്റത്തിനുള്ള ഒട്ടേറെ തസ്തികകൾ നിലവിലിരിക്കെ, പ്രൈമറി അദ്ധ്യാപകൻ പ്രധാനാദ്ധ്യാപകൻ എന്ന ഏക പ്രൊമോഷനോടുകൂടി സേവനത്തിൽനിന്ന് വിരമിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഈ അനീതി ഒഴിവാക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക സർക്കാർ പ്രൈമറി പ്രധാനാദ്ധ്യാപകരുടെ പ്രൊമോഷൻ തസ്തികയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 150-ൽ കൂടുതൽ കുട്ടികളുള്ള എൽ.പി. സ്കൂളുകളിലെയും 100-ൽ കൂടുതൽ കുട്ടികളുള്ള യു.പി. സ്കൂളുകളിലേയും പ്രഥമാദ്ധ്യാപകരെ ക്ലാസ്സ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം അവിടെ ഒരു സംരക്ഷിത എൽ.പി.എസ്. ടീച്ചറെ/യു.പി.എസ്. ടീച്ചറെ നൽകുന്നുണ്ട്. മറ്റുള്ള പ്രൈമറി സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണം**

247 (2843) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയ്ക്കു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) അഞ്ഞൂറിലധികം കുട്ടികളുള്ള സ്കൂളുകൾക്കും ആയിരത്തിലധികം കുട്ടികളുള്ള സ്കൂളുകൾക്കും എത്ര തുക വീതമാണ് കെട്ടിട നിർമ്മാണത്തിനായി നൽകുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ ധനസഹായത്തോടെ 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊതു-വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) അടിസ്ഥാന സൗകര്യം ആവശ്യമുള്ള സ്കൂളുകൾ തെരഞ്ഞെടുത്ത് നിർദ്ദേശിക്കുന്നത് അതത് മണ്ഡലം എം.എൽ.എ.-മാരാണ്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കിഫ്ബിയുടെ 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 51 പ്രകാരം കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽനിന്നും വിട്ടുപോയ സ്കൂളുകൾക്ക് മുമ്പ് പ്രഖ്യാപിച്ച 3 കോടി രൂപ ലഭ്യമാക്കുമെന്നും 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ സ്കൂൾ നവീകരണ പരിപാടിയിൽ 500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെ ചെലവഴിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## പിരിച്ചുവിട്ട ജീവനക്കാരനെ സർവ്വീസിൽ തിരിച്ച് എടുക്കാൻ നടപടി

248 (2844) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ എസ്.സി./ എസ്.ടി വിഭാഗത്തിലെ എത്ര ജീവനക്കാർ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്; അവർ ഏതൊക്കെ തസ്തികയിലാണ് ജോലി നോക്കിവരുന്നത് ; അവരുടെ പേര് ,തസ്തിക എന്നിവ വ്യക്തമാക്കാമോ;

(ബി) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ജോലി നോക്കി വന്നിരുന്ന എൽ.ഡി. ക്ലാർക്കായ ദളിത് ജീവനക്കാരനെ അന്വേഷണം കൂടാതെ പിരിച്ചുവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ സ്ത്രീ ജീവനക്കാരിയോട് അതിക്രമം കാണിച്ചെങ്കിൽ സ്ഥാപനത്തിന്റെ ഡയറക്ടർ പോലീസിൽ പരാതി കൊടുത്ത് കേസ് എടുത്ത ശേഷമാണോ ഈ ജീവനക്കാരനെ സർവീസിൽനിന്നും പിരിച്ചു വിട്ടത് ;വ്യക്തമാക്കാമോ;

(ഡി) വനിത ജീവനക്കാരിയോട് അതിക്രമം കാണിച്ചിട്ടുണ്ടെങ്കിൽ ടിയാനെ പിരിച്ചുവിടുന്നതിന് മുൻപ് നിയമപ്രകാരമുള്ള നടപടിക്രമം ഈ കേസിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിയമപ്രകാരമുള്ള ഒരു നടപടിക്രമങ്ങളും പാലിക്കാതെ ജീവനക്കാരന്റെ ഭാഗത്ത് നിന്നും അഭിപ്രായംപോലും കേൾക്കാതെ പിരിച്ചുവിട്ട നടപടി പുന:പരിശോധിച്ച് ടിയാനെ സർവ്വീസിൽ തിരിച്ച് എടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ എസ്.സി./ എസ്.ടി. വിഭാഗത്തിൽ നിലവിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(ബി) ഉണ്ട്.

(സി) പ്രൊബേഷൻ കാലാവധിയിലുണ്ടായിരുന്ന ടിയാൻ ഓഫീസ് ജോലികൾ കൃത്യമായി നിർവ്വഹിക്കാത്തതും മേലധികാരികളോട് ധിക്കാരപരമായി പെരുമാറുന്നതും വനിതാജീവനക്കാർ ഉൾപ്പെടെയുള്ളവരെ വ്യക്തിപരമായി അവഹേളിക്കുന്ന തരത്തിൽ ഫയൽ കുറിപ്പുകൾ എഴുതുന്നതും ഇക്കാര്യങ്ങൾ തന്നെ നിരവധി താക്കീതുകൾക്കു ശേഷവും ആവർത്തിക്കുന്നതും ബോധ്യപ്പെട്ടു. ഇക്കാര്യങ്ങൾ കണക്കിലെടുത്താണ് ടിയാനെ സർവ്വീസിൽനിന്നു നീക്കംചെയ്തിട്ടുള്ളത്. ശ്രീ. വി. കൃഷ്ണൻ കുട്ടി. സ്ഥാപനത്തിലെ സ്ത്രീ ജീവനക്കാരികളോട് അതിക്രമം കാണിച്ചുവെന്ന പേരിലല്ല, മറിച്ച് ടിയാന്റെ പെരുമാറ്റ രീതികൾ അവർക്ക് സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിന് മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഓഫീസിൽ ജോലി ചെയ്യുന്നതിന് ഉചിതമായ അന്തരീക്ഷം ലഭ്യമാക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വനിതാ ജീവനക്കാർ സ്ഥാപനത്തിൽ പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതികൾ " The Sexual Harassment of Women at Work Place-Prevention, Prohibition and Redressal Act-2013-ലെ വ്യവസ്ഥകൾ പ്രകാരം മ്യൂസിയത്തിലെ സീനിയർ വനിതാ ഓഫീസറായ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ശ്രീ. കൃഷ്ണൻകുട്ടി. വി.-യെ പിരിച്ചുവിട്ടതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ WP(C)No.11028/2018, പ്രകാരം ഹർജി ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ 6-4-2018-ലെ വിധിന്യായ പ്രകാരം ടിയാൻ സർക്കാരിന് അപ്പീൽ നൽകാൻ നിർദ്ദേശം നല്കി തീർപ്പാക്കിയിട്ടുമുണ്ട്. ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം ടിയാൻ സർക്കാരിൽ അപ്പീൽ നൽകുമ്പോൾ ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുന്ന വിഷയം സർക്കാർതലത്തിൽ പരിശോധിക്കുന്നതാണ്.

## സ്കൂളുകളിൽ ഉച്ചക്കഞ്ഞി പാചകം ചെയ്യുന്ന തൊഴിലാളികൾ

249 (2845) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഉച്ചക്കഞ്ഞി പാചകം ചെയ്യുന്ന തൊഴിലാളികൾക്ക് റിട്ടയർമെന്റ് പ്രായം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ബി) പാചകത്തൊഴിലാളികളുടെ പ്രായം ഏത് രേഖ പ്രകാരമാണ് കണക്കാക്കുന്നത് എന്നറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി, പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലെ സർക്കാർ പ്രൈമറി സ്കൂളുകളിലെ പാചക ത്തൊഴിലാളികളുടെ പേര്, വയസ്സ്, റിട്ടയർമെന്റ് തീയതി എന്നിവ അറിയിക്കാമോ;

(ഡി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള മെഡിക്കൽ പരിശോധന, ഇൻഷ്വറൻസ് എന്നിവ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) റിട്ടയർമെന്റ് പ്രായം നിശ്ചയിച്ചിട്ടില്ല.

(ബി) പാചകത്തൊഴിലാളികളുടെ പ്രായം, ജനന സർട്ടിഫിക്കറ്റ്/സ്കൂൾ രജിസ്റ്റർ/ ആധാർ കാർഡ് ഉടങ്ങിയ ആധികാരിക രേഖകൾ പ്രകാരമാണ് കണക്കാക്കുന്നത്.

(സി) മലപ്പുറം, കൊണ്ടോട്ടി മുനിസിപ്പാലിറ്റി, പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലെ സർക്കാർ പ്രൈമറി സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ പേര്, വയസ്സ് എന്നിവ അനുബന്ധമായി ചേർക്കുന്നു.* റിട്ടയർമെന്റ് തീയതി നിശ്ചയിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് (ഗവ. അംഗീകൃത സ്ഥാപനത്തിൽ നിന്നും) നിർബന്ധമാണ്. ഓരോ 6 മാസം കൂടുമ്പോഴും ഹെൽത്ത് കാർഡ് പുതുക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പാചകത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല.

## അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭ്യമാക്കുന്നതിന് നടപടി

250 (2846) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഇ.ആർ. ഭേദഗതിയെ തുടർന്ന് നിയമനാംഗീകാരം ലഭിക്കാതെ ജോലിചെയ്യുന്ന അദ്ധ്യാപകർക്ക് അംഗീകാരവും ശമ്പളവും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2018-19 അധ്യയന വർഷം ഓൾഡ് സ്കൂളുകളിൽ അധികമുണ്ടാകുന്ന തസ്തികകളിലും ന്യൂലി ഓപ്പൺഡ് സ്കൂളുകളിൽ രാജി, മരണം, റിട്ടയർമെന്റ് തസ്തികകളിലും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) അദ്ധ്യാപകരുടെ തസ്തിക നിർണ്ണയ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുവാനും നിയമനാംഗീകാരം നൽകുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് യാതൊരുവിധ തടസ്സങ്ങളുമില്ല. അവ കൃത്യമായി അംഗീകരിക്കപ്പെടുന്നുമുണ്ട്. ചട്ടങ്ങൾക്കനുസൃതമായ നിയമനങ്ങൾക്ക് മാത്രമേ അംഗീകാരം നല്കാൻ കഴിയൂ. കെ.ഇ.ആർ. ഭേദഗതിക്കുവിരുദ്ധമായ നിയമനങ്ങൾ അംഗീകരിക്കാൻ കഴിയില്ല.

(ബി) പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളുടെ ഗണത്തിൽപ്പെടാത്ത മറ്റെല്ലാ സ്കൂളുകളിലും (ഓൾഡ് സ്കൂൾ) ഉണ്ടാകുന്ന അധിക തസ്തികകൾ 1:1 അനുപാതത്തിൽ 2018-19 വർഷം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതുണ്ട്. (ആദ്യത്തെ ഒഴിവ് സംരക്ഷിതാദ്ധ്യാപകനും രണ്ടാമത്തേത് മാനേജർ നടത്തുന്ന നിയമനത്തിനും) കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(2)-ൽ

ഇതിനുള്ള വ്യവസ്ഥകളുണ്ട്. പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളും സംരക്ഷിത ജീവനക്കാരെ ഉപയോഗിച്ചാണ് നികത്തേണ്ടത്. കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(3)-ൽ ഇത് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ചട്ടങ്ങൾ പാലിച്ച് മാത്രമേ മാനേജർമാർക്ക് 2018-19 വർഷം നിയമനങ്ങൾ നടത്താൻ കഴിയൂ.

(സി) സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യത്തീയതി അതത് വർഷം ജൂലൈ 15 ആണ്. കഴിഞ്ഞ വർഷം ജൂലൈ 13-ന് അത് പൂർത്തിയാക്കാൻ ഡിപ്പാർട്ട്മെന്റിന് കഴിഞ്ഞിരുന്നു. ഈ വർഷവും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതാണ്.

## അർഹരായവർക്ക് സ്കോളർഷിപ്പ്

251 (2847) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കഴിഞ്ഞ് ഉപരിപഠനയോഗ്യത നേടിയ ഒന്നരലക്ഷം വിദ്യാർത്ഥികൾ റഗുലർ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തതുകൊണ്ട് പാരലൽ കോളേജുകളിലാണ് പഠിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായി ഒഴിവാക്കുന്നതിനും അർഹരായവർക്ക് സ്കോളർഷിപ്പ് നൽകുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) കേരളത്തിലെ സർവ്വകലാശാലകളിൽ 1971 മുതൽ നടപ്പിലാക്കിയിട്ടുള്ള റെഗുലർ മോഡിന് തുല്യമായി പ്രൈവറ്റ് രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പട്ടികജാതി-വർഗ്ഗ-പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും 2016-17, 2017-18 വർഷങ്ങളിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾ കുടിശ്ശിക സഹിതം ഉടൻ വിതരണം ചെയ്യുന്നതിനും മുൻകാലങ്ങളിലെപോലെ ആനുകൂല്യം അതത് വർഷം രണ്ട് ഗഡുക്കളായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി & ഇ) ആനുകൂല്യങ്ങൾ മുഴുവനായി ലഭ്യമാക്കിയിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗം, പിന്നാക്ക വിഭാഗ വികസന വകുപ്പുകളാണ് ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. ആനുകൂല്യങ്ങൾ കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം**

252 (T*2848) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. പി. .ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഇതിലേക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 100 ഏക്കർ ഭൂമി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർവ്വേ സ്കെച്ച് സഹിതം സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ചിരുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം സർവ്വേ ചെയ്ത് സർവ്വേ നമ്പറുകൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടറിൽനിന്നും ലഭ്യമായതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. അർത്ഥനാധികാരി അർത്ഥന ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സ്പെഷ്യൽ ലാന്റ് അക്വിസിഷൻ ഓഫീസറെ നിയമിച്ചിട്ടില്ല.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ദേശീയ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായ കോഴ്സുകൾ

253 (2849) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായ കോഴ്സുകൾ ഈ അദ്ധ്യയന വർഷം ആരംഭിക്കുമോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കോഴ്സുകളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത കോഴ്സുകളുടെ നടത്തിപ്പ് ചുമതല നിക്ഷിപ്തമായിരിക്കുന്നത് ആരിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനായി ഏതെല്ലാം സ്രോതസുകളിൽ നിന്നുമാണ് ധനസമാഹരണം നടത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായ കോഴ്സുകൾ ഈ അദ്ധ്യയന വർഷം 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിലുള്ള എൻ.എസ്.ക്യൂ.സി. (National Skill Qualification Committee) അംഗീകരിച്ച 12 ജോബ് റോളുകളാണ് പ്രസ്തുത സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ളത്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന 12 ജോബ് റോളുകളാണ് നടപ്പിലാക്കുന്നത് :

1. Installation Technician-Computing Peripherals
2. Optical Fibre Technician
3. Distribution Linemen
4. Cable Jointer - Electrical Power System
5. Domestic Biometric Data Entry Operator
6. Micro Irrigation Technician
7. Floriculturist (Open Cultivation)
8. Gardener

9. General Duty Assistant

10. Beauty Therapist

11. Meet and Greet Officer

12. Sales Associates.

ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതി നടപ്പിലാക്കുന്നത് പൊതു വിദ്യാഭ്യാസവുമായി ഉൾച്ചേർത്തുകൊണ്ടായതിനാൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിനായിരിക്കും ഇത്തരം സ്കൂളുകളുടെ നടത്തിപ്പ് ചുമതല. എന്നാൽ നിലവിൽ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മാത്രം ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനാൽ ആരംഭദശയിൽ പ്രവേശന നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുന്നത് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് ആയിരിക്കും.

(സി) കേന്ദ്ര സർക്കാരിന്റെ VSHSE (Vocationalisation of Secondary & Higher Secondary Education) പ്രകാരമാണ് സ്കൂൾതലത്തിൽ സഹായം ലഭ്യമാകുന്നത്. ഇത് 60:40 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും വഹിക്കേണ്ടിവരും.

## വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ അംഗീകാരം

254(2850) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിനാൽ കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ യോഗ്യത നഷ്ടപ്പെടും എന്ന വാർത്ത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു സ്ഥിതി നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സുകളുടെ അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ആശങ്ക ദൂരീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ഫെബ്രുവരി 21-ന് യു.ജി.സി. പുറപ്പെടുവിച്ച നോട്ടീസ് (F.No.74-8/2017 (DEB-IV) പ്രകാരം നാക് ഗ്രേഡ് 3.26 ലഭിച്ചതും നിലവിൽ 5 വർഷം പൂർത്തിയാക്കിയതുമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്

2018-19 അദ്ധ്യയനവർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് അപേക്ഷിക്കുവാൻ യോഗ്യരായിട്ടുള്ളത്. അതേസമയം 2017-18 വർഷത്തിൽ കോഴ്സുകൾ നടത്തുവാൻ അനുവാദം ലഭിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് യു.ജി.സി. നിഷ്കർഷിച്ച പ്രകാരം പുതിയ അപേക്ഷ നൽകി അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രം 2019-20 വരെ കോഴ്സുകൾ തുടരാവുന്നതാണെന്നും ഈ കാലയളവിൽ നിശ്ചിത ഗ്രേഡ് നേടിയിരിക്കണമെന്നും വ്യവസ്ഥയുണ്ട്.

(ബി&സി) യു.ജി.സി.-യുടെ പുതിയ മാനദണ്ഡങ്ങൾ വിദൂര വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന വിഷമതകൾ കേന്ദ്ര സർക്കാരിനെയും യു.ജി.സി.-യെയും ബോദ്ധ്യപ്പെടുത്തി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ശ്രമിച്ചുവരുന്നുണ്ട്.

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

255 (2851) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ പദ്ധതികൾ തയ്യാറാക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനായി കൗൺസിൽ പുനഃസംഘടിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്രതലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി

സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. മഹാത്മാഗാന്ധി, കാലിക്കറ്റ് സർവ്വകലാശാലകളുടെ വിശദമായ പദ്ധതിരേഖകൾ സർക്കാർ പരിശോധിച്ചു വരുന്നു. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി, ഔട്ട്-കം-ബേസ്ഡ് എഡ്യൂക്കേഷൻ & ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സ്, പ്രബുദ്ധത, ധൈഷണിക പര്യാവരൺ, അക്കാദമിക് വോളന്റിയർ ബാങ്ക് മുതലായ പദ്ധതികളും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, സാമൂഹ്യനീതി, തുല്യത എന്നിവ ഉറപ്പാക്കാൻ പര്യാപ്തമായ വിവിധ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കൂടാതെ സർക്കാരിനും സർവ്വകലാശാലകൾക്കും നയപരമായ കാര്യങ്ങളിൽ ഉപദേശം നൽകുക എന്നതും സർവ്വകലാശാലകളുടെ പ്രവർത്തനം ഏകോപിപ്പിക്കലും കൗൺസിലിന്റെ ഉത്തരവാദിത്വങ്ങളാണ്.

(സി) 2016 നവംബറിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിനായി നിയോഗിച്ച ഡോ. രാജൻ ഗുരുക്കൾ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായി 2007-ലെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അമെന്റ്മെന്റ് ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്ന് 2017 നവംബറിൽ ഡോ. രാജൻ ഗുരുക്കളുടെ ഉപാദ്ധ്യക്ഷതയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ സൗകര്യവും വിദ്യാഭ്യാസ നിലവാരവും

256 (2852) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ സൗകര്യവും വിദ്യാഭ്യാസ നിലവാരവും ഉയർത്തുന്നതിന് പ്രഖ്യാപിച്ച പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഓരോ കോളേജിനും ഏതൊക്കെ പ്രവൃത്തികൾക്ക്, എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 48 ആർട്സ് & സയൻസ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് മുഴുവൻ കോളേജുകളുടെയും പ്രവൃത്തികളും തുകയും സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി പ്രത്യേക കാര്യ ഏജൻസിയായ (SPV) KITE-ന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കോളേജുകൾ കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ.-കളുടെ അവലോകനം പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ 15 കോളേജുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ 32 കോളേജുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ 7 കോളേജുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ വിഭാഗങ്ങളിലായി ഓരോ കോളേജിനും ആദ്യഘട്ടമായി അംഗീകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കോളേജുകളിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷ കിഫ്ബിയുടെ പരിഗണനയിലാണ്.

## കാഞ്ഞിരംകുളം കെ.എൻ.എം. ഗവ. ആർട്സ് & സയൻസ് കോളേജ്

257 (2853) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം നിയോജകമണ്ഡലത്തിൽ കാഞ്ഞിരംകുളം കെ.എൻ.എം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് അഞ്ച് ഏക്കർ ഭൂമിയില്ല എന്ന കാരണത്താൽ അഫിലിയേഷൻ നഷ്ടപ്പെടുവാൻ ഇടയാകുന്ന നടപടികൾ നടന്നു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിലേയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോളേജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ദേശീയാടിസ്ഥാനത്തിൽ ആർട്സ് & സയൻസ് കോളേജുകളുടെ റാങ്കിംഗ്**

258 (2854) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ ആർട്സ് & സയൻസ് കോളേജുകളുടെ റാങ്കിംഗ് നടത്താനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റാങ്കിംഗ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനെപ്പറ്റി എന്തെങ്കിലും പഠനങ്ങൾ നടത്തുകയോ സർവകലാശാലകളുമായി ചർച്ചകൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയതലത്തിൽ രൂപവൽക്കരിക്കപ്പെട്ട റാങ്കിംഗ് ഫ്രെയിംവർക്ക് അടിസ്ഥാനമാക്കി കേരളത്തിലെ ആർട്സ് & സയൻസ് കോളേജുകളെ ദേശീയ നിലവാരത്തിലേയ്ക്കുയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഉയർന്ന റാങ്കിംഗ് നേടുന്നതിന് സ്ഥാപനങ്ങൾ പ്രാപ്തമാകുമ്പോൾ അക്കാദമിക, ഗവേഷണ രംഗത്ത് മികവ് കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ അക്കാദമിക രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന് വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിവരുന്നു.

(സി) ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ

മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ, 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി മുഖേന മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന് (Centre of Excellence) നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി KITE-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ

259 (2855) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉന്നത വിദ്യാഭ്യാസ പീഠങ്ങളും ഗവേഷണ ശാലകളും സ്ഥാപിച്ച് സംസ്ഥാനത്തെ അറിവിന്റെ കേന്ദ്രമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സാമൂഹ്യ പ്രവർത്തനങ്ങളുടെ കേന്ദ്രം കൂടിയായി വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സമൂഹ നന്മയ്ക്ക് ഉതകുന്ന ഗവേഷണ ഫലങ്ങൾ സാധാരണക്കാരുമായി പങ്ക് വയ്ക്കുന്നതിന് ആവിഷ്കരിച്ച ശാസ്ത്രയാൻ പദ്ധതി പ്രകാരം എന്തൊക്കെ ഗവേഷണ ഫലങ്ങളാണ് സാധാരണക്കാർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ആവിഷ്കരിക്കുവാൻ കഴിഞ്ഞത് വിശദമാക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവ് ഉയർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലാകാലങ്ങളിൽ ഈ പദ്ധതികൾ അവലോകനം ചെയ്യുന്നതിനും വേണ്ടത്ര മാറ്റങ്ങൾ ഉൾക്കൊള്ളിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉന്നത വിദ്യാഭ്യാസ പീഠങ്ങളും ഗവേഷണശാലകളും സ്ഥാപിച്ച് സംസ്ഥാനത്തെ അറിവിന്റെ കേന്ദ്രമാക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ ചേർത്തിട്ടുള്ള കോളേജുകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും/ മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ലൈബ്രറിയുടെ കാര്യക്ഷമതയും ഗുണ നിലവാരവും വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് വായനാസൗകര്യങ്ങളുള്ള മുറികൾ സജ്ജീകരിക്കുന്നതിനും വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത

ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നു. കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി നടപ്പു സാമ്പത്തിക (2018-19) വർഷത്തിൽ 11293 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ സമഗ്ര വികസനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.85 കോടി രൂപ വീതവും പുതുതായി ആരംഭിച്ച 12 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 10 കോടി രൂപ വീതവും സർക്കാർ തലത്തിൽ വകയിരുത്തിയിട്ടുണ്ട്. 33 സർക്കാർ കോളേജുകളുടെയും മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള ഭരണാനുമതി കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. പൈതൃക കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ എന്നീ കോളേജുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിനായി കിറ്റ്കോ മുഖാന്തരം കിഫ്ബിയിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സാമൂഹിക പ്രവർത്തനങ്ങളുടെ കേന്ദ്രം കൂടിയായി വികസിപ്പിക്കുന്നതിന് നാഷണൽ സർവ്വീസ് സ്കീം എന്ന പദ്ധതി വിജയകരമായി കോളേജ്തലത്തിൽ നടന്നുവരുന്നു. ഗിരിവർഗ്ഗ പ്രാമുഖ്യമുള്ള പ്രദേശങ്ങളായ അട്ടപ്പാടി, മൂന്നാർ, കട്ടപ്പന തുടങ്ങിയ പ്രദേശങ്ങളിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചു. സർക്കാർ കോളേജുകളിലെ ഹോം സയൻസ്, സൈക്കോളജി, ബോട്ടണി എന്നീ വിഷയങ്ങളിലെ നേട്ടങ്ങൾ സാധാരണക്കാരായ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി RUSA-യുടെ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരിയിൽ എല്ലാ ജില്ലകളിലും "ശാസ്ത്രയാൻ" പദ്ധതി നടപ്പിലാക്കി. ശാസ്ത്രയാൻ പദ്ധതിയിലൂടെ സർവ്വകലാശാല പഠന വകുപ്പുകളുടെ പ്രവർത്തനങ്ങളും ഗവേഷണഫലങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരിചയപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും രണ്ടുദിവസം സർവ്വകലാശാല വകുപ്പുകളുടെ പ്രവർത്തനങ്ങൾ, കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾ, ലബോറട്ടറി എന്നിവ മനസ്സിലാക്കുന്നതിനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ശാസ്ത്രയാൻ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ് വിഭാഗത്തിൽ പൊതുജനങ്ങൾക്ക് ജലസുരക്ഷ

സംബന്ധിച്ച് അവബോധം നൽകുകയും ജലത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ ഓർഗാനിക് ഫാമിങ് ആന്റ് സസ്റ്റെയ്നബിൾ അഗ്രികൾച്ചർ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവകൃഷി രീതികൾ പരിചയപ്പെടുത്തുകയും തൽപ്പരരായ പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവ് ഉയർത്തുന്നതിന് പ്ലാൻ പദ്ധതികളുടെ അവലോകനം വകുപ്പുതലത്തിൽ നടത്തി വരുന്നുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല അക്കാദമിക് രംഗത്ത് നടപ്പിലാക്കിയ നടപടികളുടെ ഫലമായി മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ റാങ്കിംഗ് അനുസരിച്ച് രാജ്യത്തെ ആദ്യ 100 സർവ്വകലാശാലകളിൽ മുപ്പത്തിനാലാം സ്ഥാനം നേടുകയുണ്ടായി. കൂടുതൽ മികവാർന്ന അക്കാദമിക് പ്രവർത്തനങ്ങളിലൂടെ നിലവിലുള്ളതിനെക്കാൾ മികച്ച സ്ഥാനത്ത് എത്തുക എന്നതാണ് സർവ്വകലാശാല ലക്ഷ്യമിടുന്നത്. ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ

260 (2856) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ബി) സിംഗിൾ ഫാക്കൽറ്റി വകുപ്പുകളിൽ ആഴ്ചയിൽ 16 മണിക്കൂർ അദ്ധ്യയനം വേണമെന്ന നിബന്ധന നിലവിലുണ്ടോ; ഇത് സംബന്ധിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) എയ്ഡഡ് കോളേജുകളിലെ നിയമനം, വെയിറ്റേജ് എന്നിവ സംബന്ധിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ഡി) എട്ട് പീരിയഡുണ്ടെങ്കിൽ സിംഗിൾ ഫാക്കൽറ്റി വകുപ്പിൽ ഒരദ്ധ്യാപകനെ നിയമിക്കാമെന്നത് കോളേജ് വിദ്യാഭ്യാസ വകുപ്പിന് പൂർണ്ണമായും ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ, എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് പ്രത്യേക നിയന്ത്രണങ്ങളൊന്നും നിലവിലില്ല.

(ബി&സി) സിംഗിൾ ഫാക്കൽറ്റി വകുപ്പുകളിൽ ആഴ്ചയിൽ 16 മണിക്കൂർ അദ്ധ്യയനം വേണമെന്ന നിബന്ധന നിലവിലില്ല. ഇത് സംബന്ധിച്ചും എയ്ഡഡ് കോളേജുകളിലെ നിയമനം, വെയിറ്റേജ് എന്നിവ സംബന്ധിച്ചും 9-5-2018-ലെ ജി.ഒ.(എംഎസ്.) നമ്പർ 93/2018/ഉ.വി.വ. പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) എയ്ഡഡ് കോളേജുകളിൽ എട്ട് മണിക്കൂറോ അതിലധികമോ വർക്ക് ലോഡ് ഉണ്ടെങ്കിൽ സിംഗിൾ ഫാക്കൽറ്റി വകുപ്പിൽ ഒരു അദ്ധ്യാപകനെ നിയമിക്കാമെന്നത് സംബന്ധിച്ച് 9-5-2018-ൽ ജി.ഒ.(എംഎസ്.) നമ്പർ 93/2018/ ഉ.വി.വ. പ്രകാരം ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഇതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം

261(2857) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കാർ/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എത്ര ഗസ്റ്റ് അദ്ധ്യാപകരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കാസർകോഡ് ഗവൺമെന്റ് കോളേജിൽ എത്ര അദ്ധ്യാപകരുണ്ടെന്നും ഇവരിൽ എത്രപേർ ഗസ്റ്റ് അദ്ധ്യാപകരാണെന്നും വ്യക്തമാക്കാമോ;

(സി) ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ വിവിധ പഠന വകുപ്പുകളിൽ ആഴ്ചയിൽ എത്ര മണിക്കൂർ വരുന്ന ഒഴിവുകളിലാണ് ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) താരതമ്യേന കുറഞ്ഞ സമയം ജോലി ചെയ്യുന്ന സ്ഥിരം അദ്ധ്യാപകർക്കും വളരെ കൂടുതൽ സമയം ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകർക്കും ഒരേ വേതനമാണു ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നെറ്റ്/പി.എച്ച്.ഡി. യോഗ്യതനേടിയിട്ടുള്ള സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം ഹയർ സെക്കണ്ടറി മേഖലയിൽ ജോലി ചെയ്യുന്നവരേക്കാൾ കുറവാണ് എന്നത് ശരിയാണോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) സമാന തസ്തികകളിൽ ജോലി ചെയ്യുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് 42000 രൂപ മാസവേതനം ലഭിക്കുമ്പോൾ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് അതിന്റെ പകുതിയോളം മാത്രമാണ് വേതനം ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അസന്തുലിതാവസ്ഥ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ കോളേജുകളിൽ 373 ഗസ്റ്റ് അദ്ധ്യാപകരും എയ്ഡഡ് കോളേജുകളിൽ 2255 ഗസ്റ്റ് അദ്ധ്യാപകരുമുണ്ട്.

(ബി) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെ 68 സ്ഥിരാദ്ധ്യാപകരും 15 അതിഥി അദ്ധ്യാപകരും ജോലി ചെയ്യുന്നു.

(സി) ആഴ്ചയിൽ 5 മണിക്കൂറിനു മുകളിൽ പരമാവധി 16 മണിക്കൂർ വരെയാണ് ജോലി ഭാരം.

(ഡി) ഒരേ വേതനമല്ല ലഭിക്കുന്നത്.

(ഇ&എഫ്) 4-7-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1293/2018/ഉ.വി.വ. ഉത്തരവ് പ്രകാരം യു.ജി.സി. യോഗ്യത നേടിയ അതിഥി അദ്ധ്യാപകർക്ക് ദിവസം 1750 രൂപ നിരക്കിൽ പരമാവധി 43,750 രൂപയും യു.ജി.സി. യോഗ്യത ഇല്ലാത്തവർക്ക് ദിവസം 1,600 രൂപ നിരക്കിൽ പരമാവധി 40,000 രൂപയും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**ഡയറ്റുകളിലെ അദ്ധ്യാപക നിയമനം**

262 (2858) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡയറ്റുകളിൽ അദ്ധ്യാപകരെ പുതുതായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുവേണ്ടി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിലെ സ്പെഷ്യൽ റൂൾ അപാകതകൾ പരിഹരിച്ച് ഭേദഗതി ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഡയറ്റുകളിൽ അദ്ധ്യാപകരെ പുതിയതായി നിയമിക്കുന്നതാണ്. നിലവിൽ പതിനാല് ഡയറ്റുകളിലായി പ്രിൻസിപ്പാൾ-4, സീനിയർ ലക്ചറർ -67, ലക്ചറർ - 96 എന്നിങ്ങനെ ഒഴിവുകൾ നിലവിലുണ്ട്.

## പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തികയിലെ നിയമനം

263 (2859) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം നോട്ടിഫിക്കേഷൻ നമ്പർ B/1153/2003/ Dated 2-6-2003, എന്നിവ B/176/06/ Dated 20-1-2006 പ്രകാരം പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചപ്പോൾ ഓരോ പ്രാവശ്യവും എത്ര ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിച്ചിരുന്നു; അവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ മതിയായ യോഗ്യത ഉണ്ടായിരുന്ന എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നു; ആയതിൽ ആറ്റിങ്ങൽ കരവാരം തോട്ടിൽ ആർ. ബിജു അപേക്ഷ സമർപ്പിച്ചപ്പോൾ മതിയായ യോഗ്യതകൾ ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ; യോഗ്യതയില്ലായിരുന്നുവെങ്കിൽ ഏത് മാനദണ്ഡം അനുസരിച്ച് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ദിവസവേതന ജിവനക്കാരനെ സ്ഥിരപ്പെടുത്താൻ പാടില്ലായെന്ന് ഹൈക്കോടതിയുടെ 2-4-1996-ലെ OP No. 16964/1995 നമ്പർ വിധിയുണ്ടായിരുന്നോ;

(ഡി) പ്രസ്തുത വിധി നിലനിൽക്കെ ദിവസവേതന ജീവനക്കാരനായ ബിജുവിനെ ഏത് ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവ് ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 2-6-2003-ലെ B/1153/2003 നോട്ടിഫിക്കേഷൻ പ്രകാരം പതിനാറ് (16) പേരും 20-1-2006-ലെ B/176/2006 നോട്ടിഫിക്കേഷൻ പ്രകാരം പതിമൂന്ന് (13) പേരും പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തികയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അവരുടെ പേരും മേൽവിലാസവും

അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത തസ്തികയിലെ 2003-ൽ ലഭിച്ച അപേക്ഷകളിൽ മതിയായ യോഗ്യതയുള്ള ആരും തന്നെ ഇല്ലെന്ന് ഇന്റർവ്യൂ ബോർഡ് നല്കിയ അസസ്സ്മെന്റ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2006-ലെ അപേക്ഷകൾ പരിശോധിച്ചപ്പോൾ ഒരു ഉദ്യോഗാർത്ഥിക്ക് മതിയായ യോഗ്യത ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ കരവാരം തോട്ടിൽ എന്ന മേൽവിലാസത്തിൽ ആരും അപേക്ഷിച്ചിട്ടില്ല.

(സി) ഉണ്ടായിരുന്നു.

(ഡി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ ശ്രീ. ആർ. ബിജു അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് നടപടിക്രമം പാലിച്ച് സർക്കാർ അനുമതിയോടുകൂടിയാണ് ടിയാന് നിയമനം നല്കിയിട്ടുള്ളത്.

## ഇന്റഗ്രേറ്റഡ് ബി. എഡ്.

264 (2860) ശ്രീ. കെ. എം.ഷാജി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അദ്ധ്യാപക നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഇന്റഗ്രേറ്റഡ് ബി.എഡ്. നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബിരുദപഠനത്തോടൊപ്പം ബി.എഡ്-ഉം. പൂർത്തിയാക്കുന്ന ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.ടി.ഇ.) സംസ്ഥാനത്തിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏത് അദ്ധ്യയനവർഷം മുതലാണ് ഇന്റഗ്രേറ്റഡ് ബി.എഡ്. കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ-സി) ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല. ഈ വിഷയം സർവ്വകലാശാലാതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്. എൻ.സി.ടി.ഇ. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിദ്യാർത്ഥികൾക്ക് സയൻസ് വിഷയത്തിൽ ഉപരിപഠനം

265 (2861) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകളിലായി പ്ലസ് ടു സയൻസ് ഗ്രൂപ്പിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഈ സീറ്റുകളിൽ നിന്നാകെ ഓരോ വർഷവും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സയൻസ് വിഷയത്തിൽ തന്നെ ഉപരിപഠനം നടത്തുന്നതിനായി മണ്ഡലത്തിലുള്ള കോളേജുകളുടെ എണ്ണവും ഓരോ വിഷയത്തിനും ലഭ്യമായ സീറ്റുകളുടെ എണ്ണവും എത്രയാണെന്ന് പറയാമോ;

(സി) മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് സയൻസ് വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നതിന് ഇപ്പോഴുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ കെട്ടിട സൗകര്യങ്ങളുള്ള മൊകേരി ഗവൺമെന്റ് കോളേജിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

266 (2862) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള പരിമിതികളും പോരായ്മകളും എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) സമയബന്ധിതമായി കെ.ടി.യു.-വിന്റെ പ്രതിസന്ധികൾ പരിഹരിച്ച് സ്റ്റുഡന്റ് ഫ്രണ്ട്‌ലി സർവ്വകലാശാലയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2014-ൽ പ്രവർത്തനമാരംഭിച്ച സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. സ്വന്തമായി ആസ്ഥാനമില്ലാത്തതിനാൽ പഠനവകുപ്പുകൾ ആരംഭിക്കാനോ വിദ്യാർത്ഥികൾക്ക്

ആവശ്യമായ സംവിധാനങ്ങൾ വേണ്ടവിധത്തിൽ നടപ്പിലാക്കാനോ കഴിയാത്ത സാഹചര്യത്തിൽ എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടുംകൂടി മാറ്റുന്നതിനായി സർക്കാർ, സർവ്വകലാശാല ആക്ടിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കിയിട്ടുണ്ട്. അതുപ്രകാരം സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനും കുട്ടികളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും പരീക്ഷകൾ യഥാസമയം നടത്തി റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## സാങ്കേതിക സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ്

267 (2863) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക സർവ്വകലാശാലയ്ക്ക് സ്വന്തമായി ആസ്ഥാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് പുറത്തിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;വിശദമാക്കാമോ;

(ഡി) സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റുകൾ രൂപീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 100 ഏക്കർ ഭൂമി എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർവ്വേ സ്കെച്ച് സഹിതം സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ചിരുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം സർവ്വേ ചെയ്ത് സർവ്വേ നമ്പറുകൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് പുറത്തിറക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഇല്ല. സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനും സർവ്വകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സാങ്കേതിക സർവ്വകലാശാല പരീക്ഷാഫലം**

268 (2864) ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയ്ക്ക് പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ സാധിക്കാത്തതുമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക സർവ്വകലാശാലയിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; താല്ക്കാലികമായും കോൺട്രാക്ട് അടിസ്ഥാനത്തിലും എത്ര പേർ ജോലി നോക്കി വരുന്നു;

(സി) നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോ; അല്ലെങ്കിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷാ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ 30 സ്ഥിരം ജീവനക്കാരും 12 ഡെപ്യൂട്ടേഷൻ ജീവനക്കാരും 19 കോൺട്രാക്ട് ജീവനക്കാരും 8 ദിവസവേതനക്കാരും നിലവിലുണ്ട്.

(സി) സർവ്വകലാശാലയിൽ ആവശ്യമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കിൽ പാർക്കുകൾ**

269 (2865) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലുംനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ, രാജ്യത്തെ തൊഴിൽ മേഖല കാലാനുസൃതമായി ആവശ്യപ്പെടുന്ന വൈദഗ്ദ്ധ്യം നേടുന്നില്ലെന്ന പോരായ്മ പരിഹരിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികളെ തൊഴിൽപ്രാപ്തിയുള്ളവരാക്കുകയെന്ന ലക്ഷ്യത്തോടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സ്കിൽ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിൽ തൊഴിൽ വൈദഗ്ധ്യ ആർജ്ജനത്തിൽ ഉണ്ടായിട്ടുള്ള അപര്യാപ്തത പരിഹരിക്കാനായി എഞ്ചിനീയറിംഗ് കോളേജുകളിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അസാപ് നൈപുണ്യ പരിശീലനത്തിന്റെ ഭാഗമായി സമ്മർ സ്കിൽ സ്കൂൾ എന്ന ഹ്രസ്വകാല പരിശീലന പരിപാടി പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ നൈപുണ്യ പരിശീലന സൗകര്യങ്ങളും വിദഗ്ധ അദ്ധ്യാപകരുടെ പരിശീലനശേഷിയും ഉപയോഗപ്പെടുത്തി തയ്യാറാക്കപ്പെടുന്ന നൈപുണ്യ പരിശീലന പദ്ധതിയാണ് ഡിസൈൻ അലൈൻ ആന്റ് ട്രെയിൻ (Design align & Train) എന്ന ഈ മാതൃക. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്കായി അത്യാധുനിക സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) മെഷീൻ ലേണിംഗ് (MI) ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ തുടങ്ങിയവ പരിശീലിപ്പിക്കുന്നതിലൂടെ ആധുനിക തൊഴിൽ മേഖലകളിൽ വൈദഗ്ധ്യ സൃഷ്ടിക്കായി പദ്ധതികൾ രൂപകല്പന ചെയ്തുവരുന്നു.

(ബി) ഉണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉയർന്ന നിലവാര ത്തിലുള്ള തൊഴിൽ പരിശീലനം നൽകാനായി മുന്നോട്ടുവയ്ക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (CSP). വ്യവസായങ്ങളുമായി കൈകോർത്ത് അത്യാധുനിക സജ്ജീകരണങ്ങളുമായി നിർമ്മിക്കപ്പെടുന്ന സവിശേഷ നൈപുണ്യ കേന്ദ്രങ്ങളാണിവ. ഇത്തരത്തിലുള്ള 20 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (CSP) ആണ് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ ഒൻപത് എണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് ആദ്യത്തെ ഒൻപതെണ്ണം സ്ഥിതിചെയ്യുന്നത്.

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആശയരൂപീകരണ ഘട്ടത്തിലാണ്.

## കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ

270 (2866) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ ഹോസ്റ്റലുകൾ കോളേജ് കാമ്പസ്സിന് പുറത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) കുട്ടികൾക്കുള്ള ഹോസ്റ്റൽ, കാമ്പസിന് പുറത്ത് പ്രവർത്തിക്കുന്ന സ്ഥിതിയിൽ ഭാരിച്ച തുക ഉപയോഗിച്ച് കോളേജിന് അത്യാവശ്യമല്ലാത്ത ആഡിറ്റോറിയത്തിന്റെ നിർമ്മാണം ഒഴിവാക്കണമെന്ന പി. ടി. എ. യുടെ ഹർജിയിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ആഡിറ്റോറിയത്തിന്റെ നിർമ്മാണം ഒഴിവാക്കി കാമ്പസ്സിനകത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കണമെന്ന പി. ടി. എ. യുടെ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) നിലവിലുള്ള പി.റ്റി.എ. കമ്മിറ്റി ആഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ആഡിറ്റോറിയം പണിയുന്നതിനു വേണ്ടി ഗവൺമെന്റ് ഭരണാനുമതി നൽകുകയും അന്നുമുതൽ എല്ലാ സാമ്പത്തിക വർഷവും ഈ പ്രവൃത്തിക്കുവേണ്ടി മറ്റു പ്രവൃത്തികളുടെകൂടെ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ അവസ്ഥയിൽ ആഡിറ്റോറിയത്തിനുള്ള തുക വകമാറ്റി മറ്റൊരു പ്രവൃത്തി ചെയ്യുന്നതിന് തടസ്സമുണ്ട്. കോളേജ് കാമ്പസ്സിൽ തന്നെ ഹോസ്റ്റൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട് പ്ലാൻ ഫണ്ടിൽനിന്നും ഇക്കാര്യത്തിനായി 2018-19 സാമ്പത്തിക വർഷത്തിലെ വിഹിതമായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക പരിശീലനം

271 (2867) ശ്രീ. ഇ. കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയോടൊപ്പം അദ്ധ്യാപക പരിശീലനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിലവിലെ രീതിയിൽ ഏതാനും ദിവസത്തെ പരിശീലനം മാറ്റി അഡ്വാൻസ്ഡ് ടെക്നോളജിയും ടീച്ചിംഗ് മെത്തേഡും സ്വായത്തമാക്കുന്ന രീതിയിലുള്ള അദ്ധ്യാപക പരിശീലനം നൽകുമോ;

(സി) നിലവാരം മെച്ചപ്പെടുത്തുന്നതിന് മറ്റ് അദ്ധ്യാപകർക്ക് നൽകുന്ന രീതിയിലുള്ള പരിശീലനം മുൻകാലങ്ങളിൽ നടപ്പിലാക്കിയത് പോലെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് സാങ്കേതിക വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്താൻ സഹായിക്കുന്ന രീതിയിൽ രൂപപ്പെടുത്തിയെടുക്കുവാനും ഉതകുന്ന ബഹുവിധ പരിശീലനങ്ങൾ ഫാക്കൽറ്റി ആൻഡ് സ്റ്റാഫ് ഡെവലപ്പ്മെന്റ് ട്രെയിനിംഗ് സെന്റർ (FSDTC), ഷോട്ട് ടേം ട്രെയിനിംഗ് പ്രോഗ്രാം (STP) എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി നൽകിവരുന്നുണ്ട്.

(ബി&സി) അദ്ധ്യാപക പരിശീലന പരിപാടികൾ മുഴുവൻ അദ്ധ്യാപകർക്കും അവർ ജോലിയിൽ പ്രവേശിക്കുന്നതുമുതൽ കൃത്യമായ ഇടവേളകളിൽ നൽകുന്നതിനായി അക്കാദമിക് സ്റ്റാഫ് കോളേജ് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. അക്കാദമിക് സ്റ്റാഫ് കോളേജ് സുസജ്ജമാകുമ്പോൾ ടീച്ചിംഗ് മെത്തേഡ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ മതിയായ പരിശീലനം എല്ലാ അദ്ധ്യാപകർക്കും നൽകുവാൻ സാധിക്കും. എ.പി.ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല, എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതമായുള്ള അദ്ധ്യാപക പരിശീലനം നൽകുന്നുണ്ട്. അഡ്വാൻസ്ഡ് ടെക്നോളജിയും ടീച്ചിംഗ് മെത്തേഡും സ്വായത്തമാക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പരിശീലനമാണ് നൽകിവരുന്നത്. ഇതിനാവശ്യമായ തുക സർവ്വകലാശാല ബഡ്ജറ്റിൽ ഓരോ വർഷവും വകയിരുത്തുന്നുണ്ട്.

**എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ**

272 (2868) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ നൽകുവാൻ സാങ്കേതിക സർവ്വകലാശാല എന്തെങ്കിലും പുതിയ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ പലതും അപ്രായോഗികമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആക്റ്റിന് വിധേയമായി, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ നൽകുന്നതിന് സർവ്വകലാശാല പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അപ്രായോഗികമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പരാതി നൽകിയിരുന്നു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല പ്രസ്തുത കോളേജുകളുടെ പരാതി കേൾക്കുകയും അതിന്റെയടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കായംകുളം വനിതാ പോളിടെക്നിക്കിന് ബസ്സ്**

273 (T*2869) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 ഡിസംബർ മാസം ഡി. സി./എ. എൽ. പി./1003/2017/എഫ് 4 എന്ന ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചതും എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പാക്കുന്നതുമായ കായംകുളം ഗവൺമെന്റ് വനിതാ പോളിടെക്നിക്കിന് ബസ്സ് വാങ്ങുന്ന പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ബസ്സ് വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) കായംകുളം വനിതാ പോളിടെക്നിക്ക് വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി 2017-18 അദ്ധ്യയന വർഷങ്ങളിൽ എം.എൽ.എ.-യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽനിന്നും ബസ് അനുവദിച്ചിരുന്നു. ബസ് അനുവദിച്ചുതരുന്നതിന്റെ പ്രവർത്തനങ്ങൾ കായംകുളം മുനിസിപ്പാലിറ്റി മുനിസിപ്പൽ സെക്രട്ടറിയുടെ കീഴിലാണ് നടക്കുന്നത്. 49 സീറ്റുള്ള ബസ് മുനിസിപ്പാലിറ്റിയിൽ എത്തുകയും മെയിന്റനൻസ് നടത്തുന്നതിന്റെ ഭാഗമായി കമ്പനി വർക്ക്ഷോപ്പിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് ബസ് ഗവൺമെന്റ് വനിതാ പോളിടെക്നിക്കിന് കൈമാറുന്നതാണ്.

## പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിലെ വൊക്കേഷണൽ ഡിപ്ലോമ കോഴ്സ്

274 (2870) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെകീഴിൽ എ.ഐ.സി.ടി.ഇ.-യുടെ നിയന്ത്രണത്തിൽ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ആരംഭിച്ച വൊക്കേഷണൽ ഡിപ്ലോമ കോഴ്സ് (ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്) പൂർത്തിയാക്കിയ 2014-17 ബാച്ചിലെ വിദ്യാർത്ഥികൾക്ക് നാളിതു വരെയായിട്ടും ഗ്രേസ് കാർഡ്, ലെവൽ, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം നടത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാളിതുവരെയായി ഈ സർട്ടിഫിക്കറ്റുകൾ വിതരണം നടത്താത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ആരെയാണ് ചുമതലപ്പെടു ത്തിയിട്ടുള്ളത്; എത്ര വിദ്യാർത്ഥികൾക്ക് ഇനിയും സർട്ടിഫിക്കറ്റ് നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) യഥാസമയം സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തത് കാരണം കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനോ ജോലിക്ക് അപേക്ഷ സമർപ്പിക്കുന്നതിനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴ്സ് പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ കോഴ്സിന് പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെകീഴിൽ എ.ഐ.സി.ടി.ഇ.-യുടെ നിയന്ത്രണത്തിൽ കമ്മ്യൂണിറ്റി പോളിടെക്നിക് പദ്ധതിയായി 2014-17 അക്കാദമിക വർഷം പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് ഉൾപ്പെടെ 5 പോളിടെക്നിക്ക് കോളേജുകളിൽ ഓട്ടോ ഇലക്ട്രിക്കൽ & എ.എം.പി. ഇലക്ട്രോണിക്സ് വൊക്കേഷണൽ ഡിപ്ലോമ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കോഴ്സിലേയ്ക്ക് 2014-ൽ 60 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും 2017-ൽ നടന്ന അവസാന വർഷ പരീക്ഷയിൽ 55 വിദ്യാർത്ഥികൾ വിജയിക്കുകയും ചെയ്തിട്ടുണ്ട്. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ മേൽപ്പറഞ്ഞ 55 വിദ്യാർത്ഥികൾക്ക് എൽ.3, എൽ.4, എൽ.5 എന്നീ തലങ്ങളിലെ ഗ്രേഡ് കാർഡ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ഇതിനോടകം നൽകിയിട്ടുണ്ട്. ലെവൽ, ഡിപ്ലോമ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സാങ്കേതിക പരീക്ഷാ കൺട്രോളറുടെ 26-10-2016-ലെ റ്റി.എക്സ്. റ്റി/3662/2016 ഉത്തരവ് പ്രകാരം വിദ്യാർത്ഥി ഒന്നിന് പ്രതിവർഷം 300 രൂപ നിരക്കിൽ ലെവൽ 3, ലെവൽ 4 സർട്ടിഫിക്കറ്റുകൾക്കായി നിശ്ചിത ഫീസ് ഒടുക്കിയിട്ടുണ്ട്. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 55 പേരുടെ പേരുവിവരങ്ങൾ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ നിന്നും 8-2-2018-ന് സമർപ്പിച്ചിട്ടുണ്ട്. 16-6-2018-ന് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് ലെവൽ, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കോഴ്സ് പൂർത്തിയാക്കിയ മുഴുവൻ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനും സാങ്കേതിക പരീക്ഷാ കൺട്രോളർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

## കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ജീവനക്കാരുടെ പരാതി

275 (2871) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിലുള്ള കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ പ്രിൻസിപ്പാൾ വി.ജെ.മണികണ്ഠകുമാറിന് 2011 ജനവരി 1 മുതൽ 2014 ഡിസംബർ 31 വരെ കാലയളവിൽ എത്ര ദിവസത്തെ ഡ്യൂട്ടിലീവ് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) 2016 ജൂൺ 28-ന് കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ജീവനക്കാർ പ്രസ്തുത കോളേജിലെ പ്രിൻസിപ്പാൾ വി.ജെ. മണികണ്ഠകുമാറിനെതിരെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള അന്വേഷണ റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത വ്യക്തിക്കെതിരെയുള്ള അന്വേഷണത്തിൽ എന്ത് വസ്തുതയാണ് കണ്ടെത്തിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. വി. ജെ. മണികണ്ഠകുമാറിന്റെ 1-1-2011 മുതൽ 19-10-2014 വരെയുള്ള ഡ്യൂട്ടി ലീവിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു :

1. 1-1-2011 മുതൽ 31-12-2011 വരെ - 82 ദിവസം
2. 1-1-2012 മുതൽ 31-12-2012 വരെ - 111 ½ ദിവസം
3. 1-1-2013 മുതൽ 31-12-2013 വരെ - 118 ½ ദിവസം
4. 1-1-2014 മുതൽ 19-10-2014 വരെ - 71 ½ ദിവസം

20-10-2014 മുതൽ 31-12-2015 വരെ ഡ്യൂട്ടിലീവ് എടുത്തിട്ടില്ല.

ആകെ = 383 ½ ദിവസം

(ബി&സി) കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ജീവനക്കാർ 28-6-2016-ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നൽകിയ പരാതിയിൽ പറയുന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ രണ്ട് അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഗുരുതരമായ വസ്തുതകളൊന്നും അന്വേഷണത്തിൽ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അന്വേഷണ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സ്ഥാപനം സന്ദർശിക്കുകയും എല്ലാ ജീവനക്കാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**സി-ആപ്റ്റ് നടത്തിവരുന്ന കോഴ്സുകൾ**

276 (2872) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി-ആപ്റ്റ് നടത്തിവരുന്ന കോഴ്സുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഏതെല്ലാം സർക്കാർ ജോലികൾക്കുള്ള അടിസ്ഥാനയോഗ്യതയായി പി.എസ്.സി. പരിഗണിക്കുന്ന സർട്ടിഫിക്കറ്റുകളാണ് സി-ആപ്റ്റിൽ നിന്നും ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സി-ആപ്റ്റിൽനിന്നും വിവിധ കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് ജോലി ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സി-ആപ്റ്റ് നടത്തിവരുന്ന വിവിധ കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സി-ആപ്റ്റ് നടത്തിവരുന്ന സർക്കാർ അംഗീകൃത കോഴ്സുകളുടെ വിശദ വിവരങ്ങൾ 19-10-2011-ലെ G.O.(Ms) No. 287/2011/H.Edn. പ്രകാരം സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി. കോഴ്സുകൾ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്ന പബ്ലിക് സർവ്വീസിലെ എല്ലാ തസ്തികകൾക്കും പരിഗണിക്കാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്).*

(സി) ഓഫ്-സെറ്റ് പ്രിന്റിംഗ് പാസ്സായ, താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഒരു വർഷം പെയ്ഡ് ട്രെയിനിയായി പരിശീലനം നൽകിവരുന്നുണ്ട്.

## ഐ.എച്ച്.ആർ.ഡി.-യിൽ പേ റിവിഷൻ

277 (2873) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.യിൽ 2009-ലെ പേ റിവിഷൻ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ആനുകൂല്യം ഇനിയും ലഭിച്ചിട്ടില്ലാത്ത ഏതൊക്കെ വിഭാഗം ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.എച്ച്.ആർ.ഡി.യിൽ 2014-ലെ പേ റിവിഷൻ എന്ന് നടപ്പാക്കുമെന്നും അതിനായി ഐ.എച്ച്.ആർ.ഡി. സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) കേരള ഹൈക്കോടതിയുടെ 6-12-2017-ലെ W.P.(C) No. 31752/17 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ എന്ത് തീരുമാനം എടുത്തുവെന്ന് വിശദമാക്കുമോ;

(ഡി) കേരള ഹൈക്കോടതിയുടെ 23-3-2018-ലെ W.P.(C) No.10598/17 നമ്പർ ഉത്തരവ് ഐ.എച്ച്.ആർ.ഡി.യിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. 9-12-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 939/14/ഉ.വി.വ. പ്രകാരം അനുവദിച്ച 9-ാം പേ റിവിഷൻ ഐ.എച്ച്.ആർ.ഡി.-യിൽ നടപ്പിലാക്കിയത് 1-1-2015 മുതലാണ്. 2014-ലെ Revised Staff pattern-ൽ ഉൾപ്പെടുത്താൻ വിട്ടുപോയതും 9-ാം പേ റിവിഷന്റെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുമായ 9 വിഭാഗം ജീവനക്കാരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു :

1. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്)
2. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്)
3. സീനിയർ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് സയൻസ്
4. സീനിയർ ലക്ചറർ ഇൻ കമ്പ്യൂട്ടർ സയൻസ്
5. ലക്ചറർ ഇൻ കമ്പ്യൂട്ടർ സയൻസ്
6. ടെക്നിക്കൽ സ്റ്റോർ കീപ്പർ (സെലക്ഷൻ ഗ്രേഡ്)
7. ടെക്നിക്കൽ സ്റ്റോർ കീപ്പർ (സീനിയർ ഗ്രേഡ്)
8. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹയർ ഗ്രേഡ്)
9. ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്-2 (X-Ray).

(ബി) പേ റിവിഷൻ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 9-ാം ശമ്പള പരിഷ്കരണ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് ജെ1/169/2016/ഉ.വി.വ. എന്ന ഫയൽ സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതാണെന്ന് ഉറപ്പുനൽകി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ബഹു. ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല. ഐ.എച്ച്.ആർ.ഡി.യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ശമ്പള കുടിശ്ശിക നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ വസ്തുത ചൂണ്ടിക്കാണിച്ച് ബഹു. ഹൈക്കോടതിയിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുമുണ്ട്.

## ശാസ്ത്ര സാങ്കേതിക മ്യൂസിയം പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തിക

278 (2874) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 9-12-2009-ലെ നോട്ടിഫിക്കേഷൻ No.E/240/09 പ്രകാരം പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തികയ്ക്ക് എത്ര ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിരുന്നു; അവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവയുടെ വിശദാംശം നൽകാമോ; എത്രപേർ എഴുത്ത് പരീക്ഷയ്ക്ക് ഹാജരായി; എഴുത്ത് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇന്റർവ്യൂവിന് മുമ്പ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയ ലിസ്റ്റിന്റെ പകർപ്പും വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും ലഭ്യമാക്കാമോ;

(സി) ഇന്റർവ്യൂവിൽ എത്ര ഉദ്യോഗാർത്ഥികൾ പങ്കെടുത്തു; റാങ്ക് ലിസ്റ്റിന്റെ പകർപ്പ്, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഡി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥിക്ക് മതിയായ യോഗ്യത ഉണ്ടായിരുന്നോ?

ഉത്തരം

(എ-സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 9-12-2009-ലെ നോട്ടിഫിക്കേഷൻ No.E/240/09 പ്രകാരം പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നില്ല. 9-12-2009-ലെ നോട്ടിഫിക്കേഷൻ നമ്പർ ഇ/2404/09 പ്രകാരം വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. ഈ നോട്ടിഫിക്കേഷൻ പ്രകാരം നാല്പത് (40) പേർ പ്ലാനറ്റോറിയം ഓപ്പറേറ്റർ തസ്തികയ്ക്ക് അപേക്ഷിച്ചിരുന്നു. അവരുടെ അപേക്ഷകളുടെ പകർപ്പുകളും ഹാജരാക്കിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടേയും തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകളുടേയും വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും പകർപ്പുകളും എഴുത്ത് പരീക്ഷയുടേയും അന്തിമ റാങ്ക് ലിസ്റ്റിന്റേയും നിയമന ഉത്തരവിന്റെയും പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അയോഗ്യത ഉള്ളതായി ഇന്റർവ്യൂ ബോർഡ് രേഖപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർവ്വകലാശാലകളെ ലോകോത്തര നിലവാരത്തിലെത്തിക്കാൻ നടപടി

279 (2875) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളെ ലോകോത്തര നിലവാരത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാരിന്റെ കാലയളവിൽതന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ-സി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.

## സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

280 (2876) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പരീക്ഷാ ഫലം വന്ന് വർഷങ്ങൾ പിന്നിട്ട ശേഷം മാത്രമാണ് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ, വിദേശപഠനത്തിനും ജോലിക്കും ആവശ്യമായ ട്രാൻസ്ക്രിപ്റ്റുകൾ എന്നിവ സർവ്വകലാശാലകൾ ലഭ്യമാക്കുന്നുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടത്തുന്നതിനും പരീക്ഷാഫലം വന്ന് കാലവിളംബം കൂടാതെ തന്നെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.

**കേരള സർവ്വകലാശാലയിലെ ലൈബ്രേറിയൻ തസ്തിക**

281 (2877) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ യു.ജി.സി. ഓപ്റ്റ് ചെയ്ത അസിസ്റ്റന്റ് ലൈബ്രേറിയൻമാർക്ക് ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ യു.ജി.സി. കരിയർ അഡ്വാൻസ് സ്കീമിൽ നൽകേണ്ട അധിക ഇൻക്രിമെന്റുകൾ നൽകിയാണോ ശമ്പളം ഫിക്സ് ചെയ്യുന്നത്;

(ബി) പ്രസ്തുത നടപടിക്ക് സംസ്ഥാന ധനകാര്യ വകുപ്പിന്റെ അനുമതിയുണ്ടോ;

(സി) കേരള സർവ്വകലാശാലയിലെ ഈ തസ്തികയിൽ 2008-നുശേഷം സ്ഥിര നിയമനം നടന്നിട്ടില്ലാത്തതിനാൽ നിയമനത്തിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സർവ്വകലാശാലയിൽ സുപ്രധാന തസ്തികയായ ലൈബ്രേറിയൻ തസ്തിക കഴിഞ്ഞ മുപ്പത് വർഷമായി ഒഴിഞ്ഞുകിടക്കുന്നതുമൂലം ഉളവായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ഉണ്ട്.

(സി&ഡി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം പി.എസ്.സി.-യ്ക്ക് നൽകി ഉത്തരവായിട്ടുണ്ട്. നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസ് 1978 ഭേദഗതികൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർവ്വകലാശാല ബഹു. ചാൻസലർക്ക് സമർപ്പിച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി സർവ്വകലാശാലയിലെ തസ്തികമാറ്റ നിയമനം

282 (2878) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് നിയമചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാരെ തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് ക്വാളിഫിക്കേഷൻ നിർബന്ധമാക്കി പൊതുഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24-10-2017-ലെ സ.ഉ. നമ്പർ 27/2017/പൊ.ഭ.വ ., മഹാത്മാഗാന്ധി സർവകലാശാലക്ക് ബാധകമാണോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് ബാധകമാണെങ്കിൽ, മഹാത്മാഗാന്ധി സർവകലാ ശാലയിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന 2018-ൽ നിയമനം നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) മേയ് 2018-ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിൽ പ്രസ്തുത ഉത്തരവ് ഇവിടെ ബാധകമല്ലേ ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24-10-2017-ലെ സ.ഉ. നമ്പർ 27/2017/പൊ.ഭ.വ. നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സർവ്വകലാശാലയുടെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) അഞ്ച് വർഷം ക്വാളിഫൈഡ് ക്ലറിക്കൽ അസിസ്റ്റന്റായി സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് പ്രൊമോഷൻ മുഖേന അസിസ്റ്റന്റായി നിയമനം നൽകാൻ 2018 മേയ് മാസത്തിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയും പ്രസ്തുത യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് സർവ്വകലാശാലയോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്.

**സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ**

283 (2879) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ നിലവിലുള്ള അദ്ധ്യാപക നിയമനങ്ങളുടെ മാനദണ്ഡങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ യു.ജി.സി. നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെടുമ്പോൾ സംവരണം അട്ടിമറിക്കപ്പെടുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലകളിലെ സംവരണതത്വം സംബന്ധിച്ച് നിലവിലെ മാർഗ്ഗ രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രൊഫസർ, അസോസ്സിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകൾ ഒരു യൂണിറ്റാക്കി പി.എസ്.സി. അനുശാസിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് നിയമിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) നിലവിൽ അദ്ധ്യാപക നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ-സി) സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ യോഗ്യത നിർണ്ണയത്തിനും തെരഞ്ഞെടുപ്പിനും യു.ജി.സി. മാനദണ്ഡങ്ങളും സംവരണക്രമം സംബന്ധിച്ച് കെ.എസ്.&എസ്.എസ്.ആർ.-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇതുസംബന്ധിച്ച് ഒരു കേസ് നിലവിലുണ്ട്. മറ്റ് സർവ്വകലാശാലകളിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല.

## സിവിൽ സർവ്വീസ് അക്കാദമികൾ

284 (2880) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം ഇവിടങ്ങളിൽ പഠിച്ച എത്രപേർക്ക് സിവിൽ സർവ്വീസിൽ പ്രവേശനം കിട്ടിയെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് സർക്കാരിനുകീഴിൽ പുതുതായി സിവിൽ സർവ്വീസ് അക്കാദമികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോഎന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാരിനുകീഴിലെ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ മേൽനോട്ടത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രധാന കേന്ദ്രം തിരുവനന്തപുരത്തും പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി, ആളൂർ, കാഞ്ഞങ്ങാട്, കല്യാശ്ശേരി എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ, പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്ററിലും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകിവരുന്നു.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഉണ്ട്. കൊല്ലം, പുനലൂർ, അരൂർ, റാന്നി, മൂന്നാർ എന്നിവിടങ്ങളിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

## കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കടയിലെ സ്കിൽ പാർക്ക്

285 (2881) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്കിൽ പാർക്കുകളുടെ നിർമ്മാണമാണ് പുരോഗമിക്കുന്നതെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്കിൽ പാർക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന കുളക്കടയിലെ സ്കിൽ പാർക്കിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അടങ്കൽ തുക എത്രയാണെന്നും അറിയിക്കുമോ;

(ഡി) കുളക്കടയിലെ സ്കിൽ പാർക്ക് നിർമ്മിക്കുന്നത് വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) താഴെ സൂചിപ്പിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ (CSP) നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ പുരോഗമിക്കുന്നത് :

1. കുളക്കട
2. കുന്നന്താനം
3. കളമശ്ശേരി
4. പെരുമ്പാവൂർ
5. പാണ്ടിക്കാട്
6. ചാത്തന്നൂർ
7. ലക്കിടി
8 മാനന്തവാടി
9. കാസർഗോഡ്.

(ബി) 1. വ്യാവസായികാധിഷ്ഠിതമായ നൈപുണ്യ പരിശീലനം

2. നൈപുണ്യ രംഗത്തെ മുൻകാല അറിവ് അടിസ്ഥാനമാക്കിയുള്ള അംഗീകാരവും തുടർന്നുള്ള പരിശീലനവും
3. നൈപുണ്യ പുനഃപരിശീലനം
4. നൈപുണ്യ തുടർപരിശീലനം
5. ഇന്റേൺഷിപ്പിനുള്ള അവസരം
6. കൗൺസിലിംഗ്
7. അഭിരുചി നിർണ്ണയം തുടങ്ങിയവയാണ് സ്കിൽ പാർക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) അടങ്കൽ തുക 10,14,67,720 രൂപ. കുളക്കട കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ (CSP) നിർമ്മാണം 2018 ആഗസ്റ്റ് അവസാനത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വ്യാവസായികാധിഷ്ഠിതമായ നൈപുണ്യ പരിശീലനം, നൈപുണ്യ പുനഃപരിശീലനം, നൈപുണ്യ തുടർ പരിശീലനം, കൗൺസിലിംഗ്, അഭിരുചി നിർണ്ണയം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

**അമരവിളയിൽ അസാപ്പിന്റെ സ്കിൽ പാർക്ക് നിർമ്മാണം**

286 (2882) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അമരവിളയിൽ സ്ഥാപിക്കുന്ന അസാപ്പിന്റെ സ്കിൽ പാർക്കിന്റെ നിർമ്മാണത്തിന് നൽകിയ ടെണ്ടർ നിലവിൽ റദ്ദാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്കിൽ പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട്, സിഡ്കോയുടെ ഭൂമിയിൽ ഉണ്ടായിരുന്ന ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങൾ ലേലം ചെയ്യാൻ അസാപ്പ് അധികൃതർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) അസാപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ തറക്കൽ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ;

(ഡി) സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 30-10-2017-ൽ അമരവിള ടൈൽ ഫാക്ടറിയുടെ സ്ഥലത്ത് വെച്ച് ഒരു പൊതുലേലം നടത്തുകയും ലേലത്തുക സർക്കാർ വ്യവസ്ഥകൾ (Government Norms) അനുസരിച്ച് കിട്ടാതിരുന്ന സാഹചര്യത്തിൽ ലേലം സ്ഥിരപ്പെടുത്തിയില്ല. തുടർനടപടികൾക്കുശേഷം 25-5-2018-ൽ കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി ഇ-ടെൻഡർ (e-tender) ചെയ്തു. എന്നാൽ ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ ലേലത്തീയതി 15 ദിവസത്തേയ്ക്ക് കൂടി നീട്ടാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിഡ്കോയിൽ നിന്നും ഭൂമി കൈമാറ്റം ചെയ്യുന്നതിനും പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനും ഉണ്ടായ കാലതാമസമാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം.

(ഡി) പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന കെട്ടിടം പൊളിച്ചുമാറ്റുന്ന മുറയ്ക്ക് സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അങ്കമാലിയിൽ കോടതി സ്ഥാപിക്കുന്നതിനായി ഭൂമി**

287 (2883) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ കോടതി സ്ഥാപിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ ഭൂമി നീതിന്യായ വകുപ്പിന് നൽകുന്നത് സംബന്ധിച്ച് സ്ഥലം നിയമസഭാംഗം 15-3-2017-ൽ നൽകിയ നിവേദന പ്രകാരം A3/255/2017/Rev നമ്പർ ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെയായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്ക് എന്നാണ് വന്നതെന്നും ഫയലിൽ റവന്യൂ വകുപ്പ് കഴിഞ്ഞ 6 മാസമായി കൈക്കൊണ്ട നടപടികൾ എന്തെന്നും വ്യക്തമാക്കാമോ;

(സി) ഒരു റിപ്പോർട്ട് ആവശ്യപ്പെട്ട ഫയലിൽ ഇത്രയും കാലതാമസം ഉണ്ടായിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്താണെന്നോ, തടസ്സം എന്താണെന്നോ വകുപ്പ് സെക്രട്ടറിയോ, വകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ അന്വേഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഭൂമി സർക്കാരിന്റെ തന്നെ മറ്റൊരു വകുപ്പിന് കൈമാറുന്നതിന് കഴിഞ്ഞ 6 മാസമായി ഫയലിന്റെ പിന്നാലെ ഒരു നിയമസഭാംഗം നടന്നിട്ടും ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണെങ്കിൽ മറ്റൊരു സാധാരണ പൗരന്റെ അവസ്ഥ എന്തായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 26-8-2017-ൽ ഇറിഗേഷൻ വകുപ്പിൽനിന്നും കൈമാറി ലഭിച്ച ഫയലിൽ 15-9-2017-ലെ കത്ത് മുഖേന കോടതി നിർമ്മാണത്തിന് ആവശ്യമായ ഭൂമിയുടെ സ്കെച്ച്, മഹസ്സർ, ബി.റ്റി.ആർ. പകർപ്പ്, കമ്പോള വില എന്നിവ ലഭ്യമാക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്കമാലി നിയോജക മണ്ഡലത്തിൽ

കോടതി സ്ഥാപിക്കുന്നതിനായിട്ടുള്ള ഫയലിൽ 28-2-2018-ലാണ് ജില്ലാ ജഡ്ജിയിൽ നിന്നും അർത്ഥനാ പത്രം ലാന്റ് റവന്യൂ കമ്മീഷണർക്ക് ലഭിച്ചത്. ടി ഭൂമി സംബന്ധിച്ച് അന്വേഷണം നടത്തി ഭൂമി കൈമാറ്റ ശിപാർശ ലഭ്യമാക്കുന്നതിനായി ആലുവ തഹസിൽദാർക്ക് 6-3-2018-ൽ റിപ്പോർട്ടിനായി അയച്ചിരുന്നതും വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി ആർ.ഡി.ഒ., ഫോർട്ട് കൊച്ചിയുടെ അംഗീകാരത്തിന് 6-4-2018-ന് അയച്ചിട്ടുള്ളതുമാണ്. ആർ.ഡി.ഒ., ഫോർട്ട് കൊച്ചി നടത്തിയ സ്കൂട്ടിനിയിൽ തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടിൽ ജലസേചന വകുപ്പിൽനിന്നുമുള്ള നിരാക്ഷേപപത്രത്തിലെ സർവ്വേ നമ്പറിലും കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമി സംബന്ധിച്ച് വില്ലേജ് ഓഫീസർ തയ്യാറാക്കിയ സ്കെച്ച് മഹസ്സർ എന്നിവയിലെ സർവ്വേ നമ്പറിലും വ്യത്യാസമുള്ളതായി കണ്ടെത്തിയതിനാൽ ജലസേചന വകുപ്പിൽനിന്ന് നിരാക്ഷേപപത്രം വാങ്ങി ന്യൂനതകൾ പരിഹരിച്ച് റിപ്പാർട്ട് സമർപ്പിക്കുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) വളരെയേറെ ശ്രദ്ധയോടെ തയ്യാറാക്കേണ്ട ഒന്നാണ് ഭൂമി കൈമാറ്റ റിക്കാർഡുകൾ. അത് തയ്യാറാക്കുമ്പോൾ വരുന്ന സാധാരണ കാലതാമസം മാത്രമേ ഈ ഫയലിലും എടുത്തിട്ടുള്ളൂ. ഈ ഫയലിൽ കഴിയുന്നതും വേഗത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതിയ താലൂക്ക് രൂപീകരണം

288 (2884) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇനി പുതുതായി എത്ര താലൂക്കുകൾ കൂടി രൂപീകരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കോട്ടയം ജില്ലയിലെ പൂഞ്ഞാർ താലൂക്ക് രൂപീകരണം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; പ്രസ്തുത താലൂക്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് സ്വീകരിക്കുമോ, വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രണ്ട്. കുന്നംകുളം താലൂക്ക് - തൃശ്ശൂർ ജില്ല

പയ്യന്നൂർ താലൂക്ക് - കണ്ണൂർ ജില്ല

(ബി&സി) പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

## റവന്യൂ വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതി

289 (2885) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം റവന്യു വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതിയിൽ വരുത്തിയതോ വരുത്താനുദ്ദേശിക്കുന്നതോ ആയ പരിഷ്കാരങ്ങൾ വ്യക്തമാക്കുമോ;

(ബി) വീട്, ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് എന്നിവയുടെ കെട്ടിട നികുതി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) ആഡംബര നികുതി സ്ലാബ് അടിസ്ഥാനത്തിൽ പുതുക്കി നിർണ്ണയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ നിലവിൽവന്നശേഷം റവന്യൂ വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. ഒറ്റത്തവണ കെട്ടിട നികുതിയിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗാർഹിക കെട്ടിടങ്ങളുടെ കെട്ടിട നികുതി നിർണ്ണയിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഫ്ലാറ്റ്/ അപ്പാർട്ട്മെന്റ് എന്നിവയ്ക്ക് കെട്ടിട/ആഡംബര നികുതി ചുമത്തുന്നതിനുള്ള നിർദ്ദേശങ്ങൾ/ മാനദണ്ഡങ്ങൾ അടങ്ങിയ 1-6-2017-ലെ 78994/എസ്.സി.1/15/റവന്യൂ നമ്പർ സർക്കുലർ, 23-6-2017-ലെ എസ്.സി. 1/158/17/റവ സർക്കുലർ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്.

(ഡി) ഉണ്ട്. കെട്ടിട/ആഡംബര നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു കർമ്മപരിപാടി ആവിഷ്കരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ ലിസ്റ്റ് ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും അവ പരിശോധിക്കുന്നതിനും പുതിയ കെട്ടിടങ്ങളിലും നികുതി നിർണ്ണയത്തിൽ നിന്നും വിട്ടുപോയിട്ടുള്ള കെട്ടിടങ്ങളിലും നികുതി ഈടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്ത് നടപ്പാക്കുകയും ചെയ്തുവരുന്നു. കൂടാതെ മാസംതോറും നടത്തി വരുന്ന കെട്ടിട/ആഡംബര നികുതി പിരിവ് അവലോകനത്തിൽ കെട്ടിട നികുതി നിർണ്ണയം നടത്താൻ ബാക്കിയുള്ള എല്ലാ കെട്ടിടങ്ങളിലും നികുതി നിർണ്ണയം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹാരിസൺസ് ഭൂമി കൈമാറ്റം

290 (2886) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺസ് ഭൂമി ഏറ്റെടുക്കൽ തടഞ്ഞ ഹൈക്കോടതി വിധിയ്ക്കെതിരെ അപ്പീൽ നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഹാരിസൺസ് ഭൂമി കൈമാറ്റം ചെയ്ത താലൂക്ക് ലാൻഡ് ബോർഡിന്റെ തീരുമാനം പുനഃപരിശോധിച്ച് ഭൂമി ഏറ്റെടുക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ബഹു. ഹൈക്കോടതിയുടെ 11-4-2018-ലെ WP(C) 33122/14 നമ്പർ കേസിലെ വിധി സംസ്ഥാന സർക്കാരിന്റെ താല്പര്യങ്ങൾക്ക് ഹാനികരമായി ട്ടുള്ളതാകയാൽ ടി വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11-4-2018-ലെ 33127/14 നമ്പർ കേസിലെ വിധിയുടെ പശ്ചാത്തലത്തിൽ ഹാരിസൺ കമ്പനിക്ക് ഭൂമി കൈമാറ്റം ചെയ്ത ലാൻഡ് ബോർഡിന്റെ തീരുമാനം പുനഃപരിശോധിച്ച് ഭൂമി ഏറ്റെടുക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

## ഒറ്റപ്പാലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ

291 (2887) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്ക് ഓഫീസിനോട് ചേർന്നുകിടക്കുന്ന റവന്യൂ ഭൂമിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) നിർദ്ദിഷ്ട റവന്യൂ ടവറിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്ക് ഓഫീസിനോട് ചേർന്ന് മണൽ കടത്തുവാഹനങ്ങളുടെ ഡമ്പിംഗ് യാർഡായി ഉപയോഗിച്ചുവരുന്ന സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന റവന്യൂ ടവർ സംബന്ധിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പുമന്ത്രിക്ക് ഒറ്റപ്പാലം തഹസീൽദാർ നേരിട്ട് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് റവന്യൂ വകുപ്പുമന്ത്രിയുടെ കാര്യാലയത്തിൽനിന്ന് 4-7-2017 തീയതിയിൽ 1594174/എം.(റവ)/17 നമ്പരായി രസീത് കൈപ്പറ്റിയതായി പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട റവന്യൂ ടവറിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, ജീവനക്കാരുടെ വിശ്രമ മുറി, ഓഫീസ് വാഹനങ്ങളുടെ പാർക്കിംഗ്, ലാൻഡ് റെക്കോർഡ്സ് വിഭാഗം, ഒറ്റപ്പാലം 2 വില്ലേജ് ഓഫീസ് കോൺഫറൻസ് ഹാൾ, പ്രകൃതിക്ഷോഭം കൺട്രോൾ റൂം, ഇലക്ഷൻ വിഭാഗം എന്നിവ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## കയ്യേറ്റ ഭൂമി ഒഴിവാക്കൽ

292 (2888) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂന്നാർ കുറിഞ്ഞി സങ്കേതത്തിൽനിന്നും കയ്യേറ്റ ഭൂമി ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;വിശദമാക്കാമോ ?

## ഉത്തരം

കുറിഞ്ഞിമല സാങ്ച്വറിയുടെ വിസ്തൃതി നിജപ്പെടുത്തുമ്പോൾ ദേവികുളം താലൂക്കിലെ കൊട്ടക്കാമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62 എന്നിവയിലെ പട്ടയഭൂമി ഒഴികെ ബ്ലോക്ക് 59, 60, 61, 63 എന്നിവയിലെ റവന്യൂ ഭൂമികൂടി പ്രധാനമായും ഗ്രാന്റീസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്തവിധം അതിരുകൾ പുനർനിർണയം ചെയ്യേണ്ടതാണെന്ന് 10-5-2018-ലെ സർക്കാർ ഉത്തരവ് (കൈ) 178/2018/റവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശരിയായ കൈവശാവകാശ രേഖകളുള്ള ആരെയും കുടിയൊഴിപ്പിക്കേണ്ടതില്ല. ഇപ്പോൾ സാംങ്ച്വറി പ്രദേശമായി ഇന്റൻഷൻ നോട്ടിഫിക്കേഷനിൽപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തി ജീവിച്ചുപോരുന്ന എല്ലാവർക്കും 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഭൂമിക്ക് പട്ടയം നൽകാവുന്നതുമാണ്. പഞ്ചായത്തിന്റേയോ റവന്യൂ വകുപ്പിന്റെയോ കൃഷി വകുപ്പിന്റെയോ രേഖകളോ കൈവശാവകാശ രേഖയോ പട്ടയമോ, വീടുണ്ടെങ്കിൽ അതുസംബന്ധിച്ച ഏതെങ്കിലും സർക്കാർ/ബാങ്ക് രേഖയോ, റേഷൻ/ഇലക്ഷൻ രേഖകളോ പരിശോധിച്ച് ഉടമസ്ഥത/കൈവശം തിട്ടപ്പെടുത്തി മാത്രം ശരിയായ കൈവശരേഖകളുള്ള ആളുകളെ കുടിയൊഴിപ്പിക്കേണ്ടെന്നും ടി ഉത്തരവിൽ തീരുമാനിച്ചിട്ടുണ്ട് (ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്)*.

## കുറിഞ്ഞി സാങ്ച്വറി

293 (2889) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാനുമതിയോടുകൂടിയ പുതിയ വിജ്ഞാപനം ഇല്ലാതെ കുറിഞ്ഞി സാങ്ച്വറിയുടെ അതിർത്തി പുനർനിർണയം സാധ്യമാണോ; അതിർത്തി പുനർ നിർണ്ണയിക്കാൻ കേന്ദ്രാനുമതി വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) 2006-ലെ വിജ്ഞാപന പ്രകാരം നിയമിച്ച കുറിഞ്ഞി ഉദ്യാനത്തിന്റെ സെറ്റിൽമെന്റ് ഓഫീസർക്ക് ഈ വിജ്ഞാപനത്തിൽ ഉൾപ്പെടാത്ത പ്രദേശത്ത് സെറ്റിൽമെന്റ് നടപടികൾ നടത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) കുറിഞ്ഞി ഉദ്യാനത്തിന്റെ ഭാഗമായി പുതുതായി കൂട്ടിച്ചേർക്കുമെന്ന് ചീഫ് സെക്രട്ടറിയുടെ 10-5-2018-ലെ 178/18 നമ്പർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന 59, 60, 61,63 എന്നീ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന ഭൂമിയുടെ നിലവിലുള്ള സ്റ്റാറ്റസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്താണെന്ന് വ്യക്തമാക്കാമോ;അതിൽ ഓരോ ബ്ലോക്കിലെയും ഭൂമി വനഭൂമി ആണോ,റവന്യൂ ഭൂമിയാണോ,പട്ടയഭൂമിയാണോ എന്നും ഓരോ ഇനത്തിലുംപെട്ട ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും ഈ ബ്ലോക്കുകളിൽ കുറിഞ്ഞിയുടെ സാന്നിധ്യം ഉണ്ടോ എന്നും വ്യക്തമാക്കമോ;

(ഡി) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഒരു പ്രദേശത്തെ സാങ്ച്വറി ആക്കാൻ വേണ്ടി ഇൻ്റൻഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കഴിഞ്ഞാൽ,നോട്ടിഫൈഡ് അതിർത്തിക്കുള്ളിലെ നിയമപരമായ പട്ടയങ്ങൾ ഉള്ളവരുടെ അവകാശം മാത്രമേ നിലനിർത്താനാവൂ എന്നിരിക്കേ കൈവശക്കാർക്ക് പട്ടയം നൽകണം എന്ന 10/5/2018 178/2018 നമ്പർ ഉത്തരവിലെ നിർദ്ദേശം നിയമപരമാണോ; ആണെങ്കിൽ ഏത് നിയമ പ്രകാരം എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുറിഞ്ഞി സാങ്ച്വറിയുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) G.O(Ms)No.74/06/F&WLD ഉത്തരവ് പ്രകാരം സെറ്റിൽമെന്റ് ഓഫീസറെ നിയമിച്ചിരിക്കുന്നത് കുറിഞ്ഞിമല സങ്കേതത്തിന്റെ സെറ്റിൽമെന്റ് നടപടികൾക്കാണ്. അതിൽ ഉൾപ്പെട്ടുവരുന്ന പ്രദേശത്തെ സെറ്റിൽമെന്റ് നടപടികൾ നടത്തുന്നതിനാണ് സെറ്റിൽമെന്റ് ഓഫീസറെ നിയമിച്ചിരിക്കുന്നത്.

(സി)

| ബ്ലോക്ക് നമ്പർ | സർക്കാർ തരിശ് | പുറമ്പോക്ക് | പട്ടയ ഭൂമി | റിസർവ് വനം |
|---|---|---|---|---|
| 59 | ഇല്ല | ഇല്ല | 2 ഹെ. | 1187 ഹെ. |
| 61 | 342 ഹെ. | 34 ഹെ. | 103 ഹെ. | ഇല്ല |
| 60 | 607.939 ഹെ. | 62.4335 ഹെ. | 395.374 ഹെ. | ഇല്ല |
| 63 | ഇല്ല | 28.4770 ഹെ. | 1.0360 ഹെ. | 1135.4493 ഹെ. |

(ഡി) സാങ്ച്വറിക്കുള്ളിലെ പട്ടയഭൂമി ഒഴിവാക്കി 3200 ഹെക്ടർ ഭൂമിയാണ് കുറിഞ്ഞി സാങ്ച്വറിക്കായി ഇന്റൻഷൻ നോട്ടിഫിക്കേഷൻ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. 10-5-2018-ലെ G.O(Ms.) 178/2018/RD നമ്പർ ഉത്തരവിൻ പ്രകാരം ഇന്റൻഷൻ നോട്ടിഫിക്കേഷൻ പ്രകാരം സാങ്ച്വറി പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയിൽ കാലങ്ങളായി താമസിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തി ജീവിച്ചുപോരുന്ന എല്ലാവർക്കും 1964-ലെ കേരള ഭൂമി പതിവുചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പട്ടയം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

## നിവേദിത പി. ഹരൻ റിപ്പോർട്ട്

294 (2890) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിവേദിത പി.ഹരൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഞ്ചുനാട് (മറയൂർ, കാന്തല്ലൂർ, വട്ടവട, കീഴാന്തൂർ, കോട്ടക്കാമ്പൂർ) വില്ലേജുകളിൽ സർക്കാർ ഭൂമി കയ്യേറിയത് പരിശോധിക്കാനും കയ്യേറ്റമൊഴിപ്പിക്കാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) നിവേദിത പി.ഹരൻ റിപ്പോർട്ടും ഇതിന്റെ അടിസ്ഥാനത്തിൽ കൈയേറ്റമൊഴിപ്പിക്കാൻ മുൻ സർക്കാർ സ്വീകരിച്ച നടപടികളും ഈ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർക്കാർ ഉത്തരവ് പ്രകാരം സെറ്റിൽമെന്റ് ഓഫീസറായി ചുമതലപ്പെട്ട ത്തപ്പെട്ട ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയം മുഖേന ഓരോ തണ്ടപ്പേർ കക്ഷിയേയും മുൻകൂർ നോട്ടീസ് നൽകി നേരിൽ കേട്ടും രേഖകൾ പരിശോധിച്ചും തണ്ടപ്പേർ പരിശോധനയും ഭൂമി കൈവശങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച പരിശോധനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) റദ്ദ് ചെയ്തിട്ടില്ല. എന്നാൽ 10-5-2018-ലെ സ.ഉ.(കൈ)178/2018/റവ. പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കൊട്ടയങ്കാട്-അടിപ്പാറ-നെല്ലിക്കോട് റോഡ് കയ്യേറ്റം

295 (2891) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലുള്ള എലവഞ്ചേരി വില്ലേജിലെ കൊട്ടയങ്കാട് ശിവക്ഷേത്രം മുതൽ അടിപ്പാറ നെല്ലിക്കോട് വരെയുള്ള റോഡിന്റെ നീളവും വീതിയും വില്ലേജ് രേഖ പ്രകാരം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഈ റോഡ് ഏതെങ്കിലും സ്വകാര്യ വ്യക്തികൾ കൈയേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൈയേറ്റം ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) വില്ലേജ് രേഖ പ്രകാരമുള്ള റോഡുകൾ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റക്കാരെ ഒഴിവാക്കി റോഡ് പുനഃസ്ഥാപിച്ചെടുക്കാൻ നിലവിൽ എന്തെല്ലാം നിയമങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എലവഞ്ചേരി വില്ലേജിലെ റീസർവ്വേ, ബി.ടി.ആർ., എഫ്.എം.ബി. എന്നിവ പ്രകാരം ബ്ലോക്ക് 7-ൽ റീസർവ്വെ 197/1, 182/6, 183/2, 180/2, 158/4 എന്നിവയിലാണ് റോഡ് സ്ഥിതിചെയ്യുന്നത്. ഓരോ സബ് ഡിവിഷനിലും റോഡിന്റെ വീതി വ്യത്യസ്തമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ചുവടെ ചേർക്കുന്നു :

| സർവ്വേ നമ്പർ | റോഡിന്റെ നീളം. (മീറ്റർ) | റോഡിന്റെ തുടക്കത്തിലെ വീതി (മീറ്റർ) | റോഡിന്റെ അവസാനത്തെ വീതി (മീറ്റർ) |
|---|---|---|---|
| 197/1 | 12.3 | രേഖപ്പെടുത്തിയിട്ടില്ല | 6.7 |
| 182/6 | 90.0 | 4.3 | രേഖപ്പെടുത്തിയിട്ടില്ല |
| 183/2 | 245.0 | രേഖപ്പെടുത്തിയിട്ടില്ല | 13.6 |
| 180/2 | 285.6 | 13.6 | 5.3 |
| 158/4 | 20.6 | 10.7 | 5.4 |

(ബി) ഉണ്ട്. എലവഞ്ചേരി ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് രാജ് നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരവും പഞ്ചായത്ത് രാജ് നിയമപ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പട്ടയ വിതരണം**

296 (2892) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടയ വിതരണവുമായി ബന്ധപ്പെട്ട് എത്ര ഫയലുകൾ തീർപ്പാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടയ വിതരണവുമായി ബന്ധപ്പെട്ട് തീർപ്പാക്കിയ ഫയലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്ത് കൊള്ളുന്നു :

| ക്രമ നമ്പർ | ജില്ല | പട്ടയവിതരണവുമായി ബന്ധപ്പെട്ട് തീർപ്പാക്കിയ ഫയലുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1523 |
| 2. | കൊല്ലം | 331 |
| 3. | പത്തനംതിട്ട | 128 |
| 4. | ആലപ്പുഴ | 924 |
| 5. | കോട്ടയം | 478 |
| 6. | ഇടുക്കി | 14310 |
| 7. | എറണാകുളം | 1984 |
| 8. | പാലക്കാട് | 4708 |
| 9. | തൃശ്ശൂർ | 29672 |
| 10. | മലപ്പുറം | 16608 |
| 11. | കോഴിക്കോട് | 5484 |
| 12. | വയനാട് | 695 |
| 13. | കണ്ണൂർ | 1559 |
| 14. | കാസർഗോഡ് | 3352 |
| | ആകെ | 81756 |

## പട്ടയ വിതരണം

297 (2893) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലവിൽ പട്ടയം നൽകുന്നത് സംബന്ധിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

നിലവിൽ പട്ടയം നൽകുന്നതുസംബന്ധിച്ച് 1,23,428 (ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തി എട്ട്) അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

**മംഗലം ഡാമിലെ കടപ്പാറ പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം**

298 (2894) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാമിലെ കടപ്പാറ പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി ഇന്നേവരെ റവന്യൂ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് വനഭൂമി നൽകുന്നതിന് പകരമായി ഫോറസ്റ്റ് ആക്റ്റ് പ്രകാരം ആവശ്യപ്പെടുന്ന പകരം ഭൂമി നൽകാൻ തീരുമാനമായിട്ടുണ്ടോ;

(സി) ഈ കുടുംബങ്ങൾക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ താലൂക്കിലെ മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന കടപ്പാറ കോളനിയിലെ എസ്.ടി. മലയൻ വിഭാഗത്തിൽപ്പെട്ട 22 കുടുംബങ്ങൾക്ക് 60 സെന്റ് വീതം ഭൂമിക്ക് വനാവകാശം നൽകുന്നതിനായി ഗ്രാമസഭ പാസ്സാക്കിയതും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അന്വേഷണം പൂർത്തിയാക്കിയതുമായ 22 അപേക്ഷകൾ എഫ്.ആർ.സി. പാസ്സാക്കി സബ് ഡിവിഷണൽ കമ്മിറ്റിക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പുന:പരിശോധിക്കേണ്ടതാണെന്ന് ആലത്തൂർ ഫോറസ്റ്റ് റേഞ്ച് ഓഫീസർ എസ്.ഡി.എൽ.സി. യോഗത്തിൽ അറിയിക്കുകയും തുടർന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശാനുസരണം കടപ്പാറ ആദിവാസി കോളനിയിൽ വനഭൂമിക്കായി അവകാശം ഉന്നയിക്കുന്നത് അർഹതപ്പെട്ടവർ തന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനായി, തൊട്ടടുത്ത കോളനിയിലെ പ്രായംചെന്ന ഒരാളിൽനിന്നും പ്രസ്തുത കുടുംബങ്ങൾ അവകാശം ഉന്നയിക്കുന്ന സ്ഥലത്ത് വർഷങ്ങളായി താമസിക്കുന്നവരാണെന്ന് സത്യവാങ്മൂലം ലഭ്യമാക്കുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം കടപ്പാറ തളികക്കല്ല് കോളനിയിലെ ഊരുമൂപ്പൻ സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് വനം, പട്ടികവർഗ്ഗ വികസനം, റവന്യൂ, സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തപരിശോധന നടത്തുകയും അതിന്റെ

അടിസ്ഥാനത്തിൽ 29-6-2016-ൽ കൂടിയ പാലക്കാട് സബ് ഡിവിഷണൽ കമ്മിറ്റി പ്രസ്തുത 22 അപേക്ഷകളും അംഗീകരിക്കുകയും ജില്ലാതല സമിതിക്ക് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. 1-7-2016-ന് കൂടിയ ജില്ലാതല കമ്മിറ്റി യോഗത്തിൽ വനം വകുപ്പ് യാതൊരു ആക്ഷേപവും ഉന്നയിക്കാതിരുന്നതിനാൽ ഓരോ അപേക്ഷയും അനുബന്ധരേഖകളും തിരിച്ചറിയൽ രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ കൈവശത്തിലുള്ളതായ ആലത്തൂർ താലൂക്ക്, മംഗലം ഡാം വില്ലേജ്, ബ്ലോക്ക് 50 സർവ്വേ നമ്പർ 154/pt-യിൽ ഉൾപ്പെടുന്ന 60 സെന്റ് ഭൂമി വീതം അനുവദിക്കുവാനുമുള്ള ജില്ലാതല കമ്മിറ്റിയുടെ തീരുമാന പ്രകാരം കുടുംബങ്ങൾക്ക് ടൈറ്റിൽ അനുവദിക്കുവാൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൈവശരേഖ തയ്യാറാക്കിയെങ്കിലും ആയത് സാക്ഷ്യപ്പെടുത്തുന്നതിനായി 25-10-2016-ൽ ചേർന്ന യോഗത്തിൽ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വിയോജിപ്പ് പ്രകടിപ്പിക്കുകയാണുണ്ടായത്.

(ബി) ഉണ്ട്.

(സി) കേരള ഫോറസ്റ്റ് കൺസർവേഷൻ, 1980 സെക്ഷൻ 2 പ്രകാരം ആദിവാസികൾക്ക് ഭൂമി കൈമാറുന്നതിനും പകരമായി മണ്ണാർക്കാട് താലൂക്കിലെ കോട്ടത്തറ വില്ലേജിലെ സർവ്വേ നമ്പർ 1819/pt-യിൽ ഉൾപ്പെട്ട 53.44 ഏക്കർ മിച്ചഭൂമിയിൽനിന്നും 29.34 ഏക്കർ മിച്ചഭൂമി വനം വകുപ്പിന് കൈമാറുന്നതിന് 15-7-2017-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനി ച്ചിരുന്നു. 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് സെക്ഷൻ 2 പ്രകാരം വനഭൂമി വനേതരാവശ്യത്തിന് വിനിയോഗിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കേണ്ടതിനാൽ ആയതിലേയ്ക്കായി യൂസർ ഏജൻസിയായ റവന്യൂ വകുപ്പ് 2003-ലെ ഫോറസ്റ്റ് കൺസർവേഷൻ റൂൾസ് സെക്ഷൻ 6 പ്രകാരം ഫോറം 'എ'-യിൽ നോഡൽ ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനം വകുപ്പിന് പകരം നൽകുന്ന മണ്ണാർക്കാട് താലൂക്കിലെ കോട്ടത്തറ വില്ലേജിലെ സർവ്വേ നമ്പർ 18.19/pt.-യിൽ ഉൾപ്പെട്ട 29.34 ഏക്കർ മിച്ചഭൂമിയുടെ കെ.എം.എൽ. സ്കെച്ച് തയ്യാറാക്കുന്നതിന് ജി.പി.എസ്. റീഡിംഗ് എടുക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ താലൂക്ക് സർവ്വേയർ ഫീൽഡിൽ പോയെങ്കിലും പ്രസ്തുത സ്ഥലം കാടുപിടിച്ച് കിടക്കുന്നതിനാലും കാട്ടാനകളുടെ സാന്നിധ്യം കാരണവും സർവ്വേ ജോലികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. 13-6-2018-ന് വീണ്ടും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോട ജി.പി.എസ്. എടുക്കുവാനും മേൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് പട്ടയം നൽകുവാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ ഭൂമിയിൽ കുടിൽകെട്ടി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി

299 (2895) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുല്ലൂർ വില്ലേജിൽ ആർ.എസ്.നമ്പർ 61-ൽ പ്പെട്ട റവന്യൂ ഭൂമിയിൽ കുടിൽകെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന 17 കുടുംബങ്ങൾക്ക് പട്ടയം നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി കുടിൽകെട്ടി താമസിച്ചുവരുന്ന ഇവർക്ക് പട്ടയം ലഭിക്കാത്തതിനാൽ വാസയോഗ്യമായ വീട്ടു നിർമ്മിക്കാൻ സർക്കാർ പദ്ധതിയിൽ അനുമതി ലഭിച്ചിട്ടും വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ആളുകൾക്ക് അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പുല്ലൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 61-ൽപ്പെട്ട ഗവൺമെന്റ് ഭൂമിയിൽ അനധികൃതമായി താമസിച്ച് വരുന്ന 17 കുടുംബങ്ങളുടെ പേരിൽ കേരളാ ഭൂസംരക്ഷണ നിയമപ്രകാരം തഹസീൽദാർ സ്വീകരിച്ച ഒഴിപ്പിക്കൽ നടപടികൾക്കെതിരെ കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകിയിട്ടുള്ളതും ആയതിന്മേൽ സ്റ്റേ സമ്പാദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അപ്പീൽ തീർപ്പായതിനുശേഷം മാത്രമേ അർഹത പരിശോധിച്ച് പതിവ് അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## പട്ടയം കൊടുക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികളുടെ സ്ഥിതി

300 (2896) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി-II വില്ലേജിലെ മിച്ചഭൂമി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ സർവ്വേയുമായി സഹകരിക്കുന്ന കുടുംബങ്ങൾക്ക് ഉടൻ പട്ടയം നൽകാൻ തയ്യാറാകുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി-II വില്ലേജിലെ സർവ്വേ നിലവിൽ 339 ഫീൽഡ് ഉൾക്കൊള്ളുന്ന 304.5406 ഹെക്ടർ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 631.7530 ഹെക്ടർ സർവ്വേ ചെയ്യാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന ഭൂമിയുടെ സർവ്വേ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ച് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 5-6-2018-ൽ കൂടിയ യോഗം ചർച്ച ചെയ്തു. തർക്കവിഷയമായ ഭൂമി അളന്നതിട്ടപ്പെടുത്തുന്നതിന് ഒരു സർവ്വേ സൂപ്രണ്ട് ഉൾപ്പെടെ 30 പേരടങ്ങുന്ന സർവ്വേ ടീമിനെ നിയോഗിക്കുവാനും ആയതിന്റെ പ്രവർത്തന പുരോഗതി ജില്ലാ കളക്ടർ അടിക്കടി വിലയിരുത്തി സർവ്വേ നടപടികൾ 2018 നവംബർ 30-നകം പൂർത്തീകരിച്ച് ആയതനുസരിച്ച് പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

## താനൂർ നിയോജക മണ്ഡലത്തിലെ പട്ടയ വിതരണം

301 (2897) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജക മണ്ഡലത്തിലെ ചെറിയമുണ്ടം പഞ്ചായത്തിൽ ഇനിയും പട്ടയം കാത്തിരിക്കുന്നവർക്ക് പട്ടയവിതരണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രശ്നപരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരൂർ താലൂക്കിലെ ചെറിയമുണ്ടം പഞ്ചായത്തിൽ സർവ്വേ നമ്പർ 104/2-ൽപ്പെട്ട പഞ്ചായത്ത് പുറമ്പോക്ക് ഭൂമി ഏകദേശം 27-ഓളം കുടുംബങ്ങൾ കാലങ്ങളായി കൈവശം വച്ചുവരുന്നുണ്ട്. കൈവശക്കാർക്ക് പഞ്ചായത്ത് ഭൂമി പതിച്ചുകൊടുക്കുന്നതിനായി ടി ഭൂമി ഡീവെസ്റ്റ് ചെയ്ത് ഉത്തരവാകേണ്ടതുണ്ട്. എന്നാൽ കക്ഷികൾ പട്ടയം ലഭിക്കുന്നതിനായി ചട്ടപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്. കൈവശഭൂമിക്കുള്ള അപേക്ഷയും ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിന് പഞ്ചായത്തിന്റെ എൻ.ഒ.സി.-യും ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ചട്ടപ്രകാരമുള്ള പട്ടയ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## അനധികൃത പട്ടയങ്ങൾ

302 (2898) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാർ എത്ര കുടുംബങ്ങൾക്ക് പട്ടയങ്ങൾ നൽകി ; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ നൽകിയ പട്ടയങ്ങളിൽ അനധികൃതമെന്ന് ഈ സർക്കാർ കണ്ടെത്തിയ പട്ടയങ്ങൾ എത്ര; ഇതിനായി കൂട്ടുനിന്ന ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള അനധികൃത പട്ടയങ്ങൾ തിരിച്ചുപിടിക്കുവാനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാർ പട്ടയം നൽകിയിട്ടുള്ള കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തുകൊള്ളുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7852 |
| 2 | കൊല്ലം | 1717 |
| 3 | പത്തനംതിട്ട | 2155 |
| 4 | ആലപ്പുഴ | 2129 |
| 5 | കോട്ടയം | 3405 |
| 6 | ഇടുക്കി | 23142 |
| 7 | എറണാകുളം | 5705 |
| 8 | പാലക്കാട് | 14514 |
| 9 | തൃശ്ശൂർ | 11109 |
| 10 | മലപ്പുറം | 17784 |
| 11 | കോഴിക്കോട് | 9596 |
| 12 | വയനാട് | 1059 |
| 13 | കണ്ണൂർ | 21400 |
| 14 | കാസർഗോഡ് | 11444 |
| | ആകെ | 133011 |

(ബി&സി) 27-2-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 174/2016 റവന്യൂ പ്രകാരം 4216 കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നു. വിതരണം ചെയ്ത 40 പട്ടയങ്ങളും തയ്യാറാക്കിവച്ചിരുന്ന 1803 പട്ടയങ്ങളും ഉൾപ്പെടെ 1843 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. ഈ പട്ടയങ്ങൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയതാണെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭ്യമാകാതിരുന്നു എന്നതുകൊണ്ടാണ് റദ്ദ് ചെയ്തത്.

## മലപ്പുറം ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങൾ

303 (2899) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് മലപ്പുറം ജില്ലയിൽ പുതുതായി എത്രപേർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്രപേർക്ക് ഉടനെ പട്ടയ വിതരണത്തിനുള്ള നടപടി പൂർത്തിയായി എന്നറിയിക്കുമോ;

(സി) നിസ്സാര തടസ്സങ്ങളുടെ പേരിൽ പട്ടയം നൽകുന്നതിന് കാലതാമസം നേരിടുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് മലപ്പുറം ജില്ലയിൽ 2018 മേയ് 28-ാം തീയതി തിങ്കളാഴ്ച നടത്തുവാൻ തീരുമാനിച്ചിരുന്ന ജില്ലാതല പട്ടയമേള, മലപ്പുറം ജില്ലയിൽ നിപ രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മാറ്റിവച്ചതിനാൽ പുതുതായി പട്ടയങ്ങൾ നൽകുവാൻ സാധിച്ചിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ 1317 പേർക്ക് പട്ടയം വിതരണം നടത്തുവാൻ തയ്യാറായിട്ടുണ്ട്.

(സി) നിയമപരമായി തടസ്സങ്ങൾ ഇല്ലാത്ത എല്ലാ കേസുകളിലും ഉടൻതന്നെ പട്ടയ വിതരണം പൂർത്തിയാക്കുവാൻ ജില്ലാ കളക്ടർ എല്ലാ തഹസീൽദാർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## അത്തിക്കയം വില്ലേജിലെ കൈവശഭൂമിക്ക് പട്ടയം

304 (2900) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിലെ മടന്തമൺ തെക്കേത്തൊടി നിവാസികൾക്ക് കൈവശ ഭൂമിക്ക് പട്ടയം അനുവദിച്ചത് എന്നാണ്; ആകെ എത്ര ഭൂമിക്കാണ് പട്ടയം അനുവദിച്ചത്; എത്ര കൈവശ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് എന്നാണ് പുറത്തിറക്കിയത്;

(ബി) തെക്കേത്തൊടിയിൽ കർഷകർക്ക് അനുവദിച്ച പട്ടയം വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; ഇവർക്ക് എന്നത്തേക്ക് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രഖ്യാപിക്കാമോ?

ഉത്തരം

(എ) റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിലെ മടന്തമൺ തെക്കേത്തൊടി പ്രദേശ നിവാസികൾക്ക് പട്ടയം അനുവദിച്ചിട്ടില്ലാത്തതാണ്. ടി പ്രദേശത്തെ 24.0487 ഹെക്ടർ ഭൂമിക്കാണ് പട്ടയം ലഭിക്കേണ്ടത്. ആകെ 214 കൈവശങ്ങളാണ് ടി പ്രദേശത്തുള്ളത്. ടി പ്രദേശത്ത് പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടില്ല.

(ബി)അത്തിക്കയം വില്ലേജിലെ സർവ്വേ 781/1-ൽ ഉൾപ്പെടുന്ന പ്രദേശമാണ് തെക്കേത്തൊടി. ടി പ്രദേശം വില്ലേജ് റിക്കാർഡിൻപ്രകാരം വനഭൂമി എന്ന് കാണുന്നു. എന്നാൽ 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റപ്രദേശമാണെങ്കിലും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് പട്ടയം നൽകുന്ന വിഷയം വനം വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരികയാണ്.

**കൈവശഭൂമിക്ക് പട്ടയം**

305 (2901) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പെട്ടി വില്ലേജിലെ പന്നയ്ക്കപ്പതാൽ അടക്കമുള്ള പ്രദേശങ്ങളിലെ എത്ര താമസക്കാർക്കാണ് ഇനിയും പട്ടയം ലഭിക്കുവാനായി ഉള്ളത്; ഇവരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സം എന്താണ്; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തടസ്സങ്ങൾ പരിഹരിച്ച് എന്നത്തേയ്ക്ക് ഈ ഭൂമി കൈവശ കർഷകർക്ക് നൽകാനാവും എന്ന് പറയാമോ?

<u>ഉത്തരം</u>

(എ) മുല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽപ്പെട്ട വനഭൂമി 1-1-1977-ന് മുമ്പ് കയ്യേറിയതുമായി ബന്ധപ്പെട്ട് റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 414 കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ടി ഭൂമി റീസർവ് സ്റ്റാറ്റസിൽപ്പെട്ട വനഭൂമി ആയതിനാൽ പട്ടയം നൽകുന്നതിന് മുന്നോടിയായി ഡിസ് റിസർവ് ചെയ്യേണ്ടതുണ്ട്. റിസർവ് സ്റ്റാറ്റസുള്ള വനഭൂമി വനേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ ആയത് ലഭിക്കുന്നതിനായി ടി സ്ഥലത്തിന്റെ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായവർക്ക് പട്ടയം നൽകുന്നതാണ്.

**വനഭൂമിക്ക് പട്ടയം**

306 (2902) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമുള്ള എത്ര ഏക്കർ ഭൂമി ഉള്ളതായാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്;

(ബി) വനഭൂമിയ്ക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എന്തെങ്കിലും തടസ്സങ്ങളോ താക്കീതോ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും അനുമതി നേടിയെടുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേയ്ക്കായി സംയുക്ത പരിശോധന പൂർത്തിയാക്കിയ 17358.4689 ഏക്കർ വനഭൂമിക്ക് കേന്ദ്രാനുമതി ലഭിക്കാനുണ്ട്. ഇതിൽ ഇടുക്കി ജില്ലയിലെ കണക്കുകൾ ഉൾപ്പെട്ടിട്ടില്ല. ഇടുക്കി ജില്ലയിൽ ഇനിയും കേന്ദ്രാനുമതി ലഭിക്കേണ്ട ഭൂമി സംബന്ധിച്ച് റവന്യൂ വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തിയാൽ മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ബി) കേന്ദ്ര സർക്കാരിന്റെ 18-9-1990-ലെ 13-1/90 എഫ്.പി.ഐ. നമ്പർ കത്ത് പ്രകാരം ജില്ലകളിൽനിന്നും വിശദാംശങ്ങൾ ചേർത്ത് സംസ്ഥാനത്തുനിന്നും ഒറ്റ പ്രൊപ്പോസലായാണ് കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## സുൽത്താൻ ബത്തേരി നഗരസഭ നിലവിൽ വരുന്നതിന് മുമ്പുള്ള പട്ടയ അപേക്ഷകൾ

307 (2903) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി നഗരസഭ നിലവിൽ വരുന്നതിന് മുമ്പ് വിവിധ റവന്യൂ ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന പട്ടയ അപേക്ഷകളിൻമേൽ പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകുമോ;

(ബി) അല്ലെങ്കിൽ ഇത്തരം കേസുകളിൽ 1995-ലെ മുനിസിപ്പൽ ഭൂപതിവ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) സുൽത്താൻ ബത്തേരി താലൂക്കിൽ സ്ഥിരമായി വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന ആദിവാസി കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിലേക്കായി വിലയ്ക്ക് വാങ്ങുന്നതിന് കണ്ടെത്തിയ ഭൂമിക്ക് റവന്യൂ അധികാരികൾ നിശ്ചയിച്ചിട്ടുള്ള വില തീരെ കുറവായതിനാൽ ഉടമകൾ ഭൂമി വിൽക്കാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ പുതിയ പ്രോജക്ട് തയ്യാറാക്കി അനുമതി നൽകുമോ?

### ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 4(5) പ്രകാരം ഒരു വില്ലേജ്, പഞ്ചായത്ത് മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുത്തുന്ന തീയതി മുതൽ മുനിസിപ്പാലിറ്റിക്ക് ബാധകമായ നികുതി നിരക്ക്, ഫീസ്, മറ്റ് ചാർജ്ജുകൾ പ്രാബല്യത്തിൽ വരുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഭൂമി പതിവ് സംബന്ധിച്ച് പ്രസ്തുത വില്ലേജ് പഞ്ചായത്ത് നഗരസഭയിൽ സംയോജിപ്പിച്ചതിനുശേഷം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെങ്കിലും നഗരസഭാ പരിധിയിൽ ഉൾപ്പെടുന്ന സർക്കാർ ഭൂമി പതിച്ചുനൽകേണ്ടത് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമായതിനാൽ പഞ്ചായത്ത് പ്രദേശം മുനിസിപ്പാലിറ്റിയായി വിജ്ഞാപനം ചെയ്ത് പ്രാബല്യത്തിൽവരുന്ന തീയതി മുതൽ പ്രസ്തുത ചട്ടങ്ങൾ പ്രകാരമാണ് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്.

(ബി) സുൽത്താൻ ബത്തേരി നഗരസഭ നിലവിൽവരുന്നതിനുമുമ്പ് വിവിധ റവന്യൂ ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന പട്ടയ അപേക്ഷകൾ 1995-ലെ മുനിസിപ്പൽ ഭൂപതിവ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി പരിഗണിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ/ജില്ലാ കളക്ടറിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) സുൽത്താൻബത്തേരി താലൂക്കിൽ സ്ഥിരമായി വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന ആദിവാസി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുവേണ്ടി കണ്ടെത്തിയ ഭൂമിയുമായി ബന്ധപ്പെട്ട് 22-6-2018-ലേക്ക് നിശ്ചയിച്ചിരിക്കുന്ന നെഗോസിയേഷൻ മീറ്റിംഗിന് ശേഷം മാത്രമേ ഭൂവുടമകളുടെ തീരുമാനം അറിയുന്നതിന് നിർവ്വാഹമുള്ളു.

**അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിലുള്ള കാലതാമസം**

308 (2904) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്നും പട്ടയം അനുവദിച്ചു കിട്ടുന്നതിനായി 2016-നു ശേഷം നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) എത്ര കേസുകളിൽ പട്ടയം അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(സി) പട്ടയം അനുവദിച്ചു കിട്ടുന്നതിന് അർഹതയുള്ള അപേക്ഷകരുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകരുണ്ടെന്ന് വിശദമാക്കാമോ;

(ഡി) അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) അർഹരായവർക്ക് എന്നത്തേക്ക് പട്ടയം അനുവദിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-ന് ശേഷം 264 പതിവ് അപേക്ഷകൾ ലഭിച്ചു.

(ബി) 21 സുനാമി പട്ടയങ്ങൾ അനുവദിച്ചു.

(സി) ഉണ്ട്. വില്ലേജാഫീസർമാരിൽ നിന്ന് റിപ്പോർട്ടുകൾ ലഭ്യമായതുപ്രകാരം ഇതുവരെ 30 പേർക്ക് അർഹതയുള്ളതാണ്.

(ഡി) പുതുവൈപ്പ്, പള്ളിപ്പുറം, കുഴുപ്പിള്ളി, എളങ്കുന്നപ്പുഴ വില്ലേജുകളിലെ പതിവ് അപേക്ഷകൾ ഉൾപ്പെട്ട സ്ഥലങ്ങൾ നിലവിലെ നിയമപ്രകാരം പതിച്ച് നൽകുന്നതിന് സാധിക്കാത്തവിധം തോട് പുറമ്പോക്ക്, സി.ആർ.ഇസഡ് പരിധി എന്നിവയിൽ ഉൾപ്പെട്ടുവരുന്ന ഭൂമികളാണ്.

(ഇ) പട്ടയ ഫയലുകളിൽ 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്. അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നു. ഡെപ്യൂട്ടി തഹസീൽദാർമാരുടെ ഫീൽഡ് പരിശോധനയും രേഖകൾ പരിശോധനയും ഊർജ്ജിതമായി നടന്നു വരുന്നു.

**പ്രകൃതിക്ഷോഭ നാശത്തിന് നഷ്ടപരിഹാരം**

309 (2905) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട്-കാട്ടാക്കട താലൂക്ക് പരിധിയിൽ പ്രകൃതിക്ഷോഭംമൂലം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതിന് നഷ്ടപരിഹാരം നൽകുന്നതിനായി എത്ര കേസ്സുകൾ നിലവിലുണ്ട്; ഇതിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ എത്ര കേസ്സുകളുണ്ട്; ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിനായി ശിപാർശ ചെയ്തിട്ടുള്ള തുക എത്രയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം എത്ര കേസുകളാണ് ഉണ്ടായിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ഇതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട്, കാട്ടാക്കട താലൂക്ക് പരിധിയിൽ പ്രകൃതിക്ഷോഭത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി 1834 കേസുകൾ നിലവിലുണ്ട്. ആയതിൽ 332 കേസുകൾ അരുവിക്കര നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുള്ളതാണ്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | ആര്യനാട് ഗ്രാമപഞ്ചായത്ത് | 79 |
| 2 | അരുവിക്കര ഗ്രാമപഞ്ചായത്ത് | 43 |
| 3 | ഉഴമലയ്ക്കൽ പഞ്ചായത്ത് | 44 |
| 4 | വിതുര ഗ്രാമപഞ്ചായത്ത് | 127 |
| 5 | തൊളിക്കോട് ഗ്രാമപഞ്ചായത്ത് | 39 |

ഇതിലേയ്ക്കായി ആകെ 2,63,86,195 (രണ്ട് കോടി അറുപത്തിമൂന്ന് ലക്ഷത്തി എൺപത്തിയാറായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ 2106 അപേക്ഷകൾ ലഭിച്ചതിൽ 1409 അപേക്ഷകളിലായി ആകെ 2,53,00,000 (രണ്ട് കോടി അമ്പത്തിമൂന്ന് ലക്ഷം രൂപ മാത്രം) രൂപ വിതരണം ചെയ്തിട്ടുണ്ട്.

**ഓഖി ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം**

310 (2906) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി കാറ്റിൽ ഭാഗികമായും പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എത്ര പേർക്ക് നൽകി; ഇനിയും എത്ര പേർക്ക് നൽകുവാനുണ്ട്;

(ബി) കോവളം നിയോജകമണ്ഡലത്തിൽ വിവിധ പ്രകൃതിക്ഷോഭങ്ങളിൽ ഭാഗികമായും പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം ഏത് വർഷം വരെ വിതരണം ചെയ്തു; ഇനി എത്ര പേർക്ക് നഷ്ടപരിഹാരം നൽകുവാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കോവളം നിയോജകമണ്ഡലത്തിൽ വിവിധ പ്രകൃതിക്ഷോഭങ്ങളിൽ ഭാഗികമായും പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം 2017 വരെ വിതരണം ചെയ്തിട്ടുണ്ട്. ടി ഇനത്തിൽ ഇനിയും 129 പേർക്ക് നഷ്ടപരിഹാരത്തുക നൽകുവാനുണ്ട്.

**വീട് നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം**

311 (2907) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽനിന്ന് ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും എത്ര തുക അനുവദിച്ചു എന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 7,26,43,007 |
| കൊല്ലം | 5,25,35,121 |
| പത്തനംതിട്ട | 91,27,531 |
| ആലപ്പുഴ | 1,96,57,261 |
| കോട്ടയം | 91,08,790 |
| ഇടുക്കി | 1,05,36,099 |
| എറണാകുളം | 2,53,00,000 |
| തൃശ്ശൂർ | 2,23,69,132 |
| പാലക്കാട് | 1,62,63,406 |
| മലപ്പുറം | 2,43,71,020 |
| കോഴിക്കോട് | 1,06,45,700 |
| വയനാട് | 77,91,134 |
| കണ്ണൂർ | 2,39,59,610 |
| കാസർഗോഡ് | 1,40,92,999 |

(ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രൂക്ഷമായ കടലാക്രമണത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ

312 (T*2908) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷാരംഭത്തിനുമുമ്പായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി ഉണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം ഉണ്ടായ കടൽക്ഷോഭത്തിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) തീരത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിശദവിവരങ്ങൾ വിലയിരുത്തിവരുന്നു. 2018 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ 250-ഓളം മത്സ്യത്തൊഴിലാളി ഭവനങ്ങൾ ഉൾപ്പെടെ നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 6 പേരുടെ മത്സ്യ ബന്ധനോപകരണങ്ങൾ പൂർണ്ണമായും 5 പേരുടെ മത്സ്യബന്ധനോപകരണങ്ങൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. വിവിധ ജില്ലകളിൽ കടൽക്ഷോഭത്തിന്റെ ഫലമായി കടൽഭിത്തിക്കും തീരദേശ റോഡുകൾക്കും ചിലയിടങ്ങളിൽ കൃഷി വിളകൾക്കും നാശം സംഭവിച്ചിട്ടുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനങ്ങളും ആഗോളതാപനവും രൂക്ഷമായ കടൽ ക്ഷോഭത്തിന് കാരണമാകുന്നുണ്ട്. ഈ വർഷം കാലവർഷത്തിനുമുമ്പായി രൂപപ്പെട്ട ന്യൂനമർദ്ദവും ചുഴലിക്കാറ്റും കടലാക്രമണം രൂക്ഷമാകുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷമുണ്ടായ ഓഖി ചുഴലിക്കാറ്റ് കടലിന്റെ സ്വാഭാവികതയെ ബാധിച്ചിട്ടുണ്ട്. പലപ്പോഴും ഉയർന്ന ജനസാന്ദ്രതമൂലം തീരത്തോട് ചേർന്നാണ് വീടുകൾ സ്ഥിതി ചെയ്യുന്നത്. അതിനാൽ പരമാവധി വാസസ്ഥലങ്ങൾ സംരക്ഷിച്ചു കൊണ്ടാണ് തീരസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കുന്നത്. കടലിന്റെ സ്വാഭാവികമായ പ്രക്രിയകളെ പലപ്പോഴും ഇത് പ്രതിരോധിക്കുകയും നാശനഷ്ടങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്യാറുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) തീരശോഷണ ആഘാതം ലഘൂകരിക്കുന്നതിനായി കടൽഭിത്തിയിലുള്ള കേടുപാടുകൾ തീർക്കുന്നതിന് ജലസേചന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തീരശോഷണം സംബന്ധിച്ച മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്കും തീര ദേശവാസികൾക്കും സമയബന്ധിതമായി നൽകുവാൻ തീരദേശ പോലീസിനും ഫിഷറീസ് വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കൽ ഉപയോഗിച്ചുള്ള Rubble Mount Seawall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പാക്കിവരുന്നത്. കരിങ്കൽ ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ (CWPRS)/ഐ.ഐ.റ്റി.-യിൽനിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. ഓഖി ദുരന്തത്തെ തുടർന്ന് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ തകർന്ന കടൽഭിത്തികളുടെ പുനർനിർമ്മാണത്തിനും അടിയന്തര പ്രവൃത്തികൾക്കുമായി 2018 ജനുവരി മുതൽ മാർച്ച് വരെ 8 കോടി രൂപയുടെ 37 പ്രവൃത്തികൾക്ക് അനുമതി നൽകി നടപ്പാക്കിവരുന്നു. എറണാകുളം ജില്ലയിൽ വൈപ്പിൻ എടവനക്കാട് മേഖലയിൽ നാല് പുലിമുട്ടുകൾക്ക് 3.77 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ചെല്ലാനം മേഖലയിൽ ജിയോ ട്യൂബ് ഉപയോഗിച്ചുകൊണ്ടുള്ള കടൽഭിത്തികൾക്ക് 8 കോടി രൂപയുടെ അഞ്ച് പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം ഇതിനോടകം തന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ കടലാക്രമണം നേരിടുന്നതിന് 3 കോടി രൂപയുടെ അടിയന്തര പ്രവൃത്തികൾക്ക് ജലസേചന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

## പ്രകൃതിക്ഷോഭ നഷ്ടപരിഹാരത്തിന് പഞ്ചായത്ത് ഓവർസിയർമാരുടെ സർട്ടിഫിക്കറ്റ്

313 (2909) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പഞ്ചായത്ത് ഓവർസിയർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് പുതുതായി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതുവരെ വില്ലേജ് ഓഫീസർമാരുടെ മാത്രം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രകൃതിക്ഷോഭ ദുരന്തസഹായം ലഭ്യമാക്കിയിരുന്നതുപോലെ നടപടികൾ ലഘൂകരിച്ച് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗീകൃത പ്രകൃതി ദുരന്തത്തിൽ വീടുകൾക്കും കെട്ടിടങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഓവർസിയർ മുതൽ മുകളിലോട്ടുള്ള സാങ്കേതിക വിദഗ്ദ്ധരായ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന സാങ്കേതിക നാശനഷ്ട അവലോകന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ തുക അതത് വ്യക്തികൾക്ക് Direct Benificiary Transaction (DBT) വഴി നൽകേണ്ട ചുമതല ബന്ധപ്പെട്ട റവന്യൂ അധികാരികൾ നിർവ്വഹിക്കേണ്ടതാണെന്ന് 27-3-2018-ലെ സ.ഉ.(കൈ)നമ്പർ 3/2018/ ഡി.എം.ഡി. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സുതാര്യമായ രീതിയിൽ അർഹരായവർക്ക് സമയബന്ധിതമായി ആശ്വാസ സഹായം (Relief Assistance) അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ മേൽനിർദ്ദേശം നൽകിയിട്ടുള്ളത്. പ്രസ്തുത നിർദ്ദേശം പുന:പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

**ദുരന്തങ്ങൾ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ**

314 (2910) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്തങ്ങൾ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് ശിപാർശകൾ;

(ബി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ മഴക്കാലത്ത് ഹൈറേഞ്ച്പോലുള്ള പ്രദേശങ്ങളിൽ മണ്ണിടിച്ചിലും, ഉരുൾപൊട്ടലും ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ദുരന്ത നിവാരണ അതോറിറ്റി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഓഖി ദുരന്തത്തെ തുടർന്ന് ഭാവിയിൽ ഇത്തരം ദുരന്തം ഉണ്ടായാൽ അവയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ബഹു. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 11-6-2018-ന് യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. മേയ് 25, ജൂൺ 7, ജൂൺ 11 എന്നീ ദിവസങ്ങളിൽ ജില്ലകൾക്ക് ഉരുൾപൊട്ടൽ സാധ്യത സംബന്ധിച്ച് "തുടർച്ചയായി മഴ ലഭിച്ചതിനാൽ, ശക്തമായ മഴ, പെട്ടെന്നുള്ള വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയ്ക്ക് കാരണമാകാമെന്നും ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് (7 pm. to 7 am.) മലയോര മേഖലയിലേക്കുള്ള യാത്ര പരിമിതപ്പെടുത്തുവാൻ പോലീസിന് നിർദ്ദേശം നൽകണം" എന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ Section 3.21.1 Landside Mitigation-ൽ ഉരുൾപൊട്ടൽ സാധ്യത ലഘൂകരിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ ജില്ലാ അതോറിറ്റികളോട് ശിപാർശ ചെയ്തിട്ടുണ്ട്. ഉരുൾപൊട്ടൽ സാധ്യത കൂടുതലുള്ള വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയും Satellite Based Internet and Telephone സംവിധാനം നൽകുകയും ചെയ്തു. കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച ഭൂപടം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ http://sdma.kerala.gov.in/maps പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

16-5-2018-ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കാലവർഷ-തുലാവർഷ അവലോകന യോഗം നടത്തിയിരുന്നു. കാലവർഷ-തുലാവർഷ മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിനായി വിവിധ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച പരിപത്രത്തിലെ ഐറ്റം നമ്പർ 26-29 എന്നിവയിൽ ഉരുൾപൊട്ടൽ സാധ്യത ലഘൂകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

**പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾ**

315 (2911) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും സിവിൽ പ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിന് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 8-4-2015-ലെ 32-7/2014-NDM-1 നമ്പർ കത്ത് Manual on Administration of State Disaster Response Fund and National Disaster Response Fund, 2013, 30-7-2015-ലെ 33-5/2015-

NDM-1 കത്ത് എന്നിവ പ്രകാരമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാനദണ്ഡം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. 27-3-2018-ലെ സ.ഉ.(കൈ) നമ്പർ 3/2018/ഡി.എം.ഡി. പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പ്രകൃതിക്ഷോഭത്തിൽ/ദുരന്തത്തിൽ കേടുപാട് സംഭവിച്ച റോഡുകൾ/ പാലങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി ഉത്തരവായിട്ടുള്ളതാണ്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിലുള്ള മാനദണ്ഡപ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അംഗീകൃത ദുരന്തത്തിൽ തകർന്ന റോഡുകളുടെ/പാലങ്ങളുടെ പുനർ നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് അനുവദനീയം. പുതിയ നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ അനുമതിയില്ല.

## കാലവർഷക്കെടുതികൾമൂലമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ

316 (2912) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ലെ പ്രകൃതിക്ഷോഭം,കാലവർഷക്കെടുതി എന്നിവമൂലമുള്ള പുനരുദ്ധാരണ പണികൾക്ക് ഉത്തരവ് നമ്പർ 5591/2016/ഡി.എം.ഡി. തീയതി 21-12 -2016 പ്രകാരവും, ഉത്തരവ് നമ്പർ 83/2017/DMD-11/12/2017 പ്രകാരവും കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കുട്ടമ്പുഴ, കോട്ടപ്പടി, പിണ്ടിമന, പല്ലാരിമംഗലം, കരീരംപാറ, നെല്ലിക്കുഴി, കോതമംഗലം മുനിസിപ്പാലിറ്റി തുടങ്ങിയ പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ എത്ര തുകയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇനിയും ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാനുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) മുഴുവൻ പ്രവൃത്തികളും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 21-12-2016-ലെ സ.ഉ.(സാധാ) നമ്പർ 5591/2016/ഡി.എം.ഡി. 11-12-2017-ലെ സ.ഉ.(സാധാ) നമ്പർ 83/2017/ഡി.എം.ഡി. എന്നീ ഉത്തരവുകൾ പ്രകാരം എറണാകുളം ജില്ലയിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുവദിച്ച പ്രവൃത്തികളിൽ നാല് പ്രവൃത്തികൾ ആരംഭിക്കുകയും അവയിൽ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) അനുവദിച്ച പ്രവൃത്തികളിൽ 10 പ്രവൃത്തികൾ ആരംഭിക്കുവാനുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുണ്ടായ കാലതാമസംമൂലമാണ് പ്രവൃത്തികൾ ആരംഭിക്കുവാൻ വൈകുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിർവ്വഹണാനുമതി നൽകുന്നതിന് സാധിക്കുകയുള്ളൂ. കൂടാതെ ആറ് പ്രവൃത്തികൾ ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം പുനരുദ്ധാരണം നടത്തുന്നതിന് സാധിക്കാത്ത പ്രവൃത്തികളാണ്.

## കാലവർഷക്കെടുതികൾ നേരിടാൻ സ്വീകരിച്ച നടപടികൾ

317 (2913) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷക്കെടുതികൾ നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷം കാലവർഷക്കെടുതി പരിഹരിക്കാൻ എത്ര രൂപ, ഏതെല്ലാം കാര്യങ്ങൾക്ക് ചെലവഴിച്ചു എന്നറിയിക്കാമോ;

(സി) കഴിഞ്ഞ വർഷം കാലവർഷക്കെടുതിക്ക് കേന്ദ്രസഹായം ലഭിച്ചിരുന്നോ; എങ്കിൽ എത്ര; അതിൽ നിന്ന് എത്ര രൂപ ചെലവഴിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 16-5-2018-ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കാലവർഷ-തുലാവർഷ അവലോകന യോഗം നടത്തുകയുണ്ടായി. കാലവർഷ-തുലാവർഷ മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിനായി വിവിധ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിക്കൊണ്ട് 28-5-2018-ന് പരിപത്രം പുറപ്പെടുവിച്ചു. ബഹു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 11-6-2018-ന് യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. കാലവർഷക്കെടുതികൾ നേരിടുന്നതിനായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുള്ളതും ആവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. സംസ്ഥാനതലത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിലവിലുള്ള കൺട്രോൾ റൂമിൽ മറ്റ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഏത് അടിയന്തരഘട്ടവും നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. നേരിട്ട് ദുരന്ത നിവാരണത്തിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിന് സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ചു. സ്കൂൾ സുരക്ഷ സംബന്ധിച്ച് ജൂൺ 1, 2 തീയതികളിൽ റവന്യൂ വകുപ്പ് മന്ത്രി വിശദമായ കുറിപ്പ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ശ്രദ്ധയ്ക്കായി പുറപ്പെടുവിച്ചു.

(ബി) കഴിഞ്ഞ വർഷം കാലവർഷക്കെടുതി പരിഹരിക്കാൻ 136,58,55,419 (നൂറ്റി മുപ്പത്തിയാറ് കോടി അമ്പത്തിയെട്ട് ലക്ഷത്തി അമ്പത്തയ്യായിരത്തി നാന്നൂറ്റി പത്തൊമ്പത് രൂപ മാത്രം) രൂപ വീടുകൾക്കുള്ള നാശനഷ്ടം മരണപ്പെട്ടവർ, ദുരിതാശ്വാസ ക്യാമ്പ്, മാറ്റിപ്പാർപ്പിക്കൽ, വെള്ളപ്പൊക്ക മേഖലയിലെ ഭക്ഷണം, വസ്ത്രം, കിണറിന് നാശം സംഭവിച്ചതിന്, വളർത്തുമൃഗങ്ങൾക്ക് നാശം സംഭവിച്ചതിന്, റോഡ്/പാലം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തി, കരകൗശല വസ്തുക്കൾക്കുണ്ടായ നഷ്ടം, മൃഗസംരക്ഷണം, മരമുറി, നിത്യോപയോഗ സാധനങ്ങൾ നഷ്ടപ്പെട്ടതിനുള്ള സഹായം, പരിക്കേറ്റവർ, കൃഷിനാശം, മത്സ്യബന്ധനോപകരണങ്ങൾക്കുണ്ടായ നഷ്ടം എന്നിവയ്ക്കായി ചെലവഴിച്ചു.

(സി) ലഭിച്ചിരുന്നില്ല.

**കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടം**

318 (T*2914) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ 2 വർഷം കാലാവസ്ഥാക്കെടുതിമൂലം എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 2 വർഷത്തെ കാലാവസ്ഥാക്കെടുതിക്ക് കേന്ദ്രസർക്കാരിൽ നിന്ന് എത്ര രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് എത്ര കത്തുകൾ അയച്ചിട്ടുണ്ട്; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

---

*T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും കഴിഞ്ഞവർഷമുണ്ടായ ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് 133 കോടി രൂപയും കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

(സി) 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 21-6-2017-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 76/കെ.1/2017/ഡി.എം.ഡി. പ്രകാരം കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*).

**നെൽവയൽ-തണ്ണീർത്തടങ്ങൾ മണ്ണിട്ട് നികത്തുന്നതായ പരാതി**

319 (2915) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ആർ.ഡി.ഒ. ഓഫീസിൽ നെൽവയൽ-തണ്ണീർത്തടങ്ങൾ മണ്ണിട്ട് നികത്തുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ കഴിഞ്ഞ പത്ത് വർഷമായിട്ടും ഉദ്യോഗസ്ഥർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരുവിവരം വിശദമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കുമോ?

<u>ഉത്തരം</u>

(എ) സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ തരംമാറ്റലുകൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലമെന്നോ തത്തുല്യമായോ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ അനധികൃത തരംമാറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കക്ഷികളെ നേരിൽ കേൾക്കുകയും തഹസീൽദാർ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കുകയും കൂടുതൽ വ്യക്തത ആവശ്യമുള്ളപക്ഷം സ്ഥല പരിശോധന നടത്തുകയും അനധികൃത തരംമാറ്റം നടന്നതായി കണ്ടാൽ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തുവരുന്നു.

(സി) ഈ കേസുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുള്ളതായി അറിയില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഐ.എസ്.ആർ.ഒ.യ്ക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമി

320 (2916) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിലുൾപ്പെടുന്ന 2739.04 ആർ ഭൂമി ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഐ.എസ്.ആർ.ഒ.- യ്ക്ക് വേണ്ടി ഏറ്റെടുക്കുന്നതിന് 1-6-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി )നമ്പർ 2505/17/ റവ. പ്രകാരം നൽകിയ ഭരണാനുമതി അനുസരിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉടമസ്ഥരുമായി എന്തെങ്കിലും ചർച്ച നടത്തിയോ; വ്യക്തമാക്കുമോ;

(സി) ഭൂമിയുടെ വില റവന്യൂ വകുപ്പ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേന്ദ്ര നിയമമനുസരിച്ച് ഭൂമിയുടെ വില നിശ്ചയിക്കുന്നതിൽ ഈ സർക്കാർ പല മാനദണ്ഡങ്ങളും സ്വീകരിച്ചതു പോലെ ഐ.എസ്.ആർ.ഒയ്ക്ക് വേണ്ടി എടുക്കുന്ന ഭൂമിയിൽ പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിലുൾപ്പെടുന്ന 2739.04 ആർ ഭൂമി വലിയമലയിൽ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റം സെന്ററിന് (LPSC) വേണ്ടി ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 1-6-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2505/17/റവ. പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സർവ്വേ പൂർത്തിയാക്കി ബി.വി.ആർ. തയ്യാറാക്കി ഡി.എൽ.പി.സി. യോഗം കൂടുന്നതിന് നടപടി സ്വീകരിച്ചുവരവെ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം

നടപടി സ്വീകരിക്കുവാൻ അർത്ഥനാധികാരി ആവശ്യപ്പെട്ടതനുസരിച്ച് എസ്.ഐ.എ. പഠനത്തിനായി എസ്.ഐ.എ. യൂണിറ്റ് നിശ്ചയിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എസ്.ഐ.എ. ക്വട്ടേഷൻ ലഭ്യമാകുന്ന മുറയ്ക്ക് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് എസ്.ഐ.എ. പഠനം നടത്തി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി&സി) ഇല്ല.

(ഡി) ഈ പദ്ധതിക്കുവേണ്ടിയുള്ള ഭൂവില നിശ്ചയിക്കുന്നത് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ ഷെഡ്യൂൾ ഒന്ന് പ്രകാരമാണ്. ഈ പദ്ധതിക്കുവേണ്ടി പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

## കല്ലട ജലസേചന പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത വസ്തു

321 (2917) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലട ജലസേചന പദ്ധതിക്കുവേണ്ടി ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ മുൻ സർവ്വേ നമ്പർ 220/2-15 ലും മുൻ തണ്ടപ്പേർ നമ്പർ 7694 ലും പെട്ട 45.50 സെന്റ് വസ്തുവിൽ നിന്നും 152/78-79-ാം നമ്പർ അവാർഡ് പ്രകാരം എത്ര സെന്റ് വസ്തു സർക്കാർ ഏറ്റെടുത്തിട്ടുണ്ട്?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## മൂലത്തറ ആർ.ബി.സി.-യുടെ സ്ഥലമെടുപ്പ് നടപടികൾ

322 (2918) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മൂലത്തറ ആർ.ബി.സി യുടെ സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ ഇന്നേവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഒരു പദ്ധതിയുടെ സ്ഥലമെടുപ്പിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ; മൂലത്തറ ആർ.ബി.സി.യുടെ സ്ഥലമെടുപ്പിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന ഒരു റിപ്പോർട്ട് സഭയ്ക്ക് നൽകാമോ;

(സി) സ്ഥലമെടുപ്പ് തഹസീൽദാർ ഓഫീസ് കൂടുതൽ കാര്യക്ഷമമാക്കാനും ജീവനക്കാർ സമയബന്ധിതമായി സർവേ, സ്ഥലമെടുപ്പ് സംബന്ധിച്ച ജോലികൾ ചെയ്ത് ഭൂമി ജലസേചന വകുപ്പിന് കൈമാറാനും എന്തൊക്കെ നടപടികളാണ് ജില്ലാ ഭരണകൂടം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച സമയബന്ധിതമായ ഒരു ആക്ഷൻ പ്ലാൻ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നത് LARR Act, 2013, NH Act, 1956 (ദേശീയ പാതയ്ക്കുവേണ്ടി) എന്നീ നിയമങ്ങൾ പ്രകാരമാണ്. LARR Act -2013 പ്രകാരം സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ ഭൂവുടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത നിയമത്തിലെ Section 108 പ്രകാരം ഭൂവുടമകളുമായി negotiation നടത്തി സ്ഥലവില നിർണ്ണയിക്കുവാൻ നിയമം അനുശാസിക്കുന്നു. ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്ന അവസരങ്ങളിൽ ഭരണ വകുപ്പ് വ്യക്തമായ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. ഭരണ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചതിനു ശേഷം നിലവിലുള്ള നിയമപ്രകാരം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈലെവൽ കമ്മിറ്റിയുടെ (HLC) അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുക്കുന്നതിന് അംഗീകാരം നൽകികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് ഭൂ ഉടമകളെ വിളിച്ചുകൂട്ടി DLFC കൂടേണ്ടതുമാണ്. DLFC അംഗീകരിച്ച വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) മുമ്പാകെ സമർപ്പിക്കുന്നു. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകരിച്ച വിലയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്ഥലവില അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരമാണ് direct/negotiated purchase പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നത്.

27-3-2018-ലെ സ.ഉ.(സാധാ) 1122/2018/RD നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കോഴിപ്പതി, എരുത്തേമ്പതി എന്നീ വില്ലേജുകളിലുൾപ്പെട്ട 806.82 ആർ സ്ഥലം മൂലത്തറ റൈറ്റ് ബാങ്ക് കനാലിന്റെ വികസനത്തിനായി ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 16-4-2018-ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും എൽ.എ. (ജനറൽ) 2 സ്പെഷ്യൽ തഹസിൽദാരെ എൽ.എ.ഒ.

ആയി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അർത്ഥനാധികാരി സമർപ്പിച്ച അലൈൻമെന്റ് സ്കെച്ചും ഭൂമിയുടെ ഷെഡ്യൂളും അനുസരിച്ച് സർവ്വേ ജോലികൾ ആരംഭിച്ചു. സർവ്വേ നടപടികൾ ആരംഭിച്ചപ്പോൾ ചില സ്ഥലങ്ങൾ 10 മീറ്റർ വീതിയിൽ കല്ലിട്ടിരിക്കുന്നതെങ്കിൽ മറ്റു ചില ഭാഗത്ത് 5 മീറ്റർ വീതിയിലും 7 മീറ്റർ വീതിയിലും കല്ല് സ്ഥാപിച്ചിട്ടുള്ളതിനാൽ സർവ്വേ ജോലികൾ കൃത്യമായി നടത്താൻ കഴിയാത്ത അവസ്ഥ നിലവിലുള്ളതിനാൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) വിളിച്ചുകൂട്ടിയ യോഗത്തിൽ റിക്വിസിഷൻ അതോറിറ്റിയോട് 10 മീറ്റർ അകലത്തിൽ സർവ്വേ കല്ല് സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. റിക്വിസിഷൻ അതോറിറ്റി 10 മീറ്റർ അകലത്തിൽ സർവ്വേ കല്ല് സ്ഥാപിക്കുന്ന മുറയ്ക്ക് ജില്ലാതല പർച്ചേസ് കമ്മിറ്റികൂടി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി&ഡി) പദ്ധതിക്കായി 2 സർവ്വേയർമാരെ അധികമായി നിയോഗിച്ച് അടിയന്തരമായി സർവ്വേ ജോലികൾ തീർക്കാൻ ഉദ്ദേശിക്കുന്നു. റിക്വിസിഷൻ അതോറിറ്റി 10 മീറ്റർ അകലത്തിൽ സർവ്വേ കല്ല് സ്ഥാപിക്കുന്ന മുറയ്ക്ക് സർവ്വേ ജോലികൾ പൂർത്തീകരിച്ച് സ്ഥലവില നിർണ്ണയിക്കുന്നതിനുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടി ശിപാർശ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ റോഡിന് വീതികൂട്ടൽ**

323 (2919) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചാവക്കാട്-കാഞ്ഞാണി പാതയിൽ എനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡിന്റെ ഇടുങ്ങിയ ഭാഗം വീതികൂട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും 2015-ൽ 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തിയാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിനായി ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുത്ത് റോഡ് വീതികൂട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) വളരെയേറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നതിനാൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ-സി) മണലൂർ മണ്ഡലത്തിലെ ചാവക്കാട്-കാഞ്ഞാണി പാതയിൽ എനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡിന്റെ ഇടുങ്ങിയ ഭാഗം വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് 2013-ലെ LARR ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി 9-8-2017-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് അർത്ഥന ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് റിക്വിസിഷൻ അതോറിറ്റി സർവ്വേ കല്ലുകൾ സ്ഥാപിക്കുകയോ, അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ ജില്ലാ കളക്ടർക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വേക്കല്ലുകൾ സ്ഥാപിച്ച് അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ഭരണവകുപ്പിന് സമർപ്പിക്കുന്നതാണ്. പ്രസ്തുത ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഹൈലെവൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരമോ, LARR Act, 2013 പ്രകാരമോ എന്ന് തീരുമാനിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## സ്പൈസസ് പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി

324 (2920) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ സ്പൈസസ് പാർക്കിനായി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) കിൻഫ്രയ്ക്കുവേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്;

(സി) പ്രസ്തുത സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) മുട്ടം സ്പൈസസ് പാർക്കിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 13-11-2017-ൽ കൂടിയ എസ്.എൽ.ഇ.സി. യോഗത്തിൽ സ്ഥലവില അംഗീകരിക്കുകയും 18-11-2017-ലെ സ.ഉ.(സാധാ) നമ്പർ4926/2017/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എസ്.എൽ.ഇ.സി. അംഗീകരിച്ച വിലയുടെ അടിസ്ഥാനത്തിൽ സമ്മതം നൽകിയ 36 കക്ഷികളുടെ 18.925 ഹെക്ടർ സ്ഥലത്തിന്റെ ആധാരങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കി ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് നിയമോപദേശത്തിന്

അയയ്ക്കുകയും ചെയ്യു. നിയമോപദേശം ലഭിച്ച കേസുകൾ സംബന്ധിച്ച വിവരങ്ങൾ കിൻഫ്ര മാനേജർക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കിൻഫ്ര സ്ഥലപരിശോധന നടത്തി ആധാരങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) മുട്ടം സ്പൈസസ് പാർക്കിനുവേണ്ടി കിൻഫ്ര ഏകദേശം 36.75 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളത്.

(സി) നെഗോഷ്യബിൾ പർച്ചേസ് പ്രകാരം വില നിശ്ചയിച്ച സ്ഥലങ്ങൾ കിൻഫ്ര നേരിട്ട് രജിസ്റ്റർ ചെയ്താണ് ഏറ്റെടുക്കുന്നത്. ആയതിലേയ്ക്ക് കിൻഫ്രയുടെ പ്രത്യേക സംഘം ആധാരങ്ങൾ പരിശോധിച്ചുവരുന്നു.

**കുളിമാട് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് ഭൂമി**

325 (2921) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയറക്ട്/നെഗോഷ്യബിൾ പർച്ചേസ് വഴി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ കുളിമാട് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് വാഴക്കാട് വില്ലേജിലെ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നത് LARR Act, 2013, NH Act, 1956 (ദേശീയപാതയ്ക്കുവേണ്ടി) എന്നീ നിയമങ്ങൾ പ്രകാരമാണ്. LARR Act, 2013 പ്രകാരം സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ ഭൂവുടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നല്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത നിയമത്തിലെ സെക്ഷൻ 108 പ്രകാരം ഭൂവുടമകളുമായി നെഗോസിയേഷൻ നടത്തി സ്ഥലവില നിർണ്ണയിക്കുവാൻ നിയമം അനുശാസിക്കുന്നു. മേൽ സാഹചര്യത്തിൽ ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നു. ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്ന അവസരങ്ങളിൽ ഭരണ വകുപ്പ് വ്യക്തമായ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. ഭരണ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചതിനു ശേഷം നിലവിലുള്ള നിയമപ്രകാരം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈ ലെവൽ കമ്മിറ്റിയുടെ (HLC) അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവ്

പുറപ്പെടുവിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് ഭൂ ഉടമകളെ വിളിച്ചുകൂട്ടി DLFC കൂടേണ്ടതുമാണ്. DLFC അംഗീകരിച്ച വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) മുമ്പാകെ സമർപ്പിക്കുന്നു. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകരിച്ച വിലയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്ഥലവില അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ബി&സി) കോഴിക്കോട് ജില്ലയിലെ കുളിമാട് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് വാഴക്കാട് വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽ നിന്നുമായി 21.06 ആർ സ്ഥലം 1894-ലെ സ്ഥലമെടുപ്പ് നിയമപ്രകാരം ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ DLPC കൂടി 17-6-2015-ലെ സ.ഉ.(ആർ.റ്റി) 3063/2015/ആർ.ഡി. പ്രകാരം സ്ഥലവില (SLEC അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ) അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ഡിക്ലറേഷൻ പുറപ്പെടുവിച്ച് 2 വർഷത്തിനുള്ളിൽ അവാർഡ് പാസ്സാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത സ്ഥലമേറ്റെടുക്കുന്നതിനുള്ള കാലാവധി 11-7-2016-ൽ അവസാനിച്ചിട്ടുള്ളതാണ്. പഴയ സ്ഥലമെടുപ്പ് നിയമപ്രകാരം ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടികൾ കാലഹരണപ്പെട്ടിട്ടുള്ളതുമായ സാഹചര്യത്തിൽ 17-6-2015-ലെ സ.ഉ.(ആർ.റ്റി) 3063/2015/ആർ.ഡി. പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ തുടരുവാൻ അനുവാദം നല്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ പുതിയ ആക്ട് നിലവിൽ വന്നതിനാലും, 1894-ലെ പഴയ ആക്ട് പ്രകാരം denova ആയിട്ടുള്ള സാഹചര്യത്തിലും പഴയ സ്ഥലവില അംഗീകരിച്ച് നല്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത ശിപാർശ നിരാകരിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയത്തിൽ തീരുമാനത്തിനായി ഹൈലെവൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച അവസരത്തിൽ LARR Act, 2013-ലെ വ്യവസ്ഥകൾ പാലിച്ച് direct/negotiated purchase പ്രകാരം ഭൂമി ഏറ്റെടുക്കുവാൻ കമ്മിറ്റി തീരുമാനിക്കുകയും 25-4-2018-ലെ G.O.(Rt.)1499/2018/RD പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. മേൽ ഉത്തരവ് പ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് DLFC കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള ശിപാർശ ജില്ലാ കളക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഭൂമി

326 (2922) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആൻഡ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്യുസിഷൻ , റിഹാബിലിറ്റേഷൻ, റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരം പാലം, റോഡ് മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും കാലതാമസം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള കാലതാമസം സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളെ പുറകോട്ടടിപ്പിക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ലഘൂകരിക്കുന്നതിന് നിലവിലുള്ള നിയമവ്യവസ്ഥയിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വികസനപ്രവർത്തനങ്ങൾക്കായി നിർബന്ധമായും ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ ഏറ്റെടുക്കൽ പ്രക്രിയ ലഘൂകരിക്കുന്നതിനോടൊപ്പം ഭൂമി വിട്ടു നൽകുന്നവർക്ക് എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ, റീസെറ്റിൽമെന്റ് നിയമനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്ന സാഹചര്യങ്ങളിൽ ചുരുങ്ങിയത് രണ്ട് വർഷത്തിലധികം കാലതാമസം ഉണ്ടാകാറുണ്ട്. പ്രസ്തുത നിയമപ്രകാരം ഒരു പ്രത്യേക പ്രോജക്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ 6 മാസത്തിനകം സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കേണ്ടതും 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം 19(1) പ്രകാരമുള്ള പ്രഖ്യാപനവും അതിനുശേഷം ഒരു വർഷത്തിനകം അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുമ്പോൾ 2 വർഷത്തിലധികം കാലതാമസം വരാൻ സാഹചര്യമുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയകൾ ലഘൂകരിക്കുന്നതിന് Direct/Negotiated പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സാധാരണയായി ഭൂമി ഏറ്റെടുക്കേണ്ട അവസരങ്ങളിൽ ഭൂവുടമകൾ ഭൂമി വിട്ടുനൽകാൻ തയ്യാറാകുന്നപക്ഷം ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

(സി) പൊതുആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act 2013-ലെ ഷെഡ്യൂൾ 1 പ്രകാരം കോമ്പൻസേഷനും ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്.) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

## ഗ്ലോബൽ ആയുർവേദ വില്ലേജിന് ഭൂമി

327 (2923) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല അയിരൂർ ഗ്ലോബൽ ആയുർവേദ വില്ലേജിന് ഭൂമി വിട്ടുനൽകുന്നതിനായി എത്ര ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി വിട്ടു നൽകുന്നതിന് സമ്മതപത്രം നൽകിയവർക്ക്, വില നൽകി ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾക്കായി ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 52 ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടുണ്ട്.

(ബി) സമ്മതപത്രം നൽകിയ കക്ഷികളിൽ 23 കേസുകളിൽ ടൈറ്റിൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി നേരിട്ട് വിലയാധാരം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതും ബാക്കി കേസുകളിൽ ടൈറ്റിൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് പ്ലീഡറിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(സി) നടപടി ത്വരിതപ്പെടുത്തിവരുന്നു.

## കഴക്കൂട്ടം-കാരോട് ബൈപ്പാസ് റോഡ്

328 (2924) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കാരോട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത തീയതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരതുക പൂർണ്ണമായും നൽകിയോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരത്തുക നിശ്ചയിച്ചത് സുതാര്യവും നിയമാനുസൃതവുമായാണോ എന്ന് പരിശോധിക്കുമോ; നഷ്ടപരിഹാരത്തുക നിശ്ചയിച്ചതിൽ അപാകതകൾ ഉള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നഷ്ടപരിഹാര തുക നൽകിയപ്പോൾ കുറച്ച് പേർക്ക് 15% ഉയർത്തിയും മറ്റുള്ളവർക്ക് 50% ഉയർത്തിയും നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഒരേ ആവശ്യത്തിന് സ്ഥലമേറ്റെടുത്തപ്പോൾ ഒരേ തരത്തിലുള്ള നഷ്ടപരിഹാര തുക നൽകേണ്ടതായതിനാൽ അപാകതകൾ പരിഹരിയ്ക്കുവാൻ നടപടി സ്വീകരിയ്ക്കുമോ; എന്നേയ്ക്ക് ഇതിന്റെ നടപടി പൂർത്തിയാക്കും;വ്യക്തമാക്കാമോ;

(ഡി) പ്രശ്നത്തിന് പരിഹാരം കാണാൻ തിരുവനന്തപുരം കളക്ടറേറ്റുമായി ബന്ധപ്പെട്ട് ഏജന്റുമാർ പണപ്പിരിവ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കഴക്കൂട്ടം-കാരോട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് എൽ.എ. (എൻ.എച്ച്.) ആക്ട്, 1956 പ്രകാരമുള്ള 3(എ) നോട്ടിഫിക്കേഷൻ എസ്.ഒ. 540(ഇ) 22-3-2012 തീയതിയിലും, 3(ജി) വിജ്ഞാപനം 7-2-2014 തീയതിയിലും പ്രസിദ്ധപ്പെടുത്തി സ്ഥലം പൂർണ്ണമായി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതാണ്. കോടതിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുള്ള, തർക്കം നിലനിൽക്കുന്ന കേസുകളിലും ആവശ്യമായ റിക്കാർഡുകൾ ഹാജരാകാത്ത കേസുകളിലുമാണ് നഷ്ടപരിഹാര തുക നൽകാനുള്ളത്.

(ബി) സുതാര്യവും നിയമാനുസൃതവുമായിത്തന്നെയാണ് നഷ്ടപരിഹാര തുക നിശ്ചയിച്ച് നൽകിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴക്കൂട്ടം-കാരോട് ബൈപ്പാസ് എൽ.എ. ആർബിട്രേഷനുമായി ബന്ധപ്പെട്ട ആദ്യത്തെ 164 കേസുകളിൽ ഭൂമിവിലയുടെ 15% വർദ്ധനവ് അനുവദിച്ച് മുൻ ആർബിട്രേറ്റർ & ജില്ലാ കളക്ടർ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തുടർന്നുള്ള കേസുകളിൽ നിലവിലെ ആർബിട്രേറ്റർ & ജില്ലാ കളക്ടർ ആയത് 50% ആയി വർദ്ധിപ്പിച്ച് നൽകുകയാണുണ്ടായത്. ആർബിട്രേഷൻ അവാർഡിൻമേൽ പരാതിയുള്ള പക്ഷം, അപേക്ഷാ കക്ഷിക്ക് ആർബിട്രേഷൻ കൺസിലിയേഷൻ ആക്ട് 1996, സെക്ഷൻ 34 പ്രകാരം പ്രിൻസിപ്പൽ സിവിൽ കോടതിയെ സമീപിക്കാവുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർക്കാർ ഏറ്റെടുത്ത അവകാശികൾ ഇല്ലാത്ത ഭൂമി

329 (2925) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അവകാശികൾ ഇല്ലാത്ത എത്ര ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) അങ്ങനെയുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6 ജില്ലകളിലായി അവകാശികളില്ലാത്ത 1785.7077 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി * ചേർത്തിട്ടുണ്ട്.

(ബി) കേരള എസ്ചീറ്റ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട് 1964-ന്റെ കീഴിൽ ഉണ്ടാക്കിയ 1965-ലെ ചട്ടങ്ങൾ പ്രകാരമാണ് അന്യം നിൽപ്പുഭൂമി സർക്കാർ ഏറ്റെടുക്കുന്നത്. ഇതുസംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കുമാരനല്ലൂർ-കൽപ്പൂര വയലിലെ മിച്ചഭൂമി

330 (2926) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്ത കോഴിക്കോട് താലൂക്ക് കുമാരനെല്ലൂർ വില്ലേജ് കൽപൂര വയലിൽ അർഹരായ ആളുകൾക്ക് ഇനിയും പതിച്ചുകൊടുക്കാത്ത ഭൂമി അവശേഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ പതിച്ചു കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) അവശേഷിക്കുന്ന ഭൂമി സർവ്വേ നടത്തി അതിരുകൾ നിശ്ചയിക്കുന്നതിനും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഡി) പഴയ പട്ടിക റദ്ദ് ചെയ്ത്, പുതിയ അപേക്ഷ സ്വീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. 1.40 ഏക്കർ സ്ഥലം അവശേഷിക്കുന്നുണ്ട്.

(ബി) ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ആക്ഷേപം ഉന്നയിച്ച് പൊതുജനങ്ങൾ തുടർനടപടി തടസ്സപ്പെടുത്തിയതിനെത്തുടർന്ന് പതിവ് നടപടി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(സി) കയ്യേറ്റമില്ല. മുമ്പ് സർവ്വേ നടത്തി അതിരുകൾ നിശ്ചയിച്ചതാണ്.

(ഡി) പരിശോധിച്ചുവരുന്നു.

## ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി തിരിച്ചുപിടിക്കാനുള്ള ഉത്തരവ്

331 (2927) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള മുപ്പത് ഏക്കറോളം വരുന്ന ഭൂമി തിരിച്ചുപിടിക്കാനുള്ള സർക്കാർ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) ഈ കേസിൽ ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ എന്തെല്ലാമാണ്;

(സി) സർക്കാർഭൂമി നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം മേൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്ന് ഭൂമി വാങ്ങിയ വൻകിട കമ്പനികളും അനധികൃതമായി കൈവശംവച്ചിരിക്കുന്ന 30,019.95 ഏക്കർ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുവേണ്ടി സ്പെഷ്യൽ ഓഫീസർ & കളക്ടർ ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കിയിട്ടുണ്ട്.

(ബി) കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് ടി കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും നേടിയിട്ടുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച ഉത്തരവുകളും രേഖകളും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കാൻ അധികാരമില്ലെന്ന

നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കമ്പനികൾക്ക് ഉടമസ്ഥാവകാശം ഉണ്ടെന്ന് തങ്ങൾ കണ്ടെത്തിയിട്ടില്ലെന്നും ഉടമസ്ഥാവകാശം പരിശോധിച്ചിട്ടില്ലെന്നും ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. ടി കമ്പനികൾ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ തെറ്റായും നിയമവിരുദ്ധമായും സമ്പാദിച്ചതാണെന്ന് സർക്കാരിന് വാദമുണ്ടെങ്കിൽ അവ റദ്ദാക്കുന്നതിനുള്ള ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും ഇതിനായി കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ലെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് സർക്കാരിന് വേണമെങ്കിൽ സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും കോടതിയുടെ പ്രധാന നിരീക്ഷണങ്ങളിലുണ്ട്.

(സി) ബഹു. ഹൈക്കോടതിയുടെ 11-4-2018-ലെ WP(C)33122/14-ലെ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ താൽപ്പര്യങ്ങൾക്ക് ഹാനികരമായിട്ടുള്ളതാകയാൽ ടി വിധിക്കേതിരെ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### പാട്ടക്കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക

332 (2928) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാട്ടത്തിന് നൽകിയിട്ടുള്ള തോട്ടങ്ങളിൽനിന്നും എന്ത് തുക പാട്ടക്കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ റവന്യൂ വകുപ്പ് മുഖേന തോട്ടങ്ങൾ പാട്ടത്തിന് നൽകിയിട്ടില്ലാത്തതാണ്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി, തിമിരി വില്ലേജുകളിലായി സർവ്വേ നമ്പർ 260/1 എ 1-ൽപ്പെട്ട 1503.28 ഹെക്ടർ (3714.62 ഏക്കർ) സർക്കാർ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയ്ക്ക് 99 വർഷത്തേയ്ക്ക് കശുമാവ് കൃഷിക്കായി പാട്ടത്തിന് അനുവദിച്ചിട്ടുള്ളതും ടി സ്ഥാപനം പാട്ടക്കുടിശ്ശികയിനത്തിൽ 1,42,72,022 രൂപ ഒടുക്കുവരുത്താനുള്ളതുമാണ്. പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കലഞ്ഞൂർ വില്ലേജിൽ സർവ്വേ നമ്പർ 263, 217/7, 264/5, 252/2-ൽപ്പെട്ട 3.97.29 ഹെക്ടർ സ്ഥലം പാട്ടത്തിന് നൽകിയിട്ടുള്ളതും പാട്ടക്കുടിശ്ശികയിനത്തിൽ 26764 രൂപ സർക്കാരിലേയ്ക്ക്

ഒടുക്കുവരുത്താനുള്ളതുമാണ്. ഇടുക്കി ജില്ലയിൽ പാട്ടത്തിന് നൽകിയിട്ടുള്ള തോട്ടങ്ങളിൽ നിന്ന് പാട്ടക്കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ പാട്ടത്തിന് നൽകിയ തോട്ടങ്ങളിൽ പാട്ടക്കുടിശ്ശിക നിലവിലില്ലാത്തതും എന്നാൽ നെന്മാറ വനം ഡിവിഷന് കീഴിൽ പൊതുമേഖലാ സ്ഥാപനമായ കെ.എഫ്.ഡി.സി.-യിൽ 7,14,484 രൂപയും കെ.എസ്.ഇ.ബി.-യിൽ 2,652 രൂപയും കുടിശ്ശികയുണ്ട്. പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തഹസിൽദാർ മുഖേന ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഇന്റഗ്രേറ്റഡ് റവന്യൂ ഇ-പേമെന്റ് സംവിധാനം

333 (2929) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റഗ്രേറ്റഡ് റവന്യൂ ഇ-പേമെന്റ് സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ-സി) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1586 വില്ലേജുകളിൽ കരം ഉൾപ്പെടെയുള്ള ഗവൺമെന്റ് പേമെന്റുകൾ ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധയിനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേമെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഉടൻതന്നെ എല്ലാ ഗവൺമെന്റ് ഇതര പേമെന്റുകളും ഓൺലൈൻ ആക്കാനുള്ള സംവിധാനം നിലവിൽവരുന്നതാണ്.

## പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടം

334 (2930) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടം ഏത് നിമിഷവും നിലംപൊത്താവുന്ന അപകടകരമായ സ്ഥിതിയിലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വില്ലേജ് ഓഫീസിനെ മാതൃകാ വില്ലേജ് ഓഫീസായി ഉയർത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം റവന്യൂ വകുപ്പിൽ നിന്നും പാറശ്ശാല നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ എതൊക്കെയാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-19-ലെ സ്മാർട്ട് റവന്യൂ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത വില്ലേജോഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം റവന്യൂ വകുപ്പിൽ നിന്നും പാറശ്ശാല നിയോജക മണ്ഡലത്തിൽ ദുരന്ത പ്രതിരോധ നിവാരണ പദ്ധതികൾ പ്രകാരം റോഡുകളുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള നിരവധി പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്.

## ഇ-വില്ലേജ്

335 (2931) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഇ-വില്ലേജ് ആക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇതിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇത്തരത്തിൽ പരിഷ്കരിച്ച വില്ലേജുകൾ ഏതെല്ലാമാണ്; പരിഷ്കരണത്തിനു ശേഷം ഉദ്ദേശിച്ച രീതിയിലുള്ള സേവനം നൽകുന്നതിന് സാധിച്ചിട്ടുണ്ടോ ;

<u>ഉത്തരം</u>

(എ) ഇ-വില്ലേജ് എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. എന്നാൽ റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കിവരുന്നു.

1. <u>ഇ-ഡിസ്ട്രിക്ട്</u> -

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകിവരുന്നു.

2. <u>സംയോജിത ഓൺലൈൻ പോക്കുവരവ്</u> -

ഭൂസംബന്ധമായി റവന്യൂ-രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭൂമിയുടെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും ഓൺലൈൻ മുഖേന സാധ്യമാക്കുന്നു.

3. <u>ഇ-പേമെന്റ്</u> -

റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള സംവിധാനം എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

4. <u>ആർ.ആർ. ഓൺലൈൻ</u> -

ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച്, റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ നിലവിലുള്ള ഓൺലൈൻ സംവിധാനം വഴി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച് നടപടികൾ സ്വീകരിക്കുവാനും കഴിയും.

(ബി) ഇ-ഡിസ്ട്രിക്ട്, ആർ.ആർ. ഓൺലൈൻ എന്നിവ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 എണ്ണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പരിഷ്കരണത്തിനുശേഷം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുവാനും സേവനങ്ങൾ സമയബന്ധിതമായി നൽകുവാനും കഴിയുന്നുണ്ട്.

## തഴക്കര വില്ലേജ് ഓഫീസ്, വള്ളിക്കുന്നം മാതൃകാ വില്ലേജ് ഓഫീസ്

336 (2932) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ തഴക്കര വില്ലേജ് ഓഫീസ് കെട്ടിടം ശോചനീയാവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) വള്ളിക്കുന്നം മാതൃകാ വില്ലേജ് ഓഫീസ് നിർമ്മാണം ആരംഭിക്കുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തഴക്കര വില്ലേജോഫീസ് കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വള്ളിക്കുന്നം വില്ലേജോഫീസ് 2017-18 വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പണികൾ ഇപ്പോൾ റൂഫ് ലെവൽ ആയിട്ടുള്ളതാണ്. വള്ളിക്കുന്നം വില്ലേജോഫീസ് സ്മാർട്ട് വില്ലേജാഫീസാക്കുന്നതിന് 40,00,000 രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

## വയനാട് ജില്ലയിലെ വില്ലേജാഫീസുകളിൽ ജീവനക്കാരുടെ എണ്ണം

337 (2933) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷനിൽ കുഴൽക്കിണറും മാലിന്യ നിർമ്മാർജ്ജനത്തിനായി ഇൻസിനറേറ്ററും അനുവദിക്കുമോ;

(ബി) അപകടാവസ്ഥയിലുള്ള ചീരാൽ വില്ലേജ് ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വയനാട് ജില്ലയിലെ വില്ലേജ് ആഫീസുകളിൽ വർദ്ധിച്ച ജനസംഖ്യയ്ക്ക് അനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് ജോലിഭാരം കുറയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷനിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനായി 1,19,300 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി ഇൻസിനറേറ്റർ അനുവദിക്കുന്നതിന് എസ്റ്റിമേറ്റ് സഹിതമുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ ചീരാൽ വില്ലേജാഫീസ് 3 സെന്റ് ഭൂമിയിൽ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി ടി സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കൽ സ്ഥലപരിമിതിമൂലം അപ്രായോഗികമാണ്. നിലവിലെ വില്ലേജോഫീസിനടുത്ത പ്രദേശത്തായി സ്ഥിതിചെയ്യുന്ന പഴൂർ സെന്റ് ആന്റണീസ് സ്കൂളിന് സമീപത്തായി ഒഴിഞ്ഞുകിടക്കുന്ന 0.5250 ഹെക്ടർ സർക്കാർവക ഭൂമിയുണ്ട്. ടി ഭൂമിയിൽ അനുയോജ്യമായ സ്ഥലത്ത് പുതിയ വില്ലേജോഫീസ് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി**

338 (2934) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ ഭൂമി റവന്യൂ വകുപ്പ് റദ്ദാക്കാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം കൈക്കൊള്ളുന്നതിന് ഉദ്യോഗസ്ഥതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് ഭൂമി തിരികെ ലഭ്യമാക്കുന്നതിനായി പരാതികൾ ലഭിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 4-6-2015 ലെ സ.ഉ.(എംഎസ്.) 235/2015/ഉ.വി.വ. പ്രകാരം മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ 50 സെന്റ് സ്ഥലം മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉപയോഗാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് മലപ്പുറം ജില്ലയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന്

ഭൂമി അനുവദിക്കുന്നതിന് ആഭ്യന്തര വകുപ്പ് അഭ്യർത്ഥിച്ചിരുന്നു. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ നറുകര വില്ലേജിൽ ബ്ലോക്ക് നമ്പർ 50 റീ-സർവ്വേ 144/1-ൽപ്പെട്ട 20.23 ആർ സ്ഥലം ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ 9-12-2015-ലെ LRK2-45102/15 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു. പ്രസ്തുത സ്ഥലം റവന്യൂ രേഖകൾ പ്രകാരം സർക്കാർ പുറമ്പോക്ക് ഭൂമിയിൽപ്പെട്ടതും നിലവിൽ മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശത്തിലിരിക്കുന്നതുമാണ്. പ്രസ്തുത വിഷയം പരിശോധിച്ചതിൽ സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിലായിരിക്കെ ഭൂമി സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആകയാൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കി, ടി ഉത്തരവ് റദ്ദ് ചെയ്തതിനു ശേഷം മേൽ വിഷയത്തിൽ ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഫയൽ തിരികെ നൽകുവാൻ ആഭ്യന്തര വകുപ്പിനോട് 29-2-2016-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഫയൽ തിരികെ നൽകാൻ നടപടി സ്വീകരിക്കുവാൻ ആഭ്യന്തര വകുപ്പിനോടും ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോടും 9-4-2018-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യപ്പെട്ടിരുന്ന ഫയൽ ആഭ്യന്തര വകുപ്പിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) ഭൂമി തിരികെ ലഭ്യമാക്കുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യവികസനം

339 (2935) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും, സുരക്ഷ ശാക്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വില്ലേജ് ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വില്ലേജാഫീസുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ വില്ലേജാഫീസ് കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണികൾ, ടോയ്‌ലെറ്റ്, കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടവ, അഡീഷണൽ റൂം, ചുറ്റുമതിൽ എന്നിവ നിർമ്മിക്കേണ്ട വില്ലേജുകളുടെ വിവരം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 70 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണിക്കും 673 വില്ലേജാഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനും 68 വില്ലേജുകളിൽ ചുറ്റുമതിൽ, 67 വില്ലേജുകളിൽ അഡീഷണൽ റൂം എന്നിവയുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ ഘട്ടത്തിൽ 50 വില്ലേജാഫീസുകൾ കൂടി സ്മാർട്ടാക്കി മാറ്റാനും 100 വില്ലേജ് ഓഫീസുകളിൽ ഒരു അഡീഷണൽ മുറി നിർമ്മിക്കാനും 80 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്താനും 80 വില്ലേജാഫീസുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കോഴിക്കോട് ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

340 (2936) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വില്ലേജ് ഓഫീസുകൾ നവീകരിച്ച് ഇ-ഓഫീസ് സൗകര്യത്തോടെ സജ്ജമാക്കുന്ന പദ്ധതിയിൻമേൽ നാളിതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് ഇപ്പോൾ നവീകരിക്കുന്നത്; ജില്ലയിലെ നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ പദ്ധതിയിലേക്ക് വില്ലേജ് ഓഫീസുകളെ തെരഞ്ഞെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ അടുത്ത ഘട്ടത്തിൽ നവീകരിക്കാനുള്ള വില്ലേജ് ഓഫീസുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വില്ലേജ് ആഫീസുകളിൽ ഇ-ആഫീസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വില്ലേജ് ആഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ആഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജോഫീസുകൾ സ്മാർട്ട് വില്ലേജോഫീസുകൾ ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 50 വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജുകളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ പന്തീരങ്കാവ് (കുന്ദമംഗലം നിയോജക മണ്ഡലം) വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസ് പരിധിയിൽ നവീകരണം പൂർത്തിയാക്കിയതാണ്. കൂടാതെ ആയഞ്ചേരി (കുറ്റ്യാടി നിയോജക മണ്ഡലം), കരുവൻതിരുത്തി (ബേപ്പൂർ നിയോജക മണ്ഡലം) വില്ലേജ് ഓഫീസുകളിൽ സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയതിൽനിന്നും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജോഫീസുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് സ്മാർട്ട് വില്ലേജാഫീസ് പണിയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

(ഡി) 2018-19 വർഷം കോഴിക്കോട് ജില്ലയിൽ തിക്കൊടി, കട്ടിപ്പാറ, ചങ്ങരോത്ത് എന്നീ വില്ലേജുകളെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സ്മാർട്ട് വില്ലേജ് ഓഫീസുകളിലെ നൂതന സംവിധാനങ്ങൾ

341 (2937) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസുകളിലെ നൂതന സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മെച്ചപ്പെട്ട സേവനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) വിവരസാങ്കേതിക വിനിമയവിദ്യയുടെ സൗകര്യങ്ങൾ കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളെയും ആധുനികവത്കരിക്കാൻ ഉപയുക്തമാക്കിയിട്ടുണ്ടോ; ഇത്തരം സേവനങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടില്ലാത്ത വില്ലേജ് ഓഫീസുകൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ)സ്മാർട്ട് റവന്യൂ ആഫീസുകളിൽ ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമായുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന ഓൺലൈനായി നൽകിവരുന്നു.

2. ആർ. ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനംവഴി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

3. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നികുതികൾ അടയ്ക്കുവാൻ കഴിയുന്ന സംവിധാന മാണിത്. ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിനായി വിവര സാങ്കേതിക വിനിമയ വിദ്യയുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ സർട്ടിഫിക്കറ്റ് സേവനങ്ങൾ സംബന്ധിച്ചുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയും റവന്യൂ റിക്കവറി സംബന്ധമായ ആർ.ആർ. ഓൺലൈനും സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 എണ്ണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. ഇത്തരം സേവനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വില്ലേജ് ഓഫീസുകളുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം

342 (2938) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രണ്ട് സർക്കാർ സേവന വകുപ്പുകൾ തമ്മിൽ പൊതു ആവശ്യത്തിലേയ്ക്കായി ഭൂമി കൈമാറ്റം നടത്തുമ്പോൾ ഭൂമി നൽകുന്ന വകുപ്പിന് ഭൂമി കിട്ടുന്ന വകുപ്പ് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

രണ്ട് സർക്കാർ സേവന വകുപ്പുകൾ തമ്മിൽ പൊതു ആവശ്യത്തിലേക്കായി ഭൂമി കൈകാര്യം നടത്തുമ്പോൾ ഭൂമി നൽകുന്ന വകുപ്പിന് ഭൂമി ലഭിക്കുന്ന വകുപ്പ് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ഇത്തരത്തിലുള്ള ഭൂമി കൈമാറ്റത്തിൽ, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമി നൽകുന്ന വകുപ്പിന് ഉപയോഗാനുമതി മാത്രമാണ് നൽകുന്നത്.

## ഒതുക്കുങ്ങൽ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിനുള്ള നടപടികൾ

343 (2939) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒതുക്കുങ്ങൽ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;വിശദമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതുവഴി കൂടുതലായി ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജാക്കി ഉയർത്താൻ ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ഘട്ടംഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിലേയ്ക്കായി സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം മലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ ഒതുക്കുങ്ങൽ വില്ലേജ് ഓഫീസ് ഉൾപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) 2018-19 വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി 22 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

## നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് ആർ.ഡി.ഒ. പരിധിയിൽ കൊണ്ടുവന്ന നടപടി

344 (2940) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസിന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്നുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിനെ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഇരിങ്ങാപ്പുറത്തെ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

345 (2941) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഇരിങ്ങാപ്പുറത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ പുതിയ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ബഡ്ജറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിട നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടത്തുന്നത്.

**ഭൂമിയുടെ താരിഫ് വില**

346 (2942) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ താരിഫ് വില തൊട്ടടുത്ത വില്ലേജുകളിലെയും മുനിസിപ്പൽ ടൗണിലെയും താരിഫ് വിലയുടെ അഞ്ചിരട്ടിയായി നിശ്ചയിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിൽ ലഭിച്ചതും 2381387/2018/M/Revenue എന്ന നമ്പറിൽ രജിസ്റ്റർ ചെയ്തതുമായ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇരമല്ലൂർ വില്ലേജിലെ ഈ താരിഫ് വില മാറ്റം പുനർനിശ്ചയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2381387/2018/M/Revenue നമ്പരിൽ രജിസ്റ്റർ ചെയ്ത അപേക്ഷയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പുമന്ത്രിയുടെ കാര്യാലയത്തിൽനിന്നും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നേരിട്ട് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) കേരള സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നടത്തുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് ഇരമല്ലൂർ വില്ലേജ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ന്യായവില പുനർനിർണ്ണയിക്കുന്നതും അപ്രകാരം പുനർ നിർണ്ണയിക്കുമ്പോൾ പ്രസ്തുത വില്ലേജിലെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾക്ക് പരിഹാരമാകുന്നതുമാണ്.

**പുറമ്പോക്ക് ഭൂമിയിലെ മരങ്ങൾ**

347 (2943) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരാവശ്യത്തിന് കെട്ടിടം പണിയുന്നതിനും പുറമ്പോക്കുകളിൽ ജനങ്ങൾക്ക് ഭീഷണിയായും നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള റവന്യൂ വകുപ്പിന്റെ നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട എത്ര പരാതികൾ കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി താലൂക്ക് ഓഫീസുകളിൽ 2014 മുതൽ ലഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കാതെയുണ്ട്, വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി ഈ പരാതികൾ തീർപ്പുകൽപ്പിക്കാൻ നടപടിയെടുക്കാത്തതുമൂലം എത്ര തുക സർക്കാർ ഖജനാവിന് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരാതികൾ തീർപ്പുകൽപ്പിക്കുന്നതിന് ഒരു അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർഭൂമിയിൽ സർക്കാർ ആവശ്യത്തിന് കെട്ടിടം പണിയുന്നതിന് പൊതുസ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദത്തിനായി, ടി സ്ഥലം ഏത് വകുപ്പിന്റെ അധീനതയിലാണോ ഉൾപ്പെട്ടിട്ടുള്ളത് ആ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ട്രീ കമ്മിറ്റി (Tree Committee) മുമ്പാകെ അപേക്ഷ നൽകി അനുവാദം വാങ്ങി നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് മുറിച്ച് നീക്കാവുന്നതാണ്. പുറമ്പോക്കിൽ ജനങ്ങൾക്ക് അപകട ഭീഷണിയായി നിൽക്കുന്ന മരങ്ങൾ പരിശോധിച്ച് ഉടൻ അപകട കാരണമാകാവുന്ന മരങ്ങൾ മാറ്റുന്നതിനുള്ള അപേക്ഷകൾക്ക് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് CrPC സെക്ഷൻ 133 പ്രകാരം വെട്ടിമാറ്റുന്നതിന് മരം ഉൾപ്പെട്ടുവരുന്ന സ്ഥലം ഏത് വകുപ്പിന്റെ ഉടമസ്ഥതയിലാണോ ആ വകുപ്പിന് ഉത്തരവ് നൽകുന്നതിന് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കൂടിയായ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അധികാരമുണ്ട്. ടി അധികാരം ഉപയോഗിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 2014 മുതൽ 44 പരാതികൾ ലഭിച്ചിട്ടുള്ളതും തുടർനടപടിക്കായി കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതും ടി പരാതികളുമായി ബന്ധപ്പെട്ട് കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസിൽ 14 കേസ്സുകൾ തീർപ്പാക്കാനുള്ളതുമാണ്.

(സി) സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കത്തക്ക കേസ്സുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ സബ് ഡിവിഷൻ ഓഫീസുകൾ**

348 (2944) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ ഇനിയും അനുവദിക്കാൻ ബാക്കിയുള്ള സബ് ഡിവിഷൻ (താലൂക്ക്തലം) ഓഫീസുകൾ ഏതൊക്കെയെന്നും ഇവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്ക് ഓഫീസുകളുടെ അധികാരപരിധിയിൽ താലൂക്ക് സപ്ലൈ ഓഫീസുകൾ മാത്രമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. വെള്ളരിക്കുണ്ട് താലൂക്കിൽ പുതിയ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും ഓഫീസ് എവിടെ സ്ഥാപിക്കണമെന്ന തീരുമാനം ആയിട്ടില്ലാത്തതിനാൽ നാളിതുവരെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. റവന്യൂ വകുപ്പിൻ കീഴിൽ താലൂക്ക് തലത്തിൽ സബ് ഡിവിഷൻ ഓഫീസുകളൊന്നും തന്നെ നിലവിലില്ല. സബ് ഡിവിഷൻ (താലൂക്ക് തലം) ഓഫീസുകളുടെ ആവശ്യകത പരിശോധിച്ച് തീരുമാനം കൈക്കൊ ള്ളേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്.

**ചാത്തന്നൂർ താലൂക്ക് രൂപീകരണം**

349 (2945) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ജനസാന്ദ്രതയേറിയ വലിയ താലൂക്കുകളിലൊന്നായ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെ ദശാബ്ദങ്ങളായുള്ള ആവശ്യം പരിഗണനയിലുണ്ടോ എന്നും ആയത് സംബന്ധിച്ച് ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

## പുല്ലൂരാംപാറയിലെ ഹൗസിംഗ് ബോർഡ് വക സ്ഥലം

350 (2946) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി മണ്ഡലത്തിലെ പുല്ലൂരാംപാറയിലെ ഹൗസിംഗ് ബോർഡ് വക സ്ഥലത്തിലൂടെ പ്രദേശവാസികൾക്ക് വഴി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേലുള്ള നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ബി) വഴി വിട്ടുനൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി മണ്ഡലത്തിലെ പുല്ലൂരാംപാറയിലെ ഹൗസിംഗ് ബോർഡ് വക സ്ഥലത്തിലൂടെ പ്രദേശവാസികൾക്ക് വഴി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിലാണ്. സ്ഥാപനത്തിന്റെ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആർ.ഡി.ഒ. ഓഫീസുകളിൽ കെ.എൽ.യു. ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള അപേക്ഷകൾ

351 (2947) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർ.ഡി.ഒ. ഓഫീസുകളിൽ കെ.എൽ.യു. ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് എന്ന് വിശദമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏത് വർഷം മുതലുള്ള അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ആർ.ഡി.ഒ. ഓഫീസുകളിൽ കെ.എൽ.യു. ഉത്തരവുപ്രകാരം അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച 12767 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. ജില്ല തിരിച്ചുള്ള അപേക്ഷകളുടെ എണ്ണം, അപേക്ഷകളുടെ കാലപ്പഴക്കം എന്നിവ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | അപേക്ഷകളുടെ എണ്ണം | ഏത് വർഷം മുതലുള്ള അപേക്ഷകൾ (കാലപ്പഴക്കം) |
|---|---|---|---|
| 1 | തിരുവനന്തപുരം | 300 | 2017 മുതൽ |
| 2 | കൊല്ലം | 11 | 2018 മുതൽ |
| 3 | പത്തനംതിട്ട | 86 | 2016 മുതൽ |
| 4 | ആലപ്പുഴ | 276 | 2016 മുതൽ |
| 5 | കോട്ടയം | 310 | 2012 മുതൽ |
| 6 | ഇടുക്കി | 242 | 2011 മുതൽ |
| 7 | എറണാകുളം | 2444 | 2016 മുതൽ |
| 8 | തൃശ്ശൂർ | 4246 | 2016 മുതൽ |
| 9 | പാലക്കാട് | 988 | 2017 മുതൽ |
| 10 | മലപ്പുറം | 2153 | 2017 മുതൽ |
| 11 | കോഴിക്കോട് | 823 | 2017 മുതൽ |
| 12 | വയനാട് | 206 | 2015 മുതൽ |
| 13 | കണ്ണൂർ | 526 | 2017 മുതൽ |
| 14 | കാസർഗോഡ് | 156 | 2016 മുതൽ |
| | ആകെ | 12767 | |

(സി) തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരിൽ നിന്നും അടിയന്തരമായി റിപ്പോർട്ടുകൾ ലഭ്യമാക്കിയും സ്ഥലപരിശോധന നടത്തിയും അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

352 (2948) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആലത്തൂർ നിയോജക മണ്ഡലത്തിലെ വില്ലേജുകളൊന്നും സ്മാർട്ട് വില്ലേജായി പ്രഖ്യാപിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

**പാലക്കാട് ജില്ലയിലെ മോഡൽ വില്ലേജ് ഓഫീസുകൾ**

353 (2949) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മോഡൽ വില്ലേജ് ഓഫീസുകളായി തീരുമാനിച്ചിട്ടുള്ളവ ഏതെല്ലാമാണ്;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ മോഡൽ വില്ലേജ് ഓഫീസുകളൊന്നും പ്രഖ്യാപിച്ചിട്ടില്ല. സ്മാർട്ട് വില്ലേജുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത വില്ലേജുകളുടെ പേരും പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | വടകരപ്പതി | നിർമ്മാണം പൂർത്തിയായി, പ്രവർത്തനം ആരംഭിച്ചു. |
| 2 | തെക്കേദേശം | നിർമ്മാണം പൂർത്തിയായി. |
| 3 | കരിമ്പുഴ-1 | നിർമ്മാണം പൂർത്തിയായി, പ്രവർത്തനം ആരംഭിച്ചു. |
| 4 | കണ്ണമ്പ്ര-2 | നിർമ്മാണം പൂർത്തിയായി, പ്രവർത്തനം ആരംഭിച്ചു. |
| 5 | ഓങ്ങല്ലൂർ-2 | നിർമ്മാണ പ്രവർത്തനം പുരോഗതിയിലാണ്. |
| 6 | തൃത്താല | നിർമ്മാണ പ്രവർത്തനം പുരോഗതിയിലാണ്. |
| 7 | കൊങ്ങാട്-2 | നിർമ്മാണ പ്രവർത്തനം പുരോഗതിയിലാണ്. |
| 8 | തിരുവഴിയാട് | നിർമ്മാണം പൂർത്തിയായി. |

**വില്ലേജുകളിലെ സർവ്വേ നമ്പരുകൾ പരസ്പരം മാറിയ സംഭവം**

354 (2950) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ കല്ലറ വില്ലേജിന്റെ പരിധിയിൽ വരേണ്ട സർവ്വേ നമ്പരിൽപ്പെട്ട ഭൂമി പുല്ലമ്പാറ വില്ലേജിന്റെ പരിധിയിലും തിരിച്ചും ഉൾപ്പെട്ടിരിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മുൻ സർവ്വേ നമ്പർ 1436 മുതൽ 1457 വരെയും 1464 മുതൽ 1468 വരെയും 1842 മുതൽ 1880 വരെയുമുള്ള ഭാഗങ്ങൾ പുല്ലമ്പാറ വില്ലേജ് ബ്ലോക്ക് നമ്പർ 21-ൽ ഉൾപ്പെടുത്തിയാണ് റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളത്.

(ബി) നെടുമങ്ങാട് താലൂക്ക് വികസന സമിതിയുടെ ആവശ്യപ്രകാരം വില്ലേജ് റിക്കാർഡുകൾ മാറ്റം വരുത്തുന്നതിന് ആവശ്യമായ രേഖകൾ തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർ മുഖാന്തരം തിരുവനന്തപുരം സർവ്വേ ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു. കല്ലറ-കുറുപുഴ വില്ലേജുകളിലെ റീസർവ്വേ അപാകത പരിഹരിക്കുന്നതിനായി നെടുമങ്ങാട് റീസർവ്വേ സൂപ്രണ്ട് ഓഫീസിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. താമസംവിനാ ഈ പ്രശ്നം പരിഹരിക്കുന്നതാണ്.

**സർവ്വേ-റീസർവ്വേ പ്രവർത്തനങ്ങൾ**

355 (2951) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വേ-റീസർവ്വേ നടത്താത്ത എത്ര ഭൂമിയുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സർവ്വേ-റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന്റെ സമയക്രമം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളിലെ 1789369 ഹെക്ടർ ഭൂമിയുടെ റീസർവ്വെ പൂർത്തിയായിട്ടുള്ളതും 761 വില്ലേജുകളിലായി 2096931 ഹെക്ടർ ഭൂമിയുടെ റീസർവ്വേ ശേഷിക്കുന്നതുമാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആധുനിക സർവ്വേ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS) ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) എന്നിവ ഉപയോഗിച്ച് എല്ലാ വകുപ്പുകൾക്കും ഡിജിറ്റൽ ഡാറ്റാ ഉപയോഗപ്രദമാംവിധം WGS 84 എന്ന കോ-ഓർഡിനേറ്റ് സിസ്റ്റത്തിൽ സർവ്വേ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള കൺട്രോൾ പോയിന്റുകളെ ആസ്പദമാക്കിയുള്ള ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങളാണ് നിലവിൽ നിർവ്വഹിച്ചു വരുന്നത്.

(സി) റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനായി 10-5-2018-ലെ സ.ഉ.(കൈ)നമ്പർ 181/18/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വേ നിയമം ഭേദഗതി, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കന്നേറ്റി മുതൽ പുതിയകാവ് വരെയുള്ള ഭാഗത്തെ ദേശീയപാത**

356 (2952) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി കന്നേറ്റി മുതൽ പുതിയകാവ് വരെയുള്ള ഭാഗത്തെ ദേശീയപാത നമ്പർ 66 ന്റെ സർവ്വേ സ്കെച്ചിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ദേശീയപാത വികസനത്തിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നതിന് സർവ്വേയും ഭൂരേഖയും വകുപ്പ് സ്ഥലത്തിന്റെ സർവ്വേ സ്കെച്ച് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ ഭാഗത്ത് നിലവിലെ ദേശീയപാതയുടെ ഭൂവിസ്തൃതി ആകെ എത്ര ഹെക്ടറെന്നും എത്ര ഹെക്ടർ ഇനിയും ആവശ്യമാണെന്നും വ്യക്തമാക്കുമോ;

(ഡി) ദേശീയപാത അതോറിറ്റിക്ക് ലഭിച്ച നിലവിലെ ദേശീയപാത സംബന്ധിച്ച സർവ്വേ രേഖകളിൽ പിഴവ് വന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി കന്നേറ്റി മുതൽ പുതിയകാവ് വരെയുള്ള ഭാഗത്തെ ദേശീയപാത നമ്പർ 66-ന്റെ അലൈൻമെന്റ് സ്കെച്ചിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സർവ്വേ സ്കെച്ചുകളുടെ പകർപ്പ് ദേശീയപാത അതോറിറ്റി നേരിട്ട് ശേഖരിച്ചാണ് അലൈൻമെന്റ് തയ്യാറാക്കിയത്.

(സി) കരുനാഗപ്പള്ളി കന്നേറ്റി മുതൽ പുതിയകാവ് വരെ നിലവിലുള്ള ദേശീയപാതയുടെ ഭ്രവിസ്തൃതി ഉദ്ദേശം 12.66 ഹെക്ടറാണ്. ദേശീയപാത വികസനത്തിനായി 06.02 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

(ഡി) ഇക്കാര്യത്തിൽ പിഴവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇടക്കൊച്ചി സർക്കാർ ഹൈസ്കൂൾ വികസനത്തിനായി ഭൂമി

357 (2953) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ സർവ്വേ നമ്പർ 349/12, 350/1,2,4,5 എന്നിവയിൽപ്പെട്ട 1 ഏക്കർ 23 സെന്റ് ഭൂമിയും സർവ്വെ നമ്പർ 287/2, 289/1,2,3,4,8-ൽപ്പെട്ട 1.69.420 ഏക്കർ ഭൂമിയും സംബന്ധിച്ച ബോട്ട്-ഇൻ-ലാൻഡ് കേസുകൾ സുപ്രീം കോടതി തള്ളിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഇടക്കൊച്ചി സർക്കാർ ഹൈസ്കൂളിന്റെ വികസനത്തിനായും മറ്റ് ജനോപകാരപ്രദമായ പദ്ധതികൾക്കായും വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇത് സംബന്ധിച്ച് 6-4-2018-ൽ നൽകിയ കത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ബോട്ട്-ഇൻ-ലാൻഡായി ഭൂമി ഏറ്റെടുത്ത സർക്കാർ നടപടിക്കെതിരെ സുപ്രീംകോടതിയിൽ നിലവിലുള്ള കേസ് തള്ളിയതായി ഉത്തരവുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് ജില്ലാ കളക്ടർക്ക് ലഭിച്ച കത്തിന്മേൽ തഹസിൽദാരുടെ വിശദമായ റിപ്പോർട്ട് തേടിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർവ്വേയും ഭൂരേഖയും വകുപ്പിന്റെ റവന്യൂ വകുപ്പുമായുള്ള ലയനം

358 (2954) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേയും ഭൂരേഖയും വകുപ്പ് റവന്യൂ വകുപ്പിൽ ലയിപ്പിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തുടർ നടപടികൾ വിശദമാക്കാമോ;

(ബി) വില്ലേജ് ഓഫീസിൽ സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ സർവ്വേയർമാരെ നിയമിക്കാൻ സാധ്യത ഉണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള സർവ്വേയർ റാങ്ക് ലിസ്റ്റിൽ നിന്നാണോ നിയമനം നൽകുകയെന്ന് വ്യക്തമാക്കുമോ;

(സി) റീസർവ്വേ കഴിഞ്ഞ വില്ലേജ് ഓഫീസുകളിലെ പരാതികൾ തീർപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ പരിപാലനവും റീസർവ്വേയ്ക്ക് ശേഷമുണ്ടായിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിനുള്ള ചുമതലയും അഡീഷണൽ തഹസീൽദാർക്ക് നൽകി 31-5-2010-ലെ സ.ഉ.(എംഎസ്.)നമ്പർ 200/10/റവന്യൂ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കാൻ കഴിയാതെ വന്നതിനെത്തുടർന്ന് പരാതികൾ അതിവേഗം തീർപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ ഉദ്യോഗസ്ഥ തലത്തിലുണ്ടായിരുന്ന വിവിധ തട്ടുകൾ കുറവ് ചെയ്ത് ഹെഡ് സർവ്വേയർ അംഗീകരിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം പരാതികളിൽ തീർപ്പ് കൽപ്പിച്ച് ഉത്തരവാകുന്നതിനും റിക്കാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള ചുമതല ഭൂരേഖ തഹസീൽദാരിൽ നിക്ഷിപ്തമാക്കിയും 26- 8-2017-ൽ സ.ഉ.(എംഎസ്.) നമ്പർ 303/2017/റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നിലവിലും ധാരാളം പരാതികൾ തീർപ്പാക്കാതെ അവശേഷിക്കുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും വില്ലേജ് തലത്തിൽ എൽ.ആർ.എം. പരാതി പരിഹാര അദാലത്ത് സംഘടിപ്പിച്ച്, അടുത്ത ആറ് മാസംകൊണ്ട് പരാതികൾ പൂർണ്ണമായും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി താലൂക്കുകളിലെ പുറമ്പോക്ക് ഭൂമി

359 (2955) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പള്ളി താലൂക്കിന്റെ പരിധിയിൽ വരുന്ന കാഞ്ഞിരപ്പള്ളി, ചിറക്കടവ്, മണിമല പഞ്ചായത്തുകളിലും ചങ്ങനാശേരി താലൂക്കിലെ നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ, വാഴൂർ പഞ്ചായത്തുകളിലും റോഡിന്റെ വശങ്ങളിലായും അല്ലാതെയുമുള്ള പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) റോഡ് കൈയേറി കെട്ടിടങ്ങളും വ്യാപാരസ്ഥാപനങ്ങളും നിർമ്മിച്ചിരിക്കുന്നത് ഒഴിപ്പിച്ചെടുക്കുന്നതിന് ഇത്തരമൊരു തിട്ടപ്പെടുത്തൽ അനിവാര്യമായിരിക്കെ ഇതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഈ സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേക സംഘത്തിന് ഹ്രസ്വകാല ചുമതല നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാഞ്ഞിരപ്പള്ളിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പല ഓഫീസുകൾക്കും സ്വന്തം കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ സർവ്വേ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത ഓഫീസുകളുടെ വാടകയിനത്തിൽ ലക്ഷക്കണക്കിന് രൂപ സർക്കാർ ഖജനാവിന് നഷ്ടം വരുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും ഇതുസംബന്ധിച്ചുള്ള അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് താലൂക്ക് സർവ്വേയർ മുഖാന്തരം ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്. മറ്റ് പുറമ്പോക്ക് ഭൂമികൾ ലഭ്യമാണോയെന്ന് സർവ്വേ നടത്തി കണ്ടുപിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രത്യേക സംഘത്തെ ചുമതലപ്പെടുത്താവുന്നതാണ്.

(ഡി) കാഞ്ഞിരപ്പള്ളി വില്ലേജുൾപ്പെടെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എല്ലാ വില്ലേജുകളുടെയും റീസർവ്വേ പൂർത്തിയായിട്ടുള്ളതാണ്.

(ഇ) കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം സർവ്വേ നടത്തി സ്വീകരിക്കുന്നതാണ്.

## റീ-സർവ്വേ നടപടികൾ

360 (2956) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തിയ റീ-സർവ്വേ നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലെയും വിവിധ താലൂക്കുകളിൽ റീ സർവ്വേയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 1961-ലെ സർവ്വേ ബൗണ്ടറീസ് ആക്ടിന്റെയും 1964-ൽ പുറപ്പെടുവിച്ച സർവ്വേ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റീസർവ്വേ ആരംഭിച്ചു. ആകെയുള്ള 1664 വില്ലേജുകളിൽ നാളിതുവരെ 903 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 32 വില്ലേജുകളുടെ റീസർവ്വേ പുരോഗതിയിലുമാണ്. റീസർവ്വേ പ്രവർത്തനങ്ങൾ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവ്വേ, പട്ടയവിതരണത്തിനാവശ്യമായ സർവ്വേ, പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ട സർവ്വേ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾക്കാവശ്യമായ സർവ്വേ തുടങ്ങിയ സർവ്വേ പ്രവർത്തനങ്ങൾക്ക് റീസർവ്വേയിൽ നിന്നാണ് ജീവനക്കാരെ നിയോഗിക്കുന്നത്. പല സാഹചര്യങ്ങളിലും ഭൂപരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്ത് പ്രവർത്തനങ്ങൾക്കുവേണ്ടി റീസർവ്വേ നിർത്തിവച്ച് ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവും റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന് കാരണമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനായി 10-5-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 181/18/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വേ നിയമം ഭേദഗതി ചെയ്യുക, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഓരോ ജില്ലയിലെയും 2018 ഏപ്രിൽ മാസം വരെ ലഭിച്ച എൽ.ആർ.എം. പരാതികളുടെയും ആയത് പരിഹരിച്ചതിന്റെയും താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനം

361 (2957) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961-ലെ സർവ്വേ ബൗണ്ടറീസ് ആക്ടിന്റെയും,1964-ൽ പുറപ്പെടുവിച്ച റീസർവ്വേ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന റീ-സർവ്വേ എന്നാണ് ആരംഭിച്ചത്; എത്ര വർഷംകൊണ്ട് തീർക്കാനാണ് ലക്ഷ്യമിട്ടത്; നാളിതുവരെ എന്തൊക്കെ പ്രവർത്തനം റീ-സർവ്വേയുമായി ബന്ധപ്പെട്ടുനടന്നു; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെയുള്ള വില്ലേജുകൾ എത്ര; ഇതിൽ കുറ്റമറ്റ രീതിയിൽ നാളിതുവരെ എത്ര വില്ലേജുകളുടെ റീ-സർവ്വേ പൂർത്തീകരിച്ചു; വ്യക്തമാക്കുമോ;

(സി) സർവ്വേ/റവന്യൂ വകുപ്പ് നാളിതുവരെയായി ഓരോവർഷവും റീ-സർവ്വേ നടത്താനായി ക്വാട്ട നിശ്ചയിച്ചുവോ; എങ്കിൽ അതുപ്രകാരം നടപടികൾ നടന്നുവോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിനായി വകുപ്പ് ഉപഗ്രഹ സർവ്വേ നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ ഇത് മുഖാന്തരം എത്ര വില്ലേജുകളിൽ റീ-സർവ്വേ പൂർത്തീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കേരള സംസ്ഥാനത്തെക്കാൾ ഇരട്ടി വലിപ്പമുള്ള അയൽ സംസ്ഥാനങ്ങളിൽ റീ-സർവ്വേ നടപടികൾ വളരെ വേഗം പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയത് സംബന്ധിച്ച് പഠനം നടത്തി ഇവിടെയും റീസർവ്വേ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1961-ലെ സർവ്വേ ബൗണ്ടറീസ് ആക്ടിന്റെയും 1964-ൽ പുറപ്പെടുവിച്ച റീസർവ്വേ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 1966-ൽ റീസർവ്വേ ആരംഭിച്ചിട്ടുള്ളതും നിലവിൽ തുടർന്നുവരുന്നതുമാണ്. 6-11-1965-ലെ G.O(MS) 781/65/RD പ്രകാരം റിക്കാർഡുകൾ വളരെ മോശം അവസ്ഥയിലുണ്ടായിരുന്ന 11300 സ്ക്വയർ മൈൽ ഭൂമി (29266 സ്ക്വയർ കി.മീ.) നാലാം പദ്ധതി കാലയളവിൽ തന്നെ പൂർത്തിയാക്കുന്നതിനാണ് ഉത്തരവായിരുന്നത്. സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജുകളിൽ നാളിതുവരെ 903 വില്ലേജുകളുടെ റീസർവ്വേ (17893 സ്ക്വയർ കി.മീ.) പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവ്വേ, പട്ടയവിതരണത്തിനാവശ്യമായ സർവ്വേ, പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ടുള്ള സർവ്വേ, സർക്കാരിന്റെ വിവിധ പ്രോജക്റ്റുകൾക്കാ

വശ്യമായ സർവ്വേ തുടങ്ങിയ സർവ്വേ പ്രവർത്തനങ്ങൾക്ക് റീസർവ്വേയിൽ നിന്നാണ് ജീവനക്കാരെ നിയോഗിക്കുന്നത്. പല സാഹചര്യങ്ങളിലും ഭൂപരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്ത് പ്രവർത്തന ങ്ങൾക്കുവേണ്ടി റീസർവ്വേ നിർത്തിവച്ച് ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവും റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന് കാരണമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെ ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനായി 10-5-2018-ലെ സ.ഉ.(കൈ)നമ്പർ 181/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വേ നിയമം ഭേദഗതി ചെയ്യുക, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ നാളിതുവരെ 903 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(സി) ഓരോ വർഷവും റീസർവ്വേ നടത്താനായി വില്ലേജുകൾ തെരഞ്ഞെടു ത്തിരുന്നെങ്കിലും ലാന്റ് റിക്കാർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവ്വേ, പട്ടയ വിതരണത്തിന് ആവശ്യമായ സർവ്വേ, പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ട സർവ്വേ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾക്കാവശ്യമായ സർവ്വേ തുടങ്ങിയ സർവ്വേ പ്രവർത്തനങ്ങൾക്ക് റീസർവ്വേയിൽനിന്നും ജീവനക്കാരെ നിയോഗിക്കേണ്ടി വന്നതിനാലും ജീവനക്കാരുടെ കുറവുമൂലവും റീസർവ്വേ പ്രവർത്തനങ്ങളിൽ നിശ്ചയിച്ചതുപ്രകാരമുള്ള പുരോഗതി ആർജ്ജിക്കാൻ സാധിച്ചിട്ടില്ല.

(ഡി) നിലവിൽ ആധുനിക സർവ്വേ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS) ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) എന്നിവ ഉപയോഗിച്ച് എല്ലാ വകുപ്പുകൾക്കും ഡിജിറ്റൽ ഡാറ്റ ഉപയോഗപ്രദമാംവിധം WGS 84 എന്ന കോർഡിനേറ്റ് സിസ്റ്റത്തിൽ സർവ്വേ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള കൺട്രോൾ പോയിന്റുകളെ ആസ്പദമാക്കിയുള്ള ഡിജിറ്റൽ സർവ്വേ പ്രവർത്തന ങ്ങളാണ് നിർവ്വഹിച്ചുവരുന്നത്. ഇപ്രകാരം കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ഉൾപ്പെട്ട പത്ത് വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുള്ളതും എല്ലാ ജില്ലകളിലുമായി 32 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പുരോഗതിയിലുമാണ്.

(ഇ) റീസർവ്വേ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പുരോഗതി ആർജ്ജിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ട ഗുജറാത്ത് സംസ്ഥാനം ലാൻഡ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ, സർവ്വേ അഡീഷണൽ ഡയറക്ടർ, റവന്യൂ ഐ.റ്റി. സെൽ നോഡൽ ഓഫീസർ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ പ്രോജക്ട് മാനേജർ എന്നിവരടങ്ങിയ സംഘം സന്ദർശിക്കുകയും അവിടെ നടപ്പിലാക്കിയിട്ടുള്ള ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (DILRMP) സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശ പരിഗണിച്ച് കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെ ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനായി 10-5-2018-ലെ സ.ഉ.(കൈ)നമ്പർ 181/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വേ നിയമം ഭേദഗതി ചെയ്യുക, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി

362 (2958) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മടവൂർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ വേമൂട് ആലപ്പുറം മഹാദേവ ക്ഷേത്രം തോട്ടുവരമ്പിലെ പുറമ്പോക്കുഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് വർക്കല താലൂക്ക് ആഫീസിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

### ഉത്തരം

മടവൂർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ വേമൂട് ആലപ്പുറം മഹാദേവ ക്ഷേത്രം തോട്ടുവരമ്പിലെ പുറമ്പോക്കുഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് വർക്കല താലൂക്ക് ആഫീസിൽ അപേക്ഷ ലഭിച്ചിട്ടില്ല.

## സർക്കാർ ഭൂമിയുടെ സംരക്ഷണം

363 (2959) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഏജൻസിയെ റീസർവ്വേ ഏൽപ്പിക്കുന്നതുമൂലം സർക്കാർ ഭൂമി നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാൽ, സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് ഓരോ വില്ലേജിലും ഒരു സ്ഥിരം സർവ്വേയറെ വീതം നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജന്മം ഭൂമി കൈവശംവച്ച് കൃഷി ചെയ്തും വീടുവെച്ചും ജീവിക്കുന്ന കർഷകർക്കും കർഷക തൊഴിലാളികൾക്കും പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തി നടത്തുന്നതിനും വാലിഡേഷൻ ജോലികൾ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിക്കുന്നതിനും തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഭൂമി നഷ്ടപ്പെടാതെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് സാധിക്കും. ഓരോ വില്ലേജിലും സ്ഥിരമായി സർവ്വേ ജീവനക്കാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം 1-1-1970-ന് മുമ്പ് ഒരു ജന്മിയുടെ കീഴിൽ ജന്മിയുമായി പാട്ടഉടമ്പടിയിൽ ഭൂമി കൈവശം വയ്ക്കുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ തുടങ്ങിയവർക്ക് അവർ കൃഷി ചെയ്തു വരുന്ന ഭൂമിക്ക് ക്രയസർട്ടിഫിക്കറ്റ് (പട്ടയം) ലഭിക്കാൻ അവകാശമുണ്ട്. ഭൂമിയുടെ ഇപ്പോഴത്തെ കൈവശക്കാരനോ അദ്ദേഹത്തിന്റെ മുൻഗാമിയോ പ്രസ്തുത ഭൂമിയുടെ ജന്മിയുമായി 1-1-1970-ന് മുമ്പ് ഒരു പാട്ടബന്ധത്തിൽ അല്ലെങ്കിൽ കുടികിടപ്പ് വ്യവസ്ഥയിൽ ഭൂമി കൈവശംവച്ച് വരുന്നവരായിരിക്കണം. ഇത്തരത്തിലുള്ളവർക്ക് ക്രയസർട്ടിഫിക്കറ്റിനായി ലാൻഡ് ട്രൈബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യാവുന്നതുമാണ്. ജന്മിക്കും കക്ഷികൾക്കും നോട്ടീസ് നൽകുക, പാട്ടബന്ധമുണ്ടായിരുന്നോയെന്ന് തെളിവെടുപ്പ് നടത്തുക, വിചാരണ നടത്തുക തുടങ്ങിയ നിയമാനുസരണ നടപടികൾ സ്വീകരിച്ച് അർഹതയുണ്ടെങ്കിൽ ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുന്ന പ്രക്രിയയാണ് ലാൻഡ് ട്രൈബ്യൂണലുകളിൽ നിർവ്വഹിച്ചുവരുന്നത്. ഭൂപരിഷ്കരണ നിയമത്തിന്റെ വകുപ്പ് 101(1) പ്രകാരം ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്.

**സർവ്വേയർ തസ്തികയിലെ ഒഴിവുകൾ**

364 (2960) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ഡിപ്പാർട്ട്മെന്റിൽ സർവ്വേയർമാരായി 1-1-2017 മുതൽ 31-5-2018 വരെ എത്ര പേരാണ് റിട്ടയർ ചെയ്തിട്ടുള്ളത്;

(ബി) ഈ കാലയളവിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ്; ഇല്ലെങ്കിൽ എപ്പോൾ റിപ്പോർട്ട് ചെയ്യാനാണ് സാധ്യതയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 പേർ റിട്ടയർ ചെയ്തിട്ടുണ്ട്.

(ബി) രണ്ടാം തരം സർവ്വേയർ തസ്തികയിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖാന്തരം നികത്തുന്നത്. ടി കാലയളവിലെ രണ്ടാം തരം സർവ്വേയർ തസ്തികയിലുണ്ടായ വിരമിക്കൽ മുഖേനയുള്ള 3 ഒഴിവുകളും സ്ഥാനക്കയറ്റം മുഖേനയുണ്ടായ 47 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ജീവനക്കാരി വകുപ്പ് വിട്ടുപോയതുമൂലമുണ്ടായ ഒരു ഒഴിവും സ്ഥാനക്കയറ്റം മുഖേനയുണ്ടായ 9 ഒഴിവുകളും പുതുതായി സൃഷ്ടിച്ച 2 ഒഴിവുകളും റിപ്പോർട്ട് ചെയ്യാനുണ്ട്. സർവ്വേയർ തസ്തികയ്ക്ക് തുടർച്ചാനുമതിയാകുന്ന മുറയ്ക്ക് ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

**കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

365 (2961) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൈവശഭൂമിക്ക് പട്ടയം നൽകണമെങ്കിൽ 1-8-1971-ന് മുമ്പ് അപേക്ഷകനോ അയാളുടെ മുൻകൈവശക്കാരനോ ഭൂമി കൈവശം ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ 1972-ലും അതിന് ശേഷവും റീ-സർവ്വേ നടത്തിയിട്ടുള്ളതും സർവ്വേ കാലയളവിൽ ആരാലും കൈവശമില്ലാതെയിരുന്നതും, സർക്കാർ തരിശ്, പുറമ്പോക്ക്, പാറ തരിശ്, പാറ എന്നിങ്ങനെ റീ-സർവ്വേ ഫീൽഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതുമായ ഭൂമിക്ക് പട്ടയം ലഭിക്കുവാനായി ഒരാൾ അപേക്ഷ സമർപ്പിച്ചാൽ പ്രസ്തുത വ്യക്തി ഭൂമി കൈവശം വെച്ചതിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പ് അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7 ഉപചട്ടം 1 പ്രകാരം 1-8-1971-ന് മുമ്പ് ഭൂമി കൈവശംവച്ച് വരുന്നവർക്ക് ഭൂമി പതിച്ച് നൽകുന്നതിന് മുൻഗണനയുള്ളതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കൈവശം സ്ഥലം സന്ദർശിച്ച് വില്ലേജ് ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ട്, മഹസർ, വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ കൂടാതെ വീട് വച്ച് താമസിക്കുന്ന സ്ഥലമാണെങ്കിൽ വീടിന്റെ നമ്പർ, പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ രേഖകൾ, റേഷൻ കാർഡ്, തിരിച്ചറിയൽ രേഖകൾ എന്നിവ പരിശോധിച്ചും പ്രാദേശിക അന്വേഷണത്തിന്റെയും അയൽ സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിലും കാലപ്പഴക്കം കണക്കാക്കുന്നു.

**നീലക്കുറിഞ്ഞി ഉദ്യാന സംരക്ഷണം**

366 (2962) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ സംരക്ഷണത്തിനായി മുൻഅഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന നിവേദിത പി. ഹരൻ തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ റിപ്പോർട്ട് പ്രകാരം വട്ടവട, കൊട്ടക്കാമ്പൂർ, കാന്തളൂർ, കീഴാന്തൂർ, മറയൂർ എന്നീ വില്ലേജുകളിലെ മുഴുവൻ യൂക്കാലി തോട്ടങ്ങളും സർക്കാർ ഏറ്റെടുക്കണമെന്ന ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ ഉദ്യാനത്തിലെ വ്യാജ പട്ടയക്കാരെയും കൈയേറ്റക്കാരെയും ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ അഡീഷണൽ ചീഫ് സെക്രട്ടറി നിവേദിത പി. ഹരൻ റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, മറയൂർ, കീഴാന്തൂർ വില്ലേജുകളിലെ യൂക്കാലി പ്ലാന്റേഷനുകൾ സർക്കാർ ഏറ്റെടുക്കണം.

2. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തസത്ത ഉൾകൊണ്ടുക്കൊണ്ട് ടി മേഖലയുടെ പാരിസ്ഥിതിക ദുർബലാവസ്ഥ പരിഗണിച്ച് അഞ്ചുനാട് മേഖലയിലെ സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും വനം വകുപ്പിന്റേയും കൈവശത്തിലുള്ള ഭൂമിയിൽ നിൽക്കുന്ന എല്ലാ യൂക്കാലി, ആക്കേഷ്യ അടക്കമുള്ള മരങ്ങളുടെ വിളവെടുപ്പ് നിരോധിക്കണം. Kerala Promotion of Tree growth in Non-Forest Areas Act-2005-ന്റെ കീഴിൽ യൂക്കാലി മരങ്ങളുടെ വിളവെടുപ്പ് നിരോധിക്കുന്നതിനായുള്ള നിയമ ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതിനാൽ സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന യൂക്കാലി മരങ്ങളുടെ കൃഷി നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം.

3. മേഖലയിലെ ഓരോ തണ്ടപ്പേരും തണ്ടപ്പേർ കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് പരിശോധിക്കണം. നിശ്ചയിക്കുന്ന അധികാര കേന്ദ്രം മുമ്പാകെ ഓരോ കക്ഷിയും നേരിൽ ഹാജരാകണം. നിയമപരമായ ചുമതലപ്പെടുത്തലോ അപേക്ഷയോ സർവ്വമുക്ത്യാർ മുഖാന്തരമുള്ള ഹാജരാകലോ അനുവദനീയമല്ല. കൈവശത്തിലുള്ള രേഖകൾ സഹിതം അവകാശം തെളിയിക്കുന്നതിനായി തണ്ടപ്പേർ കക്ഷി നേരിൽ ഹാജരാകണം. ഇതിന്റെ ഭാഗമായി ആത്മാർത്ഥതയുള്ള ഒരു ടീം ടി പരിശോധനയ്ക്കായി സജ്ജമാക്കണം.

4. ടി ജോലികൾ വന്യജീവി സംരക്ഷണ നിയമപ്രകാരം ചുമതലപ്പെട്ട സെറ്റിൽമെന്റ് ഓഫീസർ 7 വർഷങ്ങൾക്കുമുമ്പ് നിർവ്വഹിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഈ ജോലികൾ നിർവ്വഹിക്കുന്നതിന് നിയമത്താൽ ചുമതലപ്പെട്ട ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്. കമ്മീഷണർ ഈ ജോലികൾ മൂന്ന് മാസത്തിനുള്ളിൽ നിർവ്വഹിക്കേണ്ടതാണ്. ആയതിന് ഇതിന്റെ ഭാഗമായി ആത്മാർത്ഥതയുള്ള ടീമുകളെ ടി പരിശോധനയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം.

5. ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം പ്രഥമദൃഷ്ട്യാ യോഗ്യമെന്ന് കാണുന്നവയുടെ സ്ഥല പരിശോധന നടത്തേണ്ടതാണ്. ഇതിന് ആത്മാർത്ഥതയുള്ള സർവ്വേ, റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന ടീമുകളെ ടി പരിശോധനയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം. GPS സംവിധാനം ഉപയോ

ഗിച്ചായിരിക്കണം ടി പരിശോധന നടത്തേണ്ടത്. ദേവികുളം സബ് കളക്ടർ ഇത്തരത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ പരിശോധിച്ച് ബോധ്യപ്പെടുന്ന യഥാർത്ഥ പട്ടയത്തിൽപ്പെട്ട ഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തുകയും ടി വസ്തുവിന്റെ മാപ്പ് സഹിതം പട്ടയ കക്ഷിക്ക്/നിയമാനുസൃത അവകാശിക്ക് കൈമാറുകയും ചെയ്യണം. ഈ ജോലികൾ 4 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. ഈ അവസരത്തിൽ കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തിയും നിശ്ചയിക്കണം. ഇത്തരത്തിൽ നിർമ്മിക്കുന്ന രേഖകളുടെ ഒരു സെറ്റ് ഡിജിറ്റൽ ഫോർമാറ്റിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സൂക്ഷിക്കണം.

6. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി സർക്കാർഭൂമിയിൽ നിന്ന് യൂക്കാലിപ്റ്റ്സ് മരങ്ങൾ മുറിച്ചുകടത്തിയ ഇനത്തിൽ സർക്കാരിന് കോടിക്കണക്കിന് രൂപയാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്നതിനാൽ ടി പരിശോധന പൂർത്തിയാകുന്നതുവരെ അഞ്ചുനാട് മേഖലയിലെ യൂക്കാലിപ്റ്റ്സ് മരങ്ങളുടെ മുറിക്കൽ നിരോധിക്കണം.

7. ഈ ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ടീമുകളിൽ വനംവകുപ്പ് ജീവനക്കാരേയും ഉൾപ്പെടുത്തേണ്ടതും വനംവകുപ്പ് ഉദ്യോഗസ്ഥർ ചോലവനത്തെ നശിപ്പിക്കുന്ന പ്രവൃത്തി ചെയ്യുന്ന അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശം ഉദ്യാനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അതിർത്തിവേലി സ്ഥാപിച്ച് സൂക്ഷി ക്കേണ്ടതുമാണ്. വനംവകുപ്പ് ഒരു ഭൂതലാധിഷ്ഠിത മാപ്പ് കരുതേണ്ട തുമാണ്. അതുകഴിഞ്ഞ് മാത്രമേ കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം പൂർണ്ണതയിൽ എത്തുകയുള്ളൂ.

8. ഇതേ തരത്തിലുള്ള പരിശോധന അഞ്ചുനാട് മേഖലയിലെ മറ്റ് മൂന്ന് വില്ലേജുകളിൽക്കൂടി നടപ്പിലാക്കേണ്ടതും ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ മതിയായ പരിശോധന നടത്തേണ്ടതും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതുമാണ്. കൂടാതെ ഒരു ഭൂതലാധിഷ്ഠിത മാപ്പ് കൂടി നിർമ്മിക്കേണ്ടതാണ്.

9. മൂന്നാർ പ്രദേശം പരിസ്ഥിതി സൗഹാർദ്ദ ടൂറിസം മേഖലയായി വികസിപ്പിക്കേണ്ടതും പൊതുസ്ഥലം കയ്യേറിയിട്ടുള്ള ഭൂമാഫിയയെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശത്തിന്റെ ടൂറിസം പ്രത്യേകത സർക്കാർ മനസ്സിലാക്കി കൃത്യമായി പ്ലാൻ ചെയ്യേണ്ടതും അത്തരത്തിൽ പ്ലാൻ ചെയ്താൽ ടൂറിസം മേഖലയിലൂടെ സർക്കാരിന് വലിയ വരുമാനം നേടാവുന്നതുമാണ്.

10. ഉദ്യാനമേഖലയിലെങ്കിലും സർവ്വമുക്ത്യാർ മുഖേനയുള്ള ഭൂമി കൈമാറ്റം പൂർണ്ണമായി നിരോധിക്കേണ്ടതാണ്.

11. റവന്യൂ ഭൂമി വനംവകുപ്പ് പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. പാട്ടത്തിന് കൊടുക്കുകയാണെങ്കിൽ പാട്ട ഉടമ്പടിയിൽ റവന്യൂ വകുപ്പിനെക്കൂടി കക്ഷി ചേർക്കേണ്ടതാണ്. പരമാവധി വേഗത്തിൽ അഞ്ചുനാട് മേഖലയിലെ യൂക്കാലി വളർത്തൽ അവസാനിപ്പിക്കേണ്ടതാണ്.

12. ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ളതും സ്ഥാപിത താത്പര്യങ്ങളില്ലാത്തതും കഴിവുള്ളതും സീനിയറുമായ ഒരു ഉദ്യോഗസ്ഥനെ ശിപാർശ പ്രകാരമുള്ള ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണറായി നിയമിക്കേണ്ടതാണ്.

13. നിയമവിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ജോലിയിൽ കൃത്യവിലോപം കാണിച്ചിട്ടുള്ളതും ഭൂമാഫിയയെ സഹായിച്ചിട്ടുള്ള തുമായ എല്ലാ ജീവനക്കാർക്കെതിരെയും ശക്തമായ അച്ചടക്ക നടപടിയും ശിപാർശ ചെയ്യുന്നു.

14. അഞ്ചുനാട് മേഖലയിൽ ഭൂമി കയ്യേറിയിട്ടുള്ള ആളുകളെ തിരിച്ചറിയുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന ഒരു ത്വരിത പരിശോധന നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

15. അഞ്ചുനാട് മേഖലയിൽ നിയമവിരുദ്ധമായി ജനപ്രതിനിധികളുടെയോ അവരുടെ ആശ്രിതരുടെയോ പേരിൽ ഭൂമി വാങ്ങിയിട്ടുള്ള ജന പ്രതിനിധികളെ അവരുടെ വസ്തു സംബന്ധിച്ച വാർഷിക റിട്ടേൺ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് എന്നിവയിലൂടെ തിരിച്ചറിയേണ്ടതും അത്തരം കേസുകൾ ലോകായുക്തയ്ക്ക് റഫർ ചേയ്യേണ്ടതുമാണ്.

(ബി) ഇല്ല.

(സി) പഞ്ചായത്തിന്റേയോ റവന്യൂ വകുപ്പിന്റേയോ കൃഷി വകുപ്പിന്റേയോ രേഖകളോ കൈവശാവകാശ രേഖയോ പട്ടയമോ വീടുണ്ടെങ്കിൽ അത് സംബന്ധിച്ച ഏതെങ്കിലും സർക്കാർ/ബാങ്ക് രേഖയോ റേഷൻ/ഇലക്ഷൻ രേഖകളോ പരിശോധിച്ച് ഉടമസ്ഥത/കൈവശം തിട്ടപ്പെടുത്തി മാത്രം ശരിയായ കൈവശരേഖകളുള്ള ആളുകളെ കുടിയൊഴിപ്പിക്കേണ്ടെന്നും ഇപ്പോൾ സംഗ്ചറി പ്രദേശമായി ഉദ്ദേശ വിജ്ഞാപനത്തിൽപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തിപ്പോരുന്ന എല്ലാവർക്കും 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളനുസരിച്ച് പട്ടയം നൽകാവുന്നതാണെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്.

## സർവ്വേയർ ഗ്രേഡ്-II നിയമനം

367 (2963) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേയർ ഗ്രേഡ് 2 തസ്തികയിൽ സംസ്ഥാനത്താകെ എത്ര ഒഴിവുകളുണ്ടെന്നും അവയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിലേയ്ക്ക് നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; സർവ്വേയർമാരുടെ ഒഴിവ് നികത്താത്തത് ലാൻഡ് സർവ്വേ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഓരോ വില്ലേജിലും സർവ്വേയർമാരെ നിയമിക്കുന്നതിലൂടെ സർവ്വേ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഏകോപിപ്പിക്കാനും കഴിയും എന്ന് കരുതുന്നുണ്ടോ; ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സർവ്വേയർ ഗ്രേഡ്-II തസ്തികയിൽ സംസ്ഥാനത്താകെ 147 ഒഴിവുകളുണ്ട്. ആയതിൽ 135 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.

(ബി) നിലവിൽ സർവ്വേയർ ഗ്രേഡ്-II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുണ്ട്. സർവ്വേയർമാരുടെ ഒഴിവ് നികത്താത്തത് ലാന്റ് സർവ്വേ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി കാണുന്നു.

(സി) സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാകുന്നമുറയ്ക്ക്, ഭൂപരിപാലനം സുഗമവും കാര്യക്ഷമവുമാക്കുന്നതിന് വില്ലേജ് തലത്തിൽ സർവ്വേ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കൾ

368 (2964) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കല്ല്, എം.സാൻഡ്, മെറ്റൽ, മണൽ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭവന നിർമ്മാണം ഉൾപ്പെടെയുള്ള സർക്കാർ, സർക്കാരിതര നിർമ്മാണ പദ്ധതികൾ പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭവന നിർമ്മാണത്തിനുള്ള സിമെന്റ്, കമ്പി തുടങ്ങിയ ഉൽപ്പന്നങ്ങളുടേയും മണൽ, ചല്ലി, തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെയും വില ദിനംപ്രതി വർദ്ധിച്ചുവരുന്നതും ശുദ്ധമായ മണലിന്റെ ലഭ്യത കുറയുന്നതും നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(ബി&സി) ഭവന നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് ഭവന നിർമ്മാണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഭവനനിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രങ്ങളായി വിവിധ ജില്ലകളിലായി 14 'കലവറകൾ' പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ നിന്നും 750 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താവിന് സിമെന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% സൗജന്യ നിരക്കിൽ നൽകി വരുന്നു. ഒരു വ്യക്തിക്ക് പരമാവധി 500 കിലോഗ്രാം കമ്പികളും 50 ബാഗ് സിമെന്റും കലവറകളിൽനിന്നും ലഭിക്കുന്നതാണ്.

2. ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ വിവിധ ജില്ലകളിലായി 8 പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

3. ചെലവ് കുറഞ്ഞ നൂതന കെട്ടിട നിർമ്മാണവിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

## ഇന്നവേറ്റീവ് ഭവന പദ്ധതി

369 (2965) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ഒരുക്കുന്നതിനായി ഇന്നവേറ്റീവ് ഭവന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയിൻ കീഴിൽ നാളിതുവരെയായി എത്ര ഫ്ലാറ്റ് സമുച്ചയങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇന്നവേറ്റീവ് ഭവന പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരാണ്; ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യമൊരുക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുന്ന ഇന്നവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിരുന്നു. 2015-16 മുതൽ ഈ സ്കീമിന്റെ കീഴിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(ബി) നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിൽനിന്നും വളരെ ദൂരത്തായി താമസിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്ന വളരെ പാവപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനുള്ള ഇന്നവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ തിരുവനന്തപുരം നഗരത്തിൽ 88 ഫ്ലാറ്റുകളും എറണാകുളത്ത് 36 ഫ്ലാറ്റുകളും തൃശ്ശൂരിൽ 72 ഫ്ലാറ്റുകളും കോഴിക്കോട് 40 ഫ്ലാറ്റുകളും (ആകെ 236 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്.

(സി) 18-12-2012-ലെ ജി.ഒ.(ആർറ്റി.)നമ്പർ 87/12/ഭവനം സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ 'Articles of Management of Innovative Housing Scheme 2012'-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് ഇന്നവേറ്റീവ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. നഗരത്തിന് പുറത്തുനിന്നും

വന്ന് നഗരത്തിൽ പണിയെടുക്കുന്ന പാവപ്പെട്ടവർക്ക് താമസമൊരുക്കുന്നതിന് വേണ്ടിയുള്ള ടി പദ്ധതി പ്രകാരം വാടകക്കാരെ തെരഞ്ഞെടുക്കുമ്പോൾ 20 ശതമാനം ചെയർമാൻ ക്വാട്ടയും ബാക്കിയുള്ള 80 ശതമാനം യൂണിറ്റുകൾ, ലോക്കൽ പത്രങ്ങൾ, തെരഞ്ഞെടുത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകൾ എന്നിവയിൽ പരസ്യപ്പെടുത്തിയുമാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. ഗുണഭോക്താക്കൾ ഇന്ത്യൻ പൗരനും കേരളത്തിൽ താമസിക്കുന്ന വ്യക്തിയുമായിരിക്കണം. ചെയർമാൻ ക്വാട്ട ഒഴികെയുള്ള ഗുണഭോക്താക്കൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം. 33 ശതമാനം ഒറ്റപ്പെട്ടവർ, വിധവകൾ, അനാഥർ, വേർപിരിഞ്ഞ/വിവാഹ മോചനം നേടിയവർ എന്നീ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കി അലോട്ട്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. അപേക്ഷാർത്ഥികളുടെ എണ്ണം ഒഴിവുള്ള യൂണിറ്റുകളേക്കാൾ കൂടുതലായാൽ മുൻകൂട്ടി സമയവും സ്ഥലവും നിശ്ചയിച്ച് അലോട്ട്മെന്റ് കമ്മിറ്റി ഗുണഭോക്താക്കളെ നറുക്കെടുക്കുന്നതായിരിക്കും. ചെയർമാൻ ക്വാട്ടയിലെ ഗുണഭോക്താക്കൾ കേരള സർക്കാരിന്റെയോ ബോർഡിന്റെയോ കരാർ ജീവനക്കാരും സ്ഥിരം ജീവനക്കാരും ഉൾപ്പെടെയുള്ള ഡ്രൈവർമാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, വാച്ചർമാർ, ലിഫ്റ്റ് ഓപ്പറേറ്റർമാർ, ബോർഡ് തീരുമാനിക്കുന്ന മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർ എന്നിവരാണ്. ഇവരുടെ ആകെ ശമ്പളം 25,000 രൂപയിൽ കുറവാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മാസവാടക നിരക്കിലാണ് അലോട്ട്മെന്റ് നടത്തുന്നത്. 33 മാസക്കാലമാണ് താമസത്തിന് നൽകുന്ന പരമാവധി കാലാവധി. അലോട്ട്മെന്റ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

1. ചെയർമാൻ/സെക്രട്ടറി, കെ.എസ്.എച്ച്.ബി. - പ്രസിഡന്റ്
2. ബന്ധപ്പെട്ട ഡിവിഷന്റെ (ബോർഡ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ- കൺവീനർ
3. പദ്ധതി പ്രദേശം ഉൾപ്പെടുന്ന ലോക്കൽ ബോഡി വാർഡ് മെമ്പർ
4. ജില്ലാ കളക്ടർ നിശ്ചയിക്കുന്ന ജില്ലാ കളക്ടറുടെ പ്രതിനിധി.
5. ജില്ലാ ലേബർ ഓഫീസർ നിശ്ചയിക്കുന്ന ലേബർ വകുപ്പിന്റെ പ്രതിനിധി

ഭൂ-ഭവനരഹിതരായ ദുർബല വിഭാഗക്കാരായ വ്യക്തികളുടെ വിവര ശേഖരണത്തിനായി കേരളത്തിലെ പതിനാല് ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യ പ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് നൂറ് രൂപ വീതം

രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്. ടി ഡാറ്റാ ബാങ്കിൽനിന്നും പദ്ധതിക്കുവേണ്ടി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ ഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷ ഫാറം ഫീസ് 10 രൂപ) യുക്തമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

**ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

370 (2966) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ഭവനനിർമ്മാണ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഭവന നിർമ്മാണ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും കഴിഞ്ഞ രണ്ട് വർഷം എത്ര തുക ധനസഹായമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വീടുകൾ നിർമ്മിച്ചു നൽകി; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഭവന വായ്പ നൽകി; വിശദമാക്കാമോ?

ഉത്തരം

(എ) ഭവന നിർമ്മാണ പദ്ധതികളൊന്നും ബോർഡിൽ നിലവിലില്ല. എന്നാൽ സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗം (LIG) വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന (NGO), കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ പരമാവധി രണ്ട് ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ടി പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ഭവന നിർമ്മാണ പദ്ധതികൾക്ക് ധനസഹായം ലഭിച്ചിരുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽനിന്നും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്കായി മൊത്തം 819.32 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കോഴിക്കോട് ജില്ലയിലെ ചേവായൂർ | - 190.23 |
| ഇടുക്കി ജില്ലയിലെ മുട്ടം | - 29.1 |
| എറണാകുളം ജില്ലയിലെ ഇടപ്പള്ളി | -139.01 |
| തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് | - 197.38 |
| കിഴക്കേ ചാലക്കുടി | - 118.32 |
| എൻ.സി.സി. നഗർ | - 145.28 |
| ആകെ | 819.32 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിച്ച് നൽകിയിട്ടില്ല. 2014-15, 2015-16 എന്നീ വർഷങ്ങളിൽ യഥാക്രമം 709, 1988 എന്നിങ്ങനെ എണ്ണം വീടുകൾക്കുള്ള സബ്സിഡിയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 2014-15 വർഷത്തിൽ ഗൃഹശ്രീ പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 14.19 കോടി രൂപ ഉപയോഗപ്പെടുത്തി 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് 709 വീടുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2015-16 വർഷത്തിൽ ടി പദ്ധതി പ്രകരം സർക്കാർ അനുവദിച്ച 39.76 കോടി രൂപ ഉപയോഗപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് 1824 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. 30-4-2018-ലെ കണക്ക് പ്രകാരം 14 ജില്ലകളിലും ഗഡുക്കൾ അനുവദിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഭവന നിർമ്മാണ ബോർഡ് ഭവന വായ്പ നൽകിയിട്ടില്ല.

## എൽ.ഐ.ജി./എച്ച്.ഐ.ജി. ഗുണഭോക്താക്കൾക്ക് കുടിശ്ശിക ആനുകൂല്യങ്ങൾ

371 (2967) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനവായ്പ എടുത്ത എൽ.ഐ.ജി/എച്ച്.ഐ.ജി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ കുടിശ്ശികയുള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഒറ്റത്തവണ തീർപ്പാക്കലിൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഇത്തരത്തിൽ കുടിശ്ശികയുള്ളവർക്ക് പലിശ ഇളവും അടവിനുള്ള കാലദൈർഘ്യവും കൂട്ടി നൽകാനും നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വായ്പാ കുടിശ്ശികക്കാരായ ഗുണഭോക്താക്കളെ സഹായിക്കാൻ ബോർഡിൽ സർക്കാർ അനുമതിയോടെ 7-2-2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം താഴ്ന്ന, ഇടത്തരം, ഉയർന്ന വരുമാന വിഭാഗക്കാരായ മുഴുവൻ ഗുണഭോക്താക്കളുടെയും പിഴപ്പലിശയിൽ പൂർണ്ണമായും ഇളവ് അനുവദിച്ചിട്ടുണ്ട്. താഴ്ന്ന/ഇടത്തരം വരുമാന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശയിൽ 70 ശതമാനവും ഉയർന്ന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശ 50 ശതമാനവും ഇളവ് അനുവദിച്ചിരുന്നു. ഒ.റ്റി.എസ്. പദ്ധതി വിവിധ ഉത്തരവുകളിലായി ദീർഘിപ്പിച്ച് നിലവിൽ 31-3-2018 വരെ പ്രാബല്യത്തിലുണ്ടായിരുന്നു.

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് ഭവന വായ്പകൾ അനുവദിച്ചിരുന്നത്. ടി വായ്പകൾ പലിശ സഹിതം ബോർഡ് തിരിച്ചടയ്ക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ അനുമതിയോടുകൂടി നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശയിലും മുടക്കപ്പലിശയിലും അനുവദിക്കുന്ന ഇളവുകൾ അല്ലാതെ മറ്റ് ഇളവുകൾ നൽകാൻ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ നിർവ്വാഹമില്ല. ഒ.റ്റി.എസ്. പദ്ധതി 31-3-2018-ൽ അവസാനിച്ച സാഹചര്യത്തിൽ കുറച്ചുകൂടി ആകർഷകമായ ഇളവുകൾ നൽകിക്കൊണ്ട് ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ച് വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗൃഹനിർമ്മാണത്തിന് സബ് കളക്ടറുടെ അനുമതി വേണമെന്ന ഉത്തരവ് ഭേദഗതി ചെയ്യൽ

372 (2968) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ട്രൈബ്യൂണലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്ന എട്ട് വില്ലേജുകളിൽ ഗൃഹനിർമ്മാണത്തിന് സബ് കളക്ടറുടെ അനുമതി വേണമെന്ന ഉത്തരവ് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഗൃഹനിർമ്മാണത്തിന് സബ് കളക്ടർക്ക് പകരം ആരുടെ അനുമതി നിർബന്ധമാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്നാർ പ്രദേശത്ത് സ്വന്തം ഗൃഹനിർമ്മാണത്തിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് അതത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 26-5-2018-ലെ സ.ഉ.(കൈ)199/2018/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(ബി) മൂന്നാർ ട്രൈബ്യൂണലിന്റെ പരിധിയിൽ വരുന്ന 8 വില്ലേജുകളിൽ സ്വന്തം താമസത്തിനുള്ള ഗൃഹനിർമ്മാണങ്ങൾക്കും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത് ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ ആണെന്നതിനാൽ വളരെ ദൂരെയുള്ള വില്ലേജുകളിലെ താമസക്കാർക്ക് ആയത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് കൂടാതെ ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വളരെ കാലതാമസവും ഉണ്ടാകുന്നുവെന്ന പരാതി പരിഗണിച്ചാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) വില്ലേജ് ഓഫീസറുടെ അനുമതി നിർബന്ധമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**ഗൃഹശ്രീ ഭവന പദ്ധതി**

373 (2969) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച പ്രധാന ഭവനനിർമ്മാണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിന് ഗൃഹശ്രീ ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ ബോർഡ് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിൽ ടി പദ്ധതിയിലൂടെ 36 ഫ്ലാറ്റുകൾ കൂടി നിർമ്മിക്കുന്നതിന് ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ കണ്ണൂർ ജില്ലയിൽ പട്ടുവത്തും കോഴിക്കോട് ജില്ലയിൽ മുക്കത്തും 48 ഫ്ലാറ്റുകൾ വീതമുള്ള ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഗൃഹശ്രീ ഭവന പദ്ധതിക്കായി 2017-18 വരെ 10465 ലക്ഷം രൂപ വകയിരുത്തിയതിൽ 6446 ലക്ഷം രൂപ ബോർഡിന് നൽകിയിട്ടുണ്ട്. ടി തുകയിൽ നിന്നും 5298 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഇന്നൊവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയിലൂടെ തിരുവനന്തപുരം നഗരത്തിൽ 88 ഫ്ലാറ്റുകളും എറണാകുളത്ത് 36 ഫ്ലാറ്റുകളും തൃശ്ശൂരിൽ 72 ഫ്ലാറ്റുകളും കോഴിക്കോട് 40 ഫ്ലാറ്റുകളും (ആകെ 236 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്.

**ട്രോളിംഗ് നിരോധനം**

374 (2970) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ട്രോളിംഗ് നിരോധനം എന്നുമുതൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയെന്ന് വിശദീകരിക്കുമോ ;

(ബി) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ;

(സി) ട്രോളിംഗ് നിരോധന സമയത്ത് മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ വർഷം ജൂൺ 9-ാം തീയതി അർദ്ധരാത്രി 12 മണി മുതൽ ആരംഭിച്ച് ജൂലൈ 31-ാം തീയതി അർദ്ധരാത്രി 12 മണി വരെ 52 ദിവസത്തേക്ക് ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ട്രോളിംഗ് നിരോധനം കൂടുതൽ കാര്യക്ഷമമായും കുറ്റമറ്റതായും നടത്തിന്നതിനുവേണ്ടി സർക്കാർ നിരവധി മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. 2018 മേയ് 15 മുതൽ എല്ലാ മറൈൻ ജില്ലകളിലും കൺട്രോൾ റൂം തുറന്നുപ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ കടലിലുണ്ടാകാവുന്ന അപകടങ്ങൾ മുന്നിൽ കണ്ട് കടൽ പട്രോളിംഗും രക്ഷാപ്രവർത്തനങ്ങളും നടത്തുന്നതിനും 9 മറൈൻ ജില്ലകളിലായി 17 റസ്ക്യൂ ബോട്ടുകളും ആവശ്യത്തിന് ഫൈബർ വള്ളങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആയത് 9-ാം തീയതി അർദ്ധരാത്രി മുതൽ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളി കുടുംബത്തിൽനിന്നും കടൽ പരിചയമുള്ള 80 പേരെ തെരഞ്ഞെടുത്ത് കടൽ രക്ഷാ ഗാർഡുകളായി നിയമിച്ചിട്ടുണ്ട്. നിരോധന കാലയളവിൽ അപകടങ്ങളുണ്ടായാൽ മറൈൻ എൻഫോഴ്സ്മെന്റും കോസ്റ്റൽ പോലീസും കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും സംയുക്തമായി രക്ഷാപ്രവർത്തനം നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം എത്തിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നുണ്ട്. കൂടാതെ ട്രോളിംഗ് നിരോധന കാലത്ത് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി മൊത്തം 4,500 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു.

(സി) കടലിൽ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അപകടമോ മറ്റോ സംഭവിച്ചാൽ അവരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി 17 രക്ഷാ ബോട്ടുകൾ എല്ലാ മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചും സജ്ജീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള കടൽ പരിചയമുള്ള 80 ഫിഷറീസ് ഗാർഡുകളെ എല്ലാ മറൈൻ ജില്ലകളിലും റസ്ക്യൂ ഗാർഡുകളായി നിയമിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ്, കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സേവനങ്ങൾ എപ്പോൾ വേണമെങ്കിലും ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

## ഉൾനാടൻ മത്സ്യബന്ധനം

375 (2971) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യബന്ധനം വർദ്ധിപ്പിക്കുന്നതിന് പൊതു ശുദ്ധജലാശയങ്ങളിൽ മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി വർദ്ധിപ്പിയ്ക്കുന്നതിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കോവളം നിയോജകമണ്ഡലത്തിലെ വെള്ളായണി കായലിൽ മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എപ്പോൾ നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ കോവളം നിയോജക മണ്ഡലത്തിലെ വെള്ളായണി കായലിൽ കാക്കാമൂല (കല്ലിയൂർ) വവ്വാമൂല, ആറാട്ട്കടവ് (വെങ്ങാനൂർ) എന്നീ കടവുകളിൽ 2 ലക്ഷം കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതയനുസരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതാണ്.

## ചെറുമീനുകളെ അനിയന്ത്രിതമായ രീതിയിൽ പിടിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം

376 (2972) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുമീനുകളെ അനിയന്ത്രിതമായ രീതിയിൽ പിടിക്കുന്നത് കേരളത്തിന്റെ മത്സ്യമേഖലയിൽ കനത്ത നഷ്ടമാണ് ഉണ്ടാക്കുന്നതെന്ന കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; അത് ശക്തമായ നിലയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന മത്സ്യബന്ധന വലകളുടെ കണ്ണി വലിപ്പം നിശ്ചയിച്ചുകൊണ്ടും, കോഡ് എന്റിൽ സ്ക്വയർ മെഷ് ഏർപ്പെടുത്തിക്കൊണ്ടും, KMFR Act ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. CMFRI പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ നിയമപരമായി പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ചെറുമീനുകളെ പിടിക്കുന്ന യാനങ്ങളെ കണ്ടെത്തി KMFR Act അനുസരിച്ച് ഇംപൗണ്ട് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിന് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ

377 (2973) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരക്കടലിൽ ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിന് ഉണ്ടാക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ച് സർക്കാർതലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്ലാസ്റ്റിക് വിഷം മത്സ്യങ്ങളിലൂടെ മനുഷ്യരിൽ കടന്നുകൂടി മാരക രോഗങ്ങൾക്കിടയാക്കുന്നുണ്ടെന്ന കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മറൈൻ സയൻസ് നടത്തിയ പഠനങ്ങളിലെ കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ തീരക്കടലിലെ പ്ലാസ്റ്റിക് നിക്ഷേപം കുറയ്ക്കുന്നതിനും, നീക്കം ചെയ്യുന്നതിനും ഫിഷറീസ് വകുപ്പ് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല.

(ബി) ടി വിഷയത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മറൈൻ സയൻസ് പഠനങ്ങൾ നടത്തിയിട്ടുണ്ട്. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾക്കും മറ്റ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കും വിഘടനം സംഭവിച്ച് 2 മില്ലീ മീറ്റർ മുതൽ 5 മില്ലീ മീറ്റർ വരെയുള്ള മൈക്രോ പ്ലാസ്റ്റിക് രൂപത്തിൽ ആകുകയും ഇത് സൂക്ഷ്മമായ സസ്യപ്ലവകങ്ങളും ജന്തുപ്ലവകങ്ങളും ആഗിരണം ചെയ്യുകയും ചെയ്യുന്നു. ഇവ ചെറുമത്സ്യങ്ങൾ ഭക്ഷിക്കുകയും ചെറുമത്സ്യങ്ങളെ ഭക്ഷിക്കുന്ന വലിയ മത്സ്യങ്ങളുടെ ഉള്ളിൽ എത്തുകയും ചെയ്യുന്നു. മത്സ്യങ്ങളെ ഭക്ഷിക്കുന്നതുവഴി മനുഷ്യരുടെ ഉള്ളിലും പ്ലാസ്റ്റിക്കിന് വിഘടനം സംഭവിച്ചിട്ടുണ്ടാകുന്ന വിഷാംശം എത്തുന്നു. വിഷാംശം പല ട്രോഫിക് തലത്തിലൂടെ കടന്നുപോകുമ്പോൾ ജൈവ ആവർദ്ധന പ്രക്രിയ (Biological Magnification) വഴി പല മടങ്ങായി വർദ്ധിച്ച് മാരകമായ കാൻസർ പോലെയുള്ള രോഗങ്ങൾക്ക് കാരണമാകാറുണ്ട്. ഈ വിഷയത്തിൽ സമഗ്രമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്.

(സി) ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ശുചിത്വ മിഷൻ, നെറ്റ് ഫിഷ് എന്നിവയുടെയും ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും സഹകരണത്തോടെ കടലിലെ ജീവജാലങ്ങളുടെ ജീവനും നിലനിൽപ്പിനും ആവാസ വ്യവസ്ഥയ്ക്കും ഭീഷണിയായി തീർന്നിട്ടുള്ള പ്ലാസ്റ്റിക്കും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും നിർമാർജ്ജനം ചെയ്യുന്നതിനായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽനിന്നും ശേഖരിച്ച്, സംസ്കരിച്ച് ഉല്പ്പന്നങ്ങളാക്കി മാറ്റുന്ന 'ശുചിത്വ സാഗരം' പദ്ധതിക്ക് 5-8-2017-ൽ തുടക്കം കുറിച്ചു. കടലിൽനിന്നും ശേഖരിച്ചുകൊണ്ടു വരുന്ന പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് നൽകുന്നതിനായി സാഫിൽനിന്നും 5 പേരടങ്ങുന്ന 3 ഗ്രൂപ്പുകളായി 15 സ്ത്രീ വോളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് കൊല്ലം നീണ്ടകര ഹാർബറിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുവഴി സംസ്കരിച്ച് ഉപോൽപ്പന്നങ്ങളാക്കി റോഡ് ടാറിംഗിനും മറ്റും വിജയകരമായി ഉപയോഗിച്ചു വരുന്നു. ദൈനംദിനം ഒരു ടൺ മാലിന്യ സംസ്കരണശേഷിയുള്ള യൂണിറ്റാണ് സ്ഥാപിച്ചിട്ടുള്ളത്.

## സംയോജിത മത്സ്യബന്ധന വികസന പദ്ധതി

378 (2974) ശ്രീ. കെ. ആൻസലൻ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. എം. നൗഷാദ് :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അവരെ കടബാധ്യതയിൽനിന്നും രക്ഷിക്കുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത മത്സ്യബന്ധന വികസന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) മത്സ്യത്തൊഴിലാളി മേഖലയിലെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായുള്ള സംസ്ഥാന വിഹിതമായി നടപ്പുസാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കായി സംയോജിത മത്സ്യ വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സംയോജിത മത്സ്യവികസന പദ്ധതി പ്രകാരം മത്സ്യലേലത്തിനും മത്സ്യവിപണനം നടത്തുന്നതിനുമായി പ്രവർത്തന മൂലധനം നൽകിവരുന്നു.

(സി) സംയോജിത മത്സ്യവികസന പദ്ധതിയിൽ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പദ്ധതികളില്ല. എന്നാൽ എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായി പലിശരഹിത വായ്പ വിതരണം ചെയ്തുവരുന്നു. ആയതിന്റെ പലിശ സർക്കാരാണ് വഹിക്കുന്നത്.

(ഡി) എൻ.സി.ഡി.സി.-യുടെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി പ്രകാരം 12 കോടി രൂപ വായ്പയായും, 300 ലക്ഷം രൂപ പലിശ സബ്സിഡിയായും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പലിശരഹിത വായ്പാ പദ്ധതിയുടെ പലിശ സബ്സിഡിക്കായി 225 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി മേഖലയിലെ സമഗ്ര വികസനം

379 (2975) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിലെ സമഗ്രവികസനത്തിന് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഭവനരഹിത, ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതിനും ഭൂമി അനുവദിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ വിജയപ്രദമാണോ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്രപേർക്ക് വീട് വച്ച് നൽകുന്നതിനും ഭൂമി അനുവദിക്കുന്നതിനും കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് കരിയർ ഗൈഡൻസ് നടപ്പിലാക്കിയിട്ടുണ്ടോ; മത്സരപ്പരീക്ഷകളിൽ ഈ വിഭാഗത്തിൽ നിന്നുള്ള കുട്ടികളുടെ പ്രകടനം വിലയിരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) സമൂഹത്തിലെ ഉന്നത ശ്രേണിയിലേക്ക് ഈ വിഭാഗത്തിലുള്ള കുട്ടികളെ ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പ് മുഖേനയും ഏജൻസികൾ മുഖേനയും മത്സ്യത്തൊഴിലാളി മേഖലയിലെ സമഗ്ര വികസനത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

I.ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ 2016-17 വർഷം മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ :

1. ഭവനരഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി.

2. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി.

3. കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി.

4. 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി -2000 ലക്ഷം രൂപ.

5. 1700 ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി - 297.50 ലക്ഷം രൂപ.

6. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി -750 ലക്ഷം രൂപ.

7. 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടികൾ

8. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് 72 എണ്ണം.

9. 50 മെഡിക്കൽ ക്യാമ്പുകൾ.

10. തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ അക്ഷരസാഗരം പദ്ധതി - 10 ലക്ഷം രൂപ.

11. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ - 20 കോടി രൂപ.

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസസ് പരിശീലന പരിപാടി.

13. മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം -227 ലക്ഷം രൂപ.

14. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

15. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി പ്രകാരം - 4000 പേർക്ക്.

16. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

17. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം (4000 എണ്ണം) - 800 ലക്ഷം രൂപ.

18. തീരപ്രദേശത്ത് അങ്കണവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

19. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി.

20. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടസമുച്ചയം നിർമ്മിക്കുന്ന പദ്ധതി. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ 192 മത്സ്യ ത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്.

21. സീകേജ് ഫാമിംഗ് പദ്ധതി.

22. മത്സ്യത്തൊഴിലാളികൾക്ക് ഒറ്റതവണ ധനസഹായമായി 1,350 രൂപ അനുവദിക്കുന്ന തണൽ പദ്ധതി.

23. ഫിഷറീസ് സ്കൂളുകളുടെ നവീകരണ പദ്ധതി.

24. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി - 200 ലക്ഷം രൂപ

25. 50 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.

26. കൊല്ലം, എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ 8, 9 ക്ലാസുകളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി - 2000 പേർക്ക്

27. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി - 50 സ്കൂളുകൾ

28. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 2325.5 ലക്ഷം രൂപ.

29. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

30. തീരപ്രദേശത്ത് അങ്കണവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

31. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

2017-18 വർഷം താഴെപ്പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

1. 1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം

2. 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം

3. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ

4. 200 മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി 20 കോടി രൂപ

5. സൗജന്യ മെഡിക്കൽ എൻട്രൻസ്/പി.എസ്.സി./ബാങ്ക് ടെസ്റ്റ്/സിവിൽ സർവ്വീസസ് പരിശീലന പരിപാടികൾ

6. കൊല്ലം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അക്ഷരസാഗരം പദ്ധതി

7. 1.86 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500 രൂപ നിരക്കിൽ ആനുകൂല്യം

8. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം.

9. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ

10. മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

11. പത്ത് റീജിയണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ

12. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ.

13. തിരുവനന്തപുരം ജില്ലയിൽ കാരോട് വില്ലേജിൽ 128 ഫ്ലാറ്റുകൾ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

14. ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം/തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - 30 കോടി രൂപ.

II. ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ :

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ;

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| (1) | (2) | (3) |
| 1 | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | |
| | 1. അപകട മരണം /കാണാതാകൽ /സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000 രൂപ |
| | 2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 5,00,000 രൂപ |
| | 3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി) | 10,000 രൂപ |
| | 4. ശവസംസ്കാര ചെലവ് | 2000 രൂപ |
| | 5. അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 25,000 രൂപ |
| 2 | മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം (ബോർഡിൽ നിന്ന് ലഭിക്കുന്ന ധനസഹായം) | 50,000 രൂപ |

| (1) | (2) | (3) |
|---|---|---|
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 രൂപ |
| 4 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1100 രൂപ |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000 രൂപ |
| 6 | ആംആദ്മി ബീമ യോജന പദ്ധതി | |
| | 1. അപകടംമൂലം സംഭവിക്കുന്ന മരണം | 4,00,000 രൂപ |
| | 2. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 2,00,000 രൂപ |
| | 3. അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശത | 1,00,000 രൂപ |
| | 4. സ്വാഭാവിക മരണം | 2,00,000 രൂപ |
| | 5. 9, 10, 11, 12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1200 രൂപ (പ്രതിമാസം) |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചെലവ് | 600 രൂപ |
| 8 | എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് | |
| | 10 എ + ലഭിക്കുന്നവർക്ക് | 5,000 രൂപ |
| | 9 എ + ലഭിക്കുന്നവർക്ക് | 4,000 രൂപ |
| | 8 എ +ലഭിക്കുന്നവർക്ക് | 3,000 രൂപ |
| | റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 3,000 രൂപ |

| (1) | (2) | (3) |
|---|---|---|
| 9 | കുടുംബ സംവിധാന പദ്ധതി | 500 രൂപ |
| 10 | മാരകരോഗ ചികിൽസാ പദ്ധതി (പരമാവധി) | 50,000 രൂപ |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000 രൂപ |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ ശുശ്രൂഷാ ധനസഹായം | 750 രൂപ |
| 14 | ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം | |
| | 1. +2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5000 രൂപ |
| | 2. വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ ലഭിക്കുന്നവർക്ക് | 5000 രൂപ |
| 15 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ (വിധവാ പെൻഷൻ) | 1100 രൂപ |
| 16 | കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം | |
| | (എ) ദേശീയ തലത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 10,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 8,000 രൂപ |

| | | |
|---|---|---|
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 |
| | ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് (ഗ്രൂപ്പ് അടിസ്ഥാനത്തിൽ) | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 8,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | (ബി) സംസ്ഥാന തലത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 2,000 രൂപ |
| | ഗ്രൂപ്പ് അടിസ്ഥാനത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 2,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 1,000 രൂപ |
| 17 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1350 രൂപ |
| 18 | അപകടംമൂലമുള്ള താൽക്കാലിക അവശത | 500 രൂപ |

അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതികൾ :

| (1) | (2) | (3) |
|---|---|---|
| 1 | <u>ഗ്രൂപ്പ് ഇൻഷ്വറൻസ്</u><br>1. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത<br>3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4. ശവസംസ്കാര ചെലവ്<br>5. അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം(പരമാവധി) | 10,00,000<br>5,00,000<br>10,000<br>2,000<br>25,000 |
| 2. | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1100 |
| 3. | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000 |
| 4. | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 5. | എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000<br>4,000<br>3,000<br>3,000 |

| (1) | (2) | (3) |
|---|---|---|
| 6. | മാരക ചികിത്സാ പദ്ധതി (പരമാവധി) | 25,000 |
| 7. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 8. | കുടുംബ സംവിധാന പദ്ധതി | 500 |
| 9. | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 10. | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടുന്നവർക്ക് | 5000<br>5000 |
| 11. | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1350 |

(ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി.
2. മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി.
3. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ.
4. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി.

5. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.

6. വലകൾക്കുള്ള സബ്സിഡി പദ്ധതി.

7. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി.

8. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി.

9. നാടൻ വള്ളങ്ങളുടെ നവീകരണം.

10. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി.

11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ.

12. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി.

(സി) <u>സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് മുതൽ നാല് വരെ സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി രണ്ട് ലക്ഷം രൂപ വരെ ഗ്രാന്റായി നൽകി വരുന്നു. കൂടാതെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വരെ തിരിച്ചടക്കേണ്ട റിവോൾവിംഗ് ഫണ്ടായും 25,000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റിനായും 50,000 രൂപ വരെ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ചുപോയ ഗ്രൂപ്പുകൾക്ക് വീണ്ടും സംരംഭങ്ങൾ ആരംഭിക്കുന്നതിനായും നൽകി വരുന്നു. 5 ലക്ഷം രൂപ വരെ ബാങ്കിൽനിന്നും ലോൺ എടുക്കുന്ന ഗ്രൂപ്പുകൾക്ക് പരമാവധി 60,000 രൂപ പലിശ ഇനത്തിലും നൽകിവരുന്നു.

തീരനൈപുണ്യ പദ്ധതിയിലൂടെ പ്ലസ് ടു തലം മുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള കുട്ടികൾക്ക് രണ്ട് മാസം നീണ്ടുനിൽക്കുന്ന ട്രെയിനിംഗിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം സ്റ്റൈപന്റായി 3,000 രൂപയും യൂണിഫോമും, പാസ്പോർട്ടും നൽകി വരുന്നു. തീരമൈത്രി പദ്ധതിക്ക് 2018-19-ൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) വിജയപ്രദമാണ്.

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് | പദ്ധതിയുടെ പുരോഗതി |
|---|---|---|---|
| 1 | ബി.ഐ.എഫ്. &എച്ച്.ഡി.എഫ്. (2016-17) പാർപ്പിട സൗകര്യത്തിനായി ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ | 800 | 425 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. |
| 2 | ബി.ഐ.എഫ്.& എച്ച്.ഡി.എഫ്.(2016-17) ഭവന നിർമ്മാണ ധനസഹായം യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപ | 2600 | എഗ്രിമെന്റ് വച്ച് 2490 ഗുണഭോക്താക്കളിൽ 1785 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | ബി.ഐ.എഫ്. &എച്ച്.ഡി.എഫ്. (2016-17)ഫിഷറീസ് കോളനിയുടെ നവീകരണം യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപ | 250 | എഗ്രിമെന്റിൽ ഏർപ്പെട്ട 185 പേരിൽ 118 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി 2016-17 യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപ | 299 | എഗ്രിമെന്റിൽ ഏർപ്പെട്ട 270 പേരിൽ 140 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കടലാക്രമണത്തിൽ ഭൂമിയും വീടും | 248 | 108 പേർ സ്ഥലം വാങ്ങുകയും 33 പേർ ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | നഷ്ടപ്പെട്ടവരുടെ പുനരധിവാസം-പ്രത്യേക പാക്കേജ് 2016-17 | | ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| 6 | ബി.ഐ.എഫ്.& എച്ച്.ഡി.എഫ്.(2017-18)തീര പ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം-ഭവന നിർമ്മാണ ധനസഹായം യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ | 1200 | 321 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 40 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2017-18) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം - സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം 10 ലക്ഷം രൂപ | 750 | 184 പേർ സ്ഥലം വാങ്ങി അതിൽ 27 പേർ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനായി 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന 4000 വിദ്യാർത്ഥികൾക്ക് 100% ഹാജർ ഉണ്ടെങ്കിൽ അവർക്ക് 1,000 രൂപ വീതം പ്രോത്സാഹനമായി നൽകുന്നതിന് 2016-17 സാമ്പത്തിക വർഷം 40,00,000 രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 -ൽ 72 പ്രോഗ്രാമുകളും 2017-18-ൽ 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകളും നടപ്പിലാക്കിയിട്ടുണ്ട്. വിവിധ തൊഴിൽ മേഖലകളെ

കുറിച്ചും തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൂടാതെ വിദ്യാഭ്യാസ വായ്പകളെക്കുറിച്ചും ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നുണ്ട്. കൗമാര പ്രായക്കാരായ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള കൗൺസിലിംഗ് ഉൾപ്പെടെ ഒരു ദിവസത്തെ ക്ലാസ്സാണ് കരിയർ ഗൈഡൻസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(എഫ്) തീരദേശത്ത് പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ ഉന്നതശ്രേണിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

1. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ്.
2. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം
3. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസസ് പരിശീലന പരിപാടി
4. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ
5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി
6. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി
7. മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി.
8. തീരദേശത്തെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി
9. മത്സ്യത്തൊഴിലാളി യുവതികൾക്കായി തീര നൈപുണ്യ പദ്ധതി
10. കൂടുതൽ മത്സ്യത്തൊഴിലാളിയുടെ മക്കൾ പഠിക്കുന്ന സ്കൂളുകളിൽ അടുക്കളപുര നവീകരണ പദ്ധതി

## മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി

380 (2976) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ പ്രസ്തുത പദ്ധതിയുടെ ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസക്കാലങ്ങളിൽ അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും സമ്പാദ്യ സമാശ്വാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോഃ വിശദമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അനുവദിക്കുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) മത്സ്യമേഖലയിലുള്ള അനുബന്ധ മത്സ്യത്തൊഴിലാളികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം താഴെ രേഖപ്പെടുത്തുന്നു.

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കുംവേണ്ടി പണിയെടുക്കാൻ ബാദ്ധ്യസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിന് മത്സ്യബോർഡിന്റെ തുടക്കംമുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. 2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

നടപ്പിലാക്കിവരുന്നു. മത്സ്യ ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് പദ്ധതിയുടെ പ്രത്യേകത.

17-12-2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/ അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയും പ്രകാരമായിരിക്കും.

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000 രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000 രൂപ പ്രകാരം പരമാവധി 10,000 രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000(പരമാവധി) |

കൂടാതെ മത്സ്യത്തൊഴിലാളികൾക്കായി എൽ.ഐ.സി. മുഖേന എ.എ.ബി.വൈ. എന്ന പദ്ധതി (ആം ആദ്മി ബീമയോജന) കേന്ദ്രപദ്ധതികളായ PMJJBY, PMSBY എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദാംശം താഴെ രേഖപ്പെടുത്തുന്നു. ആം ആദ്മി ബീമയോജന (PMJJBY, PMSBY) പദ്ധതി.

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായത്തുക |
|---|---|---|
| 1 | അപകടംമൂലമുണ്ടാകുന്ന മരണത്തിന് | 4,00,000 |
| 2 | അപകടംമൂലമുണ്ടാകുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് | 2,00,000 |
| 3 | അപകടംമൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് | 1,00,000 |
| 4 | സാധാരണ മരണത്തിന് | 2,00,000 |
| 5 | 9, 10, 11, 12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് (പരമാവധി രണ്ട് പേർക്ക് പ്രതിവർഷം) സ്കോളർഷിപ്പ് | 1200 |

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. 2018-19 വർഷത്തിൽ മത്സ്യഫെഡ് നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പരിരക്ഷ അഞ്ച് ലക്ഷം രൂപയിൽ നിന്ന് ഉയർത്തി പത്ത് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് പത്ത് ലക്ഷം രൂപയും (ആകെ പത്ത് ലക്ഷം രൂപ), മരണാനന്തര ചടങ്ങുകൾക്കായി 2,500 രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറ് രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപ (ആകെ പതിനായിരം രൂപ) (ഒരാൾക്ക് അയ്യായിരം രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം അഞ്ച് ലക്ഷം രൂപയിൽ നിന്ന് പത്ത് ലക്ഷം രൂപയായി 2017-18 വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. 17-12-2017 മുതൽ ഈ വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(സി&ഡി) കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിലെ തൊഴിൽനഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന ഒരു ക്ഷേമ പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. മത്സ്യത്തൊഴിലാളികളിൽ നിന്നും ആകെ 1,500 രൂപ ആറ് ഗഡുക്കളായി സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം ഉൾപ്പെടെ മൊത്തം 4500 രൂപ പഞ്ഞമാസങ്ങളായ മേയ്, ജൂൺ, ജൂലായ് മാസങ്ങളിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്കും ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഡി.ബി.റ്റി. ആയി നൽകുകയുമാണ് ചെയ്യുന്നത്. സമ്പാദ്യ സമാശ്വാസ പദ്ധതി (2017-18)-ൽ തീരദേശ മത്സ്യത്തൊഴിലാളികളിൽനിന്നും 24.607 കോടി രൂപയും ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും 3.44 കോടി രൂപയും ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തിട്ടുള്ളതായി ജില്ലാ ഫിഷറീസ് ഓഫീസർമാർ അറിയിച്ചിട്ടുണ്ട്. കടലോര വിഭാഗത്തിന്റെ മേയ് മാസം വിതരണം ചെയ്യേണ്ട ഗുണഭോക്തൃ വിഹിതവും ഒന്നാം ഗഡു സർക്കാർ വിഹിതവും വിതരണം ചെയ്തിട്ടുണ്ട്. കടലോര വിഭാഗത്തിന് ജൂലൈ മാസത്തിലെ രണ്ടാം ഗഡു സർക്കാർ വിഹിതവും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഗുണഭോക്തൃ വിഹിതവും ഒന്നും രണ്ടും സർക്കാർ വിഹിതവും (യഥാക്രമം ജൂലൈ, ആഗസ്റ്റ്, സെപ്തംബർ എന്നീ മാസങ്ങളിലേത്) ആണ് വിതരണം ചെയ്യാനുള്ളത്.

(ഇ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനുബന്ധത്തൊഴിലാളികളെയും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. അനുബന്ധത്തൊഴിലാളികൾക്ക് താഴെപ്പറയും പ്രകാരമാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000 രൂപ |

| | |
|---|---|
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000 (പരമാവധി) |

17-12-2017 മുതൽ ഒരു വർഷത്തേയ്ക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനുബന്ധ മത്സ്യത്തൊഴിലാളികളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

381 (2977) ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ മത്സ്യമേഖലയുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്തവരിൽ അധികവും മത്സ്യത്തൊഴിലാളികളാണെന്നത് കണക്കിലെടുത്ത് ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. 2016-17 വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 1.58% മത്സ്യമേഖല സംഭാവന ചെയ്യുന്നു. കടൽ മത്സ്യബന്ധനത്തിലൂടെ 7957 കോടി രൂപയും ഉൾനാടൻ മത്സ്യബന്ധനത്തിലൂടെ 3956 കോടി രൂപയും സംസ്ഥാനത്തിന് ലഭിക്കുന്നു. സംസ്ഥാന വരുമാനത്തിൽ പ്രാഥമിക മേഖലയുടെ 13.29 ശതമാനവും മത്സ്യമേഖലയിൽ നിന്നാണ്. കൂടാതെ ഹാച്ചറികൾ, മത്സ്യ സംസ്കരണശാലകൾ, മത്സ്യബന്ധന

തുറമുഖങ്ങൾ എന്നിവവഴി ധാരാളം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നേടിക്കൊടുക്കുന്ന മേഖലയാണ് മത്സ്യമേഖല. 2016-17 വർഷത്തിൽ മത്സ്യ/മത്സ്യ ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ (159141 MT) 5008.54 കോടി രൂപ സംസ്ഥാനത്തിന് വരുമാനമായി ലഭിച്ചു.

(ബി) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട്, 2016-17 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് മുഖ്യ പരിഗണന നൽകി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. 2016-17- സമഗ്ര ഭവന പദ്ധതി - 100 കോടി രൂപ
2. മത്സ്യത്തൊഴിലാളി കോളനികളിൽ ഭവന നിർമ്മാണം - 5 കോടി രൂപ
3. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി
4. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി - 25 കോടി രൂപ
5. 2017-18-ലെ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതി.

പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് | പദ്ധതിയുടെ പുരോഗതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ബി.ഐ.എഫ്.& എച്ച്.ഡി.എഫ്. (2016-17) ഭവന നിർമ്മാണ ധനസഹായം യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപ | 2600 | എഗ്രിമെന്റ് വച്ച 2490 ഗുണഭോക്താക്കളിൽ 1782 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) ഫിഷറീസ് കോളനിയുടെ നവീകരണം യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 250 | എഗ്രിമെന്റിൽ ഏർപ്പെട്ട 185 പേരിൽ 118 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി 2016-17 യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 299 | എഗ്രിമെന്റിൽ ഏർപ്പെട്ട 270 പേരിൽ 138 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസം - പ്രത്യേക പാക്കേജ് 2016-17 | 248 | തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കളിൽ 63 പേർ ഭൂമി വാങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി ലാൻഡ് വാല്യൂ നിശ്ചയിച്ച് സ്ഥലം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

(സി) മത്സ്യത്തൊഴിലാളികളെയും കൂടി പങ്കാളികളാക്കിക്കൊണ്ട് എല്ലാ മത്സ്യഗ്രാമങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 24 തീരദേശ പോലീസ് സ്റ്റേഷനുകൾ തീരപ്രദേശത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. കടൽസുരക്ഷയും രക്ഷാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും കർശനമായി നടപ്പാക്കുകയും എല്ലാ മത്സ്യബന്ധന യാനങ്ങളിലും ജീവൻരക്ഷാ ഉപകരണങ്ങൾ നിർബന്ധമാക്കുകയും ചെയ്തുവരുന്നു. ഉപഗ്രഹ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയും മറ്റും കാലാവസ്ഥാ മുന്നറിയിപ്പുൾപ്പെടെയുള്ള വിവരങ്ങൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ

ഉതകുന്ന ഐ.എസ്.ആർ.ഒ. 'നാവിക്' എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. റേഡിയോ ബീക്കൺ (EPIRB) പോലുള്ള ഉപകരണങ്ങൾ എല്ലാ മത്സ്യബന്ധന യാനങ്ങളിലും ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരസുരക്ഷയുടെയും മറ്റും ഭാഗമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ലഭ്യമാകുന്നതിന് ഉതകുന്ന 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി. തയ്യാറാക്കിയിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിലേക്ക് ഡൗൺലോഡ് ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കടലിലും തീരത്തും ഉണ്ടാകുന്ന താപവ്യതിയാനങ്ങളെക്കുറിച്ചും സമുദ്രോപരിതലത്തിന്റെ അവസ്ഥയെക്കുറിച്ചും മത്സ്യലഭ്യതയെക്കുറിച്ചുമുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലെത്തിക്കുന്നതിന് ഇൻകോയിസുമായി മത്സ്യ വകുപ്പ് ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. മൂന്ന് മറൈൻ ആംബുലൻസുകൾ ഒരുക്കുന്നതിന് കൊച്ചിൻ ഷിപ്പ്‌യാർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 18 മാസംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) I ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

<u>2016-17 വർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

1. ഭവന രഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി
2. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി
3. കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി
4. 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി-2000 ലക്ഷം രൂപ
5. 1700 ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി - 297.50 ലക്ഷം രൂപ
6. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി -750 ലക്ഷം രൂപ
7. 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടികൾ
8. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് 72 എണ്ണം

9. 50 മെഡിക്കൽ ക്യാമ്പുകൾ

10. തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ അക്ഷര സാഗരം പദ്ധതി-10 ലക്ഷം രൂപ

11. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 20 കോടി രൂപ

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി

13. മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം - 227 ലക്ഷം രൂപ

14. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

15. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി

16. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

17. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം (4000 എണ്ണം)-800 ലക്ഷം രൂപ

18. തീരപ്രദേശത്ത് അങ്കണവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും

19. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി

20. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ചു

21. സീകേജ് ഫാമിംഗ് പദ്ധതി

22. മത്സ്യത്തൊഴിലാളികൾക്ക് ഒറ്റതവണ ധനസഹായമായി 1350 രൂപ അനുവദിക്കുന്ന തണൽ പദ്ധതി

23. ഫിഷറീസ് സ്കൂളുകളുടെ നവീകരണ പദ്ധതി

24. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി -200 ലക്ഷം രൂപ

25. 50 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.

26. കൊല്ലം, എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ 8, 9 ക്ലാസുകളിൽ പഠിക്കുന്ന പെൺ മക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി -2000 പേർക്ക്

27. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി - 50 സ്കൂളുകൾ

28. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം. തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 2325.5 ലക്ഷം രൂപ

29. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

30. തീരപ്രദേശത്ത് അങ്കണവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും

31. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

<u>2017-18 വർഷം താഴെപ്പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു</u>

1. 1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം

2. 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം

3. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ

4. 200 മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി 20 കോടി രൂപ

5. സൗജന്യ മെഡിക്കൽ എൻട്രൻസ്/പി.എസ്.സി./ബാങ്ക് ടെസ്റ്റ്/ സിവിൽ സർവ്വീസസ് പരിശീലന പരിപാടികൾ

6. കൊല്ലം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അക്ഷരസാഗരം പദ്ധതി

7. 1.86 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500 രൂപ നിരക്കിൽ ആനുകൂല്യം

8. പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം.

9. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ

10. മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

11. പത്ത് റീജിയണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ

12. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ.

13. തിരുവനന്തപുരം ജില്ലയിൽ കാരോട് വില്ലേജിൽ 128 ഫ്ലാറ്റുകൾ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു

14. ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം/തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - 30 കോടി രൂപ

15. പോസ്റ്റ്-മെട്രിക് മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാൻസ് മുഖേന വിദ്യാഭ്യാസാനുകൂല്യം.

<u>2018-19 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ</u>

1. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി.

2. ആലപ്പുഴ, കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ അക്ഷരസാഗരം പദ്ധതി

3. പത്ത് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ളം, വൈദ്യുതീകരണം എന്നിവയ്ക്കായി 30 കോടി രൂപയുടെ പദ്ധതി

4. സാമൂഹ്യ സുരക്ഷാ പദ്ധതികളായ സമ്പാദ്യ സമാശ്വാസ പദ്ധതി, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

5. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ

6. NCDC, NBCFDC/MNDFC, NABARD തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് പലിശരഹിതവായ്പ ലഭ്യമാക്കി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് സഹായകരമായ പദ്ധതി

7. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് SC/ST കുട്ടികൾക്ക് ലഭിക്കുന്ന അതേ നിരക്കിലുള്ള വിദ്യാഭ്യാസാനുകൂല്യം

8. വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് എൻട്രൻസ്, പി.എസ്.സി. ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസസ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള പരിശീലനം

9. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

10. ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം

11. മത്സ്യക്കുഞ്ഞുൽപ്പാദനത്തിൽ സ്വയംപര്യപ്തത കൈവരിക്കുന്നതിനുതകുന്ന തരത്തിൽ ഹാച്ചറികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ

12. മത്സ്യകൃഷി പ്രോത്സാഹനത്തിന് നൽകിയ മത്സ്യകൃഷി പദ്ധതി

13. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണം

14. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനം സാധ്യമാകുന്നതിന് ആവശ്യമായ ധനസഹായം

15. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി

16. അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററുകളുടെ നവീകരണം

17. മത്സ്യ രോഗ നിർണ്ണയത്തിന് അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ.

II ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| (1) | (2) | (3) |
| 1 | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | |
| | 1. അപകട മരണം /കാണാതാകൽ /സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000 രൂപ |
| | 2. അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശത | 5,00,000 രൂപ |
| | 3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി) | 10,000 രൂപ |
| | 4. ശവസംസ്കാര ചെലവ് | 2000 രൂപ |
| | 5. അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 25,000 രൂപ |
| 2 | മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം (ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം) | 50,000 രൂപ |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 രൂപ |

| (1) | (2) | (3) |
|---|---|---|
| 4 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1100 രൂപ |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000 രൂപ |
| 6 | ആംആദ്മി ബീമ യോജന പദ്ധതി<br>1. അപകടംമൂലം സംഭവിക്കുന്ന മരണം<br>2. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>3. അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശത<br>4. സ്വാഭാവിക മരണം<br>5. 9, 10, 11, 12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | <br>4,00,000 രൂപ<br>2,00,000 രൂപ<br>1,00,000 രൂപ<br>2,00,000 രൂപ<br>1200 രൂപ (പ്രതിമാസം) |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചെലവ് | 600 രൂപ |
| 8 | എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000 രൂപ<br>4,000 രൂപ<br>3,000 രൂപ<br>3,000 രൂപ |

| (1) | (2) | (3) |
|---|---|---|
| 9 | കുടുംബ സംവിധാന പദ്ധതി | 500 രൂപ |
| 10 | മാരകരോഗ ചികിൽസാ പദ്ധതി (പരമാവധി) | 50,000 രൂപ |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000 രൂപ |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ ശുശ്രൂഷാ ധനസഹായം | 750 രൂപ |
| 14 | ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | <br>5,000 രൂപ<br>5,000 രൂപ |
| 15 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ (വിധവാ പെൻഷൻ) | 1,100 രൂപ |
| 16 | കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം<br>(എ) ദേശീയ തലത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക് | <br><br><br>10,000 രൂപ |

| | | |
|---|---|---|
| | രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>(ബി) സംസ്ഥാന തലത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>ഗ്രൂപ്പ് അടിസ്ഥാനത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | 8,000 രൂപ<br>5,000 രൂപ<br>8,000 രൂപ<br>5,000 രൂപ<br>3,000 രൂപ<br>5,000 രൂപ<br>3,000 രൂപ<br>2,000 രൂപ<br>3,000 രൂപ<br>2,000 രൂപ<br>1,000 രൂപ |
| 17 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1350 രൂപ |
| 18 | അപകടംമൂലമുള്ള താൽക്കാലിക അവശത | 500 രൂപ |

അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| 1 | <u>ഗ്രൂപ്പ് ഇൻഷുറൻസ്</u><br>1. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത<br>3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4. ശവസംസ്കാര ചെലവ്<br>5. അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം(പരമാവധി) | 10,00,000 രൂപ<br>5,00,000 രൂപ<br>10,000 രൂപ<br>2,000 രൂപ<br>25,000 രൂപ |
| 2 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1,100 രൂപ |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000 രൂപ |
| 4 | പ്രസവ ശുശ്രൂഷാ ധനസഹായം | 750 രൂപ |
| 5 | <u>എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്</u><br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 5,000 രൂപ<br>4,000 രൂപ<br>3,000 രൂപ<br>3,000 രൂപ |

| | | |
|---|---|---|
| 6 | മാരക ചികിത്സാ പദ്ധതി (പരമാവധി) | 25,000 രൂപ |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 രൂപ |
| 8 | കുടുംബ സംവിധാന പദ്ധതി | 500 രൂപ |
| 9 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 10 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടുന്നവർക്ക് | <br>5,000 രൂപ<br>5,000 രൂപ |
| 11 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്നമുറയ്ക്ക് | 1,350 രൂപ |

(ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി:

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യഫെഡ് 1985 മുതൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു.

2. മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ് പദ്ധതി:

ശക്തമായ പ്രാഥമിക സഹകരണ സംഘങ്ങൾ രൂപപ്പെടുത്തിയെടു ക്കേണ്ടതിനും അതുവഴി മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കേണ്ടതിനും അവരുടെ ഉന്നമനത്തിനും മത്സ്യ മേഖലയുടെ ആകെ പുരോഗതിക്കും സമഗ്രമായ ഒരു പദ്ധതി ആവശ്യമായിവന്ന സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളിക ൾക്ക് ഉൽപ്പാദന ബോണസ് നൽകുക എന്ന പദ്ധതി സംസ്ഥാന ബഡ്ജറ്റിലൂടെ നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് രൂപം നൽകിയത്. സംഘം വഴി മത്സ്യലേലം ചെയ്യുന്നതിന്റെ മൊത്തം വിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ നിക്ഷേപിക്കേണ്ടതും ആയതിന്റെ 50% തുക സർക്കാർ വിഹിതമായി മത്സ്യഫെഡിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്.

3. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി.എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ:

a. ടേം വായ്പകൾ:-

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

b. മൈക്രോ ഫിനാൻസ് വായ്പ:-

മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ ഗ്രൂപ്പുകൾ വഴി മൈക്രോ ഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 10,000 രൂപയും വായ്പ തിരിച്ചടയ്ക്കുന്നമുറയ്ക്ക് 15,000 രൂപ, 20,000 രൂപ, 25,000 രൂപ എന്നിങ്ങനെ 2 വർഷത്തെ കാലാവധിയിൽ പരമാവധി 6 ശതമാനം പലിശ നിരക്കിൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തുവരുന്നു.

4. മത്സ്യത്തൊളിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി:

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ 5,000 രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000 രൂപ, 15,000 രൂപ, 20,000 രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം. ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് പ്രാഥമിക മത്സ്യത്തൊളിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

5. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം:

മത്സ്യഫെഡ് മൈക്രോഫിനാൻസ്, പലിശരഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽനിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കി ക്കൊടുക്കു ന്നതിനുള്ള ഒരു സ്കീം 2014-15 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ 50 രൂപ വീതം, വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേയ്ക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുന്ന ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

6. വലകൾക്കുള്ള സബ്സിഡി പദ്ധതി:

മത്സ്യബന്ധന വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്ന തിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകിവരുന്നു.

7. ബാങ്കുകളിൽ നിന്നുള്ള വായ്പയുള്ള സബ്സിഡി പദ്ധതി:

സർക്കാർ ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും വഴി വായ്പയെടുത്ത് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് വായ്പാ തുകയുടെ 25% ശതമാനം വരെ സബ്സിഡി നൽകി വരുന്നു.

8. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി:

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

9. നാടൻ വള്ളങ്ങളുടെ നവീകരണം:

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി.-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകി വരുന്നു.

10. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി:

സംസ്ഥാനത്തെ 22000 പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി പ്രതിമാസം 3225 കിലോ ലിറ്റർ വെള്ള മണ്ണെണ്ണ ലിറ്ററൊന്നിന് 25 രൂപ സബ്സിഡി നൽകിക്കൊണ്ട് 9 തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് 13 മണ്ണെണ്ണ ബങ്കുകളിലൂടെ മണ്ണെണ്ണ വിതരണം ചെയ്യുന്ന ബൃഹത്തായ പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കുന്നു. 2015 ജൂലൈ മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 140 ലിറ്റർ (10 എച്ച്.പി. വരെ), 150 ലിറ്റർ (10-15 എച്ച്.പി. വരെ), 190 ലിറ്റർ (15 എച്ച്.പി.-ക്ക് മുകളിൽ) വെള്ള മണ്ണെണ്ണ മാസംതോറും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. അതനുസരിച്ച് 3,500 രൂപ മുതൽ 5,000 രൂപ വരെ സബ്സിഡി തുക പെർമിറ്റ് ഉടമയുടെ ബാങ്ക് അക്കൗണ്ടിൽ (ഡി.ബി.റ്റി.) നിക്ഷേപിക്കുന്നു.

11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ:

- മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി സുസുക്കി, യമഹ ഔട്ട് ബോർഡ് മോട്ടോറുകൾ മത്സ്യഫെഡ് നേരിട്ട് ഇറക്കുമതി ചെയ്ത് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

- നിലവിലുള്ള ഇന്ധനക്ഷാമം പരിഹരിക്കുന്നതിനും, പ്രവർത്തന ചെലവ് മൂന്നിലൊന്നായി കുറയ്ക്കാനും കഴിയുന്ന തരത്തിൽ യാൻമാർ ഡീസൽ എഞ്ചിനുകൾ (100 യൂണിറ്റ്) ഇറക്കുമതി ചെയ്ത് യൂണിറ്റൊന്നിന് പരമാവധി ഒരു ലക്ഷം രൂപ സബ്സിഡി നൽകിക്കൊണ്ട് വിതരണം ചെയ്തുവരുന്നു.

- മത്സ്യഫെഡും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും സംയുക്തമായി എച്ച്.പി. മത്സ്യഫെഡ് 2 റ്റി ഓയിൽ മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

- മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തു ന്നതിനായി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഔട്ട് ബോർഡ് മോട്ടോർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

- ഈ കേന്ദ്രങ്ങളിൽനിന്നും വാറന്റി സർവ്വീസ് ഉൾപ്പെടെ റിപ്പയർ വർക്കുകൾ ചെയ്തു നൽകുന്നുണ്ട്.

- മത്സ്യഫെഡ് വല നിർമ്മാണ കേന്ദ്രങ്ങളിൽനിന്നും ഗുണ മേന്മയേറിയ മത്സ്യബന്ധന വലകൾ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

- മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം ഇൻ ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിനായി, മത്സ്യഫെഡ് ഡീസൽ ബങ്കുകളിലൂടെ ഡീസൽ വിതരണം ചെയ്തുവരുന്നു.

- മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുതകുന്ന തരത്തിൽ തീരദേശം കേന്ദ്രീകരിച്ച് പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ ലേല സമ്പ്രദായം നടത്തുകയും ഫ്രഷ് ഫിഷ്മാർട്ടുകൾ ആരംഭിച്ചു പ്രവർത്തിപ്പിച്ചുവരികയും ചെയ്യുന്നു. ഇതിലൂടെ മത്സ്യത്തൊഴി ലാളികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നു.

- പൊതുജനങ്ങൾക്ക് ശുചിത്വത്തോടും വിഷമയമില്ലാതെയും ന്യായമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തുടനീളം 30 ആധുനിക രീതിയിലുള്ള ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിൽ പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരിയിലും കോഴിക്കോട് ജില്ലയിൽ തിരുവണ്ണൂരിലും 2016 സെപ്റ്റംബർ മാസമാണ് പ്രവർത്തനമാരംഭിച്ചത്. നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന 20 ഫിഷ്മാർട്ടുകളിൽ ഏതാനും ചിലത് വരുന്ന 100 ദിവസത്തിനുള്ളിൽ പ്രവർത്തന മാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
- സാങ്കേതിക പരിജ്ഞാനമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങ ളിലെ യുവാക്കൾക്ക് ഔട്ട് ബോർഡ് മോട്ടോർ റിപ്പയറിംഗ് വർക്കിൽ പരിശീലനം നൽകുന്നതുവഴി ഈ മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുവാനും അവരുടെ ജീവിതനിലവാരം ഉയർത്തുവാനും സാധിക്കുന്നു.

12. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ, മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി:

മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപ നൽകിവരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർ അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ ശതമാനമനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

<u>സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് മുതൽ നാല് വരെ സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്ന തിനായി പരമാവധി രണ്ട് ലക്ഷം രൂപ വരെ ഗ്രാന്റായി നൽകി

വരുന്നു. കൂടാതെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വരെ തിരിച്ചടക്കേണ്ട റിവോൾവിംഗ് ഫണ്ടായും 25,000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റിനായും 50,000 രൂപ വരെ തങ്ങളുടേതല്ലാത്ത കാരണത്താൽ ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ചുപോയ ഗ്രൂപ്പുകൾക്ക് വീണ്ടും സംരംഭങ്ങൾ ആരംഭിക്കുന്നതിനായും നൽകിവരുന്നു. 5 ലക്ഷം രൂപ വരെ ബാങ്കിൽനിന്നും ലോൺ എടുക്കുന്ന ഗ്രൂപ്പുകൾക്ക് പരമാവധി 60,000 രൂപ പലിശയിനത്തിലും നൽകി വരുന്നു. തീരനൈപുണ്യ പദ്ധതിയിലൂടെ പ്ലസ് ടു തലം മുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള കുട്ടികൾക്ക് രണ്ട് മാസം നീണ്ടുനിൽക്കുന്ന ട്രെയിനിംഗിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം സ്റ്റൈപ്പന്റായി 3,000 രൂപയും യൂണിഫോമും, പാസ്പോർട്ടും നൽകി വരുന്നു. തീരമൈത്രി പദ്ധതിക്ക് 2018-19-ൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്:</u>

ഫിഷറീസ് വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതികളിൽ 2012-13 മുതൽ 2016-17 വരെ ധനസഹായം 2,00,000 രൂപയായിരുന്നു. അത് 2017-18 മുതൽ 4,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് തുക 5,00,000 രൂപയിൽ നിന്നും 10,00,000 രൂപയായി ഉയർത്തുകയും 17-12-2017 മുതൽ പ്രാബല്യത്തിൽവരികയും ചെയ്തു. സമ്പാദ്യ സമാശ്വാസ പദ്ധതി 2016-17-ൽ 2700 രൂപ എന്നത് 4,500 രൂപയാക്കി വർദ്ധിപ്പിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന നിരക്കിനനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവിനായി ലംപ്സംഗ്രാന്റ് അനുവദിച്ചു വരികയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് കാലാകാലങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യത്തിന് വർദ്ധനവ് വരുത്തുന്നതനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസ ആനുകൂല്യ വർദ്ധനവ് വരുത്തുന്നുണ്ട്.

## കടൽ സുരക്ഷാ പാക്കേജ്

382 (2978) ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സമഗ്രമായ കടൽസുരക്ഷ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഇതിനുവേണ്ടി നാവിക് എന്ന ഉപകരണം വാങ്ങി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) ഓഖിയുമായി ബന്ധപ്പെട്ട് തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കുന്നതിനായി അതിന്റെ TOR (Terms of Reference) തയ്യാറാക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ട) ചെയർമാൻ സി.എം.ഡി-യുടെ അദ്ധ്യക്ഷതയിൽ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, ടി മേഖലയിലെ വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റി സിറ്റിംഗുകൾ നടത്തുകയും സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്ന ഏജൻസിക്ക് നൽകേണ്ട TOR (Terms of Reference) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിന് അനുയോജ്യരായ അന്താരാഷ്ട്ര പ്രശസ്തമായ സ്ഥാപനങ്ങളെ പരിഗണിച്ചുവരുന്നു.

(ബി) സ്പെഷ്യൽ പാക്കേജ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്. എന്നാൽ ഓഖി ദുരന്തത്തിനുശേഷം മത്സ്യത്തൊളിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ ദിവസവും കടലിൽ പോകുന്നതും തിരിച്ചുവരുന്നതുമായ മത്സ്യത്തൊളിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിന് സഹായകമായ 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.-യുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുകയും ആയത് മത്സ്യത്തൊഴിലാളികൾക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്. കൂടാതെ ടി ആപ്ലിക്കേഷൻവഴി അപകട മുന്നറിയിപ്പുകൾ

കേരള തീരക്കടലിൽ പ്രവൃത്തിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് സാധിക്കും. ഇതുകൂടാതെ ഉപഗ്രഹങ്ങളുടെ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് അപകട മുന്നറിയിപ്പുകളും കരയിൽനിന്നും 1500 കിലോ മീറ്റർ വരെ range ഉള്ള 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. എല്ലാ മത്സ്യത്തൊളിലാളികൾക്കും ലൈഫ് ജാക്കറ്റ് വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉപഗ്രഹങ്ങളുടെ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് അപകട മുന്നറിയിപ്പുകളും കരയിൽനിന്നും 1500 കിലോമീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊളിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്നതും ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തതുമായ ഉപകരണമാണ് 'നാവിക്'. ഇത് കെൽട്രോൺ, വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് തുടങ്ങിയിട്ടുണ്ട്. ഇത് ലഭ്യമാകുന്നമുറയ്ക്ക് മത്സ്യത്തൊളിലാളികൾക്ക് വിതരണം ചെയ്യുന്നതാണ്. കെൽട്രോൺ 'നാവിക്' നിർമ്മിച്ച് കൈമാറുമ്പോൾ മാത്രമേ ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ചെലവ് വരുന്നുള്ളൂ.

## മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയും മുന്നറിയിപ്പും നൽകുന്നതിനുള്ള സംവിധാനം

383 (2979) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയും മുന്നറിയിപ്പും നൽകുന്നതിനുള്ള സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.എസ്.ആർ.ഒ. നിർമ്മിച്ചുനൽകുമെന്ന് അറിയിച്ച നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇത് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ചുനൽകുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോൾ യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശം രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഡി) മത്സ്യത്തൊഴിലാളികൾക്കായുള്ള മറൈൻ ആംബുലൻസ് നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഏത് ഏജൻസിയെയാണ് അതിന്റെ നിർമ്മാണം ഏല്പിച്ചിട്ടുള്ളത്; എത്ര മറൈൻ ആംബുലൻസുകളാണ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയും മുന്നറിയിപ്പും നൽകുന്നതിനുള്ള സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊളിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കടലിൽ 1500 കി. മീറ്റർ വരെ അകലത്തിൽ വിവരങ്ങൾ എത്തിക്കുന്നതിന് നാവിക് സഹായകമാകും. ഐ.എസ്.ആർ.ഒ. 'നാവിക്' സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. കെൽട്രോൺ DAT (Distress Alert Transmitter) സംവിധാനവും കൂടി ഉൾപ്പെടുത്തി വ്യാവസായികമായി 'നാവിക്' നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യും. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും പ്രസ്തുത വിവരം രേഖപ്പെടുത്തുന്നതിന് സഹായകമായ 'സാഗര' എന്ന ഒരു മൊബൈൽ ആപ്പ് NIC വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്ന നടപടി പുരോഗമിച്ചുവരികയാണ്. ഇത് ഉപയോഗിക്കുന്നതിനുള്ള പരിശീലനവും മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു. കടലിൽ ഉണ്ടാകുന്ന അപകടങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിനാവശ്യമായ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെവേഗം കരയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുന്നതിന് സഹായകമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിനുള്ള ധാരണാപത്രം കൊച്ചിൻ ഷിപ്പ് യാർഡുമായി ഫിഷറീസ് ഡയറക്ടർ 2018 മേയ് 31-ന് ഒപ്പുവച്ചു. 18 മാസംകൊണ്ട് ഈ പദ്ധതി യാഥാർത്ഥ്യമാകും.

(ബി) ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം പരീക്ഷിച്ച് വിജയിക്കുകയും 500 എണ്ണം സൗജന്യമായി നൽകുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അത് ലഭിക്കുന്നമുറയ്ക്ക് ആദ്യഘട്ടമായി വിതരണം ചെയ്യും. നാവിക് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് നൽകുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെൽട്രോൺ ഐ.എസ്.ആർ.ഒ.-യുമായി കരാർ ഒപ്പുവയ്ക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശം രേഖപ്പെടുത്തുന്നതിനുള്ള 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.-യുടെ സഹായത്തോടെ

വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനുള്ള പരിശീലനം അവർക്ക് നൽകിവരുന്നു. എല്ലാ മത്സ്യത്തൊളിലാളികളുടെയും മൊബൈലിലേക്ക് ഈ സംവിധാനം നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ഡി) മറൈൻ ആംബുലൻസുകളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. കൊച്ചിൻ ഷിപ്പിയാർഡിനെയാണ് മറൈൻ ആംബുലൻസിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 31-5-2018-ൽ ഇത് സംബന്ധിച്ച് ഫിഷറീസ് ഡയറക്ടറും കൊച്ചിൻ ഷിപ്പ് യാർഡുമായി കരാർ ഒപ്പുവച്ചു. വാർഷിക അറ്റകുറ്റപ്പണി കരാർകൂടി ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. സൗകര്യപ്രദമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 18 മുതൽ 24 മാസങ്ങൾകൊണ്ട് നിർമ്മിച്ച് കൈമാറുമെന്നാണ് ധാരണയായിട്ടുള്ളത്.

## കടലോര നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി

384 (2980) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടലോര നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെ വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്ന ഒരു പ്രത്യേക പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്.

പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം - 4 ലക്ഷം രൂപ
2. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് പത്ത് ലക്ഷം രൂപ ധനസഹായം
3. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ
4. മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം
5. പദ്ധതി നിർവ്വഹണത്തിനായി 2017-18, 2018-19 വർഷങ്ങളിൽ 150 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ പൂർണ്ണ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സ്വന്തം നിലയിൽ കണ്ടെത്തുന്ന ഭൂമി റവന്യൂ വകുപ്പ് മുഖേന വില നിശ്ചയിച്ച് മത്സ്യത്തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. കാസർഗോഡ് ജില്ലയിലെ എല്ലാ മത്സ്യഗ്രാമങ്ങളിലും ഈ പദ്ധതി നടപ്പാക്കിവരുന്നു. ജില്ലയിൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഫ്ലാറ്റ് നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. അനുയോജ്യമായ ഭൂമി കണ്ടെത്തി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കാരോട് പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റുകൾ

385 (2981) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് പഞ്ചായത്തിന്റെ പ്രദേശത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ഫ്ലാറ്റിൽ എത്ര കുടുംബങ്ങൾക്ക് താമസസൗകര്യം ഉണ്ടാകും എന്ന് വ്യക്തമാക്കാമോ; എത്ര സ്ക്വയർ ഫീറ്റാണ് ഓരോ കുടുംബത്തിനും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഫ്ലാറ്റ് നിർമ്മാണത്തിന് സർക്കാർ എത്ര കോടി രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഫ്ലാറ്റ് നിർമ്മാണത്തിന് ഏതു വർഷത്തിലാണ് ഭരണാനുമതി ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;എപ്പോൾ ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് പഞ്ചായത്ത് പ്രദേശത്ത് ഫിഷറീസ് വകുപ്പ് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിൽ 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. 524 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) കാരോട് ഫ്ലാറ്റ് നിർമ്മാണത്തിനുള്ള 12.80 കോടി രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകിയിരിക്കുകയാണ്. ആയതിനാൽ കാരോട് ഫ്ലാറ്റ് നിർമ്മാണത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന പദ്ധതിയിൽ 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ടുമെന്റ് നിർമ്മാണം ഒരു ഘടകമായിരുന്നു. ഇതിനായി 20 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. അതിന്റെയടിസ്ഥാനത്തിലാണ് ഫിഷറീസ് വകുപ്പ് കാരോട് വില്ലേജിൽ ഏറ്റെടുത്ത 105.55 ആർ സ്ഥലത്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 1280 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

## കടൽക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ശാശ്വത സുരക്ഷ

386 (2982) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ ഹൈബി ഈഡൻ :
ശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ശാശ്വത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപംനൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തീരദേശപരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന ഇപ്രകാരമുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇവർക്കായുള്ള ഭവനനിർമ്മാണം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ നടപ്പിലാക്കുന്നത്;

(ഡി) ഭൂരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമിയും വീടും വാങ്ങുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര പേർക്ക് ഇതുവരെ ആനുകൂല്യം അനുവദിച്ചു;

(ഇ) മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) മുട്ടത്തറയിൽ എത്ര വീടുകളാണ് ഇപ്രകാരം പൂർത്തിയായിട്ടുള്ളത്; മുട്ടത്തറയിലെ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം എന്നാണ് നടത്തിയത് എന്നറിയിക്കാമോ?

### ഉത്തരം

(എ) കടൽക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ശാശ്വത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24,454 കുടുംബങ്ങളുണ്ടെന്നാണ് ഫിഷറീസ് വകുപ്പ് 2016-ൽ നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഇതിൽ 10000-ത്തോളം മത്സ്യത്തൊഴിലാളികൾ കടൽക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിലാണ് താമസിക്കുന്നത്.

(സി) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ്. അതുകൊണ്ട് ഇതെല്ലാം തന്നെ ലൈഫ് മിഷന്റെ ഭാഗമാണ്.

(ഡി) ഭൂരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ ബി.ഐ.എഫ്. & എച്ച്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 440 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. 2017-18-ൽ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി പ്രകാരം 750 എണ്ണത്തിൽ 184 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. 27 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ഇ) ഭൂരഹിത ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നു. ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി  തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ടുമെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറ, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ, മലപ്പുറം ജില്ല എന്നിവിടങ്ങളിൽ ഫ്ലാറ്റ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(എഫ്) തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മുട്ടത്തറയിലെ ഫ്ലാറ്റ് നിർമ്മാണത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 4-1-2017-ൽ നിർവ്വഹിച്ചു.

## ഓഖി സഹായധനം

387 (2983) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഓഖി ദുരന്തത്തെ തുടർന്ന് ദുരന്ത നിവാരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് 5 ലക്ഷം രൂപയും ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചു. മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ആശ്വാസ ധനസഹായമായി പ്രഖ്യാപിച്ച 20 ലക്ഷം രൂപയുടെ സഹായം 21-2-2017-ലെ സ.ഉ. (സാധാ) നമ്പർ 114/2017/ഡി.എം.ഡി. ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡപ്രകാരം ഓഖി ചുഴലിക്കാറ്റിൽ കാണാതായ 91 പേരുടെ ആശ്രിതർക്കും അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വകുപ്പുവഴി നൽകിയിട്ടുണ്ട്. പരിക്ക് പറ്റി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ 179 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ആകെ 8,68,000 രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 74 മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000 രൂപ വീതം വീട് വാടകയിനത്തിൽ അനുവദിച്ചു ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർ മുഖേനയാണ് തുക വിതരണം ചെയ്യുന്നത്.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട 64 മത്സ്യത്തൊഴിലാളികൾക്ക് 3.08 കോടി രൂപ ആദ്യഘട്ടമായി നൽകിയിട്ടുണ്ട്. രണ്ടാംഘട്ടം നടപ്പാക്കുന്നതിനായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട 24 പേർക്ക് 87.59 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെട്ട 86 പേർക്ക് 78.07 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കൂടാതെ, മത്സ്യബന്ധനോപകരണങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ട

8 മത്സ്യത്തൊഴിലാളികൾക്കും ഭാഗികമായി നഷ്ടപ്പെട്ട 81 മത്സ്യത്തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി 178.55 ലക്ഷം രൂപയുടെ പ്രൊപ്പോസലും ഓഖി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച 120 FRP ബോട്ടുകൾ replace ചെയ്ത് നൽകുന്നതിനായി 988.80 ലക്ഷം രൂപയുടെ പ്രൊപ്പോസലും പരിശോധിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള Inflatable life jacket പരീക്ഷണാടിസ്ഥാനത്തിൽ 100 മത്സ്യത്തൊഴിലാളികൾക്ക് നൽകുവാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യഗ്രാമം തിരിച്ച് വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഖി ചുഴലിക്കാറ്റിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇതിൽ 185 പേർക്ക് First level Graduation വരെ വിദ്യാഭ്യാസ ധനസഹായവും Graduation പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുവാനുള്ള 1392.82 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കോവളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടം**

388 (2984) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ കോവളം മണ്ഡലത്തിലെ എത്ര പേർക്കാണ് വള്ളവും വലയും നഷ്ടപ്പെട്ടിട്ടുള്ളത്;

(ബി) വിഴിഞ്ഞത്ത് കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടെ കടൽക്ഷോഭത്തിൽ തകർന്ന ബോട്ടുകളുടെയും ചെറുവള്ളങ്ങളുടെയും കണക്ക് ഫിഷറീസ് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ എത്രയാണ്എന്നറിയിക്കാമോ;

(സി) ഇവരിൽ എത്ര പേർക്കാണ് നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരം നൽകിയിട്ടുള്ളത്; ഇനി എത്ര പേർക്കാണ് നഷ്ടപരിഹാരം നൽകാനുള്ളത്;

(ഡി) ബോട്ടും വള്ളവും തകർന്നാൽ എത്ര രൂപയാണ് പരമാവധി നഷ്ടപരിഹാരമായി നൽകുന്നത്; പ്രസ്തുത തുക തകർന്ന ബോട്ടും വള്ളവും പുനർനിർമ്മിക്കുന്നതിനോ പുതിയത് വാങ്ങുന്നതിനോ പര്യാപ്തമാകുമോയെന്ന് അറിയിക്കുമോ ; അല്ലാത്തപക്ഷം നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ കോവളം മണ്ഡലത്തിൽ ഉൾപ്പെടുന്ന വിഴിഞ്ഞം, അടിമലത്തുറ, പള്ളം, പൂവാർ മത്സ്യഭവൻ പരിധിയിലെ 29 പേർക്കാണ് വള്ളവും വലയും നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) വിഴിഞ്ഞത്ത് കഴിഞ്ഞ 2 വർഷങ്ങൾക്കിടെ 82 മത്സ്യബന്ധന യാനങ്ങൾ കടൽക്ഷോഭത്തിൽ തകർന്നിട്ടുണ്ട്.

(സി) ഇവരിൽ 7 പേർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. ഇനി 75 പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്.

(ഡി) മത്സ്യബന്ധന യാനങ്ങൾ തകർന്നാൽ ആയതിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി ഫിഷറീസ് വകുപ്പിൽ നിലവിലില്ല. എന്നാൽ ജില്ലാ കളക്ടറുടെ എസ്.ഡി.ആർ.എഫ്.-ൽ നിന്നും മത്സ്യബന്ധന യാനങ്ങൾ ഭാഗികമായി തകർന്നാൽ 4,100 രൂപയും പൂർണ്ണമായും തകർന്നാൽ 9,600 രൂപയുമാണ് പരമാവധി നഷ്ട പരിഹാരമായി നൽകുന്നത്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി ആയത് ശരിയെന്ന് കാണുന്നപക്ഷം നഷ്ടപരിഹാരം ലഭിക്കുന്നതിന് വകുപ്പ് മുഖേന ശിപാർശ ചെയ്യാറുണ്ട്. കൂടാതെ ബോട്ടിനും വള്ളത്തിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

## മത്സ്യത്തൊഴിലാളികളെ കൗൺസിലിംഗിലൂടെ ജോലിക്ക് പ്രാപ്തരാക്കുന്ന നടപടി

389 (2985) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിനുശേഷം മനഃശാസ്ത്രപരമായ കാരണത്താൽ തൊഴിലിന് പോകുവാൻ സാധിക്കാതെ വന്ന മത്സ്യത്തൊഴിലാളികളെ കൗൺസിലിംഗിലൂടെ ജോലിക്ക് പ്രാപ്തരാക്കുന്ന നടപടി എത്രമാത്രം വിജയിച്ചു; വിശദമാക്കാമോ;

(ബി) ഗുരുതരമായി പരിക്കേറ്റ് മത്സ്യബന്ധനത്തിൽ ഏർപ്പെടുവാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധി ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് സർക്കാർ നൽകിയത് എന്നറിയിക്കാമോ?

### ഉത്തരം

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും മാനസിക ആരോഗ്യ ദൗത്യത്തിന്റേയും ആഭിമുഖ്യത്തിൽ ഓഖി ദുരന്തബാധിത മേഖലകളിലും ആശുപത്രികളിലും ഒരു ദുരന്തത്തിന്റെ അനന്തര ഫലമായുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ, ശാരീരിക പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കി മത്സ്യ

ത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ദിശ കൗൺസിലേഴ്സും ജില്ലാ മാനസികാരോഗ്യ പ്രവർത്തകരും ചേർന്ന് കൗൺസിലിംഗും ആവശ്യമുള്ളവർക്ക് ചികിത്സയും നൽകുകയുണ്ടായി. 12-12-2017-ൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ആരോഗ്യം, സാമൂഹ്യനീതി വകുപ്പ്, റവന്യൂ, മത്സ്യവകുപ്പ് എന്നിവരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ഐ.സി.ഡി.എസ്.-ന്റെ സ്കൂൾ കൗൺസിലേഴ്സ്, ആർ.ബി.എസ്.കെ.(എൻ.എച്ച്.എം)-യുടെ സ്കൂൾ നഴ്സ്, ദിശ കൗൺസിലേഴ്സ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താനും തീരുമാനിച്ചു. കെ.എസ്.എസ്.എം.-ന്റെ സഹായത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി 14-12-2017-ൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിച്ചു. മാനസികാരോഗ്യ വിഭാഗം ജീവനക്കാരായ സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവർ ദുരിതബാധിത മേഖലയിൽ ഓരോ ദിവസവും നടത്തിയ ഇടപെടലുകളിലൂടെ മാനസിക സമ്മർദ്ദത്തിന് വിധേയരായിരുന്ന മത്സ്യത്തൊഴിലാളികളുടെ മാനസികനില വിലയിരുത്തുകയും അവർക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു. ജനറൽ ആശുപത്രി തിരുവനന്തപുരം, ഫോർട്ട് ഹോസ്പിറ്റൽ വലിയതുറ എന്നിവിടങ്ങളിൽ ദുരിതബാധിതരെ പ്രവേശിപ്പിച്ച് ആവശ്യമായ ചികിത്സ നൽകി. വിഴിഞ്ഞം, പൂന്തുറ പ്രദേശത്തെ ദുരിതാശ്വാസ ക്യാമ്പുകളിൽ ദിശ കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു. ദുരിതത്തെ അതിജീവിച്ചവർ, കാണാതായവരുടെ കുടുംബാംഗങ്ങൾ, മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ വീടുകളിൽ ആരോഗ്യവിഭാഗം ജീവനക്കാർ സന്ദർശനം നടത്തുകയും അവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ചെയ്തു.

(ബി) ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് ഗുരുതരമായി പരിക്കേറ്റ് മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾ ആരും തന്നെയില്ല. പരിക്ക് പറ്റി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ 179 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ആകെ 8,68,000 രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയിട്ടുണ്ട്.

## മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ രജിസ്ട്രേഷൻ

390 (2986) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യബന്ധന തൊഴിലാളികൾക്ക് ഈ മൺസൂൺ കാലത്ത് എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യ ത്തൊഴിലാളികളും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണ്. ആയതുപ്രകാരം കേരളത്തിൽ 238173 മത്സ്യത്തൊഴിലാളികൾ അംഗങ്ങളാണ്. പ്രസ്തുത പട്ടിക പ്രകാരം കടലിൽ മത്സ്യബന്ധനത്തിൽ 186933 പേരും ഉൾനാടൻ മേഖലയിൽ 51240 പേരും അംഗങ്ങളാണ്. ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മൺസൂണിന് മുന്നോടിയായി എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. 9 മറൈൻ ജില്ലകളിലായി 17 റെസ്ക്യൂ ബോട്ടുകൾ വാടകയ്ക്കെടുത്ത് സജ്ജമാക്കിയിട്ടുണ്ട്. ഈ ബോട്ടുകളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി മത്സ്യത്തൊഴിലാളി സമൂഹത്തിൽപ്പെട്ടവരും കടൽ പരിചയമുള്ളവരുമായ 80 പേരെ തെരഞ്ഞെടുത്ത് റെസ്ക്യൂ സ്ക്വാഡുകളായി 24 മണിക്കൂറും ലഭ്യമാകത്തക്കവിധം സജ്ജീകരിച്ചിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാ ളികൾക്ക് എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

## മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി

391 (2987) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) കൊട്ടാരക്കര, പുത്തൂർ എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) കൊട്ടാരക്കര, പുത്തൂർ എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി യഥാക്രമം 1624.00 ലക്ഷം രൂപ, 244.82 ലക്ഷം രൂപയുടെ Concept Note തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മായം ചേർക്കാത്ത മത്സ്യങ്ങളുടെ ലഭ്യത**

392 (2988) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മായം ചേർക്കാത്ത മത്സ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശം നൽകുമോ;

(ബി) മാലിന്യവും രാസപദാർത്ഥങ്ങളും ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് അന്തിപ്പച്ച എന്ന പേരിൽ മൊബൈൽ മത്സ്യവില്പന യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഹാനികരമായ പദാർത്ഥങ്ങൾ മത്സ്യത്തിൽ ചേർത്ത് വിൽക്കുന്നത് തടയുന്നതിനാവശ്യമായ പ്രത്യേക നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൻ പ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി ജില്ലകൾ തോറും ടാസ്ക് ഫോഴ്സ് രൂപീകരിച്ച് മത്സ്യ മാർക്കറ്റുകളിലും മറ്റ് വിപണന കേന്ദ്രങ്ങളിലും ലാന്റിംഗ് സെന്ററുകളിലും പരിശോധന നടത്തുകയും മത്സ്യത്തിൽ മായം ചേർത്ത് വില്പന നടത്തിയവർക്കെതിരെ നടപടിയെടുക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ മായം ചേർക്കലിനെപ്പറ്റി വകുപ്പ് തലത്തിൽ ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആരംഭിച്ചിട്ടുണ്ട്. പച്ച മത്സ്യം പൊഴിയൂർ മുതൽ മര്യനാട് വരെയുള്ള തീരപ്രദേശങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്നും നേരിട്ട് ശേഖരിച്ചാണ് 'അന്തിപച്ച' എന്ന പേരിൽ സഞ്ചരിക്കുന്ന മത്സ്യവിൽപ്പന യൂണിറ്റുവഴി വിതരണം ചെയ്യുന്നത്. ഇത് 13-11-2017-ൽ പ്രവർത്തനമാരംഭിച്ചു. പ്രസ്തുത യൂണിറ്റ് ഉച്ചയ്ക്ക് 3.30 മുതൽ ആയുർവേദ കോളേജ്, സെക്രട്ടേറിയറ്റ്, ശാസ്തമംഗലം, എസ്.എഫ്.എസ്. ഫ്ലാറ്റ് പരിസരം, കഴക്കൂട്ടം എന്നിവിടങ്ങളിൽ വിൽപ്പന നടത്തുന്നു. സഞ്ചരിക്കുന്ന മത്സ്യവിൽപ്പന യൂണിറ്റിന് ഉപഭോക്താക്കളിൽ നിന്നുള്ള സ്വീകാര്യത കണക്കിലെടുത്ത് കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 2 മൊബൈൽ യൂണിറ്റുകൾകൂടി ഉടൻതന്നെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹാനികരമായ പദാർത്ഥങ്ങൾ ചേർത്ത മത്സ്യവില്പന തടയുന്നതിനും ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനും വേണ്ടുന്ന നിയമനിർമ്മാണം സർക്കാർ പരിശോധിച്ചുവരുന്നു.

**ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യങ്ങളുടെ വംശനാശം**

393 (2989) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ നാടൻ മത്സ്യങ്ങളുടെ വംശനാശം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും അനധികൃതവുമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ

വംശനാശം തടയുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഉൾനാടൻ ജലാശയങ്ങളിൽ സ്വാഭാവിക മത്സ്യപ്രജനന സ്ഥലങ്ങളിൽ മത്സ്യസങ്കേതം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാടൻ മത്സ്യങ്ങളുടെ വർദ്ധനവിനായി തനത് മത്സ്യങ്ങളായ ചെമ്മീൻ, കരിമീൻ, കണമ്പ്, മഹസീർ തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യകുഞ്ഞുങ്ങളുടെ റാഞ്ചിംഗ് നടപ്പിലാക്കിവരുന്നു.

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

394 (2990) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. ജോയി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കെ.എം.എഫ്.ആർ.(കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ) ആക്ടിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഫാമുകളുടെയും നഴ്സറികളുടെയും ഹാച്ചറികളുടെയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തിന് ന്യായവില ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ 'കൃത്രിമപ്പാര്' സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുതുക്കുറിച്ചി മത്സ്യഗ്രാമത്തിന് സമീപവും കരിങ്കുളം ഗ്രാമപഞ്ചായത്തിലെ കൊച്ചുതുറ മത്സ്യഗ്രാമത്തിലുമാണ് ടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. 120 കൃത്രിമപ്പാര് (Trapezoidal RCC modules) 70 RCC പൈപ്പും ഉൾപ്പെടുന്ന യൂണിറ്റാണ് 2 സ്ഥലങ്ങളിലും

നിക്ഷേപിക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് 100 ലക്ഷം രൂപ അനുവദിക്കുകയും ആയതനുസരിച്ച് കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. 2016-17 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ തുമ്പ, പുല്ലുവിള മത്സ്യഗ്രാമങ്ങളിൽ ടി പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കടലിൽ 'കൂട് കൃഷി' നടത്തുന്നതിനായി 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ കൂട്കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി അഡാക്ക് മുഖേനയാണ് നടപ്പിലാക്കുന്നത്. അതോടൊപ്പം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനായി 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുതകുന്ന രീതിയിൽ KMFR ആക്ട് ഭേദഗതി ചെയ്തും ആയത് നിർബന്ധമായും നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തിയും കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഹാനികരമായ രാസവസ്തുക്കളുപയോഗിച്ചോ, വോൾട്ടേജ് കൂടിയ വിളക്ക് പ്രകാശിപ്പിച്ചോ, ഡൈനാമിറ്റിന്റെയോ, മറ്റ് സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചോ, വിഷം കലർത്തിയോ മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിനുവേണ്ടിയുള്ള ഭേദഗതികൾ KMFR ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോട്ട് നിർമ്മാണ യൂണിറ്റുകളെയും വലനിർമ്മാണ യൂണിറ്റുകളെയും ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷന് വിധേയമാക്കി നിയന്ത്രിക്കുന്നതിനുള്ള ഭേദഗതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അശാസ്ത്രീയ മത്സ്യബന്ധനം നടത്തി ഇംപൗണ്ട് ചെയ്യുന്ന ബോട്ടുകൾക്ക് 100 HP-ക്ക് മുകളിൽ എഞ്ചിൻ കപ്പാസിറ്റിയുള്ളവയുടെ പിഴ 2.5 ലക്ഷം രൂപയായും, 10 HP-യ്ക്കും 100 HP-യ്ക്കും ഇടയ്ക്കുള്ളവയ്ക്ക് ഒരു ലക്ഷം രൂപയായും 10 HP-ക്ക് താഴെയുള്ളവയ്ക്ക് 10,000 രൂപയായും വർദ്ധിപ്പിച്ച് KMFR ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്.

(സി) ഫാമുകളുടെയും നഴ്സറികളുടെയും ഹാച്ചറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെയും ഹാച്ചറികളുടെയും പുനരുദ്ധാരണത്തിനും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തരുവനന്തപുരം, നെയ്യാർ ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രം, തൃശ്ശൂർ പീച്ചി മത്സ്യ വിത്തുല്പാദന കേന്ദ്രം എന്നിവയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 1000 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനുംവേണ്ടി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി നേരിട്ട് ലേലം നടത്തുകയും പിടിച്ചെടുത്ത മത്സ്യത്തിന് ന്യായവില നൽകി നേരിട്ട് മത്സ്യത്തൊഴിലാളികളിൽ നിന്നും മത്സ്യം സംഭരിച്ച് മത്സ്യഫെഡിന്റെ ഔട്ട്ലെറ്റുകൾവഴി വിതരണം നടത്തുകയും ചെയ്യുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ നേരിട്ട് മത്സ്യം സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിൽപ്പനയും നടത്തി വരുന്നു. കൂടാതെ ഇടനിലക്കാരുടെ അധിക ചൂഷണം ഒഴിവാക്കി ലേലം ക്രമീകരിക്കാനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യത്തിന്റെ വിപണനം പ്രോത്സാഹിപ്പിക്കാനും ഉതകുന്ന നിയമനിർമ്മാണവും പരിഗണനയിലാണ്.

## മണത്തല സർക്കാർ ഐസ് പ്ലാന്റ്

395 (2991) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാവക്കാട് മണത്തല ബീച്ചിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള പ്രവർത്തനം നിലച്ച സർക്കാർ ഐസ് പ്ലാന്റ് മത്സ്യത്തൊഴിലാളി പുനരധിവാസ കേന്ദ്രമായി ഉപയോഗിക്കാൻ കഴിയും വിധത്തിൽ തീരദേശ വികസന കോർപ്പറേഷൻ പോലുള്ള ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിക്കുമോ;എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

ചാവക്കാട് മണത്തല ബീച്ചിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള പ്രവർത്തനം നിലച്ച സർക്കാർ ഐസ് പ്ലാന്റ് മത്സ്യത്തൊഴിലാളി പുനരധിവാസ കേന്ദ്രമായി ഉപയോഗിക്കാൻ കഴിയുംവിധത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

## കവ്വായി ഗവൺമെന്റ് യു.പി.സ്കൂളിന്റെ നവീകരണം

396 (2992) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കവ്വായി ഗവൺമെൻറ് യു.പി.സ്കൂളിന്റെ നവീകരണത്തിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കി സമർപ്പിച്ച പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ച പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി ഗവൺമെന്റ് യു.പി. സ്കൂളിന്റെ നവീകരണത്തിനായി 340 ലക്ഷം രൂപയുടെ കൺസെപ്റ്റ് നോട്ട് തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഇരവിപുരം നിയോജകമണ്ഡലത്തിലെ തീരദേശ വികസന പ്രവർത്തനങ്ങൾ

397 (2993) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകൾ ഏറ്റെടുത്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാനുള്ളത്, ഭരണാനുമതി ലഭിച്ചത്, നിർമ്മാണത്തിലുള്ളത്, നിർമ്മാണം പൂർത്തിയാക്കിയത് എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത വകുപ്പുകൾ/ഏജൻസികൾ ഇരവിപുരം നിയോജകമണ്ഡലത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകൾ ഏറ്റെടുത്തിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*

(ബി) ഈ പ്രവൃത്തികളിൽ ഭരണാനുമതി നൽകാനുള്ളത്, ഭരണാനുമതി നൽകിയത്, നിർമ്മാണത്തിലുള്ളത്, നിർമ്മാണം പൂർത്തിയാക്കിയത് എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഭരണാനുമതി നൽകുന്ന മുറയ്ക്ക് ചുവടെ ചേർക്കുന്ന റോഡ് പ്രവൃത്തികളുടെ നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുക്കുന്നതാണ് :

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | മയ്യനാട് പഞ്ചായത്തിലെ ശാസ്താംതൊടി അക്കരത്തോടം റോഡ് | 17.50 |
| 2 | കയ്യാലയ്ക്കൽ ഡിവിഷനിലെ ശക്തി പേപ്പർ കമ്പനി, നിവ്യ ജംഗ്ഷൻ, ത്രിവേണി ജംഗ്ഷൻ, ചിറവയൽ ചേരൂർ ജംഗ്ഷൻ റോഡ് | 18.70 |
| 3 | മുണ്ടയ്ക്കൽ ഡിവിഷനിലെ ചായക്കടമുക്ക്-അമൃതകുളം റോഡ് | 34.30 |
| 4 | മയ്യനാട് പഞ്ചായത്തിലെ ചന്തമുക്ക് മുതൽ ധവളക്കുഴി വരെയുള്ള റോഡ് | 11.90 |
| 5 | കയ്യാലയ്ക്കൽ ഡിവിഷനിലെ പിനാക്കൽ, ത്രിവേണി, ഓട്ടത്തിൽ, ചകിരിക്കട റോഡ് | 15.50 |

നടപ്പ് സാമ്പത്തിക വർഷം ഇരവിപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി മൂന്നാംകുറ്റി മത്സ്യ മാർക്കറ്റ് ആധുനികവൽക്കരണം. ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂൾ, കാക്കാട്ടുമൂല, മയ്യനാട് അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികളുടെ Concept Note തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ തീരദേശത്ത് 50 മീറ്ററിനുള്ളിലുള്ള മത്സ്യത്തൊഴിലാളി പുനരധിവാസ പദ്ധതിയും മറ്റ് ക്ഷേമ സാമൂഹ്യ സുരക്ഷാ പദ്ധതികളും ഇരവിപുരം മണ്ഡലത്തിലും നടപ്പാക്കുന്നതാണ്.

## താനൂരിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് നടപടി

398 (2994) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തീരദേശമേഖലയിലെ 50 മീറ്റർ പരിധിക്കുള്ളിൽ ഉൾപ്പെട്ട എത്ര മൽസ്യത്തൊഴിലാളി കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചു;വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവിടെയുള്ള മൽസ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദവിവരം നൽകാമോ;

(സി) മേൽസൂചിപ്പിച്ച പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇത് വേഗത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം മലപ്പുറം ജില്ലയിൽ 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 367 കുടുംബങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ മാറി താമസിക്കാൻ തയ്യാറാകുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനുള്ള വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളാകാൻ താനൂർ മേഖലയിൽ നിന്നും 20 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സുരക്ഷിത മേഖലയിൽ ഭൂമി കണ്ടെത്തി ഭവന നിർമ്മാണത്തിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ മലപ്പുറം ജില്ലയ്ക്ക് 51 യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി ജില്ലയിലാകെ 116 അപേക്ഷകൾ ലഭിച്ചതിൽ 11 അപേക്ഷകൾ താനൂർ മേഖലയിൽ നിന്നാണ്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമി ഉള്ളവർക്ക് ഭവനം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ 52 യൂണിറ്റുകൾ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതിനായി ജില്ലയിൽ ആകെ 151 അപേക്ഷകൾ ലഭിച്ചതിൽ 9 അപേക്ഷകൾ താനൂർ മേഖലയിൽ നിന്നാണ്.

(ബി) പദ്ധതി പ്രകാരം ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായത്തിനായി താനൂർ മേഖലയിലുള്ള 11 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരിൽ 9 പേർക്ക് ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാകും.

(ഡി) മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതി ത്വരിതഗതിയിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## രാമന്തളി-പാണ്ഡ്യാലക്കടവ് പാലം

399 (2995) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശ ദ്വീപ് പഞ്ചായത്തായ വലിയ പറമ്പിലെ തെക്കെ അറ്റമായ പാണ്ഡ്യാലക്കടവിനെ കണ്ണൂർ ജില്ലയിലെ രാമന്തളിയുമായി ബന്ധിപ്പിച്ച് നിർമ്മിക്കാൻ നബാർഡ് സഹായത്തോടെ ഭരണാനുമതി ലഭിച്ച രാമന്തളി-പാണ്ഡ്യാലക്കടവ് പാലത്തിന് റിവൈസ്ഡ് ഭരണാനുമതി ലഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) കടത്ത് വള്ളത്തെ ആശ്രയിക്കുന്ന ഇവിടത്തെ ജനങ്ങളുടെ യാത്രാ മാർഗമായി ഈ പാലം യാഥാർത്ഥ്യമാക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പി.ഡബ്ല്യു.ഡി. നിർമ്മിക്കാനുദ്ദേശിക്കുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റിലാണ് നിർദ്ദിഷ്ട പാലം വരുന്നത്. ടി പദ്ധതി ഫിഷറീസ് വകുപ്പിന്റെ പരിധിയിലല്ല.

## കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസനം

400 (2996) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ;

(സി) മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട് കല്ലാനോട് ശുദ്ധജല മത്സ്യവിത്തുല്പാദന കേന്ദ്രത്തോട് ചേർന്നുകിടക്കുന്നതും, ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതുമായ 2 ഹെക്ടർ സ്ഥലത്ത് മത്സ്യ വിത്തുല്പാദന കേന്ദ്രത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

## ചാവക്കാട് കടപ്പുറം മുനയ്ക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ ലേല ഹാൾ

401 (2997) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാവക്കാട് കടപ്പുറം മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ പുതിയ ലേലഹാൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തൃശ്ശൂർ ജില്ലയിലെ മുനയ്ക്കക്കടവ് മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണ പ്രവൃത്തിക്കായി 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 231 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതനുസരിച്ച് വൈദ്യുതീകരണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ടി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിൽ നിലവിൽ 32.8 x 15.3 മീറ്റർ അളവിലുള്ള ഒരു ലേലപ്പുരയുണ്ട്. പുതുതായി ലേലപ്പുര നിർമ്മിക്കുന്നതിന് നിലവിൽ സ്ഥലം ലഭ്യമല്ല. മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ ലേബർ കോ-ഓർഡിനേഷൻ കമ്മിറ്റി സ്ഥലം ലഭ്യമാക്കി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും സ്ഥല ലഭ്യത ഉറപ്പാക്കിയ ശേഷം പുതിയ ലേലപ്പുര നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നായരമ്പലം ഗ്രാമപഞ്ചായത്തിൽ 'ഒരു മീൻ ഒരു നെല്ല്' പദ്ധതി

402 (2998) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം ഗ്രാമപഞ്ചായത്തിൽ കൃഷിയിടങ്ങൾ തരിശുകിടക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഒരു മീൻ ഒരു നെല്ല് എന്ന പദ്ധതി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നായരമ്പലം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറേ പാടം കർഷക സമിതി അവരുടെ പ്രദേശത്ത് 300 ഏക്കർ വരുന്ന പാടശേഖരങ്ങൾ കൃഷിക്ക് ഉപയുക്ത മാക്കാത്തതായി ഫിഷറീസ് വകുപ്പിന് പരാതി നൽകിയിട്ടുണ്ട്. കൃഷിക്ക് ഉപയുക്തമാക്കുന്നതിനായി ഇവയുടെ ബണ്ടും, ഇനുകളും നിർമ്മിക്കുന്നതിനുവേണ്ട ചെലവുകൾ കണക്കാക്കുന്നതിനായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) നായരമ്പലം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പാടശേഖര സമിതികളുടെ യോഗം ചേർന്ന് 'ഒരു നെല്ലും ഒരു മീനും' പദ്ധതി ഏകദേശം 250 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനാവശ്യമായ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാനാശ്ശേരി മത്സ്യഗ്രാമം**

403 (2999) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ മാനാശ്ശേരിയിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു;

(ബി) മാനാശ്ശേരി മത്സ്യഗ്രാമത്തിൽ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടോ;

(സി) വൈദ്യുതീകരണത്തിന്റെ ഭാഗമായി തൂണുകൾ, ലൈനുകൾ എന്നിവ മാറ്റുന്നതിനും റോഡ് ക്ലിയർ ചെയ്യുന്നതിനുമായി സമർപ്പിച്ച 9,95,465 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും; ജോലികൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2013-14)-ൽ ഉൾപ്പെടുത്തി മാനാശ്ശേരി മത്സ്യഗ്രാമത്തിൽ ആകെ 226.81 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. 105.43 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി 20.00 ലക്ഷം രൂപയുടെ പബ്ലിക് ടോയ്ലെറ്റ്, 49.90 ലക്ഷം രൂപയുടെ വൈദ്യുതീകരണം, 51.00 ലക്ഷം രൂപയുടെ ലൈബ്രറി നിർമ്മാണം എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ കുടിവെള്ള പദ്ധതിയും ലൈബ്രറി നിർമ്മാണവും പൂർത്തീകരിച്ചു.

(ബി) മാനാശ്ശേരി മത്സ്യഗ്രാമത്തിൽ നടപ്പിലാക്കുന്ന വൈദ്യുതീകരണം പ്രവൃത്തിയിലെ ഒരു ഘടകമായ UG cable laying ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി&ഡി) വൈദ്യുതീകരണത്തിന്റെ ഭാഗമായി തൂണുകൾ, ലൈനുകൾ എന്നിവ മാറ്റുന്നതിനും റോഡ് ക്ലിയർ ചെയ്യുന്നതിനുമായി സമർപ്പിച്ച 9,95,465 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഇടക്കൊച്ചി ഫിഷ് ഫാമിൽ പുതിയ പദ്ധതികൾ**

404 (3000) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടക്കൊച്ചി ഫിഷ് ഫാമിൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടക്കൊച്ചി ഫിഷ് ഫാമിൽ മത്സ്യകൃഷി നടപ്പിലാക്കുന്നതിനായി 122 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) 4 ഹെക്ടർ വിസ്തൃതി വരുന്ന രണ്ട് കുളങ്ങളിൽ 200 കേജുകൾ (2x2x1.5m dimension) സ്ഥാപിച്ച് കരിമീൻ കൂട്ടകൃഷി നടപ്പിലാക്കിവരുന്നു. അതിൽ രണ്ടു ഹെക്ടർ വരുന്ന ഒരു കുളത്തിൽ 20,000 കരിമീൻ കുഞ്ഞുങ്ങളെ 2017 ഒക്ടോബർ മാസത്തിലും 2 ഹെക്ടർ വരുന്ന മറ്റൊരു കുളത്തിൽ 10000 കരിമീൻ കുഞ്ഞുങ്ങളെ 2018 മേയ് മാസത്തിലും നിക്ഷേപിച്ച് പരിപാലിച്ചു വരുന്നു. 0.4 ഹെക്ടർ വീതം വിസ്തൃതിയുള്ള മറ്റ് രണ്ട് കുളങ്ങളിൽ കരിമീൻ വിത്തുല്പാദനത്തിനായി കരിമീൻ ബ്രൂഡറുകളെ നിക്ഷേപിച്ച് വളർത്തിവരുന്നു.

**കണ്ടല്ലൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണം**

405 (3001) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി തുക അനുവദിച്ചിട്ടും പദ്ധതിപ്രവർത്തനങ്ങൾ നടക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുന്ന പ്രസ്തുത പ്രദേശത്ത് എത്രയും പെട്ടെന്ന് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സമഗ്ര തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 2010-11-ൽ ആലപ്പുഴ, എറണാകുളം ജില്ലകളിൽ കുടിവെള്ള പദ്ധതിക്ക് 980 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് 138.6 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ടി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി ലഭ്യമാക്കിയതായി അറിയിച്ചിരുന്നുവെങ്കിലും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടും കരാറിൽ ഒപ്പുവച്ചിരുന്നില്ല. ടി പദ്ധതി ടെണ്ടർ ചെയ്തെങ്കിലും കേരള വാട്ടർ അതോറിറ്റി ഇതുവരെയും വർക്ക് ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 17-5-2017-ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിരുന്നു. എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കരിപ്പുഴയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റ്

406 (3002) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ കരിപ്പുഴയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന 150.24 ലക്ഷം രൂപയുടെ പദ്ധതി കൺസെപ്റ്റ് നോട്ടിൽ ഉൾപ്പെടുത്തി കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഇടക്കൊച്ചിയിലെ ഫിഷ് ഫാം

407 (3003) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചിയിലെ ഫിഷ് ഫാമിൽ എത്ര ഏക്കർ സ്ഥലമാണുള്ളതെന്നും ഇതിൽ എത്ര സ്ഥലത്ത് നിലവിൽ മത്സ്യകൃഷി നടത്തുന്നുവെന്നും അറിയിക്കുമോ ;

(ബി) എന്ത് കൊണ്ടാണ് ഈ ഫാമിന്റെ ശേഷി പൂർണ്ണമായി ഉപയോഗ പ്പെടുത്താത്തതെന്ന് അറിയിക്കുമോ ;

(സി) നിലവിൽ ഈ ഫാം ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ഡി) ഇല്ലെങ്കിൽ ഫാമിന്റെ ശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) ഇടക്കൊച്ചി ഫിഷ് ഫാമിൽ ആദ്യമായാണ് മത്സ്യകൃഷി പ്രവർത്ത നങ്ങൾ അഡാക്ക് മുഖേന നടപ്പിലാക്കുന്നത്. ഫിഷ് ഫാമിൽ ആകെ 27 ഏക്കർ സ്ഥലമുണ്ട്. ഇതിൽ 23.71 ഏക്കർ ജല വിസ്തൃതിയിൽ മത്സ്യകൃഷി നടത്താൻ വിഭാവന ചെയ്തിട്ടുണ്ട്. കുളങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന തിനാൽ നിലവിൽ 16.79 ഏക്കർ സ്ഥലത്താണ് മത്സ്യകൃഷി നടത്തിവരുന്നത്.

## മാവേലിക്കരയിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

408 (3004) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതി, സാങ്കേതികാനുമതി ലഭിച്ച തീയതി, ടെണ്ടർ ചെയ്ത തീയതി എന്നിവ ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും നടത്തിയിട്ടില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ചും പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുന്ന കാലാവധി സംബന്ധിച്ചുമുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മണലൂർ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

409 (3005) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി, മണലൂർ, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകളിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി 2011-12-ലെ സർക്കാർ അംഗീകരിച്ച ലിസ്റ്റ് 6-ൽ ഉൾപ്പെട്ട മണലൂർ പഞ്ചായത്തിലെ ഒരു റോഡിന്റെയും 2013-14-ലെ ലിസ്റ്റ് 1-ൽ ഉൾപ്പെട്ട വെങ്കിടങ്ങ് പഞ്ചായത്തിലെ മൂന്ന് റോഡുകളുടെയും എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എളവള്ളി പഞ്ചായത്തിലെ വാർഡ്-8-ലെ ഒരു റോഡിന്റെയും മുല്ലശ്ശേരി പഞ്ചായത്തിലെ ഒരു റോഡിന്റെയും മണലൂർ പഞ്ചായത്തിലെ ഒരു റോഡിന്റെയും ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നുണ്ട്.

(ബി&സി) താഴെ പറയുന്ന റോഡുകളുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. 2011-12 ലിസ്റ്റ് 6 - ക്രമനമ്പർ 28 മണലൂർ പഞ്ചായത്തിലെ ആലുങ്കൽ ടെമ്പിൾ ലിങ്ക് റോഡ് - 17.00 ലക്ഷം - ഭരണാനുമതി നൽകി- പൂർത്തീകരിച്ചു.
2. 2013-14 ലിസ്റ്റ്-1 ക്രമനമ്പർ - 6 വെങ്കിടങ്ങ് പഞ്ചായത്തിലെ തണ്ടഴിപ്പാടം റോഡ് - 36.00 ലക്ഷം, ഭരണാനുമതി നൽകി - പൂർത്തീകരിച്ചു.
3. 2013-14 ലിസ്റ്റ്-1 ക്രമനമ്പർ - 7 വെങ്കിടങ്ങ് പഞ്ചായത്തിലെ പ്രിയദർശിനി റോഡ് - 24.00 ലക്ഷം, ഭരണാനുമതി നൽകി - പൂർത്തീകരിച്ചു.
4. 2013-14 ലിസ്റ്റ്-1 ക്രമനമ്പർ - 8 വെങ്കിടങ്ങ് പഞ്ചായത്ത് - ആൽത്തറലിങ്ക് റോഡ് - 36.00 ലക്ഷം, ഭരണാനുമതി നൽകി - പൂർത്തീകരിച്ചു.

എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്ന റോഡുകൾ

5. എളവള്ളി പഞ്ചായത്തിലെ വാർഡ് 8-ലെ മണിച്ചാൽ ബണ്ട് റോഡ്
6. മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങോത്ത് കുമ്പുള്ളി കെ.എൽ.ഡി.സി. ബണ്ട് റോഡ്
7. മണലൂർ പഞ്ചായത്ത് വാർഡ് 16-ലെ കരിക്കൊടി തീരദേശ റോഡ്

**വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകൾ**

410(3006) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ഭരണാനുമതി നല്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നല്കിയിട്ടുള്ള എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുവാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിക്കാമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജക മണ്ഡലത്തിൽ 14 തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക |
|---|---|---|
| (1) | (2) | (3) |
| 1 | വെട്ടൂർ പഞ്ചായത്തിലെ നേതാജി റോഡ് പുനരുദ്ധാരണം | 47.10 ലക്ഷം |
| 2 | കിളിത്തട്ടുമുക്ക്-ഐക്കരവിള-കല്ലുവിള അമ്മൻകോവിൽ റിംഗ് റോഡ് | 42.70 ലക്ഷം |
| 3 | കാപ്പിൽ എച്ച്.എസ്. നെല്ലേറ്റിൽ കടവ് റോഡ്, ഇടവ പഞ്ചായത്ത് | 46.20 ലക്ഷം |
| 4 | പേഴവിള കെ.എം. കാസിം റോഡ്, വെട്ടൂർ പഞ്ചായത്ത് | 43.90 ലക്ഷം |
| 5 | ചുമടുതാങ്ങി ഇടനാഴി റോഡ്, വെട്ടൂർ പഞ്ചായത്ത് | 38.20 ലക്ഷം |
| 6 | ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘംതൊടി, കായൽ കോട്ടുവിള റോഡ് | 14.70 ലക്ഷം |
| 7 | ഇടവ പഞ്ചായത്ത് പുറ്റിൽ ക്ഷേത്രം കമ്മ്യൂണിറ്റി ഹാൾ റോഡ് | 15.50 ലക്ഷം |
| 8 | വെട്ടൂർ പഞ്ചായത്ത് റഹമത്ത് റോഡ് വാർഡ്-13 | 56.50 ലക്ഷം |
| 9 | വർക്കല നഗരസഭ വാർഡ് 20, ചെറിയ തുരപ്പ് ചിറമുക്ക് റോഡ് | 11.90 ലക്ഷം |

| (1) | (2) | (3) |
|---|---|---|
| 10 | വർക്കല നഗരസഭ ആറാട്ട് റോഡ് വാവ്കട ചന്ത മുതൽ ആലിയിറക്കം വരെയുള്ള റോഡ് | 9.30 ലക്ഷം |
| 11 | വെട്ടൂർ പഞ്ചായത്തിലെ വെട്ടൂർ ഊറ്റുകുഴി റോഡ് | 9.10 ലക്ഷം |
| 12 | വെട്ടൂർ പഞ്ചായത്തിലെ ഊറ്റുകുഴി റാത്തിക്കൽ റോഡ് | 65.50 ലക്ഷം |
| 13 | ഇലകമൺ പഞ്ചായത്തിലെ ആസാദ് മെമ്മോറിയൽ റോഡ് | 21.80 ലക്ഷം |
| 14 | വെട്ടൂർ പഞ്ചായത്ത്, കുണക്കൻ കല്ല് റോഡ് | 13.65 ലക്ഷം |

(ബി) 2017-18 വർഷത്തിൽ വർക്കല നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ രണ്ട് റോഡുകൾക്ക് സാങ്കേതികാനുമതി നൽകുവാനുണ്ട്.

1. വർക്കല നഗരസഭ വാർഡ് 20, ചെറിയ തുരപ്പ് ചിറമുക്ക് റോഡ്- 11.90 ലക്ഷം
2. വെട്ടൂർ പഞ്ചായത്തിലെ ഊറ്റുകുഴി റാത്തിക്കൽ റോഡ്- 65.50 ലക്ഷം

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 7 റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 5 റോഡുകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കിയ 7 റോഡുകളുടെ നിലവിലുള്ള അവസ്ഥ ചുവടെ വിശദീകരിക്കുന്നു :

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘംതൊടി, കായൽ കോട്ടുവിള റോഡ് | 14.70 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | വെട്ടൂർ പഞ്ചായത്തിലെ നേതാജി റോഡ് പുനരുദ്ധാരണം | 47.10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | കിളിത്തട്ടുമുക്ക്-ഐക്കരവിള-കല്ലുവിള അമ്മൻകോവിൽ റിംഗ് റോഡ് | 42.70 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | കാപ്പിൽ എച്ച്.എസ്. നെല്ലേറ്റിൽ കടവ് റോഡ്, ഇടവ പഞ്ചായത്ത് | 46.20 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 5 | പേഴുവിള കെ.എം. കാസിം റോഡ് വെട്ടൂർ പഞ്ചായത്ത് | 43.90 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | ചുമടുതാങ്ങി ഇടനാഴി റോഡ്, വെട്ടൂർ പഞ്ചായത്ത് | 38.20 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 7 | വെട്ടൂർ പഞ്ചായത്ത്, റഹ്മത്ത് റോഡ് വാർഡ് 13. | 56.50 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |

(ഡി) ഈ പ്രവൃത്തികളെല്ലാം കരാർ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ റോഡുകൾക്ക് ഭരണാനുമതി**

411 (3007) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച രാമന്തളി പഞ്ചായത്തിലെ എ.കെ.ജി. നഗർ-പൊതുശ്മശാനം റോഡ്, പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ പുഞ്ചക്കാട് തീരദേശ റോഡ്, കാറമേൽ കോളനി റോഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിലെ എ.കെ.ജി. നഗർ- പൊതുശ്മശാനം റോഡ്, പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ പുഞ്ചക്കാട് തീരദേശ റോഡ്, കാറമേൽ തീരദേശ റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരികയാണ്.

**തലശ്ശേരിയിലെ തീരദേശ റോഡുകൾ**

412 (3008) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് റോഡിന്റെ പേരും തുകയും സഹിതം വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ള റോഡുകളുടെ പേരും തുകയും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റോഡ് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം-ഫിഷ് ലാന്റിംഗ് സെന്റർ റോഡ് നവീകരണം | 39.00 |
| 2 | ഒളവിലംപാത്തിക്കൽ മോന്താൽകടവ് റോഡ് ഫേസ്-1 | 85.11 |
| 3 | പാത്തിക്കൽ മോന്താൽ കടവ് റോഡ് ഫേസ്-2 | 93.70 |
| 4 | തലായ് ഹാർബറിനെയും ചാലിൽ ഗോപാലപേട്ട ഫിഷ് ലാന്റിംഗ് സെന്ററിനെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | 268.60 |
| 5 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം-സിക്കന്തർ ക്ലബ്-പ്രസ്സ് വളപ്പ് റോഡ് | 46.50 |

## ഹാർബർ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങൾ

413 (3009) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) തീരദേശ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ് RIDF പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവ വഴി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിവരുന്നത്. കൂടാതെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവ നടപ്പിലാക്കി വരുന്നു. ക്യാപിറ്റൽ റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ്, ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ ഓപ്പറേഷൻ മാനേജ്മെന്റ് & മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്നീ ശീർഷകത്തിലുൾപ്പെടുത്തി ഹാർബറുകളുടെ ഡ്രഡ്ജിംഗും മെയിന്റനൻസ് പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. ഫിഷറീസ് വകുപ്പിന്റെ ഫിഷ് ഹാച്ചറികളുടെയും അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററുകളുടെയും നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തീരദേശ മേഖലയിലെ റോഡുകൾ, പാലങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിലുൾ പ്പെടുത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, ബെർത്തിംഗ് ജെട്ടികളുടെ നിർമ്മാണം, ഐസ് പ്ലാന്റ് & കോൾഡ് സ്റ്റോറേജുകളുടെ നിർമ്മാണം എന്നിവയും നടപ്പിലാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി 211 റോഡുകൾക്കായി 83.38 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 105 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 79 പ്രവൃത്തികൾ പുരോഗമിക്കുന്നു. 21 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ബാക്കിയുള്ള 6 പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കിയിട്ടുള്ളവയാണ്. 2016-17 സാമ്പത്തിക വർഷം 97.43 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ

347 റോഡുകൾക്കായി 15.19 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. 92 പ്രവൃത്തികൾ പുരോഗമിക്കുന്നു. 106 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. 133 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 7 പ്രവൃത്തികൾ മറ്റ് ഏജൻസികൾ വഴി നടപ്പിലാക്കിയിട്ടുള്ളവയാണ്. ടി സാമ്പത്തിക വർഷത്തിൽ തീരദേശ റോഡുകൾക്കായി 68.99 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ൽ 347 റോഡുകൾക്കായി 150 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ 57 റോഡുകൾക്കായി 26.96 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളായ തലായ് ഫിഷിംഗ് ഹാർബർ, തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി, പുതിയാപ്പ ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തി, മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കൊയിലാണ്ടി ഫിഷിംഗ് ഹാർബർ, മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ, ചേറ്റുവ ഫിഷിംഗ് ഹാർബർ, വിവിധ ഫിഷിംഗ് ഹാർബറുകളിലെ ഡ്രഡ്ജിംഗ് എന്നിവയുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

കേന്ദ്ര സഹായ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം ഗണ്യമായി വെട്ടിക്കുറച്ചതു കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പ്രതിസന്ധിയിലായതിനാൽ മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണത്തിന് 2018-19 ബജറ്റ് പ്രസംഗത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 584 കോടി രൂപ പ്രഖ്യാപിച്ചി രുന്നു. 23-3-2018-ൽ നടന്ന ചർച്ചയിൽ നബാർഡ് അധികൃതർ ഹാർബറുകളുടെ പൂർത്തീകരണത്തിന് ആദ്യഘട്ടമായി 2018-19-ൽ RIDF XXIV-ൽ 100 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകാമെന്നറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മുനമ്പം ഫിഷറി ഹാർബർ (10.57 കോടി), താനൂർ ഫിഷിംഗ് ഹാർബർ (15 കോടി) വെള്ളയിൽ ഫിഷിംഗ് ഹാർബർ (15.3 കോടി) കാസർഗോഡ് ഫിഷിംഗ് ഹാർബർ (17.2 കോടി) അർത്തുങ്കൽ ഫിഷിംഗ് ഹാർബർ (15 കോടി), തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഒന്നാംഘട്ട വികസനം (13.38 കോടി), നീണ്ടകര ഫിഷിംഗ് ഹാർബർ രണ്ടാംഘട്ട വികസനം (5.11 കോടി), കായംകുളം ഫിഷിംഗ് ഹാർബർ ഒന്നാംഘട്ട വികസനം (8.44 കോടി) എന്നിങ്ങനെ 100 കോടി രൂപ 8 ഹാർബറുകളുടെ പൂർത്തീകരണത്തിനും സുഗമമായ ഹാർബർ ഉപയോഗത്തിനും വേണ്ടിയുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡ് RIDF XXIV-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം നടന്നുവരുന്ന NABARD RIDF XVII-ൽ ഉൾപ്പെട്ട

ആലപ്പുഴ ജില്ലയിലെ കൊപ്പാറക്കടവ് പാലം, എറണാകുളം ജില്ലയിലെ നമ്പ്യാപുര കാട്ടിപ്പറമ്പ് പാലം എന്നിവ പൂർത്തീകരിച്ചു. RIDF XIX ഉൾപ്പെട്ട എറണാകുളം ജില്ലയിലെ കണ്ടേക്കടവ് വിജയംകനാൽ പാലം, തൃശ്ശൂർ ജില്ലയിലെ കടപ്പൂക്കര ചേലിയേക്കര പാലം, കോഴിക്കോട് ജില്ലയിലെ കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയും RIDF XX-ൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ പൂത്തൻചിറ-പൊരുമ്പക്കുന്ന് പകരപ്പള്ളി പാലവും പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം RIDF XXIII-ൽ ഉൾപ്പെടുത്തി നാല് പ്രവൃത്തികൾക്കായി 25.37 കോടി രൂപയുടെ ഭരണാനുമതി നൽകി. (വെള്ളയിൽ, ചെല്ലാനം, തങ്കശ്ശേരി, പുതിയാപ്പ എന്നിവയുടെ അടിസ്ഥാന വികസനം) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18, സാമ്പത്തിക വർഷം പുതുതായി അനുവദിച്ച ക്യാപിറ്റൽ റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ എന്ന ശീർഷകത്തിൽ 10 കോടി രൂപ വീതമാണ് 2017-18, 2018-19 ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. ഈ ശീർഷകത്തിൽ ഭരണാനുമതി നൽകിയ 54 പ്രവൃത്തികളിൽ 12 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. കൂടാതെ 2018-19 സാമ്പത്തിക വർഷം ഭരണാനുമതിക്കായി 767.30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം 88% പൂർത്തീകരിച്ചു. വിഴിഞ്ഞം, അഴീക്കൽ, ചോമ്പാൽ, പുതിയാപ്പ എന്നീ ഐസ് പ്ലാന്റ് & കോൾഡ് സ്റ്റോറേജുകളുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. പുതിയാപ്പ, ബേപ്പൂർ, ചോമ്പാൽ എന്നീ ഫിഷിംഗ് ഹാർബറുകളിൽ പുതിയ ബെർത്തിംഗ് ജെട്ടി നിർമ്മിക്കുന്നതിനായി 16.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2017-18 സാമ്പത്തിക വർഷം ഭരണാനുമതി നൽകി പുതിയാപ്പ ബെർത്തിംഗ് ജെട്ടിയുടെ നിർമ്മാണത്തിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ ബേപ്പൂർ, ചോമ്പാൽ എന്നീ ബെർത്തിംഗ് ജെട്ടികളുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം നടന്നുവന്നിരുന്ന ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികളായ നെയ്യാർ മത്സ്യവിത്തുല്പാദന കേന്ദ്രം, കുളത്തുപ്പുഴ ഫിഷ് ഹാച്ചറി, കല്ലാനോട് ഫിഷ് ഹാച്ചറി, കണത്താൻകുന്ന് ഫിഷ് ഹാച്ചറി, കടപ്പുറം ഫിഷ് ഫാമിന്റെ ഒന്നാംഘട്ടം എന്നിവ പൂർത്തീകരിച്ചു. കൂടാതെ വിവിധ ജില്ലകളിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ആയിരംതെങ്ങ് ഫിഷ് ഫാം, നെയ്യാർ ഡാം എന്നിവിടങ്ങളിലെ ട്രെയിനിംഗ് സെന്ററുകളുടെയും അവയർനസ് സെന്ററുകളുടെയും നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

## നേമം മണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം

414 (3010) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ വെള്ളാർ വാർഡിൽ ഉൾപ്പെടുന്ന പനത്തുറ സി.പി 5923 മുതൽ 5940 വരെ എട്ട്പുലിമുട്ടുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ പണി പൂർത്തിയാക്കി പ്രസ്തുത പ്രദേശത്തെ ജനങ്ങളെ കടൽക്ഷോഭത്തിൽനിന്നും രക്ഷിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഹാർബർ അടിസ്ഥാനത്തിലുള്ള പുലിമുട്ട് മാത്രമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം ചെയ്യുന്നത്. മറ്റുള്ളവ ഇറിഗേഷൻ വകുപ്പ് മുഖാന്തരമാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇക്കാര്യം സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

## കൊല്ലം മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

415(3011) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡലപരിധിയിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതി-പദ്ധതിയേതര പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പദ്ധതി പ്രവൃത്തികൾ

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കൊല്ലം ബീച്ചിലെ അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം | 50.00 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | നബാർഡ് - RIDF XXIII- തങ്കശ്ശേരി ഫിഷറി ഹാർബറിലെ അഡീഷണൽ ഇൻഫ്രാസ്ട്രക്ച്ചർ വിപുലീകരണം സംബന്ധിച്ച് | 625.00 | പെറ്റി ഷോപ്പിന്റെ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| 3 | തങ്കശ്ശേരി ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ പുനരുദ്ധാരണവും സൗന്ദര്യവത്ക്കരണവും നടത്തുന്ന പ്രവൃത്തി | 35.00 | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| 4 | തങ്കശ്ശേരി പ്രധാന പുലിമുട്ടിന്റെ 1350 മുതൽ 1500 മീറ്റർ വരെ ബലപ്പെടുത്തുന്ന പ്രവൃത്തി | 599.00 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | കൊല്ലം തുറമുഖത്ത് നിലവിലുള്ള വാർഫിന്റെ പിൻഭാഗത്തുള്ള ലോഡിംഗ് ഏരിയായുടെ വിപുലീകരണം | 77.00 | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ കല്ലുകൾ കൊണ്ടുപോകുന്നതിനായി വാർഫിന്റെ നവീകരണ പ്രവൃത്തി നടന്നുവരുന്നു. ടി പ്രവൃത്തി പൂർത്തിയായ ശേഷം മാത്രമേ ലോഡിംഗ് ഏരിയയുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 6 | കൊല്ലം തുറമുഖത്തെ പുതിയ ഗേറ്റിന്റെയും ഗേറ്റ് ഹൗസിന്റെയും നിർമ്മാണ പ്രവൃത്തി | 100.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു |
| 7 | കൊല്ലം തുറമുഖത്തെ പഴയ സിഗ്നൽ സ്റ്റേഷന് ചുറ്റും മതിൽ കെട്ടുന്ന പ്രവൃത്തി | 15.00 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| 8 | ആശ്രാമത്ത് KIV രജിസ്ട്രേഷന് വേണ്ടി ഓഫീസ് ബിൽഡിംഗ്, ഗസ്റ്റ് റൂം എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി | 43.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. |
| 9 | ടൂറിസം - തങ്കശ്ശേരി പുലിമുട്ടുകളുടെ വിപുലീകരണം | 555.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. |

2. പദ്ധതിയേതര പ്രവൃത്തികൾ

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കൊച്ചുപിലാംമൂട് പാലം മുതൽ നേതാജി നഗർ ലൈബ്രറി റോഡ് | 29.80 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | തോപ്പുപള്ളി ജംഗ്ഷൻ മുതൽ കൊല്ലം പോർട്ട് വരെയുള്ള തീരദേശ റോഡ് | 52.20 | 300 മീറ്റർ പ്രധാന റോഡും 2 ഇടറോഡും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തി സ്വീവറേജ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| 3 | കരിക്കോട് പഴയ ബസ് സ്റ്റാന്റ് മുതൽ എരപ്പാൾ ചാൽ വരെയുള്ള റോഡ് | 41.60 | പ്രവൃത്തി പുരോഗമിച്ചു വരുന്നു(85%). |
| 4 | കോട്ടപ്പുറം റോഡ് | 5.80 | പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 5 | പനയം ഗ്രാമപഞ്ചായത്തിലെ കാട്ടുവിള വടക്കതിൽ മൂന്നാം കിഴക്കതിൽ കായൽവാരം റോഡ് | 15.70 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | മുടന്തിയാരുവിള മുക്ക് കണ്ടച്ചിറ റോഡ് | 35.50 | 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | കാങ്കത്ത് മുക്ക് മൂണ്ടാലും മൂട് നെല്ലിമുക്ക് മാവള്ളി പള്ളി റോഡ് | 30.00 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |
| 8 | മങ്ങാട്ട് പള്ളി മുതൽ മുണ്ടക്കവിള കായൽ വാരം വഴി ചിറയിൽകുളം വരെയുള്ള റോഡ് | 8.20 | പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 9 | പ്രാക്കുളം ബോട്ട് ജെട്ടി തെക്കേകൊടി റോഡ് | 31.20 | പ്രദേശവാസികളുടെ എതിർപ്പുമൂലം പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 10 | കണ്ടച്ചൽ കുളം മുതൽ മേലെകടയിൽ കായൽവാരം റോഡ് | 11.20 | സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നു. |
| 11 | കൊല്ലം കോർപ്പറേഷനിലെ വാടി - തങ്കശ്ശേരി റോഡ് | 206.00 | പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 12 | കൊല്ലം കോർപ്പറേഷനിലെ നീരാവിൽ ഡിവിഷൻ വാട്ടർ ടാങ്ക് മുതൽ കിഴക്കേകുറ്റി വിളയിൽ കായൽവാരം റോഡ് | 14.90 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 13 | ചെമ്മക്കാട് സർവ്വീസ് സ്റ്റേഷൻ-പനയിൽ ഭാഗം വരെ റോഡ് | 77.20 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| 14 | പനമൂക്കം - നീല വീട്ടിൽ റോഡ് | 21.40 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |

## ചെല്ലാനം ഫിഷിംഗ് ഹാർബർ

416 (3012) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് അധികമായി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(സി) ഹാർബറിന്റെ പണി എന്നത്തേക്ക് വീണ്ടും ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ച തുക കൂടാതെ ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി NABARD RIDF XXIII-ൽ 10.37 കോടി രൂപ അനുവദിച്ചു. കൂടാതെ ഹാർബറിന്റെ സ്ഥലമെടുപ്പിനായി 13 കോടി രൂപ അനുവദിക്കുകയും ടി തുക ജില്ലാ കളക്ടർക്ക് നൽകിയിട്ടുമുണ്ട്.

(ബി) നിലവിൽ ഹാർബറിന്റെ രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ജില്ലാ കളക്ടർക്ക് കൈമാറി നൽകുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുമ്പോൾ തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. NABARD RIDF XXIII-ൽ അനുവദിച്ച 10.37 കോടി രൂപയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി തയ്യാറാക്കി വരുന്നു. അതോടൊപ്പം റവന്യൂ വകുപ്പ് അധികമായി ആവശ്യപ്പെട്ട 4.5765 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) സ്ഥലം ലഭ്യമായാലുടൻ ദർഘാസ് ക്ഷണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

## ചെല്ലാനം മത്സ്യബന്ധന തുറമുഖം

417 (3013) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് ധനസഹായ പദ്ധതിയിൽ 3-1-2018-ൽ 10.37 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണപ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട ഹാർബറിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10.37 കോടി രൂപയുടെ ഭരണാനുമതി നബാർഡ് XXIII സ്കീമിൽ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു. സ്ഥലം ലഭ്യമായാലുടനെ ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി&സി) സ്ഥലമെടുപ്പിനായി 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ജില്ലാ കളക്ടർക്ക് കൈമാറുകയും സ്ഥലമെടുപ്പ് നടപടി ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് അധികമായി ആവശ്യപ്പെട്ട 4.5765 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിനായി വിദഗ്ദ്ധ സമിതി രൂപീകരിച്ച് സ്ഥലമെടുപ്പിനുള്ള തുടർനടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

## വൈപ്പിനിലെ കാളമുക്ക് ഫിഷിംഗ് ഹാർബർ

418 (3014) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിലെ കാളമുക്ക് ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഹാർബറിലേക്ക് കടന്നുവരുന്നതിനുള്ള ഗതാഗതസംവിധാനം ഉറപ്പാക്കാൻ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഹാർബറിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസന പ്രവൃത്തികൾക്കായി ടി.ആർ.പി. പദ്ധതിയിലുൾപ്പെടുത്തി 2007-ൽ 72 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 56 മീറ്റർ നീളത്തിൽ വാർഫിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 45.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പൂർണ്ണമായ പ്രവർത്തനത്തിന് പാർക്കിംഗ് ഏരിയയും അപ്രോച്ച് റോഡും നിർമ്മിക്കേണ്ടതുണ്ട്. ടി പ്രവർത്തികൾക്കായി 12.552 സെന്റ് സ്ഥലം ആവശ്യമാണ്. ടി സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിലെ എൽ.എ. വിഭാഗവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനും നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും ഉൾപ്പെടെ 473 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ സ്ഥലമെടുപ്പ് നിയമം 2013 പ്രകാരം നഷ്ടപരിഹാര തുകയുടെ 5% ആനുഷംഗിക ചെലവുകൾക്കായി കണക്കാക്കി എൽ.എ. തഹസീൽദാരുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട്. ഈ തുക ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭ ചെലവുകൾക്കുള്ള തുക അനുവദിച്ചാലുടനെ സ്ഥലം സർവ്വേ ചെയ്ത് ഉടമകളുമായി നെഗോഷ്യബിൾ പർച്ചേസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുളത്തൂർ, കാരോട് പഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

419 (3015) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കുളത്തൂർ, കാരോട് എന്നീ പഞ്ചായത്തുകളിൽ 2018-19 വർഷത്തിൽ തീരദേശമേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം എത്ര കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് പ്രൊപ്പോസൽ നൽകിയത്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുളത്തൂർ-കാരോട് തീരദേശമേഖലയിൽ 2016-17, 2017-18 എന്നീ വർഷങ്ങളിൽ ടെണ്ടർ നടപടി പൂർത്തീകരിച്ച വർക്കുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; അതിൽ എത്ര നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദീകരിക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ 2018-19 തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ കാരോട് പഞ്ചായത്തിലെ രണ്ട് റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കാരോട് പഞ്ചായത്തിലെ മേലെ വിളാകം കല്ലുംപൊറ്റ നടപ്പാത
2. കാരോട് പഞ്ചായത്തിലെ പണ്ടാരവിള കിഴക്കേവിള ചാനൽ സൈഡ് വാൾ നടപ്പാത

ടി റോഡുകളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ സർക്കാരിന്റെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കാരോടിൽ 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 16 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കുളത്തൂർ, കാരോട് തീരദേശ മേഖലയിൽ 2016-17, 2017-18 വർഷങ്ങളിൽ തീരദേശ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 7 റോഡുകൾക്ക് 224.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഒരു പ്രവൃത്തി പുരോഗമിച്ചു വരികയും ചെയ്യുന്നു. ശേഷിക്കുന്ന ഒരു പ്രവൃത്തിക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പൊഴിയൂർ പാലക്കടവ് കുന്നുവിള വീരാളി റോഡ്, കുളത്തൂർ പഞ്ചായത്ത് | 62 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | പൊഴിയൂർ പോലീസ് സ്റ്റേഷൻ-തെക്കേ പഴവഞ്ചാല റോഡ്-കുളത്തൂർ പഞ്ചായത്ത് | 20.10 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | പൊഴിയൂർ ക്ഷേത്രനട-കല്ലി റോഡ്, കാരോട് പഞ്ചായത്ത് | 11.70 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | കുളങ്ങരകുഴി മറ്റവിളാകം ചെന്നിയോട് റോഡ്-കാരോട് പഞ്ചായത്ത് | 13.70 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | പൊഴിയൂർ പോലീസ് സ്റ്റേഷന് അടുത്തുള്ള കോളനികളുടെ മുഴുവൻ ഇന്റർലോക്കിംഗ് പ്രവൃത്തി, കുളത്തൂർ പഞ്ചായത്ത് | 65.00 ലക്ഷം രൂപ | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | കാരോട് പഞ്ചായത്ത് വാളാകുളം കുവരവ് വിള റോഡ് | 18.40 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | കുളത്തൂർ പഞ്ചായത്ത് ബീച്ച് വാർഡിലെ ഇടവഴികൾ ഇന്റർലോക്കിംഗ് ചെയ്യുന്നത് | 33.50 ലക്ഷം രൂപ | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |

## കശുവണ്ടി മേഖലയിലെ സ്ഥാപനങ്ങൾ

420 (3016) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ വികസനവുമായി ബന്ധപ്പെട്ട് സിയാൽ മാതൃകയിൽ ഏതെങ്കിലും കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഉയരം കുറഞ്ഞ കശുമാവുകൾ കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുമെന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ പ്രോത്സാഹിപ്പിക്കുമോ; ഇതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ;

(ഡി) ഇപ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങളുണ്ട്; ഇതിൽ സഹകരണ മേഖലയിൽ നിന്നുള്ളവ എത്രയെണ്ണം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 49% സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടുകൂടി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) ആഭ്യന്തരമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ലഭ്യമായ സ്ഥലങ്ങളിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും അത്യുല്പാദനശേഷിയുള്ള കശുമാവിനങ്ങൾ കൃഷി ചെയ്യുന്നതിനും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം സൗജന്യമായി കശുമാവ് തൈയും തൈനട്ട് 2-ാം വർഷം നിബന്ധനകൾക്ക് വിധേയമായി തൈ ഒന്നിന് 60 രൂപ പരിപാലനത്തിനായി നൽകുന്ന കശുമാവ് പുതു കൃഷി പദ്ധതിയും രണ്ട് ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി കശുമാവിൻ തൈയും നിലം ഒരുക്കുന്നതിന് സഹായമായി ഹെക്ടറിന് 13,000 രൂപയും നൽകുന്ന കശുമാവ് തോട്ട നിർമ്മാണ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഒരു ഹെക്ടറിൽ 400 തൈ നടുന്ന ഹൈഡെൻസിറ്റി പ്ലാന്റിംഗും അത്യുല്പാദനശേഷിയുള്ള പുതിയ ഇനം കശുമാവ് തൈകൾ കൃഷി ചെയ്യുന്ന മാതൃകാ കശുമാവിൻ തോട്ടങ്ങളും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിക്കാൻ കശുമാവ് വികസന ഏജൻസി ഉദ്ദേശിക്കുന്നുണ്ട്.

(സി) പടർന്ന് പന്തലിച്ചുവളരുന്ന വലിയ കശുമാവ് മരങ്ങൾക്ക് പകരം ഒരു ഹെക്ടറിൽ 400-ലധികം കശുമാവ് തൈകൾ കൃഷി ചെയ്യാവുന്ന അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുന്നത് സ്ഥല ദൗർലഭ്യം നേരിടുന്ന കേരളത്തിന് അനുയോജ്യമാണ്. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി വഴി അധികം പൊക്കം വയ്ക്കാത്തതും പടരാത്തതും നിയന്ത്രിച്ച് വളർത്താവുന്നതുമായ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത വിവിധയിനം കശുമാവ് തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഉയരം കുറഞ്ഞ കുള്ളൻ കശുമാവുകൾ കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള പീലിക്കോട് കാഷ്യൂ റിസർച്ച് സ്റ്റേഷനിൽ പഠനങ്ങൾ നടന്നുവരികയാണ്. അവിടെ വികസിപ്പിച്ചെടുത്തിട്ടുള്ള അത്യുല്പാദനശേഷിയുള്ള കുള്ളൻ തൈകൾ വാണിജ്യാടിസ്ഥാനത്തിൽ വിതരണം ചെയ്ത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അധികം പൊക്കം വയ്ക്കാത്തതും പടരാത്തതും നിയന്ത്രിച്ച് വളർത്താവുന്നതുമായ അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്ന 27 നഴ്സറികൾ കേരളത്തിലുണ്ട്. ഈ നഴ്സറികൾ കാർഷിക ഗവേഷണ സ്ഥാപനത്തിന്റെയും കൃഷിവകുപ്പിന്റെയും ആറളം ഫാം, കശുവണ്ടി വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സറികൾ ഇല്ല.

**തോട്ടണ്ടി ഇറക്കുമതി ചുങ്കം**

421 (3017) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം 5 ശതമാനത്തിൽ നിന്നും 2.5 ശതമാനമായി കുറച്ചത് ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന കശുവണ്ടി വ്യവസായത്തിന് ഗുണകരമായിട്ടുണ്ടോ; ചുങ്കം പൂർണ്ണമായി ഒഴിവാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പ്രസ്തുത വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(സി) കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും ഫാമിൽ നിന്ന് തോട്ടണ്ടി സംഭരിക്കുന്നതിന് ഈ സീണസിൽ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര മെട്രിക് ടൺ സംഭരിക്കുവാൻ കഴിഞ്ഞു;

(ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ അവരുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്തത് സംഭരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടർ വ്യവസ്ഥയിൽ മാറ്റം വരുത്തണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് നേരിട്ട് സംഭരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് കാഷ്യു ബോർഡ് അഭിമുഖീകരിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇറക്കുമതി ചുങ്കം 2.5 ശതമാനമായി കുറച്ചത് വ്യവസായത്തിനു ഗുണകരമാണെങ്കിലും പൂർണ്ണമായി ഒഴിവാക്കിയാൽ മാത്രമേ ഈ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരമാവുകയുള്ളൂ. ഇറക്കുമതി ചുങ്കം പൂർണ്ണമായി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്മേൽ കേരള സർക്കാർ സമ്മർദ്ദം ചെലുത്തിവരുന്നു.

(ബി) ഉണ്ട്.

(സി) കശുവണ്ടി വികസന കോർപ്പറേഷന് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും 2018 വർഷം സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| വിവിധ ഗവണമെന്റ് ഫാമുകളിൽനിന്ന് | 29389.7 kgs |
| ആറളം ഫാമിൽനിന്ന് | 173886.5 kgs |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് | 215985 kgs |
| NM ഏജൻസി മുഖാന്തരം | |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് NM Agency മുഖാന്തരം ചീമേനിയിൽ നിന്ന് | 105644.5 kgs |
| ആകെ | 524.905 MT |
| ടെണ്ടർ മുഖാന്തരം | 3150.383 MT |
| ആകെ | 3675.288 MT |

കാപ്പെക്സ് ഇതുവരെയായി ഇ-ടെണ്ടർ മുഖാന്തരവും (1690 MT), ആറളം ഫാമിൽനിന്നും (60 MT), കർഷകരിൽനിന്നും (160 MT) ആകെ 1910 MT നാടൻ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഭാവിയിൽ സർക്കാർ തോട്ടങ്ങളിലും സ്ഥാപനങ്ങളിലും ലഭ്യമായ തോട്ടണ്ടി സർക്കാർ സ്ഥാപനങ്ങളായ കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സർക്കാർ (G to G) സംവിധാനത്തിലൂടെ തോട്ടണ്ടി സംഭരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ ടെണ്ടർ വിളിച്ച് തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

422 (3018) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ കശുവണ്ടി വ്യവസായ മേഖലയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക ധനസഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം കശുവണ്ടി വ്യവസായ മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട് :

1. <u>പെൻഷൻ</u>

   പ്രതിമാസം 1,100 രൂപ ക്രമത്തിലാണ് പെൻഷൻ വിതരണം ചെയ്യുന്നത്.

1. <u>എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം</u>

   അപകട മരണം സംഭവിക്കുന്ന ക്ഷേമനിധി അംഗത്തിന്റെ നോമിനിക്കും നീണ്ടുനിൽക്കുന്ന അസുഖം അല്ലെങ്കിൽ കശുവണ്ടി തൊഴിലാളിയായി തുടരാൻ അംഗത്തെ കഴിവില്ലാതാക്കിത്തീർക്കുന്ന സ്ഥായിയായ അവശത തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ അംഗത്തിനും എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായമായി 2,500 രൂപ വീതം നൽകുന്നു. തുടർന്ന് പെൻഷനും നൽകിവരുന്നു.

2. <u>പ്രസവാനുകൂല്യ സാമ്പത്തിക സഹായം</u>

ക്ഷേമനിധി അംഗമായ സ്ത്രീ തൊഴിലാളിക്ക് കോൺട്രിബ്യൂഷൻ കാലയളവിൽ മതിയായ ഹാജർ ഇല്ലാത്തതുമൂലം ഇ.എസ്.ഐ. നിയമപ്രകാരമുള്ള പ്രസവാനുകൂല്യത്തിന് അർഹതയില്ലാതെ വന്നാൽ ഹാജർ തികയാതെ വന്നത് തൊഴിലാളിയുടെ കുറ്റം കൊണ്ടല്ലെങ്കിൽ ക്ഷേമനിധിയിൽനിന്നും പ്രസവാനുകൂല്യ സാമ്പത്തിക സഹായമായി 3,000 രൂപ നൽകിവരുന്നു.

3. <u>വിധവകളായ തൊഴിലാളികളുടെ പെൺ മക്കളുടെ വിവാഹത്തിനായുള്ള ധനസഹായം</u>

വിധവകളായ ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനായി 5000 രൂപ വീതം നൽകിവരുന്നു.

4. <u>സ്കോളർഷിപ്പ്</u>

ക്ഷേമനിധി അംഗങ്ങളുടെ കുട്ടികൾക്ക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് നൽകിവരുന്നു. 500 രൂപ മുതൽ 2,000 രൂപ വരെ വിവിധ നിരക്കിലാണ് സ്കോളർഷിപ്പ് നൽകുന്നത്.

5. <u>ക്യാഷ് അവാർഡ്</u>

ക്ഷേമനിധി അംഗങ്ങളുടെ കുട്ടികളിൽ സംസ്ഥാനതലത്തിൽ ഓരോ വർഷവും എസ്.എസ്.എൽ.സി.-ക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിക്കുന്ന വിദ്യാർത്ഥികളിൽ ഒന്നാം സ്ഥാനത്തിന് 1,500 രൂപയും രണ്ടാം സ്ഥാനത്തിന് 1,200 രൂപയും ക്യാഷ് അവാർഡായി നൽകുന്നു. പ്ലസ് ടു പരീക്ഷയിൽ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഓരോരുത്തർക്കും 2,000 രൂപയും ബി.എ., ബി.എസ്‌സി. കോഴ്സുകളിൽ ഓരോ വിഷയത്തിനും ബി.കോം കോഴ്സിനും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഓരോരുത്തർക്കും 3,000 രൂപയും പി.ജി., പ്രൊഫഷണൽ കോഴ്സ് എന്നിവയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഓരോരുത്തർക്കും 5,000 രൂപയും ക്യാഷ് അവാർഡായി നൽകുന്നു.

6. <u>ശവസംസ്കാര സാമ്പത്തിക സഹായം</u>

ജോലിയിലിരിക്കെ മരണമടഞ്ഞ അംഗത്തിന്റെ ക്ഷേമനിധിയിൽ നിന്ന് പെൻഷൻ ലഭിച്ചുവരവെ മരണപ്പെടുന്ന പെൻഷനറുടെ നോമിനിക്ക്/ആശ്രിതർക്ക് ശവസംസ്കാര സാമ്പത്തിക സഹായമായി യഥാക്രമം 2,000 രൂപയും 1,000 രൂപയും നൽകിവരുന്നു.

7. <u>പ്രകൃതിക്ഷോഭം തുടങ്ങിയ അത്യാഹിതങ്ങൾക്ക് സാമ്പത്തിക സഹായം</u>

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ ഭവനത്തിന് പ്രകൃതിക്ഷോഭം, വീട് കത്തി നശിക്കൽ തുടങ്ങിയ അത്യാഹിതങ്ങൾമൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് 10,000 രൂപ സാമ്പത്തിക സഹായമായി നൽകിവരുന്നു.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(സി) 2017 മുതൽ കേരളത്തിൽ നിന്നുള്ള തോട്ടണ്ടി സംഭരിച്ചുവരുന്നു. 2017-ൽ കോർപ്പറേഷനും കാപ്പെക്സും 2781.466 MT തോട്ടണ്ടിയും 2018-ൽ ഇതുവരെ 5585.288 MT തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി കാഷ്യൂ കോർപ്പറേഷന് 2016-17-ൽ 60 കോടി രൂപയും 2017-18-ൽ 85.6 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക 80 കോടി രൂപ ഒറ്റത്തവണയായി കൊടുത്തുതീർത്തു. കാപ്പെക്സിന് 2016-17-ൽ 4 കോടി രൂപയും 2017-18-ൽ 24.55 കോടി രൂപയും 2018-19-ൽ ഇതുവരെ 4 കോടി രൂപയും നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാരണം പ്രതിസന്ധിയിലായ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നിരന്തര ശ്രമം നടത്തിവരികയാണ്. 176 സ്വകാര്യ ഫാക്ടറികൾ ഇതിനകം ധനകാര്യ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ പാക്കേജ് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് പ്രവർത്തനമൂലധനം ലഭ്യമാക്കി അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിനകംതന്നെ പൂട്ടിക്കിടക്കുന്ന 230-ലധികം സ്വകാര്യ ഫാക്ടറികൾ തുറന്നിട്ടുണ്ട്. പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പ്രത്യേക സെക്ടറായി കണ്ട് ഈ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് സ്വകാര്യ വ്യവസായികളുമായും ധനകാര്യ സ്ഥാപനങ്ങളുമായും തൊഴിലാളി യൂണിയൻ നേതാക്കളുമായും സർക്കാർ അവസാനവട്ടം ചർച്ച പൂർത്തിയാക്കി വരികയാണ്.

വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിന് സർക്കാരിന് ചെയ്യാൻ കഴിയുന്ന പരമാവധി സഹായങ്ങൾ ലഭ്യമാക്കി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അർഹതപ്പെട്ട വ്യവസായങ്ങൾക്ക് അവരുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് പ്രവർത്തന മൂലധനം ലഭ്യമാക്കിയും ന്യായമായ വിലയ്ക്ക് ഇടനിലക്കാരില്ലാതെ തോട്ടണ്ടി ആവശ്യത്തിന് കിട്ടുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ശ്രമം നടത്തിവരുന്നത്. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ആഫ്രിക്കയിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വനം, കൃഷി, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിലും സാധ്യമായ സ്വകാര്യ ഭൂമികളിലും എസ്റ്റേറ്റ് അടിസ്ഥാനത്തിൽ അത്യുല്പാദന ശേഷിയുള്ള കശുമാവിനങ്ങൾ കൃഷിചെയ്യുന്നതിനുള്ള നടപടികളും സംസ്ഥാന കശുമാവ് കൃഷി ഏജൻസി മുഖാന്തരം സ്വീകരിച്ചുവരികയാണ്. എന്നാൽ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷിചെയ്യുന്നതിന് സ്വകാര്യ പ്ലാന്റർമാർക്കും അനുമതി നൽകിയാൽ മാത്രമേ കശുമാവ് കൃഷി കേരളത്തിൽ വ്യാപകമായ തോതിൽ ചെയ്യാൻ സാധിക്കുകയുള്ളൂ. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് അത്തരം ശ്രമങ്ങളും നടന്നുവരുന്നു. കശുവണ്ടിപ്പരിപ്പ് ഓൺലൈനായി വിപണനം നടത്തുന്നതിന് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞു. കോർപ്പറേഷന്റെ സൈറ്റിൽനിന്നും ആവശ്യപ്പെട്ട ഇനത്തിലും അളവിലുമുള്ള തോട്ടണ്ടി ഇന്ത്യയിൽ എല്ലായിടത്തേയും ആവശ്യക്കാർക്ക് ലഭ്യമാക്കാൻ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനംവഴി സാധ്യമാകുന്നതാണ്.

## തോട്ടണ്ടിക്ഷാമം പരിഹരിക്കാൻ നടപടി

423 (3019) <u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. സജി ചെറിയാൻ</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള തരിശുഭൂമികൾ കണ്ടെത്തി കശുമാവ് കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ഡി) കേരള സംസ്ഥാന കശുമാവ് കൃഷിവികസന ഏജൻസി ഇതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഇ) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കാപ്പെക്സിനും കാഷ്യൂ കോർപ്പറേഷനും ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(എഫ്) തോട്ടണ്ടിക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്ത് കശുമാവ് കൃഷി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) തോട്ടണ്ടി ഉൽപ്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. തോട്ടണ്ടി ഉൽപ്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും അതത് രാജ്യത്തെ ഭാഷയിൽ ടെണ്ടർ ഫ്ലോട്ട് ചെയ്ത് തോട്ടണ്ടി ഈ വർഷംതന്നെ സംഭരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും തങ്ങളുടെ ഫാക്ടറികളുടെ സംസ്കരണത്തിനാവശ്യമായ തോട്ടണ്ടി ഇ-ടെണ്ടർ മുഖാന്തരം സംഭരിച്ചുവരുന്നു. ഇതിനു പുറമെ 2017 മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫാമുകൾ, തോട്ടങ്ങൾ, സർക്കാർ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി വിലനിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സംഭരിച്ചുവരുന്നു. കൂടാതെ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടിയും ടെണ്ടർ മുഖാന്തരം കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചുവരുന്നു. ആഭ്യന്തരമായി കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പി

ക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള കശുമാവിനങ്ങൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനാണ് ശ്രമിച്ചുവരുന്നത്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്താൽ മാത്രമേ ഇക്കാര്യത്തിൽ നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ. അക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ബജറ്റിൽ തുകയും വകയിരുത്തി വരുന്നു. കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.എ.സി.സി. നടപ്പാക്കി വരുന്നു. പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കശുമാവ് പുതുകൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാംകൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായം എന്നിവ നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം - രണ്ട് ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലമൊരുക്കുന്നതിന് ധനസഹായമായി നൽകുന്നു. കേരളത്തിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ ഗുണനിലവാരമുള്ള കശുമാവിൻ തൈകൾ കൃഷിചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.എ.സി.സി. മുഖാന്തരം എടുത്തുവരികയാണ്.

(ഇ) ആരംഭിച്ചിട്ടുണ്ട്. 2017 മുതൽ കേരളത്തിൽ നിന്നുള്ള തോട്ടണ്ടി സർക്കാർ സംഭരിച്ചുവരുന്നു. 2017-ൽ കോർപ്പറേഷനും കാപ്പെക്സും 2781.466 MT തോട്ടണ്ടിയും 2018-ൽ ഇതുവരെ 5585.288 MT തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. പൊതുമേഖലയിൽ കൃഷിവകുപ്പിന്റെയും പ്ലാന്റേഷൻ കോർപ്പറേഷന്റെയും കീഴിലുള്ള തോട്ടങ്ങളിലെ മുഴുവൻ തോട്ടണ്ടിയും കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) നിലവിൽ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

### കാലവർഷക്കെടുതി

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഇന്ന് ലഭിച്ച നോട്ടീസ് സംസ്ഥാനത്തെ കാലവർഷക്കെടുതി സംബന്ധിച്ചാണ്. ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സി. കെ. ശശീന്ദ്രൻ നൽകിയ നോട്ടീസ് കാര്യവിവരപട്ടികയിൽ ശ്രദ്ധ ക്ഷണിക്കലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചട്ടം 304 അനുസരിച്ച് സബ്മിഷൻ ഉന്നയിക്കാനും ഏതാനും അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ഇപ്പോൾ ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിന് അനുമതി നൽകുകയാണ്. സബ്മിഷന് നോട്ടീസ് നൽകിയ സർവ്വശ്രീ കെ. സി. ജോസഫ്, ജോർജ് എം. തോമസ്, സണ്ണി ജോസഫ് എന്നീ അംഗങ്ങൾക്ക് ശ്രദ്ധക്ഷണിക്കൽ വേളയിൽ ഈ വിഷയം ഉന്നയിക്കാവുന്നതാണ്.

സംസ്ഥാനത്ത് ഉരുൾപൊട്ടലിലും കടൽക്ഷോഭത്തിലുംപെട്ട് പതിനാലോളം പേർ മരിക്കുകയും വീടുകൾക്കും വസ്തുവകകൾക്കും കൃഷിക്കും നാശനഷ്ടം സംഭവിക്കുകയും മലയോര/കടലോര റോഡുകൾ യാത്രായോഗ്യമല്ലാതാകുകയും ചെയ്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷവും നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാകേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുല്ല, കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി, പ്രത്യേകിച്ച് ജൂൺ മാസം 10-ാം തീയതിയെത്തുടർന്നുള്ള ദിവസങ്ങളിൽ ശക്തിയായ മഴയും വലിയ നാശനഷ്ടങ്ങളും സംഭവിക്കുകയുണ്ടായി. വളരെ നേരത്തെതന്നെ ഇത്തരമൊരു സാഹചര്യത്തെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുകൾ പ്രത്യേകിച്ച്, സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ യോഗം വിളിച്ചു ചേർക്കുകയും ചർച്ച ചെയ്യുകയും ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതി നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് 16-5-2018-നാണ് ജില്ലാ കളക്ടർമാർ ഉൾപ്പെടുന്ന വിപുലമായ മഴക്കാല തയ്യാറെടുപ്പ് യോഗം ചേർന്നത്. എല്ലാ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ക്യാമ്പുകൾ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുന്നതിനുമെല്ലാം ആവശ്യമായ നിർദ്ദേശം 16-5-2018-നുതന്നെ നൽകിയിരുന്നു. ഇതിൽ സ്വീകരിക്കേണ്ട നടപടികളടങ്ങിയ 45 ഇന വിശദമായ സർക്കുലർ അന്നുതന്നെ പുറപ്പെടുവിക്കുകയും ചെയ്തു. കേരളത്തിൽ ഒന്നോ രണ്ടോ

സ്ഥലങ്ങളിൽ ജൂൺ മാസം 11 മുതൽ 15 വരെ ശക്തമായോ അതിശക്തമായോ മഴ പെയ്യാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതുജന താൽപ്പര്യാർത്ഥം ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയുടെ സാധ്യത മുന്നിൽക്കണ്ട് സ്വീകരിക്കേണ്ട പത്ത് നിർദ്ദേശങ്ങൾ ജൂൺ 11-ാം തീയതി എല്ലാ ജില്ലാ കളക്ടർമാർക്കും കൈമാറുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങൾ വിവിധ മാധ്യമങ്ങൾക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്കൊപ്പം മഴയുടെ തീവ്രത ചൂണ്ടിക്കാണിക്കുന്ന പ്രാദേശിക പ്രവചന ഭൂപടവും നൽകിയിരുന്നു. കാലവർഷക്കെടുതി കൂടുതലായുണ്ടാകാൻ സാധ്യതയുള്ള കോഴിക്കോട്, വയനാട്, ഇടുക്കി ജില്ലകളിലും തീരപ്രദേശത്തും പ്രത്യേക ജാഗ്രത പുലർത്തണമെന്നും ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും നിർദ്ദേശങ്ങളിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഈ അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജൂൺ 11-ാം തീയതി ദുരന്തനിവാരണ അതോറിറ്റി യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു. 12-ാം തീയതി കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ വൻതോതിൽ വെള്ളം കയറിയ സാഹചര്യമുണ്ടായി. കർണ്ണാടക വനത്തിലാണ് ഉരുൾപൊട്ടലുണ്ടായതെങ്കിലും അതിനെത്തുടർന്ന് മരങ്ങളും മണ്ണുമെല്ലാം ഇളകിവരികയും വലിയ വെള്ളപ്പൊക്കമുണ്ടാകുകയും ഗതാഗതതടസ്സമുണ്ടാകുകയും രണ്ടാളുകൾക്ക് ജീവഹാനിയുണ്ടാകുകയും ചെയ്തു. അവിടെ വൻതോതിലുള്ള രക്ഷാപ്രവർത്തനത്തിന് ആളുകളിറങ്ങുകയും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആ ക്യാമ്പിന്റെ പ്രവർത്തനങ്ങൾ തുടരുകയുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, റവന്യൂ, ഫയർഫോഴ്സ് ഉൾപ്പെടെ എല്ലാവരുടെയും ഏകോപനത്തോടുകൂടിയ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 11-ാം തീയതിക്കുശേഷമുള്ള സംഭവങ്ങളിൽ കോഴിക്കോട്ടാണ് ഏറ്റവും വലിയ ദുരന്തം സംഭവിച്ചതായി കാണാൻ കഴിയുന്നത്. 14-ാം തീയതി രാവിലെ 5.00 മണിയോടുകൂടി കോഴിക്കോട് കട്ടിപ്പാറ പഞ്ചായത്തിലെ കരിഞ്ചോലയിലാണ് വലിയതോതിലുള്ള ഉരുൾപൊട്ടലുണ്ടായത്. അതിനെത്തുടർന്ന് കരിഞ്ചോലമലയുടെ കീഴ്ഭാഗത്തുള്ള നാല് വീടുകളിലെ 14 പേരെ കാണാതായിരിക്കുകയാണ്. രക്ഷാപ്രവർത്തനങ്ങളും മറ്റ് പരിശോധനകളും നടത്തിയതിനെത്തുടർന്ന് 13 പേരുടെ ജഡങ്ങൾ കണ്ടെത്തുകയും ഇപ്പോഴും ഒരാളുടെ ജഡം കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയുമാണ്. ആ പ്രദേശത്ത് വീടുകളോ ആളുകളോ ഉണ്ടായിരുന്നെന്നുപോലും തോന്നാത്ത വിധത്തിൽ ഇരുവശത്തും തെങ്ങുകൾ ഉൾപ്പെടെയുള്ളവ മറിഞ്ഞ് ഒന്നും ബാക്കിയില്ലാത്ത വിധമായിരിക്കുകയാണ്. സമീപകാലത്തൊന്നും കണ്ടിട്ടില്ലാത്ത വലിയൊരു ദുരന്തമാണ് അവിടെ സംഭവിച്ചിരിക്കുന്നത്. ഈ സംഭവം 14-ാം തീയതി രാവിലെ 5.00 മണിക്കാണ് നടന്നത്. ഏതാണ്ട് ഒമ്പത് മണിക്കും ഒമ്പതര മണിക്കുമിടയിൽ റവന്യൂ, തൊഴിലും എക്സൈസും,

ഗതാഗതം എന്നീ വകുപ്പുമന്ത്രിമാർ കോഴിക്കോട് കളക്ടറേറ്റിലെത്തുകയും ജില്ലാ ദുരന്ത നിവാരണ സമിതിയുടെ യോഗം അടിയന്തരമായി ചേരുകയും ആവശ്യമായ അടിയന്തര പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരിക്കുകയാണ്. അതിന് മുമ്പുതന്നെ പോലീസും ഫയർഫോഴ്സും രക്ഷാ പ്രവർത്തകരുമെത്തി. വൻ തോതിലുള്ള ജനകീയ ഇടപെടലുകളാണ് ഇതിൽ എടുത്ത് പറയേണ്ട പ്രധാനപ്പെട്ട വിഷയം. ഈ ദുരന്തം സംഭവിച്ചയുടനെ നാടാകെ ഉണർന്ന് പ്രവർത്തിക്കുകയും ആളുകൾ രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുകയും അവരെ സഹായിക്കുന്നതിനുവേണ്ടി എല്ലാവിധ സർക്കാർ സംവിധാനങ്ങളും ഉപയോഗിക്കുകയും രക്ഷാപ്രവർത്തനങ്ങൾ രാവിലെതന്നെ ആരംഭിക്കുകയും ചെയ്തു. വിശദമായ ആലോചനകൾക്കും ചർച്ചകൾക്കുംശേഷം ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും അവിടെ പോകുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമുണ്ടായി. ഇരിട്ടിയിൽ 12-ാം തീയതിയുണ്ടായ സംഭവത്തെപ്പറ്റി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് വിളിച്ചുപറഞ്ഞിരുന്നു. അതിന്റെയടിസ്ഥാനത്തിൽ 14-ാം തീയതി ഉച്ചയ്ക്കുശേഷം ഞാനവിടെ എത്തിച്ചേരുകയും അവിടത്തെ ക്യാമ്പിലെ ആളുകളുടെ കാര്യങ്ങൾ അന്വേഷിക്കുകയും ഭക്ഷണത്തിനും വസ്ത്രത്തിനും ചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ അവിടെയുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തു. അതിനുശേഷമാണ് ഞാനവിടെ നിന്നും തിരിച്ചുപോന്നത്. 14-ാം തീയതി രാവിലെ 10.26-ന് എൻ.ഡി.ആർ.എഫ്. (നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്)-നുവേണ്ടി ദുരന്ത നിവാരണ അതോറിറ്റിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ എൻ.ഡി.ആർ.എഫ്. തൃശ്ശൂരിൽനിന്നും രാവിലെ പുറപ്പെട്ടെങ്കിലും ഗതാഗത തടസ്സവും മഴയും കാരണം അവർ ഉച്ചയ്ക്കുശേഷമാണ് എത്തിച്ചേർന്നത്. അവർ എത്തുന്നതിന് മുമ്പുതന്നെ എല്ലാവിധ രക്ഷാപ്രവർത്തനങ്ങളും അവിടെ നടക്കുന്നുണ്ടായിരുന്നു. അവരെത്തിച്ചേർന്നശേഷം രക്ഷാപ്രവർത്തനത്തിന്റെ നേതൃത്വപരമായ പങ്കുവഹിക്കാൻ അവർക്ക് കഴിഞ്ഞു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ദുരന്തനിവാരണ സേന രാവിലെ അവിടെനിന്ന് തിരിച്ചുവെന്ന് പറഞ്ഞു. വെളുപ്പിന് 3.00 മണിക്ക് ഈ സംഭവമുണ്ടായിട്ട് പിറ്റേദിവസം വൈകുന്നേരം 5.00 മണിക്കാണ് ദുരന്ത നിവാരണ സേന എത്തിയത്. എന്ത് ദുരന്ത നിവാരണമാണിത്? അതുസംബന്ധിച്ച് എന്തുകൊണ്ടാണ് അങ്ങ് പറയാത്തത്? അതിനു മുമ്പുതന്നെ നാട്ടുകാർ ദുരിതാശ്വാസ പ്രവർത്തനം തുടങ്ങി. എന്തിനാണ് ഈ ദുരന്ത നിവാരണ സേന?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എൻ.ഡി.ആർ.എഫ്.-ന്റെ കേന്ദ്രം സ്ഥിതി ചെയ്യുന്നത് തൃശ്ശൂരാണ്. അവിടേയ്ക്ക് വിവരം നൽകിയത് രാവിലെയാണ്. വിവരമറിഞ്ഞ് ഏതാനും മണിക്കൂറുകൾക്കകം തന്നെ അവർ പുറപ്പെട്ടെന്ന സന്ദേശമാണ് കോഴിക്കോട്

കളക്ടേറ്റിൽ ലഭിച്ചത്. ഞങ്ങളെല്ലാവരും അപ്പോൾ കളക്ടേറ്റിലുണ്ടായിരുന്നു. കനത്ത മഴയെത്തുടർന്നുള്ള ഗതാഗത തടസ്സംമൂലം ദുരന്ത നിവാരണ ടീമിന് അവിടെ എത്തിച്ചേരാൻ അല്പം താമസമുണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ എൻ.ഡി.ആർ.എഫ്. എന്തിനാണെന്ന് ചോദിക്കുന്നതിൽ കാര്യമില്ല. അവരുടെ സേവനം വളരെ വിലപ്പെട്ടതാണ്, വലിയ പ്രവർത്തനമാണ് അവരവിടെ കാഴ്ചവച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എയർഫോഴ്സിനെ ഉപയോഗപ്പെടുത്താമായിരുന്നില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സാധാരണഗതിയിൽ എൻ.ഡി.ആർ.എഫ്.-ന് തൃശ്ശൂരിൽ നിന്നും ആളുകളെ അവിടെയെത്തിക്കുന്നതിന് എളുപ്പം റോഡ് മാർഗ്ഗമാണെന്നതിനാലാണ് അങ്ങനെ പുറപ്പെട്ടത്. ദുരന്ത നിവാരണത്തിനായി എല്ലാ ഒരുക്കങ്ങളും നടത്തിയിട്ടുണ്ട്. ആദ്യത്തെ ടീം 14-6-2018-ന് 3.00 മണിക്കുതന്നെ അവിടെയെത്തിയെന്നാണ് വിവരം. അതിന് മുമ്പുതന്നെ രക്ഷാപ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അവിടെ താമസിച്ചിരുന്നവരുടെ വസ്തുവകകൾ പൂർണ്ണമായും നഷ്ടപ്പെട്ടു. ജൂൺ 14-ന് 1.00 മണിക്ക് മഴയുടെ പ്രവചനം പരിഗണിച്ച് കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ റെഡ് അലർട്ടും ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരുന്നു. ഇതോടനുബന്ധിച്ച് മഴക്കെടുതി കാരണം ദുരന്തമുണ്ടാകാൻ സാധ്യതയുള്ള കെട്ടിടങ്ങൾ ഏറ്റെടുക്കാനും പ്രവർത്തിപ്പിക്കാനുമുള്ള വ്യക്തമായ അധിക നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ഡാമുകളുടെ ഷട്ടറുകൾ രാത്രി സമയത്ത് പെട്ടെന്ന് തുറക്കരുതെന്ന് തീരുമാനിക്കുകയും ചെയ്തു. ഇത്തരം അടിയന്തര ഘട്ടങ്ങളിൽ ഒരു സർക്കാർ ചെയ്യേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് സംഘടിപ്പിച്ചത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും ജൂൺ 15-ന് വിളിച്ചുചേർത്തിരുന്നു. കാസർഗോഡ് കളക്ടറേറ്റിൽ വീഡിയോ കോൺഫറൻസിംഗിലൂടെ സംഘടിപ്പിച്ച യോഗത്തിൽ സംസ്ഥാനത്തിന്റെ പൊതുവായ കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കുകയും കാലവർഷക്കെടുതിയിൽപ്പെട്ടവർക്കുള്ള അടിയന്തര ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരിക്കുകയുമാണ്. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകിവരുന്ന ധനസഹായത്തിന് പുറമെ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ഇപ്പോൾ നൽകുന്നതിനേക്കാൾ ഭേദപ്പെട്ട നഷ്ടപരിഹാരം നൽകുന്ന കാര്യം ആലോചിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നോംസ് അനുസരിച്ച് നൽകുന്ന നഷ്ടപരിഹാരം ഇത്തരം നാശനഷ്ടം സംഭവിച്ചവർക്ക്

ഫലപ്രദമാകില്ലെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. ഇപ്പോൾ നൽകിവരുന്ന തുക അടിയന്തരമായി വീടുകൾ പുനർനിർമ്മിക്കാൻ പര്യാപ്തമല്ലാത്തതിനാൽ ധനസഹായം എത്രത്തോളം വർദ്ധിപ്പിച്ച് നൽകാമെന്നകാര്യം ഇന്ന് വൈകുന്നേരം ചേരുന്ന ക്യാബിനറ്റ് യോഗത്തിൽ ആലോചിക്കുന്നതാണ്. രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി ക്യാമ്പുകളിൽ താമസിക്കുന്നവരിൽ ആർക്കെങ്കിലും രോഗബാധയുണ്ടോയെന്ന് പരിശോധിക്കാൻ എല്ലാ ക്യാമ്പുകളിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാർ ഈ ക്യാമ്പുകളിലെല്ലാം പരിശോധന നടത്തുകയും അവശ്യംവേണ്ട ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പൊതുവിൽ ക്യാമ്പുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും രോഗബാധ യുണ്ടാകാതിരിക്കാനുമുള്ള ഒരുക്കൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദിവാസികൾക്ക് നൽകിവരുന്ന സൗജന്യറേഷൻ വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

തീരദേശത്തുള്ളവർക്കുള്ള പ്രത്യേകമായ ദുരിതാശ്വാസ നടപടികൾക്ക് 2-6-2018-ന് തന്നെ ഉത്തരവായിട്ടുള്ളതാണ്. കാലവർഷക്കെടുതിയുടെ ഭാഗമായി വൈദ്യുതിബന്ധം പല സ്ഥലത്തും വിച്ഛേദിക്കപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. ഊർജ്ജിതമായി ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ജനറേറ്റർ ആവശ്യമുള്ള സ്ഥലങ്ങളിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കംമൂലം കിണർ മലിനമായ സ്ഥലങ്ങളിൽ ശുദ്ധജലവിതരണം നടത്താനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ തകർച്ച പരിഹരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പും നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാടും കോഴിക്കോടും തമ്മിലുള്ള ബന്ധംതന്നെ വിച്ഛേദിക്കുന്ന വിധത്തിൽ വയനാട്-താമരശ്ശേരി ചുരം റോഡ് തകർന്നതിനാൽ ടി റോഡ് ഗതാഗത യോഗ്യമാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്. നഷ്ടപരിഹാര വിതരണത്തിൽ കാലതാമസം വരുത്താതെ, അപ്പപ്പോൾത്തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ ഇന്നത്തെ മന്ത്രിസഭാ യോഗത്തിൽ ആലോചിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. കേരളത്തിലെ എല്ലാ ജില്ലകളെയും കാലവർഷക്കെടുതി ബാധിക്കുകയും ഏറ്റക്കുറച്ചിലുകളോടെ പതിനാല് ജില്ലകളിലും ജീവനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഏറ്റവും വലിയ ദുരന്തം നേരിട്ടിരിക്കു ന്നത് കോഴിക്കോട് ജില്ലയിലെ കരിഞ്ചോലമലയിലാണ്. അത് നാടിനെ നടുക്കിയ സംഭവമാണ്. സമീപപ്രദേശത്തെ ആളുകൾ മേലിൽ അവിടെ താമസിക്കാൻ പോലും ധൈര്യപ്പെടാത്തവിധം ക്യാമ്പുകളിലേയ്ക്ക് മാറിത്താമസിച്ചിരിക്കുന്ന

അവസ്ഥയാണുള്ളതെന്ന് അവിടം സന്ദർശിച്ചപ്പോൾ ബോധ്യമായി. പ്രകൃതി ദുരന്തത്തിന്റെ ഭാഗമായി വന്നുചേർന്ന ഈ സംഭവങ്ങളെ യഥാസമയം കാണാനും മുന്നൊരുക്കങ്ങൾ നടത്താനും ദുരന്തമേഖലയിൽ വകുപ്പുകളുടെ ഏകോപനത്തോടു കൂടിയുള്ള രക്ഷാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും വിജയകരമായ ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കാലവർഷം ആരംഭിച്ചതോടെ സംസ്ഥാനം വീണ്ടും ദുരന്തഭൂമിയായി മാറിയിരിക്കുകയാണ്. സംസ്ഥാനത്ത് പൊതുവിലും വടക്കൻ ജില്ലകളിൽ പ്രത്യേകിച്ചും, കോഴിക്കോട് വിശേഷിച്ചുമുണ്ടായ ശക്തമായ കാറ്റിലും മഴയിലും ഏതാണ്ട് 56-ഓളം മനുഷ്യജീവൻ പൊലിഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ധാരാളം കൃഷി നാശവുമുണ്ടായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ദുരിതം പെയ്തിറങ്ങുന്ന സാഹചര്യമാണ് നിലവിലുള്ളത്. 'നിപ' വൈറസുമായി ബന്ധപ്പെട്ടുണ്ടായ ബുദ്ധിമുട്ടുകളിൽനിന്നും മോചനം ലഭിച്ചുവരുന്നതിനിടയിലാണ് ഭീകരമായ ഈ പ്രശ്നമുണ്ടായത്. ഒരു പ്രകൃതിക്ഷോഭത്തിലും കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത രൂപത്തിലുള്ള നാശനഷ്ടങ്ങളും മരണവുമാണ് അവിടെയുണ്ടായിട്ടുള്ളത്. കരൾ പിളർക്കുന്ന രൂപത്തിലുള്ള കാഴ്ചയാണ് അവിടെ കാണാൻ സാധിച്ചത്. ഏതാണ്ട് 7 വീടുകൾ പൂർണ്ണമായും 35 വീടുകൾ ഭാഗികമായും തകർന്നു. ദുരന്തത്തിൽപ്പെട്ട 13 പേരുടെ മൃതദേഹം കണ്ടെത്തി, ഇനി ഒരാളെ കണ്ടെത്താനുള്ള തെരച്ചിൽ തുടരുകയാണ്. ഒരു കാരണവശാലും അവിടെ ഉരുൾപൊട്ടലിന് സാധ്യതയുണ്ടാകുമെന്ന് ആ പ്രദേശം കണ്ടാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കില്ല. മല പിൻഭാഗത്തുണ്ട്, വലിയ റോഡ് മുന്നിലൂടെ പോകുന്നുണ്ട്. ആ റോഡിന്റെ ഏതാണ്ട് നാലോ അഞ്ചോ മീറ്റർ അകലെയാണ് ദുരന്തത്തിനിരയായ വീടുകൾ നിലനിന്നിരുന്നത്. അതിന്റെ പരിസരത്തും ധാരാളം വീടുകളുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തെങ്ങുകളും വൃക്ഷങ്ങളും കൃഷിത്തോട്ടങ്ങളും അവിടെ കാണാൻ സാധിക്കും. അതിൽ ഈയൊരു പ്രദേശം പൂർണ്ണമായും ഇല്ലാതായി. 7 വീടുകളുണ്ടായിരുന്ന സ്ഥലത്ത് അങ്ങനെ വീടുകൾ ഉണ്ടായിരുന്നോയെന്നും എവിടെയായിരുന്നു അവ സ്ഥിതി ചെയ്തിരുന്നതെന്നും കണ്ടെത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഒരു കുടുംബത്തിലെ 8 പേരാണ് മരണപ്പെട്ടത്. ആ കുടുംബത്തിലെതന്നെ ഒരാൾ ജോലി ആവശ്യാർത്ഥം വിദേശത്തായിരുന്നതിനാൽ അദ്ദേഹം മാത്രം രക്ഷപ്പെട്ടു. വളരെ ഭീകരമായ സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. ഉരുൾപൊട്ടൽ ഇന്നും ഇന്നലെയും ഉണ്ടായതല്ല. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ 1968 മുതൽ ഉരുൾപൊട്ടലുണ്ടായിട്ടുണ്ട്. 1968 ജൂലൈ 1-നാണ് ആദ്യമായി കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ മാവുള്ളപൊയിൽ എന്ന സ്ഥലത്ത് ഉരുൾപൊട്ടലുണ്ടായത്. അതിൽ 4 മരണം

സംഭവിച്ചു. ഈ പ്രദേശവും ഏതാണ്ട് ഇപ്പോൾ ദുരന്തമുണ്ടായതിനടുത്താണ്. അന്ന് എങ്ങനെയാണോ ആ പ്രകൃതി ദുരന്തത്തെ നേരിട്ടത്, അതേ രൂപത്തിൽ തന്നെയാണ് ഇന്നും നേരിടുന്നത്. അതുകൊണ്ട് വലിയ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും അവിടെയുണ്ട്. ഭൂമിശാസ്ത്രപരമായി വടക്കൻ ജില്ലകളിൽ പ്രകൃതി ദുരന്തങ്ങൾക്ക് ഒട്ടേറെ സാധ്യതയുള്ളതാണ്. രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കോഴിക്കോട് കേന്ദ്രമായി ദേശീയ ദുരന്തനിവാരണ സേനയുടെ യൂണിറ്റ് ആരംഭി ക്കുന്നതിന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി ആയിരുന്നപ്പോൾ അനുമതി നൽകിയിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ കേരളത്തിന് അത് നഷ്ടമായി. അത്തരമൊരു കേന്ദ്രം കോഴിക്കോട് ആസ്ഥാനമായി ആരംഭിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയും നടപടിയുണ്ടാകണ മെന്നാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്.

പുലർച്ചെ 4.00 മണിക്കുണ്ടായ ദുരന്തത്തിൽ ഉച്ചയ്ക്കുശേഷം 3.00 മണിക്കാണ് ബന്ധപ്പെട്ടവർ എത്തിയതെന്നും അതല്ല 5.00 മണിക്കാണെന്നും പിറ്റേദിവസ മാണെന്നുമൊക്കെയുള്ള കാര്യങ്ങളിൽ തർക്കമുണ്ട്. എന്തായിരുന്നാലും ബന്ധപ്പെട്ടവർ ദുരന്തമുഖത്ത് എത്തിപ്പെടാൻ വൈകുന്ന സാഹചര്യമാണ് പലപ്പോഴുമുണ്ടാകുന്നത്. അങ്ങനെ വരുമ്പോൾ ചിലപ്പോൾ ജീവൻ രക്ഷപ്പെടുത്താനും മറ്റ് പ്രദേശങ്ങളിലേയ്ക്ക് ദുരന്തം വ്യാപിക്കാതിരിക്കാനുള്ള സാഹചര്യമൊരുക്കാനും കഴിയാതെ പോകുന്ന തുൾപ്പെടെയുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം ആയിരത്തിഇരുന്നൂറോളം കോടി രൂപയുടെ കേന്ദ്രസഹായം ലഭിക്കുന്ന സംസ്ഥാനമാണ് കേരളമെന്നുള്ളത് നമ്മൾ കാണേണ്ടതാണ്. എന്നാൽ ദുരന്ത പ്രതിരോധമേഖലയിൽ ഇതനുസരിച്ചുള്ള പ്രവർത്തനം മെച്ചപ്പെടുത്താൻ നമുക്കാവുന്നില്ല. ദുരന്തമുഖത്തെല്ലാം ഓടിയെത്തുന്ന അഗ്നിശമനസേനാ ജീവനക്കാർക്ക് വേണ്ടത്ര പരിശീലനമോ മെച്ചപ്പെട്ട ഉപകരണങ്ങളോ നൽകാൻ നമുക്കാവുന്നില്ല. ദുരന്തനിവാരണ അതോറിറ്റിക്ക് കോടികൾ ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നതെന്നുള്ളത് ദൗർഭാഗ്യകരമാണ്. 2000 മുതൽ പ്രവർത്തിച്ചുവരുന്ന ദുരന്ത നിവാരണകേന്ദ്രം ഇന്ന് അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഒരുദ്യോഗസ്ഥൻ മാത്രം ശേഷിക്കുന്ന ഈ കേന്ദ്രമാണ് ദുരന്തനിവാരണ പദ്ധതി നയം, ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി എന്നിവയുടെ കരട് തയ്യാറാക്കുന്നതെന്നത് നമ്മെ ഏറെ അത്ഭുതപ്പെടുത്തുന്ന വസ്തുതയാണ്. ഇതുപോലുള്ള കാര്യങ്ങളിൽ നമ്മളെപ്പോഴും വൈമുഖ്യം കാണിക്കുകയാണ് പതിവ്.

നിപ വൈറസ് ബാധയുണ്ടായപ്പോൾ ഇവിടെയൊരു ചർച്ച നടത്തി. ആലപ്പുഴയിലെ വൈറോളജി സെന്ററിൽ കൊതുകിനെ എങ്ങനെ നശിപ്പിക്കാമെന്ന് കണ്ടുപിടിക്കാൻ കുറച്ച് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി എന്നുള്ളതല്ലാതെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി

ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളെല്ലാം മന്ദഗതിയിലാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് വിമുഖത കാണിക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ടെന്നുള്ളതാണ് വസ്തുത. ഏത് തരത്തിലുള്ള ദുരന്തം സംഭവിച്ചാലും ദുരന്തനിവാരണ സേന സ്ഥലത്തെത്തുന്നതിനുമുമ്പ് അവിടെയുള്ള നാട്ടുകാരാണ് രക്ഷാപ്രവർത്തനങ്ങൾക്ക് സജ്ജരാകുന്നത്. രാഷ്ട്രീയം മറന്ന്, ജാതി-മത വ്യത്യാസമില്ലാതെ പൂർണ്ണമായും ഒരുമയോടെ പ്രവർത്തിച്ച കാഴ്ച കട്ടിപ്പാറയിലെ കരിഞ്ചോലയിൽ നമുക്ക് കാണാൻ സാധിച്ചു. ദുരന്തമുണ്ടായപ്പോൾ എല്ലാവരും ഒരുമിച്ചുനിന്നു. ഇത്തരം ദുരന്തമുണ്ടാകുമ്പോൾ ദുരന്തനിവാരണ സേനയെക്കാൾ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നത് ആ പ്രദേശത്തെ നാട്ടുകാർക്കാണ്. അവർക്കാണ് ആ പ്രദേശത്തിന്റെ അവസ്ഥയെന്താണെന്നും ഭൂമിശാസ്ത്രപരമായ ഘടനയെന്താണെന്നുമൊക്കെ മനസ്സിലാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് പ്രകൃതിക്ഷോഭങ്ങളുൾപ്പെടെയുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ അവ എങ്ങനെ നേരിടാമെന്നത് സംബന്ധിച്ച ട്രെയിനിംഗ് ഇത്തരം പ്രദേശങ്ങളിലെ ആളുകൾക്ക് നൽകാനുള്ള സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ വ്യക്തമായ ആസൂത്രണവും ഏകോപനവുമുണ്ടാകണം. ഒരു ദുരന്തമുണ്ടാകുമ്പോൾ നമ്മൾ പകച്ചുനിൽക്കാറുണ്ട്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല, ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. രാഷ്ട്രീയത്തിനപ്പുറത്ത്, കേരളത്തിൽ ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകുമ്പോൾ നമുക്കൊരുമിച്ച് എങ്ങനെ അതിനെ നേരിടാമെന്നും ദുരന്തമുണ്ടാകുന്നതിനുമുമ്പ് അതെങ്ങനെ തടയാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചും ആലോചിക്കണം. ദുരന്തമുണ്ടായതിനുശേഷം ആ കുടുംബങ്ങളെ സഹായിക്കുക, ആ പ്രദേശത്ത് ക്യാമ്പുണ്ടാക്കുക, കെടുതികൾ അനുഭവിക്കുന്ന ആളുകൾക്ക് വേണ്ട സഹായം ചെയ്തുകൊടുക്കുക, മരണം നടന്ന കുടുംബത്തെ സഹായിക്കുക എന്നിവയൊക്കെ വളരെ കൃത്യമായി നടക്കുന്നുണ്ട്; അക്കാര്യത്തിലൊന്നും ആക്ഷേപമില്ല. അവിടത്തെ നാട്ടുകാരും സന്നദ്ധ പ്രവർത്തകരും സർക്കാരുമൊക്കെ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുമുണ്ട്. ജില്ലയിലുണ്ടായിരുന്ന മന്ത്രിമാരും അവിടെ ക്യാമ്പ് ചെയ്ത് രക്ഷാ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ട്. അതിലൊന്നും ആർക്കും തർക്കമില്ല. ഇപ്പോഴും ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് എത്രയാളുകൾ മരിച്ചുവെന്നുള്ളതിന്റെ കൃത്യമായ കണക്ക് നമ്മുടെ കയ്യിലില്ല. ക്രിസ്തീയ സഭ ഒരു കണക്കും സർക്കാർ മറ്റൊരു കണക്കുമാണ് പറയുന്നത്. ദുരന്തമുണ്ടാകുമ്പോൾ കൃത്യമായ കണക്കെടുക്കാൻ സാധ്യമാകാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. കേരളത്തിൽ ഏതാണ്ട് പത്തോളം താലൂക്കുകൾ ഗുരുതരമായ കാലവർഷക്കെടുതിയുണ്ടാകാനും ഉരുൾപൊട്ടലുണ്ടാകാനും സാധ്യതയുള്ള പ്രദേശങ്ങളാണെന്നാണ് പറയുന്നത്. ഒരു പഠനത്തിൽ ഇരുപത്തിയാറോളം പ്രദേശങ്ങളിൽ ഗുരുതരമായ രൂപത്തിലല്ലെങ്കിലും ഉരുൾപൊട്ടലിനും പ്രകൃതിക്ഷോഭത്തിനും സാധ്യതയുണ്ടെന്ന് പറയുന്നു; അങ്ങനെ 36 താലൂക്കുകൾ ഇതിന്റെ പരിധിയിൽ വരുമെന്ന് പറഞ്ഞിട്ടുണ്ട്. കാലവർഷം ആരംഭിക്കുമ്പോൾത്തന്നെ ഈ പ്രദേശങ്ങളിൽ

എന്തൊക്കെ മുൻകരുതലുകളെടുക്കാം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതും അവിടെനിന്നും മാറ്റിപാർപ്പിക്കേണ്ടവരെ മാറ്റേണ്ടതുമാണ്. ചെങ്കുത്തായ സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുണ്ട്. പാറക്കല്ലും മണ്ണും ഒലിച്ചുവന്ന് ആറോ ഏഴോ വീടുകളുടെമേൽ പതിക്കുന്ന സ്ഥിതിയുണ്ടായി. അവ മുകളിൽനിന്ന് ഇടിഞ്ഞുവീണിരുന്നെങ്കിൽ ധാരാളം ആളുകൾ മരിക്കുന്ന സാഹചര്യമുണ്ടാകുമായിരുന്നു. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ചെങ്കുത്തായ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് താഴ്ഭാഗത്ത് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകുകയോ മറ്റേതെങ്കിലും സംവിധാനങ്ങളോ കണ്ടെത്തി അവിടെനിന്നും മാറ്റിപ്പാർപ്പിച്ചില്ലെങ്കിൽ സ്ഥിരമായി ഇത്തരം ദുരന്തങ്ങൾക്ക് നമ്മൾ സാക്ഷിയാകേണ്ടിവരും. ഈ സാഹചര്യം മനസ്സിലാക്കി മുൻകരുതലെന്ന നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കണം. ഈ ദുരന്തത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകളുണ്ടായിട്ടുണ്ടെന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സ്ഥലം സന്ദർശിക്കാൻ ഇതുവരെ തയ്യാറാകാത്തതിൽ അവിടത്തെ ജനങ്ങൾക്ക് നിരാശയുണ്ടെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടലാണ് കോഴിക്കോട്ടുണ്ടായത്. അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

വയനാട് ജില്ലയുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ബാംഗ്ലൂർ, മൈസൂർ, ഊട്ടി എന്നീ പട്ടണങ്ങളുമായി സംസ്ഥാനത്തെ ബന്ധിപ്പിക്കുന്നതും വയനാട്ടുകാരുടെ മുഖ്യ അവലംബവുമായ സുപ്രധാന പാതയാണ് വയനാട് ചുരം റോഡ്. ദേശീയപാത 766-ന്റെ ഭാഗമായ ഈ വഴിയിലൂടെ ദിനംപ്രതി ഇരുപത്തയ്യായിരത്തോളം വാഹനങ്ങളാണ് കടന്നുപോകുന്നത്. ചുരം റോഡിന്റെ നാശം തടയാനോ അപ്പപ്പോൾ വേണ്ട പ്രവൃത്തികൾ ചെയ്യാനോ ഫലപ്രദമായ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. ചിപ്പിലിത്തോട് ഭാഗത്തെ റോഡിന്റെ താഴ്ഭാഗം ഇടിഞ്ഞതിനാൽ വലിയ വാഹനങ്ങളൊന്നും അതുവഴി പോകുന്നില്ല. മാത്രമല്ല, വയനാടുമായുള്ള ബന്ധം വിച്ഛേദിച്ച സ്ഥിതിയാണുള്ളത്. വയനാട് ചുരത്തിൽ ഇനിയും വലിയ അപകടമുണ്ടാകാൻ സാധ്യതയുള്ളതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കണം.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...... പ്ലീസ് ....

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, വലിയ ദുരന്തം സംഭവിച്ച ഒരു പ്രദേശത്തിന്റെ കാര്യമാണ് പറയുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. പാറക്കൽ അബ്ദുല്ല, എല്ലാം പ്രധാനപ്പെട്ട വിഷയങ്ങൾ തന്നെയാണ്. അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് 12 മിനിട്ടായി. കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, രണ്ട് മിനിട്ടുകൂടി തരണം. ധാരാളം വിഷയങ്ങൾ പറയാനുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ട്. സാധാരണഗതിയിൽ കാറ്റടിക്കുമ്പോൾ മരച്ചില്ലകൾ പൊട്ടിവീഴുകയാണ് ചെയ്യുന്നത്. എന്നാൽ കോഴിക്കോട് ജില്ലയിൽ ആൽമരങ്ങളുൾപ്പെടെയുള്ള വൻമരങ്ങൾ കടപുഴകി വീഴുന്ന അവസ്ഥാവിശേഷമാണുള്ളത്. അതുകൊണ്ട് നിതാന്തജാഗ്രത ഈ കാര്യത്തിലുണ്ടാകണം. അതുപോലെ കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കനാലിന്റെ പണി നടന്നിട്ട് ഏതാണ്ട് 50 വർഷമായി. ഇന്നുവരെ യാതൊരു അറ്റകുറ്റപ്പണിയും അവിടെ നടക്കുന്നില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. അതും വലിയ ദുരന്തമുണ്ടാക്കിയിരിക്കുകയാണ്. പെരുവണ്ണാമൂഴി ഡാം തുറന്നുവിട്ടതിന്റെ ഫലമായി മലവെള്ളം കുത്തിയൊഴുകി വരികയും കനാലിന്റെ ഒരു ഭാഗം തകർന്ന് ജനവാസ കേന്ദ്രത്തിലൂടെ മൂന്നുനാല് ദിവസമായി വെള്ളം ഒഴുകിപ്പോകുകയും ചെയ്യുകയാണ്. ഏതാണ്ട് 16 കുടുംബങ്ങളെയാണ് അവിടെനിന്നും മാറ്റിപാർപ്പിച്ചിരിക്കുന്നത്. വലിയ ദുരന്തം സംഭവിക്കുമായിരുന്നത് എന്തോ കാരണത്താൽ വഴി മാറിപ്പോയി എന്നതാണ് അവസ്ഥ. കനാലിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടന്നില്ലെങ്കിൽ ആ പ്രദേശങ്ങളിൽ മാത്രമല്ല എല്ലായിടത്തും ഇനിയും വലിയ അപകടമുണ്ടാകും.

നിപ വൈറസ് ബാധയുണ്ടായപ്പോൾ കോഴിക്കോട്ടുള്ള കച്ചവടക്കാരെല്ലാം വലിയ പ്രയാസത്തിലായിരുന്നു. ചെറുകിട കച്ചവടക്കാരുൾപ്പെടെയുള്ളവർ പല സ്ഥലത്തുനിന്നും കടം വാങ്ങി സാധനങ്ങൾ കൊണ്ടുവന്ന് കടകൾ നിറയ്ക്കുകയും പെരുന്നാളിന്റെ തലേദിവസം ഉച്ചയ്ക്ക് മലവെള്ളം കയറി കടകളിലെ മുഴുവൻ സാധനങ്ങളും നശിച്ചുപോകുകയും ചെയ്ത സാഹചര്യമുണ്ടായി. കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പല പ്രദേശങ്ങളിലും പ്രത്യേകിച്ചും പുറമേരി, തീക്കുനി എന്നിവിടങ്ങളിലെ കച്ചവടക്കാരുടെ കാര്യം കഷ്ടത്തിലാണ്. അതുപോലെ കൃഷിനാശവുമുണ്ടായിട്ടുണ്ട്. കൃഷിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി ധാരാളം ആനുകൂല്യങ്ങളും സഹായങ്ങളുമൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ അതൊക്കെ ഇല്ലാതായിപ്പോകുന്ന സാഹചര്യമാണ് കാർഷിക മേഖലയിലുള്ളത്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് കർഷകർക്കുണ്ടായിട്ടുള്ളത്. അതുകൊണ്ട് കോഴിക്കോട് ജില്ലയ്ക്ക് പ്രത്യേകിച്ചൊരു പാക്കേജ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ദുരന്തത്തിൽപ്പെട്ട ആളുകൾക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും സർക്കാർ ഇതുവരെ ധനസഹായം പ്രഖ്യാപിച്ചിട്ടില്ല. അവർക്ക് വീടും ഭൂമിയും കണ്ടെത്താൻ സാധ്യമാകുന്ന എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

10.00 എ.എം.]

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. പാറക്കൽ അബ്ദുല്ല ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഞാനാദ്യം സൂചിപ്പിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ളതുതന്നെയാണ്. സംസ്ഥാന സർക്കാരിനെയും മന്ത്രിസഭാംഗങ്ങളെയും സംബന്ധിച്ചിടത്തോളം അവർക്ക് ദുരന്തമേഖലയിൽ ചെയ്യാവുന്ന കാര്യങ്ങൾ വളരെ പെട്ടെന്നുതന്നെ ചെയ്യാൻ കഴിഞ്ഞുവെന്നുള്ളത് അദ്ദേഹംകൂടി അംഗീകരിക്കുന്ന കാര്യമാണ്. ഒരു പ്രദേശത്ത് ഇന്ന അപകടം സംഭവിക്കുമെന്ന് മുൻകൂട്ടി കണ്ടെത്താനുള്ള സാഹചര്യവും സാധ്യതയും നമ്മുടെ മുമ്പിലില്ലാത്ത സ്ഥിതിയാണുണ്ടായിരുന്നത്. പൊതുവിൽ കേരളത്തിൽ വന്നേയ്ക്കാനിടയുള്ള കാലവർഷക്കെടുതി സംബന്ധിച്ചുള്ള ജാഗ്രതാനിർദ്ദേശം നേരത്തെ തന്നെ നൽകിയെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ജില്ലാ കളക്ടർമാരും ജില്ലാ ഭരണകൂടവും ഉണർന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ എവിടെയാണ് ഉരുൾപൊട്ടലും മറ്റ് ദുരന്തവുമുണ്ടാകുന്നതെന്ന് കൃത്യമായി കണ്ടെത്താൻ കഴിയാത്തതും അതിനെതിരെ തയ്യാറെടുത്ത് നിൽക്കാൻ കഴിയാത്തതുമായ സാഹചര്യമുള്ളതുകൊണ്ടാണ് ദുരന്തമുണ്ടായതിനുശേഷം മാത്രം തുടർന്നുള്ള രക്ഷാ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുന്നത്. അങ്ങനെയുള്ള പ്രവർത്തനത്തിൽ എൻ.ഡി.ആർ.എഫ്. എത്താനുള്ള താമസത്തെക്കുറിച്ചാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ കേന്ദ്രമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം നടത്തിയ പരിശ്രമത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അന്ന് ദേശീയ ദുരന്തനിവാരണ സേനയുടെ യൂണിറ്റിനായി കോഴിക്കോട് കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയും മധ്യകേരളത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എറണാകുളത്ത് എൻ.ഡി.ആർ.എഫ്. യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമോ, വിവിധ പ്രദേശങ്ങളിലോ എൻ.ഡി.ആർ.എഫ്. യൂണിറ്റ് സ്ഥാപിക്കാൻ കഴിയില്ല. കേന്ദ്ര സർക്കാർ അനുയോജ്യമായ സ്ഥലം കണ്ടെത്തി, അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ എൻ.ഡി.ആർ.എഫ്. യൂണിറ്റ് സ്ഥാപിക്കാൻ കഴിയൂ. ദേശീയ ദുരന്തപ്രതികരണ സേനയുടെ തെക്കേ ഇന്ത്യയുടെ ഉത്തരവാദിത്വമുള്ള എൻ.ഡി.ആർ.എഫ്. ഫോർത്ത് ബറ്റാലിയൻ തമിഴ്നാട്ടിലെ അരക്കോണത്താണ്. അതിന്റെ ഉപകേന്ദ്രമായാണ് കേരളത്തിൽ പ്രാദേശിക പ്രതികരണകേന്ദ്രം പ്രവർത്തിക്കുന്നത്. അതാണിപ്പോൾ താൽക്കാലികമായി തൃശ്ശൂരിൽ പ്രവർത്തിക്കുന്നത്. എറണാകുളത്താണ് അതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത്. കഴിഞ്ഞ രണ്ടുമൂന്ന് മന്ത്രിസഭാ യോഗങ്ങൾക്ക് മുമ്പുള്ള മന്ത്രിസഭാ യോഗം, എറണാകുളത്ത് ഐ.ഒ.സി.-യുടെ പക്കലുള്ള അഞ്ചേക്കർ സ്ഥലം വിട്ടുനൽകി അവിടെ എൻ.ഡി.ആർ.എഫ്.-ന്റെ കേന്ദ്രമാക്കി പ്രവർത്തിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. നേരത്തെ നിർദ്ദേശിച്ച സ്ഥലം അനുയോജ്യമ

ല്ലെന്നുള്ളതിന്റെ പേരിലാണ് വീണ്ടും തീരുമാനമെടുത്തത്. എൻ.ഡി.ആർ.എഫ്.-ന്റെ പ്രവർത്തനം സംസ്ഥാനത്തിന്റെ മധ്യഭാഗത്ത് വിമാനമാർഗ്ഗമുൾപ്പടെയുള്ള യാത്രാ സൗകര്യമുള്ള കേന്ദ്രമായിരിക്കണമെന്നാണ് തീരുമാനിച്ചത്. എന്തുകൊണ്ടാണ് അവിടെ എയർലിഫ്റ്റ് ചെയ്യാൻ കഴിയാതെ പോയതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചു. ഏറ്റവും ചുരുങ്ങിയത് എയർഫോഴ്സിന്റെ ഹെലികോപ്റ്ററെങ്കിലും അനുവദിച്ച് കിട്ടണമെന്നുള്ളതാണ്. അതിന് ചുരുങ്ങിയത് മൂന്ന്-നാല് മണിക്കൂർ വേണ്ടിവരും.

ശ്രീ. രമേശ് ചെന്നിത്തല: സർ, അര മണിക്കൂർ മതിയാകും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഹെലികോപ്റ്റർ അനുവദിച്ച് കിട്ടുന്നതിനുള്ള സമയമുൾപ്പെടെ കൂടുതൽ സമയമെടുക്കുമെന്നുള്ളതുകൊണ്ടാണ് അതിനേക്കാൾ വളരെ പെട്ടെന്ന് എത്തിച്ചേരാൻ കഴിയുന്ന രീതിയിലുള്ള ഒരു തീരുമാനമെടുത്തത്. ഗതാഗത തടസ്സമുൾപ്പെടെയുള്ള കാര്യങ്ങൾ നിലനിൽക്കുന്നതിനാലാണ് അല്പം സാവകാശമുണ്ടായത്. ഇതിനെല്ലാം മുമ്പുതന്നെ ഫയർഫോഴ്സിന്റെയും പോലീസിന്റെയും ജനങ്ങളുടെയും വലിയ പങ്കാളിത്തത്തോടുകൂടി രക്ഷാപ്രവർത്തനം നടക്കുകയും രാവിലെ ഏകദേശം 10 മണിക്കുതന്നെ ഒരു മൃതദേഹം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. രക്ഷാ പ്രവർത്തനങ്ങൾ നടത്താതെ ദുരന്തനിവാരണ സേനയെ കാത്തുനിന്നതല്ലെങ്കിലും അവരെ വരുത്തുന്നതോടൊപ്പം എല്ലാ വിഭാഗവും ഒന്നിച്ചുചേർന്നുള്ള രക്ഷാപ്രവർത്ത നമാണ് അവിടെ നടന്നത്. ഇത് സംസ്ഥാനത്തെ ഏറ്റവും വലിയ ദുരന്തമാണെന്നും കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ ഞെട്ടലുണ്ടാക്കിയ സംഭവമാണെന്നും ഞാൻ നേരത്തെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലെ 14 ജില്ലകളിലും ഈ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വിവിധ രൂപത്തിലുള്ള ആൾനാശമുണ്ടായിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ കാലവർഷക്കെടുതിയുടെ ഭാഗമായി മരണപ്പെട്ടത് 56 പേരും കാണാതായത് 4 പേരുമാണ്. അങ്ങനെ 60 പേരുടെ വിഷയമുണ്ട്. ദുരന്തമേഖലയിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ ഭാഗമായി 115 ക്യാമ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്; അവിടെ 5520 കുടുംബങ്ങളെയാണ് മാറ്റിപ്പാർ പ്പിച്ചിരിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ദുരന്ത മേഖലയിൽ ഹെലികോപ്റ്റർ എത്തിച്ചില്ലെന്ന ആരോപണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നത്. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുൾപ്പെടെ അടിയന്തര ഘട്ടങ്ങളിലും ഇത്തരം രക്ഷാപ്രവർത്തനങ്ങളിലും സംസ്ഥാനത്തിന് ഉപയോഗിക്കാൻ ഹെലികോപ്റ്റർ ആവശ്യമാണെന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്നും മനസ്സിലാകുന്നത്. ഒരു ഹെലികോപ്റ്റർ വാങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ സാധ്യതകൾ ആരായുമോ?

Shri Ramesh Chennithala: Shri E. P. Jayarajan is putting his words in my mouth. അത് വേണ്ട. ദുരന്തനിവാരണത്തിന് ആവശ്യപ്പെട്ടാൽ അപ്പോൾത്തന്നെ എയർഫോഴ്സിന്റെ ഹെലികോപ്റ്റർ കിട്ടും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് വളരെ തെറ്റായിപ്പോയി. തൃശ്ശൂരിൽ നിന്ന് കോഴിക്കോട് വരെ പോകാൻ 4 മണിക്കൂറെടുക്കില്ല, 35 മിനിട്ട് മാത്രം മതി. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിച്ച് പറയണമായിരുന്നു. ഞങ്ങൾ പറഞ്ഞത് തൃശ്ശൂരിൽ നിന്ന് എയർലിഫ്റ്റ് ചെയ്യാമായിരുന്നുവെന്നാണ്. വെളുപ്പിന് 3 മണിക്ക് ദുരന്തമുണ്ടായിട്ട് വൈകുന്നേരം 5 മണിക്കാണ് ദുരന്ത നിവാരണസേന അവിടെ എത്തിയത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എയർ ആംബുലൻസിനെക്കുറിച്ചും ഹെലികോപ്റ്ററിനെക്കുറിച്ചും പറഞ്ഞു. ഞാനൊരുകാര്യം ഇതിനുമുമ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. ആറ് പേർക്കിരിക്കാവുന്ന ഒരു വിമാനം വാങ്ങി രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ രണ്ടുമൂന്ന് കൊല്ലമായി വെറുതെയിട്ടിരിക്കുകയാണ്. ഇക്കാര്യം ഞാൻ കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമന്ത്രിയുമായും സംസാരിച്ചിരുന്നു. ആ വിമാനം ആംബുലൻസായി എടുത്താൽ ഇത്തരം അത്യാവശ്യഘട്ടങ്ങളിൽ ആളുകളെ കൊണ്ടുപോകാനും വരാനും സാധിക്കും. ഒരു പൈലറ്റിനെ നിയമിക്കണമെന്ന് മാത്രമേയുള്ളൂ. പുതിയ വിമാനം വാങ്ങേണ്ടതില്ല. ആ വിമാനം ഇത്തരം പ്രകൃതി ദുരന്തങ്ങളിൽ ഉപയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. കെ. നാണു: സർ, മത്സ്യത്തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെട്ടപ്പോൾ പലപ്പോഴും ഹെലികോപ്റ്റർ ആവശ്യപ്പെട്ടിരുന്നു. ഞാൻ ആക്ഷേപമായി പറയുന്നതല്ല, മണിക്കൂറുകൾ കഴിഞ്ഞാണ് ഹെലികോപ്റ്ററുകൾ വരുന്നത്. എന്റെ അനുഭവമാണ് പറയുന്നത്. ഞാൻ കടലോരമേഖലയുമായി ബന്ധമുള്ള ആളാണ്. ഏതെങ്കിലും തരത്തിൽ ഹെലികോപ്റ്റർ പെട്ടെന്ന് കൊണ്ടു വരാൻ സാധിച്ചിരുന്നെങ്കിൽ അത് നല്ലതായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, ഹെലികോപ്റ്റർ എത്താനുള്ള സമയമല്ല മന്ത്രി പറഞ്ഞത്; വിളിച്ചാൽ എത്താനുള്ള സമയമാണ്..........(ബഹളം).....

മി. സ്പീക്കർ: അദ്ദേഹത്തിന്റെ അഭിപ്രായമാണ് പറഞ്ഞത്, സർക്കാരിനു വേണ്ടി മന്ത്രി പറയും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതിൽ ഒറ്റ കാര്യമേയുള്ളൂ.

ശ്രീ. പി. കെ. ബഷീർ: സർ,... (മൈക്ക് ഓഫ്)...

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അദ്ദേഹം വഴങ്ങിയിട്ടില്ല....... (ബഹളം)........

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പറഞ്ഞ വിശദീകരണത്തിന്മേൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ ഒരു ന്യായീകരണവുമില്ല. ..... (ബഹളം).......

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, മന്ത്രി പറയുന്നത് കേൾക്കൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഒറ്റ കാര്യമേ ഇവിടെ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത് ഹെലികോപ്റ്ററിൽ തൃശ്ശൂരിൽ നിന്ന് കോഴിക്കോടെത്താൻ നാലുമണിക്കൂർ വേണമെന്ന് ഞാൻ പറഞ്ഞു വെന്ന അർത്ഥത്തിലാണ്. .....(ബഹളം)..... അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. ഹെലികോപ്റ്റർ അനുവദിച്ചുകിട്ടുന്നതിനുള്ള താമസംമൂലം അതിനേക്കാൾ മുൻപേ ആളുകളെ വാഹനത്തിലെത്തിക്കാൻ കഴിയുമോയെന്നാണ് ആലോചിച്ചിട്ടുള്ളത്. അതുകൊണ്ട് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഒരു തെറ്റിദ്ധാരണയുമുണ്ടാകരുത്. ഹെലികോപ്റ്ററിൽ തൃശ്ശൂരിൽ നിന്ന് കോഴിക്കോടെത്താൻ വേണ്ടിവരുന്ന സമയമല്ല ഞാൻ ചൂണ്ടിക്കാണിച്ചത്, ഹെലികോപ്റ്റർ എയർഫോഴ്സിൽനിന്ന് അനുവദിച്ചു കിട്ടുന്നതിനുള്ള താമസമുൾപ്പെടെ വരുമ്പോൾ അതിന് കാത്തുനിൽക്കാതെ വാഹനത്തിൽ ആളുകളെ എത്തിക്കണമെന്ന ധാരണയാണ് സ്വീകരിച്ചതെന്ന് പറഞ്ഞതിനെയാണ് തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഒരർത്ഥത്തിലും അത്തരമൊരു അഭിപ്രായമല്ല ഞാൻ പ്രകടിപ്പിച്ചത്.

ഇവിടെ സർവ്വശ്രീ ഇ. പി. ജയരാജൻ, കെ. ബി. ഗണേഷ് കുമാർ, സി. കെ. നാണു എന്നീ ബഹുമാനപ്പെട്ട അംഗങ്ങളുൾപ്പെടെ പലരും ചൂണ്ടിക്കാണിച്ച കാര്യം തീർച്ചയായും സർക്കാർ ആലോചിക്കേണ്ട ഒരു വിഷയമാണ്, അക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കും. 5520 കുടുംബങ്ങളെ, അതായത് 23303 പേരെ ഇത്തരം ക്യാമ്പുകളിൽ താമസി പ്പിച്ചിരുന്നു. അവരിൽ പലരും കാലാവസ്ഥയിൽവന്ന മാറ്റത്തെത്തുടർന്ന് അവരുടെ വീടുകളിലേയ്ക്കുപോയി. വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് തിരിച്ചുപോകാൻ കഴിയാതെയിരിക്കുകയാണ്. പ്രത്യേകിച്ച് ഇരിട്ടിപോലുള്ള മേഖലകളിൽ ക്യാമ്പുകൾ അവസാനിപ്പിക്കുകയും അവിടെനിന്ന് ആളുകളെ മാറ്റി മറ്റ് കുടുംബ വീടുകളിൽ താമസിപ്പിക്കാനുള്ള സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. പരിക്കുപറ്റി ആശുപ ത്രിയിലായത് 14 പേരാണ്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 235 വീടുകൾ പൂർണ്ണമായും 5022 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. അതിൽ കണക്കാക്കുന്ന നഷ്ടം 848.67 ലക്ഷം രൂപയാണ്. അതുപോലെതന്നെ ലഭ്യമായ കണക്കനുസരിച്ച് 7264.1557 ഹെക്ടറിൽ വിളനാശം സംഭവിച്ചിട്ടുണ്ട്. അതിന് കണക്കാക്കിയിരിക്കുന്ന നഷ്ടം 7139.09 ലക്ഷം രൂപയാണ്. മൊത്തം 77987.76 ലക്ഷം രൂപയുടെ നഷ്ടമാണ് പൊതുവിൽ കണക്കാക്കിയിട്ടുള്ളത്. ഈ ദുരന്ത മേഖലയിലെ പ്രശ്നങ്ങൾ

പൂർണ്ണമായും പരിശോധിക്കാനും നടപടികൾ സ്വീകരിക്കാനുമെല്ലാം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് ചേരുന്ന മന്ത്രിസഭാ യോഗത്തിൽ പ്രത്യേകമായി ആലോചിച്ച് തീരുമാനമെടുക്കും. അത് സാധാരണഗതിയിൽ മതിയാകില്ലെന്ന് നേരത്തെത്തന്നെ ബഹുമാന്യനായ മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ അറിയിച്ചിട്ടുള്ളതാണ്. അതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. ഇത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിൽ നല്ല രീതിയിലുള്ള ഇടപെടൽ നടന്നിട്ടുണ്ടെന്ന് തന്നെയാണ് ബഹുമാന്യനായ അംഗം പ്രശ്നം അവതരിപ്പിച്ചപ്പോൾ ചൂണ്ടിക്കാണിച്ചത്. എല്ലാവരും ഏക മനസ്സോടെ പ്രവർത്തിച്ചുവെന്നും നാട്ടുകാർ വഹിച്ച പങ്കിനെ സംബന്ധിച്ചും അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. ഈ സംഭവമുണ്ടായ ഉടൻതന്നെ ഉണർന്നുപ്രവർത്തിക്കാൻ സമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്; അതിന് ഫലപ്രദമായി നേതൃത്വം നൽകാൻ മന്ത്രിമാർക്കും കഴിഞ്ഞിട്ടുണ്ട്. റവന്യൂ, തൊഴിൽ, ഗതാഗത വകുപ്പുമന്ത്രിമാർ ആദ്യംമുതൽതന്നെ അവിടെയുണ്ടായിരുന്നു. കളക്ടറേറ്റിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളെക്കുറിച്ച് ആധികാരികമായ യോഗവും ചേർന്നു. നാട്ടുകാർ നേരത്തെതന്നെ ഫലപ്രദമായ രക്ഷാപ്രവർത്തനങ്ങൾ അവിടെ ആരംഭിച്ചിരുന്നു. രക്ഷാപ്രവർത്തനങ്ങളുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള കുറവ് സംഭവിച്ചുവെന്ന് ആർക്കും പറയാൻ കഴിയില്ല. മുൻകൂട്ടി കാര്യങ്ങൾ മനസ്സിലാക്കുന്നതിലുള്ള പ്രയാസം സ്വാഭാവികമായുമുണ്ട്. എന്നാൽ അപകടസാധ്യതയുള്ള സ്ഥലത്ത് നിന്ന് ആളുകൾ മാറിപ്പാർക്കണമെന്ന് നേരത്തെതന്നെ അറിയിപ്പുണ്ടായിരുന്നു. ഈ പ്രദേശത്തും അങ്ങനെയുള്ള അറിയിപ്പുകളുണ്ടായിരുന്നു. എന്നാൽ സ്വാഭാവികമായും നമ്മളാരും അത്ര ഗൗരവത്തിലെടുക്കില്ല, ഇങ്ങനെയൊരു അനുഭവമില്ലാത്തതുകൊണ്ട് അത്തരമൊരു ഭയാശങ്കയിൽ ആളുകൾ നിൽക്കില്ല. ചെറിയ ഭയാശങ്കയുള്ളവർ അവിടെനിന്നും മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം, ചെങ്കുത്തായ പ്രദേശത്ത് താമസിക്കുന്നവരെ മുഴുവൻ മാറ്റിപ്പാർപ്പിക്കണമെന്നതാണ്. കേരളത്തിന്റെ ഒരു ഭാഗം ഇപ്പുറമുള്ളതുപോലെതന്നെ മലയോരപ്രദേശമാണ്; അവരെ മുഴുവൻ മാറ്റിപ്പാർപ്പിക്കുകയെന്നുപറയുന്നത് സാധ്യമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്; അതുകൊണ്ട് അപകടമൊഴിവാക്കാനാവശ്യമായ കുറേ കാര്യങ്ങൾ നാം മുൻകരുതലായി ചെയ്യേണ്ടതായിട്ടുണ്ട്. ഈ ദുരന്തത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ എന്തൊക്കെ ചെയ്യണം, ഏതെല്ലാം തരത്തിലാണ് ഇതൊഴിവാക്കാൻ കഴിയുന്നത് എന്നിവ സമഗ്രമായി ആലോചിക്കണം. നമ്മുടെ മലയോരപ്രദേശങ്ങളിൽ എന്തൊക്കെ

കരുതൽ സ്വീകരിക്കേണ്ടതായിട്ടുണ്ടെന്ന് ആലോചിക്കാമെന്നല്ലാതെ, ആളുകളെ മുഴുവൻ മാറ്റിപ്പാർപ്പിക്കാൻ പുറപ്പെട്ടാൽ അവരെവിടെ താമസിക്കും; അത് വല്ലാത്ത അവസ്ഥയാകില്ലേ? അതൊന്നും ആലോചിക്കാൻ കഴിയുന്ന കാര്യമല്ല.

ദുരന്തത്തിന്റെ ഫലമായി വയനാടുമായുള്ള ബന്ധം വിച്ഛേദിച്ചുപോയിയെന്ന് അദ്ദേഹം പറഞ്ഞു. അത് സംബന്ധിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ ഇന്നുണ്ട്. അതിനെ കുറിച്ച് ആ ഘട്ടത്തിൽ പറയാം. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കാര്യത്തിൽ ഫലപ്രദമായ നടപടികളുണ്ടാകും. ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ ഉണ്ടാകേണ്ടതുണ്ടോ ആ നടപടികളൊക്കെ ഫലപ്രദമായിത്തന്നെ ഉണ്ടാകും; ബന്ധപ്പെട്ട ജില്ലകളിലെ കളക്ടർമാരുമായും ചീഫ് സെക്രട്ടറി തലത്തിലും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. മുഖ്യമന്ത്രി എന്ന നിലയ്ക്ക് പ്രത്യേകമായി യോഗം ചേരുകയും കാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹമാകെ ഒറ്റക്കെട്ടായി ഈയവസരത്തിൽ നിന്നിട്ടുണ്ട്. ഇത്തരമൊരു ഘട്ടത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, താമരശ്ശേരി കട്ടിപ്പാറയിൽ ഉരുൾപൊട്ടി 13 പേർ മരിച്ചത് അതീവ ദുഃഖകരമായ സംഭവമാണ്. ആ സ്ഥലം ഞാൻ സന്ദർശിച്ചതിനുശേഷം മുഖ്യമന്ത്രിയോട് ഫോണിൽ ഈ ദുരന്തത്തിന്റെ വ്യാപ്തി അറിയിക്കുകയും ചില അഭിപ്രായങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഒരാളിനെ ഇനിയും കണ്ടെത്താനുണ്ട്. ആ പ്രദേശത്തെ അഞ്ചുവീടുകളിൽ നാലും മണ്ണും പാറയും വീണ് മൂടിപ്പോയി. അഞ്ച് മിനിട്ട് നേരംകൊണ്ട് ഒന്നര കിലോമീറ്റർ പ്രദേശമാണ് പാറയും മണ്ണും വീണ് മൂടിയത്. വെളുപ്പിന് മൂന്നര മണിയോടെയാണ് കരിഞ്ചോലമലയിൽ വടക്കുഭാഗത്ത് ആദ്യത്തെ ഉരുൾപൊട്ടലുണ്ടായത്. 4 ലക്ഷം ലിറ്റർ വെള്ളം സംഭരിക്കുന്ന ഒരു തടയണ കെട്ടി അവിടെ ഒന്നുരണ്ടാളുകൾ വെള്ളം സംഭരിച്ചിരിക്കുകയാണ്. ആ തടയണ പൊട്ടിയതോടു കൂടിത്തന്നെയാണ് ഉരുൾപ്പൊട്ടലും തുടർന്നുള്ള സംഭവങ്ങളുമുണ്ടായത്. ആര് അനുവാദം നൽകിയിട്ടാണ് അവിടെ തടയണ കെട്ടിയത്? ഏത് ജില്ലാ ഭരണകൂടത്തിന്റെ അനുമതിയോടെയാണ് 4 ലക്ഷത്തിൽപ്പരം ലിറ്റർ വെള്ളം ആ മലയുടെ മുകളിൽ സംഭരിച്ചത്? ജില്ലാ കളക്ടർ അനുവാദം കൊടുത്തോ; റവന്യൂ വകുപ്പിൽനിന്ന്

അനുവാദം നൽകിയോ? 4 ലക്ഷത്തിലധികം ലിറ്റർ വെള്ളം ആ മലയിൽ തടഞ്ഞുനിർത്തിയതിലൂടെയുണ്ടായ സമ്മർദ്ദംമൂലമാണ് ഉരുൾ പൊട്ടലുണ്ടായിയെന്നത് വിദഗ്ദ്ധർ പറയുന്ന കാര്യമാണ്.

ദുരന്തനിവാരണ അതോറിറ്റി പൂർണ്ണ പരാജയമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഓഖി ദുരന്തമുണ്ടായപ്പോൾ നമ്മൾ കണ്ടതും ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതും അതാണ്. വെളുപ്പിന് അഞ്ച് മണിക്കാണ് ഈ സംഭവമുണ്ടാകുന്നത്. ഒരു കുടുംബത്തിലെ എട്ടുപേരടക്കം പതിമൂന്നുപേർ മരിച്ചു. തൃശ്ശൂരിൽനിന്ന് ദുരന്തനിവാരണ സേന കോഴിക്കോടെത്താൻ നാല് മണിക്കൂർ എടുക്കുമെന്ന് മന്ത്രി പറഞ്ഞു. ഈ സന്ദർഭത്തിൽ അടിയന്തരമായി മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ആവശ്യപ്പെട്ടാൽ ഹെലികോപ്റ്റർ ലഭ്യമാക്കാൻ നേവിയും എയർഫോഴ്സും തയ്യാറാകും. അത്തരത്തിലുള്ള എത്രയോ അനുഭവം നമ്മുടെ മുന്നിലുണ്ട്. എന്തുകൊണ്ട് അര മണിക്കൂർകൊണ്ട് അവരെ എയർ ലിഫ്റ്റ് ചെയ്ത് ആ സ്ഥലത്ത് എത്തിക്കാൻ കഴിഞ്ഞില്ല? അത് സർക്കാരിന്റെയും വകുപ്പുമന്ത്രിയുടെയും വീഴ്ചയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ പോയി മനസ്സിലാക്കിയ ഒരു കാര്യം ഇവിടെ പറഞ്ഞല്ലോ. അതിനൊരു വ്യക്തത ഉണ്ടാകേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ഞാൻ കഴിഞ്ഞ നാല് ദിവസം അവിടെ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടം സന്ദർശിച്ച സമയത്ത് കളക്ടറേറ്റിൽ ദുരന്തനിവാരണ സമിതിയുടെ യോഗത്തിൽ പങ്കെടുക്കേണ്ടതിനാലാണ് ഞാനവിടെ ഇല്ലാതിരുന്നത്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം ഗൗരവമുള്ളതാണ്. ജലസംഭരണിയുടെ പ്രശ്നം സംബന്ധിച്ച ഒരു പരാതിയും പഞ്ചായത്തിലോ വില്ലേജാഫീസിലോ സർക്കാരിന്റെ മുന്നിലോ വന്നിരുന്നില്ല. അതുസംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. എന്നാൽ അതിന്റെ മുകൾഭാഗം വരെ ആളുകളെ അയച്ച് ഈ കാര്യങ്ങൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, ജലസംഭരണി ഉണ്ടായിയെന്ന് പറയുന്ന സ്ഥലത്തിന്റെ മുകൾഭാഗത്തുനിന്നാണ് ഇടിവ് വന്നിട്ടുള്ള തെന്നാണ്. എല്ലാ വിഷയവും വിശദമായി പരിശോധിക്കാൻ തീരുമാനിക്കുകയും അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉരുൾപൊട്ടലിനുള്ള സാഹചര്യം എങ്ങനെ വന്നുവെന്നുള്ളത് പരിശോധിക്കുന്നതിന് കോഴിക്കോടുള്ള CWRDM-നെ പ്രത്യേകം ചുമതലപ്പെടുത്തി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാനവിടെ പോയ സമയത്ത് ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. എ. കെ. ശശീന്ദ്രനും മറ്റ് ഉദ്യോഗസ്ഥരുമെല്ലാം കളക്ടറേറ്റിലുണ്ടായിരുന്നു. നാല് ലക്ഷത്തിലധികം ലിറ്റർ വെള്ളം ഒരു മലയുടെ മുകളിൽ സംഭരിച്ചതിനെ തുടർന്നാണ് ഈ ദുരന്തമുണ്ടായത്. റവന്യൂ വകുപ്പുമന്ത്രി ആ കാര്യം മിണ്ടിയതേയില്ല. ഇപ്പോൾ തൊഴിൽ വകുപ്പുമന്ത്രിയാണല്ലോ അത് പറഞ്ഞത്. അപ്പോൾ അദ്ദേഹത്തിന്റെയോ ജില്ലാ കളക്ടറുടെയോ അനുവാദത്തോടുകൂടിയാണോ വെള്ളം അവിടെ സംഭരിച്ചത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ പറയുന്നതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. ഞാനിന്നലെ ആ സ്ഥലത്തുപോയി ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിച്ചപ്പോഴും വാർത്താമാധ്യമങ്ങൾ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചപ്പോഴും ജില്ലാ കളക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് നടക്കാൻ പോകുന്ന അന്വേഷണവും അന്വേഷണ റിപ്പോർട്ടും വരുന്ന മുറയ്ക്ക് തുടർനടപടികളുണ്ടാകുമെന്ന കാര്യം ചൂണ്ടിക്കാണിച്ചിരുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മറ്റൊരു കാര്യമുള്ളത്, ഞാൻ പേര് പറയാൻ ഉദ്ദേശിക്കുന്നില്ല, ഒരു ജനപ്രതിനിധിയുടെ വാട്ടർ തീം പാർക്കിലും ഉരുൾപൊട്ടലുണ്ടായി. എന്നിട്ടും റവന്യൂ വകുപ്പുമന്ത്രി ഒന്നും മിണ്ടുന്നില്ല. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഒരു വൻപരാജയമാണ്. രണ്ടായിരം കോടി രൂപയാണ് ദുരന്ത നിവാരണത്തിനുവേണ്ടി കേന്ദ്ര സർക്കാർ നൽകുന്നത്. എന്താണിവിടെ ചെയ്യുന്നത്? Mr. E. Chandrasekharan, you are a big failure. അതെനിക്ക് പറയാതിരിക്കാൻ കഴിയില്ല. രണ്ടായിരം കോടി രൂപ കിട്ടിയിട്ടും ആ തുകകൊണ്ട് ഇവിടെ ആസ്ഥാന മന്ദിരം നിർമ്മിക്കുകയാണ്. അതാണോ ഇവിടെ വേണ്ടത്. കുറ്റകരമായ അനാസ്ഥയാണ് ഇക്കാര്യത്തിലുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുൻ സർക്കാരിന്റെ ഭരണകാലത്ത് ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ വഹിച്ചിരുന്ന ആളാണ്. കേന്ദ്രം ദുരന്തനിവാരണ ഫണ്ട് അനുവദിച്ചാൽ അതെങ്ങനെ, ഏതിനെല്ലാം, ഏതളവിൽ വിനിയോഗിക്കണമെന്നുള്ള പൊതുവായ നോംസ് നിലനിൽക്കുന്ന സാഹചര്യത്തിൽ അതിൽനിന്ന് മാറി ഏതെങ്കിലും തരത്തിൽ ആ ഫണ്ട് വിനിയോഗിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ സഭയേയും സമൂഹത്തേയുമാകെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവനകൾക്ക് ഒരടിസ്ഥാനവുമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേന്ദ്രത്തിന്റെ നോംസുണ്ടാകും. അത് സ്വാഭാവികമാണ്. പക്ഷെ ഇവിടെ ആസ്ഥാന മന്ദിരമുണ്ടാക്കുന്നതിനേക്കാൾ കൂടുതൽ ഗൗരവത്തോടുകൂടി ഓരോ ജില്ലകളിലും ദുരന്തനിവാരണ അതോറിറ്റിയുടെ

പ്രവർത്തനമുണ്ടാകണം. ഓഖി ദുരന്തമുണ്ടായപ്പോൾ ദുരന്ത നിവാരണ അതോറിറ്റി എവിടെയായിരുന്നു; അതിന്റെ ഘടനയെന്താണ്? മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരുമടങ്ങുന്ന എക്സ്-ഒഫിഷ്യോ അംഗങ്ങൾ മാത്രമേയുള്ളൂ. ആ അതോറിറ്റിയിൽ വിദഗ്ദ്ധനായ ഒരു വ്യക്തിപോലുമില്ല എന്നത് നമ്മൾ കാണണം. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശീലനം വേണമെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതൊന്നും ശരിയല്ല. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനൊന്ന് പറഞ്ഞോട്ടെ, ഇങ്ങനെയാണെങ്കിൽ ചർച്ച ചെയ്യാം, മന്ത്രി അനുവദിക്കുകയാണെങ്കിൽ ചർച്ച ചെയ്യാം. ഞാൻ എത്രതവണ വഴങ്ങണം? എനിക്ക് പറയാനുള്ളത്, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വളരെ ഗുരുതരമായൊരു പ്രശ്നം പറഞ്ഞു. മുൻകൂട്ടി ഈ കാര്യങ്ങൾ കാണാൻ എങ്ങനെ കഴിയുമെന്നാണ് അദ്ദേഹം ചോദിച്ചത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ദ്ധരുണ്ട്. വിദഗ്ദ്ധരായ രണ്ടംഗങ്ങൾ ഉണ്ടാകണമെന്നുതന്നെയാണ് നിശ്ചയിച്ചിട്ടുള്ളത്. ആ രണ്ട് അംഗങ്ങളോട്ടുകൂടിയ കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്. അങ്ങ് പറഞ്ഞ തടയണ പ്രശ്നം അന്വേഷിക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ, CWRDM ഡയറക്ടർ, സോയിൽ കൺസർവ്വേഷൻ ഡിസ്ട്രിക്ട് ഓഫീസർ, ജിയോളജിസ്റ്റ്, പഞ്ചായത്ത് സെക്രട്ടറി എന്നീ ആളുകൾ അടങ്ങുന്നൊരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇപ്പോൾ കാണാതായവരുടെ ബോഡി കണ്ടെത്താനുള്ള ശ്രമമാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. അന്വേഷണം ത്വരിതഗതിയിൽത്തന്നെ പൂർത്തിയാക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രി പറഞ്ഞ കാര്യം വളരെ ഗൗരവമുള്ളതാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് പറഞ്ഞു. ആരാണ് ഇതിന് അനുമതി കൊടുത്തതെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. അതിനെപ്പറ്റി അന്വേഷിക്കട്ടെ. ദുരന്തം എവിടെയെല്ലാം ഉണ്ടാകുമെന്നതിനെക്കുറിച്ച് നമുക്ക് അറിയില്ലല്ലോയെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അദ്ദേഹം ഒരു കാര്യം മനസ്സിലാക്കണം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ റവന്യൂ വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ ഉരുൾപൊട്ടൽ സാധ്യതാ ഭൂപടം തയ്യാറാക്കിയിരുന്നു. ഈ ഭൂപടം ദുരന്തനിവാരണ അതോറിറ്റിക്ക് പരിശോധിച്ചുകൂടേ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): .....മൈക്ക് ഓഫ്....

ശ്രീ. രമേശ് ചെന്നിത്തല: ഇല്ല ഞാൻ വഴങ്ങുന്നില്ല. അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് ഒന്നുമറിയില്ല. ഇത് ട്രാൻസ്പോർട്ടല്ല .....(ബഹളം)........... ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അങ്ങനെ പറയേണ്ടിയിരുന്നില്ല. പ്ലീസ്.... പ്ലീസ്..... (ബഹളം)..........

ശ്രീ. രമേശ് ചെന്നിത്തല: സർ, ദുരന്ത സാധ്യതാ ഭൂപടം അതിന്റെ അളവിലെ കുഴപ്പങ്ങൾകൊണ്ടുതന്നെ കൃത്യതയില്ലാതായി. .....(ബഹളം)....... ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഈ സാധ്യതാ പഠനം .....(ബഹളം)..... എന്നാൽപ്പിന്നെ അവർ സംസാരിക്കട്ടെ. അങ്ങ് അവരെ നിയന്ത്രിക്കാത്തതെന്താണ്?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് ഒന്നും അറിയില്ലെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ല. .........(ബഹളം)........... ആരെങ്കിലും ഒരാൾ എഴുന്നേറ്റു നിന്ന് പറയൂ. എല്ലാവരുംകൂടി ബഹളം വച്ചാൽ ഒന്നും കേൾക്കില്ല. ആരാണ് സംസാരിക്കുന്നത്? .............(ബഹളം)........... ശ്രീ. വി. എസ്. സുനിൽ കുമാർ സംസാരിക്കൂ. .........(ബഹളം)..........

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ ): സർ, ...... (ബഹളം)...........

മി. സ്പീക്കർ: ക്രമപ്രശ്നം ഉന്നയിക്കുകയാണ്. പോയിന്റ് ഓഫ് ഓർഡറാണ്. ............(ബഹളം)........... ഒരാൾ സംസാരിക്കട്ടെ. നിങ്ങളിരിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കോഴിക്കോട് ജില്ലയിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കെല്ലാം മന്ത്രിയെന്ന നിലയിൽ നേതൃത്വം കൊടുത്തയാളാണ് ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട മന്ത്രി എ. കെ. ശശീന്ദ്രൻ എഴുന്നേറ്റുനിന്ന സമയത്ത് അദ്ദേഹത്തിന് അതിനെപ്പറ്റി ഒന്നും അറിയില്ലായെന്ന് വളരെ അപഹാസ്യമായ രീതിയിൽ പറഞ്ഞത് ഓർഡറിലല്ല. അത് നീക്കം ചെയ്യേണ്ടതാണ്. ........(ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.* ...... (ബഹളം) ...........പ്ലീസ്.... പ്ലീസ്.... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

*ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3552/ഇ.ബി./2018/നി.സെ. തീയതി 19-6-2018) രേഖയിൽ നിലനിർത്തി

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാനപ്പെട്ട സ്പീക്കർ, ഞാനെത്ര തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വഴങ്ങി. ഓരോ മന്ത്രിയും എഴുന്നേറ്റ് ഇങ്ങനെ ചോദ്യം ചോദിക്കുമ്പോൾ ഞാനെന്ത് ചെയ്യും? ഞാൻ എത്ര തവണ വഴങ്ങി? വിവരമില്ലെന്നല്ല ഞാൻ പറഞ്ഞത്,.....(ബഹളം).....മന്ത്രിക്ക് വിവരമില്ലെന്നല്ല പറഞ്ഞത്. ....(ബഹളം)..... അങ്ങനെയല്ല പറഞ്ഞത്.

<u>മി. സ്പീക്കർ</u>: അദ്ദേഹത്തിന് ഒന്നുമറിയില്ലെന്നാണ് അങ്ങ് പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇല്ല, ഇല്ല. ....(ബഹളം)..... അങ്ങനെയല്ല പറഞ്ഞത്. എനിക്ക് പറയാനുള്ളത് ഈ ദുരന്ത നിവാരണത്തെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളോടൊപ്പം ദുരന്തമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ പഠനം നടക്കണം. അതിന്റെ ഭൂപടമുണ്ട്. ആ ഭൂപടം വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അതുപോലെതന്നെ 2016-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ദുരന്ത സാധ്യതാ ഭൂപടം പരിഷ്കരിക്കാൻ എന്തുകൊണ്ട് സർക്കാർ മുന്നോട്ടുവരുന്നില്ല. ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ദുരന്ത നിവാരണ അതോറിറ്റിയുടെ ഓഫീസ് നിർമ്മിക്കുന്നതിനെപ്പറ്റി പറഞ്ഞല്ലോ, യഥാർത്ഥത്തിൽ അത് State Emergency Operations Centre കൂടിയാണ്. അത് സംസ്ഥാനത്തിന്റെ മാത്രം ഒരു കേന്ദ്രമായല്ല പ്രവർത്തിക്കുന്നത്. 2015-ലാണ് അത് തുടങ്ങിയത്. അങ്ങയുടെ ഗവൺമെന്റാണ് അതിന് ഭരണാനുമതി നൽകിയിരുന്നത്. അതങ്ങ് മറന്നുപോയതുകൊണ്ടാണ് ഇപ്പോൾ ഇങ്ങനെ പറയുന്നത്. അതൊരാവശ്യമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മുൻഗണന ഏതിനാണ്? ജില്ലകളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കാണ് മുൻഗണനയുണ്ടാകേണ്ടത്. ഇവിടെ ഓഖി ദുരന്തമുണ്ടായപ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എവിടെയായിരുന്നു. ഇത്രയും ആളുകൾ മരിച്ചപ്പോൾ ശ്രീ. കടകംപള്ളി സുരേന്ദ്രനും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും അവിടെപ്പോയല്ലോ, റവന്യൂ വകുപ്പുമന്ത്രി എവിടെയായിരുന്നു? ഞാൻ പറഞ്ഞത്, കോഴിക്കോട് കട്ടിപ്പാറയിലെ ദുരന്തം മനുഷ്യനിർമ്മിതമാണ്. കാര്യങ്ങൾ ഗൗരവത്തോടെ എടുക്കാത്തതുകൊണ്ടുണ്ടായ ദുരന്തമാണ്. സംസ്ഥാനത്തെ ഏതാണ്ട് ഏഴ് ജില്ലകളിൽ മഴക്കെടുതിയുണ്ടായി; വ്യാപകമായ നഷ്ടവുമുണ്ടായി. ഇവിടെ കടലാക്രമണത്തെപ്പറ്റി പറഞ്ഞു, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും കടലോരങ്ങളിൽ ഒരു കല്ലിട്ടിട്ടുണ്ടോ? അങ്ങയുടെ മണ്ഡലമായ പൊന്നാനിയിൽ ഉൾപ്പെടെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടലാക്രമണ നിരോധന പ്രവർത്തനം നടന്നിട്ടില്ല. ഇറിഗേഷൻ വകുപ്പുമന്ത്രി പറയുന്നത്, കല്ലുവയ്ക്കാനാളില്ലെന്നാണ്. അങ്ങനെയുള്ള ആളുകളെ കണ്ടെത്തണം, അല്ലെങ്കിൽ

സർക്കാർ ചെയ്യണം. ഇന്ന് തീരപ്രദേശങ്ങളിലെ ജനങ്ങളനുഭവിക്കുന്ന പ്രയാസങ്ങൾ ചെറുതല്ല. കടലാക്രമണ ഭീഷണിമൂലം അറപ്പൻ കടൽ വന്ന് ഭൂമി മുഴുവൻ എടുത്തുകൊണ്ടുപോകുന്ന സ്ഥിതിയാണുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയുന്നില്ല. സൗജന്യറേഷൻ ലഭ്യമാക്കുമെന്ന് പറഞ്ഞിട്ട് എവിടെയാണ് സൗജന്യറേഷൻ ലഭിക്കുന്നത്? ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ ഇതുവരെ കിട്ടിയിട്ടില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ ഉദ്യോഗസ്ഥരെ ശാസിച്ചു. കാരണമെന്താണ്, യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. ഇത് നമ്മൾ ഗൗരവമായി കാണേണ്ട കാര്യമാണ്. ഇതിൽ രാഷ്ട്രീയമില്ല, മനുഷ്യജീവന്റെ പ്രശ്നമാണ്, ജനങ്ങളുടെ പ്രശ്നമാണ്. ദുരന്തനിവാരണ അതോറിറ്റിയെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് നമ്മുടെ നാട്ടിലുണ്ടാകുന്ന ദുരന്തങ്ങളെ തടയാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അതിന് തയ്യാറായില്ലെന്നതാണ് ഇവിടത്തെ മുഖ്യമായ പ്രശ്നം. കട്ടിപ്പാറയിൽ ദുരന്തമുണ്ടായപ്പോൾ ഏറ്റവും കൂടുതൽ സഹായിച്ചത് നാട്ടുകാരാണ്. ഞാനവരെ അഭിനന്ദിക്കുന്നു. നാട്ടുകാരും സാമൂഹ്യസന്നദ്ധ സംഘടനകളും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമാണ് അവിടെ ഏറ്റവും നല്ല പ്രവർത്തനം നടത്തിയത്. ഓരോ സ്ഥലത്തെയും സംബന്ധിച്ച പ്രാദേശികമായ അറിവുകൾ നാട്ടുകാർക്കുള്ളതുപോലെ മറ്റാർക്കുമുണ്ടാകില്ല. ദുരന്തനിവാരണ വികേന്ദ്രീകൃത സംവിധാനങ്ങൾക്കാണ് ഇന്ന് പ്രസക്തി. ദുരന്തമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നാട്ടുകാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള സംവിധാനമൊരുക്കാൻ തയ്യാറാകണമെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ പ്രസ്താവന ആരോ എഴുതിക്കൊടുത്തതാണ്. ഈ കാര്യങ്ങളിലൊന്നും യാതൊരു വ്യക്തതയുമില്ല. കോഴിക്കോട് ജില്ലാ കളക്ടർ നല്ല പ്രവർത്തനം കാഴ്ചവച്ചതിനെ ഞാനംഗീകരിക്കുന്നു. മറ്റ് പല ജില്ലകളിലും യാതൊരു കാര്യവും നടക്കുന്നില്ല. കഴിഞ്ഞ തവണ കൃഷിനാശം സംഭവിച്ച കൃഷിക്കാർക്കുപോലും ആനുകൂല്യങ്ങൾ കിട്ടിയില്ല. ഇതുസംബന്ധിച്ച് ദീപിക പത്രത്തിന്റെ എഡിറ്റോറിയലുണ്ട്. ഇതാണോ ഒരു സർക്കാർ ചെയ്യേണ്ടത്? ദുരിതാശ്വാസ പ്രവർത്തനങ്ങളെ സർക്കാർ ലാഘവ ബുദ്ധിയോടുകൂടി കാണുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

<u>ഡോ. എം. കെ. മുനീർ</u>: സർ, താമരശ്ശേരി, കട്ടിപ്പാറ പഞ്ചായത്തിലെ കരിഞ്ചോലമല എന്നീ സ്ഥലങ്ങൾ സന്ദർശിച്ചാൽ അങ്ങേയറ്റം ദയനീയമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്. സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന റാഫി എന്നയാൾ നാട്ടിൽ ഇപ്പോൾ തിരിച്ചെത്തിയിട്ടുണ്ട്. റാഫിയുടെ കുടുംബത്തിൽ

ഇനി ആരും അവശേഷിക്കുന്നില്ല. അവിടത്തെ മഴ പെയ്തൊഴിഞ്ഞാലും റാഫിയുടെ കണ്ണുനീര് പെയ്തൊഴിയില്ല. ഇവിടെ പറഞ്ഞതുപോലെ മന്ത്രിയും കളക്ടറും മുൻകയ്യെടുത്ത് കുറേ കാര്യങ്ങൾ അവിടെ ചെയ്തു. പക്ഷെ അവിടത്തെ പ്രധാന പ്രശ്നം, ഇതുപോലുള്ള ദുരന്തങ്ങൾക്കുശേഷമുള്ള പ്രതികരണമെന്ന നിലയിലല്ലാതെ ഇതൊക്കെ വരുമെന്ന് എത്രയോ തവണ മനസ്സിലാക്കിയിട്ടും അതിലേയ്ക്ക് ഒരു ചുവട് മുന്നോട്ടുവയ്ക്കാൻ നമുക്ക് സാധിച്ചിട്ടില്ലെന്നുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ പല കാര്യങ്ങളും ശരിയല്ലെന്ന് നമ്മൾ പറയുകയായിരുന്നു. ഡോ. കെ. ജി. താര എഴുതിയ 'നമ്മൾ എത്രയോ പിന്നിൽ' എന്ന ലേഖനം അങ്ങ് വായിക്കണം. അങ്ങേയ്ക്ക് അറിയാമല്ലോ ഡോ. കെ. ജി. താര ആരാണെന്ന്? സി.പി.ഐ. നേതാവായ കെ. ഗോവിന്ദപ്പിള്ളയുടെ മകളാണ്; അവർ ദുരന്ത നിവാരണ കേന്ദ്രത്തിന്റെ മുൻ മേധാവിയുമായിരുന്നു. അവർ പറഞ്ഞിട്ടുള്ള കാര്യം അങ്ങ് അംഗീകരിക്കുമെങ്കിൽ ഇവിടെ പറഞ്ഞ ഒരു കാര്യവും അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കില്ല. കേന്ദ്രത്തിനുവേണ്ടിയല്ല നമ്മൾ മുൻകയ്യെടുക്കേണ്ടത്. ഇതിനെ വികേന്ദ്രീകരിക്കണം. കേന്ദ്രീകൃതമായിട്ടല്ല ദുരന്ത നിവാരണത്തെ നേരിടേണ്ടത്. 13 പേരെ പുറത്തെടുക്കാൻ നാട്ടുകാരാണ് മുൻകയ്യെടുത്തത്. അല്ലാതെ ദ്രുതകർമ്മ സേനയോ മറ്റ് സേനയോ ഒന്നും വന്നിട്ടല്ല. ഇത്തരം സംഭവങ്ങളെല്ലാം കഴിഞ്ഞതിനുശേഷം വന്നിട്ടെന്ത് കാര്യം. സത്യത്തിൽ ജില്ലാതലത്തിൽ ദുരന്ത നിവാരണ കേന്ദ്രങ്ങളുണ്ടാകണം. കോഴിക്കോടും വയനാടും ദുരന്തമുണ്ടായാൽ മറ്റുള്ള സ്ഥലങ്ങളിൽ നിന്ന് ഓടിയെത്താൻ സാധിക്കില്ലെന്നാണ് ഡോ. കെ. ജി. താര എഴുതിയിരിക്കുന്നത്. വയനാടും കോഴിക്കോടും നിരന്തരമായി ഭൂകമ്പങ്ങളുണ്ടാകുന്നുണ്ട്. അതുപോലെ മലവെള്ളപ്പാച്ചിലിൽ എത്രയോ വീടുകൾ തകർന്നുകൊണ്ടിരിക്കുന്ന പ്രദേശമാണിത്. അവിടെ തടയണപോലെയുള്ള ഒരു ജലസംഭരണിയുണ്ടാക്കിയിട്ടുണ്ട്. ആ ജലസംഭരണിയിൽ നിന്നാണോ, അതിനുമുകളിൽ നിന്നുള്ള പാറപൊട്ടിച്ചതിൽ നിന്നാണോ, പാറപൊട്ടിക്കുന്നതുകൊണ്ടുണ്ടാകുന്ന വിള്ളലിൽ നിന്ന് വരുന്ന വെള്ളം ഇറങ്ങിവന്ന് അതിലൂടെ പാറ ഒലിച്ചിറങ്ങിയിട്ടാണ് ഇത്തരത്തിലുള്ള ദുരന്തങ്ങളുണ്ടാകുന്നതെന്ന് ഈ വിദഗ്ദ്ധ ലേഖനത്തിൽ പറയുന്നു. അങ്ങനെയാണെങ്കിൽ ഇത് മനുഷ്യനിർമ്മിതമായ ദുരന്തമാണ്. മനുഷ്യനിർമ്മിതമാണെങ്കിൽ അടിയന്തരമായി ഇതുസംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി ഇതാവർത്തിക്കാതിരിക്കാനുള്ള നടപടിയെടുക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അന്വേഷണം ഏത് തലത്തിലാണെന്ന് അറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. ചെറിയ തലത്തിലുള്ള അന്വേഷണമല്ല വേണ്ടത്. അതിലൊരു രാഷ്ട്രീയവും നോക്കേണ്ട. ദുരന്തമുണ്ടാക്കുന്ന, മനുഷ്യനെ കൊന്നൊടുക്കുന്ന ക്രിമിനൽ പ്രവൃത്തികൾ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ഏതളവുവരെയായാലും പോകണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

അതുപോലെ പ്രാദേശികമായി ജനങ്ങളെ സജ്ജമാക്കുന്നതിനായി തദ്ദേശീയ കർമ്മസേന രൂപീകരിക്കണം. community based disaster preparedness എന്നാണ് പറയുന്നത്. പ്രാദേശികമായ ആളുകൾ ഈ വിഷയം കൈകാര്യം ചെയ്തതിനെപ്പറ്റി അങ്ങ് പറഞ്ഞല്ലോ. അവർക്കറിയാവുന്നതുപോലെ ആ സ്ഥലത്തെക്കുറിച്ച് വേറെ ആളുകൾക്കറിയില്ല, എവിടെ; എന്ത്; എന്നറിയുന്നത് തദ്ദേശവാസികൾക്കാണ്. അതാണ് നമുക്കവിടെ കാണാൻ സാധിച്ചത്. അതുപോലെ ഹെലികോപ്ടർ എത്താൻ മൂന്ന് മണിക്കൂറെടുത്തുവെന്നാണ് പറയുന്നത്; കാറിൽ പോയാൽത്തന്നെ തൃശ്ശൂരിൽ നിന്നും കോഴിക്കോടെത്താൻ രണ്ടു മണിക്കൂറേയുള്ളൂ. ജനങ്ങൾക്ക് ഇതെല്ലാം അറിയുന്നതാണ്. അതുകൊണ്ട് ദയവുചെയ്ത് ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയൊന്നും പറയരുത്. അതുപോലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള അതോറിറ്റിയെക്കുറിച്ചും അതിൽ വിദഗ്ദ്ധരുണ്ടെന്നും പറഞ്ഞു. വൈദഗ്ദ്ധ്യം ഏതിലാണുള്ളത്? ദുരന്തം നേരിടുന്നതിനുള്ള യഥാർത്ഥ വൈദഗ്ദ്ധ്യമാണ് വേണ്ടത്, അത് ആണവ ദുരന്തമായാലും രാസദുരന്തമായാലും പ്രകൃതി ദുരന്തമായാലും ഏത് ദുരന്തത്തെയും നേരിടാൻ സാധിക്കുന്നവരായിരിക്കണം.

മി. സ്പീക്കർ: അങ്ങ് അടിയന്തരപ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള വാക്കൗട്ട് പ്രസംഗമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, വലിയ പ്രാധാന്യമുള്ളതും കോഴിക്കോട് ജില്ലയിലേതായതുകൊണ്ടും പറയുന്നതാണ്.

ഇപ്പോൾ അവിടെ പതിമൂന്നുപേരെ കണ്ടെടുത്തു. ഒരാൾ ഇനിയും അവശേഷിക്കുന്നുണ്ട്. ഗ്രൗണ്ട് പെനട്രേഷൻ റഡാർ (ജി.പി.ആർ.) എന്ന് പറയുന്ന ഒരുപകരണം ഹൈദ്രാബാദിൽനിന്നും കൊണ്ടുവന്നിട്ടുണ്ട്. അത് കൊണ്ടുവന്നിട്ട് എന്തെങ്കിലും ചെയ്യാൻ സാധിച്ചോ; ജി.പി.ആർ. കൊണ്ടുവന്നശേഷം ഒരാളെയെങ്കിലും കിട്ടാൻ കഴിഞ്ഞോ എന്നുള്ളത് അങ്ങയുടെ മറുപടിയിലൊന്നും ഞങ്ങൾ കേട്ടില്ല. ജി.പി.ആർ. ഉപയോഗിച്ച് അവശേഷിക്കുന്ന ആ ബോഡി എന്തുകൊണ്ട് കണ്ടെടുക്കാൻ സാധിക്കുന്നില്ല എന്നുള്ളതൊക്കെ അങ്ങ് പറയേണ്ടതായിരുന്നു. അങ്ങ് അതൊന്നും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയാണ് കുറച്ചുകാര്യങ്ങളെങ്കിലും പറഞ്ഞത്. അതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് മറുപടി പറയുമ്പോൾ കുറച്ചുകൂടി കാര്യങ്ങൾ പഠിച്ച് തയ്യാറായിരിക്കണം. കാരണം, ആളുകൾ അറിയാൻ ആഗ്രഹിക്കുന്ന കാര്യങ്ങളാണിതെല്ലാം. ഇപ്പോൾത്തന്നെ വയനാട്ടിലേയ്ക്ക് പോകാൻ സാധിക്കുന്നില്ല; ആ ചുരംതന്നെ ഇല്ലാതായിരിക്കുന്നു. ഞങ്ങളവിടെയും പോയി. വലിയ അപകടകരമായ അവസ്ഥയിലാണ്. അങ്ങോട്ടേയ്ക്ക് പോകുന്ന ആളുകൾക്ക് യാത്രാസൗകര്യം ഒരുക്കിക്കൊടുക്കണം എന്നുള്ളതുകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ആധുനികമായ എന്തെങ്കിലും സംവിധാനങ്ങൾ ഇക്കാര്യത്തിൽ ഉപയോഗിച്ചോ എന്ന് അങ്ങ് ചോദിച്ചു. യഥാർത്ഥത്തിൽ ജി.പി.ആർ. ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുതന്നെയാണ് അവിടെ പ്രവർത്തനം നടത്തിയത്. ആദ്യമായിട്ടാണ് ഈ റഡാർ സംവിധാനം ഇത്തരമൊരു സംഭവത്തിന് ഉപയോഗിക്കുന്നത്. അങ്ങനെയൊരു ഘട്ടം വന്നപ്പോൾ അതുപയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, അതിന് കഴിഞ്ഞു. പക്ഷെ അതിനുമുമ്പ് 13 പേരെ കണ്ടെടുത്തു. ജി.പി.ആർ. വന്നതിനുശേഷം എന്തെങ്കിലും ചെയ്യാൻ പറ്റിയോ എന്നുള്ള സംശയമാണ് ഞാൻ ചോദിച്ചത്. മുഖ്യമന്ത്രി വരെ അതിനെപ്പറ്റി പറഞ്ഞു. പക്ഷെ റവന്യൂ വകുപ്പുമന്ത്രിയിൽനിന്നും ഇതൊന്നും കേട്ടില്ല എന്നുള്ളതാണ്. അതുകൊണ്ട് അങ്ങ് ഞങ്ങൾ പറഞ്ഞത് കേൾക്കേണ്ട. സി.പി.ഐ. നേതാവിന്റെ മകൾ പറഞ്ഞതെങ്കിലും കേട്ടിട്ട് ഇക്കാര്യങ്ങളൊക്കെ നടപ്പിലാക്കാനുള്ള ശ്രമം നടത്തി എത്രയുംപെട്ടെന്ന് കേരളത്തെ രക്ഷിക്കണം. ഇനി ഭൂപടം തയ്യാറാക്കുമ്പോൾ പ്രാദേശിക ഭൂപടമായിരിക്കണം. ആ ഭൂപടത്തിൽ മാത്രമേ നമുക്ക് ഏറ്റവും ദുർബലമായ പ്രദേശം കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ കണ്ടുപിടിച്ച് അവിടെ മുൻകരുതലുകളെടുക്കാൻ കഴിയണം. എല്ലാം കഴിഞ്ഞശേഷം കരയുന്നതിനുപകരം അതിനെ ചെറുത്തുതോല്പിക്കുന്നതിനാണ് ശ്രമിക്കേണ്ടത്. ഈ പ്രദേശങ്ങളിലെല്ലാം വാട്ടർ തീം പാർക്ക് പോലുള്ളവ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ ആരെങ്കിലും വാട്ടർ തീം പാർക്ക് നിർമ്മിച്ച് അതിലൂടെ ദുരന്തമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാകണം. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, സംസ്ഥാന സർക്കാർ തയ്യാറാക്കിയ ദുരന്തനിവാരണ രേഖയനുസരിച്ച് പത്ത് താലൂക്കുകൾ ഉരുൾപൊട്ടൽ സാധ്യതയുള്ളവയാണ്. മിതസാധ്യതയുള്ള 25 താലൂക്കുകൾ കൂടിയുണ്ടെന്നുള്ള രേഖ സർക്കാരിന്റെ കൈവശമുണ്ട്. വാസ്തവത്തിൽ ഇത്തരത്തിലുള്ള അറിവുണ്ടായിട്ടും ആവശ്യമായ മുൻകരുതലെടുക്കാൻ സാധിച്ചില്ലെന്നുള്ളത് വളരെ സങ്കടകരമാണ്. മൺസൂൺ തുടങ്ങുന്നതിന് മുൻപുതന്നെ മുൻകരുതലെടുക്കേണ്ടതായിരുന്നു. ഏതായാലും ഞാൻ കൂടുതലൊന്നും പറയുന്നില്ല. രാവിലെയുണ്ടായ സംഭവത്തിൽ വൈകുന്നേരമാണ് ദുരന്ത നിവാരണ അതോറിറ്റി അധികൃതർ എത്തിയത്. അത് വലിയ കഷ്ടമാണ്.

കാലതാമസമുണ്ടായി എന്നുള്ളത് അക്ഷന്തവ്യമായ കുറ്റമാണ്. അതുസംബന്ധിച്ച് കൂടുതലൊന്നും പറഞ്ഞിട്ട് കാര്യമില്ല. സർക്കാരിന്റെ ഭാഗത്തുനിന്ന് വലിയ ഉദാസീനതയുണ്ടായിട്ടുണ്ട്. ഇവിടെ ദുരന്ത നിവാരണ അതോറിറ്റി പ്രവർത്തിക്കണമെന്ന് പറഞ്ഞു. ഏറ്റവും വലിയ അതോറിറ്റി മുഖ്യമന്ത്രിയാണ്. ഇത്ര ദാരുണമായ, 14 പേർ മരിച്ച, അനേകായിരം വീടുകൾ നഷ്ടപ്പെട്ട പ്രസ്തുത സ്ഥലം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിക്കണം. സ്ഥലം സന്ദർശിച്ച് അവിടെയുള്ള ആളുകൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യണം. രണ്ട് മന്ത്രിമാർ പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ടെന്ന് എനിക്കറിയാം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, അവിടെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടലിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ്. അദ്ദേഹം നിർദ്ദേശിച്ചതിൻപ്രകാരമാണ് ഞങ്ങൾ അവിടെ കേന്ദ്രീകരിച്ച് നിന്നത്. അദ്ദേഹം വീഡിയോ കോൺഫറൻസിംഗിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ പങ്കാളിത്തം അവിടെ ഉണ്ടായിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്തിരുന്നുകൊണ്ട് ഇങ്ങനെ നിർദ്ദേശങ്ങൾ നൽകിയെന്നുള്ളത് ശരിയാണ്. അത് സ്വാഭാവികമാണ്. പക്ഷെ ഇത്രയും വലിയ ദുരന്തമുണ്ടായ സ്ഥലം മുഖ്യമന്ത്രി സന്ദർശിച്ചാൽ അവിടെയുള്ള ആളുകൾക്ക് എത്ര വലിയ ആശ്വാസമാകുമായിരുന്നു. അവർക്ക് എന്തെല്ലാം കാര്യങ്ങൾ പറയാൻ കാണും; രണ്ട് സഹമന്ത്രിമാർ പോകുന്നതുപോലെയാണോ മുഖ്യമന്ത്രി പോകുന്നത്? അതുകൊണ്ട് മുഖ്യമന്ത്രി അവിടം സന്ദർശിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. ബഹുമാനപ്പെട്ട മന്ത്രിയുടെ സംസാരം കേട്ടപ്പോൾ ഒന്നുകൂടി രോഷം വന്നുവെങ്കിലും ഞാനത് പ്രകടിപ്പിക്കുന്നില്ല. എന്തായാലും പ്രസ്തുത വിഷയം ചർച്ച ചെയ്യാൻപോലും തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നമ്മുടെ സംസ്ഥാനത്ത് ഓഖി ദുരന്തത്തിന്റെ മുറിവുണങ്ങുന്നതിനുമുൻപാണ് കട്ടിപ്പാറയിലെ ഉരുൾപൊട്ടൽ എത്തിയിരിക്കുന്നത്. ഓഖി ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിച്ചതിന് കാരണം മതിയായ മുന്നറിയിപ്പ് കൊടുക്കാൻ കഴിയാതിരുന്നതും ദുരന്ത നിവാരണ സേനയടക്കമുള്ള ഏജൻസികളുടെ സമ്പൂർണ്ണമായ പരാജയവുമാണ്. കട്ടിപ്പാറ സംഭവമുണ്ടായപ്പോഴും അവരുടെ

ഇടപെടൽ എത്രമാത്രമായിരുന്നു എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി തന്നെ സംശയം പ്രകടിപ്പിച്ചു. അവിടെ എത്തുന്നതിന് സമയം വൈകിയെന്ന തടക്കമുള്ള കാര്യങ്ങൾ അദ്ദേഹംതന്നെ സമ്മതിക്കുകയുണ്ടായി. ഏതായാലും ഫലപ്രദമായൊരു ഇടപെടൽ ആ കാര്യത്തിൽ വന്നിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. ദുരന്തമുണ്ടായതിനുശേഷം ദുരിതാശ്വാസ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്ന ഒരു പ്രവർത്തനരീതി തന്നെയാണ് അവലംബിച്ചുവരുന്നത്. ഇപ്പോഴും അതുതന്നെ തുടരുകയാണ്. നൂതനമായ ആശയങ്ങളിലൂടെയും പുതിയ ശാസ്ത്രീയ രീതികളിലൂടെയും ഇത്തരത്തിലുള്ള കാര്യങ്ങളെ അതിജീവിക്കാൻ നമുക്ക് കഴിയണം. കേരളത്തിൽ ഉരുൾപൊട്ടലടക്കമുള്ള ദുരന്തങ്ങളുണ്ടാകാൻ സാധ്യതയുള്ള അപകടകരമായ സ്ഥലങ്ങളെക്കുറിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റിന് അറിവുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തുടർച്ചയായി കാലവർഷത്തിൽ ദുരിതമുണ്ടാകാനുള്ള സാഹചര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് അവരെ മാറ്റിപ്പാർപ്പിക്കുന്നതടക്കമുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടിയിരുന്നു. അതോടൊപ്പം ഇത്തരം സ്ഥലങ്ങളിൽ പലപ്പോഴും ആദ്യമെത്തുന്നത് പോലീസും അഗ്നിശമനസേനയും നാട്ടുകാരുമാ; ആദ്യമെത്തുന്നത് നാട്ടുകാർ തന്നെയാണ്. അവരുടെ പ്രവർത്തന ങ്ങളിലൂടെയാണ് പലപ്പോഴും ആദ്യ ഇടപെടലുകൾ വരുന്നത്. രണ്ടാമത് വരുന്നത് പോലീസും അഗ്നിശമനസേനയുമാണ്. പക്ഷെ ഇത്തരത്തിലുള്ള കാര്യങ്ങൾക്കു മുന്നിൽ അവർ പകച്ചുനിൽക്കുന്നുവെന്നുള്ളത് കേരളം ഇതിനുമുമ്പും അനവധി സന്ദർഭങ്ങളിൽ കണ്ടിട്ടുള്ളതാണ്. അഗ്നിശമനസേനയെ കൂടുതൽ സജ്ജീകരിക്കേ ണ്ടതായിട്ടുണ്ട്. ഞങ്ങളുടെ മണ്ഡലങ്ങളിൽ ആളുകൾ വെള്ളത്തിൽ വീണ് മരിക്കുന്ന ധാരാളം സംഭവങ്ങളുണ്ടാകുന്നുണ്ട്. അവിടെ ഫലപ്രദമായി ഇടപെടാൻ അഗ്നി ശമനസേനയ്ക്ക് കഴിയുന്നില്ല. ഒരു സ്കൂബാ ടീമോ മറ്റ് സജ്ജീകരണങ്ങളോയില്ല. ഒരാൾ വെള്ളത്തിൽ വീണാൽ നേവിയെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇത്തരം സന്ദർഭങ്ങളിൽ അഗ്നിശമനസേനാ വിഭാഗത്തിന്റെ എല്ലാ യൂണിറ്റുകൾക്കും ആവശ്യമായ സജ്ജീകരണങ്ങൾ കൊടുക്കാൻ കഴിയണം. എറണാകുളം ജില്ലയിൽ രണ്ടോ മൂന്നോ സ്ഥലങ്ങളിലാണ് സ്കൂബാ ടീമുകൾ പലപ്പോഴും ഫലപ്രദമായും പ്രവർത്തിക്കുന്നത്. അതുകൊണ്ട് പ്രധാനപ്പെട്ട ഫയർ സ്റ്റേഷനുകളിലൊക്കെ ഇതിനായിട്ടുള്ള സജ്ജീകരണങ്ങൾ കൊണ്ടുവരാനുള്ള നടപടി സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഒപ്പംതന്നെ നഷ്ടപരിഹാരത്തിന്റെ കാര്യത്തിലും തീരുമാനമെടുക്കണം. കഴിഞ്ഞ തവണയുണ്ടായ വേനൽമഴമുതൽ നാശനഷ്ടങ്ങൾ വരികയാണ്. ചെറുതും വലുതുമായ ധാരാളം പ്രകൃതി ദുരന്തങ്ങളുണ്ടാ യിട്ടുണ്ട്. ഇതിലൊക്കെ മതിയായ നഷ്ടപരിഹാരം കിട്ടുന്നില്ല. കട്ടിപ്പാറയിൽ സർക്കാരിന്റെ കൂടുതൽ ഇടപെടലുണ്ടാകണം. അവിടെ കുറച്ചുതുക വിതരണം ചെയ്തിട്ടുണ്ടാകും, പക്ഷെ ഞാനാദ്യം സൂചിപ്പിച്ചതുപോലെ കേരളത്തിലെ മറ്റ് പല

സ്ഥലങ്ങളിലുമുണ്ടാകുന്ന ചെറുതും വലുതുമായ പ്രകൃതിദുരന്തങ്ങളിൽ വീടുകൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെടുന്നവർ, കൃഷിനാശമുണ്ടാകുന്നവർ ഇവർക്കൊന്നും നഷ്ട പരിഹാരം കിട്ടുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഭവനങ്ങൾ നഷ്ടപ്പെടുന്നവർക്ക് അടിയന്തര ധനസഹായം നൽകാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഈയവസരത്തിൽ ഞാനാഗ്രഹിക്കുകയാണ്. എന്തായാലും വളരെ ഗുരുതരമായ ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) ദുരന്തനിവാരണ പ്രവർത്തനങ്ങൾ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കാലവർഷക്കെടുതിയെ സംബന്ധിച്ച് സഭയിൽ ഒട്ടേറെ പരാമർശങ്ങൾ നടന്നതിനാൽ വളരെ വിശദമായി കാര്യങ്ങൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മലബാറിൽ 6 ജില്ലകളിൽ റെഡ് അലർട്ടും മൂന്ന് ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരിക്കുകയാണ്. കാലവർഷക്കെടുതി ഉണ്ടായപ്പോൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കുറ്റമറ്റ രീതിയിലുള്ള രക്ഷാപ്രവർത്ത നങ്ങൾക്കാണ് നേതൃത്വം കൊടുത്തതെന്ന് നമുക്ക് കാണാൻ കഴിയും. പ്രതിപക്ഷം അതിനെ രാഷ്ട്രീയമായി ഉപയോഗിച്ചത് നിർഭാഗ്യകരമാണ്. കട്ടിപ്പാറ, കരിഞ്ചോല മലയിലെ തദ്ദേശവാസികളായ ആളുകൾ രാഷ്ട്രീയമെല്ലാം മറന്ന് രക്ഷാപ്രവർത്ത നങ്ങളിൽ ഏർപ്പെട്ടത് പ്രതിപക്ഷം മനസ്സിലാക്കേണ്ടതായിരുന്നു. ഇവിടെ വലിയ രീതിയിലുള്ള ആൾനാശവും കൃഷിനാശവും ഉണ്ടാവുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാം അടിയന്തരമായി നമുക്ക് ഇടപെടേണ്ടതുണ്ട്. കോഴിക്കോട് ജില്ലയിൽ റവന്യൂ, എക്സൈസ്, ഗതാഗതം എന്നീ വകുപ്പുകളിലെ മന്ത്രിമാരെ ഉൾപ്പെടുത്തിക്കൊണ്ട് മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിംഗ് നടത്തി കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എല്ലാ വകുപ്പുകളും നല്ല രീതിയിൽ ഇടപെട്ടുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം

കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൗമശാസ്ത്ര പഠനത്തിന്റെ ഫലമായി ദുരന്തം ഉണ്ടാകാവുന്ന ഒട്ടേറെ കേന്ദ്രങ്ങൾ മുൻകൂട്ടി കണ്ടിട്ടുണ്ട്. തുടർപഠനങ്ങൾ നടത്തി അത്തരം സ്ഥലങ്ങളെ ഐഡന്റിഫൈ ചെയ്ത് പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനായി മുൻകരുതലുകൾ സ്വീകരിക്കണം. മനുഷ്യ സാധ്യമായ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്തിട്ടുണ്ടെന്ന് ആർക്കും പറയാൻ കഴിയും, ആർക്കും അത് നിഷേധിക്കാനും കഴിയില്ല. അക്കാര്യത്തിൽ യാതൊരു സംശയവും ഉണ്ടാകേണ്ട കാര്യമില്ല.

ഒരു ദുരന്തമുണ്ടായാൽ ആദ്യം ഓടിയെത്തുന്നത് തദ്ദേശവാസികളാണ്. അവർ ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അവർക്ക് അത്തരം കാര്യങ്ങൾ സംബന്ധിച്ചുള്ള വിശദമായ അറിവൊന്നുമില്ലെങ്കിലും തദ്ദേശീയമായ അറിവും മറ്റ് കാര്യങ്ങളുമുണ്ടാകും. അവർക്കായി ത്രിതല പഞ്ചായത്ത് അടിസ്ഥാനത്തിലും മറ്റ് രീതിയിലും കൂടുതൽ മുൻകരുതലെടുക്കാനും പരിശീലനം നൽകാനുമാവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഭൗമശാസ്ത്ര പഠനത്തിന്റെ ഭാഗമായി അത്യാഹിതങ്ങളുണ്ടാകുമെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ തുടർപഠനമാവശ്യമുണ്ടെങ്കിൽ അതാരംഭിക്കാൻ കഴിയണം.

ചികിത്സാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട് പലപ്പോഴും തടസ്സങ്ങൾ ഉയർന്നു വരാറുണ്ട്. സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സൗകര്യമുണ്ടാകില്ല. എന്റെ ജില്ലയിൽ ഒരാളെ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോവുകയും അവിടെവച്ച് മരിക്കുകയും ചെയ്തു. ഒരു മരണമാണ് അവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ചികിത്സാ ചെലവിന്റെ തുക ആര് കൊടുക്കുമെന്ന കാര്യത്തിൽ തർക്കം നിലനിൽക്കുകയാണ്. അത്തരം കാര്യങ്ങളിൽ പ്രത്യേക തീരുമാനമെടുത്ത് നടപ്പിലാക്കാൻ കഴിയണം. കളക്ടറുമായി ബന്ധപ്പെട്ടപ്പോൾ സർക്കാരാശുപത്രികളിലെ ചികിത്സാ ചെലവ് മാത്രമെ കൊടുക്കാൻ കഴിയൂവെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നോംസ് പരിശോധിക്കാൻ സർക്കാർ തീരുമാനിക്കുകയും ഇന്ന് ചേരുന്ന ക്യാബിനറ്റ് യോഗത്തിൽ പ്രസ്തുത നോംസ് പരിശോധിക്കുമെന്ന് റവന്യൂ വകുപ്പുമന്ത്രി അറിയിച്ചിട്ടുമുണ്ട്. അത് സമയബന്ധിതമായും കൃത്യമായും ആവശ്യമനുസരിച്ചും കൊടുക്കാൻ കഴിയണം. വീട് നശിച്ചാൽ 5,000 രൂപ മുതൽ 1,00,000 രൂപ വരെയാണ് ധനസഹായം കൊടുക്കുന്നത്. 5,000 രൂപ കൊടുത്തിട്ട് യാതൊരു കാര്യവുമില്ലെന്ന് എല്ലാവർക്കുമറിയാം. വീട് പുനർനിർമ്മിക്കുന്നതിനും നഷ്ടപ്പെട്ട വീടുകൾ പൂർണ്ണമായും നിർമ്മിക്കുന്നതിനുമാവശ്യമായ സഹായം ലഭ്യമാക്കണം.

വൻതോതിലുള്ള കൃഷിനാശത്തെ സംബന്ധിച്ച കണക്കുകൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അതെല്ലാം സമയബന്ധിതമായി കൊടുക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം. ജില്ലാതല ദുരന്തനിവാരണ കമ്മിറ്റിയിൽ ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും ജനപ്രതിനിധി എന്ന നിലയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാണുള്ളത്. പലപ്പോഴും പരിസ്ഥിതി പ്രവർത്തകർ അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ഇതിനെ ഉപയോഗിക്കുന്നതായി കാണാറുണ്ട്. ടി കമ്മിറ്റിയെ ശാസ്ത്രീയമായ രീതിയിൽ പുന:സംഘടിപ്പിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. ഗതാഗതം പൂർണ്ണമായും തകർന്നുപോയ മേഖലകളിൽ അവ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ താമരശ്ശേരി ചുരം പൂർണ്ണമായും തകർന്നു പോയിരിക്കുകയാണ്. ഇപ്പോൾ ഷട്ടിൽ സർവ്വീസ് മാത്രമാണ് നടത്തുന്നത്. ഞങ്ങളൊക്കെ ഇന്നലെ കൽപ്പറ്റയിൽ നിന്ന് ചിപ്പിലിത്തോട് ബസ്സിറങ്ങിയതിനു ശേഷം നടന്ന് വരികയാണ് ചെയ്തത്. അങ്ങനെ മാത്രമേ ഇപ്പോൾ യാത്ര ചെയ്യാൻ സാധിക്കുന്നുള്ളൂ. മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ പൂർണ്ണമായ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരാൻ മൂന്നുമാസമെടുക്കുമെന്നാണ് നാഷണൽ ഹൈവേ ഉദ്യോഗസ്ഥർ പറയുന്നത്. ഏനാത്ത് പാലം നിർമ്മിച്ചതുപോലെ അടിയന്തര പ്രാധാന്യത്തോടുകൂടി വയനാട് ചുരം പുനർനിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ താൽക്കാലികമായി ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിനെല്ലാം എക്സൈസ്, ഗതാഗതം, തുറമുഖം എന്നീ വകുപ്പുകളിലെ മന്ത്രിമാർ അവിടെ യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിട്ടുണ്ട്. അക്കാര്യത്തിലൊന്നും ഒരു കുറവുമുണ്ടായിട്ടില്ല. നമ്മുടെ മെക്കാനിസത്തിന്റെ ചില കുറവുകളുണ്ടായിരിക്കാം. അതുകൊണ്ട് ഏനാത്ത് പാലം നിർമ്മിച്ചതുപോലെ മിലിട്ടറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുമോയെന്നതിനെക്കുറിച്ച് ആലോചിക്കണം. മാക്കൂട്ടം ചുരം റോഡ് തകർന്നു പോയിരിക്കുകയാണ്. ഇരിട്ടി വഴി പോകേണ്ട വാഹനങ്ങളെല്ലാം കിലോമീറ്ററോളം ചുറ്റിസഞ്ചരിച്ച് മാനന്തവാടി വഴിയാണ് പോകുന്നത്. വയനാട്ടിലേയ്ക്ക് വരുന്ന ദീർഘദൂര സർവ്വീസുകളെല്ലാം കുറ്റ്യാടി ചുരം, നിലമ്പൂർ, തമിഴ്നാട്ടിലെ നാടുകാണി ചുരം എന്നീ വഴികളിലൂടെയാണ് തിരിച്ചുപോകുന്നത്. ഇതെല്ലാം ജനങ്ങൾക്ക് വലിയ പ്രയാസമുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതെല്ലാം പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം. കട്ടിപ്പാറ പ്രദേശമുൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് സഭയിൽ വന്നിട്ടില്ല. അദ്ദേഹം സ്ഥലത്ത് ക്യാമ്പ് ചെയ്ത് ഇക്കാര്യങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുകയാണ്. അദ്ദേഹം സഭയിൽപ്പോലും വരാതെയാണ് ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നത്. മന്ത്രിമാർ എല്ലാ ദിവസവും അവിടെയുണ്ടായിരുന്നു. 10 ലോറിയിൽ ദുരന്തനിവാരണ സേനയുടെ ആളുകൾ വന്നിട്ടുണ്ട്. അവർ വരാൻ കുറച്ച് താമസമുണ്ടായിട്ടുണ്ട്. അതിനെ

തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ആവശ്യമായ എക്യുപ്മെന്റ്സ് ഉൾപ്പെടെ പത്ത് ലോറിയിലാണ് ദുരന്തനിവാരണ സേനയിലെ ആളുകൾ വന്നത്. ആ കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ട് സംസാരിക്കുന്നത് ശരിയല്ല. ഏറ്റവും അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഞങ്ങളുടെ ജില്ലയിൽ റവന്യൂ, ആരോഗ്യം, വനം ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് കുറ്റമറ്റ രീതിയിലാണ് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ രീതിയിൽ മറ്റ് കാര്യങ്ങളും അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ വിഷയവുമായി ബന്ധപ്പെട്ട് മൂന്നംഗങ്ങൾകൂടി നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ജോർജ് എം. തോമസ്: സർ, ദുരന്തംമൂലം കൂടുതൽ പ്രയാസങ്ങൾ നേരിട്ട മണ്ഡലമാണ് തിരുവമ്പാടി. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. റവന്യൂ ഉദ്യോഗസ്ഥർ ഇതുസംബന്ധിച്ച കണക്കുകൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. തിരുവമ്പാടിക്കാർക്ക് ഇത്തരമൊരു ദുരന്തം ആദ്യമായിട്ടല്ല. 2012 ആഗസ്റ്റ് 6-ാം തീയതിയാണ് എട്ടുപേർ മരിച്ച പുല്ലൂരാംപാറ ഉരുൾപൊട്ടലുണ്ടായത്. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർട്ടിയാണ് കേരളം ഭരിക്കുന്നത്. അന്ന് ജില്ലാ കളക്ടർ മദ്രാസിലായിരുന്നതിനാൽ 40 മണിക്കൂറിലധികം വൈകിയാണ് അദ്ദേഹം സംഭവസ്ഥലത്തെത്തിയത്. ഡെപ്യൂട്ടി കളക്ടർ ശ്രീമതി രമാദേവി മാത്രമാണുണ്ടായിരുന്നത്. മന്ത്രിമാരും എം.എൽ.എ.-മാരും മൂന്ന് ദിവസം കഴിഞ്ഞാണ് സംഭവസ്ഥലത്ത് എത്തിച്ചേർന്നത്. അന്ന് രാത്രി വെള്ളപ്പൊക്കത്തിൽ പാലം ഒലിച്ചുപോകുന്ന സമയത്ത് സഖാവ് റ്റി. പി. രാമകൃഷ്ണനും ഞാനും കോടഞ്ചേരിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ പെട്ടെന്ന് സംഭവ സ്ഥലത്തേയ്ക്ക് പോകുകയാണ് ചെയ്തത്. എന്റെ വാഹനം കടന്നുപോയ ഉടനെ പാലത്തിൽ വെള്ളം കയറി. രണ്ട് മിനിറ്റ് വൈകിയെങ്കിൽ ഞാനും വെള്ളത്തിൽപ്പെട്ടുപോകുമായിരുന്നു. മരങ്ങൾ ഒഴുകിവരികയും മല പോലെയുള്ള വലിയ ഉരുളൻ കല്ലുകൾ വീണ് റോഡ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെടുകയും ചെയ്തു. ആ സംഭവത്തിന്റെ പിറ്റേന്ന് രാവിലെ ആറ് മണിക്ക് കോഴിക്കോട് ജില്ലയിലെ അന്നത്തെ എൽ.ഡി.എഫ്. എം.എൽ.എ.-മാരും ഞാനും ഞങ്ങളുടെ പാർട്ടി നേതാക്കളുമെല്ലാം മുൻകയ്യെടുത്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കാരെക്കൊണ്ട് പണിചെയ്യിപ്പിച്ചാണ് റോഡ് ഗതാഗതം ഭാഗികമായെങ്കിലും പുനഃസ്ഥാപിച്ചത്. ഒരു എം.എൽ.എ.-യോ മന്ത്രിയോ

അവിടെയുണ്ടായിരുന്നില്ല. അതിൽനിന്ന് എത്രയോ വ്യത്യസ്തമായ സമീപനമാണ് ഇപ്പോഴുണ്ടായത്. 14-ാം തീയതി രാവിലെ 4 മണിക്ക് സുബഹി ബാങ്ക് കൊടുത്തപ്പോഴാണ് ഈ ദുരന്തമുണ്ടാകുന്നത്. നോമ്പുതുറയ്ക്ക് തലേന്ന് രാത്രി അവിടെ വിരുന്നിന് പോയ ആളുകളുൾപ്പെടെയുള്ളവരാണ് ദുരന്തത്തിൽപ്പെട്ടത്. ഒരു മണിക്കൂറിനിടയിൽ എക്സൈസ് വകുപ്പുമന്ത്രി സംഭവസ്ഥലത്തെത്തി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുകയും മുഖ്യമന്ത്രിയെ അറിയിക്കുകയും ചെയ്തു. ഉദ്യോഗസ്ഥർ പറയുന്നത് കേൾക്കുമ്പോൾ നമുക്ക് രോമാഞ്ചമുണ്ടാകുകയാണ്. മുഖ്യമന്ത്രി നൽകിയ ആത്മവിശ്വാസമാണ് 24 മണിക്കൂറും ഉറക്കമുണർന്ന് ഈ പ്രവർത്തനം നടത്താൻ ഞങ്ങളെ പ്രേരിപ്പിക്കുന്നതെന്നാണ് ജില്ലാ കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥർ പറയുന്നത്. അവർ ചെയ്ത പ്രവർത്തനങ്ങളെ മുഖ്യമന്ത്രി അഭിനന്ദിച്ചു. തുടർന്ന് ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ തിരുവനന്തപുരത്തുനിന്ന് നിർദ്ദേശിച്ചതനുസരിച്ചാണ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. ജില്ലാകളക്ടറെ പ്രതിപക്ഷനേതാവ് അഭിനന്ദിക്കുന്നത് കണ്ടു. ജില്ലാ കളക്ടർ 24 മണിക്കൂറും പ്രവർത്തിക്കുകയാണ്. മുഖ്യമന്ത്രിയുടെ ധാർമ്മിക പിന്തുണ നല്ല രീതിയിൽ ആത്മവിശ്വാസം തന്നുവെന്ന് അദ്ദേഹം വ്യക്തിപരമായി എന്നോട് പറഞ്ഞതാണ്. വയനാട് ചുരം ഇപ്പോൾ 60 മീറ്ററോളം ഇടിഞ്ഞുപോയി. അതുവഴി വളരെ ശ്രദ്ധാപൂർവ്വം യാത്ര ചെയ്തില്ലെങ്കിൽ അപകടത്തിൽപ്പെടുകയും ഇരുപതോളം മീറ്റർ താഴ്ചയിലേയ്ക്ക് വീഴുകയും ചെയ്യും. ടെണ്ടർ പ്രൊസീഡ്യുവർ ഉൾപ്പെടെയുള്ള നടപടികളുടെ സാങ്കേതിക നൂലാമാലകൾ മറികടന്ന് അടിയന്തരമായി അവിടെ പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി നടപടി സ്വീകരിച്ചു. എക്സൈസ് വകുപ്പുമന്ത്രിയും ഞാനും ആ ചുരത്തിൽ നിന്നാണ് അദ്ദേഹത്തെ വിളിച്ചത്. അദ്ദേഹം ഞങ്ങളോട് ഫോണിൽ സംസാരിച്ചതുപ്രകാരമുള്ള ജോലി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരാഴ്ചകൊണ്ട് ഗതാഗതം താൽക്കാലികമായി പുനഃസ്ഥാപിക്കാൻ കഴിയുമെന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്. രണ്ട് മാസംകൊണ്ട് പൂർണ്ണമായും പഴയ രൂപത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ വാക്കിനെ വിശ്വസിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി അവിടെ പണി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെ ആസൂത്രിതവും സംഘടിതവുമായ പ്രവർത്തനങ്ങളിൽ ഇടപെട്ട ഒരു ചരിത്രമില്ല. ഞാൻ അവിടെ എല്ലാ ക്യാമ്പുകളിലുമുള്ളവരെയും കാണുകയും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തകർച്ചയിൽപ്പെട്ടതും ഭീഷണിയിലുള്ളതുമായ എല്ലാ വീടുകളും കുന്നും മലയും കയറിനടന്ന് നേരിട്ട് കണ്ടിട്ടുള്ളതുമാണ്. ക്യാമ്പുകളിലെ ഒരാൾക്കും നേരിയ അഭിപ്രായവ്യത്യാസം പോലുമില്ല. ഡോക്ടർമാർ വന്ന് പരിശോധിച്ചു എന്നാണവർ പറഞ്ഞത്. അഞ്ചാം പനി ബാധിച്ച ഒരാളൊഴിച്ച് മറ്റാർക്കും ഒരു പരാതിയുമില്ല. ആവശ്യമായ രക്ഷാപ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

യഥാസമയത്ത് അവർക്ക് ഭക്ഷണം കൊടുക്കുന്നുണ്ട്. പെരുന്നാൾ ദിവസത്തിൽ ചില ക്യാമ്പുകളിൽ ബിരിയാണിയാണ് കൊടുത്തത്. അവരുടെ മറ്റ് കാര്യങ്ങളെല്ലാം അന്വേഷിക്കാൻ ഉദ്യോഗസ്ഥർ സദാ സന്നദ്ധരായിട്ടുണ്ട്. മിംസ് ഹോസ്പിറ്റൽ, എയ്ഞ്ചൽസ് എന്ന സ്ഥാപനത്തിലെ ഡോക്ടർമാരുടെ സംഘടനകൾ തുടങ്ങിയവർ പൂർണ്ണമായും സ്വയം സന്നദ്ധരായി മുന്നോട്ടുവന്ന് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ജനങ്ങൾ സംതൃപ്തരാണ്. ഒരു പാർട്ടിയുടെയും അഭിപ്രായവ്യത്യാസമില്ലാതെ എല്ലാവരും യോജിച്ച് നടത്തുന്ന പ്രവർത്തനമാണ് അവിടെ നടക്കുന്നത്. ആ തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോര തന്നെ കൊതുകിന്നു കൗതുകം"

എന്ന് പറഞ്ഞതുപോലെയാണ് പ്രതിപക്ഷനേതാവ് സംസാരിക്കുന്നത്. അദ്ദേഹം കണ്ടാൽ മാന്യനാണ്, നല്ലതുപോലെ ചിരിക്കുന്ന ആളാണ്; പക്ഷെ അദ്ദേഹത്തിന് എന്തെങ്കിലും പറയണ്ടേ? അദ്ദേഹത്തിന്റെ പൊസിഷൻ ഇപ്പോൾ കുറച്ച് അപകടത്തിലാണെന്നാണ് പത്രങ്ങൾ പറയുന്നത്. ആ അപകടകരമായ പൊസിഷനിൽനിന്ന് രക്ഷപ്പെടാൻവേണ്ടി പ്രതിപക്ഷത്തിന്റെ റോൾഎടുക്കാൻ വേണ്ടിയാണോ എന്നറിയില്ല അദ്ദേഹം ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. .....ബഹളം..... ദുരന്തസേന വരാൻ ഒരു മണിക്കൂർ വൈകിയെന്ന് പറഞ്ഞു. ദുരന്തസേന വരാൻ വൈകിയതുകൊണ്ടല്ല പ്രശ്നമുണ്ടായത്. ദുരന്തസേന വരുന്നതിന് എത്രയോ മണിക്കൂറുകൾക്കുമുമ്പ് അവിടത്തെ നാട്ടുകാർ സ്വയം സന്നദ്ധരായി രക്ഷാ പ്രവർത്തനം നടത്തി. മിക്കവാറുമുള്ള ശവശരീരങ്ങൾ അവരാണ് കണ്ടുപിടിച്ചത്. ഒരു ദുരന്തസേനയുടെയും സഹായമില്ലാതെ അവിടത്തെ ആളുകൾക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞു. .....ബഹളം..... അതിന് നിങ്ങൾ ദേഷ്യപ്പെട്ട് സംസാരിക്കേണ്ട. പ്രതിപക്ഷനേതാവിന്റെ കൂടെ വന്ന കോൺഗ്രസ് ഡി.സി.സി. പ്രസിഡന്റ് പറഞ്ഞ ആരോപണം എന്താണെന്ന് അറിയാമോ? ഒരാൾക്ക് പായ് കിട്ടിയില്ലെന്നാണ്. അത് വലിയ ആനക്കാര്യമാണല്ലോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ജോർജ് എം. തോമസ്, പ്ലീസ് കൺക്ലൂഡ്.........പ്ലീസ്........

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, തികച്ചും രാഷ്ട്രീയപരവും ദുരുദ്ദേശ പരവുമായ വിമർശനമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. 2012-ലെ അനുഭവം ഞങ്ങൾക്കെല്ലാമുണ്ട്. അന്ന് മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ് ഉൾപ്പെടെയുള്ള മറ്റ് മന്ത്രിമാരും വന്നു. എല്ലാ വാഗ്ദാനങ്ങളും

ചൊരിഞ്ഞു. ഒലിച്ചുപോയ മുഴുവൻ കൃഷിക്കാർക്കും ഒരേക്കർ വീതം കൃഷിഭൂമി വാങ്ങിക്കൊടുക്കുമെന്നും വീട് നഷ്ടപ്പെട്ടവർക്കെല്ലാം 5 ലക്ഷം രൂപയുടെ വീട് കൊടുക്കുമെന്നും പറഞ്ഞിട്ട് നയാപൈസ നാളിതുവരെ കൊടുത്തില്ലെന്നുള്ളത് ശ്രീ. വി. ഡി. സതീശൻ മനസ്സിലാക്കണം. ഒരേക്കർ ഭൂമി വാങ്ങിക്കൊടുക്കുമെന്ന് പറഞ്ഞിട്ട് ഒരു സെന്റ് ഭൂമി വാങ്ങി കൊടുത്തിട്ടില്ല. 25 വീടുകൾ പൂർണ്ണമായും നശിച്ചു. ഒരാളെപ്പോലും ഷെൽട്ടറിലേയ്ക്ക് നിങ്ങൾ മാറ്റിയിട്ടില്ല. നിങ്ങളുടെ ഭരണ കാലത്ത് ഇങ്ങനെയൊക്കെ ചെയ്തിട്ടാണ് ഇപ്പോൾ ഞങ്ങളെ വിമർശിക്കുന്നത്. പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട ആളുകൾക്ക് വീട് നിർമ്മിക്കാൻ ചുരുങ്ങിയത് 5 ലക്ഷം രൂപ വീതവും മരണപ്പെട്ട ആളുകളുടെ ആശ്രിതർക്ക് നഷ്ടപരിഹാരമെന്ന നിലയിൽ ചുരുങ്ങിയത് 5 ലക്ഷം രൂപ വീതവും കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഭാഗികമായി കേട് സംഭവിച്ച വീടുകൾ പുനർനിർമ്മിക്കുന്നതിന് എഞ്ചിനീയർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പണം വകയിരുത്തണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

11.00 എ.എം.]

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കേരളം ഏറെ വേദനിച്ചതും നടുങ്ങിയതുമായ സംഭവവികാസങ്ങൾ പ്രധാനമായും കോഴിക്കോട്, കണ്ണൂർ ജില്ലകളിലുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ ഉരുൾപൊട്ടലിനെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിലും മരങ്ങൾ വീണും രണ്ടാളുകൾ മരണപ്പെട്ടു. മാക്കൂട്ടം റോഡിന്റെ കാര്യം നേരത്തെ ഇവിടെ പരാമർശിച്ചു. മാക്കൂട്ടം റോഡ് ഇന്റർസ്റ്റേറ്റ് റോഡാണ്. തലശ്ശേരി -മൈസൂർ, കണ്ണൂർ-മൈസൂർ റോഡാണ്. കേരള അതിർത്തിയിലെ ചില സ്ഥലങ്ങളിൽ ഉരുൾപൊട്ടലുണ്ടായി. അയ്യൻകുന്ന് പഞ്ചായത്തിലെ പാറയ്ക്കാമലയിലും ചെറുപുഴയിലും കാനംവയലിലും പൈതൽമലയിലും ഉരുൾപൊട്ടലുണ്ടായി. അതിനെക്കുറിച്ച് ശ്രീ. കെ. സി. ജോസഫ് പറയും. അതിനേക്കാളെല്ലാം രൂക്ഷമായി കർണ്ണാടകത്തിലെ നിബിഡവനത്തിൽ ഒരേ സമയം 12 സ്ഥലത്ത് ഉരുൾപൊട്ടി വ്യാപക നാശമുണ്ടായി. അതിന്റെ പ്രത്യാഘാതമുണ്ടായത് ഇരിട്ടി മേഖലയിലാണ്. കാരണം, രണ്ട് പുഴകൾ ചേരുന്ന ഇരിട്ടിയിലെ കൂട്ടുപുഴയിലാണ് ഈ വെള്ളം ഒഴുകിയെത്തുന്നത്. രാത്രിയാണ് ഈ സംഭവമുണ്ടായത്. ഈ വനപ്രദേശത്തുള്ള നൂറുകണക്കിന് മരങ്ങൾ പൂർണ്ണമായും ഒഴുകി താഴേയ്ക്കുവന്നു. അവിടെയുണ്ടായ വെള്ളപ്പൊക്കത്തിലാണ് മാക്കൂട്ടം റോഡ് തകർന്നത്. പകൽ സമയത്ത് ഞാനവിടെ പോയപ്പോൾ ഈ അന്തർ സംസ്ഥാനപാത പൂർണ്ണമായും തോടായി മാറി. അവിടെ വെള്ളത്തിൽനിന്നുകൊണ്ട് ഞാൻ റവന്യൂ വകുപ്പുമന്ത്രിയേയും പിന്നീട് മുഖ്യമന്ത്രിയേയും വിളിച്ച് സംസാരിച്ചു. കുടകിലെ കളക്ടറേയും കണ്ണൂർ ജില്ലാകളക്ടറേയും വിളിച്ചു. നൂറുകണക്കിന് മരങ്ങൾ കടപുഴകി കിലോമീറ്ററോളം റോഡ് ബ്ലോക്കായി നിൽക്കുന്ന സന്ദർഭത്തിൽ, ഞങ്ങൾക്ക്

ഞങ്ങളുടെ സൈഡിൽ നിന്നുമാത്രമെ റെസ്ക്യൂ ഓപ്പറേഷൻ നടത്താൻ കഴിയുകയുള്ളൂ, You start the operation from your side എന്നാണ് കുടകിലെ കളക്ടർ എന്നോട് പറഞ്ഞത്. അക്കാര്യം ഞാൻ കണ്ണൂർ ജില്ലാ കളക്ടറോട് പറഞ്ഞു. അതുപോലെ പട്ടാളത്തെ വിളിക്കാൻ പറയുകയും മൂന്ന് വാഹനത്തിൽ പട്ടാളം അവിടെ വരികയും ചെയ്തു. എന്നാൽ അവിടെ ഉപകരണങ്ങളൊന്നുമുണ്ടായിരുന്നില്ല. ഒരു പാലത്തിന്റെ അടിയിൽ മരങ്ങൾ തങ്ങി അവിടേയ്ക്ക് ചെളിയും ചപ്പുചവറുകളും വന്ന് വെള്ളം മുഴുവൻ റോഡിലേയക്ക് ഒഴുകിയാണ് ആ റോഡ് തകർന്നത്. കെ.എസ്.ടി.പി. റോഡ് പണിക്കുണ്ടായിരുന്ന ക്രെയിൻ ഉപയോഗിച്ച് കുറച്ച് മരങ്ങൾ പൊക്കിയെടുക്കാൻ സാധിച്ചു. നാട്ടുകാരുടെ എല്ലാ സഹായ സഹകരണങ്ങളുമുണ്ടായിരുന്നു. പുഴയിൽ വെള്ളം നിറഞ്ഞൊഴുകിയതാണ് ഇവിടെ കെടുതിയുണ്ടാകാൻ കാരണം. ഈ പുഴക്കരയിൽ കുടിൽകെട്ടി താമസിക്കുന്ന ആളുകളുണ്ട്. അവർക്കൊന്നും സ്ഥലത്തിന് രേഖയില്ല. പക്ഷേ കേരള അതിർത്തിയിൽ അവർക്ക് റേഷൻ കാർഡും വോട്ടർ പട്ടികയിൽ പേരുമുണ്ട്. ഇങ്ങനെയുള്ള 15 കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലം ഇപ്പോഴില്ല. ആരോഗ്യം, റവന്യൂ, കൃഷി, തുറമുഖം എന്നീ വകുപ്പുമന്ത്രിമാർ അവിടെ വന്നിരുന്നു. ഈ 15 വീട്ടുകാർക്ക് സ്ഥലവും വീടുമില്ല. അപ്രതീക്ഷിതമായ, രാത്രി സമയത്തെ ഉരുൾപൊട്ടലിനെത്തുടർന്ന് കച്ചേരിക്കടവിലൊക്കെ വെള്ളം കയറി നല്ല വീടുകൾപോലും വെള്ളത്തിലാകുകയും അവരുടെ വീട്ടുപകരണങ്ങൾ നശിച്ചുപോകുകയും ചെയ്തു. വീടും വസ്തുങ്ങളുമുൾപ്പെടെ പൂർണ്ണമായും എല്ലാം നഷ്ടപ്പെട്ട ആളുകളാണ് സ്കൂളുകളിലെ ക്യാമ്പിൽ വന്നത്. ഇന്നലെ അവിടെയൊരു മീറ്റിംഗുണ്ടായിരുന്നു. വീടും സ്ഥലവുമില്ലാത്ത 15 വീട്ടുകാരെ ഒരു സ്കൂളിലായിരുന്നു പുനരധിവസിപ്പിച്ചിരുന്നത്. സ്കൂളിൽ ക്ലാസ് തുടങ്ങാറായതുകൊണ്ട് അവരെ സൗജന്യമായി മറ്റ് വീടുകളിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. അവർക്ക് വീട് വയ്ക്കാനായി ചെറിയ വിലയ്ക്ക് സ്ഥലം കൊടുക്കാൻ ഒരാൾ തയ്യാറായി. ഇന്നലെ നാട്ടുകാരുടെ കമ്മിറ്റി കൂടി. ഇവർക്ക് സ്ഥലം വാങ്ങുന്നതിനായി 40 ലക്ഷത്തോളം രൂപ വേണം. പഞ്ചായത്ത് പ്രസിഡന്റും ഞാനും പങ്കെടുത്ത ഒരു മീറ്റിംഗിൽ ഇവർക്ക് സ്ഥലം വാങ്ങുന്നതിനുവേണ്ടി 30 ലക്ഷത്തോളം രൂപയുടെ ഓഫർ വന്നു. ഇവർക്ക് താമസിക്കുന്നതിനായി 6 മാസത്തേയ്ക്കാണ് ഇപ്പോൾ വീട് എടുത്തിട്ടുള്ളത്. ഈ വീടുകൾ സമയബന്ധിതമായി പൂർത്തിയാക്കണം. അത് ലൈഫ് പദ്ധതിയിൽ മാത്രം പോരാ; ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളും പറഞ്ഞതുപോലെ ഇതിനൊരു പ്രത്യേക പാക്കേജ് കൊണ്ടു വരണം. കേരളത്തിൽ പാവങ്ങൾ താമസിക്കുന്ന മലയോര/കടലോര പ്രദേശങ്ങളിലാണ് ഈ ദുരന്തമുണ്ടായിരിക്കുന്നത്. കരിഞ്ചോല മലയിലും വളരെ ദയനീയമായ സ്ഥിതിയാണ്.

മറ്റൊരു വിഷയം, ഞാനിന്നലെ മൂന്ന് സ്കൂളുകളിലെ ക്യാമ്പുകളിൽ താമസിക്കുന്ന ആളുകളെ കണ്ടു. റവന്യൂ വകുപ്പുമന്ത്രിയും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും അവിടെപ്പോയിരുന്നു. കരിഞ്ചോലമലയിൽ മാത്രമല്ല, കട്ടിപ്പാറ പഞ്ചായത്തിലെ

വിവിധ സ്ഥലങ്ങളിലും ഉരുൾപൊട്ടലുണ്ടായിട്ടുണ്ട്. ദുരന്തവാർത്തയും മരണവുമറിഞ്ഞതോടെ ശ്രദ്ധയെല്ലാം അങ്ങോട്ട് തിരിഞ്ഞു. അതും ശ്രദ്ധിക്കേണ്ട സ്ഥലം തന്നെയാണ്. ഒരാളെക്കുറിച്ച് ഇനിയും വിവരങ്ങൾ കിട്ടാനുണ്ട്. അപകടഭീഷണി ഭയന്ന് സ്കൂളുകളിൽ ക്യാമ്പ് ചെയ്യുന്ന നൂറുകണക്കിന് പാവപ്പെട്ട ആളുകളുണ്ട്. അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേണം; ഒരു പ്രത്യേക പാക്കേജ് നടപ്പാക്കണം. അതുപോലെതന്നെ സേന എത്തിച്ചേരാനുള്ള കാലതാമസമുണ്ടായി. ഞാൻ കണ്ണൂർ കളക്ടറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കളക്ടർ ആർമിയുടെ സേവനം ആവശ്യപ്പെട്ടിരുന്നു. ദുരന്തം തലേന്ന് രാത്രി പതിനൊന്ന് മണിക്കാണുണ്ടായത്. പിറ്റേന്ന് വൈകുന്നേരം ആറുമണിക്ക് സേന എത്തിച്ചേരുകയും അവരുടെ ഓപ്പറേഷൻ ഏറ്റെടുത്ത് വിജയകരമായി നടത്തുകയും ചെയ്തു. കുടക് പാതയുടെ പ്രാധാന്യം മലബാറുകാർക്കെല്ലാമറിയാം. അതൊരു ഇന്റർസ്റ്റേറ്റ് റോഡാണ്. വിമാനത്താവളത്തിലേയ്ക്കും മൈസൂരിലേയ്ക്കും ബാംഗ്ലൂരിലേയ്ക്കും പോകുന്ന റോഡാണ്; നൂറുകണക്കിന് വാഹനങ്ങൾ ആ റോഡിലൂടെ പോകുന്നുണ്ട്; ആ റോഡ് ഒരു മാസത്തേയ്ക്ക് അടച്ചിട്ടിരിക്കുകയാണ്. അതുപോലെ കോഴിക്കോട് ചുരം റോഡും വയനാട് റോഡും കൂടി അടയ്ക്കുന്ന സന്ദർഭത്തിൽ വാഹനയാത്രയ്ക്ക് പ്രയാസമുണ്ടാകും. ഇപ്പോൾ മാനന്തവാടി-തോൽപ്പെട്ടി വഴിയുള്ള ഒരു ചെറിയ റോഡ് മാത്രമാണ് കരണീയമായിട്ടുള്ളത്. അതുകൊണ്ട് കുടക് റോഡ് പാലത്തിന്റെ ഭാഗമുൾപ്പെടെ അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്യുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ കർണ്ണാടക സർക്കാരുമായി സംസാരിച്ച് ആവശ്യമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം, കൂട്ടുപുഴ പാലത്തിന്റെ നിർമ്മാണമാണ്. തടിമില്ലിൽപ്പോലും കാണാൻ സാധിക്കാത്ത നൂറുകണക്കിന് മരങ്ങൾ കടപുഴകി പുഴയിൽ നിറഞ്ഞിരിക്കുകയാണ്. ആ മരങ്ങൾ നമുക്ക് കിട്ടുകയാണെങ്കിൽ വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കാൻ സഹായകരമായിരിക്കുമായിരുന്നു. പുനരധിവാസത്തിന്റെ കാര്യത്തിലുൾപ്പെടെ ദുരിതബാധിതരെ സഹായിക്കാൻ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. പേരാവൂർ, ഇരിക്കൂർ മണ്ഡലങ്ങളുടെ ബോർഡറായ കൂട്ടുപുഴ-തൊട്ടിൽപ്പാലം-പേരട ഭാഗത്താണ് ദാരുണമായ സംഭവങ്ങളുണ്ടായത്. കർണ്ണാടക വനത്തിൽ വലിയ ഉരുൾപൊട്ടലുണ്ടായി. രാത്രി 10.00 മണിയോടെ അതിരൂക്ഷമായ മലവെള്ളപ്പാച്ചിലുണ്ടാകുകയും വീടുകളിൽ ഉറങ്ങിക്കിടന്നവർ വരെ വെള്ളത്തിനടിയിലാകുകയും ചെയ്തു. വീട്ടിനകത്ത് ഏഴടിയോളം വെള്ളം കയറി. മുപ്പതോളം വീടുകളും ആറേഴ് കടകളും വെള്ളത്തിനടിയിലായി.

ഈ സംഭവം അപ്രതീക്ഷിതമായിരുന്നു. കർണ്ണാടക വനത്തിലെ മലവെള്ളപ്പാച്ചിൽ തടയാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രദ്ധിക്കാൻ വേണ്ടി പറയുകയാണ്. കൂട്ടുപുഴ-തൊട്ടിൽപ്പാലം-പേരട ഭാഗത്ത് പുഴയ്ക്ക് സംരക്ഷണ ഭിത്തി കെട്ടിയാൽ മലവെള്ളപ്പാച്ചിൽ തടയാൻ സാധിക്കും. വലിയ മലവെള്ള പാച്ചിലിൽ അവിടെയുള്ള റോഡുപോലും തകർന്നുപോകുകയാണ്. നാളെയും ഇതുണ്ടാകാൻ സാധ്യതയുള്ള മേഖലകളാണിവ. അതുകൊണ്ട് അടിയന്തരമായി കൂട്ടുപുഴ-തൊട്ടിൽപ്പാലം-പേരട ഭാഗത്ത് സംരക്ഷണഭിത്തി കെട്ടാനുള്ള നടപടി സ്വീകരിക്കണം. നമ്മുടെ ദുരന്തനിവാരണ അതോറിറ്റി ഫലപ്രദമാകണം.

ഓഖി ദുരന്തവും ഈ ദുരന്തവുമുൾപ്പെടെ സംസ്ഥാനത്ത് രണ്ട് അനുഭവങ്ങളുണ്ടായി. ഇത്തവണ കാലാവസ്ഥാ പ്രവചനത്തിൽ അതിരൂക്ഷമായ മഴയുണ്ടാകുമെന്ന് മുന്നറിയിപ്പുണ്ടായിരുന്നു. ആ സമയത്ത് ദുരന്തനിവാരണ അതോറിറ്റി ശ്രദ്ധിക്കണ്ടേ; മഴ പെയ്തിട്ട് കുട നിവർത്തിയാൽ പോരല്ലോ? കേരളത്തിൽ ഇത്തവണ അതിരൂക്ഷമായ മഴക്കാലമായിരിക്കുമെന്ന് നേരത്തെതന്നെ എല്ലാ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽനിന്നും മുന്നറിയിപ്പുണ്ടായിരുന്നിട്ടും യാതൊരു മുന്നൊരുക്കവുമില്ലാതിരുന്നത് നിർഭാഗ്യകരമായിപ്പോയി. ഏതായാലും ഇത് നമുക്കൊരു പാഠമായിരിക്കണം. പ്രത്യേകിച്ചും ദുരന്തമുണ്ടാകുന്ന കാലഘട്ടങ്ങളിൽ അവ തടയാനാവശ്യമായ മുൻകരുതൽ നമുക്കുണ്ടാകണം. ശ്രീ. സണ്ണി ജോസഫ് മരിച്ച രണ്ടുപേരുടെ കാര്യം പറഞ്ഞു. ഒരാൾ കർണ്ണാടക അതിർത്തിയിൽ വച്ചാണ് മരിച്ചത്. അയാളുടെ ശവസംസ്കാരത്തിനുപോലും പൈസ കൊടുത്തിട്ടില്ല. സാധാരണഗതിയിൽ 10,000 രൂപ കൊടുക്കുന്നതാണ്. ഞങ്ങൾ അവരുടെ വീട്ടിൽ പോയപ്പോൾ പൈസ കൊടുത്തിട്ടില്ലെന്നറിഞ്ഞു. ഞങ്ങൾ കളക്ടറോട് സംസാരിക്കുകയും പൈസ കൊടുക്കാമെന്ന് പറയുകയും ചെയ്തു. സാങ്കേതികമായി നോക്കിയാൽ ആ രണ്ടുപേരും കേരളത്തിൽ താമസിക്കുന്നവരും മലയാളികളുമാണ്. മരണമുണ്ടായ സ്ഥലം കർണ്ണാടക അതിർത്തിയിലായിപ്പോയതുകൊണ്ട് തടസ്സമായി കാണരുത്. അവർക്കും ആവശ്യമായ നഷ്ടപരിഹാരം കൊടുക്കണം. അതുപോലെ പരിക്കേറ്റ് ചികിത്സയിലുള്ള ആളിനും സഹായം കൊടുക്കണം. മുന്നറിയിപ്പ് മുന്നിൽക്കണ്ട് ആവശ്യമായ മുൻകരുതലുകളെടുക്കണം. അതുപോലെ മലയോരത്ത് നിർമ്മിക്കുന്ന വാട്ടർ തീം പാർക്കുകൾ, അനാവശ്യമായ പ്രകൃതി ചൂഷണം എന്നിവ ഗൗരവമായി കാണണം. അനാവശ്യമായി പ്രകൃതിയെ ചൂഷണം ചെയ്യുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള പല സംഭവങ്ങളുമുണ്ടാകുന്നത്. അത്തരം കാര്യങ്ങളിൽ ജാഗ്രതയുണ്ടാകണം.

ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻവേണ്ടി കൂട്ടുപുഴ-തൊട്ടിൽപ്പാലം-പേരട ഭാഗത്ത് സംരക്ഷണഭിത്തി കെട്ടി ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് എനിക്ക് ആവർത്തിച്ച് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ വിശദമായാണ് കാര്യങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. കനത്ത മഴയെത്തുടർന്ന് വടക്കൻ ജില്ലകളിലുണ്ടായ കെടുതികൾ ഇതിനകം നമ്മൾ ചർച്ച ചെയ്തതാണ്. വയനാട് ജില്ലയിൽ ദുരന്തത്തിനിരയായവരുടെ സംരക്ഷണം യുദ്ധകാലാടിസ്ഥാനത്തിലാണ് നടത്തിയത്. വയനാട് ജില്ലയിൽ ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിന് വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ ദേശീയപാതകളിൽ നാശനഷ്ടമുണ്ടാകുകയും വയനാട് ദേശീയപാത 766-ൽ വലിയതോതിൽ മണ്ണിടിച്ചിലുണ്ടാകുകയും ചെയ്തു. വയനാട് ജില്ലയിൽ വ്യാപകമായ കൃഷിനാശമുണ്ടായിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സമയോചിതമായ ഇടപെടലും ദേശീയ ദുരന്തനിവാരണ സേനയുടെ സഹായവും എല്ലാ തലത്തിലുമുള്ള ജനങ്ങളുടെ പിന്തുണയും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പോലീസ്, അഗ്നിശമനസേന, റവന്യൂ ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘവും കാലവർഷക്കെടുതികൾ നേരിടാൻ പ്രവർത്തനസജ്ജമാണ്. 218 വീടുകൾ ഭാഗികമായും 7 വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. 130 ഹെക്ടറിൽ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. കാലവർഷക്കെടുതിയിൽ 3 പേർ മരണപ്പെടുകയും 7 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. 3 താലൂക്കുകളിലുമായി 21 ദുരിതാശ്വാസ ക്യാമ്പുകൾ ഏർപ്പെടുത്തി, ദുരിതബാധിതരായ 431 കുടുംബങ്ങളിലെ 1671 പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ക്യാമ്പുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും രോഗബാധിതരെ കണ്ടെത്തി ആവശ്യമായ ചികിത്സ ഏർപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനും ശുദ്ധമായ കുടിവെള്ളവും വൈദ്യുതിയും ഉറപ്പുവരുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ ദിവസവും മെഡിക്കൽ ടീമുകൾ ക്യാമ്പുകൾ സന്ദർശിച്ച് ആരോഗ്യപരിശോധന നടത്തണമെന്നും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്നും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

ആദിവാസികൾക്ക് നൽകിയിരുന്ന സൗജന്യറേഷൻ വീടുകളിലെത്തിക്കാൻ നടപടിയുണ്ടാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജൂൺ 15-ന് ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗം സ്ഥിതിഗതികൾ വിലയിരുത്തി കെടുതികൾക്കിരയായവർക്കുള്ള ധനസഹായം അടിയന്തരമായി വിതരണം ചെയ്യണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. 9 ജില്ലകളിലെ കളക്ടർമാരുമായും മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് നടത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. താമരശ്ശേരി ചുരം വഴിയുള്ള റോഡിൽ ഏകദേശം 50 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി തകർന്ന നിലയാണുള്ളത്. അതുവഴിയുള്ള ഗതാഗതം പുന:സ്ഥാപിക്ക

ന്നതിന് അടിയന്തരമായി നടപടിയെടുക്കാനും ഗതാഗത നിയന്ത്രണം ഏർപ്പെടുത്താനും നിർദ്ദേശിക്കുകയും ചുരത്തിന്റെ ഭാഗങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെയും പോലീസിന്റെയും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വയനാട്ടിലേയ്ക്കുള്ള ചുര പാതകളിൽ മണ്ണിടിച്ചിലുണ്ടായിട്ടുണ്ടെങ്കിലും സമ്പൂർണ്ണ ഗതാഗത നിരോധനം ഏർപ്പെടുത്താതെ നിയന്ത്രിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ കർണ്ണാടകത്തിലേയ്ക്കുള്ള മാക്കൂട്ടം-പെരുമ്പാടി-മൈസൂർ-തലശ്ശേരി പാതയിൽ കുടക് ജില്ലാ ഭരണകൂടം സമ്പൂർണ്ണ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പാത ഗതാഗത സജ്ജമാക്കാൻ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കർണ്ണാടക മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഇന്നലെ നീതി ആയോഗ് യോഗത്തിൽ കർണ്ണാടക മുഖ്യമന്ത്രിയുമായി നേരിട്ട് ഇക്കാര്യം സംസാരിക്കുകയും അദ്ദേഹത്തിന്റെ വ്യക്തിപരമായ ഇടപെടൽ ഇക്കാര്യത്തിൽ വേണമെന്ന് ആവശ്യപ്പെടുകയും അദ്ദേഹം അത് സമ്മതിക്കുകയും അവിടെ എത്തിയതിനുശേഷം നടപടികൾ സ്വീകരിക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം അപ്പോൾത്തന്നെ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചീഫ് സെക്രട്ടറി അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് എന്നെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മുമ്പ് ദുരന്തങ്ങളുണ്ടായ ഘട്ടങ്ങളിൽ നഷ്ടപരിഹാര തുക യഥാസമയം വിതരണം ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശവാസികൾക്ക്/നാട്ടുകാർക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരപകടം ഉണ്ടാകുമ്പോൾ നാട്ടുകാരാണ് അവിടെ ആദ്യം ഓടിയെത്തുന്നതെന്നത് വസ്തുതയാണ്. അവർക്കാവശ്യമായ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഒരു സിവിൽ വോളണ്ടിയർ സേന രൂപീകരിക്കുന്ന തിനുള്ള നടപടി ഫയർ ഫോഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി ആവശ്യമായ പരിശീലനം നൽകാൻ സാധിക്കും. അവർ ഫയർഫോഴ്സിന്റെ ഭാഗമായിരിക്കില്ല, എന്നാൽ ഇത്തരം അപകടങ്ങളുണ്ടാകുമ്പോൾ ഓടിയെത്താനും ആവശ്യമായ കാര്യങ്ങൾ ഫലപ്രദമായി ചെയ്യാനും അവർക്ക് സാധിക്കും. ഏതപകട സ്ഥലത്തും നാട്ടുകാരാണ് ആദ്യമെത്തുന്നത്. അതിന് സന്നദ്ധരായ ധാരാളം ആളുകളുണ്ടാകും. അവരെ ഇതിന്റെ ഭാഗമാക്കാനാവശ്യമായ നടപടികൾ സ്വീകരി ക്കുന്നുണ്ട്.

ചികിത്സയുടെ കാര്യത്തിൽ, സർക്കാർ ആശുപത്രികളിൽ മാത്രമല്ല സ്വകാര്യ ആശുപത്രികളിലും ചികിത്സാസൗകര്യം വേണ്ടതായി വരും. പെട്ടെന്ന് സ്വകാര്യ ആശുപത്രിയിലാണ് എത്തിക്കേണ്ടതെങ്കിൽ അതിന് വേറെ തടസ്സങ്ങളില്ല. അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കും. ഇപ്പോഴുള്ള വ്യവസ്ഥയനുസരിച്ച്

കൃഷിനാശത്തിന് നാമമാത്രമായ തുകയാണ് അനുവദിക്കുന്നത്. അക്കാര്യത്തിൽ എന്താണ് ചെയ്യാൻ സാധിക്കുകയെന്നത് മന്ത്രിസഭാ യോഗം ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

താമരശ്ശേരി ചുരത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെട്ട കാര്യം ബഹുമാന്യനായ അംഗംതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ചുരത്തിന്റെ അടിഭാഗം കുറച്ച് ചോർന്നുപോയിട്ടുണ്ട്. റോഡ് നന്നാക്കൽ മാത്രമല്ല, മേൽപ്പറഞ്ഞ ഭാഗംകൂടി കെട്ടി ഉയർത്തേണ്ടതായിട്ടുണ്ട്. അതിന് കുറച്ച് സമയമെടുക്കും. അതിനാണ് മൂന്നുമാസം സമയം വേണമെന്ന് പറഞ്ഞത്. ഏതായാലും ത്വരിതഗതിയിൽ തന്നെ അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. തകർന്നുപോയ റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഏതാനും നാളുകൾക്കകം അതുവഴിയുള്ള വാഹന ഗതാഗതം പുനഃസ്ഥാപിക്കാൻ കഴിയുന്ന അവസ്ഥയാണുള്ളത്.

നമുക്കെല്ലാവർക്കും നല്ല വെളിച്ചം പകരുന്നൊരു കാര്യമാണ് ബഹുമാന്യനായ സണ്ണി ജോസഫ് പറഞ്ഞത്. കർണ്ണാടകത്തിലെ നിബിഡവനത്തിൽ ആർക്കും പ്രവേശനമില്ല, ഒരു കോട്ടവും അവിടെ ആരും ഉണ്ടാക്കുന്നില്ല. പക്ഷെ അവിടെ പന്ത്രണ്ട് സ്ഥലത്ത് ഉരുൾപൊട്ടലുണ്ടായെന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതിയുടെ ദുരന്തം ഏത് വഴിയിലൊക്കെയാണ് വരുന്നതെന്ന് ആർക്കും പ്രവചിക്കാൻ കഴിയാത്ത അവസ്ഥയാണ്. സാധാരണ നാലഞ്ചാളുകൾ കൂടിയാൽ മാത്രം പിടിക്കാൻ കഴിയുന്ന തരത്തിലുള്ള മരം അടിയോടെ പുഴകി വീഴുകയാണ്. അതാണ് അദ്ദേഹം ഇവിടെ വിവരിച്ചത്. അതിനെ സംബന്ധിച്ച് കൂടുതൽ പറയേണ്ടതില്ല. മിലിട്ടറി വന്നതിന്റെ ക്രെഡിറ്റ് എല്ലാവർക്കും അവകാശപ്പെടാം. പക്ഷെ മുഖ്യമന്ത്രിയുടെ ഓഫീസ് ഫലപ്രദമായി ഇടപെട്ടതിനുശേഷമാണ് മിലിട്ടറി അവിടെ വരുന്ന സാഹചര്യമുണ്ടായത്.

15 കുടുംബങ്ങളുടെ താമസസൗകര്യത്തിന്റെ പ്രശ്നം അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. അക്കാര്യത്തിൽ ഫലപ്രദമായ നടപടിയെടുക്കും. നാട്ടുകാരുടെ നല്ല ഇടപെടലുണ്ടായിട്ടുണ്ട്. അവരെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അത് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയിലുള്ള വിഷയമാണ്. പക്ഷെ അവിടത്തെ പ്രത്യേക സാഹചര്യംവച്ച് തൽക്കാലം അവരെ വാടകവീട്ടിൽ താമസിപ്പിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ക്യാമ്പ് ഉറക്കുന്നതിനുപകരം എല്ലാവരെയും വാടകവീട്ടിൽ താമസിപ്പിക്കാൻ സാധിക്കില്ല. എന്നാൽ ചില പ്രത്യേക സാഹചര്യത്തിൽ, കളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു അനുമതി നൽകിയതാണ്. ഏതായാലും ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾ തന്നെയാണ് സ്വീകരിച്ചിട്ടുള്ളതെന്നതാണ് പറയാനുള്ളത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേന്ദ്ര സർക്കാരിന്റെ നോംസ് പുനഃപരിശോധിക്കാമെന്നും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും സമയ ബന്ധിതമായി നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമെന്നും അങ്ങ് പറഞ്ഞത് അങ്ങേയറ്റം സ്വാഗതാർഹമാണ്. അത് അടിയന്തരമായി ചെയ്യാൻ കഴിയണം. വയനാട് റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മുൻഗണന നൽകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെല്ലാം സ്വാഗതാർഹമാണ്. മറ്റൊരു പ്രശ്നം, വയനാടുമായി ബന്ധപ്പെട്ടുള്ള ബദൽ റോഡുകളാണ്. അടിവാരത്തുനിന്നും താമരശ്ശേരി ചുരത്തിന്റെ ഏഴാം വളവുവരെയുള്ള റോഡ് പൂർണ്ണമായും സ്വകാര്യസ്ഥലമാണ്. ആനക്കാം പൊയിൽ, കള്ളാടി, നിലമ്പൂരിൽ നിന്നും ചൂരൽമല വരെയുള്ള ഭാഗം, പടിഞ്ഞാറത്തറ-പൂഴിത്തോട്, കുഞ്ഞോം-വിലങ്ങോട് തുടങ്ങിയ സ്ഥലങ്ങളുടെ കുറച്ചുഭാഗം വനമാണ്. വനപ്രദേശംകൂടി ഉൾപ്പെടുന്നതിനാൽ അവിടെ മറ്റ് പ്രവർത്തനങ്ങളൊന്നും നടത്താൻ സാധിക്കുന്നില്ല. ഈ പ്രത്യേക സാഹചര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നഷ്ടപരിഹാരത്തിനായി കേന്ദ്ര സർക്കാർ വളരെ നാമമാത്രമായ തുകയാണ് നൽകുന്നതെന്ന് ഇന്നലെ നീതി ആയോഗ് യോഗത്തിൽ ഞാൻ ഉന്നയിച്ചിട്ടുണ്ട്. കൃഷിയുടെ കാര്യത്തിൽ ചില മാറ്റം വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഏതായാലും വയനാട്ടിൽ ഫലപ്രദമായ ഗതാഗത സംവിധാനം വേണമെന്ന കാര്യത്തിൽ തർക്കമില്ല. ഇപ്പോഴുള്ളത് നന്നാക്കുകയും തുടർന്നുള്ള കാര്യങ്ങൾ പരിഗണിക്കുകയും ചെയ്യാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പേരാവൂർ, ഇരിക്കൂർ മണ്ഡലങ്ങളുടെ ബോർഡറായ കൂട്ടുപുഴ-തൊട്ടിൽപ്പാലം-പേരട സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഒരു കത്ത് നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് തീരുമാനിക്കാം. ബഹുമാനപ്പെട്ട അംഗം നൽകിയ കത്ത് തുടർനടപടികൾക്കുവേണ്ടി ഇന്നുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറാം.

## (2) പകർച്ചപ്പനിക്കെതിരെ മുൻകരുതൽ നടപടികൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കാലവർഷക്കെടുതി, ഉരുൾപൊട്ടൽ എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്തത്. അതിനോടനുബന്ധിച്ചുള്ള മാലിന്യക്കൂമ്പാരങ്ങളും കേരളത്തിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. ആ പ്രയാസങ്ങളോട് അനുബന്ധമായി ഉണ്ടാകാനിരിക്കുന്ന പകർച്ച വ്യാധികളെക്കുറിച്ചാണ് ഞാൻ ഉന്നയിക്കുന്നത്. 'നിപ വൈറസ്'

കേരളീയ സമൂഹത്തെയും അവരുടെ ഉപഭോഗ ജീവിതത്തെയും വിദേശ കയറ്റുമതിയെയും ബാധിച്ചിരിക്കുകയാണ്. കേരളീയ ജനത അതിന്റെ പ്രയാസങ്ങളിൽ നിന്ന് മോചനം നേടി സമാധാനപരമായി മുന്നോട്ടുപോകുന്ന സമയത്താണ് കാലവർഷം കനത്തതും അതിന്റെ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതും. ആ കാലാവസ്ഥാമാറ്റത്തിലൂടെ കേരളം വീണ്ടും പകർച്ചവ്യാധികളുടെ വ്യാപനത്തിലേയ്ക്കും അതിന്റെ ഭീഷണിയിലേയ്ക്കും പോയിക്കൊണ്ടിരിക്കുകയാണെന്നാണ് അടുത്ത ദിവസങ്ങളിലെ പത്രങ്ങളിലെ കണക്കുകൾ നമ്മോട് പറയുന്നത്. പനിയും പകർച്ച വ്യാധിയും കാലവർഷത്തിന്റെ കെടുതിയായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി എന്നിവ വ്യാപകമാകുന്ന തോടൊപ്പം കേരളത്തിലെ മാലിന്യ സംസ്കരണം പ്രയാസകരമായിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നമ്മുടെ സംസ്കാരംതന്നെ മാറേണ്ടതുണ്ട്. എല്ലാ ദിവസവും ചികിൽസയ്ക്കായി ആശുപത്രിയിലെത്തുന്ന രോഗികളുടെ എണ്ണം വർദ്ധിക്കുകയാണ്. കഴിഞ്ഞ ജൂൺ 2-ന് മലപ്പുറം ജില്ലയിൽ മാത്രം 19,574 പേരാണ് ആശുപത്രി യില്ലെത്തിയത്. ഇതിൽ 1700-ലധികം പേർക്ക് പനിയും അതിൽത്തന്നെ 29 പേർക്ക് ഡെങ്കിപ്പനിയും 19 പേർക്ക് മഞ്ഞപ്പിത്തവുമാണ്. ചില സ്ഥലങ്ങളിൽ ലെപ്റ്റോസ്പൈറോസിസും എലിപ്പനിയും ബാധിച്ചിട്ടുണ്ട്. അതിന്റെ വാർത്തകളൊക്കെ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. തുടർച്ചയായ ദിവസങ്ങളിലും ഇതേ അനുഭവം തന്നെയാണുണ്ടായത്. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് 3100 രോഗികൾ ആശുപത്രിയിൽ വന്നതിൽ 3000 ആളുകൾക്കും പനിയാണെന്നും അതിൽത്തന്നെ ഏറ്റവും കൂടുതലാളുകൾക്ക് ഡെങ്കിപ്പനി ബാധിച്ചുവെന്നും പത്രങ്ങളിൽ വാർത്ത വരികയും ആരോഗ്യ വകുപ്പ് അതിന്റെ കണക്ക് പുറത്ത് പറയുകയും ചെയ്തു. വി.എസ്.എസ്.സി. ഹൗസിംഗ് കോളനിയിൽ 10 പേർക്കുകൂടി ഡെങ്കിപ്പനി ബാധിച്ചിരിക്കുന്നുവെന്ന് ഇന്നത്തെ മലയാളമനോരമ പത്രത്തിൽ വാർത്ത വന്നിരി ക്കുകയാണ്. ആഗോളതലത്തിൽ എന്നതുപോലെ നമ്മുടെ നാട്ടിലും പകർച്ചപ്പനി വലിയൊരു ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ രോഗം പടർന്നു പിടിക്കാതിരിക്കാൻ സർക്കാർതലത്തിൽ മുൻകരുതൽ എടുക്കേണ്ടതുണ്ട്. കാലവർഷക്കെടുതിയും ഉരുൾപൊട്ടലുമായും ബന്ധപ്പെട്ട് മുൻകരുതലെടുക്കാത്തതിന്റെ പ്രയാസങ്ങളാണ് ഇവിടെ എല്ലാവരും സൂചിപ്പിച്ചത്. അതുകൊണ്ട് പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട് മുൻകരുതൽ നടപടികളെടുക്കാനാവശ്യമായ നിലപാടുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വസൂരിയും പ്ലേഗുമൊക്കെ വന്ന കാലഘട്ടത്തിൽ വലിയ വിപത്തുകൾ നമുക്കുണ്ടാകുകയും ഒട്ടേറെ ആളുകൾ മരിക്കുകകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഡെങ്കിപ്പനി പടർന്നുപിടിച്ചപ്പോഴും തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ഡെങ്കിപ്പനിയുണ്ടായത്. ജില്ലയാകെ ആശങ്കയിൽ നിറഞ്ഞ അന്തരീക്ഷമായിരുന്ന അന്നുണ്ടായിരുന്നത്. ഡെങ്കിപ്പനിയുടെ സങ്കീർണ്ണമായ

അവസ്ഥയായ ഡെങ്കു ഹെമറാജിക് ഫീവർ കാരണം പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞും അല്ലാതെയും നിരവധിപേർ ഗുരുതരാവസ്ഥയിലാകുകയും മരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ അവ പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം.

ഗുരുതരാവസ്ഥയിലുള്ള രോഗികളെ കിടത്താനുള്ള സൗകര്യം ആശുപത്രികളിലില്ലാത്തതിന്റെ പ്രയാസം ഒഴിവാക്കൽ, ആന്തരിക രക്തസ്രാവമുണ്ടായ രോഗികൾക്ക് ബ്ലഡ് ബാങ്കിൽനിന്ന് ആവശ്യത്തിന് പ്ലേറ്റ്ലെറ്റ് ലഭിക്കാതെ വരുന്നത്, പ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവം എന്നിവയൊക്കെ പരിഹരിക്കാനാവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. സർക്കാർ-സ്വകാര്യ മേഖലകളിലെ ആശുപത്രികളുമായി ചർച്ചകൾ നടത്തി, അവരെക്കൂടി വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോയാൽ മാത്രമേ ഇക്കാര്യം പരിഹരിക്കാൻ സാധിക്കൂ. ആശുപത്രികളിൽ ബ്ലഡ്, ബെഡ്, ഐസൊലേഷൻ വാർഡ് എന്നിവ കൂടി ഉണ്ടായാലേ അവയെല്ലാം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പകർച്ചപ്പനി വലിയൊരു ആരോഗ്യപ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുന്നതിനാൽ, അത് പടർന്നുപിടിക്കാതിരിക്കാനാവശ്യമായ മുൻകരുതലെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ഒന്നിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാവശ്യമായ ശ്രമം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. പകർച്ചവ്യാധി ആഗോളതലത്തിൽ വലിയ സാമൂഹികാരോഗ്യ പ്രശ്നമായി, പൊതുജനാരോഗ്യത്തിന് കടുത്ത ഭീഷണിയായി വളർന്നുവന്നിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തും അത്തരത്തിലുള്ള പകർച്ചവ്യാധി പിടിപെടുന്നുവെന്നുള്ളത് കഴിഞ്ഞ കുറേ വർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഡെങ്കിപ്പനിയും എലിപ്പനിയും മഞ്ഞപ്പിത്തവും വ്യാപകമായി കണ്ടുവരുന്നുണ്ട്. ഇതിൽ കൊതുക് പരത്തുന്ന രോഗങ്ങളും ജലജന്യ രോഗങ്ങളുമുണ്ട്. കൊതുക് പരത്തുന്ന രോഗങ്ങളിൽ ഡെങ്കിപ്പനിയാണ് ഇപ്പോൾ നമ്മെ കടുത്ത രീതിയിൽ ബാധിക്കുന്നത്. ആഗോളതലത്തിൽത്തന്നെ വലിയൊരു പ്രശ്നമായിട്ടാണ് ഡെങ്കിപ്പനി വന്നിട്ടുള്ളതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സമൂഹത്തിലെ 2.5 ബില്യൻ ജനങ്ങളെ ഡെങ്കിപ്പനി ബാധിക്കുന്നുവെന്നാണ് നാം കാണുന്നത്. ഓരോ വർഷവും അൻപത് മുതൽ നൂറ് ദശലക്ഷം വരെ ഡെങ്കിപ്പനി ബാധിച്ചവരാണ് ആഗോളതലത്തിലുണ്ടാകുന്നത്. ലോകത്ത് ഡെങ്കിപ്പനിയുടെ ഫലമായി പ്രതിവർഷം 25000 മരണം വരെ ഉണ്ടാകുന്നുണ്ടെന്നാണ് കാണുന്നത്. പ്രധാനമായും നാല് തരത്തിലുള്ള ഡെങ്കു വൈറസുകളാണ് കാണപ്പെടുന്നത്. ഈഡിസ് വിഭാഗത്തിൽപ്പെട്ട ഈഡിസ് ഈജിപ്റ്റി, ആൽബോപിറ്റസ് കൊതുകുകൾ ഡെങ്കിപ്പനി പടർത്തുന്നതിന്

കാരണമാകുന്നുണ്ട്. ഈ രണ്ട് കൊതുകുകളും കേരളത്തിലും കാണുന്നുവെന്നുള്ളതാണ് നമ്മൾ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതുപോലെയുള്ള നാല് തരം വൈറസുകൾ കേരളത്തിൽ കാണുന്നുണ്ട്. ഇവ വ്യാപകമാകാതിരിക്കാൻ ശ്രദ്ധിക്കണം. ഇന്ത്യയിൽ ഡെങ്കിപ്പനിയെക്കുറിച്ച് ഒരു നയരേഖ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2006-ലാണ് ഇന്ത്യയിലാദ്യമായി ഡെങ്കിപ്പനി കാണുന്നത്. 2008-ൽ 15 സംസ്ഥാ നങ്ങളിലാണ് ഈ പനി ഉണ്ടായിരുന്നതെങ്കിൽ 2010 ആയപ്പോൾ 29 സംസ്ഥാ നങ്ങളിലും ഡെങ്കിപ്പനി കണ്ടുതുടങ്ങി എന്നാണ് കണക്കുകൾ സൂചിപ്പിക്കു ന്നത്. ഇന്ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുകയാണ്. കൊതുക് നിവാരണം നടത്തുക എന്നതല്ലാതെ ഇതിന് വേറെ മാർഗ്ഗങ്ങളൊന്നുമില്ല. കേന്ദ്ര സർക്കാർ ഇറക്കിയിട്ടുള്ള നയരേഖയിൽ ഒരു കമ്മ്യൂണിറ്റി പ്രിവെൻഷൻ എന്ന നിലയിൽ സാമൂഹ്യപ്രതിരോധം സൃഷ്ടിക്ക ണമെന്നാണ് പറയുന്നത്. നമ്മളിപ്പോഴും അതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരി ക്കുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി ഉണ്ടായിട്ടുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇത്തവണ വളരെ നേരത്തേതന്നെ പ്രതിരോധ പ്രവർത്തനങ്ങളാരംഭിച്ചു; എന്നിട്ടും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്നുവെന്നുള്ളത് എല്ലാവരും ഏറെ ശ്രദ്ധയോടെ കാണേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ജനുവരിയിൽത്തന്നെ മീറ്റിംഗുകൾ വിളിച്ചുചേർക്കുകയും പ്രതിരോധത്തിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ഏകോപനവും നടത്തിയിട്ടുണ്ട്. കൂടുതൽപേർ പനി ബാധിച്ച് ആശുപത്രിയിലെത്തുന്ന അടിയന്തര ഘട്ടമുണ്ടാകുകയാണെങ്കിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിന്റെ സേവനം, മറ്റ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കോ-ഓർഡിനേഷൻ, കമ്മ്യൂണിക്കേഷൻ സിസ്റ്റം കൂടുതൽ ബലപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം ആ യോഗത്തിൽ ആലോചിച്ചിട്ടുണ്ട്. ആവശ്യമാകുന്ന ഘട്ടങ്ങളിൽ ക്യാബിനറ്റ് ചേർന്ന് സർവ്വകക്ഷി യോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ടും ഇതിനെ നേരിടുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അന്ന് തീരുമാനമുണ്ടായത്. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പും ധാരാളം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിട്ടുണ്ട്. ഒരു പ്രത്യേക മൊബൈൽ ആപ് ക്രിയേറ്റ് ചെയ്ത് ഇത്തരം രോഗങ്ങളെക്കുറിച്ചുള്ള വിവരം വളരെ പെട്ടന്ന് ലഭിക്കുന്നതിനും എല്ലായിടത്തും എത്തിക്കുന്നതിനുമുള്ള പരിശ്രമം നടത്തി യിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന രൂപീകരിച്ച് ഇരുപത് വീടുകൾക്ക് ഒരു സേന എന്ന നിലയിൽ വീടുകൾതോറും കയറിയിറങ്ങി പ്രവർത്തനം നടത്തുകയാണ് ചെയ്യുന്നത്. ഡെങ്കിപ്പനിക്ക് പ്രത്യേകിച്ച് മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്തതുകൊണ്ട് ശ്രദ്ധയോടു കൂടിയുള്ള പരിചരണവും വിശ്രമവുമാണ് ആവശ്യമെന്ന് മുഴുവൻ ജനങ്ങളെയും ബോധ്യപ്പെടുത്താൻ ലഘുലേഖകൾ വിതരണം ചെയ്യുകയും ആശാ വർക്കർമാർ അടങ്ങിയ ടീം വീടുകൾതോറും കയറി ഇക്കാര്യങ്ങളിന്മേൽ ബോധവത്ക്കരണം

നടത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള പനി ബാധിക്കുമ്പോൾത്തന്നെ ആശുപത്രിയിലെത്തി പരിശോധിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തിട്ടുണ്ട്. പ്ലേറ്റ്ലെറ്റ് സെപ്പറേഷനാവശ്യമായ സംവിധാനം താലൂക്ക്/ജില്ലാ തലങ്ങളിലുള്ള ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. അപൂർവ്വം ചിലയിടങ്ങളിൽ പ്രവർത്തനരഹിതമായ ഉപകരണങ്ങൾ നന്നാക്കി, അവയുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പനി നേരിടുന്നതിനായി ആരോഗ്യ വകുപ്പിനെ എല്ലാവിധത്തിലും സുസജ്ജമാക്കിയിട്ടുണ്ട്. എങ്കിലും മറ്റ് ചില രോഗത്തോടൊപ്പം പനി കൂടി ബാധിക്കുമ്പോൾ ചികിത്സിച്ചാൽപ്പോലും ഫലം കാണാത്ത രീതിയിൽ മരണത്തിന് കീഴടങ്ങുന്നുവെന്നുള്ളതാണ് നാം കാണുന്നത്. ഡെങ്കിപ്പനിയെ സംബന്ധിച്ച് കൊതുകിന്റെ ഉറവിടം നശിപ്പിക്കുക എന്നതാണ് പ്രധാനമായിട്ടുള്ളത്. അക്കാര്യത്തിൽ നമ്മൾ പൂർണ്ണതയിലെത്തിയിട്ടില്ല. നേരത്തെതന്നെ മന്ത്രിമാരുടെയും എം.എൽ.എ.- മാരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ യോഗം ചേർന്ന് എല്ലാ പ്രവർത്തനങ്ങളും പ്ലാൻ ചെയ്ത് കീഴ്ത്തട്ടിലെത്തിച്ചെങ്കിലും ചില പ്രദേശങ്ങളിൽ ഇപ്പോഴും കൊതുകിന്റെ ഉറവിടം നിലനിൽക്കുന്നു. കൊതുകുകൾ രണ്ട് തരമുണ്ടെന്ന് നേരത്തെ പറഞ്ഞു. അതിൽ ഈഡിസ് ഈജിപ്റ്റി എന്ന കൊതുക് കാണുന്നത് വീട്ടിനകത്താണ്. ഇപ്പോൾ ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കൊതുകിന്റെ ഉറവിടത്തിന്റെ അറുപത് ശതമാനത്തോളവും വീടിനകത്ത് തന്നെയാണ്. ഫ്രിഡ്ജിന്റെ ട്രേയുടെ അടിയിലും ചെടിച്ചട്ടികളുടെ അടിയിൽ വയ്ക്കുന്ന ട്രേയിലു മൊക്കെയാണ് കൊതുകിന്റെ കൂത്താടികളെ സർവ്വേ ടീം കണ്ടെത്തിയിട്ടുള്ളത്. അതും ശ്രദ്ധിക്കേണ്ടതുണ്ട്. വളരെയേറെ ശ്രദ്ധയോടുകൂടി മാത്രമേ നമുക്കിത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ടയറുകളുടെ അകത്ത് കെട്ടിനിൽക്കുന്ന വെള്ളത്തിലും കൊതുകിന്റെ ലാർവ കാണപ്പെടുന്നുണ്ട്. പകൽസമയത്താണ് ഈ കൊതുക് കടിക്കുന്ന തെന്നതിനാൽ പകൽ സമയത്തും വീടിനകത്ത് കീടനശീകരണത്തിനായി ഫ്യൂമിംഗ് നടത്തേണ്ടതായിട്ടുണ്ട്. പക്ഷേ പലയിടങ്ങളിലും വീട്ടിനകത്ത് ഫ്യൂമിംഗ് നടത്തുന്നതിന് അനുവാദം നൽകാത്ത അവസ്ഥയും നിലനിൽക്കുന്നു. അത്തരം ഘട്ടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ സഹായത്തോടെ ആരോഗ്യവകുപ്പ് പ്രവർത്തകർ വീടുകൾ സന്ദർശിച്ച് വീടിനകത്ത് കൊതുക് നശീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത് ഓരോ പൗരനും സ്വീകരിക്കേണ്ടതാണ്. മാലിന്യനിർമ്മാർജ്ജനം ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. അതുപോലെ കൊതുക് നശീകരണം നാമോരോരുത്തരും മുൻകയ്യെടുക്കേണ്ട പ്രവർത്തനമാണ്. അങ്ങനെ മുൻകയ്യെടുത്തെങ്കിൽ മാത്രമേ കൊതുകിന്റെ ആക്രമണവും പകർച്ചവ്യാധിയും നിയന്ത്രിക്കാൻ സാധിക്കൂ. ജലജന്യ രോഗങ്ങളിൽ മഞ്ഞപ്പിത്തം വളരെ കാര്യമായി കാണുന്നുണ്ട്. ചിലയിടങ്ങളിൽ റോഡ് നിർമ്മിക്കാത്തതിൽ പ്രതിഷേധിച്ച് ചെളിയിൽക്കുളിച്ച് പ്രതിഷേധിക്കു ന്നവരുണ്ട്. കഴിഞ്ഞ ദിവസം കുളത്തിലെ ചെളിവെള്ളത്തിൽ കുളിച്ച് പ്രതിഷേധിച്ച

മുഴുവനാളുകൾക്കും മഞ്ഞപ്പിത്തം പിടിപെട്ടു. അത്തരം പ്രവൃത്തികൾ ചെയ്യരുതെന്ന് എത്ര പറഞ്ഞാലും ചിലപ്പോൾ ചില പ്രദേശങ്ങളിൽ അത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യാനാണ് ആളുകൾ തയ്യാറെടുക്കുകയാണ്. കിണറിലെ വെള്ളം പരിശോധിക്കാൻ എല്ലാ സ്ഥലത്തും നിർദ്ദേശം നൽകുകയും അതെല്ലാം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. എലിപ്പനി വരുന്നത് ശുചീകരണത്തിന്റെ അഭാവംമൂലമാണ്. തൊഴുത്തുകളും മറ്റും വൃത്തിയാക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്താൽ എലിപ്പനിയിൽ നിന്നും രക്ഷനേടാൻ സാധിക്കും. ഞാൻ സഭയോട് ഒന്നടങ്കം അഭ്യർത്ഥിക്കുന്നത്, എല്ലാ എം.എൽ.എ.-മാർക്കും നേരത്തെ രണ്ടുതവണ കത്തയച്ചിട്ടുണ്ട്. ഓരോ വ്യക്തിയേയും ഇതിൽ പങ്കാളികളാക്കിക്കൊണ്ടുമാത്രമേ നമുക്കിത് ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. ഇനിയുള്ള ദിവസങ്ങളിൽ സ്വാഭാവികമായും മഴ കൂടുമ്പോൾ പനി കൂടാനിടയുണ്ട്. ആശുപത്രികളെല്ലാം സജ്ജമാക്കിയിട്ടുണ്ട്. എത്രയോ വർഷങ്ങളായി ജീവനക്കാരുടെ കുറവ് നിലനിൽക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറേയേറെ തസ്തികകൾ സൃഷ്ടിച്ചു. അതിന്റെ ഗുണഫലമുണ്ടെന്നത് വസ്തുതയാണെങ്കിലും വേണ്ടത്ര ജീവനക്കാരില്ലാത്ത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പലയിടത്തുമുണ്ട്. അത് ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയുന്ന വിഷയമല്ല. അത്തരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഉള്ള സ്റ്റാഫിനെ ഉപയോഗപ്പെടുത്തി, എല്ലാ ആരോഗ്യ സ്ഥാപനങ്ങളും പകർച്ചവ്യാധി നേരിടാൻ സുസജ്ജമായിരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെ ത്യാഗപൂർണ്ണമായ പ്രവർത്തനമാണ് ആശുപത്രിയിലെ ഡോക്ടർമാരും നഴ്സുമാരും കാഴ്ചവയ്ക്കുന്നത്. അവരുടെ ഭാഗത്തുനിന്നും അലംഭാവമുണ്ടായതായുള്ള റിപ്പോർട്ടുകൾ ഇതുവരെ കിട്ടിയിട്ടില്ല. എല്ലാ പ്രതിസന്ധി ഘട്ടങ്ങളെയും തരണം ചെയ്ത് മരുന്നുകൾ കൃത്യമായി ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ശ്രദ്ധിച്ചിട്ടുണ്ട്. കൊതുകുകളുടെ ഉറവിടം നശിപ്പിക്കൽ ആരോഗ്യ വകുപ്പ് മാത്രം വിചാരിച്ചാൽ നടക്കുന്നതല്ല. നമ്മുടെ ഓരോരുത്തരുടെയും ശ്രദ്ധ അതിലുണ്ടാകണം. വീട്ടിനകത്തും പുറത്തും കീടനാശിനി തളിക്കുക, ഫോഗിംഗ്, കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് തുടങ്ങിയവ കൃത്യമായി നടന്നുവരുന്നുണ്ട്. ഇതിനുപുറമെ, ആശുപത്രികളിൽ പ്രത്യേക പനി വാർഡ്, പനി ക്ലിനിക്, ഡെങ്കി കോർണർ തുടങ്ങിയ പ്രത്യേക സംവിധാനങ്ങളും ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുണ്ട്. താലൂക്കാശുപത്രി മുതൽ മുകളിലോട്ടുള്ള ആശുപത്രികളിൽ ബ്ലഡ് സെപ്പറേഷനുള്ള ബ്ലഡ് ബാങ്കും മറ്റും നടപ്പാക്കിയിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ കൃത്യമായി ആരോഗ്യ വകുപ്പ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, വരുംദിവസങ്ങളിൽ എല്ലാവരുടെയും സഹകരണത്തോടെ പൂർണ്ണമായും കൊതുകിന്റെ ഉറവിടം നശിപ്പിക്കുന്ന പ്രവർത്തനം നടത്തണം. പകർച്ചവ്യാധി വ്യാപനം തടയാനുള്ള എല്ലാ പരിശ്രമവും ഒത്തൊരുമിച്ച് നടത്താം. കൂടുതൽ മരണങ്ങളുണ്ടാകാനിടവരുത്താതെ നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കേണ്ടതായിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഡെങ്കിപ്പനി വ്യാപകമായാൽ പ്ലേറ്റ്ലെറ്റ്, പ്ലാസ്മ ഫ്ലൂയിഡ്, റെഡ് സെൽസ് തുടങ്ങിയ ബ്ലഡ് കമ്പോണന്റ്സ് കൂടുതൽ കിട്ടുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അത് താലൂക്ക് ആശുപത്രികളിൽ മാത്രം സജ്ജീകരിച്ച് പൂർണ്ണമായും ഉണ്ടാക്കാൻ കഴിയുമോ; അതോ മറ്റുള്ള സ്വകാര്യ/സർക്കാർ ആശുപത്രികളെക്കൂടി സംയോജിപ്പിച്ച് ആളുകൾക്ക് ഏറ്റവും എളുപ്പം ലഭ്യമാക്കാനാവശ്യമായ നടപടി സംയോജിതമായി ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ വ്യാപകമായി പ്ലേറ്റ്ലെറ്റ് സെപ്പറേറ്റ് ചെയ്യാനുള്ള മെഷീന്റെ ആവശ്യം വരുന്നില്ല. കാരണം, ഡെങ്കിപ്പനി ബാധിച്ചവരിൽ വളരെ ചെറിയ ശതമാനത്തിനുമാത്രമാണ് പ്ലേറ്റ്ലെറ്റ് കുറയുന്നത്. റഫറൽ സംവിധാനം അനുസരിച്ച് താഴെയുള്ള ആശുപത്രികളിൽ പരിശോധിക്കുമ്പോൾ പ്ലേറ്റ്ലെറ്റ് കുറയുന്നുവെന്ന് തോന്നിയാൽ ഉടനെ താലൂക്കാശുപത്രിയിലേയ്ക്കും ജില്ലാ ആശുപത്രികളിലേയ്ക്കും മാറ്റുകയാണ് ഇപ്പോൾ ചെയ്യുന്നത്. ആംബുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തി രോഗിയെ അടിയന്തരമായി എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പ്ലേറ്റ്ലെറ്റ് കുറയുന്ന ഒരു രോഗിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തലത്തിൽ കിടത്താതിരിക്കുന്നതാണ് നല്ലത്. അവിടെ മറ്റ് സൗകര്യങ്ങൾ കുറവായിരിക്കും. അതുകൊണ്ട് താലൂക്ക് തലത്തിലോ ജില്ലാ തലത്തിലോ ചികിത്സിക്കുന്നതും അവിടെ സെപ്പറേഷനാവശ്യമായ സംവിധാനമൊരുക്കുന്നതുമാണ് ഉചിതം.

## IV സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ: ധനവിനിയോഗ ബിൽ ഉൾപ്പെടെ നാല് ബില്ലുകൾ ഇന്ന് പരിഗണിക്കാനുണ്ട്. അതുകൊണ്ട് സബ്മിഷൻ വളരെ കുറച്ച് സമയമെടുത്ത് അവതരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

### (1) എളങ്കുന്നപ്പുഴ മുൻപഞ്ചായത്ത് പ്രസിഡന്റിന്റെ ആത്മഹത്യ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എളങ്കുന്നപ്പുഴ മുൻ പഞ്ചായത്ത് പ്രസിഡന്റും സി.പി.ഐ.(എം.) നേതാവുമായ വി. കെ. കൃഷ്ണൻ കഴിഞ്ഞ 12-ന് കായലിൽ ചാടി ആത്മഹത്യ ചെയ്ത ദാരുണമായ സംഭവമുണ്ടായി. ഞാൻ ആ വീട് സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന്റെ ആത്മഹത്യാക്കുറിപ്പ് ഞാൻ വായിക്കാം. 'ഞാൻ ഈ കത്തെഴുതുന്നത് അന്വേഷണം മറ്റൊരു തലത്തിലേയ്ക്ക് നീങ്ങാതിരിക്കാനാണ്. കാരണം, പലപ്പോഴും തെറ്റായി ധരിപ്പിച്ച് കാര്യങ്ങൾ വഴുതിപ്പോകുന്ന തരത്തിലാണ് വാർത്തകൾ വരുന്നത്. അതൊഴിവാക്കാൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. ഞാൻ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് മുൻപ്രസിഡന്റ് വി. കെ.

കൃഷ്ണനാണ്. പഞ്ചായത്ത് ഭരണം പോയതിന്റെ ദുഃഖമല്ല, മറിച്ച് ഞാൻ തെറ്റുകളുടെ ഒരു കുമ്പാരമാണ്, കൂടാതെ എന്നെ പുകച്ച് പുറത്തുചാടിക്കുന്നൊരു പാർട്ടിയാണ് എളങ്കുന്നപ്പുഴ എൽ.സി. ഒപ്പം സമനില തെറ്റിയ എനിക്ക് ഇത് ചെയ്യാനേ കഴിയൂ. എന്നോട് ക്ഷമിക്കണം.' ഒരു പട്ടികജാതിക്കാരനായ, ആ പ്രദേശത്ത് ജനസമ്മതിയുള്ള ഒരു നേതാവാണ് അദ്ദേഹം. നാട്ടുകാർ പറഞ്ഞിട്ടാണ് ഞാനവിടെ പോയത്. ഇതിനെ സംബന്ധിച്ച് ധാരാളം അഭിപ്രായവ്യത്യാസങ്ങളും ആശങ്കകളും ജനങ്ങൾക്കുണ്ട്. അതുകൊണ്ട് ഈ സംഭവത്തെപ്പറ്റി ഫലപ്രദമായ അന്വേഷണം നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും പാർലമെന്റ് അംഗമായ പ്രൊഫ. കെ. വി. തോമസുമുൾപ്പെടെ ചുമതലപ്പെട്ടവരെല്ലാം ആ വീട് സന്ദർശിച്ചിരുന്നുവെന്നുള്ളത് ശരിയാണ്. അന്വേഷണം ആവശ്യപ്പെടുന്നതിനെക്കുറിച്ച് മൺമറഞ്ഞുപോയ കൃഷ്ണന്റെ ഭാര്യ ഇവരോട് തന്നെ നേരിട്ട് പറഞ്ഞത്, ഒരന്വേഷണത്തിന്റെയും ആവശ്യമില്ല, ഞങ്ങൾക്ക് എല്ലാ കാര്യത്തിലും വ്യക്തതയുണ്ടെന്നും അത് തെറ്റിദ്ധരിപ്പിക്കാൻ ഇടനൽകുന്നതാണെന്നുമാണ്. അന്വേഷണത്തിന്റെ ആവശ്യമില്ലെന്നുള്ളത് അങ്ങയോടും നേരിട്ട് സംസാരിച്ചതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആത്മഹത്യാക്കുറിപ്പ് ഉണ്ടെങ്കിൽ അന്വേഷിച്ചേ മതിയാകൂ. അത് നിയമമാണ്. ഭർത്താവ് മരിച്ച വിഷമം കൊണ്ടാണ് അവരങ്ങനെ പറഞ്ഞത്.

ശ്രീ. എസ്. ശർമ്മ: സർ, നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. അതിനൊരു തടസ്സവുമില്ല. അതിനാർക്കാണ് തടസ്സം; തടസ്സപ്പെടുത്തേണ്ട കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എസ്. ശർമ്മ പ്ലീസ്....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പോയപ്പോൾ പുതുതായി യു.ഡി.എഫ്.-ലേയ്ക്ക് വന്ന നേതാവിനെയും കൂടി കൂട്ടാമായിരുന്നു. അപ്പോൾ ശരിയായ രംഗമാകുമായിരുന്നു.

എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ മുൻപഞ്ചായത്ത് പ്രസിഡന്റ് വി. കെ. കൃഷ്ണൻ 12-6-2018-ന് രാത്രി ഫോർട്ട് കൊച്ചിയിൽനിന്നും വൈപ്പിനിലേയ്ക്ക് ബോട്ടിൽ യാത്ര ചെയ്യവേ കായലിലേയ്ക്ക് ചാടുകയുണ്ടായി. ബോട്ടിന്റെ ലാസ്കർ കൃഷ്ണന്റേതെന്ന് കരുതുന്ന ഒരു കത്ത് ഹാജരാക്കി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ മുളവുകാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണമാരംഭിച്ചു. കൃഷ്ണനെ കണ്ടെത്തുന്നതിനായി നേവി, അഗ്നിശമനസേന

എന്നിവയിലെ മുങ്ങൽ വിദഗ്ദ്ധർ, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവരുടെ സഹായത്തോടെ കോസ്റ്റൽ പോലീസും മറ്റ് പോലീസ് വിഭാഗങ്ങളും ഊർജ്ജിത ശ്രമങ്ങൾ നടത്തിവരവെ 15-6-2018-ന് രാവിലെ ചെറിയകടവ് കടപ്പുറത്തുനിന്ന് ടിയാന്റെ മൃതദേഹം കണ്ടെത്തി. മൃതദേഹം എറണാകുളം ജനറലാശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. തുടർന്ന് സംഭവത്തിൽ Cr.PC ചട്ടം 174 പ്രകാരം അന്വേഷണം നടത്തിവരുന്നു.

## (2) പ്രവാസി പുനരധിവാസം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ലോക കേരളസഭയുടെ തീരുമാന പ്രകാരമുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിനും പ്രവാസി പുനരധിവാസ പദ്ധതികൾ കാലോചിതമായി നടപ്പാക്കുന്നതിനുമുള്ള നടപടികൾ ശക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനുമാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പ്രവാസി പുനരധിവാസ പദ്ധതികൾ കാലോചിതമായി നടപ്പിലാക്കുന്നതിന് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നല്ല നിലയിൽ ആ പ്രവർത്തനങ്ങൾ സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. 60 വയസ് കഴിഞ്ഞവർക്ക് ക്ഷേമനിധി ബോർഡ് ആവിഷ്കരിച്ച ഒരു പ്രത്യേക പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. അത് പ്രാവർത്തികമാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉയർന്നുവന്ന നിർദ്ദേശപ്രകാരം തിരികെയെത്തുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാൻ ഡോ. ആസാദ് മൂപ്പൻ ചെയർമാനായി ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട നിക്ഷേപം സമാഹരിച്ച് പ്രവാസികൾ മടങ്ങിയെത്തുമ്പോൾ തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള ചർച്ചകൾ പുരോഗമിക്കുന്നുണ്ട്. തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക ഡിപ്പാർട്ടുമെന്റ് 'പ്രോജക്ട്സ് ഫോർ റിട്ടേൺ എമിഗ്രന്റ്സ്' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധനച്ചെലവ് വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യ നാലുവർഷം മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ബാങ്കുകൾക്ക് പുറമെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള

സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിലവിൽ അംഗത്വത്തിനുള്ള പ്രായപരിധി 60 വയസ്സാണ്. 60 വയസ് കഴിഞ്ഞവർക്ക് അംഗത്വം നൽകി പെൻഷൻ അനുവദിക്കണമെന്ന വ്യവസ്ഥയും ഉൾക്കൊള്ളിച്ചുകൊണ്ട് ആക്ട് ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## (3) എ.ഡി.ജി.പി.-യുടെ ഡ്രൈവർക്കേറ്റ മർദ്ദനം

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഇക്കഴിഞ്ഞ നാളുകളിൽ പൊതുസമൂഹത്തിലും പത്രമാധ്യമങ്ങളിലും നിറഞ്ഞുനിൽക്കുന്ന ഒരു വിഷയമാണ് ഈ സബ്മിഷന് ആധാരം. എ.ഡി.ജി.പി. ശ്രീ. സുദേഷ് കുമാറിന്റെ ഔദ്യോഗിക പോലീസ് ഡ്രൈവർ ശ്രീ. ഗവാസ്കറെ വ്യക്തിപരമായ വിഷയങ്ങളിൽ അരിശംപൂണ്ട് എ.ഡി.ജി.പി.-യുടെ മകൾ ക്രൂരമായി ആക്രമിച്ചിരിക്കുകയാണ്. ഗവാസ്കർ എന്ന പോലീസുദ്യോഗസ്ഥനെയും കുടുംബത്തെയും എനിക്ക് നേരിട്ടറിയാം. എന്റെ നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ നിവാസിയാണവർ. 2004 മുതൽ 14 വർഷമായി പോലീസ് സേനയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ഈ ചെറുപ്പക്കാരനെയാണ് വ്യക്തിവിരോധം കാരണം എ.ഡി.ജി.പി.-യുടെ മകൾ ഏഴ് തവണ മൊബൈൽ ഫോൺ കൊണ്ട് ഇടതുകണ്ണിനുമുകളിലും അതിനുശേഷം തുടരെത്തുടരെ കഴുത്തിലുമിടിച്ചത്. അതിന്റെ ആഘാതം കാരണം ഗവാസ്കർ മെഡിക്കൽ കോളേജിലെ ആറാം വാർഡിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. അപലപനീയമായ ഈ കുറ്റകൃത്യത്തേക്കാൾ കൂടുതൽ അക്ഷന്തവ്യമായ തെറ്റും നിസ്സംഗതയും കാണിച്ചിട്ടുള്ളത് പോലീസാണ്. ഗവാസ്കർ അഡ്മിറ്റായശേഷം 10 മണിക്കൂർ കഴിഞ്ഞാണ് പോലീസ് അവിടെ വന്ന് മൊഴിയെടുത്തത്. ഇതിനിടയിൽ എ.ഡി.ജി.പി.-യുടെ മകളുടെ പരാതിയിൽ ആദ്യം ഒരു കേസെടുക്കുവാനും പോലീസ് തുനിഞ്ഞു. ഈ പ്രതിസന്ധികൾക്കിടയിലും ഗവാസ്കർ ധീരമായ നിലപാടെടുത്തു. ഗവാസ്കർ നിശ്ശബ്ദനായിരുന്നെങ്കിൽ പ്രബുദ്ധകേരളം പ്രൗഢിയോടെ അണിയുന്ന കാക്കിക്കുപ്പായത്തിന്റെ പിന്നിൽ ഇരുചെവി അറിയാതെ നടക്കുന്ന ഇത്തരത്തിലുള്ള ചൂഷണങ്ങളെക്കുറിച്ചും സ്വാർത്ഥ താൽപ്പര്യങ്ങളെക്കുറിച്ചും നമുക്കറിയാൻ കഴിയില്ലായിരുന്നു. അങ്ങ് ഇതുസംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുകയാണ്. ക്രൈം ബ്രാഞ്ചിന്റെ അന്വേഷണം സാധാരണഗതിയിൽ നീണ്ടുപോകും. ഒരുതരത്തിലുള്ള വ്യക്തിവിരോധവും കാണിക്കാതെ ക്രൈം ബ്രാഞ്ചിന്റെ അന്വേഷണം അടിയന്തരമായി നടത്തി ഒരു മാസത്തിനുള്ളിൽത്തന്നെ ഈ കേസിന് തീർപ്പുണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അതോടൊപ്പം യാതൊരു തരത്തിലുള്ള victimisation-നും ഈ പാവം ഉദ്യോഗസ്ഥന് ഇതുകാരണം ഉണ്ടാകില്ലെന്നുള്ള ഉറപ്പ് അങ്ങ്

നിയമസഭയിൽ നൽകേണ്ടതാണ്. വ്യക്തിപരമായ ദാസ്യവൃത്തി പോലീസ് സേനയിലുണ്ടാകില്ലെന്ന് 99-ാം നമ്പർ വകുപ്പിൽ പറയുന്നുണ്ട്. അതിനുശേഷം 21-3-2018-ൽ അങ്ങ് തന്ന മറുപടിയിലും 'കേരളത്തിൽ ഒരിടത്തും ക്യാമ്പ് ഫോളോവർ തസ്തികയിലുള്ള ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്കായി നിയോഗിക്കാറില്ല' എന്ന് സഭയിൽ മറുപടി നൽകിയിട്ടും ഏകദേശം രണ്ടായിരത്തോളം പോലീസുദ്യോഗസ്ഥർ ക്യാമ്പ് ഫോളോവറായി ബ്രിട്ടീഷ് ഭരണകാലത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇതിനെല്ലാം തടയിട്ടുകൊണ്ട് പോലീസ് ടെസ്റ്റ് എഴുതി വരുന്ന സാധാരണക്കാരായ, മിടുക്കരായ, യുവാക്കളായ പോലീസുദ്യോഗസ്ഥരെ സംരക്ഷിക്കാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 14-6-2018-ന് സായുധസേനാ ബറ്റാലിയൻ എ.ഡി.ജി.പി. ശ്രീ. സുദേഷ് കുമാറിന്റെ ഡ്രൈവർ ശ്രീ. ഗവാസ്കറെ എ.ഡി.ജി.പി.-യുടെ മകൾ ദേഹോപദ്രവമേൽപ്പിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്നുള്ള ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി.-യുടെ മകളെ പ്രതിയാക്കി തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, എ.ഡി.ജി.പി.-യുടെ മകളുടെ മൊഴിപ്രകാരവും കേസെടുത്തിട്ടുണ്ട്. പോലീസ് ഡ്രൈവർ ശ്രീ. ഗവാസ്കറുടെ ഭാര്യയും കുടുംബാംഗങ്ങളും എനിക്ക് നിവേദനം നൽകുകയുണ്ടായി. ഇക്കാര്യം ഗൗരവമായി കണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഞാൻ അവരോട് വ്യക്തമാക്കിയിട്ടുമുണ്ട്. രണ്ട് കേസുകളും ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ അന്വേഷിച്ചുവരികയാണ്. അന്വേഷണം ഫലപ്രദമായി നടത്തുന്നതിനായി ബറ്റാലിയൻ എ.ഡി.ജി.പി.-യെ തൽസ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ട്. പോലീസിൽ ഉന്നത ഉദ്യോഗസ്ഥർ മറ്റ് ജീവനക്കാരെ വ്യക്തിപരമായ കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന സമ്പ്രദായം കാലാകാലമായി നിലവിലുണ്ട്. ബ്രിട്ടീഷ് പോലീസ് ഭരണത്തിൽനിന്ന് കൈമാറി വന്ന ജീർണ്ണമായൊരു സംസ്കാരമാണിത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഏഴ് പതിറ്റാണ്ട് കഴിഞ്ഞ ഘട്ടത്തിലും ഇത് തുടരുന്നുവെന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്. അത് ഗൗരവതരമാണ്. ഔദ്യോഗിക കാര്യങ്ങൾക്കായി വിന്യസിക്കേണ്ട പോലീസ് കോൺസ്റ്റബിൾമാരെയും മറ്റും വീട്ടാവശ്യങ്ങൾക്കും വ്യക്തിപരമായ സേവനങ്ങൾക്കും ഉപയോഗപ്പെടുത്തുന്നുണ്ടോയെന്നകാര്യം പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം പ്രവണത പൂർണ്ണമായും അവസാനിപ്പിക്കുകതന്നെ ചെയ്യും. പോലീസിലെ ആശാസ്യമല്ലാത്ത ഈ പ്രവണത മുൻകാലങ്ങളിലും തലപൊക്കിയിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരുടെയും മനുഷ്യാവകാശങ്ങൾക്ക് പരിരക്ഷയും ആദരവും നൽകുന്ന സമീപനം മാത്രമേ സർക്കാരിൽനിന്നുമുണ്ടാകുകയുള്ളൂ.

മനുഷ്യാവകാശങ്ങളെ ലംഘിക്കുന്ന ഒരു നടപടിയും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ടാകുന്നത് അനുവദിക്കുകയില്ല. അതേസമയം പോലീസ് ഒരു ഡിസിപ്ലിൻഡ് ഫോഴ്സാണ്. അവിടെ അച്ചടക്കം ലംഘിക്കാൻ എന്തെങ്കിലും പഴുതുകളുപയോഗിക്കുന്നതും അതിന്റെ പേരിൽ മനുഷ്യാവകാശങ്ങൾ ധ്വംസിക്കുന്നതും അനുവദിക്കാനാകില്ല. ഈ വിധത്തിലുള്ള സമതുലിതമായ സമീപനമാകും സർക്കാരിൽനിന്നുമുണ്ടാകുക. ഇക്കാര്യത്തിൽ സർക്കാരും പോലീസ് മേധാവിയും നൽകുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏത് ഉന്നത ഉദ്യോഗസ്ഥനായാലും കർശന നടപടി സ്വീകരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ കേസ് ക്രൈംബ്രാഞ്ചിന് വിട്ടുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ക്രൈംബ്രാഞ്ച് അന്വേഷണം എപ്പോഴും കാലവിളംബമുണ്ടാകുന്നതാണ്. ഇത് വളരെ ഗൗരവമായി കേരളസമൂഹം ഏറ്റെടുത്ത പ്രശ്നമാണ്. ഉയർന്ന ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചാൽ മാത്രമേ കൃത്യമായും വേഗതയിലും കാര്യങ്ങൾ മുന്നോട്ടുവരികയുള്ളൂ. അതിനുള്ള നടപടി അങ്ങ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ക്രൈംബ്രാഞ്ച് അന്വേഷണമെന്ന് പറയുന്നത് സ്പെഷ്യൽ ടീമിന്റെ ഫലംതന്നെയാണ്. ആരോപണവിധേയനായത് ഒരു എ.ഡി.ജി.പി. ആയതുകൊണ്ട് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള ഒരു ടീമാണ് അന്വേഷിക്കുന്നത്. അത് സ്പെഷ്യൽ ടീമിന്റെ ഫലംതന്നെയാണ് ചെയ്യുക.

ശ്രീ. എം. സ്വരാജ്: സർ, ഇങ്ങനെ ഇടപെട്ട് സംസാരിക്കാൻ ഇത് ചർച്ചയല്ല, സബ്മിഷനാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വളരെ ഗൗരവമുള്ള കാര്യമായതുകൊണ്ടാണ് ഞാൻ ഇടപെടുന്നത്. സബ്മിഷനിൽ ഞാൻ ഇടപെടാറില്ല. എനിക്ക് റൂളൊക്കെ അറിയാം. സമയബന്ധിതമായി ഈ അന്വേഷണം പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യം പരിശോധിക്കാം.

### (4) പുതിയ ട്രേഡുകൾ അനുവദിക്കൽ

ശ്രീ. വി. ജോയി: സർ, പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ ഏറ്റവും പഴക്കംചെന്ന ഐ.ടി.ഐ. ആണ് വർക്കല ഐ.ടി.ഐ. കഴിഞ്ഞ കുറേ വർഷങ്ങളായി അവിടെ പ്ലംബർ ട്രേഡ് മാത്രമാണുണ്ടായിരുന്നത്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ടാണ് ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് അവിടെ അനുവദിച്ചത്. പക്ഷെ, അവിടെ ഡ്രാഫ്റ്റ്സ്മാൻ സിവിലിൽ ഒരു

ഇൻസ്ട്രക്ടറുടെ തസ്തിക മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. രണ്ട് വർഷത്തെ കോഴ്സായതുകൊണ്ട് ഒരു ഇൻസ്ട്രക്ടർകൂടി ഉണ്ടെങ്കിൽ മാത്രമേ ഈ വർഷം അഡ്മിഷൻ നടത്താൻ സാധിക്കുകയുള്ളൂ. അവിടെ ഭൗതികസഹചര്യങ്ങളെല്ലാമുണ്ട്. അതിനാൽ ടി. ഐ.ടി.ഐ-യിൽ ഒന്നിലധികം കോഴ്സുകളും കൂടുതൽ ബാച്ചുകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വർക്കല ഐ.ടി.ഐ.-യിൽ ദ്വിവത്സര ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) കോഴ്സ് ആരംഭിക്കാൻ 2015-16 വർഷത്തിൽ അനുമതി ലഭിച്ചുവെങ്കിലും മതിയായ ക്ലാസ്സ് മുറികളില്ലാത്തതിനാലാണ് ആരംഭിക്കാതിരുന്നത്. 2016-17 വർഷം കെട്ടിടം പണി പൂർത്തിയാക്കുകയും 2017-18 വർഷത്തിൽ കോഴ്സ് ആരംഭിക്കുകയും ചെയ്തു. ദ്വിവത്സര കോഴ്സായതിനാൽ രണ്ടാം വർഷമാകുമ്പോൾ രണ്ട് അദ്ധ്യാപക തസ്തികകൾ ആവശ്യമാണ്. ഒരു തസ്തികയ്ക്ക് മാത്രമാണ് അനുമതി ലഭിച്ചത്. ഒരു തസ്തികകൂടി അനുവദിക്കാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. രണ്ടാം വർഷം തടസ്സങ്ങളില്ലാതെ അദ്ധ്യയനം നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സർക്കാർ നടത്തിവരികയാണ്. പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഒരു സമഗ്ര പരിപാടി തയ്യാറാക്കാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വർക്കല ഐ.ടി.ഐ.-യിലും അതിന്റെ ഭാഗമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (5) ധനസഹായം

ശ്രീ. എസ്. ശർമ്മ: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട കുഴുപ്പിള്ളി ബീച്ചിൽ കഴിഞ്ഞ 16-ാം തീയതി വൈകുന്നേരം കുളിക്കാനിറങ്ങിയ 18-ഉം 19-ഉം വയസ്സ് പ്രായമുള്ള അയ്യപ്പദാസ്, ആഷിക് എന്നീ യുവാക്കളെ കടൽച്ചുഴിയിൽപ്പെട്ട് കാണാതാവുകയും അന്വേഷണം വേണ്ടരീതിയിൽ നടക്കുകയുമുണ്ടായി. ഒരാളുടെ മൃതദേഹം കുറച്ചുമുമ്പ് ലഭിച്ചു. എങ്കിലും സാധ്യമായ എല്ലാ രക്ഷാപ്രവർത്തനങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകുകയും അത് മോണിറ്റർ ചെയ്യുകയും വേണം. ഈ രണ്ട് ചെറുപ്പക്കാരും ആ കുടുംബങ്ങളുടെ പ്രതീക്ഷയായിരുന്നു. അവർ നഷ്ടപ്പെട്ടതോടുകൂടി ആ കുടുംബങ്ങളിൽ പ്രയാസങ്ങൾ ഏറിവരികയാണ്. അത്തരമൊരു സാഹചര്യത്തിൽ ആ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 16-6-2018-ന് വൈകുന്നേരം 5.50-ന് എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് കുഴുപ്പിള്ളി വില്ലേജിൽ പള്ളത്താൻകുളങ്ങര ബീച്ചിൽ കുളിക്കാനിറങ്ങിയ ശ്രീ. ലെനിന്റെ മകൻ അയ്യപ്പദാസ്, (19 വയസ്സ്) ശ്രീ. നൗഫലിന്റെ മകൻ ആഷിക് (21 വയസ്സ്) എന്നിവരെ തിരയിൽപ്പെട്ട് കാണാതായി. പ്രസ്തുത വിവരം ലഭിച്ചയുടൻ തന്നെ കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് തിരച്ചിൽ ആരംഭിക്കുകയും ഫയർഫോഴ്സ്, പോലീസ്, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി തിരച്ചിലിൽ പങ്കാളികളാകുകയും ചെയ്തിട്ടുണ്ട്. നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും ഹെലികോപ്ടർ മുഖേനയും ഫിഷറീസ് വകുപ്പിന്റെ ബോട്ടുകളിലൂടെയും തിരച്ചിൽ നടത്തിവരികയാണ്. ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിലുള്ള റവന്യൂ ഉദ്യോഗസ്ഥരും ഫയർ ആൻഡ് റെസ്ക്യൂ പോലീസ് ഉദ്യോഗസ്ഥരും ക്യാമ്പ് ചെയ്ത് സ്ഥിതിഗതികൾ വിലയിരുത്തിവരുന്നു. കാണാതായ രണ്ടുപേരുടെയും മൃതദേഹങ്ങൾ ഇന്ന് രാവിലെ കടലിൽ കണ്ടെത്തിയതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആയത് കടലിൽനിന്നും വീണ്ടെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.മരിച്ചവരുടെ ആശ്രിതർക്ക് അർഹമായ ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (6) മിച്ചഭൂമി ഏറ്റെടുക്കൽ

ശ്രീ. ജെയിംസ് മാത്യു: സർ, കുറുമാത്തൂർ വില്ലേജിലെ 31, 44, 46, 76 സർവ്വേ നമ്പരുകളിൽപ്പെട്ട 439.74 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കാനുള്ള നടപടിയുണ്ടാകണം. വർഷങ്ങളായി പലവിധ കാരണങ്ങൾകൊണ്ട് റവന്യൂ വകുപ്പിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതുമൂലം ഇപ്പോഴും അതിന്റെ ക്രയവിക്രയം നടന്നുകൊണ്ടിരിക്കുകയാണ്. പലപ്പോഴും ലാൻഡ് ബോർഡ് ചെയർമാന്റെ ഭാഗത്തുനിന്നും കൃത്യമായ നിർദ്ദേശം ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടും ഈ ക്രയവിക്രയം തടയാൻ സാധിക്കുന്നില്ല. മിച്ചഭൂമിയായി സർക്കാർ ഏറ്റെടുക്കേണ്ട ഭൂമി ഏറ്റെടുക്കാത്തതിനാൽ വലിയ അഴിമതിയാണ് അവിടെ സംജാതമായിരിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തളിപ്പറമ്പ് താലൂക്ക്, കുറുമാത്തൂർ വില്ലേജ്, സർവ്വേ നമ്പർ 31/1, 44/part, 46/part, 76/part എന്നിവയിൽ ഉൾപ്പെട്ട 439.74 ഏക്കർ ഭൂമി കൈവശക്കാരനായ കട്ടക്കയം ചെറിയാൻ ജോസഫ്, സീലിംഗ് റിട്ടേൺ ഫയൽ ചെയ്യാതിരുന്നതിനാൽ, KLR Act, Section 85(A) പ്രകാരം ലാൻഡ് ബോർഡ് നടപടിയെടുത്തതിന്റെ ഭാഗമായി

തളിപ്പറമ്പ് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെ കത്ത് (TLB(സി)/02/92/TBA) പ്രകാരം ടി ഭൂമിയിലെ കയ്യേറ്റങ്ങൾ റദ്ദുചെയ്തും മേൽവിവരിച്ച ഭൂമിയിലെ ക്രയവിക്രയം തടഞ്ഞുകൊണ്ടും ബന്ധപ്പെട്ട രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ശ്രീമതി ലീലാമ്മ എബ്രഹാം മുതൽപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) 27132/16, ശ്രീ. ഫിലിപ്പോസ് ഫയൽ ചെയ്ത W.P.(C) 24553/16, ശ്രീ. അബ്ദുൾ സത്താർ ഫയൽ ചെയ്ത W.P.(C) 41077/17 എന്നിവയിന്മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ കൈമാറ്റങ്ങൾ നടന്നുവരുന്നത്. ടി നമ്പർ മിച്ചഭൂമി കേസിൽ ഹൈക്കോടതിയിൽ നിന്നും വിധി സമ്പാദിച്ച് ഭൂമി കൈമാറ്റം നടത്തുന്ന കേസുകളിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നത് താലൂക്ക് ലാൻഡ് ബോർഡിന്റെ തീരുമാനത്തിന് വിധേയമായിരിക്കണമെന്ന് തളിപ്പറമ്പ് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുടർന്നും കക്ഷികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് പോക്കുവരവ് നിരോധന ഉത്തരവുകൾ നീക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതാണ്. താലൂക്ക് ലാൻഡ് ബോർഡിന്റെ 15-11-2017-ലെ ഉത്തരവ് നീക്കിക്കിട്ടുന്നതിന് തളിപ്പറമ്പ് ലാൻഡ് ബോർഡ് മുമ്പാകെ സമർപ്പിച്ചുവരുന്ന അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം നടത്തി TLB-യുടെ പരിഗണനയ്ക്കായി വരുന്നവ, ടി കേസുകളുടെ അർഹതയ്ക്കനുസൃതമായി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും തളിപ്പറമ്പ് താലൂക്ക് ലാൻഡ് ബോർഡിന്റെ TLB (സി)/02/92/BA പ്രകാരം മിച്ചഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിചാരണകൾ നടന്നുവരുന്നതും 11-7-2018-ന് അടുത്ത വിചാരണ വച്ചിട്ടുള്ളതും പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലുമാണ്.

12.00 Noon]

## (7) കുടിവെള്ള പദ്ധതികൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കുടിവെള്ള പദ്ധതിയെ സംബന്ധിച്ച ഒരു സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ കുടിവെള്ള പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലായാണ് ഇപ്പോൾ പ്രവൃത്തികൾ നടത്തുന്നത്. ആദ്യഘട്ടം പ്രവൃത്തി നടത്തിയത് തുരുമ്പെടുത്തുപോയാലും അതിന്റെ രണ്ടാംഘട്ടവും മൂന്നാംഘട്ടവും പ്രവൃത്തി നടക്കാത്തതിനെത്തുടർന്ന് കുടിവെള്ളം കൊടുക്കുകയെന്ന നമ്മുടെ ഉദ്ദേശ്യം നടക്കാതെ പോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് കുടിവെള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ആ പദ്ധതികൾ പൂർത്തീകരിച്ച് വെള്ളം വിതരണം ചെയ്യണമെങ്കിൽ ഇനിയും അഞ്ചാറ് വർഷം കഴിയും. എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെറിയ പദ്ധതികൾ നൽകാനും കഴിയില്ല.

കാരണം, ഒരു കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് മറ്റൊരു ചെറിയ കുടിവെള്ള പദ്ധതി അനുവദിക്കാൻ കഴിയില്ല. കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നം യോഗങ്ങളിലെല്ലാം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഒരു കുടിവെള്ള പദ്ധതി മൂന്ന് സ്റ്റേജുകളിലായാണ് ടെണ്ടർ ചെയ്യുന്നത്; മൂന്ന് വ്യത്യസ്ത പ്രോജക്ടായാണ് കാണുന്നത്. അങ്ങനെ വരുമ്പോൾ പൈപ്പിടുന്ന പ്രവൃത്തി ആദ്യമേ ചെയ്താൽ അത് കുഴപ്പമാണ്. അതൊഴികെ ബാക്കിയുള്ള പ്രവൃത്തികൾ ഒരേസമയം ചെയ്തുതീർക്കാനുള്ള നടപടിയുണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിൽതന്നെ മണ്ണാർക്കാട്-തെങ്കര സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്ലാന്റിന്റെ പണി പൂർത്തിയായി. ടാങ്കിന്റെ നിർമ്മാണം രണ്ടാം ഘട്ടത്തിലാണ്. പക്ഷെ അതിന്റെ ടെണ്ടർ പൂർത്തിയായിട്ടില്ല. മൂന്നാം ഘട്ടമാണ് വെള്ളം വിതരണം ചെയ്യുന്നതിനുള്ള പൈപ്പുകളുടെ പണി ചെയ്യുന്നത്. ഇവ ഒന്നിച്ച് രണ്ട് വർഷം കൊണ്ടെങ്കിലും പൂർത്തിയാക്കണം. രണ്ടാമത്തേത്, അട്ടപ്പാടി കുടിവെള്ള പദ്ധതിയാണ്. ഇത് വളരെ ഗൗരവമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിസഭ തീരുമാനിച്ച കാര്യമാണ്. അട്ടപ്പാടിയിലെ ആരോഗ്യപ്രശ്നങ്ങളുടെ പ്രധാന പ്രശ്നം ശുദ്ധജലക്ഷാമമാണ്. അതിനാൽ ആ കുടിവെള്ള പദ്ധതിക്കായി കഴിഞ്ഞ സർക്കാർ 44 കോടി രൂപയുടെ പദ്ധതി അനുവദിച്ചു. ഇപ്പോഴും മൂന്ന് ഘട്ടങ്ങളിലായാണ് അതിന്റെ പണി നടക്കുന്നത്. ഒന്നാം ഘട്ടത്തിന്റെ ടെണ്ടറായിട്ടേയുള്ളൂ. രണ്ടും മൂന്നും ഘട്ടം കഴിഞ്ഞ് അട്ടപ്പാടി കുടിവെള്ള പദ്ധതി പൂർത്തിയാകണമെങ്കിൽ ഇനിയും അഞ്ചാറ് വർഷമെങ്കിലും വേണം. അക്കാര്യത്തിലും സർക്കാർ ഇടപെടേണ്ടതുണ്ട്. അതുപോലെ മണ്ഡലത്തിലെ ബാക്കി ഭാഗത്തിൽ വരുന്നത് അലനല്ലൂർ-കോട്ടോപ്പാടം-തച്ചനാട്ടുകര കുടിവെള്ള പദ്ധതിയാണ്. അതിന്റെയും സ്ഥിതി ഇതുതന്നെയാണ്. അതിന്റെ ആദ്യ ഘട്ടത്തിന്റെ ടെണ്ടർ ഇതുവരെയും ആയിട്ടില്ല. മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. അട്ടപ്പാടി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശുദ്ധജലക്ഷാമമുണ്ട്. ആ സാഹചര്യത്തിൽ ഒരു പ്രത്യേക പാക്കേജായി ഈ മൂന്ന് കുടിവെള്ള പദ്ധതികളും സമയബന്ധിതമായി, ചുരുങ്ങിയത് രണ്ട് വർഷത്തിനുള്ളിലെങ്കിലും പൂർത്തിയാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. മൂന്ന് കുടിവെള്ള പദ്ധതികളെ സംബന്ധിച്ചാണ് പറഞ്ഞത്. പൊതുവായ ചില വിഷയങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. പദ്ധതികൾ പല പാക്കേജുകളായാണ് ടെണ്ടർ ചെയ്യുന്നതെന്നുള്ളത് സത്യമാണ്. കാരണം, ഉൽപ്പാദന ഘടകങ്ങൾ ആദ്യം പൂർത്തിയാക്കാതെ വിതരണശൃംഖല മാത്രമിട്ടിട്ട് കാര്യമില്ല. അതുകൊണ്ട് ആദ്യം പ്രൊഡക്ഷൻ കമ്പോണന്റ്സ്, അതായത് വെള്ളം സ്രോതസ്സിൽനിന്നും പമ്പ് ചെയ്ത് ശുദ്ധീകരിക്കുന്ന പാക്കേജിന്റെ പണി തീരുന്ന

മുറയ്ക്കുമാത്രം വിതരണ ശൃംഖലയിടുന്ന ഒരു സമ്പ്രദായമാണ് ഈ സർക്കാരിന്റെ കാലത്തുമാത്രമല്ല, കഴിഞ്ഞ സർക്കാരിന്റെ കാലത്തുമുണ്ടായിരുന്നത്. ഇവിടെ സൂചിപ്പിച്ച മൂന്ന് പദ്ധതികളിൽ ഒന്ന് മണ്ണാർക്കാട്-തെങ്കര സമഗ്ര കുടിവെള്ള പദ്ധതിയാണ്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തിയാണ് അതിന് ഭരണാനുമതി നൽകിയത്. ഇപ്പോൾ അതിന്റെ ഫണ്ട് വളരെ കുറവാണ്. അട്ടപ്പാടി കുടിവെള്ള പദ്ധതിയും അങ്ങനെ തന്നെയാണ്. 1-11-2016-ലെ നിർദ്ദേശ പ്രകാരം 25 ശതമാനത്തിനു താഴെ നിർവ്വഹണ പുരോഗതി കൈവരിച്ച പദ്ധതികൾക്കുള്ള കേന്ദ്രസഹായം ലഭ്യമാകാത്ത സ്ഥിതിയുണ്ട്. അലനല്ലൂർ-കോട്ടോപ്പാടം-തച്ചനാട്ടുകര കുടിവെള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് 2016-17-ൽ ഭരണാനുമതി നൽകിയത്. ഈ മൂന്ന് പദ്ധതികളുടെയും ചില ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; മറ്റ് ഘടകങ്ങൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദമായ മറുപടി സഭാരേഖയുടെ ഭാഗമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

## (8) വരൾച്ചാ ദുരിതാശ്വാസ ഇൻഷ്വറൻസ് തുക

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിൽ 2016-17-ൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി കൃഷിക്കാരിൽനിന്നും വരൾച്ചാ സംരക്ഷണ ത്തിനുവേണ്ടി പ്രീമിയം കൈപ്പറ്റുന്നതിന് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. ഇൻഷ്വറൻസ് കമ്പനി ഈ വകയിൽ ഏതാണ്ട് രണ്ടരക്കോടി രൂപ പ്രീമിയമായി സമാഹരിച്ചിരുന്നു. ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള പതിനെട്ടോളം ഊഷ്മമാപിനികളിൽനിന്ന് രേഖപ്പെടുത്തുന്ന ഊഷ്മാവിനനുസരിച്ച് ഇൻഷ്വറൻസ് ആനുകൂല്യം നൽകാമെന്നായിരുന്നു വാഗ്ദാനം. 2016-17 വർഷം പാലക്കാടുൾപ്പെടെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിക്കുകയുണ്ടായി. ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയെ സമീപിച്ച ഘട്ടത്തിൽ ജില്ലയിൽ കൃഷിക്കാർക്കുള്ള ആനുകൂല്യം 21 കോടിയോളം രൂപ വരുമെന്നും അഞ്ച് കോടി രൂപ കമ്പനിയും എട്ട് കോടി രൂപ രൂപ കേന്ദ്ര സർക്കാരും എട്ട് കോടി രൂപ സംസ്ഥാന സർക്കാരും വിഹിതം വയ്ക്കണമെന്നുമാണ് അറിയാൻ കഴിഞ്ഞത്. കേന്ദ്ര സർക്കാരിന്റെയും ഇൻഷ്വറൻസ് കമ്പനിയുടെയും വിഹിതം ലഭ്യമായിട്ടുണ്ടെന്നും സംസ്ഥാന കൃഷി വകുപ്പിന്റെ വിഹിതം ലഭിക്കുന്നമുറയ്ക്ക് ആനുകൂല്യം വിതരണം ചെയ്യാൻ തയ്യാറാണെന്നുമാണ് ഇൻഷ്വറൻസ് കമ്പനി അധികൃതർ അറിയിച്ചത്. ഇക്കാര്യ ത്തിലിടപെട്ട് സംസ്ഥാന സർക്കാരിന്റെ വിഹിതംകൂടി അനുവദിച്ച് ജില്ലയിലെ കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

---

*അനുബന്ധമായി ചേർത്തിരിക്കുന്നു

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, ശക്തമായ കാറ്റ്, തുടർദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണങ്ങൾക്ക് സാഹചര്യമൊരുക്കുന്ന കാലാവസ്ഥ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. 2016-17 റാബി സീസണിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ്. 27459 കർഷകരുടെ 18765.72 ഹെക്ടർ വിള ഇൻഷ്വർ ചെയ്തതിന്റെ സംസ്ഥാന സർക്കാരിന്റെ പ്രീമിയം സബ്സിഡി തുകയായ 912 ലക്ഷം രൂപയും അതേ കാലയളവിൽ പ്രധാനമന്ത്രി ഫസൽ ബീമായോജന പ്രകാരം ലഭിക്കേണ്ട സബ്സിഡി തുകയായ 111.74108 ലക്ഷം രൂപയും അനുവദിക്കണമെന്നുള്ള പ്രൊപ്പോസൽ കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നൽകേണ്ട ആകെ പ്രീമിയം സബ്സിഡി തുകയായ 1203.74108 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രീമിയം സബ്സിഡി നൽകിയ സാഹചര്യത്തിൽ നഷ്ടപരിഹാരത്തുക അടിയന്തരമായി കർഷകർക്ക് ലഭ്യമാക്കുന്നതിന് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (9) മാമോഗ്രാം സൗകര്യം

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ മണ്ഡലമായ നാട്ടികയിലെ തീരദേശ കായലോര മേഖലയുമായി ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. തീരദേശവികസന ഫണ്ടുപയോഗിച്ച് ഏകദേശം ഒന്നരക്കോടി രൂപ ചെലവാക്കി നിർമ്മിച്ച വൃത്തിയും സൗകര്യവുമുള്ള ഒരു പി.എച്ച്.സി. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം ആർദ്രം മിഷനിലൂടെ രോഗീസൗഹൃദ കേന്ദ്രമാക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും ചെയ്യുന്ന പദ്ധതി ഫലപ്രദമായി നാട്ടിക മണ്ഡലത്തിലെ തളിക്കുളം പി.എച്ച്.സി.-യിൽ വിപുലമായി നടത്തി. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യപരമായ വിഷയങ്ങളെ ഈ വകുപ്പ് കാര്യക്ഷമമായി നോക്കിക്കാണുകയും അതിൽ ശ്രദ്ധയൂന്നുകയും പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ സജ്ജമാക്കിയെടുക്കാൻ അതീവ ശ്രദ്ധയോടുകൂടി മുന്നോട്ട് പോകുകയാണെന്നും ഇക്കാര്യങ്ങളിലൂടെ മനസ്സിലാകും.

അങ്ങനെയുള്ള സാഹചര്യത്തിലാണ് നാട്ടിക മണ്ഡലത്തിലെ തൃപ്രയാർ ആശുപത്രിയുടെ പഴയ കെട്ടിടം പൊളിച്ചുമാറ്റി ആസ്തി വികസന ഫണ്ടിൽനിന്നും രണ്ട് കോടി രൂപ ചെലവാക്കി പുതിയൊരു സി.എച്ച്.സി. ബ്ലോക്ക് പുതുക്കിപ്പണിതത്. വലപ്പാട് സർക്കാർ സി.എച്ച്.സി.-യിൽ അൻപത് ലക്ഷം രൂപയുടെ ശീതീകരിച്ച ഫാർമസി പണിയുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ ലൈറ്റ് സ്ഥാപിക്കുകയും ചെയ്തു. മറ്റൊരു കാര്യം, എന്റെ മണ്ഡലത്തിലെ തീരദേശ-കായലോര മേഖലയുമായി ബന്ധപ്പെട്ട പ്രദേശത്ത് ഒട്ടനവധി സ്ത്രീകളിൽ ക്യാൻസർ രോഗവും കിഡ്നിരോഗവും കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. തീരദേശ മേഖലയിൽ ഒരു റാന്റം പരിശോധന നടത്തിയാൽ അതിന്റെ ഏകദേശ കണക്ക് ലഭിക്കും. സ്ത്രീകൾക്ക് ബ്രെസ്റ്റ് കാൻസർ പിടിപെട്ടാൽ ആദ്യ ടെസ്റ്റിനുവേണ്ടി തിരുവനന്തപുരം ആർ.സി.സി.-യിലാണ് പോകുന്നത്. ഈ സാഹചര്യം പരിഗണിച്ച് പ്രത്യേകിച്ച്, കടലോര മേഖലകളിലെ സി.എച്ച്.സി.-കളിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ച്, പി.എസ്.സി. നിയമനം നടത്തി മാമോഗ്രാം സൗകര്യം ഏർപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നാട്ടിക നിയോജക മണ്ഡലത്തിന്റെ തീരദേശ മേഖലയിൽ പാവപ്പെട്ട രോഗികൾക്ക് ഏറെ ആശ്രയമായ ആശുപത്രിയാണ് സി.എച്ച്.സി. തൃപ്രയാർ. അവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നല്ലൊരു കെട്ടിടം ഇപ്പോൾ തയ്യാറായിട്ടുണ്ട്. എന്നാൽ ആർദ്രം മിഷന്റെ ഭാഗമായുള്ള മാനദണ്ഡങ്ങളനുസരിച്ച് ഇപ്പോൾ ഓരോ ആശുപത്രിയും മെച്ചപ്പെട്ടുത്തിക്കൊണ്ടിരിക്കുകയാണ്. ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി, താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു വികസന ബ്ലോക്കിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയെ അതിനനുസരിച്ച രീതിയിൽ മെച്ചപ്പെടുത്താനാണ് 'ആർദ്രം മിഷൻ' തയ്യാറാകുന്നത്. ഓരോ ആശുപത്രിക്കും അതിന്റേതായ പ്രവർത്തന മാർഗ്ഗരേഖയുണ്ട്; അതനുസരിച്ച് ഓരോ ആശുപത്രികളിലും ലഭ്യമാകേണ്ട സൗകര്യങ്ങളും നിർവ്വചിച്ചിട്ടുണ്ട്.

നാട്ടിക സി.എച്ച്.സി. നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അവിടെ മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കണമെങ്കിൽ എ.ഇ.ആർ.ബി. (അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡ്) മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യം ഒരുക്കേണ്ടതുണ്ട്. ഇന്നത്തെ സ്ഥിതിയനുസരിച്ച് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അത് സാധ്യമല്ല. ഇപ്പോൾ എല്ലാ ജില്ലാ ആശുപത്രികളിലും മാമോഗ്രാം യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യസംബന്ധമായ ഉത്കണ്ഠമൂലമാണ് ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. തൃശ്ശൂർ മെഡിക്കൽ കോളേജിലും ജനറലാശുപത്രിയിലും മാമോഗ്രാം

ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്. ഈ സൗകര്യമൊരുക്കിയാൽ മാമോഗ്രാം ഉപയോഗിച്ച് ചെയ്യേണ്ട ടെസ്റ്റുകൾ അവിടെ വന്ന് ചെയ്യാൻ സാധിക്കും. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം നല്ലരീതിയിൽ സജ്ജമാക്കി ആശുപത്രിയെ അഭിവൃദ്ധിപ്പെടുത്താം.

## (10) വേതന വർദ്ധനവ്

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ കുട്ടികളുടെയും ഗർഭിണികളായ സഹോദരിമാരുടെയും ആരോഗ്യ സംരക്ഷണ പ്രവർത്തനം, രോഗപ്രതിരോധ നടപടികൾ, പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പകർച്ചവ്യാധി പ്രതിരോധ/ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, കുട്ടികൾക്ക് പോളിയോ എടുത്തിട്ടുണ്ടോയെന്ന അന്വേഷണം, മഴക്കാലമായാൽ രോഗങ്ങൾ കൂടിവരുന്നുണ്ടോയെന്നും കുട്ടികൾക്കും ഗർഭിണികൾക്കും ഏതെങ്കിലും രോഗമുണ്ടോയെന്നുമുള്ള കണക്കെടുക്കൽ എന്നിവയൊക്കെ ചെയ്യുന്നത് ആശാ വർക്കർമാരാണ്. 30000 മുതൽ 32000-ത്തോളം വരെയുള്ള ആശാ വർക്കർമാർ വളരെ സജീവമായി കേരളത്തിലെ ആരോഗ്യമേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 12,000 രൂപയാണ് പ്രതിമാസം ഓണറേറിയം കൊടുക്കുന്നത്. ആശാ വർക്കർമാരുടെ ഓണറേറിയം 2,000 രൂപയായിരുന്നു. 7,000 രൂപ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെയായി ആ തുക ലഭിച്ചിട്ടില്ല. ആരോഗ്യമേഖലയിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഈ സഹോദരിമാർ വലിയ ബുദ്ധിമുട്ടും പ്രയാസങ്ങളും അനുഭവിക്കുകയാണ്. ഒരു കുടുംബത്തിന് ഒരു ദിവസം കഴിയണമെങ്കിൽത്തന്നെ വലിയ തുക വേണ്ടിവരുന്നു. മഴക്കാലമാകുമ്പോഴാണ് ഇവരുടെ ശ്രദ്ധ ഏറ്റവും കൂടുതൽ വേണ്ടിവരുന്നത്. അടുത്തകാലത്ത് ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയെല്ലാം വന്നതിനെത്തുടർന്ന് രോഗങ്ങൾ പടർന്നുപിടിക്കാൻ സാധ്യതയുണ്ട്. രോഗപ്രതിരോധ നടപടികളും പാലിയേറ്റീവ് പരിചരണവും ഇവർ നടത്തുകയാണ്. ഒരു സ്ത്രീ ഗർഭിണിയാകുന്നത് മുതൽ പ്രസവംവരെ ആശാ വർക്കർമാർ അവരെ സംരക്ഷിക്കു കയാണ്. അതുകൊണ്ട് അവർക്ക് വർദ്ധിപ്പിച്ച ഓണറേറിയം നൽകാനുള്ള നടപടികളുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിൽ പൊതുജനാരോഗ്യ മേഖലയിൽ 25000-ത്തിൽപ്പരം ആശാ വർക്കർമാരാണ് പ്രവർത്തിച്ചുവരുന്നത്. 32000 പേരില്ല, അത് അധിക കണക്കാണ്. ഈ ആശാ വർക്കർമാരെ നിശ്ചയിച്ചിരിക്കുന്നത്, ചില പ്രത്യേക സേവനങ്ങൾ ചെയ്യുക, ആ സേവനം ചെയ്യുന്നമുറയ്ക്ക് ഇൻസെന്റീവ് കൊടുക്കുക

എന്ന രീതിയിലാണ്. 2017-18-ൽ അങ്ങനെയാണ് നിശ്ചയിച്ചിരുന്നത്. 2015-16-ൽ ഇതോടൊപ്പംതന്നെ 1,000 രൂപയാണ് അവർക്ക് ഓണറേറിയമായി കൊടുത്തു കൊണ്ടിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ 1,500 രൂപ, 2017-18-ൽ 2,000 രൂപ, 2018-19-ൽ 2,000 രൂപ കൂടി വർദ്ധിപ്പിച്ച് 4,000 രൂപ എന്ന നിരക്കിൽ അവരുടെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇൻസെന്റീവ് വാങ്ങുന്ന ആശാ വർക്കർമാർക്കാണ് അതിനനുസരിച്ചുള്ള ഓണറേറിയം കൊടുക്കാനുള്ള വ്യവസ്ഥയുള്ളത്. അപ്പോൾ അതിനനുസരിച്ച് ആശാ വർക്കർമാരുടെ പ്രവർത്തനത്തിൽ ക്രമീകരണവും പരിഷ്കരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ആശാ വർക്കർമാരുടെ ഓണറേറിയവും നാഷണൽ ഹെൽത്ത് മിഷൻ മുഖേന നൽകുന്ന ഇൻസെന്റീവിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്; പുതിയ ചില ഇൻസെന്റീവുകളും പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ഇൻസെന്റീവും ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആശാ വർക്കർമാർക്ക് പ്രയോജനപ്രദമായ രീതിയിൽ വേതന വർദ്ധനവുണ്ടാക്കിയ സർക്കാരാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ബഡ്ജറ്റ് പ്രസംഗത്തിൽ അക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ആശാ വർക്കർമാരുടെ പ്രവർത്തനത്തിനനുസരിച്ച് പടിപടിയായി അവരുടെ ഇൻസെന്റീവ് വർദ്ധിപ്പിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. വർദ്ധിപ്പിച്ച തുക ലഭ്യമായിട്ടില്ലെന്ന പരാതി വന്നിട്ടുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചിരുന്നു. വളരെ പെട്ടെന്നു തന്നെ വർദ്ധിപ്പിച്ച തുക കൃത്യമായി നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (11) റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥ

ശ്രീ. പി. കെ. ശശി: സർ, 2000 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും 2015 മുതൽ ആർ.എം.എസ്.എ.-യുടെയും കീഴിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന റിസോഴ്സ് അദ്ധ്യാപകരുടെ തൊഴിൽരംഗത്തെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. റിസോഴ്സ് അദ്ധ്യാപകരുടെ തൊഴിലിന് നാളിതുവരെയും തുടർച്ചയോ സ്ഥിരതയോ ലഭിച്ചിട്ടില്ല. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് തുല്യനീതിയും തുല്യ അവസരങ്ങളും ഒരുക്കേണ്ടത് പൊതുസമൂഹത്തിന്റെ കടമയും ഉത്തരവാദിത്വവുമാണ്. അത് തിരിച്ചറിഞ്ഞുകൊണ്ടാണ് പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പരിചരണത്തിനും അവകാശ സംരക്ഷണത്തിനും ബഹുമുഖമായ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി പരിണമിക്കാൻ തയ്യാറെടുക്കുമ്പോൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിന് മുന്തിയ

പരിഗണന നൽകേണ്ടതാണ്. അന്താരാഷ്ട്ര, ദേശീയതലങ്ങളിൽ നടക്കുന്ന ചർച്ചകളും ഡോക്യുമെന്റുകളും നിയമങ്ങളും ഉൾച്ചേർന്നുള്ള വിദ്യാഭ്യാസത്തിനാണ് പിന്തുണ നൽകേണ്ടത്. ശക്തമായ നിയമങ്ങൾ ഈ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുവേണ്ടി നിലവിലുണ്ട്. എന്നാൽ ഈ നിയമങ്ങളുടെ ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ ലഭ്യമാകുന്നുണ്ടോ എന്ന് വിമർശനാത്മകമായി പരിശോധിക്കണം. ഉൾച്ചേർന്നുകൊണ്ടുള്ള വിദ്യാഭ്യാസത്തിന്റെ ഉദ്ദിഷ്ട ലക്ഷ്യത്തിലെത്തിച്ചേരാൻ ഇനിയും ബഹുദൂരം സഞ്ചരിക്കാനുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, 'നവകേരളത്തിലേയ്ക്ക് കേരള വികസനം സംബന്ധിച്ച കുറിപ്പുകൾ' എന്ന പുസ്തകത്തിൽ "വിദ്യാഭ്യാസ കാലമാണ് ആരുടെയും ജീവിതത്തിലെന്ന പോലെ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെയും ജീവിതത്തിലെ വഴിത്തിരിവ്. വിദ്യാലയങ്ങളിൽ അർഹമായ പ്രാധാന്യവും പരിഗണനയും ലഭിക്കാത്തതും ആവശ്യമായ സൗകര്യങ്ങളില്ലാത്തതും ഇവരുടെ ജീവിതസ്വപ്നങ്ങൾ മുളയിലേ പറിച്ചെറിയുന്നു. ബുദ്ധിവികാസം സംഭവിച്ചിട്ടില്ലാത്തവർ സാധാരണ സ്കൂളുകളിലെത്തിയാൽ സാമൂഹ്യവൽക്കരണമല്ല, ഒറ്റപ്പെടലാണ് അനുഭവിക്കേണ്ടിവരുന്നത് എന്ന് രക്ഷിതാക്കൾ പറയുന്നുണ്ട്. പാശ്ചാത്യ സമൂഹങ്ങൾ ഭിന്നശേഷിക്കാർക്ക് ആവശ്യമായ സൗകര്യങ്ങളെല്ലാം ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസ സങ്കൽപ്പമാണ് മുന്നോട്ടുവയ്ക്കുന്നത്. അത് പുരോഗമന പരവുമാണ്. അത്തരം സൗകര്യങ്ങളും പിന്തുണയുമില്ലാത്ത നമ്മുടെ വിദ്യാലയങ്ങൾ വിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങളാകുന്നത് എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് അതിജീവന ശേഷിയാണ് കൈവരിക്കേണ്ടത്. അതിന് സഹായകമാകുംവിധം പൊതുവിദ്യാലയങ്ങൾ എങ്ങനെ പരിവർത്തിപ്പിക്കാമെന്നും അതിനുള്ള പ്രായോഗിക സാധ്യതകൾ എന്തൊക്കെയെന്നും ചർച്ചയാകണം" എന്ന് എഴുതിയിട്ടുണ്ട്. അത് ബഹുമാന്യനായ മുഖ്യമന്ത്രി എഴുതിയ പുസ്തകത്തിലെ പരാമർശങ്ങളാണ്. അതനുസരിച്ച് നമ്മുടെ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും സ്വന്തം വിഷയത്തെ പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ ആവശ്യങ്ങൾക്കനുസൃതമായി വിനിമയം ചെയ്യാൻ പ്രാപ്തരായിട്ടില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. അത്തരത്തിൽ പ്രാപ്തി കൈവരിക്കാൻ സാധിക്കണമെങ്കിൽ അതിനാവശ്യമായ പരിശീലനം കൊടുക്കണം. ഈ സാഹചര്യത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം അനിവാര്യമാണ്. ഈ അദ്ധ്യാപകർക്ക് ആത്മവിശ്വാസത്തോടുകൂടിയും സംതൃപ്തിയോടും ജോലിയെടുക്കാനുള്ള

അവസരമൊരുക്കണം. എങ്കിൽ മാത്രമേ പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്കാവശ്യമായ പരിഗണന ഉറപ്പുവരുത്താനാകൂ. അതിനായി സ്ഥിര നിയമനം വേണമെന്ന ആവശ്യത്തിന് ദശകങ്ങളുടെ പഴക്കമുണ്ട്. നിയമനം സംബന്ധിച്ച സ്കീം നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും നിലവിലുണ്ട്. വർഷങ്ങളായി ഈ മേഖലയിൽ സേവനമനുഷ്ഠിച്ച് വരുന്നവരും മറ്റൊരു തൊഴിലിലേയ്ക്ക് പോകാൻ പ്രായവും സാഹചര്യവും അനുവദിക്കാത്തവരും ഭിന്നശേഷിയുള്ളവരും ഇക്കൂട്ടത്തിലുണ്ട്. തുടർച്ചയായ പരിശീലനത്തിലൂടെ മാത്രമേ ഉൾച്ചേർക്കൽ വിദ്യാഭ്യാസം ഫലപ്രാപ്തിയിലെത്തുകയുള്ളൂ. പക്ഷേ അധ്യാപകരുടെ പുനർനിയമനത്തിന് കൃത്യമായ കാലയളവ് നിശ്ചയിച്ചിട്ടില്ല. തികഞ്ഞ വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും കൃത്യമായ സേവന-വേതന വ്യവസ്ഥകളോ തൊഴിൽ സുരക്ഷിതത്വമോ ഈ വിഭാഗം അദ്ധ്യാപകർക്കിടയിലില്ല. നാലോ അഞ്ചോ മാസത്തിലൊരിക്കലാണ് വേതനംതന്നെ ലഭിക്കുന്നത്. ഈ സ്ഥിതിക്ക് പരിഹാരമു ണ്ടാക്കണമെന്നും ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടി സന്നദ്ധതയോടുകൂടി പ്രവർ ത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ദർശനങ്ങളിലൊന്ന് പാർശ്വവൽക്കരിക്കപ്പെടാത്ത ക്ലാസ് മുറി എന്നതാണ്. ഉൾചേർത്തുള്ള വിദ്യാഭ്യാസമാണ് പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി പൊതുവിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളത്. ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ പൊതുവിദ്യാലയങ്ങളിൽ ലഭ്യമാണ്. കാഴ്ച പരിമിതർക്കായി ബ്രെയിൽ ലിപിയിൽ പുസ്തകങ്ങളും ലഭ്യമാക്കിയിട്ടുണ്ട്; ഇതെല്ലാം നമ്മുടെ രാജ്യത്ത് ആദ്യമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളായ എസ്.എസ്.എ., ആർ.എം.എസ്.എ. എന്നിവ നിർത്തലാക്കി സമഗ്രശിക്ഷാ അഭിയാൻ പദ്ധതി ആരംഭിച്ച സാഹചര്യത്തിൽ ആ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചിരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ പുതിയ പദ്ധതിയിൽ നിയമിച്ചു, സമഗ്രശിക്ഷാ അഭിയാനിൽ കൂടുതൽ അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിയമനങ്ങൾ പൂർത്തിയാകുന്നതോടെ കാഴ്ച/കേൾവി/ബുദ്ധി/കായിക പരിമിതിയുള്ളവരും ഓട്ടിസം, സെറിബ്രൽപാൾസി ബാധിതരും ബഹുവൈകല്യമുള്ളവരുമായ അഞ്ചിൽ കൂടുതൽ കുട്ടികളുള്ള മുഴുവൻ വിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ലിസ്റ്റ് I ഇനം 3 പ്രകാരം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2016-17 | തദ്ദേശ ഭരണ സ്ഥാപനങ്ങളെക്കുറിച്ചു ള്ള റിപ്പോർട്ട് | ബാധകമല്ല |
| 2 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2016-17 | ജനറൽ സോഷ്യൽ സെക്ടറുകളെക്കുറിച്ചുള്ള റിപ്പോർട്ട് | ബാധകമല്ല |

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VI റിപ്പോർട്ട് സമർപ്പണം

1. 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

3. 2018 ലെ കേരള ഹൈക്കോടതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 24 മുതൽ 27 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 24 മുതൽ 27 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 15-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

6. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമതും നാലാമതും റിപ്പോർട്ടുകൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമതും നാലാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII പ്രമേയം

### കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "2018 ജൂൺ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശപ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 21-6-2018-ന് സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച പ്രസ്തുത ബില്ലിന്മേലുള്ള പരിഗണന നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് അതുസംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് കഴിയാത്ത സാഹചര്യത്തിൽ കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട്, 21-6-2018-ന് സഭ പരിഗണിക്കാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 25-6-2018-ലേയ്ക്ക് മാറ്റാനും പകരം 25-6-2018-ന് പരിഗണിക്കാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണന 21-6-2018-ലേയ്ക്ക് മാറ്റാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

# VIII ക്രമപ്രശ്നം

## ചട്ടങ്ങൾ രൂപീകരിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 1960-ലുള്ള പ്രിൻസിപ്പൽ ആക്ടിനെ അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒരു നിയമസഭാ കമ്മിറ്റി രൂപീകരിച്ച് 2011-ൽ വളരെ സമഗ്രമായി പോലീസ് ആക്ട് രൂപീകരിക്കുകയുണ്ടായി. ഈ ആക്ടിലാണ് പോലീസിന്റെ ഘടന, കർത്തവ്യങ്ങൾ, ചുമതല, ചെറിയ കുറ്റങ്ങൾ, ശിക്ഷ, പെറ്റിക്കേസ്സുകൾ, പബ്ലിക് ഓർഡർ, ഹെൽത്ത് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളൊക്കെ വരുന്നത്. ഈ ആക്ട് കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ ഇതിന് ചട്ടങ്ങളാവശ്യമാണ്. ഏഴ് വർഷം കഴിഞ്ഞിട്ടും ഇതിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലെന്നത് വളരെ പ്രസക്തമാണ്. ഈ ആക്ടിലെ 99-ാം വകുപ്പ് പറയുന്നത് വ്യക്തിപരമായ ദാസ്യവൃത്തി നിരോധിക്കുന്ന എന്നാണ്. "പോലീസ് സേനയുടെ അന്തസ്സിന് നിരക്കാത്തതും തരംതാഴ്ന്നതുമായ രീതിയിൽ മറ്റൊരാളുടെ വ്യക്തിപരമായ ആവശ്യാനുസരണം ദാസ്യവൃത്തി ചെയ്യാൻ ഒരു പോലീസ് ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാനോ അയാളെ അതിന് നിർബന്ധിക്കാനോ പാടില്ലാത്തതാണ്" എന്ന് വളരെ കൃത്യമായി 99-ാം വകുപ്പിൽ പറയുന്നുണ്ട്. പക്ഷേ, ഇന്ന് നടന്നു കൊണ്ടിരിക്കുന്ന സംഭവങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. മേലുദ്യോഗസ്ഥർക്ക് മീൻ വാങ്ങണം, കുട്ടികളെ കുളിപ്പിക്കണം, പട്ടിയെപ്പോലും കുളിപ്പിക്കുന്ന സ്ഥിതിയെ സംബന്ധിച്ച വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ നിർദ്ദേശങ്ങളില്ലാത്തതാണ് പ്രശ്നം. മുഖ്യമന്ത്രി അതിന് ചില നടപടികളൊക്കെ സ്വീകരിച്ചെങ്കിലും ഇവിടെ ചട്ടങ്ങളുടെ അഭാവം നിഴലിക്കുകയാണ്. അതുപോലെ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിനെക്കുറിച്ച് 2011-ലെ ആക്ടിൽ പറയുന്നുണ്ട്. ഇതുവരെ അങ്ങനെയൊരു ബോർഡ് രൂപീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഒരു കരട് ചട്ടം രൂപീകരിച്ചിട്ടുണ്ട്, അതിൽ പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് കൃത്യമായ നിബന്ധനകളുണ്ട്. റെഡ് വോളന്റിയർമാരെപ്പോലെ പോലീസ് അസോസിയേഷൻ പ്രവർത്തകർ പെരുമാറിയത് ഞാനിവിടെ ഒരു ചർച്ചയിൽ സൂചിപ്പിച്ചു. പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ വരേണ്ടത് ചട്ടങ്ങളിലാണ്, എന്നാൽ ഇന്ന് ചട്ടം ഇല്ല. ചട്ടം രൂപീകരിക്കാനുള്ള അധികാരം സെക്ഷൻ 129 പ്രദാനം ചെയ്യുന്നുണ്ട്, വൈഷമ്യങ്ങൾ ദൂരീകരിക്കാനുള്ളത് 130-ൽ പറയുന്നുണ്ട്. പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കും ഒഫൻസുകൾ കോമ്പൗണ്ട് ചെയ്യുന്നതിനും റൂൾസ് വേണം. റൂൾസില്ലാത്തത് ഒരു പ്രശ്നമാണ്. പ്രധാനമായും ഇന്നത്തെ ഈ രണ്ട് വിഷയങ്ങൾ

പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്, 'ഏഴ് വർഷമായിട്ടും ചട്ടങ്ങളില്ല', 'നോക്കുകുത്തിയായി പോലീസ് നിയമം' എന്ന രീതിയിൽ ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ പോലീസ് ആക്ടിന് ചട്ടങ്ങളുണ്ടാക്കാനുള്ള അടിയന്തര നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഞാൻ നേരത്തെ അവതരിപ്പിച്ച ചില കാര്യങ്ങൾക്ക് ചട്ടങ്ങളില്ലെന്ന് പറഞ്ഞപ്പോൾ, ഒരു മാസത്തിനകം ചട്ടം മേശപ്പുറത്ത് വയ്ക്കണമെന്ന് അങ്ങ് നിർദ്ദേശിച്ചിട്ട്, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടേതുൾപ്പെടെ റൂൾസ് ഇതുവരെയും വച്ചിട്ടില്ലെന്ന കാര്യംകൂടി ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അക്കാര്യം പ്രത്യേകം പരിഗണിക്കാം. ഇതിനോടൊപ്പം വേണ്ട.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2011-ൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താണ് കേരള പോലീസ് ആക്ട് നിലവിൽ വന്നത്. പോലീസ് നിയമത്തിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ ഒരു വിദഗ്ദ്ധസമിതി രൂപികരിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പുള്ള അഞ്ചുവർഷക്കാലവും പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രാപ്തിയിലെത്തിയിരുന്നില്ല. നിയമസഭാ സമിതിയുടെ ശിപാർശകൾകൂടി കണക്കിലെടുത്ത്, പോലീസ് ആക്ടിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള കരട് ചട്ടം നിയമ വകുപ്പിന്റെ പരിശോധനയിലാണ്. നിയമസഭ പാസ്സാക്കിയ വിവിധ ആക്ടുകൾക്കനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യത്തിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച്, 28-5-2018-ന് എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. പോലീസ് ആക്ടിനെ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം പ്രസ്തുത യോഗത്തിൽ നല്കിയിട്ടുണ്ട്. മാത്രമല്ല, ബില്ലുകൾ തയ്യാറാക്കുമ്പോൾ തന്നെ ചട്ടങ്ങൾകൂടി രൂപീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതിനനുസൃതമായി നമ്മൾ ഈ സമ്മേളനത്തിൽ ചർച്ച ചെയ്യുന്ന ഒരു ബില്ലിന്റെ ചട്ടം തയ്യാറായതായി അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞു. ചട്ടങ്ങൾ ആക്ടിനോടൊപ്പം തന്നെ വരണമെന്ന കാര്യത്തിൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ: 2011 ജനുവരി മാസം 3-ാം തീയതി സഭ പാസ്സാക്കി ജനുവരി 29-ാം തീയതി മുതൽ സംസ്ഥാനത്ത് നിലവിൽവന്ന 2011-ലെ കേരള പോലീസ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം (deligated legislation) വിനിയോഗിച്ചുകൊണ്ട് സർക്കാർ നിർമ്മിക്കേണ്ടതായ ചട്ടങ്ങൾ നാളിതുവരെ രൂപീകരിക്കാത്തത് സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്.

പോലീസ് ആക്ട് പോലെ ഏറെ സുപ്രധാനമായൊരു നിയമം നിർമ്മിക്കപ്പെട്ട് 7 വർഷം കഴിഞ്ഞിട്ടും അതിന്മേലുള്ള ചട്ടങ്ങൾക്ക് ഒരു രൂപവുമായിട്ടില്ല എന്ന ഗുരുതരമായ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് ശ്രീ. എൻ. ഷംസുദ്ദീനെ ചെയർ അനുമോദിക്കുന്നു.

കേരള പോലീസ് ആക്ട് പ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യത്തിലുണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. സഭ നിർമ്മിക്കുന്ന നിയമങ്ങൾക്കനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യത്തിലുള്ള കാലതാമസം സംബന്ധിച്ച് സഭയിൽ ആവർത്തിച്ചുവന്ന ക്രമപ്രശ്നങ്ങളുടെയും അതിന്മേൽ ചെയറിൽനിന്നുണ്ടായ റൂളിംഗിന്റെയും അടിസ്ഥാനത്തിൽ ഗവൺമെന്റ് സെക്രട്ടറിമാരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പരാമർശിക്കുകയുണ്ടായി. അതൊരു നല്ല മാതൃകയായി ചെയർ കാണുകയാണ്. പ്രസ്തുത സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ ശാശ്വതപരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

2011-ലെ കേരള പോലീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതാണെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച വിഷയത്തിലുള്ള റൂളിംഗിൽ ക്രമപ്രശ്നം നിലനിൽക്കില്ലെന്ന് പറഞ്ഞത് ശരിയല്ല. അത് നിലനിൽക്കുന്നതാണ്.

മി. സ്പീക്കർ: ഈ സാഹചര്യത്തിൽ ആ ക്രമപ്രശ്നത്തിലെ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: അത് ശരിയാണ്.

## IX നിയമനിർമ്മാണകാര്യം

### (1) 2018 – ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ജോയി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. മതനിരപേക്ഷവും അഴിമതിരഹിതവും വികസിതവുമായ കേരളമെന്ന കാഴ്ചപ്പാട് നടപ്പിലാക്കാനുള്ള കർമ്മപദ്ധതിയാണ് പ്രകടനപത്രികയിലൂടെ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവച്ചത്. അവ നടപ്പിലാക്കുകയെന്ന ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനുള്ള പരിശ്രമമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നടത്തുന്നത്. വിവിധ മേഖലകളെ ലക്ഷ്യംവച്ച് ആവിഷ്കരിച്ച നാല് മിഷനുകളുടെ വിജയം ഈ കൂട്ടായ്മയുടെ കരുത്തും ഫലപ്രാപ്തിയും തെളിയിക്കുകയാണ്. നമ്മുടെ ആരോഗ്യമേഖല വീണ്ടും തലയുയർത്തുമ്പോൾ, പൊതുവിദ്യാലയങ്ങളെ തേടി വിദ്യാർത്ഥികളെത്തുമ്പോൾ, വറ്റിവരണ്ടുപോയ നദികൾ വീണ്ടും ഒഴുകുമ്പോൾ, ഇച്ഛാശക്തിയും ലക്ഷ്യബോധവുമുള്ള സർക്കാരിന്റെ മുഖമുദ്ര അതിൽ പ്രകടമാകുകയാണ്. അഴിമതി നമ്മുടെ നാടിനെ കാർന്നുതിന്നുന്ന ഒരു മാറാരോഗമാണ്. ഭരണാധികാരികൾ അഴിമതിക്കാരായി മാറിയ കാലം നമുക്കോർമ്മയുണ്ട്. കഴിഞ്ഞ സർക്കാരിലെ ഒൻപത് മന്ത്രിമാർക്കെതിരെ ഇന്നും വിജിലൻസ് കേസ് നിലനിൽക്കുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. വേലി തന്നെ വിള തിന്നിരുന്ന, ഭരണാധികാരികൾ തന്നെ അഴിമതിയിൽ മുങ്ങിയ ഒരു കാലമായിരുന്നു അത്. അക്കാലത്തെ നോട്ടെണ്ണൽ മെഷീൻ പോലും വാർത്തയായിരുന്നു. ഈ സാഹചര്യത്തിലാണ് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാരിനെക്കുറിച്ച്, അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം ഈ കൊച്ചുകേരളമാണെന്ന് സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ നിഗമനമുണ്ടായത്. ഇന്ന് പി.ഡബ്ല്യു.ഡി.-യിൽ ഒരു ലക്ഷം കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഒരു ചെറിയ അഴിമതിക്കഥപോലും പുറത്ത് കേൾക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ കേരളത്തെക്കുറിച്ച് നിരീക്ഷിച്ചതിൽനിന്നും എത്രയോ ഉയരത്തിലാണ് കാര്യങ്ങളെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ലൈഫ് പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ട് 7500 കോടി രൂപയോളം നമ്മുടെ പക്കലുണ്ടെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. കേരളത്തിൽ 3.57 ലക്ഷം കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം എന്ന സ്വപ്നം

സാക്ഷാത്കരിക്കുകയാണ്. ഭവന രഹിതരില്ലാത്ത രാജ്യം എന്ന സ്വപ്നം വികസിത രാജ്യങ്ങൾക്കുപോലും അപ്രാപ്യമായിരിക്കെ ഭവനരഹിതരില്ലാത്ത കേരളത്തിനായുള്ള സർക്കാരിന്റെ ഈ ദിശയിലുള്ള പ്രവർത്തനത്തെ ശ്ലാഘിക്കാതിരിക്കാൻ ആർക്കെങ്കിലും കഴിയുമോ?

ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ മാധ്യമങ്ങളെ വിലയ്ക്കെടുത്ത് സർക്കാരിനെ കരിവാരിത്തേയ്ക്കാൻ ശ്രമിക്കുന്നവർ കഴിഞ്ഞകാലത്ത് പോലീസിനെ ആസൂത്രിതമായി ക്രിമിനൽവൽക്കരിച്ച കാര്യം മറക്കരുത്. പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞു. ഞാനും പോലീസിന്റെ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള ആളാണ്, ഞങ്ങളുടെ കാലത്ത് ഇതൊന്നും ഉണ്ടായിരുന്നില്ലെന്ന് മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഓർമ്മയിലേയ്ക്ക് പോലീസുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങൾ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ചുമതലയേറ്റ് ആഴ്ചകൾ കഴിയുന്നതിന് മുമ്പാണ് പാറശ്ശാല പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലെടുത്ത ശ്രീജിത്ത് മരണപ്പെടുന്നത്. ശ്രീജിത്തിന്റെ മരണവുമായി ബന്ധപ്പെട്ട് അന്നത്തെ പോലീസ് കംപ്ലയിന്റ് അതോറിറ്റി പത്ത് ലക്ഷം രൂപ മരിച്ചയാളുടെ കുടുംബത്തിന് നല്കണമെന്ന് ഉത്തരവിട്ടു. സർക്കാർ നയാപൈസപോലും കൊടുത്തിട്ടില്ല. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വന്നപ്പോൾ 10 ലക്ഷം രൂപ അവർക്ക് കൊടുത്തു. ആ കേസ് സി.ബി.ഐ.-യ്ക്ക് വിടണമെന്ന് അന്ന് ശ്രീജിത്തിന്റെ കുടുംബാംഗങ്ങൾ ആവശ്യപ്പെട്ടിരുന്നു, എന്നാൽ ഈ സർക്കാരാണ് അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടത്. രണ്ട്, 2015 ജൂലൈ 1-ാം തീയതി മരങ്ങാട്ടുപള്ളി സ്വദേശിയും ദളിത് യുവാവുമായ സിബി അതിക്രൂരമായ പോലീസ് മർദ്ദനത്തിൽ മരിച്ചു. അതും നിങ്ങൾ വിസ്മരിക്കുകയാണ്. മലപ്പുറം ചങ്ങരംകുളം പോലീസ് സ്റ്റേഷൻ അന്ന് ഏറ്റവും വലിയ വിവാദ പോലിസ് സ്റ്റേഷനായിരുന്നു. ഹനീഷയെന്ന യുവതിയും കസ്റ്റഡിയിലെടുത്ത എടപ്പാൾ വട്ടംകുളം സ്വദേശി മോഹനനും പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടു. അതും നിങ്ങൾ ബോധപൂർവ്വം മറക്കുകയാണ്. പൊന്നാനി പോലീസ് സ്റ്റേഷനിൽ, കുമ്പാറ കോളനിയിലെ ഗോപാലൻ കസ്റ്റഡിയിൽ മരണപ്പെട്ടു, തലസ്ഥാനത്തെ കന്റോൺമെന്റ് പോലീസ് സ്റ്റേഷനടുത്ത് പ്രസിദ്ധമായ രാജാജി നഗർ കോളനിയിലെ സുജിത്ത് പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടു. കഴക്കൂട്ടത്ത് ആറ്റിൻകുഴി എന്ന സ്ഥലത്ത് ആർ. ബി. മൻസിലിൽ രാധാകൃഷ്ണനും ഭാര്യയും മകളും പോലീസ് വീട് വളഞ്ഞതിൽ മനംനൊന്ത് ആത്മഹത്യ ചെയ്തു. ഇത്തരം കാര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ കരിവാരിത്തേയ്ക്കുന്നതിനുവേണ്ടി ചില പോലീസ് കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിങ്ങളുന്നയിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ കിഫ്ബിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഇത് ചാപിള്ളയാണ്, മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നമാണെന്നൊക്കെ പ്രതിപക്ഷത്തുള്ളവർ പറഞ്ഞു. ഇന്നിപ്പോൾ അത് യഥാർത്ഥ സ്വപ്നമായി മാറിയിരിക്കുകയാണ്. 40,000 കോടി രൂപയുടെ എ.എസ്. കൊടുത്ത്, 24,350 കോടി രൂപയുടെ ഫണ്ട് നൽകുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തുകഴിഞ്ഞു. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലത്തിലേതുൾപ്പെടെയുള്ള സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് തറക്കല്ലിട്ടു. മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ മണ്ഡലത്തിലെ സ്കൂളിനുപോലും ഇപ്പോൾ തറക്കല്ലിട്ടതായാണ് ഞാൻ മനസ്സിലാക്കുന്നത്. പറഞ്ഞ കാര്യങ്ങളെല്ലാം നിങ്ങൾക്കു തന്നെ വളരെവേഗം വിഴുങ്ങേണ്ടി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എൻ. എ. ഖാദർ)

ഇന്ന് കോൺഗ്രസ്സിന്റെ അവസ്ഥയെന്താണ്; നേതാക്കന്മാരുടെ നെഞ്ചിനുമീതെ റീത്ത് വയ്ക്കുന്ന ഒരു സംസ്കാരം കോൺഗ്രസ്സിൽ രൂപപ്പെട്ടിരിക്കുകയാണ്. ഇവിടെ 'മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി' എന്നുപറഞ്ഞതുപോലെ രാജ്യസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. കോൺഗ്രസ്സിനെ സംബന്ധിച്ച് ഞങ്ങളാരും പറയുന്നത് നിങ്ങൾ വിശ്വസിക്കണ്ട. പക്ഷേ ബഹുമാന്യനായ പി. ടി. തോമസ് എഡിറ്ററായിട്ടുള്ള 'വീക്ഷണം' പത്രത്തിൽ വന്ന എഡിറ്റോറിയൽ ഈ അവസരത്തിൽ വളരെ പ്രസക്തമാണെന്ന കാര്യം നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. ആ എഡിറ്റോറിയലിൽ പറയുന്നത്, 'നേതാക്കളെത്തുമ്പോൾ വെണ്മയും ഇസ്തിരിവടിവും മായാത്ത വസ്ത്രമണിഞ്ഞ് മുഖം കാണിച്ചും ചെവി തിന്നും പെട്ടി പേറിയും നടക്കുന്നവർ പാർട്ടിയിലെ പതിരും കളയുമാണ്; പതിരും കളയും പറിച്ചുകളഞ്ഞുമാത്രമേ കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തെ രക്ഷിക്കാൻ കഴിയൂ' എന്നാണ്. ഇതുമാത്രമല്ല, ചിന്തയിലും പ്രവർത്തനങ്ങളിലും വന്ധ്യത ബാധിച്ച ജൈവശേഷിയില്ലാത്ത പ്രസ്ഥാനമായി 'കോൺഗ്രസ് മാറിയിരിക്കുന്നു എന്നും വീക്ഷണം പത്രം ഓർമ്മപ്പെടുത്തുകയാണ്. നേതാക്കൾക്ക് ഛത്രവും ചാമരവും വീശുന്നവരുടെ തള്ളാണ് പാർട്ടിയുടെ മുൻനിരയിലെന്നും വീക്ഷണം പറയുകയാണ്. ഇതെല്ലാം നിങ്ങളെക്കുറിച്ചാണ് പറയുന്നത്. ഇവിടത്തെ യുവ എം.എൽ.എ.-മാർ ഫെയ്സ് ബുക്ക് പോസ്റ്റിട്ടും പുറത്ത് വർത്തമാനം പറഞ്ഞും നടക്കുകയാണ്. ഇപ്പോൾ പാർട്ടി പുനഃസംഘടന എത്തിനിൽക്കുന്നത് 'രാമേശ്വരത്തെ ക്ഷൗരം പോലെയാണ്' എന്നും ശ്രീ. പി. ടി. തോമസ് നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. പാർട്ടിയെ നേർവഴിക്ക് നയിക്കാനുള്ള ദൗത്യം എ.ഐ.സി.സി. ഏറ്റെടുത്തേ മതിയാകൂ എന്നുപറഞ്ഞാണ് അദ്ദേഹം മുഖപ്രസംഗം അവസാനിപ്പിക്കുന്നത്. ഇന്ന് കോൺഗ്രസ്സിന്റെ സ്ഥിതി പരമദയനീയമാണ്. ബഹുമാന്യനായ വി. എം. സുധീരൻ അങ്കക്കലി മൂത്ത് പുറത്തിറങ്ങിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി

രണ്ടുവർഷങ്ങൾക്കുമുമ്പ് പറഞ്ഞ രണ്ടുകാര്യങ്ങൾ അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു, ഒന്ന്, കേരളത്തിലെ മദ്യനയവുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കോടികളുടെ അഴിമതി നടന്നിട്ടുണ്ടെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞിരുന്നു. അന്നത്തെ യു.ഡി.എഫ്. സർക്കാർ 418 ബാറുകൾ പൂട്ടാനുള്ള തീരുമാനമെടുത്തു; ആ തീരുമാനത്തിന്റെ മുൻനിരയിൽനിന്ന് ഞാൻ പ്രവർത്തിച്ചു. എന്നോടൊപ്പം കേരളത്തിലെ ജനങ്ങളുമുണ്ടായിരുന്നു. ഈ ബാറുകൾ പൂട്ടിയാൽ അതിന്റെ മുഴുവൻ അംഗീകാരവും എനിക്ക് കിട്ടുമെന്നുള്ളത് മനസ്സിലാക്കി ശ്രീ. ഉമ്മൻ ചാണ്ടി ഒരു സുപ്രഭാതത്തിൽ 418 എന്നുള്ളത് 730 എന്നാക്കി മാറ്റുകയാണ് ചെയ്തത്. അങ്ങനെ ശ്രീ. ഉമ്മൻ ചാണ്ടി ഗോളടിച്ചുകൊണ്ടുപോകുകയാണ് ചെയ്തതെന്നാണ് പറഞ്ഞത്. ഇതിനെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി പറഞ്ഞ കാര്യം ഇന്നും അതുപോലെ നിൽക്കുകയാണ്. മറ്റൊന്ന്, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞത്, എ.ഐ.സി.സി. വിളിച്ചുകൂട്ടിയ കമ്മിറ്റി പറഞ്ഞതിന് കടക വിരുദ്ധമായിട്ടാണ് ശ്രീ. ഉമ്മൻ ചാണ്ടി അദാനിക്ക് വിഴിഞ്ഞം തുറമുഖം തീറെഴുതി ക്കൊടുത്തത് എന്നാണ്. അപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രണ്ടുകാര്യങ്ങളിലും അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടെന്നുള്ളത് നാം മനസ്സിലാക്കണം. കേരളത്തെ സംബന്ധിച്ച്, കഴിഞ്ഞ യു.ഡി.എഫ്-ന്റെ ഭരണവും എൽ.ഡി.എഫ്-ന്റെ ഭരണവും ജനങ്ങൾ താരതമ്യപ്പെടുത്തുന്നുണ്ട്. നിശ്ചയമായും അതാണ് ചെങ്ങന്നൂരിൽ നടന്ന ഉപതെരഞ്ഞെടുപ്പ് വ്യക്തമാക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിന്റെ ജാള്യത മറയ്ക്കുന്നതിനുവേണ്ടി, ശ്രീ. പിണറായി വിജയൻ ഉൾപ്പെടുന്ന ബൂത്തിൽ 2016-ൽ യു.ഡി.എഫ്. ആണ് മുന്നേറിയതെന്ന് ഇവിടെ പറഞ്ഞു. എന്നാൽ വസ്തുത നേരെ തിരിച്ചാണ്. ഓലയമ്പലം ആർ.സി. അമല ബേസിക് യു.പി. സ്കൂളിന്റെ തെക്കുഭാഗത്തെ ബൂത്തിൽ 748 വോട്ടിന്റെ ഭൂരിപക്ഷമാണുള്ളത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 75 ശതമാനം വോട്ട് കിട്ടിയത് സഖാവ് പിണറായി വിജയന്റെ മണ്ഡലത്തിലായിരുന്നു. പക്ഷേ പ്രതിപക്ഷനേതാവും മുൻമുഖ്യമന്ത്രിയും ഉൾപ്പെട്ട ബൂത്തുകളിലെ തോൽവി, അല്ലെങ്കിൽ യു.ഡി.എഫ്.-ന്റെ പിന്നോട്ടുപോക്ക് ഇവിടെ സൂചിപ്പിച്ചതിന് മറുപടിയായിട്ടാണ് നിങ്ങൾ കള്ളം പറഞ്ഞത്. സമയം കഴിഞ്ഞുപോയതുകൊണ്ട് ഞാൻ പ്രസംഗം ചുരുക്കുകയാണ്. ഒരു കാര്യം ഞാൻ പറയാം, ഈ സർക്കാരിന്റെ കാലത്ത് വളകിലുക്കങ്ങളില്ല.

<u>മി. ചെയർമാൻ</u>: യെസ് .... കൺക്ലൂഡ്.

<u>ശ്രീ. വി. ജോയി</u>: ഒരു ജീവനക്കാരി സർവ്വീസിൽനിന്നും വിരമിച്ചപ്പോൾ അവർ കേരള കൗമുദി പത്രത്തിന് നൽകിയ അഭിമുഖത്തിൽ, "ഞാനൊരു മന്ത്രിയുടെ ഓഫീസിൽ ഫയലുമായി ചെന്നപ്പോൾ എന്റെ കയ്യിൽ പിടിച്ച് ബലാൽക്കാരമായി മുത്തം വയ്ക്കുകയുണ്ടായി, അന്നെനിക്ക് പറയാൻ പറ്റിയില്ല, ഞാൻ തിരിച്ചിറങ്ങി

കൈ തുടയ്ക്കുകയും പിന്നീട് റൂമിൽപ്പോയി കൈ നന്നായി സോപ്പുപയോഗിച്ച് കഴുകിക്കളയുകയും ചെയ്തു" എന്നാണ് പറഞ്ഞത്. ഈ രീതിയിലുള്ള ഒരു ഭരണം കേരളത്തിലുണ്ടായിരുന്നു. അതിൽനിന്നും വ്യത്യസ്തമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം......... (മൈക്ക് ഓഫ്)...

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സഭയിൽ ധനവിനിയോഗ ബിൽ സംബന്ധിച്ച ചർച്ച നടക്കുമ്പോൾ ഇടുക്കിയിൽ ശക്തമായൊരു സമരം, അതായത് അടിമാലിയിൽ ദേശീയപാത ഉപരോധം നടക്കുകയാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ രാഷ്ട്രീയ പാർട്ടികളും അതിൽ പങ്കെടുക്കുന്നുണ്ട്, പ്രത്യേകിച്ച് ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ അതിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. മൂന്നാർ ട്രൈബ്യൂണലുമായി ബന്ധപ്പെട്ട വിഷയമാണ്. അതിന്റെ പരിധിയിൽവരുന്ന 8 വില്ലേജുകളിലെ ഏറ്റവും ജനദ്രോഹപരമായ നടപടികൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് അവിടെ സമരം ആരംഭിച്ചിട്ടുള്ളത്. എല്ലാ പട്ടയങ്ങളും കാർഷികേതരാവശ്യങ്ങൾക്കായി വിനിയോഗിക്കാനുള്ള അവസരങ്ങൾ സംജാതമാകാത്തതിന്റെ പേരിലുണ്ടായിട്ടുള്ള പ്രശ്നങ്ങളാണ് സമരത്തിനാധാരം. കെ. പി. റ്റി. (Kerala Preservation of Trees) ആക്ടിന്റെ അഞ്ചാം വകുപ്പിന്റെ പരിധിയിൽ ഏലത്തോട്ടം മാത്രം ഉൾപ്പെടുത്തുന്നതു വഴി കൃഷി ഭൂമിയിൽ നട്ടുവളർത്തിയ മരം മുറിക്കുന്നതിനുള്ള തടസ്സം നീങ്ങുമായിരുന്നു; പക്ഷെ അതൊന്നും പരിഹരിക്കാൻ കഴിയുന്നില്ല. പാറ, മണൽ, മണ്ണ് തുടങ്ങി നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങളൊന്നും ഇടുക്കിയിൽ ഖനനം നടത്താൻ സാധിക്കുന്നില്ല. പത്തുചെയിൻ പ്രദേശത്തെ കർഷകർക്ക് പട്ടയം ലഭിക്കുന്നതുപോലെതന്നെ ഷോപ് സൈറ്റുകൾക്കുകൂടി പട്ടയം നൽകുന്നതിനുള്ള നടപടിയുണ്ടാകണം; ദേശീയപാതകൾ, ഗ്രാമീണറോഡുകൾ, കുടിവെള്ള സ്രോതസ്സുകൾ തുടങ്ങിയവ നിരന്തരം തടസ്സപ്പെടുത്തുന്ന വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം എന്നിങ്ങനെയുള്ള നിരവധി ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കക്ഷി രാഷ്ട്രീയ ഭേദമെന്യേ നടത്തുന്ന ഈ സമരം ഇടുക്കിയെ സംബന്ധിച്ചിടത്തോളം എല്ലാവരുടെയും വികാരമാണ്. അവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടിയുണ്ടാകണം. ഇടുക്കിയിൽ ഇപ്പോൾ കനത്ത കാറ്റും മഴയുമാണ്. ഇന്ന് രാവിലെ ഇതുസംബന്ധിച്ച് ചർച്ച നടക്കുകയുണ്ടായി. നിരന്തരമുണ്ടാകുന്ന കാറ്റും മഴയും ധാരാളം അപകടങ്ങളുണ്ടാകുകയാണ്. ഇതിനോടകം പന്ത്രണ്ട് വീടുകൾ പൂർണ്ണമായും 382 വീടുകൾ ഭാഗികമായും തകർന്നു. കൃഷിനാശം സംഭവിച്ചിരിക്കുന്നത് 1743.4 ഹെക്ടർ ഭൂമിയിലാണ്. 18 കോടിയോളം രൂപയുടെ നഷ്ടപരിഹാരമാണ് വിലയിരുത്തിയിരിക്കുന്നത്. ശക്തമായ കാറ്റ് കാരണമാണ് കൃഷിനാശം സംഭവിക്കുന്നത്. പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന ഭൂമിയിൽ ആയിരത്തിലധികം

വാഴകളുണ്ടായിരുന്നതിൽ ഒരെണ്ണംപോലുമില്ലാതെ നശിച്ചുപോയിരിക്കുകയാണ്. അതുപോലെ ഏലത്തോട്ടങ്ങളും നശിച്ചു. ഒരു കാലത്തുമുണ്ടാകാത്ത രീതിയിലുള്ള ഒരു സ്ഥിതിവിശേഷമാണ് അവിടെയുണ്ടായിട്ടുള്ളത്. ഇടുക്കി ജില്ലയിൽ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള വിവിധങ്ങളായ വിഷയങ്ങൾ സർക്കാർ പരിഗണിക്കണം. ധനവിനിയോഗ ബില്ലിന്റെ ഭാഗമായി നടക്കുന്ന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ കഴിഞ്ഞതിൽ അതിയായ സംതൃപ്തിയുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായ ജനവികാരമാണ് ഇടുക്കിയിൽ നടക്കുന്ന സമരത്തിൽ കാണാൻ കഴിയുന്നത്. ഈ വിഷയം സംബന്ധിച്ച് വനം, റവന്യൂ വകുപ്പുമന്ത്രിമാർ സംയുക്തമായും ജില്ലാ കളക്ടറുമായും ചർച്ച നടത്തിയെങ്കിലും പ്രശ്നത്തിന് പരിഹാരമുണ്ടായിട്ടില്ല. വന്യമൃഗങ്ങളുടെ ആക്രമണം തുടരുകയാണ്. നിരവധി ആളുകളുടെ ജീവൻ നഷ്ടപ്പെടുകയാണ്. ഒരു തരത്തിലും ജീവിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകുമ്പോൾ ജനങ്ങൾക്കിടയിൽ ഉയർന്നുവരുന്ന ഇത്തരം സമരങ്ങളെ ഒരിക്കലും തിരസ്കരിക്കരുത്. സമരത്തെ വളരെ പോസിറ്റീവായി കാണണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ മുൻകയ്യെടുത്ത് ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. ഇന്ന് രാവിലെ ഞാനും ശ്രീ. പി. ജെ. ജോസഫും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, താരതമ്യേന ഭേദപ്പെട്ട ഭരണം നടത്തുന്ന സർക്കാരാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ. എന്നാൽ ഒരു കാര്യം ഞാൻ സൂചിപ്പിക്കാം. സി.ആന്റ്.എ.ജി.-യുടെ അന്തിമ റിപ്പോർട്ട് ഇന്നലെ വരികയും എം.എൽ.എ.-മാർ അത് വായിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പുകൾ എടുത്തുപറഞ്ഞ് ഞാൻ ആരെയും മോശമാക്കാൻ ഉദ്ദേശിക്കുന്നില്ല. പല വകുപ്പുകളും ഈ വർഷം ഫണ്ട് ലാപ്സാക്കിയിരിക്കുകയാണ്. അത് പ്രത്യേകം ശ്രദ്ധിച്ച്, ധനകാര്യ വകുപ്പുമന്ത്രി മറ്റ് മന്ത്രിമാരുടെ യോഗം വിളിച്ച് ചർച്ച ചെയ്യുന്നത് നല്ലതാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ദേശീയപാതയും സംസ്ഥാന ഹൈവേയുമൊക്കെ വരുമ്പോൾ സമ്പന്നന്മാർക്കും ചില വ്യക്തികൾക്കുംവേണ്ടി ഇത് വളച്ചൊടിക്കുന്ന ഗതികേട് എന്തുകൊണ്ട് തടയാൻ കഴിയുന്നില്ല? ഞാൻ പറയാൻ ആഗ്രഹിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം, വേളാപുരം - തുരുത്തി ദേശീയപാത അലൈൻമെന്റുമായി ബന്ധപ്പെട്ടാണ്. ഞാൻ അതിന്റെ ഫയൽ മുഴുവൻ എടുത്തുനോക്കി. ആവശ്യമില്ലാതെ അലൈൻമെന്റ് "W" പോലെ വളച്ചുകൊണ്ട് പോവുകയാണ്. ഇതൊന്നും ചോദിക്കാനും പറയാനും ആരുമില്ല. കേരളത്തിൽ നടക്കുന്ന കാര്യമാണ്. കേന്ദ്ര സർക്കാർ

എന്തുപറഞ്ഞാലും വളച്ചൊടിച്ച് കൊണ്ടുപോകാൻ പറ്റില്ലെന്ന് പറയാനുള്ള ആർജ്ജവം സർക്കാർ കാണിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ ഐ.ഒ.സി.-യുടെ അലൈൻമെന്റ് പ്രശ്നവുമുണ്ട്. ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടക്കുകയാണ്. ആ സമരത്തിലും സർക്കാർ ശക്തമായ ഇടപെടൽ നടത്തി പരിഹാരമുണ്ടാക്കണം. കിഫ്ബിയെക്കുറിച്ച് ഇവിടെ പറഞ്ഞപ്പോൾ അത് നടക്കാത്ത കാര്യമാണെന്ന് പറഞ്ഞ് എല്ലാവരും മന്ത്രിയെ പുച്ഛിച്ചു. അന്ന് ഞാൻ മാത്രമാണ് അനുകൂലിച്ചത്. കിഫ്ബികൊണ്ട് മാത്രമാണ് കേരളത്തിൽ അടുത്ത മൂന്ന് വർഷത്തെ വികസന പ്രവർത്തനങ്ങൾ നടക്കാൻ പോകുന്നത്. സത്യത്തിൽ ഇക്കാര്യത്തിൽ മന്ത്രിയെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും കിഫ്ബിയെയും അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രണ്ട് വർഷം പൂർത്തിയാക്കി മൂന്നാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ദുർബ്ബല ജനവിഭാഗങ്ങളുടെ ക്ഷേമമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. മണ്ണിനെയും മനുഷ്യനെയും അറിഞ്ഞുള്ള വികസനനയമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പുലർത്തുന്നത്. ഒരു നവകേരളം സൃഷ്ടിക്കാനുള്ള പ്രയത്നത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. അതിനനുസൃതമായുള്ള പ്രവർത്തനങ്ങളാണ് ധനകാര്യ വകുപ്പ് നടത്തുന്നത്. ബഡ്ജറ്റിലെ ചെലവ് ഗണ്യമായി ഉയർന്നിരിക്കുകയാണ്. 2015-16-ൽ 87,032 കോടി രൂപയായിരുന്ന ആകെ ചെലവെങ്കിൽ 2017-18-ൽ 1,11,352 കോടി രൂപയായി ഉയർന്നു. കണക്കുകൾപ്രകാരം 2018-19-ൽ ചെലവ് 1,27,093 കോടി രൂപയായി ഉയരും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്ന വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിക്കുന്നതിന്, സാധാരണ ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള ഇച്ഛാശക്തിയാണ് ഇതിലൂടെ സർക്കാർ പ്രകടമാക്കുന്നത്. സാമൂഹ്യ സുരക്ഷാമേഖലയിൽ 2015-16-ൽ 35,000 കോടി രൂപ ചെലവഴിച്ചപ്പോൾ 2017-18-ൽ 44,000 കോടി രൂപയും 2018-19-ൽ 49,000 കോടി രൂപയുമായി ഉയരുകയാണ്. കാർഷിക മേഖലയിലെ ചെലവ് 4,380 കോടി രൂപയായിരുന്നത് 6,678 കോടി രൂപയായി ഉയരുകയാണ്. ആരോഗ്യ മേഖലയിലെ ചെലവ് 5,500 കോടി രൂപയായിരുന്നത് 7,500 കോടി രൂപയായും വിദ്യാഭ്യാസ മേഖലയിൽ 14,100 കോടി രൂപയായിരുന്നത് 20,000 കോടി രൂപയായും ഉയരുകയാണ്. ഇതിന്റെയെല്ലാം മാറ്റമാണ് ഇന്ന് കേരളത്തിലെ സാധാരണ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് 9,270 കോടി രൂപയുടെ സാമൂഹ്യസുരക്ഷാ പെൻഷനുകളാണ് വിതരണം

ചെയ്തിരുന്നതെങ്കിൽ 2 വർഷംകൊണ്ട് 10,000 കോടി രൂപയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെലവഴിച്ചത്. അതാണ് ഈ സർക്കാരിന്റെ നയം. അഭിമാനത്തോടുകൂടിയാണ് മൂന്നാം വർഷത്തിലേയ്ക്ക് ഈ സർക്കാർ കടക്കുന്നത്. യു.ഡി.എഫ്. സർക്കാർ ശമ്പളവും പെൻഷനും കുടിശ്ശികയാക്കി മാറ്റിവച്ചെങ്കിൽ ഈ സർക്കാർ സമയബന്ധിതമായി അവ കൊടുത്തുതീർക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി പെൻഷൻ-ശമ്പള ചെലവിന്റെ വർദ്ധനവ് 10 ശതമാനത്തിൽ നിന്ന് 19 ശതമാനമായിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 20 ശതമാനം വരുമാന വളർച്ച ലക്ഷ്യമിട്ടുകൊണ്ടാണ് സാമ്പത്തികമേഖലയെ മുന്നോട്ട് കൊണ്ടുപോകുന്നത്. യു.ഡി.എഫ്. സർക്കാർ ഭരിച്ച 5 വർഷം അത് വെറും 10 ശതമാനമായിരുന്നു. സാമ്പത്തിക പ്രതിസന്ധികളുള്ളപ്പോഴും ഈ സർക്കാരിന്റെ സാമ്പത്തിക വരുമാന വളർച്ച 14 ശതമാനമായി. അത് 20 ശതമാനത്തിലെത്തിക്കാനുള്ള ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിലുള്ള വ്യക്തമായ ദിശാബോധമാണ് കിഫ്ബിയിലൂടെയുള്ള 50,000 കോടി രൂപയുടെ വികസനം. അതിൽ 10,000 കോടി രൂപയുടെ പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്.

കൃഷി അനുബന്ധ മേഖലകളിലുണ്ടാകുന്ന വിപ്ലവകരമായ മാറ്റത്തെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. കേരളത്തിലെ കർഷകർ നല്ല ആത്മവിശ്വാസത്തിലാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 66 കർഷകർ ആത്മഹത്യ ചെയ്ത കേരളത്തിൽ ഇന്ന് നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം കേരളത്തിലെ കർഷക ആത്മഹത്യ പൂജ്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കർഷകരിലുണ്ടാക്കിയ ആത്മവിശ്വാസമാണ് ഇതിലൂടെ വ്യക്തമാകുന്നത്. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുന്ന തരത്തിലേയ്ക്കാണ് ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ കേരളം സ്വയം പര്യാപ്തതയിലേയ്ക്കെത്തുന്നതിലുള്ള ആത്മവിശ്വാസം ക്ഷീരഗ്രാമം ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിലൂടെ കേരളത്തിലെ ജനങ്ങൾ ഇന്ന് അനുഭവിക്കുകയാണ്.

ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ എല്ലാ അംഗങ്ങളും അംഗീകരിച്ച കാര്യമാണ്. പ്രതിപക്ഷത്തിനെങ്ങനെയാണ് അത് തള്ളിക്കളയാൻ കഴിയുന്നത്? ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിൽ 4100-ലധികം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെ പൂർത്തിയാക്കി ആർദ്രം പദ്ധതി ഇന്ന് വളർച്ച കൈവരിക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും പൊതുവിദ്യാലയങ്ങളിൽ വന്നിരിക്കുന്ന

മാറ്റങ്ങളും കേരളം ഏറ്റുവാങ്ങുകയാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ 1,100 രൂപയായി ഉയർത്തിയെന്ന് മാത്രമല്ല, തുക കൃത്യമായി ജനങ്ങളുടെ കയ്യിലെത്തിക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ മനുഷ്യമുഖമാണ് വെളിവാക്കുന്നത്.

5 വർഷംകൊണ്ട് 5 ലക്ഷം ആളുകൾക്ക് പാർപ്പിടം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. 28000 വീടുകളുടെ പണി പൂർത്തിയായി. ഭൂമിയുള്ള 2.5 ലക്ഷത്തോളം ആളുകൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതാണ്ട് പൂർത്തീകരിക്കുകയാണ്. വൈദ്യുതിരംഗം പരിശോധിച്ചാൽ, മുഴുവൻ വീടുകളിലും വൈദ്യുതി എത്തിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളത്തെ വളർത്തിയെടുക്കാൻ കഴിഞ്ഞത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ജനപക്ഷ വികസന സമീപനത്തിന്റെ ഭാഗമായാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 2016-17 വർഷത്തിൽ 123 കോടി രൂപയായിരുന്നത് 2017-18-ൽ 270 കോടി രൂപയായി ഉയർന്നു. 2015-16-ൽ 100 കോടി രൂപ മാത്രമായിരുന്നു പൊതുമേഖലാ വ്യവസായങ്ങൾക്ക് വേണ്ടി മാറ്റിവച്ചിരുന്നത്. 2015-16 സാമ്പത്തിക വർഷം മൊത്തം നഷ്ടമായ 131 കോടി രൂപയിൽനിന്ന് 80 കോടി രൂപയായി കുറയ്ക്കുന്നതിന് സർക്കാരിന്റെ ഇടപെടൽ കൊണ്ട് കഴിഞ്ഞു. പരമ്പരാഗത വ്യവസായമേഖലയിലെ കശുവണ്ടി വ്യവസായം തകർന്നടിഞ്ഞ് തരിപ്പണമായിരിക്കുകയായിരുന്നു. കാപ്പെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ കൃത്യമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാരിന് കഴിഞ്ഞു. സ്വകാര്യ മുതലാളിമാരുടെ വ്യവസായ പ്രതിസന്ധിക്ക് പ്രത്യേകമായ പാക്കേജ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. വായ്പ പുനരുദ്ധാരണ പദ്ധതിയും ആഭ്യന്തര കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതുമുൾപ്പെടെ ആ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള ഇച്ഛാശക്തിയോടെയുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്.

1.00 PM.]

കയർ മേഖലയിൽ യന്ത്രവൽക്കരണത്തിനും പരമ്പരാഗത തൊഴിൽ സംരക്ഷണത്തിനും പ്രത്യേക ഊന്നൽനൽകിക്കൊണ്ട് നടക്കുന്ന പ്രവർത്തനങ്ങളിലൂടെ കയറുൽപ്പാദനത്തിലും സംഭരണത്തിലും 75 ശതമാനം റെക്കോർഡ് വളർച്ചയാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായത്. പരമ്പരാഗത വ്യവസായത്തോടുള്ള സർക്കാരിന്റെ സമീപനമാണ് അതിലൂടെ വ്യക്തമാകുന്നത്. കൈത്തറി മേഖലയിൽ സൗജന്യ

സ്കൂൾ യൂണിഫോം വിതരണത്തിലൂടെ 100 ദിവസത്തെ മിനിമം കൂലി ഉറപ്പാക്കി തൊഴിലാളികളെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. പൊതുവിതരണ രംഗത്ത്, കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിന്റെ എണ്ണം പരിമിതപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ പാവപ്പെട്ടവരുടെ സബ്സിഡികൾ വെട്ടിക്കുറയ്ക്കുമ്പോൾ സംസ്ഥാന സർക്കാർ ഏതാണ്ട് ഒന്നേകാൽ കോടി ജനങ്ങൾക്ക് സ്റ്റേറ്റ് സബ്സിഡി അധികമായി നൽകിക്കൊണ്ട് പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വകരിക്കുകയാണ്. കേന്ദ്ര സർക്കാർ സാമൂഹ്യ സുരക്ഷാ മേഖലകളിൽനിന്ന് പിന്മാറുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ഭക്ഷ്യ വിതരണം, കാർഷികം എന്നീ മേഖലകളിലെ കേന്ദ്ര വിഹിതങ്ങൾ വെട്ടിക്കുറച്ച് കോർപ്പറേറ്റുകൾക്ക് വാരിക്കോരി കൊടുക്കുമ്പോൾ, ജനാധിപത്യം വെല്ലുവിളിക്കപ്പെടുമ്പോൾ സംസ്ഥാന സർക്കാർ ഈ നാടിന്റെ കാവലാളും ശക്തിയും രാജ്യത്തിന്റെ പ്രതീക്ഷയുമായി മാറുകയാണ്. സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ധനവിനിയോഗ ബില്ലിനെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. പോലീസ് വകുപ്പിലേയ്ക്ക് വാഹനം വാങ്ങുന്നതിന് 76 ലക്ഷം രൂപയാണ് മുടക്കിയിട്ടുള്ളത്. ഡൽഹിയിൽ സുരക്ഷയൊരുക്കാൻ 2 എസ്.യു.വി. കാർ അടക്കം വി.ഐ.പി.-കൾക്ക് സുരക്ഷയൊരുക്കുന്നതിനാണ് 76 ലക്ഷം രൂപ. ഇവിടെ പോലീസിന്റെ കാര്യക്ഷമതയെക്കുറിച്ച് പരിശോധിക്കാൻ ഇന്നത്തെ പത്രങ്ങളിലെ മുഖപ്രസംഗങ്ങൾ പരിശോധിച്ചാൽ മതി. മാതൃഭൂമി - 'നിയമപാലകരുടെ നിയമലംഘനം ലജ്ജാകരം', മലയാള മനോരമ - 'ഇതല്ല പോലീസ്', മാധ്യമം - 'പോലീസിലെ അടിമപ്പാളയം' എന്നിങ്ങനെയാണ് മുഖപ്രസംഗമെഴുതിയിരിക്കുന്നത്. ഇങ്ങനെ അടിമപ്പാളയം സൃഷ്ടിക്കുന്നതിനുവേണ്ടി പോലീസിന് പണം നീക്കി വയ്ക്കുമ്പോൾ അതിന്റെ കാര്യക്ഷമതയെക്കുറിച്ച് ബഹുമാനപ്പെട്ട സർക്കാരും മന്ത്രിയും വിലയിരുത്തേണ്ടതല്ലേ? 11-6-2018-ന് ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്നീ രണ്ട് മുൻമന്ത്രിമാരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം ഇതായിരുന്നു; (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സ്റ്റേഷനുകളിൽവച്ചാണ് കസ്റ്റഡി മരണങ്ങളുണ്ടായതെന്നും ഇത്തരത്തിൽ മരണപ്പെട്ടവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ? (ബി) കസ്റ്റഡി മരണങ്ങളെത്തുടർന്ന് ഉത്തരവാദികളായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. (സി) കസ്റ്റഡി മരണത്തിന് പ്രതികളാക്കപ്പെട്ട എത്ര ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്, ഇതിലെത്രപേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്. വിശദാംശം ലഭ്യമാക്കാമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരം, എ, ബി & സി. "വിവരം ശേഖരിച്ചുവരുന്നു" എന്നാണ്. കാട്ടിലെത്ര ആനയുണ്ടെന്നും എത്ര സിംഹവാലൻ

കുരങ്ങുണ്ടെന്നും എത്ര കാട്ടുപന്നിയുണ്ടെന്നും ചോദിച്ചാൽ വനം വകുപ്പിന്റെ പക്കൽ കണക്കുണ്ടാകും. സുമാർ കണക്കെങ്കിലുമുണ്ടാകും. അധികാരത്തിൽ വന്ന് രണ്ടുവർഷം കഴിഞ്ഞ ഒരു സർക്കാരിനോട് "എത്ര കസ്റ്റഡി മരണമുണ്ടായിട്ടുണ്ട്, അതിന്മേൽ നടപടിയെടുത്തിട്ടുണ്ടോ" എന്ന് ചോദിച്ചപ്പോൾ "വിവരം ശേഖരിച്ചുവരുന്നു" എന്ന് മറുപടി പറഞ്ഞ ഒരു സർക്കാരിന്റെ പോലീസ് വകുപ്പിനുവേണ്ടി ഇത്രയും പണം നീക്കിവയ്ക്കേണ്ടതുണ്ടോ? ഈ സർക്കാരിന്റെയും പോലീസിന്റെയും കാര്യക്ഷമത തെളിയിക്കുന്ന ഉത്തരമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 11-6-2018-ന് നൽകിയത്. പത്രങ്ങൾക്കും സംസ്ഥാനത്തുള്ള ജനങ്ങൾക്കുമൊക്കെ എത്രയാൾ മരിച്ചുവെന്നറിയാം. സുമാർ കണക്കുപോലും പറയാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തിനാണ് ഇത്രയും അകമ്പടി? എത്ര കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിമാർ കേരളം ഭരിച്ചിട്ടുണ്ട്. ഇ. കെ. നായനാർ, ഇ.എം.എസ്., ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നിവർക്കൊക്കെ ഇത്ര വലിയ അകമ്പടി വ്യൂഹമുണ്ടായിരുന്നോ? കൗരവപക്ഷത്തെ 21 അക്ഷൗഹിണിപ്പടയെ വെല്ലുന്ന രീതിയിലുള്ള നീണ്ട വാഹനവ്യൂഹങ്ങളാണ് പോകുന്നത്. മുഖ്യമന്ത്രിക്ക് അകമ്പടിപോകുന്ന വാഹന വ്യൂഹത്തിന് നിസാമുദ്ദിൻ എക്സ്പ്രസ്സിനേക്കാൾ നീളമുണ്ടാകും. മധ്യത്തിലിരുന്ന് ഒരാൾ മുന്നിലേയ്ക്കും പുറകിലേയ്ക്കും നോക്കിയാൽ ഏതാണ് പോലീസ് വണ്ടിയുടെ വാഹനവ്യൂഹമെന്ന് കാണാൻ സാധിക്കാത്ത തരത്തിലാണുള്ളത്. ജനകീയനായ ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിക്ക് എവിടെനിന്നാണ് ഇത്ര വലിയ ഭീഷണിയുള്ളത്? ഒരു പ്രതിപക്ഷ പാർട്ടിപോലും മുഖ്യമന്ത്രിയെയോ വകുപ്പുമന്ത്രിമാരെയോ വഴി തടയാറില്ല. പിന്നെ എന്തിനാണ് ഇത്ര വലിയ രീതിയിലുള്ള സുരക്ഷാ വ്യൂഹം? അതുപോലെ 13 രാഷ്ട്രീയ കൊലപാതകങ്ങളും 9 കസ്റ്റഡി മരണങ്ങളും വിദേശ വനിതയുടെ കൊലപാതകമുൾപ്പെടെ നടന്നിട്ടുണ്ട്. പോലീസിൽ ദാസ്യപ്പണിക്ക് 2000 പേരാണുള്ളത്. എ.ഡി.ജി.പി.-യുടെ മകളുടെ കൈത്തരിപ്പ് മാറ്റാൻ പാവപ്പെട്ട പോലീസുകാർ നിന്നുകൊടുക്കണോ? പട്ടിക്കൂടിന് കാവലിരിക്കലാണോ പോലീസുകാരുടെ പണി? പി.എസ്.സി. മുഖേന തെരഞ്ഞെടുത്ത ചെറുപ്പക്കാരായ പോലീസുദ്യോഗസ്ഥർ ഇവിടത്തെ ഉയർന്ന പോലീസുദ്യോഗസ്ഥരുടെ മക്കളുടെ കൈത്തരിപ്പ് തീർക്കുന്നതിനുവേണ്ടി പരീക്ഷിക്കപ്പെടുകയാണോ? ഇത്രമാത്രം ലജ്ജാകരമായ ഒരവസ്ഥ ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. അതുപോലെ കെവിൻ എന്ന ചെറുപ്പക്കാരന്റെ മരണത്തിന് ഹേതുവായത് വെറും ദുരഭിമാനം മാത്രമല്ല, പോലീസിന്റെ വീഴ്ചകൂടിയാണ്. ജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ട പോലീസ് മുഖ്യമന്ത്രിക്കും മന്ത്രിപ്പടയ്ക്കും സുരക്ഷ നൽകുന്നതുകൊണ്ടുണ്ടായ വീഴ്ചയാണുണ്ടായത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ വകുപ്പിന് ഇനിയും പണം നീക്കിവയ്ക്കണോ എന്നുള്ളതാണ് എന്റെ ചോദ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്, ആഭ്യന്തര വകുപ്പ് ഒരു അലങ്കാരമാക്കി, തന്റെ കൈവശം ഇത്രയും പട്ടാളമുണ്ട്,

ഇത്രയധികം ആയുധമുണ്ടെന്ന് അഭിമാനിക്കാമെന്നല്ലാതെ പോലീസിനെ നിയന്ത്രിക്കുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും പരാജയപ്പെട്ടിരിക്കുകയാണ്. സ്റ്റിയറിംഗ് വീൽ റോഡിൽനിന്ന് തിരിഞ്ഞുപോയതുപോലെയാണ്. സ്റ്റിയറിംഗ് മാത്രം തിരിഞ്ഞുകൊണ്ടിരിക്കുകയാണ്, വാഹനം തിരിക്കാൻ കഴിയുന്നില്ല. ഭരണയന്ത്രം യഥാർത്ഥത്തിൽ മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും കയ്യിൽനിന്ന് നഷ്ടപ്പെട്ടിരിക്കുകയാണ്.

ഈ സർക്കാരിന്റെ ഒരു പ്രോഗ്രസ് റിപ്പോർട്ടുണ്ട്. അതിന്റെ ആമുഖത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, ഈ റിപ്പോർട്ടിൽ പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്ത കാര്യങ്ങളിൽ നടപ്പിലാക്കിയവ മാത്രമേ പറയുന്നുള്ളൂ, നടപ്പിലാക്കാത്തതൊന്നും പറയുന്നില്ല എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എല്ലാം നടപ്പിലാക്കിയെന്നാണ്. ഞാനിതിൽ വാണിജ്യ മേഖലയെക്കുറിച്ച് മാത്രം പറയാം. റിപ്പോർട്ടിൽ പേജ് 139-ൽ പറയുന്നത് കേരളാ ഇൻഫ്രാസ്ട്രക്ചർ റീട്ടെയിൽ മാനേജ്മെന്റ് സ്ഥാപിക്കും-നടപടികൾ സ്വീകരിച്ചുവരുന്നു, 140-ൽ വാണിജ്യ മിഷൻ രൂപവൽക്കരിക്കും - നടപടികൾ സ്വീകരിച്ചുവരുന്നു. 141 - കേരള റീട്ടെയിൽ എന്നൊരു പുതിയ ബ്രാൻഡ് സ്ഥാപിക്കും - നടപടികൾ സ്വീകരിച്ചുവരുന്നു, 142, 143, 144 എന്നിവയിലെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു. പഴയ കാലത്ത് സ്കൂളുകളിലെ പ്രോഗ്രസ് കാർഡ് രക്ഷിതാവ് ഒപ്പിട്ട് നൽകണം. ഇത് ജനങ്ങൾ ഒപ്പിട്ടു നൽകിയാൽ ഇതിൽ മുഴുവനും ചുവപ്പ് വര മാത്രമായിരിക്കും ഇടേണ്ടിവരുന്നത്. ചെങ്ങന്നൂർ അവസാന ഉപ തെരഞ്ഞെടുപ്പാണെന്ന് കരുതരുത്. ശ്രീ. നരേന്ദ്ര മോദിക്ക് പറ്റിയ അബദ്ധം നിങ്ങൾക്കും പറ്റും. അതേ മോഡലാണ് നിങ്ങളും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളിൽനിന്ന് നിങ്ങൾ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ രണ്ടുവർഷക്കാലത്തെ നേട്ടം കൊട്ടിഘോഷിക്കുന്നത് അബദ്ധ പഞ്ചാംഗമാണ്. 39 കോടി രൂപയാണ് സർക്കാരിന്റെ പരസ്യത്തിനുവേണ്ടി ചെലവഴിച്ചത്. ഗവൺമെന്റിന്റെ നേട്ടങ്ങൾ കൊട്ടിഘോഷിക്കുന്നതിനുവേണ്ടി 39 കോടി രൂപ ചെലവാക്കി അത്തരത്തിലുള്ള വരുമാനനഷ്ടം ഉണ്ടാകുന്നതുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ആധുനിക കേരളത്തിന് ബലമേറിയ അടിത്തറയിടാനും അഭിമാനകരമായ നേട്ടങ്ങളിലേയ്ക്ക് സംസ്ഥാനത്തെ നയിക്കാനും കഴിഞ്ഞ രണ്ടുവർഷങ്ങളാണ് കടന്നുപോയത്. ദേശീയതലത്തിൽ നമ്മുടെ നാടിനെ ഒന്നാമതാക്കിയ മഹത്തായ നേട്ടങ്ങൾ ഇതിനോടകം സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ വിവിധ രംഗങ്ങളിൽ കേരളത്തെ മാതൃകയാക്കുന്നുവെന്ന യാഥാർത്ഥ്യം ഓരോ

മലയാളിയെയും സംബന്ധിച്ചിടത്തോളം അഭിമാനിക്കാൻ വകനൽകുന്നതാണ്. നമ്മുടെ നാടിന്റെ ഈ ചരിത്രമുന്നേറ്റം ഒരു സമകാലിക യാഥാർത്ഥ്യമായി മാറുമ്പോൾ രാഷ്ട്രീയനില തെറ്റിയ ഒരു പ്രതിപക്ഷത്തെയാണ് ഇവിടെ നമുക്ക് കാണാനാകുന്നത്.പ്രതിപക്ഷത്തിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് ഇന്നൊരു ദേശീയ ദുരന്തമായി മാറിയിരിക്കുകയാണ്. കേരളത്തിലെ യുവ എം.എൽ.എ.-മാരുടെ കൂട്ടവിലാപങ്ങൾക്ക് രക്ഷിക്കാൻ കഴിയുന്നതല്ല ഇന്നത്തെ കോൺഗ്രസിന്റെ ദയനീയമായ സാഹചര്യം. അനിവാര്യമായൊരു തകർച്ചയിലേയ്ക്ക് അതിവേഗം നടന്നുനീങ്ങുന്ന കോൺഗ്രസിനെയാണ് നാം കാണുന്നത്. ആദ്യ പാർലമെന്റിൽ 489 സീറ്റിൽ 364-ലും വിജയിച്ചാണ് കോൺഗ്രസ് അധികാരത്തിൽ വന്നത്. 45 ശതമാനം വോട്ട് അന്നവർ നേടിയിരുന്നു. എന്നാൽ കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ 545 സീറ്റിൽ 48 ആയി ആ നില മാറി. ആദ്യ പാർലമെന്റിന്റെ പെർഫോമൻസും ഒടുവിലത്തെ തെരഞ്ഞെടുപ്പും കോൺഗ്രസിനെ എവിടെ എത്തിച്ചുവെന്ന കൃത്യമായ ചിത്രം നമ്മുടെ മുമ്പിൽ വരച്ചുകാണിക്കുന്നുണ്ട്. 2014-ൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വരുമ്പോൾ 13 സംസ്ഥാനങ്ങളിൽ കോൺഗ്രസ് അധികാരത്തിലുണ്ടായിരുന്നു. ഇന്നത് രണ്ടോ രണ്ടരയോ ആയി തകർന്ന ദയനീയമായ കാഴ്ചയാണുള്ളത്. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ മഹാരാഷ്ട്രയിലെ പാൽഘറിലെ തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ അവിടെ ഞങ്ങൾ പരാജയപ്പെട്ടു, സി.പി.ഐ.(എം.) നാലാം സ്ഥാനത്തായിപ്പോയി. പക്ഷെ നാലാം സ്ഥാനത്തിനും പുറകിൽ അഞ്ചാം സ്ഥാനത്ത് നിൽക്കുകയാണ് കോൺഗ്രസ്. അഞ്ചാം സ്ഥാനത്ത് നിൽക്കുന്ന കോൺഗ്രസിന്റെ സ്ഥാനാർത്ഥി ശ്രീ. ഡാമു ഷിൻഡെ മുൻ ലോക്സഭാംഗം കൂടിയായിരുന്നുവെന്നുള്ള കാര്യം നാം കാണണം. ഹിമാചൽ പ്രദേശിലെ തിയോഗിൽ സി.പി.ഐ.(എം.) വിജയിച്ചു. സി.പി.ഐ.(എം.) വിജയിക്കുമ്പോൾ രണ്ടാം സ്ഥാനത്തെത്തിയ ബി.ജെ.പി.-യുടെയും പിറകിൽ മൂന്നാം സ്ഥാനത്താണ് കോൺഗ്രസ് നിൽക്കുന്നത്. രാജ്യവ്യാപകമായി ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ചയെ കോൺഗ്രസ് നേരിടുകയാണ്. ഇന്ത്യയുടെ ഹൃദയഭൂമിയിൽ നിന്നെല്ലാം ദയാരഹിതമായി ആട്ടിയിറക്കപ്പെട്ട, എങ്ങും അഭയം കിട്ടാത്തൊരു രാഷ്ട്രീയ പാർട്ടിയായി കോൺഗ്രസ് മാറി. യു.പി.-യിൽ കോൺഗ്രസിനെ കാണാനില്ല. ഇന്ത്യയുടെ പാർലമെന്റ് സ്ഥിതിചെയ്യുന്ന കോൺഗ്രസിന്റെ ആസ്ഥാനമന്ദിരമുള്ള ഡൽഹിയിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പൂജ്യം സീറ്റ് നേടിയതും നമ്മൾ കണ്ടു. എന്തുകൊണ്ടാണ് ഈ തകർച്ചയുണ്ടായതെന്ന് പരിശോധിക്കാൻ ഇനിയെങ്കിലും കോൺഗ്രസിന്റെ നേതൃത്വം തയ്യാറാകണം. ഇന്ത്യയിലെ ജനഹൃദയത്തിൽനിന്നും നിങ്ങളെ കുടിയിറക്കിയതിന്റെ പ്രധാനപ്പെട്ട ഒന്നാമത്തെ കാരണം, ജനവിരുദ്ധ നയങ്ങളും കോർപ്പറേറ്റ് നയവും അഴിമതിയുമാണ്. അഴിമതിയുടെ പര്യായപദമായി കോൺഗ്രസ് മാറി. രണ്ടാമത്തെ

കാരണം വർഗ്ഗീയതയോട് സ്വീകരിക്കുന്ന മൃദുനയമാണ്. കോൺഗ്രസ് എപ്പോഴും ആർ.എസ്.എസ്-നോട് പുലർത്തുന്നത് അയഞ്ഞ സമീപനമാണ്. അരുത് എന്ന് ആർ.എസ്.എസ്.-നോട് പറയാൻ കഴിയാത്ത രാഷ്ട്രീയ ദുർബലത കോൺഗ്രസിനെ ഏറെക്കാലമായി ഗ്രസിച്ചിട്ടുണ്ട്. മതനിരപേക്ഷത കൊടിയടയാളമായി സ്വീകരിച്ച നെഹ്റുവിന്റെ നയത്തെ നിങ്ങൾ കയ്യൊഴിഞ്ഞു. ഒരു പുതിയ പരിഷ്കാരം ആവിഷ്കരിക്കുമ്പോൾ ആ നാട്ടിലെ ഏറ്റവും ദരിദ്രനായ മനുഷ്യന്റെ മുഖമാകണം മനസ്സിലുണ്ടാകേണ്ടതെന്നുപറഞ്ഞ ഗാന്ധിജിയുടെ നയവും നിങ്ങൾ കയ്യൊഴിഞ്ഞു. നെഹ്റുവും ഗാന്ധിജിയും ഇപ്പോൾ ജീവിച്ചിരിപ്പില്ല; നെഹ്റുവിന്റെയും ഗാന്ധിജിയുടെയും കോൺഗ്രസും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഡ്യൂപ്ലിക്കേറ്റ് ഗാന്ധിമാരുടെ മുമ്പിൽ ഓച്ഛാനിച്ച് നിൽക്കുന്ന നട്ടെല്ലില്ലാത്തവരുടെ ആൾക്കൂട്ടമായി വർത്തമാനകാലത്തെ കോൺഗ്രസ് മാറി. ആ കോൺഗ്രസിന്റെ ദുരന്തമാണ് നമ്മളിന്ന് നേരിട്ടു കൊണ്ടിരിക്കുന്നത്. ആർ.എസ്.എസ്.-നെ എതിർക്കാൻ കഴിയാത്ത കെൽപ്പില്ലായ്മ കോൺഗ്രസിന് വന്നത് നൈമിഷികമായി സംഭവിച്ചൊരു അപചയമല്ല. പ്രശസ്തനായ എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ, ടെലഗ്രാഫിന്റെ അസോസിയേറ്റ് എഡിറ്ററായ ശ്രീ. റഷീദ് കിദ്‌വായ് (Rasheed Kidwai) രചിച്ച '24 Akbar Road' - A Short History of the People behind the Fall and Rise of the Congress എന്ന പുസ്തകത്തെ നിങ്ങൾ തള്ളിപ്പറയുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, ശ്രീമതി സോണിയ ഗാന്ധിയുടെ ജീവചരിത്രകാരനും ഇതേ മാധ്യമപ്രവർത്തകനാണ്. അദ്ദേഹം ആ പുസ്തകത്തിൽ പരാമർശിക്കുന്ന, 1984-ൽ ലോകസഭാ തെരഞ്ഞെടുപ്പിന് മുമ്പ് രാജീവ്ഗാന്ധി ആർ.എസ്.എസ്.-ന്റെ സർസംഘ്ചാലകുമായി കൂടിക്കാഴ്ച നടത്തി. ആ കൂടിക്കാഴ്ച വെറും സൗഹൃദ സന്ദർശനമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ കോൺഗ്രസിന്റെ അന്നത്തെ ലോക്‌സഭാംഗമായിരുന്ന ബെൻവാരിലാൽ പുരോഹിത് പിന്നീട് വിശദീകരിച്ചിട്ടുണ്ട്. ആ തെരഞ്ഞെടുപ്പിൽ ആർ.എസ്.എസ്.-ന്റെ സഹായം അഭ്യർത്ഥിക്കുകയായിരുന്നു. ബാബറി മസ്ജിദിൽ ശിലാന്യാസം നടത്താൻ ആവശ്യമായ കാര്യങ്ങൾ ചെയ്താൽ ആർ.എസ്.എസ്. പിന്തുണയ്ക്കുമോയെന്നാണ് ചർച്ച ചെയ്തതെന്ന് പറയുന്നുണ്ട്. ഇതൊന്നും നിങ്ങളുടെ നേതാക്കന്മാർ ഇതുവരെ നിഷേധിച്ചിട്ടില്ല. ഈ ചരിത്ര യാഥാർത്ഥ്യങ്ങളുടെ മുമ്പിലാണ് കോൺഗ്രസ് ആർ.എസ്.എസ്.നോട് മൃദുസമീപനം സ്വീകരിക്കുന്ന നയം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന് സമീപകാലത്തും ധാരാളം ഉദാഹരണങ്ങളുണ്ട്. ഞാൻ ആ ഉദാഹരണങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. അതുകൊണ്ടാണ് ആർ.എസ്.എസ്. ഈ രാജ്യത്തെ നിരപരാധികളെ കൊന്നൊടുക്കുമ്പോൾ, ഇന്ത്യൻ മതനിരപേക്ഷതയ്ക്കെതിരായി അക്രമം അഴിച്ചുവിടുമ്പോൾ നിങ്ങളൊരു വാക്കുകൊണ്ടുപോലും എതിർക്കാത്തത്. എതിർക്കുന്നത് ഞങ്ങൾ മാത്രമല്ലേ, അതുകൊണ്ട് ഞങ്ങൾക്കെതിരെ മാത്രമാണ് അവരുടെ ആക്രമണം. സി.പി.ഐ.(എം.)-ന്റെ കേന്ദ്രകമ്മിറ്റി ഓഫീസ്

ആർ.എസ്.എസ്. അഞ്ച് തവണ ആക്രമിച്ചില്ലേ; തൊട്ടടുത്ത് കോൺഗ്രസിന്റെ ഓഫീസിന് നേരെ ഒരു ചെറിയ കല്ലെങ്കിലുമെറിഞ്ഞോ; ആ ഓഫീസിന് നേരെ എറിയാൻ പാടില്ലെന്ന് ആർ.എസ്.എസ്.-നറിയാം. ഇന്നവിടെ ഇരിക്കുന്നവർ നാളെ ആർ.എസ്.എസ്.-ലേയ്ക്ക് വരേണ്ടവരാണെന്ന ബോദ്ധ്യം ആർ.എസ്.എസ്.-നുണ്ട്. ശ്രീ. പിണറായി വിജയന്റെ തലയെടുത്തുകൊണ്ടുവന്നാൽ ഒരു കോടി ഇനാം തരാം എന്ന പ്രസംഗം നടത്തി. ഏതെങ്കിലുമൊരു കോൺഗ്രസ് നേതാവിന്റെ തലയെടുത്താൽ നൂറ് രൂപ തരാമെന്ന് ഏതെങ്കിലുമൊരു ആർ.എസ്.എസ്.-കാരൻ പ്രസംഗിച്ചിട്ടുണ്ടോ? അതെന്തുകൊണ്ടാണ്? കോൺഗ്രസ് നേതാക്കന്മാരുടെ തലയ്ക്കകത്തൊന്നുമില്ല എന്നതുകൊണ്ടല്ല, ആ തല ആരോഗ്യത്തോടുകൂടി ഇരുന്നാൽ ആർ.എസ്.എസ്.-ന് ഒരു തലവേദനയുമില്ല എന്നതുകൊണ്ടാണ്. തലയെടുക്കാൻ ആഗ്രഹിക്കുന്നത് ശ്രീ. പിണറായി വിജയന്റെയാണ്. ശ്രീ. പിണറായി വിജയന്റെ തലയെടുക്കാൻ ഒരുപാടുപേർ ആഗ്രഹിക്കും. അത് പരസ്യമായി പ്രഖ്യാപിക്കുമ്പോൾ ആവശ്യമായ സംരക്ഷണം കൊടുക്കണമെന്ന് സർക്കാർ തീരുമാനിച്ചാൽ ലീഗിന് എന്തിനാണ് ഇത്ര ബേജാറ്; കൊല്ലേണ്ട ആളാണ് ശ്രീ. പിണറായി വിജയനെന്ന് തീരുമാനിച്ചത് ആർ.എസ്.എസ്. ആണ്. ആർ.എസ്.എസ്. കൊല്ലേണ്ടവനാണെന്ന് തീരുമാനിക്കുമ്പോൾ, അദ്ദേഹം സംരക്ഷിക്കേണ്ട ആളാണെന്നത് ഈ നാടിന്റെ വികാരമാണ്. അതിനാവശ്യമായ സംരക്ഷണവും സുരക്ഷിതത്വവുമൊരുക്കും. അതിന് ലീഗ് അസ്വസ്ഥമാകുന്നതെന്തിനാണ്? ഈ വർത്തമാനകാല സാഹചര്യങ്ങളിൽ ആർ.എസ്.എസ്.-നെതിരായ അതിശക്തമായ നിലപാട് സ്വീകരിക്കുന്നതിലൂടെ ജനങ്ങൾ നൽകുന്ന അംഗീകാരമാണ് കേരളത്തിലുൾപ്പെടെ ഇടതുപക്ഷത്തിന് കൂടുതൽ ജനപിന്തുണ വർദ്ധിപ്പിക്കുന്നതായി മാറിയിട്ടുള്ളത്. ആർ.എസ്.എസ്.-നോട് നയപരമായ വിയോജിപ്പ് കോൺഗ്രസിനുണ്ടാകില്ല. ആർ.എസ്.എസ്. ഇന്ന് സ്വീകരിക്കുന്ന സമീപനങ്ങളെല്ലാം കോൺഗ്രസിന്റെ നയങ്ങളാണ്. കർഷകരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ട്, ഊഹക്കച്ചവടമുൾപ്പെടെ ഇന്ത്യയുടെ സാമ്പത്തിക നയങ്ങളെല്ലാം കോൺഗ്രസിന്റേതുപോലെ പകർത്തുകയാണ് ചെയ്യുന്നത്. ഇന്നലത്തെ കോൺഗ്രസാണ് ഇന്നത്തെ ബി.ജെ.പി.; ഇന്നത്തെ കോൺഗ്രസാണ് നാളത്തെ ബി.ജെ.പി. ഒരേ നയവും ഒരേ നേതൃത്വവുമാണ് മാറിവരുന്നതെന്ന് കാണാൻ സാധിക്കും. ഇത്തരമൊരു സാഹചര്യത്തിൽ അകപ്പെട്ടുപോയ കോൺഗ്രസിനെ രക്ഷിക്കാൻ എങ്ങനെയാണ് യുവ എം.എൽ.എ.-മാരുടെ വിലാപങ്ങൾക്ക് സാധിക്കുക? എന്തെല്ലാം കാപട്യങ്ങളുടെ ബഹിർസ്ഫുരണങ്ങളാണ് നമുക്ക് നിത്യവും കാണേണ്ടിവരുന്നത്. ഒരു ഗ്രൂപ്പിന്റെയും സംരക്ഷണമില്ലാത്ത ശ്രീ. പി. ജെ. കുര്യന് നേരെ സംഘടിതമായ ആക്രമണം നടക്കുകയാണ്. ശ്രീ. പി. ജെ. കുര്യന് 77 വയസ്സായതുകൊണ്ട് പാർലമെന്ററി പരിഗണനകൾ പാടില്ലെന്നാണ് പറയുന്നത്. ശ്രീ. പി. ജെ. കുര്യന്റെ 77 വയസ്സ് ചീത്ത 77 വയസ്സ്, ശ്രീ. എ. കെ. ആന്റണിയുടെ 77 വയസ്സ് നല്ല 77

വയസ്സ്. ശ്രീ. പി.ജെ. കുര്യന് 77 വയസ്സായതുകൊണ്ട് കൊടുക്കാൻ പാടില്ല, മറ്റേ 77-ന് കൊടുക്കാം. ഇതെന്ത് നയമാണ്? 50 വർഷമായി നിയമസഭയിൽ സാന്നിദ്ധ്യമായ ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ഇതേ നയം പറയാൻ ഈ യുവ എം.എൽ.എ.-മാർക്ക് ധൈര്യമുണ്ടോ? ചോദിക്കാനും പറയാനും ആളില്ലാത്ത ശ്രീ. പി. ജെ. കുര്യനെ ആക്രമിക്കാം. എന്നാൽ ഗ്രൂപ്പിന്റെ സംരക്ഷണമുള്ളവർക്കെതിരെ നാവ് പൊങ്ങില്ല. ഈ 50 കൊല്ലത്തെ പാർലമെന്ററി ജീവിതത്തെ എങ്ങനെയാണ് നിങ്ങൾ കണക്കാക്കുന്നത്. അതെല്ലാം കളഞ്ഞാലും ഒരു നിശ്ചിത വയസ്സായാൽ ഈ രംഗത്തുനിന്നും മാറിനിൽക്കുമെന്ന് യുവ എം.എൽ.എ.-മാർ സ്വയം പറയുമോ? അതിനുള്ള ആർജ്ജവം നിങ്ങൾക്കുണ്ടോ? ഇപ്പോൾത്തന്നെ രണ്ടാമത്തെ ടേം അലങ്കരിക്കുന്നവരുണ്ടല്ലോ. ഞങ്ങൾക്ക് രണ്ട് ടേമായി, പത്ത് വർഷം നീണ്ടകാലമാണ്, ഇനി പുതിയ ആളുകൾ വരട്ടെയെന്ന് നിങ്ങൾ സ്വയം വെളിപ്പെടുത്തുമോ? 'കാപട്യമേ നിന്റെ പേരോ കോൺഗ്രസ്' എന്ന ചോദ്യമാണ് ജനങ്ങൾ സ്വാഭാവികമായും ഇപ്പോൾ ഉയർത്തിക്കൊണ്ടിരിക്കുന്നത്. യുവാക്കളായിരിക്കുമ്പോൾ യുവാക്കൾക്കുവേണ്ടിയും വൃദ്ധരായിരിക്കുമ്പോൾ വൃദ്ധർക്കുവേണ്ടിയും വാദിക്കുകയെന്നതാണ് കോൺഗ്രസിന്റെ എക്കാലത്തേയും നയം. ആ നയത്തിൽ നിന്നും ഒരല്പംപോലും ഇപ്പോഴും മാറ്റം വന്നിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സമീപകാലത്ത് നടക്കുന്ന മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഇവിടെ മുൻ കെ.പി.സി.സി. പ്രസിഡന്റിന്റെ തുറന്നുപറച്ചിൽ വരുന്നു; കോൺഗ്രസ് ആഫീസിന്റെ മുന്നിൽ ശവപ്പെട്ടിവയ്ക്കുന്നു, നേതാക്കന്മാരുടെ ചിത്രത്തിനുമേൽ റീത്ത് വയ്ക്കുന്നു, എറണാകുളം ഡി.സി.സി. പോലീസിൽ പരാതി നൽകുന്നു. പക്ഷെ പോലീസിനെതിരായി വലിയ ആരോപണങ്ങളുന്നയിച്ച, അല്പംമുമ്പ് സംസാരിച്ച ലീഗ് അംഗമുൾപ്പെടെ കേൾക്കണം, പരാതി കിട്ടി മണിക്കൂറുകൾ കഴിയുന്നതിനുമുമ്പ് കെ.എസ്.യു.-വിന്റെ സംസ്ഥാന സെക്രട്ടറിയെ ഉൾപ്പെടെ അറസ്റ്റ് ചെയ്ത് ഹാജരാക്കി പ്രതികളെ പിടിച്ചുകഴിഞ്ഞിരിക്കുകയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ വീടിനു നേരെ ആക്രമണം നടത്തിയ പ്രതിയെ ഇപ്പോഴും പിടിച്ചിട്ടില്ല. അപ്പോൾ പോലീസിന് മാറ്റമുണ്ടായിട്ടുണ്ട്. പണ്ടത്തെ പോലീസല്ല, കാര്യങ്ങളൊക്കെ മാറുന്നുണ്ട്, ഇനിയും മാറേണ്ടതുണ്ട് എന്നുവേണമെങ്കിൽ നമുക്ക് പറയാം.

കേരളത്തിന്റെ ചുവരെഴുത്ത് വെളിപ്പെടുത്തിയതാണ് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ്. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിനെ ഇവിടെ ചിലരൊക്കെ അരുവിക്കരയുമായി താരതമ്യം ചെയ്യുന്നതുകണ്ടു. അന്നത്തെ പ്രസ്താവനയൊക്കെ വായിക്കുന്നതും സഹതാപമെന്നൊക്കെ പറയുന്നതും കണ്ടു. നിങ്ങൾ എങ്ങനെയാണ് അത് മനസ്സിലാക്കുന്നതെന്ന് എനിക്കറിയില്ല. സഹതാപത്തെക്കുറിച്ച് അന്ന് ഞങ്ങൾ പറഞ്ഞതെന്താണ്? ഒരു

എം.എൽ.എ. മരിച്ചശേഷം അദ്ദേഹത്തിന്റെ മകനോ ഭാര്യയോ സഹോദരനോ മത്സരിച്ചാൽ അവർ ഇന്നുവരെയും കേരളത്തിൽ ജയിച്ചിട്ടുണ്ട്. തോറ്റ ഒരാളെ പറഞ്ഞുതരാൻ സാധിക്കുമോ? പറയാനില്ല. ഇതുവരെയും ജയിച്ചിട്ടുണ്ട്. അത് പൊതുവായ ഒരു സഹതാപ തരംഗമാണെന്ന് വിലയിരുത്തിയിട്ടുമുണ്ട്. എന്നാൽ ചെങ്ങന്നൂരിൽ എം.എൽ.എ.-യുടെ സഹോദരനോ മകനോ അല്ല മത്സരിച്ചത്. അത്തരം സഹതാപത്തിന്റെ വോട്ടിലല്ല അവിടെ വിജയിച്ചതെന്ന് രാഷ്ട്രീയം നിരീക്ഷിക്കുന്ന ഏവർക്കും മനസ്സിലാക്കാൻ കഴിയും. പിന്നെ അരുവിക്കരയുടെ വിഷയം ഇവിടെ വരേണ്ട കാര്യമെന്താണ്. നിങ്ങളുടെ പരമ്പരാഗത മണ്ഡലത്തിൽ നിങ്ങളുടെ കോട്ടകൾ തകർന്നു. ആ തകർച്ചകളെ നേരിടാനാണ് മാണിയെ കൂട്ടുന്നതെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല. 'മാണിയെന്ന മാരണം' എന്നെഴുതിയത് വീക്ഷണമാണ്. മാരണം മാറിയെങ്കിൽ നല്ലത്. പക്ഷെ ഒരു കൊല്ലം കാലാവധി ബാക്കിനിൽക്കെ കോട്ടയം ലോകസഭാ മണ്ഡലത്തിലെ ജനങ്ങളോട് നിങ്ങൾ മറുപടി പറയണം. അത് ജനവഞ്ചനയാണ്. അത് ജനാധിപത്യത്തെ വെല്ലുവിളിക്കലുമാണ്. കസ്റ്റഡി മരണങ്ങളെയും പോലീസിനെയുംകുറിച്ച് ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. കസ്റ്റഡി മരണങ്ങളുടെ ചരിത്രം വളരെ കാര്യമായിതന്നെ പരിശോധിക്കാവുന്നതാണ്. പോലീസ് അസോസിയേഷന്റെ യു.ഡി.എഫ്. നേതാവ് അന്നത്തെ മുഖ്യമന്ത്രിയുടെ മന:സാക്ഷി സൂക്ഷിപ്പുകാരനായ അജിത് പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലിനെ മർദ്ദിച്ച സംഭവമുൾപ്പെടെ നമ്മുടെ മുന്നിലുണ്ട്. കസ്റ്റഡി മരണത്തിന് നഷ്ടപരിഹാരം കൊടുക്കുന്നതിനെ പലരും പരിഹസിക്കുന്ന നിലയുണ്ട്. എന്തിനാണങ്ങനെ പരിഹസിക്കുന്നത്? ഒരു കുടുംബത്തിന്റെ അത്താണി നഷ്ടപ്പെടുമ്പോൾ അതിനുത്തരവാദി സംസ്ഥാനമാണെങ്കിൽ ആ കുടുംബത്തിനെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനെ ശ്ലാഘിക്കുകയല്ലേ വേണ്ടത്? ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് അശോക് സുധാകരൻ, സജി ജോൺ പൊൻകുന്നത്ത്, ഈരാറ്റുപേട്ടയിലെ ബെന്നി ജോസഫ്, പുന്നപ്രയിലെ അഖിലേഷ് അശോകൻ, ഗുരുവായൂരിലെ സെബാസ്റ്റ്യൻ, കുണ്ടറയിലെ ദീപു, പുനലൂരിലെ അലക്സ് പീറ്റർ, ഞാറയ്ക്കലിലെ അപ്പു എന്നിവരെല്ലാം കസ്റ്റഡിയിൽ കൊല്ലപ്പെട്ടത്. നിങ്ങളെന്ത് നടപടി സ്വീകരിച്ചു? ഏതെങ്കിലും പോലീസുകാരെ സസ്പെൻഡ് ചെയ്യുകയോ അന്വേഷണത്തിന് ഉത്തരവിടുകയോ ചെയ്തോ? ബഹുമാന്യനായ ഇന്നത്തെ പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് പൊന്നാനിയിൽ ഗോപാലൻ, ചങ്ങരംകുളത്ത് അനീഷ്, പാറശ്ശാലയിൽ ശ്രീജീവ്, തുമ്പയിൽ ഷാജി, അങ്കമാലിയിൽ കൃഷ്ണകുമാർ, മരങ്ങാട്ടുപിള്ളിയിൽ സിബി, തമ്പാനൂരിൽ ബിനു, പൂജപ്പുരയിൽ സുധീർ ബാബു, കോഴിക്കോട് മുനീർ എന്നിവർ കൊല്ലപ്പെട്ടത്. എന്നിട്ട് ഒരൊറ്റ പോലീസുകാരനെ

നിങ്ങൾ സസ്പെൻഡ് ചെയ്തോ; കേസെടുത്തോ; ഒരു രൂപയെങ്കിലും നഷ്ടപരിഹാരം കൊടുത്തോ; പോലീസ് കംപ്ലയിന്റ് അതോറിറ്റി നഷ്ടപരിഹാരം കൊടുക്കാൻ പറഞ്ഞിട്ട് കൊടുത്തോ? ഇതൊന്നും ചെയ്യാത്ത നിങ്ങൾ ഇപ്പോൾ വന്ന് പ്രസംഗിക്കുമ്പോൾ അത് ആത്മവഞ്ചനയായി മാത്രമേ കാണാൻ കഴിയൂ. ഒരിക്കൽക്കൂടി ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രണ്ട് വർഷം മുമ്പ് അധികാരത്തിൽ വന്നപ്പോൾ പ്രസിദ്ധീകരിച്ച ധവളപത്രം യഥാർത്ഥത്തിൽ യു.ഡി.എഫ് സർക്കാരിനെതിരെയുള്ള കുറ്റപത്രമാണ്. എല്ലാം ശരിയാക്കാൻ പോകുന്നുവെന്ന് അങ്ങ് ഇതിൽ വളരെ സ്പഷ്ടമായി പറഞ്ഞത് സമയപരിമിതികൊണ്ട് ഞാൻ വായിക്കുന്നില്ല. 'സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്നു, ഇതിൽനിന്നും സംസ്ഥാനത്തെ കരകയറ്റാൻ മറ്റാരും ഏറ്റെടുക്കാത്തതായ ദൗത്യം ഏറ്റെടുക്കുന്നു' എന്നാണ് ഈ ധവളപത്രത്തിൽ അങ്ങ് പറഞ്ഞത്. അങ്ങ് മറുപടി പറയുമ്പോൾ യു.ഡി.എഫ്. സർക്കാർ അധികാര മൊഴിയുമ്പോഴുള്ള സാമ്പത്തിക സ്ഥിതിയും രണ്ട് വർഷം പിന്നിടുമ്പോഴുള്ള സാമ്പത്തിക സ്ഥിതിയും പറയാൻ ആത്മാർത്ഥമായി അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അങ്ങിവിടെ പാസ്സാക്കുന്നത് സപ്ലിമെന്ററി ഗ്രാന്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബില്ലാണ്. യഥാർത്ഥത്തിൽ ധനവിനിയോഗ ബിൽ നിയമസഭയിൽ കൊണ്ടുവരേണ്ടിവരുന്നത് ഭരണഘടനാപരമായ അനിവാര്യത യായതുകൊണ്ട് മാത്രമാണ്. അല്ലെങ്കിൽ എന്തിനാണ് ഇങ്ങനെയൊരാവശ്യം? ബജറ്റിൽ അനുവദിച്ച തുക എത്രമാത്രം ചെലവഴിച്ചു, അതിനുപുറമേ സപ്ലിമെന്ററി ഗ്രാന്റിലുള്ള തുക എത്രമാത്രം ചെലവഴിച്ചു എന്നതിലാണ് ഒരു സർക്കാരിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ. ബജറ്റിൽ ഇത്ര തുക ചെലവഴിക്കുമെന്നും ഇത്ര കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കുമെന്നുമൊക്കെ പലതും പറയാം. അതുകൂടാതെയാണ് സപ്ലിമെന്ററി ഗ്രാന്റ് വരുന്നത്. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ, 2016-17-ലെ ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട് ഈ സർക്കാർ പാസ്സാക്കിയ കാര്യങ്ങൾ വളരെ വ്യക്തമായിത്തന്നെ 2017-ലെ സി.ആന്റ്.എ.ജി. റിപ്പോർട്ടിലുണ്ട്. അത് അങ്ങയുടെ കയ്യിലുണ്ടാകും, അങ്ങത് വിശദമായി വായിച്ചിട്ടുമുണ്ടാകും. അതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആകെ വോട്ട് ചെയ്ത 1,22,593 കോടി രൂപയിൽ ഏതാണ്ട് 1,11,597 കോടി രൂപയാണ് ചെലവഴിച്ചത്. അതിൽ 20,460.29 കോടി രൂപ മിച്ചമാണ്. അങ്ങ് വലിയ വികസന പ്രവർത്തനങ്ങൾ ഇവിടെ നടത്തിയെന്ന് പറയുന്നു. ഈ സഭ ബജറ്റും സപ്ലിമെന്ററി ഗ്രാന്റും പാസ്സാക്കുന്നു. ഇതൊക്കെ വിനിയോഗിക്കുന്ന

കാര്യത്തിൽ ധനകാര്യ വകുപ്പും ഈ സർക്കാരും പരിപൂർണ്ണ പരാജയമാണെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് സി.ആന്റ്.എ.ജി. റിപ്പോർട്ട്. അതുകൂടാതെ സി. ആന്റ് എ.ജി. റിപ്പോർട്ടിലെ 56-ാം പേജിൽ പറയുന്നത്, "നിയന്ത്രണാധികാരികൾ സപ്ലിമെന്ററി ഗ്രാന്റിനായി അപേക്ഷിക്കുന്നതിനുപകരം ധനവിനിയോഗത്തിനുള്ളിൽ മിച്ചമുണ്ടായ ശീർഷകങ്ങളിൽ നിന്നും ആവശ്യമുള്ള ശീർഷകങ്ങളിലേയ്ക്ക് പുനർ ധനവിനിയോഗം ചെയ്യാമായിരുന്നു" എന്നാണ്. അതായത്, ബജറ്റിലുള്ള തുക റീ-അപ്രോപ്രിയേറ്റ് ചെയ്ത് സർക്കാരിന് ചെലവഴിക്കാമായിരുന്നു. എന്തിനുവേണ്ടിയാണ് സപ്ലിമെന്ററി ഗ്രാന്റ് വീണ്ടും സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയതെന്നാണ് സി.ആന്റ്.എ.ജി. ചോദിക്കുന്നത്. ചില പദ്ധതികൾക്ക് ലഭ്യമാക്കിയ സപ്ലിമെന്ററി വകയിരുത്തലുകൾ വർഷാവസാനം തിരിച്ചേൽപ്പിച്ചതിനാൽ ആവശ്യമില്ലായിരുന്നുവെന്നും കണ്ടെത്തി എന്നാണ് പറഞ്ഞിട്ടുള്ളത്. ഒരു നടപടിയുടെ ഭാഗമായി അങ്ങ് ബജറ്റും സപ്ലിമെന്ററി ഗ്രാന്റുമൊക്കെ പാസാക്കുന്നു, പക്ഷെ ഇതൊന്നും ചെലവഴിച്ചിട്ടില്ലെന്നുള്ളത് സി.ആന്റ്.എ.ജി. വളരെ പ്രകടമായി പറയുമ്പോൾ അതിന് മറുപടി പറയേണ്ട ബാധ്യത അങ്ങേയ്ക്കുണ്ടെന്ന് ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. ഈ ധനവിനിയോഗ ബിൽ ഒരാവശ്യവുമില്ലാത്തതാണ്. സ്വാഭാവികമായും ഇപ്രാവശ്യത്തെ സപ്ലിമെന്ററി ഗ്രാന്റിന്റെ കാര്യങ്ങളൊക്കെ അങ്ങേയ്ക്കറിയാം. അങ്ങ് പറഞ്ഞതിന് വിരുദ്ധമായ കാര്യങ്ങളാണ് ഇതിലുള്ളത്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉണ്ണി അങ്ങയോട് ചോദിച്ച ഒരു ചോദ്യത്തിന് ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ ചെയ്യാൻ പോകുന്നുവെന്ന് അങ്ങ് പറഞ്ഞു. അതിന്റെ ഏറ്റവും ഒടുവിലായി അങ്ങ് പറഞ്ഞത്, പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും വിദേശ യാത്രകൾക്കും നിയന്ത്രണമേർപ്പെടുത്തി ചെലവ് പരമാവധി കുറയ്ക്കുമെന്നാണ്. അന്ന് കേട്ടപ്പോൾത്തന്നെ അത് ബാലിശമാണെന്നാണ് എനിക്ക് തോന്നിയത്. ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം മന്ത്രിമാരോ ഉദ്യോഗസ്ഥരോ വിദേശയാത്ര നടത്തുന്നതാണോ അമിത ചെലവ്? നാടിന്റെ പുരോഗതിക്കുവേണ്ടി ചർച്ചകൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി വിദേശയാത്ര നടത്തിക്കഴിഞ്ഞാൽ അതൊരു അധിക ചെലവായി വരുമോ? കുറച്ച് വാഹനങ്ങൾ വാങ്ങിയാൽ അതൊക്കെ വലിയ ചെലവായി കാണുന്നുവെന്ന അഭിപ്രായമെനിക്കില്ല. പക്ഷെ അങ്ങ് പറഞ്ഞു, ഇത് രണ്ടും ഞങ്ങൾ കുറയ്ക്കുമെന്ന്. ഈ സപ്ലിമെന്ററി ഗ്രാന്റെടുത്താൽ ആറ് പേജുകളിൽ അങ്ങ് പണം ആവശ്യപ്പെട്ടിട്ടുള്ളത് വാഹനങ്ങൾ വാങ്ങുന്നതിനു വേണ്ടിയാണ്. കൂടാതെ എ. കെ. ജി. സെന്ററിന് പത്ത് കോടി രൂപ അനുവദിക്കുന്നുണ്ട്. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതൊക്കെ നിങ്ങളുടെ പാർട്ടിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എ.കെ.ജി.-യെ ഒരു ചെറിയ മനുഷ്യനായി കാണേണ്ടയാളല്ല. നിങ്ങൾ ചെയ്യുന്ന കാര്യം എ.കെ.ജി. പോലും പൊറുക്കുമോ എന്ന കാര്യത്തിലാണ് സംശയം. സപ്ലിമെന്ററി ഗ്രാന്റുമായി

ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിച്ചിട്ടുള്ളത്, ദാസ് ക്യാപിറ്റലിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നതിനുവേണ്ടി പണം അനുവദിക്കുന്നതാണ്. ലോകത്ത് ഒരു രാജ്യവും ദാസ് ക്യാപിറ്റലിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നത് കാണാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ മാത്രമാണ് അത്തരമൊരു പരിപാടി കാണാൻ കഴിഞ്ഞത്. യഥാർത്ഥത്തിൽ ദാസ് ക്യാപിറ്റലിന്റെ 150- ാം വാർഷികം ആഘോഷിക്കേണ്ടത് റഷ്യയും ചൈനയുമൊക്കെയാണ്. പക്ഷെ അവരൊക്കെ ക്യാപിറ്റലിസ്റ്റ് രാജ്യങ്ങളായി മാറിയതുകൊണ്ട് അവരാരും ആഘോഷിക്കുന്നില്ല. അതിനുവേണ്ടിയും നിങ്ങളിതിൽ പണം നീക്കിവച്ചിട്ടുണ്ട്. ബജറ്റിനെ പരിപൂർണ്ണമായി തകർത്തു എന്ന് പറയുന്നതിൽ അങ്ങേയറ്റത്തെ വേദനയുണ്ട്. കഴിഞ്ഞ സർക്കാരിനെക്കുറിച്ച് അങ്ങ് പറഞ്ഞത്, റവന്യൂ ഡെഫിസിറ്റും ഫിസ്കൽ ഡെഫിസിറ്റും ഏറ്റവും കൂടുതലായിരുന്നു എന്നാണ്. 2015-16-ൽ 9,656 കോടി രൂപയും 2017-18-ൽ 13,079 കോടി രൂപയുമാണ് റവന്യൂ ഡെഫിസിറ്റ്. രണ്ട് വർഷം കൊണ്ട് അങ്ങുണ്ടാക്കിയ മാറ്റം ഇതാണ്. കഴിഞ്ഞ സർക്കാർ ചെയ്ത കാര്യങ്ങളേക്കാൾ ശക്തമായ രീതിയിൽ അങ്ങ് ചെയ്തുവെന്നതിന്റെ തെളിവല്ലേ ഇത്? എന്ത് മാറ്റമാണ് അങ്ങിവിടെ ഉണ്ടാക്കിയിട്ടുള്ളത്? അതോടൊപ്പം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫിസ്കൽ ഡെഫിസിറ്റ് 17,818 കോടി രൂപയായിരുന്നത്, രണ്ട് വർഷം കൊണ്ട് ഏതാണ്ട് 23,957 കോടി രൂപയിലേയ്ക്കെത്തിക്കുകയാണ് ചെയ്തത്. ഈ രണ്ട് ഡെഫിസിറ്റും കുറയ്ക്കുമെന്നല്ലേ അങ്ങ് ധവളപത്രത്തിൽ പറഞ്ഞത്? യു.ഡി.എഫ്. സർക്കാരിന്റെ യാതൊരു തത്വദീക്ഷയുമില്ലാത്ത നടപടികളാണ് ഇതൊക്കെ വരുത്തിവച്ചതെന്നാണ് അങ്ങ് പറഞ്ഞത്. കഴിഞ്ഞ രണ്ടുവർഷം കൊണ്ട് ഇതിലൊരു ചെറിയ മാറ്റമെങ്കിലുമുണ്ടാക്കാൻ അങ്ങേയ്ക്ക് കഴിയാതെ പോയതെന്തുകൊണ്ടാണ്? സി.&എ.ജി. റിപ്പോർട്ടിൽ കിഫ്ബിയുമായി ബന്ധപ്പെട്ട കാര്യം വ്യക്തമായി പറയുന്നുണ്ട്. 857 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ ആദ്യം പ്രഖ്യാപിച്ചെങ്കിലും കഴിഞ്ഞ വർഷം ഒരു രൂപപോലും അതിൽ ചെലവഴിച്ചില്ലെന്ന് പറയുന്നത് സി.&എ.ജി. റിപ്പോർട്ടിലാണ്. ഈ രണ്ട് വർഷക്കാലം വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് പറഞ്ഞുകൊണ്ട് ഈ സഭയുടെ അംഗീകാരം വാങ്ങി പാസ്സാക്കിയ ബഡ്ജറ്റിലെ തുകയും സപ്ലിമെന്ററി ഗ്രാന്റായി പാസ്സാക്കിയ തുകയും പൂർണ്ണമായും ചെലവഴിച്ചില്ല. അങ്ങനെയൊരു സാഹചര്യത്തിൽ പിന്നെന്തിനാണ് ഇത്തരത്തിലുള്ളൊരു ധനവിനിയോഗ ബില്ലിന്റെ അംഗീകാരമെന്നാണ് ഞാൻ ചോദിക്കുന്നത്.

ഞാൻ രാഷ്ട്രീയമൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. ശ്രീ. എം. സ്വരാജ് ഒരു കാര്യം മനസ്സിലാക്കണം, പശ്ചിമബംഗാളിൽ ഇപ്പോഴും പ്രതിപക്ഷം കോൺഗ്രസ്സാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, അല്ലാതെ കമ്മ്യൂണിസ്റ്റ് പാർട്ടിയല്ല. 44 സീറ്റുകളാണ്

അവിടെ കോൺഗ്രസ്സിനുള്ളത്, 28 സീറ്റുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന സി.പി.ഐ.(എം.)-ന്റെ ചരിത്രമാണ് ശ്രീ. എം. സ്വരാജ് ഞങ്ങളെ പഠിപ്പിക്കുന്നത്. ഇവിടെ എന്ത് പറഞ്ഞാലും, ഹിമാചൽ പ്രദേശിൽ നിങ്ങൾ വിജയിച്ചതെങ്ങനെയാണെന്ന് ശ്രീ. എം. സ്വരാജിനറിയാം. ഹിമാചൽ പ്രദേശിൽ കോൺഗ്രസ് സ്ഥാനാർത്ഥിയുടെ പത്രിക തള്ളിപ്പോയപ്പോൾ അവിടെ കോൺഗ്രസ് പരസ്യമായി സി.പി.ഐ.(എം.)-നെ പിന്തുണച്ചതാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, പ്ലീസ്....,

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഹിമാചൽ പ്രദേശിൽ സി.പി.ഐ.(എം.)-ന്റെ എം.എൽ.എ. ഇപ്പോൾ പല കാര്യങ്ങളിലും ബി.ജെ.പി.-യോടൊപ്പമാണെന്ന കാര്യം എന്നെക്കാൾ നന്നായി ശ്രീ. എം. സ്വരാജിനറിയാം. അത്തരത്തിലുള്ള രാഷ്ട്രീയമായ കാര്യങ്ങളൊന്നും ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ കോൺഗ്രസിന്റെ തകർച്ച നിങ്ങളാരും കാണില്ല, അതുണ്ടാകില്ല.

മി. ചെയർമാൻ: യെസ്..., പ്ലീസ് കൺക്ലൂഡ്, പ്ലീസ്....,

ശ്രീ. എ. പി. അനിൽ കുമാർ: സർ, കോൺഗ്രസ് പലപ്പോഴും താഴോട്ട് പോയിട്ടുണ്ട്; അതിവേഗത്തിൽത്തന്നെ തിരിച്ചുവന്നിട്ടുമുണ്ട്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് നിങ്ങളുടെയൊക്കെ പ്രതീക്ഷ തെറ്റിക്കുന്ന ഒന്നായിരിക്കും. ഇന്ത്യയിൽ കോൺഗ്രസിന്റെ തിരിച്ചുവരവായിരിക്കും 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു സാമാജികനെന്ന നിലയിൽ അവകാശമില്ലേ?

Mr. Chairman: Your right is protected.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാന്യനായ വണ്ടൂർ അംഗം ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞതിൽ വസ്തുതാപരമായി ഒരു തെറ്റുണ്ട്. അത് ക്രമത്തിലല്ലെന്ന് സൂചിപ്പിക്കാനാണ് ഉദ്ദേശിച്ചത്.

മി. ചെയർമാൻ: വസ്തുതകളുടെ തെറ്റ് പോയിന്റ് ഓഫ് ഓർഡറാണോ? വസ്തുതാപരമായ പിശക് ഇതിൽ വരില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. സ്വരാജ്: സർ, അദ്ദേഹം പറഞ്ഞത് നീക്കംചെയ്യാൻ വേണ്ടിയാണ് പറയുന്നത്. പോയിന്റ് ഓഫ് ഓർഡർ ഞാൻ പറയട്ടെ. ഒരംഗത്തിന്റെ അവകാശം ചെയർ സംരക്ഷിക്കണം. സഭയെ തെറ്റിദ്ധരിപ്പിച്ചത് നീക്കംചെയ്യണമെന്ന്

എനിക്ക് ആവശ്യപ്പെടാം, ഒരംഗമെന്ന നിലയ്ക്ക് അത് പറയാനുള്ള അവകാശം എനിക്കുണ്ട്. ചട്ടം 307 പ്രകാരം സഭയെ തെറ്റിദ്ധരിപ്പിച്ചത് നീക്കം ചെയ്യണമെന്ന് പറയാൻ എനിക്ക് അവകാശമുണ്ട്. ആ അവകാശം ഞാൻ വിനിയോഗിക്കുകയാണ്.

ഹിമാചൽ പ്രദേശിലെ തിയോഗിൽ കോൺഗ്രസ് സ്ഥാനാർത്ഥിയുടെ പത്രിക തള്ളിപ്പോയതുമൂലം, സി.പി.ഐ.(എം.)-ന്റെ സ്ഥാനാർത്ഥിയെ പിന്തുണച്ചതാണ് എന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. തിയോഗിലെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി കൈപ്പത്തി അടയാളത്തിൽ ദീപക് റാത്തോർ മത്സരിക്കുകയും 15 ശതമാനം വോട്ട്, അതായത് 9101 വോട്ടുനേടി മൂന്നാം സ്ഥാനത്താവുകയും ചെയ്തുവെന്നതാണ് വസ്തുത. അദ്ദേഹം തെറ്റായിട്ടാണ് പറഞ്ഞത്, സഭയെ തെറ്റിദ്ധരിപ്പിച്ചതാണ്. അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: പരിശോധിക്കാം.*

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഈ ധനവിനിയോഗ ബിൽ പാസ്സാക്കുന്നതിൽ വലിയ അർത്ഥമില്ല, കാരണം ഉപധനാഭ്യർത്ഥനകളിൽ വയ്ക്കുന്ന പണം ചെലവാക്കുമോ, കഴിഞ്ഞ വർഷം അത് ചെലവായില്ലല്ലോ എന്നൊക്കെയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളിൽ പകുതിയും ഇതിനകം ചെലവായ തുകകൾ റാറ്റിഫൈ ചെയ്യാനാണ്. ബാക്കിയുള്ളത് വളരെ സുപ്രധാനമായിട്ടുള്ള പല വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പണമാണ്. ഉദാഹരണത്തിന്, ലൈഫ് മിഷനുവേണ്ടി എടുത്ത തുകയുടെ പലിശ നൽകാനുള്ള പണം വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം 2016-2017-ലെ സി.&എ.ജി. റിപ്പോർട്ട് ഉദ്ധരിക്കുകയുണ്ടായി. ഏതാണ്ട് 20000 കോടി രൂപ സഭ അനുവദിച്ചത് ചെലവാക്കിയിട്ടില്ലെന്നാണ് പറഞ്ഞത്. അതിൽ അയ്യായിരത്തിൽപ്പരം കോടി രൂപ വായ്പ തിരിച്ചടയ്ക്കാൻവേണ്ടി വകയിരുത്തിയതാണ്. വേയ്സ് ആന്റ് മീൻസ് മൈനസിൽ പോകുമ്പോൾ റിസർവ് ബാങ്കിൽനിന്നും താൽക്കാലികമായി വായ്പയെടുക്കുന്നുണ്ട്. ആ വായ്പ തിരിച്ചടയ്ക്കുന്നതിനുവേണ്ടിയാണ് വകയിരുത്തിയത്. എന്നാൽ വളരെ അത്യപൂർവ്വമായി മാത്രമേ വേയ്സ് ആന്റ് മീൻസ് മൈനസിൽ പോകുകയുള്ളൂവെന്നുള്ളതുകൊണ്ട് ആ പണം ഉപയോഗിക്കേണ്ടി വന്നില്ല. രണ്ടായിരത്തിൽപ്പരം കോടി രൂപ തൊഴിലുറപ്പുപദ്ധതിക്കുവേണ്ടിയുള്ളതാണ്. ബഡ്ജറ്റ് വഴി തരുന്നതിനുപകരം കേന്ദ്ര സർക്കാർ നേരിട്ട് ഈ പണം

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫ.നമ്പർ 3569/ഇ.ബി/2018/നി.സെ. തീയതി 19-6-2018) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

നൽകിയതുകൊണ്ട് ബഡ്ജറ്റിൽ വകയിരുത്തിയ രണ്ടായിരത്തിൽപ്പരം കോടി രൂപ ചെലവായിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട ഇനം, പി.ഡബ്ല്യു.ഡി.-യുടെ 1600 കോടി രൂപയാണ്. നോൺ പ്ലാനിൽ വകയിരുത്തിയ തുക പ്ലാൻ ഹെഡ്ഡിൽ ചെലവാക്കിയതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. 2016-17-ൽ റോഡ്സ് ആന്റ് ബ്രിഡ്ജസിൽ 206 ശതമാനമാണ് ചെലവ്, വകയിരുത്തിയതിന്റെ ഇരട്ടി തുകയാണ്. ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്സിൽ 152 ശതമാനമാണ്. ചില കാര്യങ്ങളൊക്കെ പറഞ്ഞത് ശരിയാണ്; വകയിരുത്തിയ തുക ചെലവാക്കിയിട്ടില്ല. ചില സ്കീമുകൾ redundant ആയി. ചിലതിൽ സപ്ലിമെന്ററി എടുത്തത് ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. സി.&എ.ജി.-യുടെ ആ നിരീക്ഷണങ്ങളൊക്കെ ഗൗരവത്തിലെടുത്ത് ഇത്തരം പോരായ്മകൾ ഭാവിയിൽ വരുത്താതിരിക്കാൻ പരമാവധി പരിശ്രമിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് സി.&എ.ജി.-യുടെ റിപ്പോർട്ട് വായിച്ചല്ലോ. പ്രധാനമായും കൃഷി, ജലസേചനം എന്നീ വകുപ്പുകളിൽ ചെലവഴിക്കൽ നടന്നില്ലെന്ന ഗുരുതരമായ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഏറ്റവും കൂടുതൽ ജനങ്ങളുമായി ബന്ധമുള്ള രണ്ട് വകുപ്പുകളാണിവ. സി.&എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞ കാര്യം ഏത് സ്കീമിലാണ് വന്നിട്ടുള്ളതെന്ന് നിശ്ചയമായും പരിശോധിക്കാം. 20000 കോടി രൂപ ചെലവഴിച്ചില്ല എന്ന് പറഞ്ഞ് ഞെട്ടിപ്പിക്കരുതെന്നാണ് ഞാൻ പറഞ്ഞത്. ഇത് എല്ലായ്പ്പോഴുമുള്ളതാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ സഭയിലുണ്ടായിരുന്നപ്പോൾ അദ്ദേഹം നിരന്തരമായി ഉപയോഗിച്ചിരുന്ന ഒരു വാദമാണ് പറഞ്ഞത്. മൊത്തത്തിൽ എല്ലാവരും അത്ഭുതസ്തബ്ധരാകും. പക്ഷെ പ്രശ്നങ്ങൾ ഇങ്ങനെയൊക്കെയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം, രണ്ടുവർഷമായും പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞില്ലേ എന്നാണ്. ഏതായാലും രണ്ടുവർഷം മുമ്പ് പ്രതിസന്ധിയുണ്ടായിരുന്നുവെന്നുള്ളതിനെക്കുറിച്ച് തർക്കമില്ലല്ലോ. അത് രണ്ടുവർഷം കൊണ്ട് പരിഹരിച്ചിട്ടില്ല എന്നുള്ളത് ഞാൻ തന്നെ പറയുന്ന കാര്യമാണ്. എന്തുകൊണ്ടാണ് പരിഹരിക്കാൻ സാധിക്കാത്തത്? അതിന് കാരണം ചെലവുകൾ നമ്മൾ ചുരുക്കിയിട്ടില്ല, അതേസമയം വരുമാനം വർദ്ധിക്കുന്നുമില്ല. രണ്ടാം വർഷമാകുമ്പോഴേയ്ക്കും ജി.എസ്.ടി.-യിലൂടെയുള്ള വരുമാനം നല്ല തോതിൽ ലഭിക്കുമെന്നും അതിന്റെ ഫലമായി സന്തുലിതാവസ്ഥയിലേയ്ക്ക് ബജറ്റ് നീങ്ങുമെന്നുമായിരുന്ന പ്രതീക്ഷ. അങ്ങനെയല്ല വന്നുഭവിച്ചിട്ടുള്ളത്. ജി.എസ്.ടി. നടപ്പാക്കിയ രീതിയിലൂടെ വലിയ വരുമാന ചോർച്ചയുണ്ടായിട്ടുണ്ട്. നമ്മുടെ വരുമാന വളർച്ച യഥാർത്ഥത്തിൽ 14 ശതമാനമേയുള്ളൂ. ആ സാഹചര്യത്തിൽ കമ്മി കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല.

എന്നാൽ കമ്മി വർദ്ധിപ്പിക്കാൻ പറ്റില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് ബഡ്ജറ്റിലും 2016-17-നെ അപേക്ഷിച്ച് കമ്മി കുറയ്ക്കുന്നതിനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഈ പ്രതിസന്ധിയെല്ലാമുള്ളപ്പോൾത്തന്നെ നമ്മുടെ മൂലധന നിക്ഷേപത്തിൽ ഇടിവ് വരുതെന്നൊരു നിർബന്ധമുള്ളതുകൊണ്ടാണ് കിഫ്ബിയിലേയ്ക്ക് പോയത്. പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ കിഫ്ബി സംവിധാനം ഇന്ന് പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ കണക്കുകൾ ഞാൻ നേരത്തെ പറഞ്ഞു. 24000 കോടി രൂപയുടെ പദ്ധതികൾ അംഗീകരിക്കുകയും 7500-ഓളം കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെണ്ടർ വിളിക്കുകയും 3500 കോടി രൂപയുടെ പ്രവൃത്തികൾ അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 350 കോടി രൂപയേ കൊടുത്തിട്ടുള്ളൂ. ഈ വർഷം അവസാനിക്കുമ്പോൾ കണക്കുകൾ നോക്കിയാൽ ചിത്രം മാറും. ഇതിലൂടെ വലിയ മാറ്റം നമ്മുടെ നാട്ടിലുണ്ടാകും. ഇപ്പോൾ കിഫ്ബിയിൽനിന്ന് പണം ചെലവഴിക്കാൻ പോകുകയാണ്. പല മാർഗ്ഗങ്ങളിലൂടെ പണം സമാഹരിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. നിയമസഭാ ലോഞ്ചിൽ വച്ച് കിഫ്ബിയുടെ പണസമാഹരണത്തിനുവേണ്ടിയുള്ള പ്രവാസി ചിട്ടിയുടെ ഔപചാരികമായ രജിസ്ട്രേഷനും ഉദ്ഘാടനവും നടക്കാൻ പോകുകയാണ്; പ്രസ്തുത പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. ചിട്ടി നമുക്കെല്ലാവർക്കും പരിചിതമായിട്ടുള്ള ഒരു കാര്യമാണ്. അതിന്റെ നേട്ടമെന്ന് പറയുന്നത്, പലിശ implicit ആണ്. സ്ഥിര നിക്ഷേപവും ചിട്ടിയിൽ ചേരുന്നതും തമ്മിലുള്ള റിട്ടേൺ നോക്കിയാൽ ഏതാണ്ട് തുല്യമാണ്, കുറവല്ല. സ്ഥിര നിക്ഷേപത്തിനുള്ള പലിശയ്ക്ക് നികുതി കൊടുക്കേണ്ടിവരും. എന്നാൽ ചിട്ടിയിലെ പലിശ implicit ആയതുകൊണ്ട് അതിന്മേൽ ടാക്സ് വരുന്നില്ല. ഒരപകടം സംഭവിച്ചാൽ അപകട പരിരക്ഷ, അപകടംമൂലം തൊഴിൽ നഷ്ടമുണ്ടായാൽ ചിട്ടി ഇൻഷ്വറൻസ് കമ്പനി അടയ്ക്കും; മരണപ്പെടുകയാണെങ്കിൽ മൃതദേഹം കൊണ്ടുവരികയും ബാക്കിയുള്ള ഗഡുക്കൾ ഇൻഷ്വറൻസ് പരിരക്ഷയിൽ അടച്ചുതീർക്കും; തവണയെത്തി കിട്ടുന്ന ചിട്ടിത്തുക നിക്ഷേപിക്കുകയാണെങ്കിൽ പെൻഷൻ നൽകും. ഇത്തരത്തിൽ ആകർഷകമായ രീതികളാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. ധാരാളം ഗൾഫ് മലയാളികൾ ഇതിൽ ചേരുമെന്ന് തന്നെയാണ് പ്രതീക്ഷ. കാരണം അവർക്ക് അപകട സാധ്യതയൊന്നുമില്ല. ചിട്ടിപ്പണം തിരിച്ചു നൽകേണ്ടതല്ലേ, രണ്ട് വർഷമല്ലേയുള്ളൂ, എന്നൊക്കെയുള്ള ചില ആശയക്കുഴപ്പങ്ങളുണ്ട്. 18,000 കോടി രൂപയാണ് കെ.എസ്.എഫ്.ഇ.-യുടെ ടേണോവർ. ട്രഷറിയിൽ 4,000-5000 കോടി രൂപ കെ.എസ്.എഫ്.ഇ.-യുടെ സ്ഥിരനിക്ഷേപമുണ്ട്. 18,000 കോടി രൂപയുടെ ടേണോവർ ഉണ്ടാകുമ്പോൾ ഏതാണ്ട് 4000-5000 കോടി രൂപ ഫ്രീ ഫ്ലോട്ടായി കിട്ടുന്നത് നിക്ഷേപിക്കുകയാണ്. ഗൾഫിൽ നിന്നുള്ളവർ പണമായി പിൻവലിക്കില്ല എന്നുള്ളതുകൊണ്ട് ഈ ഫ്രീ ഫ്ലോട്ട് വളരെ

വലുതായിരിക്കുമെന്നാണ് നമ്മൾ അനുമാനിക്കുന്നത്. നാട്ടിലുള്ള ടേണോവർ വന്നാൽപ്പോലും 5000 കോടി രൂപ ഫ്രീ ഫ്ലോട്ട് ഉണ്ടാകും, അത് ചുരുങ്ങിയ പലിശയ്ക്ക് കിഫ്ബിയുടെ ബോണ്ടുകളിൽ നിക്ഷേപിക്കാനും കഴിയും. അങ്ങനെ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ പണം സമാഹരിക്കാനുള്ള മാർഗ്ഗമായിട്ടാണ് ഇതിനെ കാണുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സാധാരണ കെ.എസ്.എഫ്.ഇ. നടത്തിക്കൊണ്ടിരിക്കുന്ന ചിട്ടികളിൽ നിന്ന് വ്യത്യസ്തമായി പ്രവാസി ചിട്ടികൾ എങ്ങനെയാണ് പ്രവാസികൾക്ക് കൂടുതൽ ഗുണകരമാകുന്നത്. പ്രവാസികൾ ഈ ചിട്ടിയിൽ ചേർന്നാൽ അവർക്കുണ്ടാകുന്ന ഗുണങ്ങളെ സംബന്ധിച്ച് വിശദീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രവാസികൾ അവരുടെ വരുമാനത്തിന്റെ നല്ലൊരു പങ്കും സമ്പാദിക്കുന്നവരാണ്. ബാങ്കിൽ നിക്ഷേപിക്കാം, ഷെയർ എടുക്കാം എന്നിങ്ങനെ പല രീതിയിൽ പണം സമ്പാദിക്കാം. ചിട്ടി അതുപോലൊരു മാർഗ്ഗമാണ്. ചിട്ടിയിൽ ചേർന്നാൽ ലേലം കുറച്ചാണ് വിളിക്കുന്നതെങ്കിൽ മാസ അടവ് കുറയും. അത് implicit interest ആയി കണക്കാക്കി, സ്ഥിര നിക്ഷേപവും ചിട്ടിയും തമ്മിൽ താരതമ്യം ചെയ്താൽ ചിട്ടി അൽപ്പം മുന്നിൽ നിൽക്കും. ഇതോടൊപ്പം പെൻഷൻ, ഇൻഷ്വറൻസ്, ആക്സിഡന്റ് പരിരക്ഷ എന്നിങ്ങനെയുള്ള ഇൻസെന്റീവുകളുണ്ട്. അതിനാൽ നഷ്ടമില്ല. വേറൊരു ത്യാഗവും സഹിക്കേണ്ടതില്ല, ദാനം ചെയ്യേണ്ടതുമില്ല എന്നതാണ് ഇതിലെ ഗുണം. ഈ ചിട്ടിയിൽ ചേർന്ന് ആ തുക ഉപയോഗപ്പെടുത്തി അവരവരുടെ നാട്ടിലുള്ള ഏതെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. തീരദേശ, മലയോര ഹൈവേ പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി ചിട്ടിയുടെ സീരീസ് ഇറക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇത് വളരെ ദേശാഭിമാനപരമായ കാര്യമായി തോന്നും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അത് നമ്മുടെ നാടിന്റെ ആവശ്യമാണ്. ചിട്ടിയിൽ ചേരുന്നവർക്ക് ലഭിക്കുന്ന ചില ഗുണങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. പ്രവാസികളെ കൂടുതൽ ആകർഷിക്കാനായി ഒരു കാര്യംകൂടി പരിഗണിക്കാവുന്നതാണ്. അവരുടെ ക്ഷേമനിധിയിലേയ്ക്ക് എല്ലാ വർഷവും ബജറ്റിലൂടെ തുക പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. അത് നിലനിർത്തിക്കൊണ്ട് ക്ഷേമനിധിയിലേയ്ക്ക് കൂടുതൽ തുക സ്വരൂപിക്കുന്നതിനായി നേരത്തെ പറഞ്ഞ മലയോര, തീരദേശ ഹൈവേ പോലെ പ്രവാസി ക്ഷേമനിധി പദ്ധതികൾകൂടി ലിങ്ക് ചെയ്തുകൂടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിശ്ചയമായും. നോർക്കയും ക്ഷേമനിധിയും കൂടി ലിങ്ക് ചെയ്യേണ്ടതുണ്ട്. ഇപ്പോൾ ആകെയുള്ളത് നോർക്ക രജിസ്ട്രേഷൻ ഓട്ടോമാറ്റിക്കായി നൽകുമെന്നുള്ളതാണ്. നോർക്കയുടെ മറ്റ് വികസന

പ്രവർത്തനങ്ങളുമായി അതിനെ ബന്ധിപ്പിക്കേണ്ടതുണ്ട്. രണ്ട്, ക്ഷേമനിധിയുമായി ബന്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ക്ഷേമനിധി ബോർഡുമായി ചർച്ച ചെയ്ത് അതുസംബന്ധിച്ച നിലപാടുകൾ നമുക്ക് സ്വീകരിക്കാൻ സാധിക്കും. ഇപ്പോൾ നടക്കുന്നത് രജിസ്ട്രേഷനാണ്. ചിട്ടിയിൽ ചേരാനുള്ള താൽപ്പര്യം പ്രകടിപ്പിക്കുക മാത്രമാണ് രജിസ്റ്റർ ചെയ്യുമ്പോൾ ചെയ്യുന്നത്. ചിട്ടി ലോഞ്ച് ചെയ്യപ്പെടുന്നത് ആഗസ്റ്റ് ആദ്യമാണ്, അന്നാണ് പണം അടയ്ക്കേണ്ടി വരുന്നത്. യു.എ.ഇ.-യി ലാണ് പ്രവാസി ചിട്ടി ആദ്യമായി ലോഞ്ച് ചെയ്യുന്നത്. അതിനുശേഷം മാത്രമേ മറ്റ് രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയുള്ളൂ. കാരണം, ഓരോ രാജ്യത്തെയും നിയമങ്ങൾ മനസ്സിലാക്കി അതനുസരിച്ച് പൊസിഷൻ ചെയ്യേണ്ടതുണ്ട്. എല്ലാ അംഗങ്ങളും കിഫ്ബിയുടെ പ്രവർത്തനങ്ങളിലെ ഗുണഭോക്താക്കളാണ്. അവരവരുടെ പ്രവർത്ത നങ്ങൾ വേണ്ടത്ര വേഗതയിൽ നടക്കുന്നില്ല എന്നല്ലാതെ തന്നിട്ടില്ലായെന്ന വിമർശനം ആർക്കുമില്ല. ഈ പദ്ധതി വിജയിപ്പിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. രാഷ്ട്രീയകാര്യങ്ങൾക്കുള്ള മറുപടി ഇവിടെനിന്നും പറഞ്ഞിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞെട്ടിപ്പിക്കുന്ന കണക്കാണ് സി.&എ.ജി. പുറത്തുവിട്ടിരിക്കുന്നത്. എം.എൽ.എ.-മാരുടെ 290 കോടി രൂപയുടെ ഫണ്ട് ചെലവഴിക്കാതെ പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ കിടക്കുകയാണ്. എം.എൽ.എ.-മാർ എന്ന നിലയിൽ അപ്പുറവും ഇപ്പുറവും വ്യത്യാസമൊന്നും ഇല്ലല്ലോ; എല്ലാവരും എം.എൽ.എ.-മാർ തന്നെയാണ്. 290 കോടി രൂപ ചെലവഴിക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം അനാവശ്യമായ ഒഫിഷ്യൽ റാങ്കിൾസാണ്. കൊടുക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെയിരിക്കുന്നു എന്നുള്ളതാണ് ഇതിലൂടെ തെളിയുന്നത്. അതുകൊണ്ട് എം.എൽ.എ.-മാരുടെ ഫണ്ട് വിനിയോഗം കുറേക്കൂടി ലളിതവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നമ്മൾ ഒരു പ്രാവശ്യം ഇക്കാര്യം ചർച്ച ചെയ്തതാണ്. ചർച്ചയുടെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ട മാറ്റം വരുത്തി. ലോക്കൽ ഏരിയ ഡെവലപ്മെന്റ് ഫണ്ടുപോലെ ഇത് ജില്ലാതലത്തിൽ തീരുമാനിക്കട്ടെ. ജില്ലാതലത്തിൽ തീരുമാനമെടുക്കുന്നതിന് ആശയവ്യക്തത വേണമെന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുകൂട്ടിയ യോഗത്തിൽ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചത് ശരിയായ കാര്യമാണ്. എം.എൽ.എ. അസെറ്റ് ഫണ്ടായാലും എം.എൽ.എ. ഫണ്ടായാലും ചെലവായില്ലെങ്കിൽ എം.എൽ.എ.-യെ ആണ് ആളുകൾ കുറ്റം പറയുന്നത്. മറ്റ് പ്രോജക്ടുകൾ വകുപ്പുകൾ വഴിയാണ്. എന്നാൽ എം.എൽ.എ.-യ്ക്ക് നേരിട്ട് നടപ്പാക്കാൻ

പറ്റുന്നതല്ല; ഏതെങ്കിലും വകുപ്പ് വഴി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതാണ്. അതിന് പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ ഒരു ധാരണയിലെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായൊരു സർക്കാർ ഉത്തരവിറക്കുന്നുണ്ട്

ഹൈമാസ്റ്റ് ലൈറ്റിന്റെ കാര്യം ശ്രീ. എം. ഉമ്മർ, ശ്രീ. വി. ജോയി ഉൾപ്പെടെയുള്ള പല അംഗങ്ങളും പറയുകയുണ്ടായി. നാളെയോ മറ്റെന്നാളോ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പരാതിപ്പെട്ട എല്ലാ എം.എൽ.എ.-മാരുടെയും യോഗം ചേർന്ന് പ്രശ്നം എന്താണെന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് പറഞ്ഞത് ആസ്തി വികസന ഫണ്ടിന്റെ കാര്യമാണ്. നമ്മൾ അഞ്ചുകോടി രൂപ ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ കളക്ടർമാർ അത് നോക്കുന്നുണ്ട്. അത് നല്ല കാര്യമാണ്. ഞാൻ പറഞ്ഞത് ഒരു കോടി രൂപ എം.എൽ.എ. ഫണ്ടിന്റെ കാര്യമാണ്. അത് വിനിയോഗിക്കാൻ സാധിക്കാത്തത് എം.എൽ.എ.-യുടെ കുറ്റമല്ല. ഇവിടെ എഴുതിക്കൊടുക്കുന്നതൊന്നും സമയത്ത് നടക്കുന്നില്ല. ആവശ്യമില്ലാത്ത പ്രശ്നങ്ങളുണ്ടാക്കി പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ടാണ്. സി.&എ.ജി. പറഞ്ഞത് വളരെ ഗൗരവമായിട്ടെടുത്ത് പുനരവലോകനം ചെയ്യണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോട് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ചെയറിന്റെ അഭിപ്രായംകൂടി പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ദിവസം യോഗം ചേർന്നിരുന്നു. മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, ചീഫ് സെക്രട്ടറി എന്നിവർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. സാധാരണഗതിയിൽ അംഗങ്ങൾ എഴുതിക്കൊടുത്തതിനുശേഷവും സമയബന്ധിതമല്ലാതെ നീണ്ടുപോകുന്നതിന്റെ ഉത്തരവാദിത്വം പുതിയ എം.എൽ.എ.-മാരുടെ ചുമതലയായിട്ടാണ് പരിഗണിക്കപ്പെടുന്നതും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതും. ഫണ്ട് ചെലവഴിച്ചില്ലെന്ന നിലയിലാണ് പലപ്പോഴും വ്യാഖ്യാനങ്ങൾ വരുന്നത്. ഫണ്ട് ചെലവഴിക്കാൻ ഉത്തരവാദപ്പെട്ട, ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥ സംവിധാനത്തിന്റെ അപാകത പരിഹരിക്കാനുള്ള വളരെ വ്യക്തമായ തീരുമാനം ആ യോഗത്തിൽ എടുത്തിരിക്കുകയാണ്. സമയബന്ധിതമായി ഇത്ര ദിവസത്തിനകം ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനാവശ്യമായ സംവിധാനമൊരുക്കാനും അതിനാവശ്യമായ ജീവനക്കാരുടെ ഡിപ്ലോയ്മെന്റ് നടത്താനും ചീഫ് സെക്രട്ടറിയെ

ച്ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. ഫണ്ടിന്റെയും ആസ്തി വികസന ഫണ്ടിന്റെയും വിനിയോഗത്തിൽ കൃത്യമായൊരു നിബന്ധന നടപ്പിലാക്കാൻ കഴിയുമെന്ന ധാരണയാണ് ആ യോഗത്തിലുണ്ടായിട്ടുള്ളത്.

## X അറിയിപ്പ്

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ചട്ടം 153 (2) പ്രകാരം ധനവിനിയോഗ ബിൽ സംബന്ധിച്ച ചർച്ച ഉച്ചയ്ക്ക് 1.30-ന് തീർപ്പാക്കേണ്ടതുണ്ട്. എന്നാൽ ഇന്നത്തെ കാര്യപരിപാടിയുടെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ സഭയുടെ അനുമതിയോടെ ചട്ടം 153 (2)-ൽ ഇളവ് വരുത്തി ധനവിനിയോഗ ബിൽ സംബന്ധിച്ച നടപടികൾ പൂർത്തീകരിക്കുകയാണ്.

### നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ : 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടു ക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ : 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എം. മുകേഷ്
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. എം. നൗഷാദ്
36. ശ്രീ. യു. ആർ. പ്രദീപ്
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീമതി യു. പ്രതിഭ ഹരി
40. ശ്രീ. പുരുഷൻ കടലുണ്ടി
41. ശ്രീ. പി. ടി. എ. റഹീം
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. കെ. രാജൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. കെ. രാജു
47. ശ്രീ. രാജു എബ്രഹാം

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. സജി ചെറിയാൻ
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. പി. കെ. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ
59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. ശ്രീ. കെ. സുരേഷ് കുറുപ്പ്
65. ശ്രീ. എം. സ്വരാജ്
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. കെ. എൻ. എ. ഖാദർ
16. ശ്രീ. സി. മമ്മൂട്ടി
17. ഡോ. എം. കെ. മുനീർ
18. ശ്രീ. കെ. മുരളീധരൻ
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ

24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. ഷാഫി പറമ്പിൽ
29. ശ്രീ. കെ. എം. ഷാജി
30. ശ്രീ. വി. എസ്. ശിവകുമാർ
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്.

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

| | | | |
|---|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | - | 69 |
| | പ്രതികൂലിക്കുന്നവർ | - | 34 |
| | നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. കെ. ടി. ജലീൽ: സർ, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (എ) (ബി) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പുമാണ് കെട്ടിട നിയമങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും വീടുകളും മറ്റ് സ്ഥാപനങ്ങളും ക്രമവൽക്കരിക്കുന്നതിനുവേണ്ടി ഓർഡിനൻസിലൂടെ ഭേദഗതി ചെയ്തിരിക്കുന്നത്. 2013 മാർച്ച് 31 വരെയുള്ള അനധികൃത നിർമ്മാണങ്ങളാണ് ഏറ്റവും അവസാനത്തെ ഭേദഗതിയിലൂടെ കഴിഞ്ഞ സർക്കാർ ക്രമവൽക്കരിച്ച് നൽകിയിരുന്നത്. ഈ ഓർഡിനൻസിലൂടെ പഞ്ചായത്ത് മുനിസിപ്പൽ പരിധിയിൽ താഴെപ്പറയുന്ന വ്യവസ്ഥകളാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതിലൂടെ 31-7-2017-നോ അതിനുമുമ്പോ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ കഴിയും; കൂടാതെ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകൾ, പുനരുദ്ധാരണം എന്നിവയും ക്രമവൽക്കരണ പരിധിയിൽ ഉൾപ്പെടുത്താനാകും. അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരുന്നതിനുപകരം ജില്ലാ ടൗൺ പ്ലാനർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്/റീജിയണൽ ജോയിന്റ് അർബൻ ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്നിവരുൾപ്പെടുന്ന ജില്ലാതല സമിതിക്കാണ് നൽകിയിരിക്കുന്നത്. ഇതിനായി ഒരാളും മന്ത്രിയുമായോ മന്ത്രിയുടെ ഓഫീസുമായോ തിരുവനന്തപുരത്തെ ഏതെങ്കിലും ഉദ്യോഗസ്ഥനുമായോ ബന്ധപ്പെടേണ്ടിവരില്ല. ഓരോ വ്യക്തിക്കും സ്വയം നിയമലംഘനം സാക്ഷ്യപ്പെടുത്തി ഫൈൻ തുക നിർണ്ണയിച്ച് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപന സെക്രട്ടറിമാർക്ക് സമർപ്പിക്കാം. ജില്ലാ ടൗൺ പ്ലാനറും തദ്ദേശഭരണസ്ഥാപന ജില്ലാ ഉദ്യോഗസ്ഥനും പരിശോധിച്ച് പിഴ തിട്ടപ്പെടുത്തും. ഇതിനായി ഒരാളെ മാത്രം ചുമതലപ്പെടുത്തിയാൽ അഴിമതിക്കുള്ള സാധ്യതയുണ്ടാകുമെന്നുള്ളത് കണക്കിലെടുത്താണ് മൂന്നാളുകൾ ഉൾക്കൊള്ളുന്ന സംഘത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. മൂന്നുപേരും ഒരുപോലെ മോശക്കാരാകുകയില്ലല്ലോ. നിയമലംഘനം നടന്നിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കണം. കൂടാതെ അനധികൃത നിർമ്മാണത്തിന്റെ അനുപാതം അപേക്ഷകൻ സെൽഫ് ഡിക്ലറേഷനൊപ്പം സമർപ്പിക്കണം. ജില്ലാതലത്തിൽ രൂപീകരിച്ച സമിതി ഇവ പരിശോധിച്ച് അനധികൃത കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കും. പ്രസ്തുത ഫീസിന്റെ 50 ശതമാനം സർക്കാർ ട്രഷറിയിലും ബാക്കി 50 ശതമാനം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ ഫ്രണ്ട് ഓഫീസിലെ കൗണ്ടറിലുമാണ് അടയ്ക്കേണ്ടത്. ക്രമവൽക്കരണംമൂലം ലഭ്യമാകുന്ന ഫീസിന്റെ 50 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിലേയ്ക്ക് പ്രാദേശിക വികസന

ത്തിനായി ലഭ്യമാകും. ഫീസടച്ച് രസീത് ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടം ക്രമവൽക്കരിച്ചുവെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറി നൽകുന്നതോടൊപ്പം ഒക്യുപ്പെൻസി സർട്ടിഫിക്കറ്റും നൽകേണ്ടതാണ്. താഴെപ്പറയുന്ന അഞ്ചിനം വയലേഷനുകളാണ് ഇതിലൂടെ ക്രമവൽക്കരിക്കാൻ കഴിയുന്നത്.

1. സെറ്റ് ബാക്ക്
2. കവറേജ്
3. എഫ്.എ.ആർ.
4. വഴി
5. പാർക്കിംഗ്

പഞ്ചായത്ത് പരിധിയിൽ 600 സ്ക്വയർ ഫീറ്റ് വരെയുള്ള ഏകവാസ വീടുകൾക്ക് കോമ്പൗണ്ടിംഗ് ഫീസുണ്ടായിരിക്കുന്നതല്ല. 600-നുമുകളിൽ 1000 സ്ക്വയർ ഫീറ്റ് വരെയുള്ളവർക്ക് 2000 രൂപയാണ് കോമ്പൗണ്ടിംഗ് ഫീസ്. 1001 മുതൽ 2000 സ്ക്വയർ ഫീറ്റ് വരെയുള്ളവർക്ക് 15000 രൂപയും 2001 മുതൽ 3000 സ്ക്വയർ ഫീറ്റ് വരെയുള്ളവർക്ക് 20000 രൂപയുമാണ് കോമ്പൗണ്ടിംഗ് ഫീസായി അടയ്ക്കേണ്ടിവരുന്നത്. വാണിജ്യ കെട്ടിടങ്ങൾക്ക് പ്രത്യേക കോമ്പൗണ്ടിംഗ് ഫീസാണ് കണക്കാക്കിയിട്ടുള്ളത്. വയലേഷന്റെ തോതനുസരിച്ച് പിഴസംഖ്യ വ്യത്യാസപ്പെടും. കാർ പാർക്കിംഗ് 50 ശതമാനം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പഞ്ചായത്ത് പരിധിയിൽ കുറവ് വരുന്ന കാർ പാർക്കിംഗ് ഒന്നിന് 2,00,000 രൂപ വീതവും 25 ശതമാനം കാർ പാർക്കിംഗ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ കുറവുവരുന്ന കാർ പാർക്കിംഗ് ഒന്നിന് 3,00,000 രൂപ വീതവും എന്നാൽ 25 ശതമാനത്തിൽ താഴെയാണ് കാർ പാർക്കിംഗുള്ളതെങ്കിൽ കുറവുവരുന്ന ഓരോ കാർ പാർക്കിംഗിനും 3,50,000 രൂപ വീതവും കോമ്പൗണ്ടിംഗ് ഫീസായി അടയ്ക്കേണ്ടിവരും.

2.00 പി.എം.]

എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് യഥാർത്ഥ കോമ്പൗണ്ടിംഗ് ഫീയുടെ പട്ടികയിൽ കൊടുത്തിരിക്കുന്ന പിഴ മാത്രം ഒടുക്കിയാൽ മതിയാകും.

1. സർക്കാർ ഓഫീസുകൾ - പിഴയില്ല.
2. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബഡ്സ് സ്കൂളുകൾ - പിഴയില്ല.

3. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ -10 ശതമാനം.

4. ഗവൺമെന്റ് അംഗീകരിച്ച സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ - 35 ശതമാനം.

5. അംഗീകൃത പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കുകൾ, മതസ്ഥാപനങ്ങൾ - 25 ശതമാനം.

6. നിയമസഭയിലോ ലോക്സഭയിലോ രാജ്യസഭയിലോ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ് കെട്ടിടങ്ങൾ-25 ശതമാനം

7. വൃദ്ധമന്ദിരങ്ങൾ, അനാഥ മന്ദിരങ്ങൾ, ഡേ കെയർ സെന്ററുകൾ, ക്രഷുകൾ, വി. ആർ. സി.-കൾ - 10 ശതമാനം

8. കേരള ഗ്രന്ഥശാലാസംഘത്തിന്റെ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികൾ - 10 ശതമാനം

മുനിസിപ്പാലിറ്റികളിലും ഇതുപോലെ തന്നെയാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. വാണിജ്യ കെട്ടിടങ്ങൾക്ക് പ്രത്യേക കോമ്പൗണ്ടിംഗ് ഫീയാണ് കണക്കാക്കിയിട്ടുള്ളത്. പ്രാഥമിക കോമ്പൗണ്ടിംഗ് ഫീക്ക് പുറമെ വയലേഷന്റെ തോതനുസരിച്ച് കോമ്പൗണ്ടിംഗ് ഫീ വ്യത്യാസപ്പെടും. മുനിസിപ്പാലിറ്റികളിൽ കാർ പാർക്കിംഗ് 50 ശതമാനം ലഭ്യമായിട്ടുണ്ടെങ്കിൽ കോർപ്പറേഷൻ പരിധിയിൽ കാർ 1-ന് 3 ലക്ഷം രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 2.5 ലക്ഷം രൂപയും കോമ്പൗണ്ടിംഗ് ഫീയായി അടയ്ക്കേണ്ടി വരും. 25 ശതമാനം കാർ പാർക്കിംഗ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ കോർപ്പറേഷൻ പരിധിയിൽ കാർ 1-ന് 4 ലക്ഷം രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 3.5 ലക്ഷം രൂപയും കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ 25 ശതമാനത്തിന് താഴെയാണ് കാർ പാർക്കിംഗുള്ളതെങ്കിൽ കോർപ്പറേഷൻ പരിധിയിൽ 5 ലക്ഷം രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 4 ലക്ഷം രൂപയും കോമ്പൗണ്ടിംഗ് ഫീയായി അടയ്ക്കണം. ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് പഞ്ചായത്ത് പരിധിയിൽ ഒരു ലക്ഷം രൂപയും മുനിസിപ്പൽ/ കോർപ്പറേഷൻ പരിധിയിൽ ഒന്നരലക്ഷം രൂപയുമാണ് കോമ്പൗണ്ടിംഗ് ഫീയായി നിശ്ചയിച്ചിട്ടുള്ളത്. നെൽവയൽ സംരക്ഷണനിയമം, അഗ്നിശമനസേനാ നിയമങ്ങൾ, കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) നിയമങ്ങൾ, പൊല്യൂഷൻ കൺട്രോൾ ബോർഡ് നിയമങ്ങൾ, പരിസ്ഥിതി നിയമങ്ങൾ എന്നിവയുടെ ലംഘനങ്ങൾ ഈ ചട്ടങ്ങളുടെ പരിധിയിൽ ക്രമവൽക്കരിക്കാൻ കഴിയില്ല. ഗസറ്റ് വിജ്ഞാപനത്തിൽ ഓരോ ലംഘനങ്ങൾക്കുമുള്ള പിഴ പ്രത്യേകം വിശദീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികളും

ഉദ്യോഗസ്ഥരും ഇവ പ്രയോഗവൽക്കരിക്കുന്നതിൽ അതീവജാഗ്രത പുലർത്തേണ്ടതാണ്. ഇതുസംബന്ധിച്ച് പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള പല അംഗങ്ങളും റെപ്രസെന്റേഷനുകൾ സർക്കാരിലേയ്ക്ക് നൽകുകയുണ്ടായി. എന്തുകൊണ്ടാണ് കെട്ടിടങ്ങൾക്ക് നമ്പരിട്ട് കൊടുക്കാൻ കഴിയാത്തതെന്ന് പരിശോധിച്ചപ്പോൾ, കെട്ടിടനിയമങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ് നിലവിലുള്ള നിയമങ്ങളനുസരിച്ച് നമ്പരിട്ടുകൊടുക്കാൻ കഴിയാത്തതെന്നുള്ള റിപ്പോർട്ടാണ് ലഭിച്ചത്. അതിന്റെ പശ്ചാത്തലത്തിലാണ് കഴിഞ്ഞ സർക്കാർ ചെയ്തതുപോലെ ഇത്തവണയും ക്രമവൽക്കരണത്തിന് ഒരവസരം നൽകണമെന്ന് തത്വത്തിൽ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ട് ബില്ലുകളും ഇവിടെ അവതരിപ്പിക്കുന്നത്.

സുതാര്യമാകണമെന്നുള്ള നിർബന്ധം സർക്കാരിനുള്ളതുകൊണ്ടാണ് കേന്ദ്രീകൃതമായിരുന്ന ഈ സംവിധാനത്തെ വികേന്ദ്രീകരിക്കാനുള്ള തീരുമാനമെടുത്തത്. അഴിമതി വികേന്ദ്രീകരിക്കുക എന്നുള്ളതല്ല അതിന്റെ ലക്ഷ്യം. മന്ത്രിയുടെ ഓഫീസോ അല്ലെങ്കിൽ സർക്കാരോ അല്ല ഇക്കാര്യത്തിലൊരു തീരുമാനമെടുക്കേണ്ടത്. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ളവരുടെ എല്ലാ രേഖകളും എന്റെ കൈവശമുണ്ട്. പല ആളുകളും അതൊന്നും അവരുടെ സ്വാർത്ഥതാല്പര്യം കൊണ്ടല്ല ചെയ്യുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ എന്നിങ്ങനെയുള്ള ഏത് കെട്ടിടത്തിനും ചെറിയൊരു വയലേഷനാണെങ്കിൽപ്പോലും നിലവിലുള്ള നിയമമനുസരിച്ച് നമ്പരിട്ടുകൊടുക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടായിരുന്നു. പലപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങളാണ് അതിൽ പ്രതിക്കൂട്ടിൽ നിർത്തപ്പെട്ടിരുന്നത്. അത്തരമൊരു സ്ഥിതി ഒഴിവാക്കുന്നതിനാണ് ഈ രണ്ട് ബില്ലുകളും കൊണ്ടുവന്നത്. ഓർഡിനൻസ് വന്ന ഉടൻതന്നെ ചട്ടങ്ങളും നടപ്പിലാക്കി. ആക്ട് പാസ്സാക്കി കുറേ കഴിഞ്ഞിട്ടായിരിക്കും ചട്ടങ്ങൾ വരുന്നതെന്ന് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ചു. എന്നാൽ അതിന് വിഭിന്നമായി ഓർഡിനൻസ് വന്നയുടനെ ചട്ടങ്ങൾ രൂപവൽക്കരിക്കുകയും അതിന്റെ പ്രയോഗവൽക്കരണത്തിലേയ്ക്ക് കടക്കുകയും ചെയ്തിരിക്കുകയാണ്. ഇക്കാര്യം നടപ്പാക്കുന്നതിന് എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ 1566 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. തിരുവനന്തപുരം-105, കൊല്ലം-102, പത്തനംതിട്ട-43, ആലപ്പുഴ-56, ഇടുക്കി-38, കോട്ടയം-110, എറണാകുളം-203, തൃശ്ശൂർ-191, പാലക്കാട്-76, മലപ്പുറം-201, കോഴിക്കോട്-148, വയനാട്-43, കണ്ണൂർ-162, കാസർഗോഡ്-88. ഇവയിന്മേലാണ് ഒരു തീർപ്പുണ്ടാക്കേണ്ടത്. മൂന്നാമതായി ഇവിടെ അവതരിപ്പിച്ച ബില്ലിൽ, നേരത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അവരവരുടെ സ്വത്തുവിവരം സമർപ്പിക്കേണ്ട സമയം തെരഞ്ഞെടുക്കപ്പെട്ട് 15 മാസത്തിനകമാണ്.

15 മാസത്തിനകം അവർക്ക് സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ 30 മാസത്തേയ്ക്ക് നമ്മൾ നീട്ടിക്കൊടുക്കുകയാണ് ചെയ്യുന്നത്. അതല്ലെങ്കിൽ എല്ലാ പാർട്ടികളിലെയും ജനപ്രതിനിധികളുടെ അംഗത്വം നഷ്ടമാകുകയും അവിടെ ഉപതെരഞ്ഞെടുപ്പ് നടക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകുമെന്നുള്ളതിന്റെ വെളിച്ചത്തിലാണ് ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിച്ചത്. ഇതാണ് ഈ മൂന്ന് ബില്ലുകളുടെയും സമർപ്പണത്തിന്റെ സമാരംഭം എന്ന നിലയിൽ പറയാനുള്ളത്.

മി. സ്പീക്കർ: ഈ മൂന്ന് ബില്ലുകളെയും സംബന്ധിച്ചുള്ള വിയോജനക്കുറിപ്പ് നൽകിയിട്ടുള്ളത് ഒരേ അംഗങ്ങളായതിനാൽ ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. അതിനുശേഷം ഭേദഗതി നൽകിയിട്ടുള്ള 6 അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. 10 അംഗങ്ങളാണ് സംസാരിക്കാനുള്ളത്. ഇപ്പോൾ സമയം ഉച്ചകഴിഞ്ഞ് 2.10 ആയി. ഓരോ അംഗങ്ങളും 10 മിനിറ്റിനുള്ളിൽ സംസാരിച്ച് തീർത്താൽ ഉചിതമായിരിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴിഞ്ഞ തവണ നാല് ബില്ലുകൾ ഒരുമിച്ചാണ് സഭയിൽ വന്നത്. അവ രണ്ടെണ്ണം മുനിസിപ്പാലിറ്റിയുടെയും രണ്ടെണ്ണം പഞ്ചായത്തിന്റെയുമാണ്. ഇപ്പോൾ വന്നിട്ടുള്ള പഞ്ചായത്തിന്റെ തന്നെ ഒരു ബിൽ കൂടി നാളെയോ മറ്റെന്നാളോ വരുമെന്നാണ് മനസ്സിലാക്കുന്നത്. അതുകൂടി വന്നിരുന്നെങ്കിൽ നന്നാകുമായിരുന്നു. കാരണം നമ്മൾ വീണ്ടും ഇതേ കാര്യങ്ങൾ തന്നെയാണ് പ്രസംഗിക്കേണ്ടത്.

മി. സ്പീക്കർ: അത് ബി.എ.സി. കൂടി തീരുമാനിച്ചതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജിമോൾ)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ പറയാനുള്ള അതേ കാര്യങ്ങൾ തന്നെയാണ് പഞ്ചായത്തിന്റെ കാര്യത്തിലും പറയാനുള്ളത്. അത് ശരിയായില്ലായെന്നുള്ള എന്റെ വിയോജിപ്പ് ഞാനിവിടെ രേഖപ്പെടുത്തുകയാണ്.

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും അതിന് മുമ്പുള്ള കാലഘട്ടങ്ങളിലുമൊക്കെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. അതുസംബന്ധിച്ച് കുറേയധികം നിയമങ്ങൾ വന്നിട്ടുമുണ്ട്. അനധികൃത നിർമ്മാണം പ്രധാനമായും മൂന്ന് രീതിയിലാണ് വരുന്നത്. പെർമിറ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് നിർമ്മാണം പൂർത്തിയാകാത്ത കേസുകളിൽ പുതുക്കിയില്ലെങ്കിൽ നിയമപ്രകാരം അവ അനധികൃത നിർമ്മാണമാകും. അതുപോലെ, ഒരു വീട്ടിൽ അടുക്കളയോ ബെഡ് റൂമോ കൂട്ടിച്ചേർത്ത് ചെറിയ രീതിയിലുള്ള നിർമ്മാണം നടത്തുന്നുവെങ്കിൽ അതും അനധികൃത നിർമ്മാണമാണ്. അതിന് ആരുംതന്നെ വലിയ രീതിയിലുള്ള അപേക്ഷയുമായി പഞ്ചായത്തിലോ

കോർപ്പറേഷനിലോ മുനിസിപ്പാലിറ്റിയിലോ പോകാറില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞങ്ങൾ വളരെ താല്പര്യപൂർവ്വം ഇത്തരം കേസുകൾ റെഗുലറൈസ് ചെയ്യാൻ അവർക്ക് അവസരം നൽകി. ഏകദേശം 300 കോടി രൂപ പൊതുഖജനാവിലേയ്ക്ക് മുതൽക്കൂട്ടാൻ കഴിയുമെന്നാണ് ആ കാലഘട്ടങ്ങളിൽ പ്രതീക്ഷിച്ചിരുന്നത്. കുറേയധികം ആളുകൾ ഈ അവസരം വിനിയോഗിച്ച് അത് റെഗുലറൈസ് ചെയ്തു. ബോധപൂർവ്വം നിയമലംഘനം നടത്തി സാമ്പത്തിക ലാഭത്തിനുവേണ്ടി മാത്രം ഫ്ലോർ ഏരിയയിൽ അഡീഷണലായി കൺസ്ട്രക്ഷൻ നടത്തിയ ഒരു വിഭാഗമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഇത്തരം കേസുകൾ റെഗുലറൈസ് ചെയ്യുന്നതിന് കനത്ത കോമ്പൗണ്ടിംഗ് ഫീസാണ് നിശ്ചയിച്ചിരുന്നത്. അതുകൊണ്ടുതന്നെ വലിയൊരു വിഭാഗം ആളുകൾ ആ അവസരം വിനിയോഗിക്കാൻ തയ്യാറായില്ല. നിയമം വരാതെ ഞങ്ങളാരും അത് ചെയ്യില്ലെന്നുള്ള രീതിയിൽ അവർ നിന്നു. ഇത്തരം കേസുകൾക്ക് കോമ്പൗണ്ടിംഗ് ഫീസിൽ വൻഇളവ് വരുത്തി 2017 ജൂലൈ 31 വരെ അവസരം നീട്ടിക്കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതാണ് എനിക്ക് ഇതിനോടുള്ള എതിർപ്പ്. മറ്റുള്ളവ സ്വാഭാവികമായി ചെയ്യേണ്ടതാണ്. കഴിഞ്ഞ തവണ ഈ ബിൽ അവതരിപ്പിച്ചപ്പോൾ ശ്രീ. ജി. സുധാകരനും ശ്രീ. കെ. രാജുവും അതിനെ ശക്തിയുക്തം എതിർത്തവരാണ്. ഞാൻ ഇതുപോലുള്ള ഒരു ബിൽ ഇവിടെ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ സർക്കാർ അടിയന്തരമായി പരിശോധിക്കേണ്ട ഒരു വിഷയമാണിതെന്നാണ് അന്ന് ശ്രീ. ജി. സുധാകരൻ പറഞ്ഞത്. അതിനുകാരണം നിയമങ്ങളെല്ലാം ലംഘിച്ച് കെട്ടിടം നിർമ്മിച്ചശേഷം പണം നൽകി അനുവാദം വാങ്ങുന്നവരുണ്ടെന്നും ആലപ്പുഴയിലെ കുറേ കാര്യങ്ങൾ പറഞ്ഞതിനോടൊപ്പം ഇത് എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കണമെന്നും അതിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അന്ന് അദ്ദേഹം പറഞ്ഞിരുന്നു. അതിനേക്കാളുമപ്പുറത്താണ് ശ്രീ. കെ. രാജു പറഞ്ഞത്. 2012 ഒക്ടോബർ 31 വരെ അനധികൃതമായും നിയമവിരുദ്ധമായും നിയമം ലംഘിച്ചുകൊണ്ടും സർവ്വ ചട്ടങ്ങൾക്കും വിരുദ്ധമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങളെല്ലാം ക്രമവൽക്കരിച്ച് കൊടുക്കണമെന്നുള്ളതാണ്. ഇതാണോ നിയമസഭയുടെ ഉത്തരവാദിത്വം; നിയമനിർമ്മാണം നടപ്പിലാക്കുന്ന ജനപ്രതിനിധികൾക്കുള്ള ഉത്തരവാദിത്വം ഇതാണോ? ക്രമവിരുദ്ധമായി നടന്ന കാര്യങ്ങൾ ക്രമവൽക്കരിച്ചു കൊടുക്കാനാണോ നിയമസഭയ്ക്ക് നിയമനിർമ്മണത്തിനുള്ള അധികാരം തന്നിരിക്കുന്നത്?

നിലവിലുള്ള ചട്ടങ്ങൾക്കും നിയമത്തിനും വിരുദ്ധമായി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പിഴ ഈടാക്കി ഇതുവരെയുള്ള മുഴുവൻ നിയമവിരുദ്ധ നടപടികളും ക്രമവൽക്കരിച്ച് നൽകുന്നത് നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്. അങ്ങ് പറഞ്ഞത് മുഴുവനും വായിക്കുന്നതിന് ധാരാളം സമയം വേണ്ടിവരുമെന്നു

ള്ളതുകൊണ്ട് ഞാൻ വായിക്കുന്നില്ല. നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥർ കണ്ണടച്ചിരിക്കുകയാണ്, അതിന്റെ പിന്നിൽ അതിഭീമമായ അഴിമതിയാണുള്ളത്. ഉദ്യോഗസ്ഥരുടെ അഴിമതിയെപ്പറ്റിയാണ് അദ്ദേഹം വിശദീകരിച്ചത്. അത് തിരിച്ചടിച്ചിരിക്കുകയാണ്. സ്വാഭാവികമായും കാര്യങ്ങൾ പറയുമ്പോൾ ആലോചിക്കേണ്ടതായിരുന്നു. ഉദ്യോഗസ്ഥർക്ക് അധികാരം കൊടുക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുന്നത്. അതിനെപ്പറ്റി അങ്ങ് ആലോചിക്കണം.

അനധികൃത കെട്ടിടങ്ങൾക്ക് പിഴ ഈടാക്കുന്നതിലൂടെ എത്ര തുക സ്വരൂപിക്കാനാകുമെന്ന് ഏകദേശ ധാരണപോലുമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി 13-3-2018-ലെ നക്ഷത്രചിഹ്നമിടാത്ത 2999-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയായി നൽകിയിട്ടുള്ളത്. 1600-ലധികം അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നാണ് അങ്ങ് പറയുന്നത്. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്, പക്ഷെ അതിന്റെ കണക്കില്ലെന്നാണ് പറയുന്നത്. ഇത്തരമൊരു ബിൽ കൊണ്ടുവരുന്നതിലൂടെ സർക്കാർ ഖജനാവിലേയ്ക്ക് എന്ത് തുക പിരിഞ്ഞുകിട്ടുമെന്ന പ്രാഥമിക പരിശോധനപോലും നടത്താതെയാണ് ഈ ഭേദഗതി കൊണ്ടുവന്നതെന്ന് മനസ്സിലാക്കാം. ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിതന്നെ സംശയിക്കത്തക്കതാണ്. ഈ ബില്ലിന്റെ ഭാഗമായി അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് സർക്കാർ 15-2-2018-ൽ 11/2018, 12/2018 എന്നീ നമ്പരുകളിൽ രണ്ട് ഓർഡറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾപ്രകാരം ബന്ധപ്പെട്ട ചട്ടങ്ങളിലും ഫീസിലും ഫ്ലോർ ഏരിയ റേഷ്യോയിലും വരുത്തിയിട്ടുള്ള മാറ്റങ്ങൾ പരിശോധിച്ചാൽ കഴിഞ്ഞ സർക്കാരും ഈ സർക്കാരും ഈ ബില്ലിന്റെ ഗുണഭോക്താക്കളായി ആരെയാണ് കണ്ടിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കൊമേഴ്സ്യൽ ബിൽഡിംഗുകൾക്ക് ബേസിക് കോമ്പൗണ്ടിംഗ് ഫീസായി ഒടുക്കേണ്ടിയിരുന്നത് പെർമിറ്റ് ഫീസിന്റെ പത്തിരട്ടിയും ഭൂമിയുടെ ഫെയർ വാല്യൂവിന്റെ $^{1}/_{20}$ -ഉം ആയിരുന്നു. അത് ഇപ്പോൾ ഫെയർ വാല്യൂവിന്റെ $^{1}/_{40}$ ആക്കി കുറവുചെയ്തിരിക്കുകയാണ്. മാത്രമല്ല ഫസ്റ്റ് സ്ലാബിൽ എഫ്.എ.ആർ. (Floor Area Ratio)-ന് അഡീഷണൽ ഫീസ് ചുമത്തിയിരുന്നത് സ്ക്വയർ മീറ്ററിന് 6000 എന്നത് 5000 ആയിട്ടും സെക്കന്റ് സ്ലാബിൽ കോർപ്പറേഷൻ ഏരിയയിൽ 9000-ത്തിൽ നിന്നും 7500 ആയും മുനിസിപ്പാലിറ്റി ഏരിയയിൽ 9000-ത്തിൽനിന്നും 6000 ആയും കുറച്ചിരിക്കുകയാണ്. മാത്രമല്ല, എഫ്.എ.ആർ.-ന്റെ പരിധി 2.5 വരെയുള്ള കെട്ടിടങ്ങൾക്ക് യാതൊരു ഫീസും ഈടാക്കേണ്ടതില്ലെന്നാണ് കെ.എം.ബി.ആർ.-ന്റെ പുതിയ ഭേദഗതിയിൽ പറയുന്നത്. അതായത്, 3200 സ്ക്വയർ മീറ്ററിലുള്ള എഫ്.എ.ആർ. സ്ലാബ് II-ൽ (2.5) വരുന്ന ഒരു ആശുപത്രി കെട്ടിടത്തിന് മുമ്പ് 96 ലക്ഷം രൂപ കോമ്പൗണ്ടിംഗ് ഫീസായി

അടയ്ക്കേണ്ടിയിരുന്ന സ്ഥാനത്ത് ഈ സർക്കാർ അത്രയും തുക ഇളവ് ചെയ്തിരിക്കുകയാണ്. ഒരു പൈസയും അടയ്ക്കണ്ട. എഫ്.എ.ആർ. 3.5-ൽ ഫ്ലോർ ഏരിയ 11200 സ്ക്വയർ മീറ്ററും അഡീഷണൽ ഏരിയ 4800 സ്ക്വയർ മീറ്ററും നിർമ്മിക്കാമെന്നിരിക്കെ 2014-ലെ ഉത്തരവുപ്രകാരം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 4,32,00,000 രൂപ അടയ്ക്കേണ്ട സ്ഥാനത്ത് ഭേദഗതിപ്രകാരം 3,60,00,000 രൂപ മാത്രം ഒടുക്കിയാൽ മതിയാകും. ഇത്തരത്തിൽ എല്ലാ ഫ്ലോർ ഏരിയ റേഷ്യോയിലും ഇളവ് വരുത്തിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. വളരെ ആലോചിക്കേണ്ട ഒരു കാര്യമാണ്. ഇത്തരം ഇളവുകളിലൂടെ സർക്കാരിന് ഭീമമായ നഷ്ടമാണ് വരുന്നത്. അതുകൊണ്ട് എത്ര തുക പിരിഞ്ഞുകിട്ടുമെന്ന് പറയാൻ കഴിഞ്ഞില്ലെങ്കിലും രാജിയാക്കൽ ഫീസിൽ വരുത്തിയിട്ടുള്ള വൻ ഇളവിലൂടെ സർക്കാർ ഖജനാവിന് ഏകദേശം എത്ര രൂപയാണ് നഷ്ടപ്പെടാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാനുള്ള അധികാരം സർക്കാരിൽ നിന്നും ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവരടങ്ങിയ ഒരു സമിതിക്കും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവരടങ്ങിയ സമിതിക്കും കൈമാറുകയെന്നുള്ളതാണ് ഈ ബില്ലിലെ മറ്റൊരു ഭേദഗതി. ഈ വിഷയത്തിൽ സർക്കാരിനുണ്ടായിരുന്ന അധികാരം മുഴുവൻ ഉദ്യോഗസ്ഥവൃന്ദത്തിന് കൈമാറുക വഴി അഴിമതിക്ക് സാദ്ധ്യതയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തികച്ചും ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ കമ്മിറ്റിക്കുപകരം അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുകൂടി ഇതിൽ പ്രാതിനിധ്യം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. എസ്. ശർമ്മ ഒരു ഭേദഗതി നൽകിയിട്ടുണ്ട്. അത് വായിച്ചാൽ അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്ന് മനസ്സിലാക്കാൻ സാധിക്കും. മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും നോക്കുകുത്തികളാക്കാൻ പാടില്ലെന്നും അവർ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണെന്നും അവരെയുംകൂടെ ഇതിലുൾപ്പെടുത്തണമെന്നുമാണ് അദ്ദേഹം പറയുന്നത്. ഈടാക്കുന്ന ഫീസിന്റെ വിനിയോഗം സംബന്ധിച്ചാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്. ഈ തുക ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടിവരുന്ന സംഗതികൾക്ക് ചെലവഴിക്കാൻ വ്യവസ്ഥ ഉണ്ടാകുന്നത് നല്ലതാണ്. ഉദാഹരണമായി, ഭൂ വികസനവും അനുമതിയില്ലാത്ത നിർമ്മാണവുംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതവും ആവാസ വ്യവസ്ഥയുടെ

തകർച്ചയും കാരണമായി ഒട്ടനവധി പേർ ദുരിതം അനുഭവിക്കുന്നുണ്ട്. അത്തരക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന തരത്തിലാകണം രാജിയാക്കൽ ഫീസിന്റെ വിനിയോഗം.

പാർക്കിംഗിനെ സംബന്ധിച്ച് പറഞ്ഞു. പ്രധാനപ്പെട്ട എല്ലാ പഴയ കെട്ടിടങ്ങളിലെയും പാർക്കിംഗ് ഏരിയ മാറ്റി ഒന്നുകിൽ സ്റ്റോറോ അല്ലെങ്കിൽ കടയോ ആക്കിയിട്ടുണ്ടാകും. ആ കാലഘട്ടങ്ങളിൽ 5 ലക്ഷം രൂപയായിരുന്നു ഫീസ്. അതിപ്പോൾ 2.50 ലക്ഷം രൂപയും 3 ലക്ഷം രൂപയുമാക്കി കുറച്ചു. ഏത് കെട്ടിടങ്ങൾ നോക്കിയാലും പഴയ രീതിയിലുള്ള പാർക്കിംഗ് ഇപ്പോൾ കാണാൻ സാധിക്കില്ല. സ്വാഭാവികമായും നമുക്കതിൽ നിന്നും കിട്ടുന്ന ഫണ്ട് ജനറൽ ഏരിയയിൽ, പഞ്ചായത്തുകളുടെ/ മുനിസിപ്പാലിറ്റിയുടെ പാർക്കിംഗ് സൗകര്യത്തിനായി ഉപയോഗിക്കാൻ കഴിയണം. ആ രീതിയിലുള്ള വിനിയോഗം കൃത്യമായി ഉണ്ടാകണമെന്നാണ് പറയാനുള്ളത്.

അനധികൃത നിർമ്മാണത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ തദ്ദേശഭരണ വിജിലൻസ് വിംഗ് ആരംഭിച്ചത്. ജനുവരി മുതൽ സി.ടി.പി. വിജിലൻസ് തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഈ വിംഗിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ആദ്യഘട്ടത്തിൽ ഏകദേശം 1558 അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ചാണ് സർക്കാരിന് റിപ്പോർട്ട് ലഭിച്ചത്. പ്രസ്തുത അനധികൃത നിർമ്മാണത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ, ആർക്കിടെക്ട്, ലൈസൻസി എന്നിവർക്കെതിരെ സർക്കാർ അക്കാലത്ത് ശക്തമായ നടപടി സ്വീകരിക്കുകയുണ്ടായി. അതുകൊണ്ട് ഇത്തരത്തിൽ അനധികൃത നിർമ്മാണങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ തെറ്റായ വിവരങ്ങൾ നൽകിയിട്ടുള്ള പ്ലാൻ സാക്ഷ്യപ്പെടുത്തുന്ന ലൈസൻസി, സ്ട്രക്ച്ചറൽ എഞ്ചിനീയർ എന്നിവരെ സംസ്ഥാന ത്തൊട്ടാകെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. കൂടാതെ തെറ്റായ വിവരങ്ങൾ നൽകുകയോ ചട്ടലംഘനം നടത്തുകയോ ചെയ്യുന്ന ലൈസൻസിയുടെ ചട്ടലംഘനത്തിന്റെ വ്യാപ്തിയനുസരിച്ച് രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയോ അയോഗ്യരാക്കുകയോ ചെയ്യുന്നതിനുള്ള നടപടികളും കർശനമാക്കണം.

മറ്റൊന്ന്, Ease of doing business-ന്റെ ഭാഗമായി 3-10-2017-ൽ പുറപ്പെടുവിച്ച 81/2017, 82/2017/LSGD എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയപ്പോൾ ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. ഈ സർക്കാർ കൊട്ടിഘോഷിച്ച് നടപ്പിലാക്കുന്ന നയമാണല്ലോ 'ഹരിത

കേരളം'? പക്ഷെ അതെത്രമാത്രം പൊള്ളയാണെന്ന് മനസ്സിലാക്കുന്നതിന് ചില കാര്യങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും. 'ഹരിത കേരളം' എന്ന നയം യാഥാർത്ഥ്യമാക്കണമെങ്കിൽ സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ അതുമായി പൊരുത്തപ്പെടുന്ന തരത്തിലാകണം. 3-10-2017-ലെ കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിയിലൂടെ അവശേഷിച്ചിരിക്കുന്ന പച്ചപ്പുകൂടി ഇല്ലാതാകാൻ പോകുകയാണ്. അതായത്, ആശുപത്രി കെട്ടിടങ്ങളുടെയും ഓഫീസ് കെട്ടിടങ്ങളുടെയും ഗ്രൗണ്ട് കവറേജ് 40 ശതമാനമായിരുന്നത് 70 ശതമാനമായും വൻകിട വ്യവസായശാലകൾക്ക് 40 ശതമാനത്തിൽനിന്ന് 65 ശതമാനമായും ചെറുകിട വ്യവസായശാലകൾക്ക് 60 ശതമാനത്തിൽനിന്നും 75 ശതമാനമായും ഉയർത്തിയിരിക്കുകയാണ്. ആശുപത്രികളുടെ കാര്യത്തിൽ ഇതുപോലുള്ള കവറേജ് ഒരുക്കിക്കൊടുക്കുകയാണെങ്കിൽ എങ്ങനെയാണ് പാർക്കിംഗ് സാധ്യമാകുന്നത്? പാർക്കിംഗുമായി ബന്ധപ്പെട്ട ധാരാളം പ്രശ്നങ്ങൾ ആശുപത്രികളിലുണ്ട്. ദിവസവും ധാരാളം ആളുകൾ ആശുപത്രികളിൽ വന്നുകൊണ്ടിരിക്കുകയാണ്. പാർക്കിംഗില്ലാതെ ആളുകൾ ബുദ്ധിമുട്ടുകയാണ്. 'ഹരിതകേരളം' എന്ന നയം യാഥാർത്ഥ്യമാകണമെങ്കിൽ കെട്ടിടങ്ങളുടെ ഗ്രൗണ്ട് കവറേജ് കുറഞ്ഞിരിക്കണം. എന്നാൽ മാത്രമേ തുറസ്സായ സ്ഥലങ്ങൾ കൂടുകയും വൃക്ഷങ്ങളും ചെടികളും നിലനിർത്താനും വായുവും വെളിച്ചവും കൂടുകയും ചെയ്യുകയുള്ളൂ. ഗ്രൗണ്ട് കവറേജ് കൂടുന്നത് പാർക്കിംഗ് ഏരിയയെന്ന് കാണിച്ച് നിർമ്മിക്കുന്ന തുറസ്സായ സ്ഥലങ്ങൾപോലും കൺവെർട്ട് ചെയ്യുന്നതിനും വാഹനങ്ങൾ റോഡിൽത്തന്നെ പാർക്ക് ചെയ്യുന്നതിനും ഇടയാക്കും. അങ്ങനെ വരുമ്പോൾ കോൺക്രീറ്റ് ഏരിയ ഗണ്യമായി വർദ്ധിക്കാൻ പോകുന്നുവെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് സർക്കാരിന് 'ഹരിതകേരളം' എന്ന നയത്തിനോട് എന്തെങ്കിലും ആത്മാർത്ഥയുണ്ടെങ്കിൽ ഗ്രൗണ്ട് കവറേജ് ഉയർത്തിയ നടപടി പുനഃപരിശോധിക്കണം.

അപകടസാധ്യതയുള്ള കെട്ടിടങ്ങൾക്ക് ചുമത്തിയിരുന്ന ഫീസ് 25 ശതമാനത്തിൽനിന്നും 45 ശതമാനമാക്കി മാറ്റിയതും ഏറ്റവും വലിയ പ്രശ്നമാണ്. തീപിടിത്തം, അല്ലാതെയുള്ള അപകടങ്ങൾ എന്നിവ ഇത്രയും വർദ്ധിച്ചിട്ടും സർക്കാർ ഒന്നുംതന്നെ പഠിക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. മാത്രമല്ല, ഭേദഗതി ചെയ്യപ്പെട്ട ചട്ടങ്ങൾപ്രകാരം അപേക്ഷകൻ നേരിട്ട് ജില്ലാ നഗരാസൂത്രണ വകുപ്പിൽ അപേക്ഷ നൽകാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിലേയ്ക്ക് ഒടുക്കേണ്ട ഫീസ്, രേഖകൾ എന്നിവ ഇതുവരെയും വ്യക്തമാക്കിയിട്ടില്ല. അതുപോലെ 1999-ലെ കെ.എം.ബി.ആർ. ചട്ടം 7, 8; 2011-ലെ കെ.പി.ബി.ആർ ചട്ടം 7, 10 എന്നിവപ്രകാരം നഗരസഭ/പഞ്ചായത്ത് സെക്രട്ടറി എന്നിവർ മുഖ്യ നഗരാസൂത്രകനോ ജില്ലാ നഗരാസൂത്രകനോ അപേക്ഷ ഫോർവേഡ് ചെയ്യേണ്ടതാണെന്ന ചട്ടം

ഭേദഗതി ചെയ്തതിലൂടെ സി.ടി.പി.-ക്ക് കെട്ടിടനിർമ്മാണ അപേക്ഷ സമർപ്പിക്കേണ്ടതില്ലെന്നാണ് കാണുന്നത്. പക്ഷേ കെ.എം.ബി.ആർ. അദ്ധ്യായം 7 ചട്ടം 51(1), 59(2) ഫസ്റ്റ് പ്രൊവൈസോ പ്രകാരം സി.ടി.പി.-യുടെ ഓഫീസിലേയ്ക്ക് സമർപ്പിക്കണമെന്നും കാണുന്നു. ഇതിലെല്ലാം ക്ലാരിഫിക്കേഷൻ വേണം. ഒരു സ്ഥലത്ത് വേണമെന്ന് പറയുന്നു, മറ്റൊരു സ്ഥലത്ത് വേണ്ടെന്ന് പറയുന്നു. കൂടാതെ ഫയർ എൻ.ഒ.സി. ആവശ്യമുള്ള കെട്ടിടങ്ങളുടെ ഉയരം സംബന്ധിച്ചും ഭേദഗതിയിൽ അവ്യക്തതകളുണ്ട്. അവയൊക്കെ പരിശോധിച്ച് വ്യക്തത വരുത്തണം.

മറ്റൊരുകാര്യം, മുനിസിപ്പാലിറ്റി ആക്ടിലെ 143 (എ) വകുപ്പിലെ ഭേദഗതി, 1994-ൽ നിയമമായ കേരള മുനിസിപ്പാലിറ്റി ആക്ടിൽ 24-3-1999-ലാണ് ഈ വകുപ്പ് കൂട്ടിച്ചേർത്തത്. നഗരസഭയിലേയ്ക്ക് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലർമാർ തങ്ങളുടെയും കുടുംബാംഗങ്ങളുടെയും സ്വത്തുവിവരം പ്രസ്തുത പദവി ഏറ്റെടുത്ത് മൂന്ന് മാസത്തിനകം ബന്ധപ്പെട്ട കോംപീറ്റന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കണമെന്ന് മേൽ വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ യഥാസമയം സ്വത്തുവിവരങ്ങൾ നൽകാത്ത സാഹചര്യത്തിൽ മൂന്ന് മാസക്കാലമെന്നത് ഉയർത്തി 2013-ലെ ഭേദഗതി നിയമത്തിലൂടെ പ്രസ്തുത കാലാവധി 15 മാസങ്ങൾക്കകം എന്ന് നിജപ്പെടുത്തിയിരുന്നു. എന്നാൽ നിർദ്ദിഷ്ട ബില്ലിൽ ഈ കാലാവധി 30 മാസങ്ങൾക്കകം എന്ന് ഭേദഗതി ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തങ്ങളിൽ നിക്ഷിപ്തമായൊരു അധികാരസ്ഥാനത്തിന്റെ അനിവാര്യ ചുമതലകളിലൊന്നായ സ്വത്തുവിവരം സമർപ്പിക്കൽ യഥാസമയം കഴിയാത്തവർക്ക് ആയതിനുള്ള കാലാവധി നീട്ടിക്കൊടുക്കുകയെന്നത് സർക്കാരിന്റെ ഒരു നയമായി മാറിയിരിക്കുന്നുവെന്നുവേണം കരുതാൻ. പുതിയ ബില്ലിന്റെ അവതരണം ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. ബില്ലിനോടുള്ള ഉദ്ദേശ്യകാര്യങ്ങളുടെ വിവരണവും ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്ന കാര്യങ്ങളുമൊന്നുംതന്നെ സ്വത്ത് വിവരം യഥാസമയം സമർപ്പിക്കാതിരിക്കാനുള്ള ഒഴിവുകഴിവായി കാണാതിരിക്കാൻ കഴിയുന്നില്ല. എം.എൽ.എ.-മാരുടെ സ്ഥിതി അങ്ങനെയാണല്ലോ? നമ്മളൊരു നിയമം രൂപീകരിക്കുകയും അതിൽ കുറേ വെള്ളം ചേർക്കുകയും ചെയ്യുന്നു. അടുത്തുവരുന്ന സർക്കാർ അതിൽ കുറേക്കൂടി വെള്ളം ചേർക്കുകയും മൂന്നാമത്തെ സർക്കാർ വീണ്ടും ചേർക്കുകയും ചെയ്യുന്നു. പിന്നെ എന്തിനാണ് ഈ നിയമം? അവരോട് സ്വത്തുവിവരം കൊടുക്കേണ്ടെന്ന് പറയുന്നതായിരിക്കും ഇതിനേക്കാൾ നല്ലത്. ജനപ്രതിനിധികൾ ഭരണഘടന അനുശാസിക്കുന്ന തത്വങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണ്. 74-ാം ഭരണഘടനാ ഭേദഗതിപ്രകാരം സ്ഥാപിതമായൊരു അധികാരസ്ഥാപനത്തിന്റെ ചുമതലപ്പെട്ട അംഗമെന്ന നിലയിൽ ഓരോ കൗൺസിലറും യഥാസമയം സ്വത്തുവിവരം നൽകാൻ ബാധ്യസ്ഥരാണ്. അല്ലാത്തപക്ഷം അത്

ലംഘിച്ചതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് മറ്റ് നിയമ നടപടികൾക്ക് വിധേയരാകാൻ വിധിക്കപ്പെടേണ്ടവരാണ്. എന്നാൽ അത്തരക്കാരെ സംരക്ഷിക്കുകയാണ് സർക്കാർ ഈ നിയമഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള നിയമപ്രകാരം അയോഗ്യരായവരെ അനർഹമായി കൗൺസിലർ പദവിയിൽ അവരോധിക്കാൻ ആവിഷ്കരിച്ച ഈ ഭേദഗതി ആരെങ്കിലും കോടതിയിൽ ചോദ്യം ചെയ്താൽ അവരെ കുറ്റംപറയാൻ സാധിക്കില്ല. അവർ മിക്കവാറും കോടതിയിൽ പോകുകയാണെങ്കിൽ വിജയിക്കും. അതുകൊണ്ട് ഇതിനെപ്പറ്റി കൃത്യമായി അന്വേഷിക്കണം. 30 മാസ ക്കാലമെന്നത് ശരിയല്ല. ഇതുസംബന്ധിച്ച് ഒന്നുകൂടി പരിശോധിക്കണം. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും നിയമം രൂപീകരിക്കുന്നതും അതിൽ കുറേ വെള്ളമൊഴിക്കുന്നതും പിന്നീട് വേറെ സർക്കാർ വന്ന് കുറേക്കൂടി വെള്ളം ചേർക്കുന്നതും പതിവാണ്. ഇങ്ങനെ പോകുകയാണെങ്കിൽ പിന്നെയെന്തിനാണ് ഈ നിയമം? മുപ്പത് മാസക്കാലം എന്നുള്ളത് മാറ്റി അവർ സ്വത്തുവിവരം നൽകേണ്ട എന്നുപറയുന്നതായിരിക്കും ഭംഗിയെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിന്മേലുള്ള എന്റെ വിയോജനക്കുറിപ്പ് ഞാൻ രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഈ ബില്ലിന്മേലുള്ള എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. "എന്ത് ത്യാഗം സഹിച്ചും ചെയ്യേണ്ടത് ചെയ്യാൻ ധൈര്യപ്പെടുകയാണ് യഥാർത്ഥ ധർമ്മം" എന്നത് രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ വാക്കുകളാണ്. കഴിഞ്ഞ തവണ സംസാരിച്ച ആളുകൾ അതേ വാക്കുകൾ ക്വാട്ട് ചെയ്താണ് സംസാരിച്ചത്. അത് ആവർത്തിക്കപ്പെടരുത്. യഥാർത്ഥ ധർമ്മം ധൈര്യം തന്നെയാണ്. ഞാൻ വളരെ സന്തോഷത്തോടെയാണ് കേരള നിയമസഭയിലേയ്ക്ക് കടന്നുവന്നത്. കാരണം, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായ ഡോ. കെ. ടി. ജലീൽ, മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ സാരഥിയൊക്കെയായിരുന്നു. അദ്ദേഹം അതിന്റെ നേതൃതലത്തിലേയ്ക്ക് വന്നപ്പോൾ വലിയ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിച്ചു. രാജ്യത്തിനകത്തും പുറത്തുമുള്ളവർ വികേന്ദ്രീകൃത ആസൂത്രണത്തെക്കുറിച്ച് പഠിക്കാൻ വരുന്നത് കേരളത്തിലേയ്ക്കാണ്. ചെയറിലിരിക്കുന്ന ശ്രീമതി ഇ. എസ്. ബിജിമോൾ ഉൾപ്പെടെയുള്ളവർ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവരാണ്. അന്ന് ബ്ലോക്ക് പഞ്ചായത്തിലൊക്കെ ആളുകൾ വരുന്നത് നമ്മുടെ പ്രവർത്തനങ്ങൾ കണ്ടു പഠിക്കാൻവേണ്ടിയാണ്. അതിപ്പോഴും തുടരുകയാണ്. ഇപ്പോൾ അവർ വരുന്നത്, ഇവിടെ ദുരുപയോഗം ചെയ്യുന്നത് കണ്ടിട്ട് അവരുടെ നാട്ടിൽ എങ്ങനെ നടപ്പിലാക്കാമെന്ന് പഠിക്കാൻ വേണ്ടിയാണ്. കഴിഞ്ഞ കാലങ്ങളിലുണ്ടായതിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിലാണ് ആളുകൾ ഇതെല്ലാം പഠിക്കാൻ വരുന്നത്. വ്യത്യസ്തമായ അഭിപ്രായങ്ങളൊക്കെയുണ്ട്; ഞാനതിലേയ്ക്കൊന്നും കടക്കുന്നില്ല. പഞ്ചായത്ത് രാജ് സംവിധാനവുമായി ബന്ധപ്പെട്ട് ധാരാളം

കാര്യങ്ങളുണ്ട്. ടാഗോർ നടപ്പിലാക്കിയതാണ് ശ്രീനികേതൻ പരീക്ഷണം. അതുപോലെ മഹാത്മാഗാന്ധിയുടെ സേവാഗ്രാം വളരെ വലിയൊരു പദ്ധതിയാണ്. അതിന്റെ ചുവടുപിടിച്ചാണ് ബോംബെയിൽ നടന്ന എ.ഐ.സി.സി. സമ്മേളനത്തിൽ രാജീവ് ഗാന്ധി പഞ്ചായത്തീരാജ്-നഗരപാലിക ബില്ലുമായി ബന്ധപ്പെട്ട പ്രമേയങ്ങൾ അവതരിപ്പിച്ചത്. അതിനുശേഷമാണ് അദ്ദേഹത്തിന് ഭൂരിപക്ഷത്തിന്റെ കുറവുമൂലം രാജ്യസഭയിൽ പാസ്സാക്കാൻ സാധിക്കാതെ വന്നത്. നരസിംഹറാവുവിന്റെ ഭരണകാലത്താണ് അത് പാസ്സാക്കിയത്. അതിൽ രാഷ്ട്രീയമായ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ട്. ഞാനതിന്റെ രാഷ്ട്രീയ വശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ശ്രീ. എ. കെ. ആന്റണിയുടെയും കെ. കരുണാകരന്റെയും കാലഘട്ടങ്ങളിലാണ് കേരള നിയമസഭയിൽ അത് പാസ്സാക്കുന്നത്. ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തേണ്ട ലോകത്തെ ഏറ്റവും സമഗ്രമായ ബില്ലാണ് കേരള പഞ്ചായത്ത് രാജ് ആക്ട്. ആ ആക്ടിനെ ഓരോ നിമിഷവും വെട്ടിമുറിക്കപ്പെടുന്ന ഒരു സാഹചര്യം നമ്മുടെ നാട്ടിൽ നിലവിലുണ്ടോയെന്ന ഒരു ചോദ്യം നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ തവണ പറഞ്ഞ അതേ കാര്യങ്ങൾ എന്തിന് നമ്മൾ വീണ്ടും ആവർത്തിക്കണം, എന്തിന് തെറ്റുകളിൽനിന്നും തെറ്റുകളിലേയ്ക്ക് വീണ്ടും പോകണം. സ്വാഭാവികമായും അടുത്ത തവണ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ ഇത്തരത്തിലുള്ള ഒരു ബിൽ ഉണ്ടാകുമോ ഇല്ലയോയെന്നുള്ളത് മറ്റൊരു വിഷയമാണ്, അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതൊക്കെ കാത്തിരുന്ന് കാണേണ്ട കാര്യങ്ങളാണ്. അടുത്ത തവണ ഇതുപോലുള്ള തെറ്റ് പ്രതിപക്ഷ ത്തിരിക്കുന്നവർ ആവർത്തിക്കേണ്ട കാര്യമില്ല. അതുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ ധൈര്യം കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, നേരത്തെ പാസ്സാക്കിയ ഒരു പ്രധാനപ്പെട്ട ബില്ലിൽ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഭേദഗതി വരുത്തിയതിലൂടെ എന്ത് ഗുണമുണ്ടായി? കേരളത്തിൽ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളും മദ്യഷാപ്പുകളും ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി വാങ്ങേണ്ടതായിട്ടുണ്ട് എന്ന നിയമമാണ് ഭേദഗതി ചെയ്തത്. ആ നിയമം ഭേദഗതി വരുത്തിയതിന്റെ ഭാഗമായി കേരളത്തിൽ ഒരു മദ്യഷാപ്പോ ഒരു ബാറോ പഞ്ചായത്തിന്റെ അനുമതി യില്ലാതെ തുറക്കാൻ കഴിയില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ അക്കാര്യം കൊണ്ടുവരികയാണ്. കേരളത്തിലെ ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട്ലെറ്റുകൾക്ക് പഞ്ചായത്തിന്റെ ഡി.ആന്റ്.ഒ. ലൈസൻസുണ്ട്? അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. എക്സൈസ് വകുപ്പിന്റെയും സംസ്ഥാന സർക്കാരിന്റെയും കീഴിലുള്ള ബിവറേജസ് കോർപ്പറേഷനുകളൊന്നും ലൈസൻസ്

എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. അവർക്കതൊന്നും ബാധകമല്ലെന്നാണ് അവർ പറയുന്നത്. പക്ഷേ ഞാൻ കേരള ഹൈക്കോടതിയിൽ നൽകിയ പൊതുതാൽപ്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ള ഡിവിഷൻ ബഞ്ച് ഉത്തരവിട്ടു. ആ കേസ് നടക്കുന്ന സമയത്ത് ബിവറേജസ് കോർപ്പറേഷൻ പറഞ്ഞത്, ഡി.ആന്റ്.ഒ. ലൈസൻസില്ലാതെ ഞങ്ങളൊരു സ്ഥലത്തും ഷാപ്പുകൾ ആരംഭിക്കുകയില്ലെന്നാണ്. ബിവറേജസ് കോർപ്പറേഷന്റെ എം.ഡി. തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്തിൽ ഡി.ആന്റ്.ഒ. ലൈസൻസിന് അപേക്ഷ നൽകിയപ്പോൾ, ഇത് ഭരണസമിതിയുടെ ഭാഗത്ത് വരുന്നതല്ലെന്ന് പഞ്ചായത്ത് സെക്രട്ടറി പറയുകയുണ്ടായി. ആക്ടിൽ വളരെ വ്യക്തമായി കാര്യങ്ങൾ പറയുന്നുണ്ട്, എന്തിനാണ് ഡി.ആന്റ് ഒ. ലൈസൻസ്; ഏത് സാഹചര്യത്തിലാണ് ആളുകൾക്കിത് കൊടുക്കേണ്ടത്; അപകടകരവും ആരോഗ്യത്തിന് ഹാനികരവുമായ വസ്തുക്കൾ വിൽക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ഇന്ന് ലൈസൻസ് നൽകാനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഭരണസമിതിക്കാണ്. വിഷ ദ്രാവകങ്ങൾ വിൽക്കുന്ന തുപോലെ മദ്യക്കുപ്പിയുടെ പുറത്ത് "ഇത് ആരോഗ്യത്തിന് ഹാനികരം" എന്ന് വളരെ വ്യക്തമായി എഴുതിവച്ചിട്ടുള്ളതാണ്. "ആരോഗ്യത്തിന് ഹാനികരം" എന്ന് ലേബൽ ഒട്ടിച്ച മദ്യക്കുപ്പി വിൽക്കുന്ന ഒരു കടയ്ക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് എങ്ങനെ ലൈസൻസ് നൽകാൻ കഴിയും? ഒരു കാരണവശാലും ലൈസൻസ് നൽകാൻ കഴിയില്ല. അന്ന് രൂപീകരിച്ച ബിൽ ഇന്നും നിലനിൽക്കുകയാണ്. മദ്യക്കുപ്പിയിൽ "ആരോഗ്യത്തിന് ഹാനികരം" എന്ന വാക്ക് ഉള്ളിടത്തോളം കാലം അതിനനുമതി നൽകേണ്ടത് ഗ്രാമപഞ്ചായത്താണ്. നമ്മൾ രൂപീകരിച്ച നിയമം വൃഥാവിലാകുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്ത് അനധികൃത കെട്ടിടങ്ങളെ ക്രമവൽക്കരിക്കാൻ പോകുകയാണ്. ഒരാൾ കോടതിയിൽ പോയാൽ എന്താണ് സ്ഥിതി; അനധികൃതമായ കെട്ടിടമെന്ന് തീരുമാനമെടുത്തിട്ട് അതെങ്ങനെ ന്യായീകരിക്കാൻ കഴിയും? തെറ്റിനെ പണമടച്ച് ന്യായീകരിക്കാൻ കഴിയുന്ന ഒരു സമ്പ്രദായം ഇന്ന് നമ്മുടെ രാജ്യത്തില്ല. ഇവിടെ പാസ്സാക്കാൻ പോകുന്ന ബില്ലിന്റെ ഭാഗമായി അതൊക്കെ അംഗീകരിക്കാം. പക്ഷേ കോടതിയുടെ മുന്നിൽ ഞാനൊരു തെറ്റ് ചെയ്തുവെന്ന് പറഞ്ഞ് പണമടച്ച് അതിനെ ക്രമവൽക്കരിക്കാൻ കഴിയുന്നത് എങ്ങനെയാണ്? ചില കാര്യങ്ങൾ ചെയ്യുന്നത് ജുഡീഷ്യൽ കമ്മീഷന്റെ മുന്നിൽ അഴിമതിയാണെന്ന് പറയുന്നതുപോലെ പണമടച്ച് ക്രമവൽക്കരിക്കാൻ കഴിയുന്നുവെന്ന് പറയുന്നതും അഴിമതിയാണ്. അങ്ങനെയാണെങ്കിൽ അഴിമതി നിരോധന നിയമമനുസരിച്ച് ഈ ബിൽ അവതരിപ്പിച്ച മന്ത്രിക്കെതിരെ കേസ്സെടുക്കേണ്ടിവരും. മന്ത്രി അഴിമതി ചെയ്തുവെന്ന് പറയുന്നതല്ല; ഇങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അഴിമതിയാണെന്നാണ് ഒരു കേസ്സുമായി ബന്ധപ്പെട്ട് ഞാൻ സൂചിപ്പിച്ചത്. ഇത് കോടതിയുടെ മുന്നിൽ നിൽക്കുന്ന ഒരു വിഷയമല്ല. തെറ്റായ കാര്യം ഞാൻ ചെയ്തത്, ക്രമവൽക്കരിക്കാൻ പണം കൊടുത്തുവെന്ന് പറയുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഒരു കോടതിയുടെ മുന്നിലും നിലനിൽക്കില്ല. സുപ്രീംകോടതി വരെ

പോകേണ്ട, ഇതൊരു പഞ്ചായത്ത് പ്രസിഡന്റിന്റെ ന്യായകോടതിയിൽ വച്ചാൽ അദ്ദേഹത്തിനുതന്നെ ശിക്ഷ വിധിച്ച് തള്ളിക്കളയാവുന്ന കേസ് മാത്രമാണ്. സുപ്രീംകോടതിയിലും മജിസ്ട്രേറ്റ് കോടതിയിലുമൊന്നും പോകേണ്ട. അത്രയും ദുർബ്ബലമായാണ് ഈ നിയമം രൂപീകരിച്ചിരിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. നമ്മളെപ്പോലെ പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നവർക്ക്, സാധാരണക്കാരായ, പാവപ്പെട്ടവരുടെ വീടിന് നമ്പരിട്ട് കൊടുക്കാതിരിക്കുന്ന സാഹചര്യം എങ്ങനെയാണുണ്ടായത്? ഇപ്പോൾ ക്രമവൽക്കരിക്കാൻ ഒരു പ്രശ്നവുമില്ല. പക്ഷേ ഇവിടെ സൂചിപ്പിച്ചുപോലെ 2013 മുതൽ 2018 വരെയുള്ള 5 വർഷക്കാലം പല പഞ്ചായത്ത് മെമ്പർമാരും അനുഭവിച്ച പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. ഒരു സെന്റീമീറ്ററും രണ്ട് സെന്റീമീറ്ററുമായി ബന്ധപ്പെട്ട പ്രശ്നങ്ങളായിരുന്നു. അങ്ങനെ കൊടുക്കാൻ കഴിയാതിരുന്ന ഒരു കാര്യം ഇപ്പോൾ കൊടുക്കുമ്പോൾ ആ പഞ്ചായത്ത് പ്രസിഡന്റുമാരും ആ ജനപ്രതിനിധികളും നിയമത്തെ അംഗീകരിച്ചതാണോ അവരുടെ തെറ്റ്? നാട്ടിലൊരു നിയമം രൂപീകരിക്കാൻ ശ്രമിച്ചതിന്റെ ഭാഗമായി, അഴിമതിക്ക് വിധേയമാകാത്തതിന്റെ ഭാഗമായി, കെട്ടിടത്തിന്റെ നമ്പർ കൊടുക്കാതിരുന്നതുകൊണ്ട് ഒന്നോ രണ്ടോ വോട്ടുകൾക്ക് തോറ്റുപോയ ചില ജനപ്രതിനിധികളും പഞ്ചായത്ത് മെമ്പർമാരുമുണ്ട്. പണമടച്ചാൽ അവരെ മെമ്പർമാരായി തിരികെ കൊണ്ടുവരുമോ? ഇടുക്കി ജില്ലയിലെ 38 കെട്ടിടങ്ങൾ എങ്ങനെയാണ് ക്രമവൽക്കരിക്കപ്പെടുന്നത്? ആ കെട്ടിടങ്ങളുടെ പേര് വായിക്കാൻ ബഹുമാന്യനായ മന്ത്രി തയ്യാറാണോ? ആകാശത്തോളം മുട്ടിനിൽക്കുന്ന 38-ഓളം കെട്ടിടങ്ങൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുകയാണ്. അവർക്കുമാത്രം എന്തെങ്കിലും പ്രത്യേകതയുണ്ടോ എന്നെനിക്കറിയില്ല. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ വെട്ടിനിരത്താനും ഇടിച്ചുമാറ്റാനും ശ്രമിച്ച് പരാജയപ്പെട്ട പല കെട്ടിടങ്ങളും ഇതിൽ വരികയാണ്. ബഹുമാന്യനായ ഡോ. കെ. ടി. ജലീൽ കുറ്റിപ്പുറത്ത് മത്സരിച്ച ആർജ്ജവം ഇവിടെയും കാണിക്കണം. സംസ്ഥാനത്ത് അനധികൃതമായി കെട്ടിടങ്ങൾ പണിയുകയും ആ കെട്ടിടങ്ങൾ ആരുടെയെങ്കിലും ശിപാർശയുടെ അടിസ്ഥാനത്തിൽ ക്രമവൽക്കരിക്കാമെന്നുമുള്ള രീതിയിലാണ് കാര്യങ്ങൾ പോകുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കുറ്റിപ്പുറത്ത് മന്ത്രി കാണിച്ചത് ആർജ്ജവമായിരുന്നുവെന്ന് അദ്ദേഹം അംഗീകരിക്കുകയാണ്. അത് നിലവാരമുള്ള കാര്യമായിരുന്നുവെന്ന് അംഗീകരിച്ചതിന് പ്രത്യേകം നന്ദി.

ശ്രീ. അനിൽ അക്കര: സർ, ശ്രീ. വി. എം. സുധീരനും ശ്രീ. ഉമ്മൻ ചാണ്ടിക്കുമെതിരെ ഞാൻ മത്സരിക്കില്ല, അതെന്റെ നിലപാടാണെന്ന് പറഞ്ഞുകൊണ്ട് ഡോ. കെ. ടി. ജലീൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരായാണ് കുറ്റിപ്പുറത്ത് മത്സരിച്ചത്. അതുതന്നെയാണ് ഡോ. കെ. ടി. ജലീലിന്റെ ആർജ്ജവം. ബഹുമാന്യനായ ഡോ. കെ. ടി. ജലീൽ ആ ധൈര്യം കാണിക്കണം. ഞാൻ വളരെ

പ്രതീക്ഷയോടെ വന്നയാളാണ്. എം.എൽ.എ. ഫണ്ട് എനിക്കുവേണ്ടെന്നും ആസ്തിവികസന ഫണ്ട് എന്റെ മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലെ വകുപ്പുകളിലേക്ക് ചേർത്താൽ മതിയെന്നും പറഞ്ഞയാളാണ് ഞാൻ. ഞാൻ പഞ്ചായത്ത് സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരാളാണ്. പ്രധാനമന്ത്രിയുടെ സൻസദ് യോജന പ്രകാരം പ്രവർത്തനമികവില്ലാത്ത ഒരു പഞ്ചായത്തിനെ ദത്തെടുക്കാൻ എം.പി.-മാരോട് നിർദ്ദേശിച്ചപ്പോൾ, ശ്രീ. രാഹുൽ ഗാന്ധി അതേറ്റെടുത്തപ്പോൾ അതിനെ എതിർത്തയാളാണ് ഞാൻ. നമ്മുടെ നാട്ടിലെ പഞ്ചായത്ത് സംവിധാനമെന്ന് പറയുന്നത്, ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞതുപോലെ ജയിച്ചവനും തോറ്റവനും ഒരുമിച്ച് ചേർന്ന് നാട്ടിലെ വികസനം നടത്തുകയെന്നുള്ളതാണ്. അല്ലാതെ ജയിച്ചവനും തോറ്റവനും ഒരുമിച്ചുചേർന്ന് അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഒരിടത്തും പറഞ്ഞിട്ടില്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ശ്രീ. മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് അവതരിപ്പിച്ചതെന്നാണ് തോന്നുന്നത്. ആ ബില്ലിൽ ഇടയ്ക്കിടയ്ക്ക് എന്തിനാണ് ഭേദഗതി വരുത്തുന്നത്? ഭേദഗതി വരുത്തുന്നത് അവിടെയൊക്കെ കള്ളത്തരങ്ങളും അഴിമതിയും കയ്യേറ്റവുമൊക്കെ നടക്കുന്നതുകൊണ്ടാണ്. നമ്മൾ രൂപീകരിച്ച സുസ്ഥിരമായ വികസനത്തിന്റെ മോഡലെന്നുപറയുന്നത് 1994-ലെ പഞ്ചായത്തീരാജ് ആക്ടാണ്. ആ ആക്ട് രാജ്യത്തെയല്ല, ലോകത്തിലെ ഏറ്റവും സുപ്രധാനമായ നിയമമാണ് കേരളത്തിലുണ്ടാക്കിയിട്ടുള്ളത്. അതിന്റെ അന്ത:സത്തയിലേക്ക് പോകുന്നത് ശരിയല്ല.

ശ്രീമതി യു. പ്രതിഭ ഹരി: സർ, നിയമം ലംഘിച്ചുകൊണ്ട് കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകുന്നുണ്ടെന്ന് പറയുന്നു. അത് ഉദാഹരണ സഹിതം പറയാമോ? എനിക്ക് സ്വാഭാവികമായുണ്ടായ ഒരു സംശയമാണ്.

ശ്രീ. അനിൽ അക്കര: " 2017 ജൂലൈ 31-ാം തീയതിക്ക് മുമ്പ് അനധികൃതമായി കെട്ടിടനിർമ്മാണമോ കൂട്ടിച്ചേർക്കലോ" എന്ന് ഇതിനകത്ത് കൃത്യമായി എഴുതി വച്ചിരിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്. ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചതിലേയ്ക്ക് വരികയാണ്. പശുവിനെ മുന്നിൽ നിന്നാണോ പിന്നിൽ നിന്നാണോ തല്ലേണ്ടതെന്ന് നോക്കി തല്ലിയാൽ മതി. മുന്നിൽനിന്നു തല്ലിയാൽ കുത്ത് കിട്ടും. പിന്നിൽനിന്നും തല്ലിയാൽ കാലുകൊണ്ട് ചവിട്ടുകിട്ടും. അത്ര വ്യത്യാസമേ ഇതിലുള്ളൂ. ഞാൻ പറഞ്ഞതിലേക്ക് വരികയാണ്. ഒരു ജുഡീഷ്യൽ കമ്മീഷൻ പറഞ്ഞതുപോലെ അഴിമതിയെ അല്ലെങ്കിൽ അനധികൃതമായ നിയമലംഘനത്തെ പണം കൊടുത്ത് സെറ്റിൽ ചെയ്യാൻ ശ്രമിക്കുന്നത് അഴിമതിയാണ്. ആ അഴിമതിക്ക് കൂട്ടുനിൽക്കാൻ കഴിയില്ല എന്നതുകൊണ്ടാണ് ഡിസെന്റ് രേഖപ്പെടുത്തിയത്. രണ്ടാമത്, 15 മാസത്തേക്ക് എന്നുള്ളത് 30 മാസത്തേക്ക് സ്വത്തുവിവരം നൽകാനുള്ള സമയം

നീട്ടിക്കൊടുക്കുകയാണ്. നോമിനേഷൻ കൊടുക്കുമ്പോൾ പഞ്ചായത്ത്/ നിയമസഭ/ ലോക്സഭ എന്നിവിടങ്ങളിലേയ്ക്ക് മത്സരിക്കുന്ന ആളുകളാണെങ്കിലും സ്വത്ത് വിവരം ഹാജരാക്കുന്നുണ്ടല്ലോ; പിന്നെ ജയിച്ച് കഴിഞ്ഞാൽ എന്തിനാണ് 30 മാസം? സമയം നീട്ടിക്കൊടുക്കുന്നതിന്റെ അന്തസ്സത്ത എനിക്ക് മനസ്സിലാകുന്നില്ല. മന്ത്രി വിശദീകരിക്കുമെന്ന് കരുതുന്നു. ജയിച്ചുകഴിഞ്ഞാൽ പല പഞ്ചായത്തുകളിലും പല കാര്യങ്ങൾ നടക്കുന്നുണ്ട്. ഗ്രാമസഭ വിളിച്ചുചേർക്കാത്തതുമായി ബന്ധപ്പെട്ട് ആളുകൾ അയോഗ്യരായ വിഷയം ഒരുതവണ വന്നു. സർക്കാർ അതുമായി ബന്ധപ്പെട്ട് ഓർഡിനൻസ് കൊണ്ടുവന്നു. അത് ശരിയായ കാര്യമല്ല. ഭരണഘടന പരിരക്ഷയുള്ള ഗ്രാമസഭ വിളിച്ചുചേർക്കാൻ ഒരു പഞ്ചായത്തംഗത്തിന് കഴിയുന്നില്ലെങ്കിൽ അയാൾ എന്തിന് അവിടെ തുടരണം? നാട്ടിലെ ജനങ്ങളെ അഭിമുഖീകരിക്കാൻ ആ പഞ്ചായത്ത് മെമ്പർക്ക് മൂന്നുമാസത്തിലൊരിക്കൽ കഴിയുന്നില്ല എന്നുള്ളതുകൊണ്ടാണ് അദ്ദേഹം ഗ്രാമസഭ വിളിക്കാത്തത്. നോമിനേഷൻ പേപ്പറിൽ സ്വത്തുവിവരം പൂർണ്ണമായി ചേർക്കുന്നുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പാണെങ്കിൽ 50,000 രൂപയോ 25,000 രൂപയോ ചെലവ് വരും. ആ 25,000 രൂപ കുറച്ച് കാണിച്ചാൽ മതി. കാരണം കയ്യിൽ നിന്നും 25,000 രൂപയല്ലേ ചെലവ് വരുന്നുള്ളൂ. 25,000 രൂപയുടെ കുറവ് മാത്രമാണ് തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം വരുന്നത്. കൂടുതലൊന്നും സമ്പാദ്യം വരുന്നില്ല; അല്ലെങ്കിൽ ഏതെങ്കിലും കെട്ടിടത്തിന് നമ്പരിട്ട് കൊടുക്കണം. അപ്പോൾ കുറച്ചധികം വരും. തൃശ്ശൂർ ടൗണിലെ ഇത്തരം ചില കെട്ടിടങ്ങൾ വേണമെങ്കിൽ ഞാൻ മന്ത്രിക്ക് ചൂണ്ടിക്കാണിച്ചുതരാം. അത് തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഓഫീസിൽ നിന്ന് നേരെ നോക്കിയാൽ കാണാൻ കഴിയുന്ന കെട്ടിടങ്ങളാണ്. അതുകൊണ്ട് അഴിമതിക്ക് ബഹുമാന്യനായ ഡോ. കെ. ടി. ജലീൽ കൂട്ടുനിൽക്കരുതെന്ന അഭ്യർത്ഥനയോടെ ഡിസെന്റ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നീ ബില്ലുകളെ എതിർത്ത് കൊണ്ട് ഞാനെന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഈ ബില്ലിന്റെ പ്രശ്നങ്ങൾ വളരെ വ്യക്തമായി മുൻമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. അനിൽ അക്കരയും പറഞ്ഞിട്ടുണ്ട്. ഇതൊരു ദൃഢതയില്ലാത്ത നിയമനിർമ്മാണമായതിനാലാണ് എനിക്ക് ഈ ബില്ലിനോട് വിയോജിപ്പുള്ളത്. ഇന്ത്യയുടെയും കേരളത്തിന്റെയും ചരിത്രം പഠിക്കുകയാണെങ്കിൽ, കാലങ്ങളെയും പ്രശ്നങ്ങളെയും അതിജീവിച്ച് 50 വർഷമോ 100 വർഷമോ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നിയമനിർമ്മാണമാണ് നമ്മുടെ സഭയിൽ നടക്കുന്നത്. പക്ഷേ എന്തെങ്കിലും പ്രശ്നം വന്നാൽ ഫെവിക്കോൾകൊണ്ട് ഒട്ടിക്കുന്നതുപോലെയോ അല്ലെങ്കിൽ വെള്ളം

ചോരാതിരിക്കാൻ ഫെവിക്വിക് വയ്ക്കുന്നതുപോലെയോ ഉള്ള ഒരവസ്ഥയിലുള്ള നിയമനിർമ്മാണമാണ് ഇന്ന് അവതരിപ്പിച്ചിരിക്കുന്ന ഈ മൂന്ന് ബില്ലുകളിലുമുള്ളത്. അതിന്റെ ദീർഘമായ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അനധികൃത കെട്ടിടങ്ങളെക്കുറിച്ചുള്ള കാര്യങ്ങളെല്ലാം എനിക്ക് മുമ്പ് സംസാരിച്ച ആളുകൾ പറഞ്ഞിരുന്നു. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനം കേരളമാണ്. മൂന്ന് കോടിയിൽപ്പരം ജനങ്ങളുള്ള ഇന്ത്യയിലെ ചെറിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഞാൻ ധാരാളം യാത്ര ചെയ്യുന്ന ഒരാളാണ്. എന്റെ മണ്ഡലത്തിൽ കാട്ടാക്കടയിലും ആര്യനാടും തിരുവനന്തപുരത്തുമൊക്കെയുള്ള എല്ലാ ജംഗ്ഷനിലെയും ട്രാഫിക്കിൽ ഒരു മണിക്കൂറോളം ക്യൂ നിൽക്കേണ്ട അവസ്ഥയാണുള്ളത്. ഇവിടെ അപ്പുറവും ഇപ്പുറവുമുള്ള എല്ലാ എം.എൽ.എ-മാരും മുറവിളി കൂട്ടുന്നത് ബൈപ്പാസുകൾക്കു വേണ്ടിയാണ്. ഇതിന്റെയൊക്കെ കാരണം, ഒരു അർബൻ കിയോസ്കിലാണ് ഇന്ത്യ, പ്രത്യേകിച്ച് കേരളം ഇന്ന് ജീവിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെപ്പോലെ രണ്ട് ടൗണുകൾ തമ്മിലുള്ള ദൂരം അഞ്ചോ പത്തോ കിലോമീറ്ററല്ല. ഓരോ നൂറ് മീറ്റർ കഴിയുമ്പോഴും പുതിയ ടൗൺ വരുന്ന അവസ്ഥയിൽ, കേരളത്തിൽ വളരെ ദൃഢമായുള്ള നിയമനിർമ്മാണം ആവശ്യമുണ്ട്. അതിന്റെ ഭാഗമായാണ് കാലാകാലങ്ങളായി എല്ലാ ബില്ലുകളിലൂടെയും വ്യക്തമായ നിയമങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ ഈ ബില്ലിലൂടെ അനധികൃത കെട്ടിടങ്ങളെ ക്രമവൽക്കരിക്കുന്നതോടുകൂടി, നമ്മളെല്ലാവരും പ്രസംഗിക്കുന്ന ബദൽ വികസന മോഡൽ എന്ന ആശയത്തിൽനിന്ന് പിന്നോട്ടു പോകുന്ന അവസ്ഥയാണുള്ളത്. അത് മാത്രമല്ല, ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനമായതുകൊണ്ട്, ഇത്തരത്തിലുള്ള അപകടങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നതും കേരളത്തിലാണ്. കഴിഞ്ഞ മൂന്ന് ദിവസമായി മഴയെയും ഉരുൾപൊട്ടലിനെയും കുറിച്ചുള്ള ചർച്ചയാണ് ഇന്നത്തെ അടിയന്തര പ്രമേയത്തിലും അതിനുശേഷമുള്ള ശ്രദ്ധക്ഷണിക്കലിലും നടന്നത്. മലബാറിൽനിന്നുള്ള നാല് എം.എൽ.എ.-മാർ പ്രസംഗിച്ചു. അവിടെ പല സ്ഥലങ്ങളിലെയും കെട്ടിടങ്ങൾ പൊളിയുകയാണ്. എന്റെ മണ്ഡലത്തിലേയ്ക്ക് പോകുന്ന വഴിയിൽ വട്ടിയൂർക്കാവിൽ, ഇന്നലെ ഒരു ഫ്ലാറ്റിനുവേണ്ടി മണ്ണിടിച്ചപ്പോൾ തൊട്ടടുത്തുള്ള റോഡ് ഇടിഞ്ഞുവീഴുകയുണ്ടായി. ഇത്തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളുള്ളപ്പോൾ അതിനെതിരെ നമുക്ക് ഒരുമിച്ച് നിൽക്കണമെങ്കിൽ ഇത്തരത്തിലുള്ള ബില്ലുകളെ നമ്മൾ പ്രതികൂലിക്കണം. 2017 ജൂലൈ 31 വരെ അനധികൃത കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് 1800 അപേക്ഷകളുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അതിൽ എത്രയെണ്ണമാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ, ഫ്ലാറ്റുകൾ, കൃത്യമായ പാർക്കിംഗ് ഇല്ലാത്തവ എന്നിവ ഇനം തിരിച്ച് പഠിക്കുകയാണെങ്കിൽ ഈ ബിൽകൊണ്ട് ഗുണമുണ്ടാകുമോയെന്ന കാര്യം കൂടുതൽ മനസ്സിലാക്കാൻ കഴിയും. അതുമാത്രമല്ല, ഇതിലൊരു വികേന്ദ്രീകരണം വരുന്നുണ്ട്. തിരുവനന്തപുരത്തേയ്ക്ക് വന്ന് ഇത്തരം പ്രശ്നങ്ങളിൽ

തീർപ്പുകൽപ്പിക്കുന്നതിനുപകരം പഞ്ചായത്തിലാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറി, മുനിസിപ്പാലിറ്റിയിലാണെങ്കിൽ ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ (അർബൻ അഫയേഴ്സ്) എന്നിവർക്കാണ് അതിൽ തീരുമാനമെടുക്കാനുള്ള അധികാരം കൊടുത്തിരിക്കുന്നത്. ത്രിതല സംവിധാനത്തെ നിരാകരിച്ചുകൊണ്ട് ഉദ്യോഗസ്ഥതലത്തിലേയ്ക്ക് വീണ്ടും അതിനുള്ള അധികാരം കൊടുക്കുന്നത് എത്രമാത്രം മോശപ്പെട്ട പ്രവണതയാണെന്ന് നമ്മളും ബഹുമാനപ്പെട്ട മന്ത്രിയും മനസ്സിലാക്കേണ്ടതാണ്. ഇങ്ങനെ വികേന്ദ്രീകരിക്കുമ്പോൾ ഉദ്യോഗസ്ഥ തലത്തിൽ നമുക്കിഷ്ടമില്ലാത്ത പല പ്രവണതകളിലേയ്ക്കും നയിക്കും. നമ്മളോരോരുത്തരും ജനങ്ങളോട് അക്കൗണ്ടബിലിറ്റിയുള്ളവരാണ്. ജനപ്രതിനിധികൾക്ക് ഇതിലുള്ള സ്വാധീനം കുറയ്ക്കുന്ന രീതിയിലാണ് ബില്ലിൽ മാറ്റങ്ങൾ വരുന്നത്. നിർദ്ദിഷ്ട സമിതിയിലെ അംഗങ്ങളിൽ ഒരാൾ നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടറാണെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇപ്പോൾ കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രസ്തുത തസ്തിക നികത്താതെ ഒഴിച്ചിട്ടിരിക്കുകയാണെന്ന് കാണാം. ഈ നിയമം നല്ല കാര്യമാണെന്ന് അങ്ങ് പറഞ്ഞു. ഈ അമെന്റ്മെന്റിനോടൊപ്പംതന്നെ ഗൈഡ്‌ലൈൻസൊക്കെ കൊണ്ടുവന്നു. ഇങ്ങനെ തസ്തിക ഒഴിച്ചിടുകയാണെങ്കിൽ മേൽപ്പറഞ്ഞ 1800 കേസുകളും പരിഹാരമില്ലാതെതന്നെ അവശേഷിക്കും.

മറ്റൊരു കാര്യം, ബഹുമാനപ്പെട്ട അനിൽ അക്കര പറഞ്ഞതുപോലെ പണം കൊടുക്കുകയാണെങ്കിൽ എല്ലാം ശരിയാകുമെന്നുള്ളത് ഇന്ത്യൻ നിയമത്തിനെതിരെയുള്ള ഒരു വ്യവസ്ഥിതിയാണ്. ഞാൻ ലോക്പാൽ ബില്ലിനെക്കുറിച്ചും അഴിമതി നിരോധന ബില്ലിനെക്കുറിച്ചും ഒന്നും പറയുന്നില്ല. പക്ഷെ, അത്തരത്തിലുള്ള സംശയങ്ങൾ നാളെ കോടതി അടക്കമുള്ള മറ്റ് സംവിധാനങ്ങളിൽനിന്ന് ഉയർന്നുവരികയാണെങ്കിൽ അതിനുള്ള മറുപടി നൽകേണ്ടത് നിയമസഭയാണ്. അതുപോലെ സ്വത്തുവിവരം വെളിപ്പെടുത്തുന്നതിനുള്ള സമയപരിധി 30 മാസമാക്കിയതിനോട് ഞാൻ യോജിക്കുന്നില്ല. കാരണം, നിയമസഭ/ലോക്സഭ ഇലക്ഷന് മുമ്പുതന്നെ ജനപ്രതിനിധികൾ കൃത്യമായ കണക്കുകൾ തയ്യാറാക്കി നൽകുന്നുണ്ട്. വീണ്ടും 30 മാസം കൊടുക്കുകയാണെങ്കിൽ അടുത്ത പ്രാവശ്യം അത് 60 മാസം ആകുമെന്നുള്ള ഉറപ്പ് എവിടെയോ അലിഖിതമായി കൊടുക്കുകയാണ്. ഈ മൂന്ന് ബില്ലുകളും ത്രിതല പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനുപകരം അതിന്റെ അധികാരങ്ങൾ കുറച്ചുകൊണ്ട് കേരളത്തിൽ വലിയ രീതിയിലുള്ള അഴിമതിക്കുള്ള വാതായനങ്ങൾ തുറന്നുകൊടുക്കുന്നതുകൊണ്ടാണ് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നത്. അതെല്ലാം കണക്കുകൂട്ടിക്കൊണ്ടുള്ള മാറ്റങ്ങൾ കൊണ്ടുവരികയാണെങ്കിൽ തീർച്ചയായും അതിനോട് ഞങ്ങളുടെ ഭാഗത്തുനിന്നും സഹകരണമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി.

മി.ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന് പ്രത്യേക നന്ദി.

ശ്രീ. പി. ഉബൈദുള്ള: സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നീ മൂന്ന് ബില്ലുകളിലെയും നിർദ്ദേശങ്ങളോട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന്റെ ഭാഗമായി നിശ്ചിത ഫീസ് ഈടാക്കി സാധൂകരിക്കാമെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്ന ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞത്, പല എം.എൽ.എ.-മാരും ഇത്തരം വിഷയങ്ങൾ ശിപാർശ ചെയ്തിട്ടുണ്ടെന്നാണ്. എം.എൽ.എ.-മാർ ശിപാർശ ചെയ്തുവെന്നുള്ളതുകൊണ്ട് നിയമം ലംഘിക്കുന്നതിന് മന്ത്രി കൂട്ടുനിൽക്കാൻ പാടില്ല. നിയമത്തിന് വിധേയമാണെങ്കിൽ മാത്രമേ ഇത്തരം കാര്യങ്ങൾ നടത്താൻ പാടുള്ളൂവെന്നാണ് എന്റെ അഭിപ്രായം. എം.എൽ.എ.-മാർ ശിപാർശ ചെയ്തുവെന്നത് ഒരു ന്യായീകരണമായി പറയാൻ സാധിക്കില്ല. ഇതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സമിതിയിൽ, ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി എന്നിവരായിരിക്കും അംഗങ്ങൾ. മുനിസിപ്പാലിറ്റിയാണെങ്കിൽ റീജിയണൽ ജോയിന്റ് ഡയറക്ടർകൂടി അംഗമാണ്. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചതുപോലെ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഒരു പ്രതിനിധിയെങ്കിലും ഈ സമിതിയിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്. എല്ലാ കാര്യങ്ങളും ഉദ്യോഗസ്ഥരെ ഏൽപ്പിച്ച്, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾക്ക് യാതൊരു ഉത്തവാദിത്വവുമില്ലെന്ന നിലപാട് വരുന്നത് ഒരിക്കലും ശരിയല്ല. ഈ സമിതിയിൽ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സഭയിൽനിന്നും അവർ തെരഞ്ഞെടുക്കുന്ന ഒരാളെങ്കിലും ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കണം. അതിൽ അശ്രദ്ധകൊണ്ടും അറിവില്ലായ്മകൊണ്ടും ബോധപൂർവ്വം നിയമം ലംഘിച്ചതുമുണ്ടാകും. മെറിറ്റ് പരിശോധിച്ചായിരിക്കണം പിഴ ഈടാക്കേണ്ടത്. അല്ലാതെ മൊത്തം സ്ക്വയർ ഫീറ്റ് തീരുമാനിച്ച് പിഴ ഈടാക്കരുത്. നിയമം ലംഘിക്കാനുള്ള ഒരു വഴിയായി ഇത് മാറാൻ പാടില്ല. പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, മതധർമ്മ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെ പിഴയീടാക്കാതെ പരിപൂർണ്ണമായി ക്രമവൽക്കരിക്കണമെന്നാണ് എന്റെയൊരു നിർദ്ദേശം. 1566 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 1566 അപേക്ഷകളിൽ ഈ ഗണത്തിൽപ്പെടുന്ന എത്ര അപേക്ഷകളുണ്ടെന്ന് പരിശോധിക്കണം. വളരെ കുറഞ്ഞ അപേക്ഷകൾ മാത്രമേ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ, മതധർമ്മ സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ

എന്നിവിടങ്ങളിൽനിന്നുമുണ്ടാകുകയുള്ളൂ. പിഴ ഈടാക്കുന്നതിൽനിന്നും അവയെ പൂർണ്ണമായി ഒഴിവാക്കണം. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്. ആ ഗ്രാമസ്വരാജ് സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നഗരപാലികാ സംവിധാനം കൊണ്ടുവന്നത്. യശഃശരീരനായ രാജീവ് ഗാന്ധിയാണ് ആദ്യമായി ഇന്ത്യയിലെ ആയിരക്കണക്കായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് നേരിട്ട് കത്തെഴുതിയത്.

ബഹുമാന്യനായ സി. ടി. അഹമ്മദ് അലിയാണ് പഞ്ചായത്ത് രാജ് നഗരപാലികാ ബിൽ അവതരിപ്പിച്ചത്. ഇപ്പോൾ പഞ്ചായത്ത് രാജ് നഗരപാലികാ സംവിധാനം പാടെ അട്ടിമറിക്കപ്പെടുകയാണ്. ഗ്രാമസ്വരാജിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗ്രാമസഭകളിലെ പങ്കാളിത്തം കുറയുകയാണ്. ഗ്രാമസഭ വിളിച്ചുകൂട്ടാനുള്ള ഉദ്യോഗസ്ഥർപോലുമില്ലാത്ത സ്ഥിതിയാണുള്ളത്. ആരോഗ്യ വകുപ്പിലെ ജെ.പി. എച്ച്.എൻ.-മാരെയും ജെ.എച്ച്.ഐ.-മാരെയും ഗ്രാമസഭയുടെ കോ-ഓർഡിനേറ്റർ മാരായി, ഗ്രാമസഭ വിളിച്ച് കൂട്ടാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരായി ചീഫ് സെക്രട്ടറി ഒരുത്തരവിറക്കിയിരുന്നു. എന്നാൽ ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവ് മറികടന്ന് അഡീഷണൽ ചീഫ് സെക്രട്ടറി പറയുന്നത് ആരോഗ്യവകുപ്പിലെ ഒരുദ്യോഗസ്ഥരേയും ഇത്തരം ജോലിക്ക് നിയോഗിക്കാൻ പാടില്ലെന്നാണ്. ചീഫ് സെക്രട്ടറിയുടെ ഉത്തരവിനെതിരായിട്ടാണ് അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവിറക്കിയത്. ഇതുകാരണം പല പഞ്ചായത്തുകളിലും ഇപ്പോൾ ഗ്രാമസഭകൾ വിളിച്ചുകൂട്ടാനുള്ള ഉദ്യോഗസ്ഥരില്ല. സർക്കാരിന്റെ തലതിരിഞ്ഞ നയം കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികളൊക്കെ ഉപേക്ഷിക്കേണ്ട സ്ഥിതിയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനടക്കം ആറ് നിയമസഭാ സാമാജികരും നേരത്തെ മലപ്പുറം ജില്ലാ പഞ്ചായത്ത് അംഗങ്ങളായിരുന്നവരാണ്. സർക്കാർ നയം കാരണം ജില്ലാ പഞ്ചായത്ത് വിവിധ ജനക്ഷേമ പദ്ധതികൾ ഉപേക്ഷിക്കുന്നു എന്നൊരു വാർത്ത പത്രത്തിൽ കാണാനിടയായി. ഇന്ത്യയിലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി മാറിയ മലപ്പുറം ജില്ലാ പഞ്ചായത്ത് ഒട്ടേറെ ജനക്ഷേമകരമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എഗ്രിമെന്റുകൾ വച്ച വർക്കുകൾ മാത്രമേ സ്പിൽഓവറായി കണക്കാക്കാൻ കഴിയൂ എന്നാണ് പറയുന്നത്. എഗ്രിമെന്റ് ഒപ്പുവയ്ക്കണമെങ്കിൽ ആവശ്യമായ എഞ്ചിനീയർമാരില്ല. പല എ.ഇ.-മാർക്കും രണ്ട് പഞ്ചായത്തുകളുടെ ചുമതലയാണുള്ളത്. ആവശ്യമായ എഞ്ചിനീയർമാരെ നിയമിക്കാതെ എഗ്രിമെന്റ് വയ്ക്കാത്ത വർക്കുകൾ സ്പിൽഓവറായി കണക്കാക്കില്ലെന്ന് പറയുന്നത് പദ്ധതി പ്രവർത്തനത്തെ ബാധിക്കും. പഞ്ചായത്ത് വകുപ്പിൽ ആറ് ജോയിന്റ് ഡയറക്ടർമാർ

വേണ്ട സ്ഥാനത്ത് ഒരു ജോയിന്റ് ഡയറക്ടർ മാത്രമാണുള്ളത്. പതിനാറ് എ.ഡി.പി. (അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്) തസ്തിക പഞ്ചായത്ത് വകുപ്പിലുണ്ട്. നിലവിൽ ആലപ്പുഴയിൽ മാത്രമാണ് എ.ഡി.പി. ഉള്ളത്. ബാക്കി ഒരു ജില്ലയിലും എ.ഡി.പി.യില്ല. എ.ഡി.പി. തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. സാങ്കേതികത്വം പറഞ്ഞ് അവരുടെ പ്രൊമോഷൻ സാധ്യതകൾ നിർത്തിവച്ചിരിക്കുകയാണ്. ജീവനക്കാരില്ലാത്തതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. ഇപ്പോഴുള്ള ജീവനക്കാർപോലും അസംതൃപ്തരാണ്. ഇപ്പോൾ വകുപ്പുകളുടെയും ഏകീകരണം നടക്കുകയാണ്. പഞ്ചായത്തും മുനിസിപ്പാലിറ്റിയും ഗ്രാമവികസനവും ടൗൺ പ്ലാനിംഗും എഞ്ചിനീയറിംഗ് വിഭാഗവുമെല്ലാംകൂടി ഒരു വകുപ്പാക്കി ഏകീകരിക്കാനുള്ള തീരുമാനത്തിലൂടെ ഉദ്യോഗസ്ഥരുടെ നിലവിലുള്ള സീനിയോറിറ്റി, അവരുടെ പ്രൊമോഷൻ സാധ്യതകൾ ഇരുളടയുന്ന എന്നിങ്ങനെയുള്ള പ്രശ്നങ്ങളുള്ളതുകൊണ്ട് ഉദ്യോഗസ്ഥർ അസന്തുഷ്ടരാണ്. അസന്തുഷ്ടരായ ഉദ്യോഗസ്ഥരെ വച്ച് ഒരു സർക്കാരിനും പഞ്ചായത്തിനും മുന്നോട്ടുപോകാൻ കഴിയില്ല. ഇപ്പോൾ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ശമ്പളം കൊടുക്കുന്നത് അവരുടെ തനത് ഫണ്ടിൽനിന്നാണ്. കേരളത്തിലെ 139 ഗ്രാമപഞ്ചായത്തുകളും ഉദ്യോഗസ്ഥർക്ക് ശമ്പളവും ആനുകൂല്യങ്ങളും കൊടുക്കാൻ കഴിയാത്ത പരിതാപകരമായ അവസ്ഥയിലാണ്. അങ്ങനെയൊരു സാഹചര്യത്തിൽ അഞ്ച് വകുപ്പുകളും ഏകീകരിക്കുന്നതോടുകൂടി അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാരാണോ പഞ്ചായത്താണോ നൽകുന്നതെന്നത് സംബന്ധിച്ച് ഒരു വ്യക്തത വരുത്തേണ്ടതുണ്ട്. ഏറ്റവുമൊടുവിൽ പഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഗ്രാന്റടക്കം സർക്കാർ പിൻവലിക്കുകയുണ്ടായി. എകീകരണം വരുന്നതോടുകൂടി അവർക്ക് നൽകിവന്നിരുന്ന ജനറൽ പർപ്പസ് ഗ്രാന്റും ഗ്യാപ്പ് ഫണ്ട് ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും സർക്കാർ തുടർന്ന് നൽകുമോയെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ജി.എസ്.ടി. നടപ്പായശേഷം പരസ്യനികുതി, വിനോദനികുതി എന്നീ ഇനങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 60 ശതമാനത്തിലധികം കുറവുണ്ടായിട്ടുണ്ട്. ജി.എസ്.ടി. വന്നതോടുകൂടി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം വരുമാനത്തിൽ മൂന്ന് ശതമാനത്തിന്റെ കുറവുണ്ടായി. 2018-2019 വർഷം വിനോദനികുതിയിൽ വന്ന നഷ്ടം പരിഹരിക്കാൻ ഫണ്ട് അനുവദിക്കുമെന്ന് ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നേരത്തെ പറഞ്ഞിരുന്നു. എന്നാൽ ഇതുവരെയും അതുണ്ടായിട്ടില്ല.

ലൈഫ് പദ്ധതിയെപ്പറ്റി ഇവിടെ പറയേണ്ട കാര്യമില്ല. ലൈഫ് പദ്ധതിക്ക് അപേക്ഷിക്കണമെങ്കിൽ റേഷൻ കാർഡ് വേണമെന്ന് പറഞ്ഞു. അർഹതപ്പെട്ട പലർക്കും അപേക്ഷ കൊടുക്കാൻ കഴിയാതെയായിരിക്കുകയാണ്. ഇപ്പോൾ സ്വന്തമായി ഭൂമിയുള്ള 1.63 ലക്ഷം ഭവനരഹിതർ നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിലും അയ്യായിരം

പേർക്കുമാത്രമേ ധനസഹായം കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. അതെല്ലാം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമാണ്. സർക്കാരിന്റെ ഒരു വിഹിതത്തെപ്പറ്റിയും അതിൽ പറഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. പി.എം.എ.വൈ. ഭവനപദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതം ഇതുവരെയും ലഭിക്കാത്ത സ്ഥിതിയാണ് മുനിസിപ്പാലിറ്റികളിലുള്ളത്. സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കാത്തതുകൊണ്ട് വീട് നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കേണ്ട സ്ഥിതിയാണ് മുനിസിപ്പാലിറ്റികളിലുള്ളത്. എന്റെ മണ്ഡലത്തിലെ മലപ്പുറം നഗരസഭയിലടക്കം 1463 ഗുണഭോക്താക്കളുണ്ട്.

മറ്റൊരുകാര്യം, ക്ഷേമ പെൻഷനുകൾക്ക് അപേക്ഷ കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളതാണ്. ഒന്നര മാസമായി സൈറ്റ് ക്ലോസ് ചെയ്തിരിക്കുകയാണ്. ഒരു പഞ്ചായത്തിലും ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നില്ല. സർക്കാർ പറഞ്ഞത് ഞങ്ങൾ അധികാരത്തിൽ വന്നാൽ പെൻഷൻ വീട്ടിൽ കൊണ്ടുകൊടുക്കുമെന്നാണ്. ഒരാൾക്കും പുതിയതായി അപേക്ഷ കൊടുക്കാൻപോലും കഴിയാത്ത സ്ഥിതിയാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. മുനിസിപ്പാലിറ്റിയിലാണെങ്കിൽ അവരുടെ ഡി.റ്റി.പി. സെർവർ പ്രവർത്തിക്കാത്തതിനാൽ മുനിസിപ്പൽ കൗൺസിലും സ്റ്റാന്റിംഗ് കമ്മിറ്റിയുമെല്ലാം അംഗീകരിച്ച ധാരാളം പെൻഷൻ അപേക്ഷകളുണ്ട്. അതിപ്പോൾ സർക്കാരിന്റെ കനിവ് കാത്ത് കഴിയുകയാണ്. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട മറ്റൊരു കാര്യം, ഞങ്ങളുടെ ജില്ലാ ആസ്ഥാന നഗരസഭയായ മലപ്പുറം നഗരസഭ ഫസ്റ്റ് ഗ്രേഡ് നഗരസഭയാണ്. അവിടെ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്; നിലവിൽ ആ തസ്തികയില്ല. അതോടൊപ്പം മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അംഗങ്ങളായി സേവനമനുഷ്ഠിച്ചിട്ടുള്ള മുൻ പഞ്ചായത്ത് അംഗങ്ങൾ ഗ്രാമങ്ങളുടെ വികസനത്തിൽ വലിയ പങ്ക് വഹിച്ചവരാണ്. അവർക്ക് പെൻഷൻ വേണമെന്നത് നിരന്തരമായ ഒരാവശ്യമാണ്. എല്ലാ വിഭാഗം ആളുകൾക്കും ധാരാളം ക്ഷേമപെൻഷൻ പദ്ധതികളുള്ള ഒരു സംസ്ഥാനമാണ് കേരളം. അവർക്കുംകൂടി പെൻഷൻ നൽകുന്നതുകൊണ്ട് കേരളത്തിന് വലിയൊരു സാമ്പത്തികബാധ്യത വരുമെന്ന് കരുതേണ്ടതില്ല. അതുപോലെ നമ്മുടെ രാജ്യത്തിന്റെ പുരോഗതിയിൽ, പ്രത്യേകിച്ച് ഗ്രാമവികസനത്തിൽ വലിയ പങ്ക് വഹിച്ചിട്ടുള്ള മുൻ തദ്ദേശസ്വയംഭരണ സ്ഥാപന അംഗങ്ങൾക്ക് പെൻഷനും ക്ഷേമനിധിയും സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കാൻ സർക്കാർ മുന്നോട്ട് വരണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. മുനിസിപ്പൽ ആക്റ്റിലെ 143 (എ) വകുപ്പ് 1-ാം ഉപവകുപ്പിൽ ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ 15 മാസത്തിനകം നിശ്ചിത ഫോറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാധ്യതകളുടെയും വിവരങ്ങൾ

ഒരു കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്നുണ്ട്. 2007-ൽ നിയമ ഭേദഗതിയിലൂടെ ഒരേയൊരു തവണത്തേയ്ക്ക് 90 ദിവസത്തെ സമയം അനുവദിച്ചത് 2013-ൽ 15 മാസമാക്കി വർദ്ധിപ്പിക്കുകയാണുണ്ടായത്. രണ്ട് പ്രാവശ്യം സമയം ദീർഘിപ്പിച്ച് നൽകിയിട്ടും സ്വത്ത് വിവരം സമയബന്ധിതമായി നൽകാത്തത് ഒരിക്കലും നീതീകരിക്കത്തക്കതല്ല, ആയതിനാൽ 15 മാസം എന്ന സമയപരിധി 30 മാസം ആക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഭേദഗതി ശരിയല്ല. തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിക്ക്, ഏത് സഭയിലായാലും, ഒരു സമയപരിധി നിശ്ചയിച്ച് 3 മാസമെന്നത് 15 മാസമാക്കി. ഇനിയത് 30 മാസമാക്കാൻ പോകുകയാണ്. 30 മാസമാക്കിയിട്ടും കൊടുത്തില്ലെങ്കിൽ ഇനി കൊടുക്കണ്ടെന്ന് തീരുമാനിക്കുമോ; കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ചതുപോലെ ഇതും ഇളവുചെയ്ത് ഇനിയാരും ഒരു കണക്കും ഹാജരാക്കേണ്ടെന്ന് പറയുമോ? ആ രീതിയിലേയ്ക്ക് പോകുന്നത് ശരിയല്ല. ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് അതിന്റേതായ ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് ഈ ഭേദഗതി നിർദ്ദേശത്തോട് വിയോജിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന് പ്രത്യേക നന്ദി.

ശ്രീമതി വീണാ ജോർജ്ജിനുവേണ്ടി (ശ്രീ. കെ. വി. അബ്ദുൾ ഖാദർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി ഏതെങ്കിലും തരത്തിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണെന്ന് പറയാൻ സാധിക്കില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് നമ്പർ കിട്ടിയില്ലെങ്കിൽ അത് ക്രമവൽക്കരിക്കുന്നതിനുള്ള ഒരു നിയമം പാസ്സാക്കിയിരുന്നു. അതിൽ സർക്കാരാണ് പിഴ ഈടാക്കി റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടി ആ നിയമത്തിൽ വ്യവസ്ഥ നൽകിയിരുന്നത്. എന്നാലത് അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടിയാണ് മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന ഒരു സമിതി രൂപീകരിച്ചിട്ടുള്ളത്.

3.00 PM.]

എല്ലാ ഉദ്യോഗസ്ഥരും അഴിമതിക്കാരാണെന്ന് പറയാൻ സാധിക്കില്ല. ഉദ്യോഗസ്ഥർ ചേർന്ന ഒരു സമിതിയാണിത്. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ, പഞ്ചായത്തിലാണെങ്കിൽ പഞ്ചായത്ത് സെക്രട്ടറി, നഗരസഭയിലാണെങ്കിൽ നഗരസഭാ സെക്രട്ടറി, ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവരുൾ

ക്കൊള്ളുന്ന ഒരു സമിതിയാണ് ഇത് തീരുമാനിക്കുന്നത്. അതുകൊണ്ടുതന്നെ ഇത് ഒരു തരത്തിലും അഴിമതിയുണ്ടാകാത്ത വിധത്തിലുള്ള സംവിധാനം തന്നെയാണ്. നേരത്തെയുണ്ടായിരുന്ന സംവിധാനത്തെക്കുറിച്ചും ലേലം വിളിയെ സംബന്ധിച്ചും നമുക്കറിയാം. അത്തരത്തിലുള്ള അഴിമതിയാരോപണങ്ങൾ ഒഴിവാക്കുന്നതിനുകൂടി സഹായകരമായ ഒന്നാണിത്.

നികുതി നിർണ്ണയിക്കുന്നതുപോലുള്ള കാര്യങ്ങളിൽ എന്തുകൊണ്ട് ജനപ്രതി നിധികളെ ഉൾപ്പെടുത്തുന്നില്ലെന്ന് നേരത്തെ സംസാരിച്ച പല അംഗങ്ങളും ചോദിച്ചു. പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നികുതി നിശ്ചയിക്കുന്നത് ജനപ്രതിനിധികളോ ഭരണസമിതിയോ ആണോ; ഇന്നയാൾക്ക് ഇത്ര നികുതി എന്ന് നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ ഭരണസമിതികൾക്ക് നിലവിലില്ല. അത് ഉദ്യോഗസ്ഥതലത്തിൽ തന്നെയാണ് ഇപ്പോഴുമുള്ളത്. അതിൽ ജനപ്രതിനിധികളുണ്ടാകണമെന്ന അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല.

ഇപ്പോൾ പല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നമ്പരിടാത്ത കുറേ അനധികൃത കെട്ടിടങ്ങളുണ്ട്. ചിലർ അതിൽ ബംഗാളികളെ കൊണ്ടുവന്ന് താമസി പ്പിക്കുന്നു. പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും യാതൊരു വരുമാനവുമില്ല. അവ നമ്മൾ ഇടിച്ചു നിരത്തുന്നില്ല; അവ നിലനിൽക്കുകയാണ്. അത്തരത്തിൽ സർക്കാരിന് ഗുണകരമായ വിധത്തിൽ പിഴ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കുന്നതിനുള്ള ഒരു ഭേദഗതിയാണ് എന്നതുകൊണ്ട് തീർച്ചയായും പ്രോത്സാഹനജനകമായ കാര്യമാണിത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ജനപ്രതിനിധികൾക്ക് അവകാശം കൊടുക്കണമെന്ന് ചില ആളുകൾ പറയുന്നുണ്ട്. യഥാർത്ഥത്തിൽ ജനപ്രതിനിധികൾക്ക് കെട്ടിടനിർമ്മാണ ചട്ടവുമായി യാതൊരു ബന്ധവുമില്ല. സെക്രട്ടറിക്കാണ് അതിന്റെ ഉത്തരവാദിത്വമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, അതാണ് ഞാൻ പറഞ്ഞത്. നേരത്തെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവർക്ക് ഈ ചട്ടം അറിയാത്തതുകൊണ്ടല്ല; പക്ഷേ ഈ നിയമത്തിൽ ചട്ടവിരുദ്ധമായി എന്തോ കൊണ്ടുവന്നിരിക്കുന്നു എന്ന മട്ടിലാണ് വളരെ ബോധപൂർവ്വം അവർ സംസാരിച്ചത്. നികുതി നിർണ്ണയിക്കാനുള്ള അധികാരം ഭരണ സമിതികൾക്കും ജനപ്രതിനിധികൾക്കും കൊടുക്കുന്നതല്ല ഉചിതം. നമ്മുടെ നാട്ടിൽ പഞ്ചായത്ത് ഭരണസമിതിക്കാണ് നികുതി നിർണ്ണയിക്കാനുള്ള അധികാരമെങ്കിൽ പല തരത്തിലുള്ള സമ്മർദ്ദങ്ങളും പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമുണ്ടാകും. അതൊഴിവാക്കുന്നത് തന്നെയാണ് നല്ലത്. അത് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാകുന്നത് തന്നെയാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

ഈ നിയമം മൂന്ന് കാര്യങ്ങൾക്ക് ബാധകമല്ല. നെൽവയൽ തണ്ണീർത്തട നിയമം, സി.ആർ.ഇസഡ്. നിയമം, ഫയർ സർവ്വീസ് നിയമം എന്നിവ ലംഘിച്ച കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് ഇതിൽ വ്യവസ്ഥയില്ല. അതുകൊണ്ടുതന്നെ നിയമ ലംഘനത്തിനുള്ള ഒരു സർട്ടിഫിക്കറ്റാണ് ഈ നിയമമെന്നുപറയുന്നതിൽ ഒരർത്ഥവുമില്ല. ഇവിടെ സി.ആർ.ഇസഡ്.-ഉമായി ബന്ധപ്പെട്ട ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. ഇതിന്റെ പരിധിയിൽ അത് വരുന്നില്ലെങ്കിൽപ്പോലും പ്രസക്തമായ കാര്യമാണത്. പ്രത്യേകിച്ചും തീരദേശത്തുനിന്ന് വരുന്ന എല്ലാ ജനപ്രതിനിധികളും അറിയുന്ന കാര്യമാണ്. കാരണം, താമസിക്കുന്ന സ്ഥലത്തെ വീട് പൊളിച്ച് പുതിയത് പണിയണമെങ്കിൽപ്പോലും ഇപ്പോൾ പഞ്ചായത്ത് സെക്രട്ടറിമാരോ നഗരസഭാ സെക്രട്ടറിമാരോ അനുമതി കൊടുക്കുന്നില്ല. പതിനായിരത്തോളം അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുകയാണ്. നിയമം ലംഘിച്ചവർക്ക് അത് റെഗുലറൈസ് ചെയ്യാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. ഇതോടൊപ്പം 600 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങൾക്ക് പിഴ അടയ്ക്കണമെന്ന നിയമം ബാധകവുമല്ല. ആ തരത്തിൽ, നിലവിലുള്ള സാഹചര്യത്തിൽ നല്ലൊരു നിയമം തന്നെയാണ് ഇതെന്നാണ് എനിക്ക് തോന്നുന്നത്. ദീർഘമായി സംസാരിക്കുന്നില്ല. ഞാനെന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാനത്ത് പല സ്ഥലത്തും നിയമവിരുദ്ധമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും അതിന്റെ വീതി വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ധാരാളമായി കണ്ടുവരുന്നുണ്ട്. അതിനൊരു പരിഹാരം കാണാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയാലും ഭാവിയിൽ ഇതാവർത്തിക്കാതിരിക്കാനുള്ള നടപടികൾ എങ്ങനെ സ്വീകരിക്കാൻ സാധിക്കുമെന്നാണ് നോക്കേണ്ടത്. ഇവിടെ നിലനിൽക്കുന്ന ഒരു തെറ്റായ കീഴ്വഴക്കം നമ്മൾ പരിഹരിക്കാൻ ശ്രമിച്ചെങ്കിലും പരിഹരിക്കാനായില്ല; അത് പരിഹരിക്കപ്പെടണം. അത് ഫലപ്രദമായി നടപ്പാക്കാനാവശ്യമായ നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ പലരും ആശങ്ക പ്രകടിപ്പിച്ചതുപോലെ വീണ്ടും ഇതുപോലുള്ള സാഹചര്യമുണ്ടാകാൻ പാടില്ല. അതിനെ നിയന്ത്രിക്കാൻ ഈ ബിൽ പ്രാവർത്തികമാക്കുന്ന അവസരത്തിൽ ഇനി നിയമലംഘനം നടത്തപ്പെടാതിരിക്കാനുള്ള ശക്തമായ നടപടികൾ കൂടി പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ബിൽ പ്രായോഗികമായി നടപ്പിലാക്കേണ്ട പ്രശ്നമാണ്. അതുപോലെ നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം പലപ്പോഴും ഭയപ്പാടുണ്ടാക്കുന്ന ഒരു പ്രശ്നമാണ്

തണ്ണീർത്തട മേഖലകൾ കയ്യേറുന്നത്. മാറിമാറി വന്ന സർക്കാരുകൾക്ക് ഇത് തടയാനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ ആവശ്യമായ നിയമം നടപ്പിലാക്കുന്നതോടൊപ്പം ഇവിടെ സൂചിപ്പിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ജനകീയസ്വഭാവം ഗ്രാമസഭകൾക്ക് നൽകിയത് അതിനെ കൂടുതൽ മെച്ചപ്പെടുത്താനും കൂടുതൽ നല്ല നിലയിൽ പ്രവർത്തിക്കാനും അവയുടേതായ അന്തസ്സ് നിലനിർത്താനും സംരക്ഷിക്കപ്പെടാനും വേണ്ടിയാണ്. ആദ്യമായി ഗ്രാമീണ നിലവാരത്തിൽ പാവപ്പെട്ട ആളുകൾക്ക് വെള്ളം കൊടുക്കുന്നതിനും മറ്റും സാധാരണയിൽ കവിഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വന്നത് കർണ്ണാടകത്തിലാണെന്നാണ് എനിക്ക് തോന്നുന്നത്. അതാണ് ഒരു മാതൃകയാക്കിയത്. ആ മാതൃകയുടെ അടിസ്ഥാനത്തിലാണ് പിന്നീട് കേന്ദ്ര ഗവൺമെന്റ് ഒരു ഭരണഘടനാ ഭേദഗതി ഇതുമായി ബന്ധപ്പെട്ട് ഗ്രാമസഭകളിൽ കൊണ്ടുവന്നത്. അതുകൊണ്ട് അവ ശക്തമാക്കണം. അതേ അവസരത്തിൽ ഈ തെറ്റായ കീഴ്വഴക്കങ്ങൾ അവസാനിപ്പിക്കാനും സർക്കാരിന് സാധിക്കും. അതിലെന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ പരിഹരിക്കാൻ സാധിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ബില്ലുകളെ ഞാൻ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒരു ചെറിയ ഭേദഗതി മാത്രമായതുകൊണ്ട് ദീർഘമായി സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ എനിക്ക് മുമ്പ് സംസാരിച്ച ചില അംഗങ്ങൾ, പ്രത്യേകിച്ച് പഞ്ചായത്ത് രാജ് സംബന്ധിച്ച് എപ്പോഴും സംസാരിക്കാറുള്ള ശ്രീ. അനിൽ അക്കരയടക്കമുള്ളവരുടെ പ്രസംഗം കേട്ടതുകൊണ്ട് ചില കാര്യങ്ങൾ പറയാതിരിക്കാൻ കഴിയില്ല. 21 വർഷത്തെ, ഒരുപക്ഷേ വികേന്ദ്രീകരണ ആസൂത്രണത്തിന്റെ ചരിത്ര നിമിഷത്തിലൂടെയാണ് നമ്മൾ ഈ വർഷം കടന്നു പോയത്. അതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ അഭിനന്ദി ക്കാതിരിക്കാൻ കഴിയില്ല. 2018-19-ലെ വാർഷികപദ്ധതികൾ മാർച്ച് 31-ന് മുമ്പ് അംഗീകരിച്ച ഒരു വർഷത്തിലൂടെ നമ്മൾ കടന്നുപോകുകയാണ്. ഭരണത്തിന്റെ കാര്യക്ഷമതയും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലുള്ള വേഗതയും ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈവന്നിരിക്കുകയാണ്. ശ്രീ. പി. ഉബൈദുള്ള പറഞ്ഞ കാര്യങ്ങളിലും ചില അവ്യക്തതയുണ്ട്. സർക്കാരിന്റെ തലതിരിഞ്ഞ നയംമൂലം പഞ്ചായത്തുകൾ പ്രതിസന്ധിയിലായെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്തിന്റെ

ഭരണസാരഥ്യത്തിലുള്ള ആളായിരുന്ന ഞാൻ. ആ കാലഘട്ടത്തിൽ ഒരു പദ്ധതി രൂപീകരിക്കാനും അതിന്റെ അംഗീകാരം വാങ്ങാനും വളരെയധികം ബുദ്ധിമുട്ട് നേരിട്ട് അനുഭവിച്ചിട്ടുണ്ട്. കാരണം, പദ്ധതി പാസ്സാക്കുന്നതിനുമുമ്പ് കുറേ പേജുകളിൽ പദ്ധതി തയ്യാറാക്കണം. 73 പഞ്ചായത്തുകളുടെ പദ്ധതികൾ പാസ്സാക്കാനുള്ള ബുദ്ധിമുട്ട് പ്ലാനിംഗ് സമിതിയുടെ അദ്ധ്യക്ഷയെന്ന നിലയിൽ ഞാൻ കണ്ടിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് മൂന്ന് മന്ത്രിമാരുടെ ചുമതലയിൽ നിന്ന് ഒരു മന്ത്രിക്ക് കൊടുക്കുക എന്നത് ഈ സർക്കാർ ആദ്യമെടുത്ത തീരുമാനമാണ്. അത് കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ സഹായിച്ചിട്ടുണ്ട്. അതുപോലെ പദ്ധതി ആസൂത്രണത്തിന് സാധാരണഗതിയിൽ അര വർഷമായിരുന്നു. ആഗസ്റ്റ്-സെപ്റ്റംബർ മാസത്തോടു കൂടിയേ പഞ്ചായത്തുകൾ പദ്ധതി രൂപീകരണം നടത്തുകയുള്ളൂ. അതുകഴിയുമ്പോഴേയ്ക്കും ഗ്രാമസഭകൾ വരും. ഗ്രാമസഭകൾ വന്ന് പദ്ധതി നടത്തിപ്പിലേയ്ക്ക് വരുമ്പോൾ ഏകദേശം ജനുവരിയോ ഡിസംബറോ ആകും. അതുകഴിഞ്ഞ് മാർച്ചാകുമ്പോൾ ആ പദ്ധതി പൂർണ്ണമായി ചെലവഴിക്കാനാകില്ല. തട്ടിക്കൂട്ട് പദ്ധതികളിലേയ്ക്ക് പലപ്പോഴും പോകേണ്ട അവസ്ഥയാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. എന്നാൽ ഇന്നത് മാറിയിരിക്കുകയാണ്. ചരിത്രനേട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഏപ്രിൽ മാസത്തിൽ പുതിയ വർഷത്തെ പദ്ധതി തുടങ്ങാൻ നമുക്ക് കഴിയുകയാണ്. അതൊരു വലിയ നേട്ടമാണ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇപ്പോൾ സൗഭാഗ്യത്തിന്റെ കാലമാണ്. ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി കേരളത്തിൽ നടപ്പാക്കിയതിനുശേഷം ഒരു പാർപ്പിട പദ്ധതിയും കേരളത്തിലുണ്ടായിരുന്നില്ല. നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രതിസന്ധി, പകുതി വീട് പൂർത്തിയാക്കിയവർക്ക് വീട് കൊടുക്കാൻ കഴിയില്ല എന്നതാണ്. പാവപ്പെട്ട മനുഷ്യർ ചിലപ്പോൾ ഒരു ഗഡു വാങ്ങി വീടിന്റെ അടിത്തറ കെട്ടുമായിരിക്കും. പിന്നെ മുകളിലേയ്ക്ക് വീട് കെട്ടാൻ കഴിയില്ല. എന്നാൽ കേരളത്തിലെ ഇടതുപക്ഷ സർക്കാർ ലൈഫ് പദ്ധതിയിൽ പണി പൂർത്തീകരിക്കാത്ത വീടുകൾക്കുകൂടി വീട് നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ 44000-ത്തിലധികം വീടുകൾ കേരളത്തിൽ പൂർത്തീകരിച്ചിരിക്കുകയാണ്. കണക്കുകൾ വ്യക്തമായി പരിശോധിച്ചാൽ നിങ്ങൾക്കതറിയാൻ സാധിക്കും.

മറ്റൊന്ന്, ജനപ്രതിനിധികളുടെ സ്വാധീനം ഈ ഭേദഗതിയിലൂടെ കുറയുന്നു എന്നാണ് പറഞ്ഞത്. അത് ഞാൻ ആശങ്കയോടെയാണ് കേട്ടത്. കാരണം, ഒരു പഞ്ചായത്തിൽ റെസിഡൻഷ്യൽ സർട്ടിഫിക്കറ്റും ജനന സർട്ടിഫിക്കറ്റും കൊടുക്കുന്നത് എക്സിക്യൂട്ടീവ് ഓഫീസറാണ്. ലൈസൻസ് കൊടുക്കുന്നത് പഞ്ചായത്തിലെ ഓഫീസർമാരാണ്. അവിടെയൊന്നും ജനപ്രതിനിധികൾക്ക് പ്രത്യേകിച്ച്

അധികാരമൊന്നുമില്ല. അധികാര വികേന്ദ്രീകരണമെന്ന് പറയുന്നത് അതല്ല. പദ്ധതികൾ നിർവ്വഹിക്കുന്നതിനും അവ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനുമുള്ള ഇടപെടലാണ് ജനപ്രതിനിധികൾ ചെയ്യുന്നത്. എന്നാൽ ഇതിന്റെ അധികാരം മുഴുവൻ ഉദ്യോഗസ്ഥർക്ക് കൊടുക്കുന്നുവെന്ന തെറ്റായ ധാരണയാണ് ഇവിടെ പലരും സംസാരിക്കുന്നത്. ഈ സർക്കാർ എന്തോ കുറ്റകൃത്യം ചെയ്യുന്നുവെന്ന രൂപത്തിലാണ് ഇവിടെ സംസാരിക്കുന്നത്. 2013-ൽ കഴിഞ്ഞ സർക്കാരും ഇതുപോലെ ക്രമപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. ഈ ആശങ്ക സ്വാഭാവികമായും അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വരുന്നത് ആ കാലഘട്ടം അഴിമതിക്ക് അനുകൂലമായ കാലാവസ്ഥയായിരുന്നതുകൊണ്ടാണ്. എന്നാൽ ഇന്ന് കേരളത്തിൽ അഴിമതിക്ക് അനുകൂലമായ കാലാവസ്ഥയല്ലാത്തതുകൊണ്ടാണ് സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമെന്ന അംഗീകാരം നമുക്ക് കിട്ടിയത്. നിയമത്തിന്റെ അടിസ്ഥാനത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളെല്ലാം അംഗീകരിച്ചുകൊടുക്കുമെന്നാണ് ഇവിടെ പലരും പറയുന്നത് കേട്ടാൽ തോന്നുന്നത്; വസ്തുത അങ്ങനെയല്ല. നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചില ചട്ടങ്ങൾപ്രകാരം 220 (ബി) വച്ചാണ് വീടിന് നമ്പർ കൊടുക്കുന്നത്. അതിപ്പോഴും അങ്ങനെതന്നെ നിലനിൽക്കുകയല്ലേ? അംഗീകൃത റോഡിൽനിന്നും 3 മീറ്റർ ദൂരപരിധി വച്ചിട്ടാണ് വീടിന് നമ്പർ കൊടുക്കുന്നത്. 1999-ൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരമായിരുന്നു ഗ്രാമപഞ്ചായത്തുകളിൽപ്പോലും കെട്ടിട നിർമ്മാണത്തിനുള്ള അംഗീകാരം കൊടുത്തുകൊണ്ടിരുന്നത്. അതുമൂലം കുറേ ബുദ്ധിമുട്ടുണ്ടായതുകൊണ്ട് 2011-ൽ പഞ്ചായത്തിൽ പ്രത്യേക ചട്ടമുണ്ടാക്കി. ആ ചട്ടം ലംഘിച്ചതിന് മാത്രമാണ് ഇതിലൂടെ അനുവാദം നൽകുന്നത്. നിയമലംഘനമുണ്ടെങ്കിൽ അതിലേയ്ക്ക് പോകുന്നതേയില്ല. നിയമം ലംഘിച്ചുകൊണ്ടുള്ള കെട്ടിടങ്ങൾക്ക് അനുവാദം നൽകുക എന്നുള്ളതല്ല ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് കൃത്യമായി വായിച്ചുനോക്കിയാൽ മനസ്സിലാകും. അതുപോലെ കോമ്പൗണ്ടിംഗ് ഫീസിൽ ഇളവുവരുത്തുമെന്ന് പറഞ്ഞു. കോമ്പൗണ്ടിംഗ് ഫീസ് കൊടുക്കുന്നുണ്ട്, ചില വ്യക്തികൾ 3800 സ്ക്വയർഫീറ്റിൽ വലിയ വീട് വയ്ക്കുന്നുണ്ട്. വലിയ കെട്ടിടങ്ങൾക്കൊന്നുംതന്നെ ഇതിന്റെ പരിധിയിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ല. അതിനുള്ള പരിശോധന കൃത്യമായിത്തന്നെ ഉണ്ടാകും.

പദ്ധതി അംഗീകാരത്തിന്റെ രൂപം മാറിയ ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇപ്പോൾ പദ്ധതിരേഖ തയ്യാറാക്കി പ്ലാനിംഗ് കമ്മിറ്റിയിലേയ്ക്ക് കൊടുത്തുകഴിഞ്ഞാൽ പദ്ധതിക്ക് അംഗീകാരം കിട്ടുകയാണ്. ഒരാശയക്കുഴപ്പവുമില്ലാതെ ഇന്ന് നമുക്ക് ഇന്നവേറ്റീവ് പ്രോജക്ടെടുക്കാം. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ അതിന് പ്രത്യേക മാനദണ്ഡം കൊണ്ടുവന്നിട്ടുണ്ട്. നേരത്തെ മാർഗ്ഗരേഖയിലില്ലാത്ത

പദ്ധതി നമുക്കെടുക്കാൻ സാധിക്കില്ലായിരുന്നു. ഇപ്പോൾ മാർഗ്ഗരേഖയിലില്ലാത്ത ഇന്നവേറ്റീവായ പദ്ധതികളുണ്ട്. മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്ക് സഹായം കൊടുക്കുന്നതിനായി പഞ്ചായത്ത് ഒരു പദ്ധതിയെടുത്താൽ അതിന് പ്രത്യേകമായ നോംസ് ഇന്ന് മാർഗ്ഗരേഖയിൽ കൊടുത്തിരിക്കുകയാണ്. അങ്ങനെ വലിയൊരു മാറ്റത്തിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പോയിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നത്. ലൈസൻസിന്റെ കാര്യത്തിൽ പഞ്ചായത്തുകൾക്കുണ്ടായിരുന്ന പ്രശ്നങ്ങൾക്കും ഇന്ന് മാറ്റം വന്നു. അത് ശ്രീ. അനിൽ അക്കരയെപ്പോലെയുള്ളവർ പരിശോധിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. പഞ്ചായത്തിൽ ഏത് വ്യവസായം തുടങ്ങുന്നതും D&O Trade License പ്രകാരമായിരുന്നു; എന്നാൽ 25 വർഷങ്ങൾക്കുശേഷം അടുത്തിടെ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ ആദ്യമായൊരു പ്രധാന ഭേദഗതി കൊണ്ടുവന്നത്, ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ എന്നതിനപ്പുറമായി സംരംഭകത്വർ എന്നുകൂടി ഉൾപ്പെടുത്തി ചട്ടം വിപുലീകരിക്കുകയാണ്. പട്ടിക 3-ന്റെ വ്യാപ്തി വർദ്ധിച്ചതോടുകൂടി എല്ലാവരും ഈ ലൈസൻസിന്റെ പരിധിയിൽ വന്നു. പഞ്ചായത്തുകളിൽ ഓരോ കാര്യങ്ങളുടെയും നടത്തിപ്പിൽ ഏറ്റക്കുറച്ചിലുകളുണ്ടാകും; എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും പ്രവർത്തനശേഷി ഒരു പോലെയായിരിക്കുകയില്ല. നന്നായി പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ അത്ര പ്രവർത്തനശേഷിയില്ലാത്ത പഞ്ചായത്തുകളെ സഹായിച്ച് മുന്നോട്ടുപോകുകയാണ് വേണ്ടത്. ശ്രീ. അനിൽ അക്കര പറഞ്ഞതുകേട്ടാൽ അടുത്ത ഇലക്ഷന് നിൽക്കാൻവേണ്ടിയാണ് പഞ്ചായത്ത് മെമ്പറാകുന്നതെന്ന് തോന്നും. നാട്ടിലെ ജനങ്ങളെ സംരക്ഷിക്കാൻ വേണ്ടിയുള്ളവരാണ് പഞ്ചായത്ത് മെമ്പർ. ഏതെങ്കിലും ഒരു കെട്ടിടത്തിന് നമ്പർ കൊടുത്തില്ലെങ്കിൽ അവർ ശത്രുക്കളാകുന്ന അവസ്ഥയുണ്ട്. അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കണം. ഇതിൽ ജനപ്രതിനിധികൾക്ക്, ആവശ്യമില്ലാതെ ഒരു റോളും കൊടുത്തിട്ടില്ല. ജനപ്രതിനിധികൾക്ക് ഒരു കെട്ടിടം പരിശോധിച്ച് നമ്പർ കൊടുക്കാനുള്ള സാങ്കേതിക അറിവില്ല. അത് പ്രത്യേകമായി എക്സ്പെർട്ടുകൾ പരിശോധിച്ച് ഗുരുതരമായ പ്രശ്നങ്ങളുണ്ടെങ്കിൽ ഫൈൻ ഈടാക്കണം. നിർമ്മിച്ച കെട്ടിടം ആർക്കും പ്രയോജനകരമല്ലാത്ത രൂപത്തിൽ നിൽക്കാതെ പരമാവധി എങ്ങനെ ഉപയോഗിക്കാമെന്നാണ് നോക്കേണ്ടത്. അവിടെ അഴിമതി വരാതിരിക്കാനുള്ള എല്ലാ കാര്യങ്ങളും നമുക്ക് ചെയ്യാൻ കഴിയുന്നതാണ്. ജി.എസ്.ടി. വന്നതോടുകൂടി നമുക്ക് വിനോദനികുതി കിട്ടുന്നില്ലായെന്നത് വലിയ പ്രയാസമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പലപ്പോഴും അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിന് കാര്യക്ഷമമായ ഒരിടപെടൽ പഞ്ചായത്ത് വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ജനകീയാസൂത്രണം തുടങ്ങിയശേഷം നികുതി പിരിവ് ഒട്ടും കാര്യക്ഷമമല്ലായിരുന്നു. എന്നാലിപ്പോൾ 'സഞ്ചയ' എന്ന സോഫ്റ്റ്‌വെയറിലൂടെ മുന്നൂറിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൂറ് ശതമാനം നികുതി പിരിച്ച

ഖ്യാതി നേടിയ ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അതിൽ കൊല്ലം കോർപ്പറേഷനുമുൾപ്പെടും. ഇത് ഒരുകാലത്തും നമുക്ക് കൈവരിക്കാൻ കഴിയാതിരുന്ന നേട്ടമായിരുന്നു. പഞ്ചായത്തുകളിൽ എന്നും ആവലാതികളായിരുന്നു. ഞങ്ങൾ തന്നെ നിരവധി ആവശ്യങ്ങളുമായി സെക്രട്ടേറിയറ്റിൽ കയറിയിറങ്ങാറുണ്ടായിരുന്നു. ഇന്ന് ആ ആവലാതികൾക്ക് അടിസ്ഥാനമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര പഞ്ചായത്തുകളിൽ സെക്രട്ടറിമാരുണ്ടായിരുന്നു? ഹൈക്കോടതിയിലെ കേസ്സിൽ കഴിഞ്ഞ സർക്കാർ, ഉദ്യോഗസ്ഥരുടെ കൂടെയാണ് കക്ഷി ചേർന്നത്. അതിന്റെയടിസ്ഥാനത്തിൽ നിയമനമൊന്നും നടക്കാതിരിക്കുകയായിരുന്നു. ഇതൊന്നും നമ്മളാരും മറന്നുപോയിട്ടില്ല. എന്നാൽ കൃത്യമായി ഇടപെട്ടുകൊണ്ട് എല്ലാ പഞ്ചായത്തുകളിലേയ്ക്കും ആവശ്യത്തിന് ഉദ്യോഗസ്ഥരെ വിന്യസിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, നേരത്തെ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ സംസാരിക്കുകയുണ്ടായി. കേരളത്തിലെ മുഴുവൻ അനധികൃത കെട്ടിടങ്ങളും ക്രമവൽക്കരിക്കാനുള്ള അധികാരം അന്ന് അദ്ദേഹത്തിൽ മാത്രം നിക്ഷിപ്തമായിരുന്നു. പക്ഷേ ഇപ്പോൾ ആ അധികാരം എല്ലാ ജില്ലകളിലെയും ഉദ്യോഗസ്ഥർക്ക് വിട്ടുകൊടുക്കാൻ നിലവിലുള്ള തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കാണിച്ചിട്ടുള്ള ആർജ്ജവം കുറ്റിപ്പുറത്ത് മത്സരിക്കാൻ അദ്ദേഹം കാണിച്ചിട്ടുള്ള ആർജ്ജവത്തെപ്പോലെതന്നെ നമുക്ക് കാണാൻ സാധിക്കുമോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏറ്റവും നല്ല കാലത്തിലൂടെയാണ് നമ്മളിപ്പോൾ കടന്നുപോകുന്നത്. ചില സുപ്രധാന കാര്യങ്ങൾ മാത്രമാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇപ്പോൾ പഞ്ചായത്തുകളുടെ നികുതി പിരിവ്, ഫയലിംഗ് സംവിധാനം എന്നിവയൊക്കെ കൃത്യമായി ചെയ്യാൻ സാധിക്കുന്നുണ്ട്. കൂടാതെ തീരുമാനങ്ങൾ അതിവേഗം നടപ്പാക്കാനും ഭരണനിർവ്വഹണത്തിൽ കാര്യക്ഷമത കൈവരിക്കാനും കഴിയുന്നുണ്ട്. ഇന്ന് പഞ്ചായത്ത് പ്രസിഡന്റുമാർ തിരുവനന്തപുരത്തേയ്ക്ക് വരേണ്ട അവസ്ഥ കുറഞ്ഞിരിക്കുകയാണ്. പഞ്ചായത്തുകളെ അടിമകളായി കാണുന്ന ഒരു സമീപനം കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്നു. കേവലം വേല ചെയ്യുന്ന ആളുകളായി കാണുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഞങ്ങളൊക്കെ അനുഭവിച്ചതാണ്; അതിപ്പോൾ മാറിയിരിക്കുകയാണ്. അത് മാറ്റാൻ തന്നെയാണ് ഈ ഭേദഗതിയിലൂടെ സർക്കാർ ശ്രമിക്കുന്നത്. അതുമൂലം വലിയ രൂപത്തിലുള്ള അഴിമതി ഒഴിവാക്കാൻ സാധിക്കും. എലിയെ പൂച്ച തട്ടിക്കളിക്കുന്നതുപോലെ, എന്നെങ്കിലും ക്രമവൽക്കരിച്ച് തരാമെന്ന് കെട്ടിടം നിർമ്മിച്ചവരോട് പറയുന്നതിൽ നിന്നും വ്യത്യസ്തമായി ഒറ്റത്തവണ തീർപ്പാക്കി നൽകുന്നതിനുള്ള ഇടപെടൽ കൂടിയാണ് ഈ ഭേദഗതിയിലൂടെ നടപ്പാക്കുന്നത്.

ജനറൽ പർപ്പസ് ഗ്രാന്റിന്റെ കാര്യം ഇവിടെ ഒരംഗം സൂചിപ്പിച്ചു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽകൂടി ആവശ്യമാണ്. 2017-2018 വർഷത്തിലെ ജനറൽ പർപ്പസ് ഫണ്ടിലെ ചെറിയൊരു തുക അക്കൗണ്ടിൽ വരാതിരുന്നിട്ടുണ്ട്. അതിൽ പ്രത്യേകം ശ്രദ്ധയൂന്നി, വരുന്ന ബജറ്റ് വിഹിതത്തിൽ അധികമായി നൽകുന്നതിനുള്ള ഇടപെടൽ കൂടി ഉണ്ടാകേണ്ടതാണ്. നേരത്തേ വർഷത്തിൽ അഞ്ചുതവണ ഗ്രാമസഭ വിളിച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പലപ്പോഴും ഇത്തരത്തിലുള്ള നിയമങ്ങളിൽ മാറ്റം വരുത്തുന്നത് ജനങ്ങളെ ഭയന്നിട്ടായിരുന്നു. ഗ്രാമസഭകളിൽ ആളുകൾ വരുന്നില്ലെന്ന് ശ്രീ. പി. ഉബൈദുള്ള പറഞ്ഞു. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അഞ്ച് ഗ്രാമസഭകൾ വളരെ ധൈര്യത്തോടെ കൂടിയിരുന്നു. അന്ന് ജനങ്ങളെ ഭയമില്ലാത്തവരായിരുന്നു പഞ്ചായത്ത് ജനപ്രതിനിധികൾ. അതുപോലെ ഇപ്പോൾ വീണ്ടും ജനങ്ങളെ ഭയക്കേണ്ടവരല്ലാതായിരിക്കുന്നു. വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കാൻ സാധിക്കുന്നു, ഒ.ഡി.എഫ്. (Open Defication Free)-ലൂടെ എല്ലാ വീട്ടിലും കക്കൂസ് നിർമ്മിച്ചുനൽകാനും വൈദ്യുതി യെത്തിക്കാനും സാധിക്കുന്നുണ്ട്. ഞങ്ങൾക്ക് ജനങ്ങളെ ഭയമില്ല. വർഷത്തിൽ അഞ്ച് ഗ്രാമസഭകളെന്നത് മൂന്നെണ്ണമാക്കി ചുരുക്കുന്ന ഭേദഗതി കൊണ്ടുവന്നവരാണ് ഇതുപോലുള്ള ക്രമപ്പെടുത്തൽ വരുമ്പോൾ എതിർക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേട്ടങ്ങൾതന്നെ കാണാതെ പോകുന്നതിനെ രാഷ്ട്രീയ തിമിരമെന്ന് മാത്രമേ പറയാൻ കഴിയൂ. ഏതായാലും മികവാർന്ന പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവരിക്കാനാകുന്നുണ്ട്. ഈ കാലയളവിൽ പഞ്ചായത്തംഗമാകാൻ കഴിയുന്നത് ഒരു വ്യക്തിയെ സംബന്ധിച്ച് അവരുടെ സൗഭാഗ്യമാണ്. പാവപ്പെട്ടവന് വീടുവച്ച് കൊടുക്കുകയെന്ന മഹത്തായ കർമ്മം ചെയ്യാൻ കഴിയുന്നത് ഒരസുലഭ ഭാഗ്യമാണ്. ഒരു ചെറിയ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായിരിക്കുമ്പോൾ 172 വീടുകൾ നിർമ്മിച്ചു കൊടുക്കാൻ സാധിച്ചു എന്നത് എന്റെ ഔദ്യോഗിക ജീവിതത്തിൽ എന്നും ഓർമ്മിക്കാൻ കഴിയുന്ന സന്തോഷനിർഭരമായ കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് എനിക്ക് ചെയ്തുകൊടുക്കാൻ കഴിഞ്ഞ ആ കാര്യം ഇന്ന് വീണ്ടും കേരളത്തിലെ ജനപ്രതിനിധികൾക്ക് സാധിച്ചിരിക്കുകയാണ്. അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ പ്രത്യേകമായി ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് അനുവാദം നൽകാനുള്ളതല്ല ഈ ഭേദഗതിയെന്ന ഉറച്ച വിശ്വാസ ത്തോടുകൂടി, ഇത്തരം കാര്യങ്ങളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളുമായി മുന്നോട്ടുപോകാൻ സർക്കാരിന് കഴിയണമെന്ന് പറഞ്ഞു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ചെലവാക്കുന്നതിൽ ഈ സർക്കാർ വളരെ കൃത്യതയോടെയും ജാഗ്രതയോടെയുമാണ് മുന്നോട്ടു പോയത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. 1997-1998-ൽ ഇ. കെ. നായനാരുടെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളം ഭരിച്ചിരുന്ന കാലയളവിൽ അധികാര വികേന്ദ്രീകരണം ജനങ്ങൾക്ക് പകർന്നുകൊടുത്ത് ജനകീയാസൂത്രണ പദ്ധതിയിലൂടെ കേരളത്തിലെങ്ങും വികസനസാധ്യത ജനകീയ സമൂഹത്തിന് സമർപ്പിക്കുന്ന പദ്ധതികളുണ്ടായി. അവയുടെ ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകൾ വാർഡ് തലത്തിലും ജനകീയതലത്തിലും ഫലപ്രദമായി മുന്നോട്ടുവന്നപ്പോൾ കേരളത്തിന്റെ പൊതുവികസനത്തിനായുള്ള സാമൂഹ്യ പശ്ചാത്തലമൊരുക്കുന്നതിന് അന്നത്തെ സർക്കാരിന് കഴിഞ്ഞു. ആ സർക്കാരിന്റെ ജനകീയമായ പിന്തുണപോലെ തന്നെയാണ് ആരാധ്യനായ സഖാവ് പിണറായി വിജയന്റെ മേൽനോട്ടത്തിലുള്ള ഈ സർക്കാരിന്റെ രണ്ട് വർഷം തികഞ്ഞ ആഘോഷ പരിപാടികളിലുമുണ്ടായത്. ഈ സർക്കാരിന്റെ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പ്രതിപക്ഷാംഗങ്ങൾ തിരിച്ചറിയണമെന്നാണ് എനിക്ക് പറയാനുള്ളത്. പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്ന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് ലൈഫ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ എന്താണ് ചെയ്തതെന്ന് എല്ലാവർക്കുമറിയാം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന പദ്ധതികളുടെ പേര് തന്നെ അഭിമാനിക്കാവുന്നതാണ്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി, എം. എൻ. ഗോവിന്ദൻ നായർ ഭവന പദ്ധതി, ഇന്ദിരാ ആവാസ് യോജന പദ്ധതി എന്നിങ്ങനെയുള്ള പേരുകൾ അഭിമാനാർഹമാണ്. ഇത്രയും പദ്ധതികൾ നിർധന കുടുംബങ്ങൾക്കുള്ളതാണ്. ഈ പദ്ധതികളൊക്കെ ഇടയ്ക്കുവച്ച് നിർത്തുകയും ചിലത് പാതിവഴിയിലാവുകയും ചെയ്തു. ഇവയൊക്കെ ക്രമീകരിച്ച് പൂർണ്ണമായിട്ടുള്ള അവസ്ഥയിലേയ്ക്കെത്തിക്കുക എന്ന ലക്ഷ്യമായിരുന്നു ലൈഫ് പദ്ധതിയുടെ ആദ്യഘട്ടത്തിലുണ്ടായിരുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി വളരെ ഭംഗിയായി ചെയ്തു. ഞാൻ പ്രതിനിധാനം ചെയ്യുന്ന നാട്ടിക മണ്ഡലത്തിലെ തളിക്കുളം ബ്ലോക്കിൽത്തന്നെ ഏകദേശം 121-ഓളം വീടുകൾ ആദ്യഘട്ട ലൈഫ് പദ്ധതിയിൽ പൂർത്തീകരിച്ചു; അവ അങ്ങയുടെ സാന്നിദ്ധ്യത്തിൽ സമർപ്പിക്കാൻ ഞങ്ങൾ കാത്തിരിക്കുകയാണ്. അത്രയും ജനകീയമായ പദ്ധതിക്കാണ് ഈ സർക്കാർ നേതൃത്വം കൊടുത്തിട്ടുള്ളത്. ഇതിന് നേതൃത്വപരമായ പങ്ക് വഹിച്ചത് നമ്മൾ

പ്രാദേശിക സർക്കാരെന്ന് വിശേഷിപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ആ സ്ഥാപനങ്ങളുടെ പ്രധാനമായ ക്യാപിറ്റൽ ഇൻകം എന്തിനെ അടിസ്ഥാനമാക്കിയാണ് നിലനിൽക്കുന്നത്? ആ പ്രദേശത്തെ കച്ചവട സ്ഥപാനങ്ങൾ, മറ്റ് വ്യാവസായിക സംരംഭങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റവന്യൂ വരുമാനം വരുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി. ഡി. ദേവസ്സി)

അങ്ങനെയുള്ള സാമൂഹ്യ പശ്ചാത്തലത്തിൽനിന്നും ഒരു പഞ്ചായത്തിന്റെ ക്യാപിറ്റൽ ഇൻകം തൊഴിൽ നികുതി, വസ്തു നികുതി എന്നിവയിലേയ്ക്ക് പൂർണ്ണമായും അധിഷ്ഠിതമാകുമ്പോൾ അനധികൃതമായി കെട്ടിടങ്ങൾ പണിതു എന്ന കാരണത്താൽ എന്തിനാണ് അവ നിരാകരിക്കുന്നത്? അങ്ങയുടെ ഭേദഗതി അംഗീകൃതമാണ്. അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ നടപടി സ്വീകരിച്ചാൽ ഒട്ടനവധി പ്രശ്നങ്ങൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. പോലീസിന്റെയും മറ്റ് ഫോഴ്സുകളുടെയും സാന്നിദ്ധ്യത്തിലാണ് അവ ചെയ്യേണ്ടി വരുന്നത്. പ്രശ്നങ്ങൾ രൂക്ഷമാകുന്ന സ്ഥിതിയുമുണ്ടാകാറുണ്ട്. ബിൽഡിംഗ് നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടോ, പല കാരണങ്ങളാലോ/സാഹചര്യത്താലോ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടാൽ അവ പിന്നീട് ക്രമവൽക്കരിക്കപ്പെടുന്ന വിധത്തിലുള്ള ഭേദഗതി കൊണ്ടുവരികയാണെങ്കിൽ കേരളത്തിലെ മുഴുവൻ ജനകീയ സമൂഹവും അതിൽ സ്വീകാര്യത കാണിക്കും. ബോധപൂർവ്വമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളെ കുറിച്ച് പരിശോധിച്ച് പൊതുതാല്പര്യം അടിസ്ഥാനമാക്കി, നിയമപരമായ അംഗീകാരം നൽകുന്നതിനായി ജില്ലാ തലത്തിലുള്ള സമിതിയെ നിയോഗിച്ച് പുന:പരിശോധിക്കേണ്ടതുണ്ട്. ഒരു പഞ്ചായത്തിന്റെ റവന്യൂ ഇൻകം വർദ്ധിപ്പിക്കാനും അതിനുള്ള സോഴ്സ് കണ്ടെത്താനും സഹായകരമായ നിലപാടുകൂടി അങ്ങയുടെ ഈ ഭേദഗതിയിലൂടെ ബോദ്ധ്യപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ആയിരക്കണക്കിനാളുകൾക്ക് ഒരനുഗ്രഹം കൂടിയായിത്തീരും ഈ ഭേദഗതി. ഇത്തരം അനധികൃത കെട്ടിടങ്ങളിൽ എത്രയോ കടകളും തൊഴിൽ സംബന്ധമായ സ്ഥാപനങ്ങളുമുണ്ട്. ചിലരതിൽ താമസിക്കുന്നുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കാനുള്ള അവസരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. ഇത്തരത്തിലുള്ള 1566 അപേക്ഷകൾ ഈ ബില്ലിന്റെ ഭാഗമായി പരിഗണനയ്ക്കെടുക്കാൻ പോകുകയാണ്. അങ്ങനെ വരുമ്പോൾ കേരളസമൂഹത്തിൽ വലിയൊരു സ്വീകാര്യത അങ്ങേയ്ക്ക് ലഭിക്കും. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകാനും ജനങ്ങളിൽ കെട്ടിട നിർമ്മാണ ബോധവൽക്കരണമുണ്ടാക്കാനും അങ്ങേയ്ക്ക് ഇതിലൂടെ സാധിക്കും. പൊതു ആവശ്യങ്ങൾക്കുവേണ്ടി റോഡുകളും മറ്റും വികസിപ്പിക്കുമ്പോൾ കച്ചവടക്കാർക്കും ജനങ്ങൾക്കുമുണ്ടാകുന്ന

നഷ്ടം സർക്കാർ പരിഹരിക്കണം. അതാണ് പുനരധിവാസ സംവിധാനത്തിൽ പ്രതിപാദിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഇത്തരം വികസന കാര്യങ്ങളിൽ കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾക്ക് കുറേക്കൂടി സംരക്ഷണം ലഭിക്കുമെന്നുള്ള പ്രതീക്ഷയുണ്ട്. ആ സംരക്ഷണം പ്രതീക്ഷിച്ചു കൊണ്ടാണ് ബോധപൂർവ്വമല്ലാത്ത തെറ്റുകൾ തിരുത്തുന്നതിന് സാഹചര്യമുണ്ടാക്കണമെന്ന് ബില്ലിലൂടെ അങ്ങ് അഭ്യർത്ഥിക്കുന്നത്. തീർച്ചയായും അത്തരം തെറ്റുകൾ തിരുത്താൻ ഈ സർക്കാർ തയ്യാറാകുന്നതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക തലത്തിലുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ എന്ന പേരിനുപകരം അവയെല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള തിരുത്തൽ സംവിധാനത്തിന് നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഈ ബില്ലിലൂടെ, ഭേദഗതിയിലൂടെ കഴിയുമെങ്കിൽ കേരളത്തിലെ ഒട്ടനവധി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് നീതിപരമായ സഹായം ലഭിക്കും.

പഞ്ചായത്ത് അംഗങ്ങളുടെ സ്വത്ത് വിവരക്കണക്കുകളെയും ഓണറേറിയത്തെയും സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. 1995-ൽ ഞാൻ മുനിസിപ്പൽ കൗൺസിലറായിരുന്നു. ഞാനന്ന് വാങ്ങിയിരുന്ന ഓണറേറിയം വെറും 400 രൂപയായിരുന്നു. പിന്നീടുള്ള കാലങ്ങളിൽ വളരെ വ്യത്യസ്തമായ സാമ്പത്തികനേട്ടം നൽകാൻ മാറിമാറി വന്ന സർക്കാരുകൾക്ക് കഴിഞ്ഞു. ആ 400 രൂപയിൽനിന്നും ഇപ്പോൾ പ്രതിമാസം ഒരു പഞ്ചായത്ത് മെമ്പർക്ക് 8,000 രൂപ വരെയും പഞ്ചായത്ത് പ്രസിഡന്റുമാർക്ക് 15,800 രൂപ വരെയും ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. 1995-ന് മുൻപുള്ള കാലത്ത് ഒരു വാർഡിന്റെ പ്രവർത്തനത്തിൽ ജനകീയമായ ഒരു സാധ്യതയും വികസനവുമുണ്ടായിരുന്നില്ല. അന്ന് യാത്ര ചെയ്യാൻപോലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ഇന്ന് അതിൽനിന്നും വ്യത്യസ്തമായി ഒരു ജനപ്രതിനിധി, ഒരു വാർഡ് മെമ്പറായിക്കഴിഞ്ഞതിനുശേഷം പൂർണ്ണമായി അഞ്ചുവർഷം ആ വാർഡിനെ പ്രതിനിധീകരിക്കുമ്പോൾ തന്റെ കുടുംബത്തെയും വ്യക്തിപരമായ എല്ലാ കാര്യങ്ങളെയും മാറ്റിനിർത്തിക്കൊണ്ട് നാടിന്റെയും ആ വാർഡിന്റെയും തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെയും മുഴുവനാവശ്യങ്ങളും നിറവേറ്റിക്കൊടുക്കേണ്ട ഒരു സാഹചര്യത്തിലേയ്ക്കും സാമൂഹ്യപ്രതിബദ്ധതയിലേയ്ക്കും ഉയർന്നുവരികയാണ്. അവരുടെ സ്വന്തം കാര്യങ്ങൾക്ക് സമയം മാറ്റിവയ്ക്കാതെ മുഴുവൻ സമയവും ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ ആ വാർഡിന്റെ, ജനങ്ങൾക്കുവേണ്ടി പൂർണ്ണമായി പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകരായി മാറുകയാണ്. അതിനനുസരിച്ച് അവരുടെ ചെലവും വർദ്ധിക്കുകയാണ്. മരണം, വിവാഹം തുടങ്ങിയവയുൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾക്കും ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ജനങ്ങൾ പ്രതീക്ഷിക്കുന്ന സാഹചര്യം വരുമ്പോൾ ചെലവുകളും വർദ്ധിക്കുന്ന സാഹചര്യമുണ്ട്. അപ്പോൾ ഓണറേറിയം 400 രൂപയിൽ

നിന്നും 8,000 രൂപയായി വർദ്ധിപ്പിച്ചത് ജനപ്രതിനിധികളെ സംബന്ധിച്ച് വലിയ നേട്ടം തന്നെയാണ്. വർഷങ്ങളോളം ജനപ്രതിനിധികളായിരുന്നവർക്ക് ഒരു പെൻഷൻ സമ്പ്രദായം കൊണ്ടുവരേണ്ടതാണ്. 2004-05 കാലയളവിൽ ഗുരുവായൂർ നഗരസഭയുടെ ജനപ്രതിനിധികളെന്ന നിലയിൽ ഞാനുൾപ്പെടെയുള്ള എല്ലാ ജനപ്രതിനിധികളും ചേർന്ന് ഒരു ട്രസ്റ്റ് രൂപീകരിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കുകയും ഞങ്ങളുടെ ഓണറേറിയത്തിൽനിന്ന് സർക്കാർ ഒരു നിശ്ചിത തുക പിടിച്ചശേഷം ബാക്കി തുക നൽകുകയും ചെയ്തിരുന്ന സംവിധാനമുണ്ടായിരുന്നു; അതുപോലെ ഞങ്ങളുടെ കാലാവധി കഴിഞ്ഞതിനുശേഷം അതുവരെ പിടിച്ച സംഖ്യയും നിലവിലുള്ള ശമ്പളവുംകൂടി ഒരുമിച്ച് നൽകുന്ന സ്ഥിതിയും അന്നുണ്ടായിരുന്നു. ഭാവിയിൽ വരുന്ന ജനപ്രതിനിധികൾക്ക്, ഒരു എം.എൽ.എ. എന്തൊക്കെ ചെയ്യുന്നോ അത്രയുംതന്നെ ജോലികൾ വാർഡുമെമ്പർ തലത്തിൽ ചെയ്യേണ്ടിവരും. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർക്ക് ഒരു പെൻഷൻ സംവിധാനം ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശംകൂടി അങ്ങയുടെ മുന്നിൽ സമർപ്പിച്ചുകൊണ്ട് ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി (ശ്രീ. കെ. സി. ജോസഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന (എ) 1(9) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എന്റെ ബഹുമാന്യ സുഹൃത്ത് കെ. ടി. ജലീലിനോട് എനിക്ക് വളരെ സഹതാപമുണ്ട്. അദ്ദേഹം ഒരു കാലഘട്ടത്തിൽ ഡൈനാമിക്കായ ഒരു യൂത്ത് ലീഡറായിരുന്നു, പ്രതീക്ഷയുള്ള വ്യക്തിയായിരുന്നു. എന്നാൽ അദ്ദേഹം ഈ സഭയിൽ അവതരിപ്പിച്ച മൂന്ന് ബില്ലുകളും വരാൻപോകുന്ന ഒരു ബില്ലുമുൾപ്പെടെ നാല് ബില്ലുകളും രാഷ്ട്രീയം മാറ്റിവച്ച് നോക്കിയാൽ നിയമവിരുദ്ധമായ കാര്യങ്ങൾ റെഗുലറൈസ് ചെയ്യാൻ വേണ്ടിയുള്ളതാണ്. അങ്ങനെയല്ലെന്ന് ഇവിടെ പലരും പറഞ്ഞു. നമ്മൾ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിക്കുന്നവരായതുകൊണ്ട്, ആ ബാധ്യതയിലും ബന്ധത്തിലും നമ്മളെല്ലാം മറക്കുകയാണ്. ഇവിടെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ 2018-ന്റെ എസ്.ഒ.ആർ.-ൽ പറയുന്നത് '....ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിടനിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ....' എന്നാണ്. അപ്പോൾ ഈ ബിൽ കൊണ്ടുവന്നതുതന്നെ അനധികൃത നിർമ്മാണങ്ങളെ റെഗുലറൈസ് ചെയ്യാൻ വേണ്ടിയാണ്. മേലിൽ ഇങ്ങനെയുണ്ടാകാൻ പാടില്ലെന്ന് ശ്രീ. സി. കെ. നാണു പറഞ്ഞു. നമുക്കങ്ങനെ പറയാൻ സാധിക്കുമോ; യു.ഡി.എഫ്.-ന്റെ കാലത്ത് 2013 മാർച്ച് 31 വരെയുള്ള നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്തുകൊടുത്തു.

ഇപ്പോൾ നിങ്ങൾ 2017 ജൂലൈ 31 വരെയുള്ളവ റെഗുലറൈസ് ചെയ്യുകയാണ്. ഭാവിയിലും സർക്കാരുകൾ വരും. അവരും ഭേദഗതികൾ കൊണ്ടുവരും. അപ്പോൾ ഇതൊരു Never ending affair ആയിരിക്കും. നമ്മൾ പാസ്സാക്കിയ നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്തുകൊടുക്കുന്ന ബോഡിയായി ഈ സഭ മാറുന്നത് ഒരിക്കലും ഗുണകരമല്ല. ഇവിടെ അങ്ങ് അവതരിപ്പിച്ച ഭേദഗതിയിൽ പറയുന്നത്. 'കെട്ടിട നിർമ്മാണമോ' എന്ന വാക്ക് വരുന്ന രണ്ട് സ്ഥലങ്ങളിലും 'കെട്ടിടനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ....' എന്ന വാക്കുകൾ ചേർക്കണമെന്നാണ്. നിലവിലുള്ള കെട്ടിടത്തിൽ ഒരു എക്സ്റ്റൻഷനാണെങ്കിൽ മനസ്സിലാക്കാം. അതിനപ്പുറം ഒരു പുതിയ നിർമ്മാണം, കൂട്ടിച്ചേർക്കൽ, പുനർനിർമ്മാണം തുടങ്ങിയ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തുമ്പോൾ, ഇവിടെ നടന്നിട്ടുള്ള എല്ലാ നിയമവിരുദ്ധമായ കാര്യങ്ങളെയും റെഗുലറൈസ് ചെയ്യാൻ പോവുകയാണെന്നുള്ളത് അങ്ങയുടെ മനസ്സെങ്കിലും സമ്മതിക്കുന്നുണ്ടാകും. ഇവിടെ രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലോ" എന്നുപറഞ്ഞിട്ടുണ്ട്. എന്തിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്; ഒരു വൺ ടൈം അഫയറാണെങ്കിൽ 2013-ൽ ഇത് അവസാനിപ്പിക്കാമായിരുന്നല്ലോ; അന്നും നിയമമുണ്ടായിരുന്നു. അതിനുശേഷവും നിയമം ലംഘിച്ച ആളുകൾക്ക് സംരക്ഷണം നൽകുന്നതിലൂടെ ഒരു Pandora's box തുറക്കാൻ പോവുകയാണ്. നാളെയും ഇതാവർത്തിക്കും; നാളെയും നിയമസഭ ചേരും. അപ്പോൾ അങ്ങിപ്പോൾ പറയുന്ന ന്യായീകരണം മറ്റൊരു മന്ത്രി പറയുകയും അനധികൃത നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്തുകൊടുക്കപ്പെടുകയും ചെയ്യും. നിയമങ്ങൾക്ക് ഒരു വിലയുമില്ലാത്ത അവസ്ഥയുണ്ടാക്കുന്നത് ശരിയല്ല. ആർക്കുവേണ്ടി, ആരുടെ താത്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നത്? നിലവിലുണ്ടായിരുന്ന നിയമം ലംഘിച്ച് എറണാകുളത്ത് ഡി.എൽ.എഫ്-ന്റെ ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കിയ കാര്യം അങ്ങേയ്ക്കറിയാവുന്നതാണ്. കോടതിയിൽ പോയപ്പോൾ റെഗുലറൈസ് ചെയ്യാനുള്ള അനുവാദം നൽകി. നിയമലംഘനങ്ങൾക്ക് കോടതിയും നമ്മളും കൂട്ടുനിൽക്കുകയാണ്. ഇതൊരു നിർഭാഗ്യകരമായ അവസ്ഥയാണ്. നിയമവിരുദ്ധമായ കാര്യങ്ങൾ നിയമവിധേയമാക്കാനുള്ള ഒരു വക്കാലത്തുമായി അങ്ങ് വന്നതിൽ എനിക്ക് ദുഃഖമുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സർക്കാരും കോടതിയുമൊക്കെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുന്നതായി അങ്ങ് പറഞ്ഞു. തീരദേശ പരിപാലന നിയമപ്രകാരം സംസ്ഥാനത്തെ സാധാരണക്കാരന് 60 സ്ക്വയർ ഫീറ്റ് വീടുപോലും പണിയാൻ അനുവദിക്കപ്പെടാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. അതേ അവസരത്തിൽ തീരദേശ നിയമം ലംഘിച്ചുകൊണ്ട്

ഹൈറൈസ് ബിൽഡിംഗുകളും റിസോർട്ടുകളുമെല്ലാം സംസ്ഥാനത്ത് വരികയാണ്. എറണാകുളത്ത് ഒരു പ്രധാനപ്പെട്ട ഹോട്ടലിന്റെ സ്റ്റേ കോടതി ആദ്യം വെക്കേറ്റ് ചെയ്യുകയും അവരോട് പണി നടത്താൻ പറയുകയും ചെയ്തു. പണി തീർന്നു കഴിഞ്ഞപ്പോൾ ഇനി എങ്ങനെയാണ് പൊളിക്കാൻ കഴിയുന്നതെന്ന് ചോദിച്ചു. സാധാരണക്കാരന്റെ കാര്യത്തിൽ ഈ നിയമം കർശനമായി പാലിക്കപ്പെടുകയും അല്ലാത്തവരുടെ കാര്യത്തിൽ ഈ നിയമം നിഷേധിക്കപ്പെടുകയും ചെയ്യുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഈ നിയമത്തിന്റെ പിന്നിൽ വൻകിടക്കാരുടെ താൽപ്പര്യമാണുള്ളത്. അങ്ങേയ്ക്കറിയാമല്ലോ ഇന്ദിരാ ആവാസ് യോജന പദ്ധതി, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി എന്നിവപ്രകാരം ഒരു വീട് വയ്ക്കുന്നതിന് ലിമിറ്റും ഏരിയ സ്പെസിഫിക്കേഷനുമുണ്ട്. അതിൽനിന്നും ഒരൽപ്പം വ്യത്യാസത്തിൽ പണിതാൽ അതിന് അംഗീകാരവും തുകയും ലഭിക്കുകയില്ല. ഒരു സാധാരണക്കാരന്റെ വീട്, പറഞ്ഞിട്ടുള്ള ഏരിയ ലിമിറ്റിൽനിന്നും അൽപ്പം വലുതായിപ്പോയാൽ അത് ചട്ടവിരുദ്ധമാണ്, അതിന് പണം നൽകില്ല. ഇവിടെ ഡി.എൽ.എഫ്. പോലെയുള്ള വൻകിട മുതലാളിമാർ CRZ പരിധിയും ചട്ടങ്ങളുമെല്ലാം ലംഘിക്കുന്നു. അവരെയെല്ലാം സഹായിക്കാൻ നമ്മൾ കൂട്ടുനിൽക്കുന്നത് ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞതുപോലെ ഇതിവിടെ അവസാനിക്കാൻ പോകുന്നില്ല. നാളെയും സർക്കാരുകൾ മാറിമാറി വരും. അവർക്കും ഇങ്ങനെ ചെയ്യേണ്ടിവരുമെന്ന് തോന്നും. അതൊരു തെറ്റായ കീഴ്വഴക്കമാണ്.

ഇവിടെ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സംബന്ധിച്ച് വിമർശനമുന്നയിച്ചു. ഞാനും ശ്രീ. മഞ്ഞളാംകുഴി അലിയും ഡോ. എം. കെ. മുനീറും, മന്ത്രിമാരായി, തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്തുവെന്നുവെന്നുള്ളത് നിങ്ങളെല്ലാവരും ആവർത്തിച്ചുപറഞ്ഞ കാര്യമാണ്. മൂന്ന് മന്ത്രിമാരായതിനാൽ വകുപ്പുകൾ തമ്മിൽ ഒരു കോ-ഓർഡിനേഷനുണ്ടായിരുന്നില്ലെന്ന് പറഞ്ഞു. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ എല്ലാ വകുപ്പുകളുടെയും ചുമതല അങ്ങയെ ഏൽപ്പിച്ചു. ഞാനും ശ്രീ. മഞ്ഞളാംകുഴി അലിയും ഡോ. എം. കെ. മുനീറും കൈകാര്യം ചെയ്തിരുന്ന മൂന്ന് വകുപ്പുകളുടെയും ചുമതല ഇപ്പോൾ അങ്ങേയ്ക്കാണ്. ഇന്ന് ഈ വകുപ്പിൽ ഒരു കോ-ഓർഡിനേഷനുണ്ടായിരുന്നുവെങ്കിൽ ഇന്ന് ഈ സഭയിൽ വന്നതും വരാൻ പോകുന്നതുമുൾപ്പെടെയുള്ള നാല് ബില്ലുകൾക്കുംകൂടി ഒരു ഓർഡിനൻസ് ഇറക്കിയാൽ പോരായിരുന്നോ; കെട്ടിട നിർമ്മാണച്ചട്ടങ്ങളുടെ ലംഘനം റെഗുലറൈസ് ചെയ്യാൻ വേണ്ടി മുനിസിപ്പാലിറ്റിക്ക് ഒരു ഓർഡിനൻസ്, പഞ്ചായത്തിന് മറ്റൊരു ഓർഡിനൻസ്. അതിനുപുറമെ സ്വത്ത് വിവരം നൽകാനുള്ള അവസാന തീയതി

നീട്ടാൻവേണ്ടി പഞ്ചായത്തിനൊരു ബിൽ, മുനിസിപ്പാലിറ്റിക്ക് മറ്റൊരു ബിൽ. അൽപ്പമെങ്കിലും കോ-ഓർഡിനേഷനുണ്ടായിരുന്നെങ്കിൽ, എൽ.എസ്.ജി.ഡി.-ക്ക് ഒരു ധാരണയുണ്ടായിരുന്നുവെങ്കിൽ ഈ നാല് ബില്ലുകൾക്കുംകൂടി ഒരു അമെന്റ്മെന്റ് മതിയായിരുന്നു. അതിനുപോലും സാധിക്കാത്ത അങ്ങ് എന്താണ് കോ-ഓർഡിനേറ്റ് ചെയ്യാൻ പോകുന്നത്?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നാഷണൽ ലെവലിൽ തന്നെ രണ്ട് ആക്ടാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, രണ്ട് ആക്ടായതുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ നാല് നിയമങ്ങൾക്കുള്ള ഭേദഗതികൾ ഒന്നായി കൊണ്ടുവരാൻ സാധിക്കും. ആറും ഏഴും ഫിനാൻസ് ബില്ലുകളിൽ ഒന്നിച്ച് മാറ്റം വരുത്തുന്നില്ലേ? അതിനുള്ള വിവേകപൂർവ്വമായ സമീപനം അങ്ങയുടെ വകുപ്പിൽ ഉണ്ടായില്ല. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. അങ്ങയുടെ ജോലി അതല്ല. എൽ.എസ്.ജി.ഡി. ഉദ്യോഗസ്ഥർ ഇക്കാര്യം ആലോചിക്കേണ്ടതായിരുന്നു; അതുമുണ്ടായില്ല. അതുപോലും ചെയ്യാത്ത അങ്ങയുടെ വകുപ്പിനെ അങ്ങെങ്ങനെയാണ് കോ-ഓർഡിനേറ്റ് ചെയ്യാൻ പോകുന്നത്? മുമ്പ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് മൂന്ന് മന്ത്രിമാരായിരുന്നു. എല്ലാ ക്യാബിനറ്റ് ദിവസവും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേരുമായിരുന്നു. ശ്രീമതി യു. പ്രതിഭ ഹരി അന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അടിമകളെപ്പോലെ നിന്നിട്ടുണ്ടെന്ന് അവർ പറഞ്ഞതിൽ വേദനയുണ്ട്. ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന എല്ലാ കാര്യങ്ങളും ഓരോ ബുധനാഴ്ചയും സി.സി. യോഗത്തിൽ ക്ലിയർ ചെയ്തിരുന്നു. ആരും അന്ന് ദാസ്യപ്പണിക്ക് വന്നിട്ടില്ല. ഞങ്ങളെല്ലാ കാര്യങ്ങളിലും നിങ്ങളോട് സഹകരിച്ചിട്ടുണ്ട്. ഇന്നത്തെ അവസ്ഥയെന്താണ്? ഇന്ന് കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ടോ; ഇന്ന് വൺമാൻ ഷോ ആയി മാറിയിരിക്കുകയാണ്. ഡോ. കെ. ടി. ജലീലിന്റെ ജോലിത്തിരക്കിനിടയിൽ ദൈനംദിന കാര്യങ്ങൾപോലും സി.സി.-യിൽ തീരുമാനിക്കുന്നില്ല. അത് വളരെയേറെ നിർഭാഗ്യകരമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ പദ്ധതിയും റെഗുലറൈസ് ചെയ്തു. നിങ്ങളൊരു കാര്യം മറന്നുപോകരുത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് കേരളത്തിലാദ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വൺ ഇയർ പ്ലാൻ മാറ്റി ഫൈവ് ഇയർ പ്ലാൻ കൊണ്ടുവന്നത്. എൽ.ഡി.എഫ്.-ന്റെ കാലത്തല്ല. മേലിൽ രണ്ട് വർഷത്തെ (coming year, next year) പദ്ധതികൾ ഒന്നിച്ചുകൊണ്ടുവരുമെന്ന് ഞങ്ങളന്ന് തീരുമാനിച്ചു. ഒരു സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾത്തന്നെ പദ്ധതികളും ആരംഭിക്കാൻ സാധിക്കണമെന്നുള്ളത് ഞങ്ങളുടെ ദർശനമായിരുന്നു. അതിലുണ്ടായ തടസ്സങ്ങൾ മറികടന്ന് ഞങ്ങൾ

മുന്നോട്ടുപോയി. ശ്രീ. വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇവിടെയെന്താണ് നടന്നത്? ഒരു പദ്ധതി അംഗീകരിച്ച് നടപ്പിലാക്കണമെങ്കിൽ സാമ്പത്തിക വർഷം ആരംഭിച്ച് ആറേഴ് മാസം കഴിയണമായിരുന്നു. അതിന് പരിഹാരം കാണാൻ ശ്രമിച്ചത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരായിരുന്നു. നിങ്ങൾ ആ പാത പിന്തുടർന്നത് നല്ലകാര്യം തന്നെയാണ്. ഞങ്ങൾ ചെയ്ത നല്ല കാര്യങ്ങൾ നിങ്ങൾ കാണാതെ പോകരുത്.

മറ്റൊന്ന്, പഞ്ചായത്ത് മെമ്പർമാരുടെ അസറ്റ് ഡിക്ലറേഷൻ നൽകുന്നതിനുള്ള കാലാവധി എന്തിനാണ് നീട്ടിക്കൊടുക്കുന്നത്? സ്വന്തം സ്വത്തുവിവരം യഥാസമയം കൊടുക്കാനുള്ള ചുമതലാബോധമില്ലെങ്കിൽ എങ്ങനെയാണ് മെമ്പർമാരായി ഇരിക്കാൻ കഴിയുന്നത്. ആദ്യം 6 മാസം സമയം കൊടുത്തു. ഇപ്പോൾ വീണ്ടും നീട്ടിക്കൊടുക്കുന്നു. അങ്ങ് ദയവായി ചെരുപ്പിനനുസരിച്ച് കാല് മുറിക്കാൻ ശ്രമിക്കരുത്. വരാൻ പോകുന്ന ഒരു നിയമമുൾപ്പെടെ നാല് നിയമങ്ങളും നിയമലംഘനത്തിലുള്ള പച്ചക്കൊടി കാണിക്കലാണെന്നും അതങ്ങേയ്ക്ക് ഭൂഷണമല്ലെന്നും പറഞ്ഞുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന (ബി) 2(b) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നിയമലംഘനങ്ങൾക്കുള്ള ബില്ലുകളാണ് ഇവിടെ അവതരിപ്പിക്കുന്നതെന്ന തുൾപ്പെടെയുള്ള കാര്യങ്ങൾ ശ്രീ. കെ.സി. ജോസഫ് ഇവിടെ പറഞ്ഞു. കഴിഞ്ഞ തവണ പ്രതിപക്ഷത്തിരുന്നവരാണ് ഞങ്ങൾ. ഇതുപോലെ ക്രമവൽക്കരിച്ചുകൊണ്ടും കാലാവധി 15 മാസമാക്കി നീട്ടിക്കൊണ്ടുമുള്ള ബില്ലുകൾ നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. നിയമലംഘനങ്ങൾ തുടരാതിരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമെന്ന് തന്നെയാണ് വിശ്വാസം. ജനപ്രതിനിധികൾക്ക് അവരുടെ സ്വത്തുവിവരം നൽകാൻ 30 മാസം സമയം കൊടുത്തു. ഇനിമുതൽ വരുന്നവർ കൃത്യസമയത്തിനുള്ളിൽ സ്വത്തുവിവരം കൊടുക്കണം. ഞങ്ങളെല്ലാവരും അത്തരത്തിൽ വിവരം കൊടുക്കുന്നവരാണ്. അങ്ങനെ സ്വത്തുവിവരം കൊടുക്കാനുള്ള സംവിധാനം ഈ സർക്കാരിന്റെ കാലത്ത് തീർച്ചയായും വരുമെന്ന് തന്നെയാണ് വിശ്വാസം. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നത് കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തും ചെയ്തുകൊടുത്തതാണ്. പരസ്പരം കുറ്റപ്പെടുത്തുകയല്ല. തുടർന്ന് ഒരു കാരണവശാലും ഇങ്ങനെയുള്ള പ്രശ്നങ്ങളു ണ്ടാകാതിരിക്കാൻ ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താനുതകുന്നവിധത്തിലുള്ള പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

ഇവിടെ നാല് മിഷനുകളെക്കുറിച്ച് പറഞ്ഞു. ത്രിതല പഞ്ചായത്തുകൾക്ക് അതിൽ വലിയ റോളാണുള്ളത്. കൃത്യമായ സമയനിഷ്ഠ പാലിച്ചുകൊണ്ടുതന്നെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത് നമുക്ക് കാണാൻ കഴിയും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. സി. ജോസഫ്: സർ, നാല് മിഷനുകളിൽ ഒന്നായ ലൈഫ് മിഷനെക്കുറിച്ച് എല്ലാവരും പറഞ്ഞു. ലൈഫ് മിഷൻ ആരംഭിച്ചിട്ട് 14 മാസമായി. ഇന്നുവരെ കേരളത്തിൽ ഒരു പുതിയ വീടെങ്കിലും അനുവദിച്ചിട്ടുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഒന്നാം ഘട്ടത്തിൽ ഈ സർക്കാർ പറഞ്ഞിരിക്കുന്നത്, ജീവിതത്തിൽ ഇനി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കരുതിയ വീടുകളുടെ പണി തീർക്കുമെന്നാണ്. ആ വീടുകൾ കണ്ടെങ്കിൽ മാത്രമേ മനസ്സിലാവുകയുള്ളൂ. എന്റെ മണ്ഡലത്തിൽ 300 വീടുകൾ പൂർത്തീകരിച്ച് അതിന്റെ താക്കോൽ കൊടുത്തു. പുതിയ വീടെന്നല്ല സർക്കാർ പറഞ്ഞിരിക്കുന്നത്. രണ്ടാംഘട്ടത്തിലാണ് പുതിയ വീടുകൾ കൊടുക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, മുമ്പ് പൂർത്തിയാക്കാനുള്ള വീടുകളുടെയും പുതിയ വീടുകളുടെയും പണി ഒരുമിച്ചുതന്നെ നടക്കുമായിരുന്നു. 14 മാസമായി പുതിയ വീടുകൾ നൽകുന്നില്ല; പണി തീരാത്ത വീടുകളുടെ പൂർത്തീകരണം മാത്രമാണ് നടക്കുന്നത്. എസ്.സി./എസ്.ടി. സ്കീമുമില്ല. ഡോ. ടി.എൻ. സീമയെ ഹരിതകേരള മിഷന്റെ ചെയർപേഴ്സണാക്കി നിയമിച്ചിട്ടുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, തീർച്ചയായും ആ ചോദ്യത്തിന് മന്ത്രി മറുപടി തരും. തറകെട്ടിയതും വാർപ്പ് മട്ടം ആയതുമായ എത്രയോ പുതിയ വീടുകൾ എനിക്ക് കാണിച്ചുതരാൻ സാധിക്കും. ശ്രീ. കെ. സി. ജോസഫ് അങ്ങനെ പറഞ്ഞതെന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിച്ചുകൊടുക്കുകയാണ്. നിങ്ങൾ ഇടപെടാത്തതുകൊണ്ടാകാം പുതിയ വീടുകൾ ലഭിക്കാത്തത്. കൃത്യമായി ഓരോ മെമ്പർമാരും വാർഡ് തലത്തിലുള്ള ലിസ്റ്റ് കൊടുക്കണമെന്ന് സർക്കാരും തദ്ദേശ സ്വയംഭരണ വകുപ്പും പറഞ്ഞിട്ടുള്ളതാണ്. അതനുസരിച്ച് ലിസ്റ്റ് കൊടുത്താൽ അവിടെ കൃത്യമായി ലഭിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട, നമ്മൾ മേൽനോട്ടം വഹിച്ചാൽ മാത്രം മതി. ഞങ്ങളുടെ മണ്ഡലങ്ങളിൽ എല്ലാ പഞ്ചായത്തുകളെയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ലിസ്റ്റ് കൃത്യമായി കൊടുക്കാനും എന്തെങ്കിലും പോരായ്മകൾ വന്നാൽ അത് പരിഹരിക്കാനുമുള്ള പരിശ്രമം കൃത്യമായി നടന്നുകൊണ്ടിരിക്കുകയാണ്. ലിസ്റ്റിൽ വരാത്തവരെ ഉൾപ്പെടുത്താൻവേണ്ടി കളക്ടർക്ക് അപേക്ഷ കൊടുക്കുകയും അത് പരിഹരിച്ച് കൊടുക്കുകയും ചെയ്യുന്നുണ്ട്. പുതിയ വീടുകളും നിർമ്മിക്കുന്നുണ്ട്. പഴയ വീടുകൾ

പൂർത്തിയാകുന്നതാണ് നാം കൂടുതൽ കാണേണ്ടത്. ഒരിക്കലും പൈസ കിട്ടില്ലെന്ന് വിചാരിച്ച് ഒന്നുംചെയ്യാൻ കഴിയാതെ രോഗികളായി, കിടപ്പായ ആളുകൾക്ക് വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽവച്ച് വീടിന്റെ താക്കോൽ കൊടുത്തപ്പോൾ അവരുടെ മുഖത്തുവന്ന സന്തോഷം കണ്ടയാളാണ് ഞാൻ. അങ്ങനെ കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്നുണ്ട്. ഇവിടെ പുതിയ വീടുകൾ ലഭിച്ചിട്ടില്ലെന്ന് പറഞ്ഞവരുടെ മണ്ഡലങ്ങൾ പരിശോധിക്കണമെന്നാണ് എനിക്ക് അക്കാര്യത്തിൽ പറയാനുള്ളത്. ഞങ്ങൾ ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരുന്നിട്ടുണ്ട്. കിട്ടാവുന്നത് മുഴുവൻ വാങ്ങിയെടുക്കാൻ പരമാവധി ശ്രമിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. തങ്ങളുടെ മണ്ഡലത്തിൽ എന്തുകൊണ്ട് ലഭിച്ചില്ല എന്നുള്ളത് സ്വയം പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റ വകുപ്പായിട്ടാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രവർത്തിക്കുന്നത്. അങ്ങനെയല്ലേ വേണ്ടത്? ഭരണഘടനയുടെ 73, 74 ഭേദഗതിയനുസരിച്ച് ത്രിതല പഞ്ചായത്ത് വന്നപ്പോൾ അത് മൂന്നായി മാറുന്നതിനേക്കാൾ എത്രയോ ഭംഗിയായി ഇപ്പോൾ ഒറ്റവകുപ്പുവഴി പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ നാല് മിഷനുകളുടെ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി നടക്കുന്നുണ്ട്. ഏത് പഞ്ചായത്തിൽ സ്ഥലം കൊടുക്കാനുണ്ടോ അവിടെ പാർപ്പിടസമുച്ചയം നൽകാമെന്ന് പറയുന്നുണ്ട്. നമ്മൾ സ്ഥലം കൊടുത്താൽ അവിടെ പാർപ്പിട സമുച്ചയവും ഒരു തൊഴിൽ യൂണിറ്റും നൽകും. സ്ഥലമുള്ളവർക്ക് വീടിന്റെ തുകയും അനുവദിക്കും. ഇങ്ങനെയല്ലേ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ: അതും ഒറ്റയടിക്ക് ചെയ്യാൻ കഴിയില്ല. ഘട്ടംഘട്ടമായി മുൻഗണനയനുസരിച്ച് കൊടുക്കണം. ലൈഫ് മിഷൻ പദ്ധതി ത്രിതല പഞ്ചായത്തുകൾവഴി നടപ്പാക്കുന്നതോടൊപ്പംതന്നെ സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും നടപ്പിലാക്കുന്നുണ്ട്. ഇത് കേരളത്തിൽ ഒരു ചരിത്രം തിരുത്തിക്കുറിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ എല്ലാവരുടെയും മണ്ഡലത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുവഴിയല്ലേ നടക്കുന്നത്? കൊട്ടാരക്കര ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ടെണ്ടർ നടപടിവരെ കഴിഞ്ഞു. അതുപോലെ കേരളത്തിലുള്ള എല്ലാ സ്കൂളുകൾക്കും ഘട്ടംഘട്ടമായി പണം അനുവദിച്ചു. മൂന്നുകോടി രൂപ വീതം എത്ര സ്കൂളുകൾക്കാണ് അനുവദിച്ചിട്ടുള്ളത്; അത് നമുക്ക് പരിശോധിക്കാമല്ലോ? അല്ലാതെ ഒരു മണ്ഡലത്തിൽ കൊടുക്കേണ്ട എന്ന് തീരുമാനിച്ചിട്ടില്ല. ആലുവ നിയോജക മണ്ഡലത്തിലെ എം.എൽ.എ. വീട് നൽകുന്നതിന് ആളുകളെക്കൊണ്ട് സ്പോൺസർ ചെയ്യിപ്പിച്ചത് പത്രത്തിലും ടി.വി.-യിലും നമ്മൾ കണ്ടതാണ്. ഈ സർക്കാരും അതാണ് പറയുന്നത്. പഞ്ചായത്തുവഴി സർക്കാർ പൈസ കൊടുക്കണം, അതുകഴിഞ്ഞ് സന്നദ്ധ സംഘടനകളെക്കൊണ്ടും വ്യക്തികളെക്കൊണ്ടും സഹായം നൽകിക്കൊണ്ട് കൂട്ടായി

ജനങ്ങളൊന്നായി സർക്കാരിനൊപ്പം ത്രിതല പഞ്ചായത്തിനൊപ്പം ഒറ്റക്കെട്ടായി പോകണം. അതാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ ഹരിതകേരളം മിഷൻ ത്രിതല പഞ്ചായത്തുവഴിയല്ലേ ചെയ്യുന്നത്? എന്റെ മണ്ഡലത്തിലുള്ള നാലഞ്ച് പഞ്ചായത്തുകളിൽക്കൂടി പോകുന്ന പുലമൺതോടിനെ എല്ലാവരും ചേർന്ന് വൻതോതിലുള്ള ഇടപെടൽ നടത്തിയാണ് മനോഹരമാക്കാൻ പോകുന്നത്. അതിലൂടെ ഒരു അർബൻ ഏരിയയിൽ എങ്ങനെ ജലം സംരക്ഷിക്കാൻ സാധിക്കുമെന്നതിന്റെ തെളിവ് കാണിക്കാൻ സാധിക്കും.അടങ്കൽ തയ്യാറാക്കി വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നമ്മളെല്ലാം ചേർന്നുകൊണ്ടാണ് ആ പ്രവൃത്തി ചെയ്യുന്നത്. അതാണ് തദ്ദേശസ്വയംഭരണ വകുപ്പിന് കൊടുത്തിട്ടുള്ള ഏറ്റവും വലിയ ഊർജ്ജ സ്രോതസ്.

ജനപ്രതിനിധികൾക്ക് സ്വത്തുവിവരം സമർപ്പിക്കുന്നതിനുള്ള കാലാവധി 15 മാസമെന്നുള്ളത് 30 മാസമാക്കി നീട്ടികൊടുക്കുകയാണ്. ഞാൻ വ്യക്തിപരമായി അതിനെപ്പറ്റിയൊന്നും പറയുന്നില്ല. പക്ഷെ ആ കാര്യത്തിൽ ഒരിക്കൽക്കൂടി സാവകാശം നൽകിയതിനുശേഷം പിന്നീട് സാവകാശം നൽകാതിരിക്കുക. അതുപോലെ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതത് സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയമ ലംഘനം നടത്താൻ അനുവദിക്കരുത്. റോഡിലിറക്കി കെട്ടാൻ തുടങ്ങുമ്പോൾത്തന്നെ തടയണം. കെട്ടിടം കെട്ടി മുകളിലാക്കിയതിനുശേഷമാണ് പരാതിയുമായി ആളുകൾ വരുന്നത്. അക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നമ്മളോരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിലെ ഒരു കെട്ടിടം ഏഴ് നില വാർത്തു കഴിഞ്ഞപ്പോൾ പഞ്ചായത്തിൽനിന്ന് നമ്പർ നൽകിയില്ല. അവസാനം കോടതിയിൽ പോയി. കോടതി തള്ളി, സുപ്രീം കോടതിയിൽ പോയപ്പോൾ 60 ലക്ഷം രൂപ അടയ്ക്കാൻ പറഞ്ഞു. ഇങ്ങനെയൊക്കെയുള്ള പ്രശ്നങ്ങളുണ്ട്. ആയതിനാൽ കോടതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമെല്ലാം ഒരേ രീതിയിൽ നിയമലംഘനം അനുവദിക്കാതിരിക്കാൻ കർക്കശമായ നിലപാടെടുത്തുകൊണ്ട് വിട്ടുവീഴ്ചയില്ലാതെ, മുഖം നോക്കാതെയുള്ള നടപടികളെടുത്ത് മുന്നോട്ടുപോകുമ്പോൾ ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കും. അത് എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. തീർച്ചയായും ഈ സർക്കാർ തുടർന്നുവരുന്ന കാര്യങ്ങളിൽ കൃത്യമായൊരു നിർദ്ദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് നൽകുമെന്നുതന്നെ ഞങ്ങൾക്ക് വിശ്വാസമുണ്ട്.

ലൈഫ് പദ്ധതി, സമഗ്ര വിദ്യാഭ്യാസ യജ്ഞം, ആശുപത്രികളുടെ പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം വലിയ മാറ്റമല്ലേ വന്നിരിക്കുന്നത്? തദ്ദേശസ്വയംഭരണ വകുപ്പിനെ വലിയ തോതിൽ മാറ്റിയെടുത്ത് താഴെത്തട്ടിലേയ്ക്ക് എത്തിച്ചു. ആശുപത്രികളെ 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി ഡോക്ടർമാരെയൊക്കെ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സർക്കാർ ഒരു തറക്കല്ലിട്ടശേഷം പോകുകയല്ല, കെട്ടിടം പണിയുന്നുണ്ട്. അതാണ്

നമ്മൾ തമ്മിലുള്ള വ്യത്യാസം. കൊട്ടാരക്കര റൂറൽ എസ്.പി. ഓഫീസിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ടിട്ട് പോയിട്ട് രണ്ടരവർഷത്തോളമായി. അന്ന് ആ വേദിയിൽവച്ച് അദ്ധ്യക്ഷയായ ഞാൻ ഇതിന് പണം അനുവദിച്ചിട്ടില്ലെന്നും മറ്റ് കാര്യങ്ങളൊന്നും ചെയ്തിട്ടില്ലെന്നും അതുകൂടി തീർച്ചയായും സർക്കാർ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും പ്രസംഗിച്ച ആളാണ്. അതുകൊണ്ടാണ് ഞാൻ ആ ഉദാഹരണം ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ അങ്ങനെയല്ല. ഓരോ പദ്ധതികൾ വരുമ്പോഴും അത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

അതുപോലെ ഹരിത കേരളം മിഷനിലൂടെ എന്തെല്ലാം വ്യത്യാസമുണ്ടാക്കിയിട്ടുണ്ട്. ചെറിയ കാര്യമാണോ ഇത്; ഇതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓരോ വാർഡിലും എത്തുകയല്ലേ? ഇപ്പോൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഓരോ വാർഡിലും ഓരോ ജനപ്രതിനിധികളുടെയും വീടുകളിലുൾപ്പെടെ മാതൃകയാക്കാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യാൻവേണ്ടി പരിശ്രമിക്കുകയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ പോകുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് കേരളത്തിലുണ്ട്. ഓഖി ദുരന്തവും നോട്ട് നിരോധനവും ജി.എസ്.ടി.-യും ഒരുമിച്ച് വന്ന് ഒരു തരത്തിലും മുന്നോട്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഇത്രയും കാര്യങ്ങൾ ഇവിടെ പ്ലാൻ ചെയ്ത് കൊണ്ടുപോകുന്നതെന്നുള്ള കാര്യം ഓർക്കണം.

ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ്പെൻഡിച്ചറിലുള്ള സ്റ്റേറ്റ് ആവറേജ് 90.13 ശതമാനം കിട്ടിയിട്ടുണ്ട്. അത് റെക്കോർഡാണ്. കഴിഞ്ഞ കാലത്ത് തുടങ്ങിയതാണെന്ന് അദ്ദേഹം പറഞ്ഞു, പക്ഷെ ഇപ്പോഴാണ് അത് യഥാർത്ഥത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ഈ സർക്കാരും വകുപ്പുമന്ത്രിയും ഉൾപ്പെടെ നമ്മളെല്ലാം ചേർന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ കൃത്യമായി തയ്യാറാക്കി 2017-18 കാലയളവിൽ നല്ല നിലയ്ക്ക് നടപ്പിലാക്കി. പത്ത് മാസത്തെ സമയം ലഭിച്ചു. ഈ വർഷം റെക്കോർഡ് വേഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നടക്കാൻ പോകുകയാണ്. കൊല്ലം ജില്ലയുൾപ്പെടെ എല്ലാ സ്ഥലങ്ങളിലുമുള്ള പദ്ധതികൾ ഡി.പി.സി.-ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിക്കഴിഞ്ഞു. പന്ത്രണ്ട് മാസം സമയമുണ്ട്. ഇപ്പോൾ തന്നെ എക്സ്പെൻഡിച്ചർ ആയിക്കഴിഞ്ഞിരിക്കുന്നു. അത്തരത്തിൽ മികച്ച ആസൂത്രണവും ചിട്ടയോടെയുള്ള പ്രവർത്തനവും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് നടത്തുമ്പോഴാണ് ഏറ്റവും ഭംഗിയായി നമുക്കിതെല്ലാം കൊണ്ടുപോകാൻ സാധിക്കുന്നത്. അതുപോലെ ഇത്തവണ റവന്യൂ പിരിവിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ നേട്ടമുണ്ടാക്കാൻ സാധിച്ചു. 82 ഗ്രാമപഞ്ചായത്തുകൾക്കും 47 മുനിസിപ്പാലിറ്റികൾക്കും റവന്യൂ കളക്ഷൻ ഇൻസെന്റീവ് നേടാൻ സാധിച്ചു.

അതുപോലെതന്നെ 814.77 കോടി രൂപയുടെ വസ്തുനികുതി ലക്ഷ്യമിട്ടതിൽ 576.10 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചു. അതാണ് 70.70 ശതമാനമായി വന്നത്. 2014-ൽ 50 ശതമാനത്തിൽ താഴയായിരുന്നു റവന്യൂ കളക്ഷൻ. 2015-ൽ 40 ശതമാനംപോലുമെത്തിയില്ല. 2016-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 50 ശതമാനത്തിലെത്തിയിരുന്നു. ഈ വർഷമാണ് 70 ശതമാനമായി വർദ്ധിച്ചത്. തീർച്ചയായും ഈ സാമ്പത്തികവർഷം ഇതിനേക്കാൾ മെച്ചപ്പെട്ട നിലയിൽ പദ്ധതി നിർവ്വഹണം കൊണ്ടുപോകാൻ തക്കവണ്ണം നല്ല പ്ലാനിംഗോടെയാണ് ഈ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്നത്. അതൊരു സംശയവുമില്ലാത്ത കാര്യമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് എന്നത് വലിയൊരു കാൽവയ്പല്ലേ? ഒറ്റ കുടക്കീഴിൽ ഉദ്യോഗസ്ഥരെ നിരത്തിക്കൊണ്ട് നല്ല രീതിയിൽ പ്ലാൻ ചെയ്ത് പോകാനും നിലവിലുണ്ടായിരുന്ന പല പ്രശ്നങ്ങളും ഒഴിവാക്കാനും സാധിച്ചു. നമ്മളൊക്കെ ധാരാളം തവണ സെക്രട്ടറിമാരുടെയും എഞ്ചിനീയർമാരുടെയും പ്രശ്നങ്ങൾ പറഞ്ഞിട്ടുള്ളതാണ്. അതൊക്കെ മാറ്റിയെടുക്കാൻ ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിച്ചതോടുകൂടി സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾ ഏകീകരിക്കുന്നതിന്റെ ആദ്യപടിയായി പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ടും അതിന്റെ തലവനായി പ്രിൻസിപ്പൽ ഡയറക്ടർ തസ്തികയിൽ ശ്രീ. അജിത് കുമാർ, ഐ.എ.എസ്.-നെ നിയമിച്ചുകൊണ്ടും അദ്ദേഹത്തെ സഹായിക്കാൻ 14 ഉദ്യോഗസ്ഥരെ പോസ്റ്റ് ചെയ്തുകൊണ്ടും മുന്നോട്ടുപോവുകയാണ്. അല്ലാതെ ഒരു ചട്ടക്കൂടുണ്ടാക്കി വെറുതെ ഇരിക്കുകയല്ല; അതിനാവശ്യമായ നടപടികൾകൂടി ആരംഭിച്ചിട്ടുണ്ട്. എന്തായാലും തദ്ദേശസ്വയംഭരണ വകുപ്പും അതുപോലെതന്നെ മറ്റ് വകുപ്പുകൾവഴിയും പരമാവധി കാര്യങ്ങൾ ചെയ്തുവരികയാണ്. ജനങ്ങളാണ് വലുതെന്ന് മനസ്സിലാക്കികൊണ്ട് ഓരോ സ്ഥലത്തുമുള്ള കുറവുകൾ പരിഹരിക്കാനുള്ള ശക്തമായ ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനായി നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഈ മൂന്ന് ബില്ലുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ അവരുടെ വിലയേറിയ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു കഴിഞ്ഞു. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനാണ് രണ്ട് ബില്ലുകൾ കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ സാധുതയെ സംബന്ധിച്ചാണ് ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചത്. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ രണ്ട് സമീപനങ്ങൾ സ്വീകരിക്കാവുന്നതാണ്. ഒന്ന്, ഈ അനധികൃത കെട്ടിടങ്ങൾ മുഴുവൻ ഇടിച്ചുനിരത്തുക എന്നതാണ്.

അങ്ങനെ ഇടിച്ചുനിരത്തുമ്പോൾ പല പ്രശ്നങ്ങളാണ് നമ്മുടെ മുന്നിൽ വരുന്നത്. അതിലൊന്ന്, ഈ അനധികൃത കെട്ടിടങ്ങൾ ഇടിച്ചുപൊളിച്ചാൽ അതിന്റെ വേസ്റ്റ് എന്തുചെയ്യും എന്നുള്ള പാരിസ്ഥിതിക പ്രശ്നമാണ്. രണ്ടാമത്തെ പ്രശ്നം, ഈ കെട്ടിടങ്ങളിൽ ഒന്നോരണ്ടോ പൊളിക്കുമ്പോഴേയ്ക്കും കോടതിയുടെ സ്റ്റേ ഓർഡർ വരുമെന്നതാണ്.

4.00 PM]

ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് മൂന്നാറിൽ പണിതിട്ടുള്ള പല അനധികൃത കെട്ടിടങ്ങളും പൊളിക്കാൻ ശ്രമിച്ചില്ലേ, അത് വിജയിച്ചോ; രണ്ടോ മൂന്നോ കെട്ടിടങ്ങൾ പൊളിച്ചപ്പോഴേയ്ക്കും കോടതിയിൽനിന്നും തൊടരുതെന്ന ഉത്തരവ് വന്നു. മൂന്നാമത്തെ പ്രശ്നം, അനധികൃതമായി നിർമ്മിച്ച ഈ കെട്ടിടങ്ങളൊക്കെത്തന്നെ കോടതികളിൽനിന്ന് ഉത്തരവുകൾ വാങ്ങി ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പൈസപോലും അതിൽനിന്ന് നികുതി കിട്ടുന്നില്ല. ഈ പ്രശ്നം ഇങ്ങനെ പരിഹരിക്കണോ; അതോ ക്രമവൽക്കരണത്തിലൂടെ ഈടാക്കുന്ന ഫൈനിന്റെ അമ്പത് ശതമാനം പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നൊരു സമീപനം സ്വീകരിക്കണോ? ഇതൊരിക്കലും തുടരാൻ പാടില്ലെന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും ഏകാഭിപ്രായമാണ്. അതിന് കാലോചിതമായി കെട്ടിട നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്നാണ് ഞങ്ങളുദ്ദേശിക്കുന്നത്. സർക്കാർ അത്തരമൊരു ഭേദഗതിയിലേയ്ക്ക് നീങ്ങുകയാണ്. ഇവിടെ മുൻമന്ത്രി ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ചതുപോലെ അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ആരാണ് പ്ലാനുണ്ടാക്കിയത്, ആരാണ് മേൽനോട്ടം വഹിച്ചതെന്ന് പരിശോധിച്ച് അത്തരത്തിലുള്ള എഞ്ചിനീയർമാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നിയമമുൾപ്പെടെ കൊണ്ടുവരേണ്ടതുണ്ട്. ശാശ്വതമായി ഇത്തരത്തിലുള്ള അനധികൃത നിർമ്മാണം തടയണമെങ്കിൽ ഇതുമാത്രമാണ് പോംവഴി. 1566 അപേക്ഷകളാണ് ഇതിനകം നമുക്ക് കിട്ടിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളിൽ നിന്നല്ല അപേക്ഷകൾ കിട്ടിയിട്ടുള്ളത്. കാരണം, അവരൊക്കെ നേരിട്ടുതന്നെ കോടതിയിൽ പോയി അനുമതി വാങ്ങിക്കഴിഞ്ഞു. അവയൊക്കെ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. മഹാഭൂരിഭാഗവും സ്കൂളുകൾ, സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയവയൊക്കെയാണ്. ഒരഴിമതിയും ഇക്കാര്യത്തിൽ നടക്കുമെന്ന് നിങ്ങളാരും കരുതേണ്ട. 1566 അപേക്ഷകരുടെയും പൂർണ്ണവിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് 1566 അപേക്ഷകരുടെ വിവരങ്ങളടങ്ങുന്ന സി. ഡി. നൽകാം. എൽ.എസ്.ജി.ഡി.-യുടെ വെബ്സൈറ്റിൽ എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഏതൊക്കെ പഞ്ചായത്തുകളിൽ/ മുനിസിപ്പാലിറ്റികളിൽ ഇത്തരം അപേക്ഷകളുണ്ടെന്ന് പരിശോധിക്കാം. ഈ ഫൈനിനു

പുറമെ പത്തുപൈസ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന് കൊടുക്കേണ്ടിവന്നുവെന്ന് നിങ്ങൾ പറഞ്ഞാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടിയെടുക്കാൻ ഞങ്ങളൊരുക്കമാണ്. ഇത് ഏതെങ്കിലും ആളുകൾക്ക് അഴിമതി നടത്താൻവേണ്ടി സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതല്ല. പ്രായോഗികമായിട്ടുള്ളൊരു വഴിയാണ്. ഇതല്ലാതെ നമ്മളെന്ത് ചെയ്യും?

<u>ശ്രീ. അനിൽ അക്കര</u>: സർ, അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് അനധികൃതമായി നമ്പരിട്ട് നികുതി ഈടാക്കാനുള്ള നിയമം നിലവിലുണ്ട്. നേരത്തെ പറഞ്ഞതുപോലെ ലൈസൻസുള്ള എഞ്ചിനീയർ പ്ലാൻ വരച്ചുകഴിഞ്ഞാലും കംപ്ലീഷൻ സർട്ടിഫിക്കറ്റ് കൊടുത്തത് അനധികൃതമാണെങ്കിൽ ആ ലൈസൻസ് തന്നെ വയലേഷനാണ്. അത് കട്ട് ചെയ്യാനുള്ള നിയമം ഇപ്പോൾത്തന്നെയുണ്ട്. അനധികൃതമായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് കൊടുത്താൽ അതിനെതിരെ നിലവിൽ നിയമമുണ്ട്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അങ്ങ് പറഞ്ഞത് വസ്തുതാവിരുദ്ധമാണ്; തെറ്റാണെന്ന് ഞാൻ പറയുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ എന്തിനാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റെഗുലറൈസേഷന് പ്രത്യേകം ബിൽ കൊണ്ടുവന്നത്. അങ്ങ് സൂചിപ്പിച്ച നിയമങ്ങൾ പര്യാപ്തമാണെങ്കിൽ എന്തിന് മുൻസർക്കാർ ബിൽ കൊണ്ടുവന്നു? അതില്ലായെന്നുള്ളതുകൊണ്ടാണ് കൊണ്ടുവന്നത്. അത് തെറ്റാണെന്നല്ല ഞാൻ പറഞ്ഞത്. അങ്ങനെ ചെയ്യേണ്ടിവന്നു. പല നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിലുള്ള സ്ഥാപനങ്ങളുണ്ട്. അവർക്കൊന്നും ചെയ്യാൻ കഴിയുന്നില്ല, ചിലപ്പോൾ ചെറിയ വയലേഷനായിരിക്കും. ഒരു വിദ്യാഭ്യാസ സ്ഥാപനമാണെങ്കിൽ നമ്മളെന്ത് ചെയ്യും? അവരെ സഹായിക്കണമെങ്കിൽ ഇത്തരത്തിലുള്ളൊരു നിയമനിർമ്മാണത്തിലേയ്ക്ക് പോയേതീരൂ. അതുകൊണ്ടാണ് നമുക്കിത് ചെയ്യേണ്ടിവന്നത്.

മറ്റൊന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ട് മൂന്ന് മാസത്തിനുള്ളിൽ സ്വത്തുവിവരം രേഖാമൂലം സാക്ഷ്യപ്പെടുത്തണമെന്ന നിയമം നമ്മൾ ഓർഡിനൻസായിട്ടാണ് കൊണ്ടുവന്നത്. എന്നിട്ടും 708 മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരും 312 പഞ്ചായത്തംഗങ്ങളും കണക്ക് നൽകിയിട്ടില്ല. അപ്പുറത്തുമിപ്പുറത്തും ഇരിക്കുന്ന ആളുകൾ ഒരുമിച്ച് ഈ ഉപതെരഞ്ഞെടുപ്പ് ഒഴിവാക്കുന്നതിനുവേണ്ടി ഇനിയും കാലാവധി നീട്ടിക്കൊടുക്കണമെന്ന് പറയുന്നൊരു സാഹചര്യത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുമോയെന്നാണ് ഞാൻ ഭയപ്പെടുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം വളരെ ശരിയാണ്. ഇപ്പോൾ നമ്മൾ 30 മാസത്തെ സമയമാണ് കൊടുക്കുന്നത്; എന്നുപറഞ്ഞാൽ രണ്ടരവർഷം. ഇത് നിലനിൽക്കെ പുതിയ ബോർഡ് വന്നാലും അവർക്ക് രണ്ടരവർഷം കഴിഞ്ഞാലേ റിട്ടേൺ കൊടുക്കേണ്ടതുള്ളൂ. ഇപ്പോൾ ഈ നിയമം പാസ്സാക്കിയാ

ലുണ്ടാകുന്ന ബുദ്ധിമുട്ട്, പുതിയ തെരഞ്ഞെടുപ്പ് കഴിഞ്ഞാലും രണ്ടരവർഷം കഴിഞ്ഞേ അംഗങ്ങൾക്ക് സ്വത്തുവിവരം കൊടുക്കേണ്ടതുള്ളൂ. ഇപ്പോഴിത് റെഗുലറൈസ് ചെയ്യേണ്ടത് ആവശ്യമാണ്. പക്ഷെ അടുത്തുവരുന്നവർ രണ്ടര വർഷംകഴിഞ്ഞ് റിട്ടേൺ കൊടുത്തിട്ട് എന്ത് കാര്യമാണുള്ളത്. ചെലവാകേണ്ടതുമുഴുവൻ ചെലവായിപ്പോകും, അല്ലെങ്കിൽ കണക്ക് കൊടുക്കേണ്ട സമയം കഴിഞ്ഞുപോകും. അതുകൊണ്ട് ഒറ്റ ടൈം ആക്കത്തക്ക വിധത്തിലുള്ളൊരു ഭേദഗതി കൊണ്ടുവരണം. പിന്നീട് അതത് സമയം കൊടുക്കുന്ന മാതിരി ആറ് മാസത്തിനോ മൂന്ന് മാസത്തിനോ ഉള്ളിലാകത്തക്ക വിധത്തിൽ ഒരു ഭേദഗതി ഞാൻ കൊടുത്തിട്ടുണ്ട്. അങ്ങത് സ്വീകരിക്കാൻ തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, 708 മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരും ഏതെങ്കിലും ഒരു പാർട്ടിയിൽപ്പെട്ട ആളുകളല്ല. ജനപ്രതിനിധികൾ പ്രാഥമികമായി നിർവ്വഹിക്കേണ്ട ഉത്തരവാദിത്വംപോലും നിർവ്വഹിച്ചിട്ടില്ല. ഈ ബിൽ ഞാനെന്റെ സന്തോഷത്തിനോ സംതൃപ്തിക്കോ വേണ്ടിയല്ല കൊണ്ടുവന്നത്. ഒരു inevitable evil എന്നുള്ള നിലയിൽ തന്നെയാണ് ഈ ബിൽ കൊണ്ടുവരാൻ മുതിർന്നത്. നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം. നേരത്തെ മൂന്ന് മാസമായിരുന്നു കാലാവധി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അത് 15 മാസമാക്കി ദീർഘിപ്പിച്ചു. ആ 15 മാസത്തിനുള്ളിലും കൊടുത്തിട്ടില്ല. ഇപ്പോൾ നമ്മളത് 30 മാസമാക്കി ഉയർത്തുകയാണ്. എന്നിട്ടും കൊടുക്കാത്തവരുണ്ട്, അവർ മത്സരിക്കണ്ട എന്നത് ശരി. പക്ഷെ അവരുടെ അംഗത്വം നഷ്ടമാവുകയും വീണ്ടും ഉപതെരഞ്ഞെടുപ്പ് വരികയും ചെയ്യും. അവരുടെ പാകപ്പിഴവിന് സംസ്ഥാന ഖജനാവിൽനിന്നാണ് പണം ചെലവഴിക്കേണ്ടി വരുന്നത്. അങ്ങനെയൊരപകടമുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ആദ്യം കാലാവധി 3 മാസമായിരുന്നു. പിന്നീട് 15 മാസമാക്കി, ഇപ്പോൾ 30 മാസമാക്കുകയാണ്. എന്താണ് ഇതുകൊണ്ടുള്ള കാര്യം? പഞ്ചായത്ത് മെമ്പർമാർ അവരുടെ സ്വത്തിന്റെ വിശദാംശങ്ങൾ കൊടുത്തിട്ട് ആർക്കെന്ത് കിട്ടാനാണ്? നോമിനേഷൻ പേപ്പറിൽ ആ വിവരം കൊടുക്കുന്നുണ്ട്. പിന്നെയെന്തിനാണ് ഇങ്ങനെ വീണ്ടും വിവരം കൊടുക്കണമെന്ന് പറയുന്നത്. ഇത് ആവശ്യമില്ലാത്ത ഒരു ജോലിയെന്നല്ലാതെ ഇതുകൊണ്ട് ആർക്കെങ്കിലും എന്തെങ്കിലും ഗുണമുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഇത് നിലവിലുള്ള നിയമത്തിലുള്ളതല്ലേ; അങ്ങയുടെ അതേ വികാരം തന്നെയാണ് എനിക്കും ഇക്കാര്യത്തിലുള്ളത്. അനിവാര്യമായ തിന്മ എന്നുള്ള നിലയിൽ തന്നെയാണ് ഞാനും ചെയ്യുന്നത്.

ശ്രീ. അനിൽ അക്കര: ...മൈക്ക് ഓഫ്...

മി. സ്പീക്കർ: പ്ലീസ്... ചെയറിനെ നോക്കി സംസാരിച്ച് അവസാനിപ്പിക്കു. നിങ്ങൾ ഇത്രനേരം ചർച്ച ചെയ്തതല്ലേ. ഇനി അദ്ദേഹം പറയട്ടെ.

ഡോ. കെ. ടി. ജലീൽ: സർ, മൂന്ന് മാസം കൂടി നീട്ടിക്കൊടുക്കണമെന്ന് ശ്രീ. അനിൽ അക്കര എന്നോട് പറയരുത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സ്വന്തം ബിൽ ഒരു തിന്മയാണെന്ന് ഒരു മന്ത്രി പറയുന്നത് ആദ്യമായാണ്. ഈ തിന്മയ്ക്ക് വോട്ട് ചോദിച്ചാണോ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ വന്നിട്ടുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ അനിവാര്യമായ തിന്മ (inevitable evil) എന്നാണ് പറഞ്ഞത്. ഈ സഭയിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു. അവർ പ്രകടിപ്പിച്ച വികാരത്തോടൊപ്പം നിന്നുകൊണ്ടുതന്നെയാണ് ഞാൻ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട അനിൽ അക്കര ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞ അഭിപ്രായപ്രകടനത്തോട് എനിക്ക് വലിയ ദു:ഖമുണ്ട്. ഫണ്ടിന്റെ ദുർവിനിയോഗം പഠിക്കാനാണ് കേരളത്തിനുപുറത്തുനിന്നുള്ള ആളുകൾ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് വരുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. 15-ാം ധനകാര്യ കമ്മീഷന്റെ പ്രതിനിധികൾ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ സന്ദർശിച്ചു. അങ്ങയുടെ അടുത്തും അവർ വന്നിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ത്യക്ക് മോഡലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ എന്നാണ് അവർ ട്വീറ്റ് ചെയ്തത്. ദുർവിനിയോഗം പഠിക്കാനല്ല അവർ വരുന്നത്. തദ്ദേശ സ്ഥാപനങ്ങളിൽ എല്ലാ പാർട്ടികളുടെയും പ്രതിനിധികളുണ്ട്, എല്ലാ പാർട്ടികളുടെ ഭരണവും നിലനിൽക്കുന്നുണ്ട്. ദുർവിനിയോഗമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്നതെന്ന് അങ്ങ് പറയുമ്പോൾ അങ്ങയുടെ പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുന്ന തദ്ദേശ സ്ഥാപനങ്ങളെയെങ്കിലും അങ്ങ് ഓർക്കണമായിരുന്നു. അത് ഓർക്കാത്തതിൽ എനിക്ക് ദു:ഖമുണ്ട്. പിന്നിട്ട വർഷം തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. ധാരാളം പ്രയാസങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നുവെന്ന് ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ചു. ഞാൻ കഴിഞ്ഞ സമ്മേളനങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിലെ എക്സ്പെൻഡിച്ചറിനെ കുറിച്ച് പറയുമ്പോൾ അങ്ങും ബഹുമാന്യനായ മഞ്ഞളാംകുഴി അലിയും വിയോജിച്ചു; ഒരിക്കലും എക്സ്പെൻഡിച്ചർ ഉയരില്ല, ഇപ്രാവശ്യം എക്സ്പെൻഡിച്ചർ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ തലത്തിലേയ്ക്ക് മാറും എന്നൊക്കെ പറഞ്ഞിരുന്നു. നമുക്ക് രണ്ട് റിക്കാർഡ് സ്ഥാപിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ 90 ശതമാനത്തിന് മുകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ എക്സ്പെൻഡിച്ചർ എത്തിക്കാൻ സാധിച്ചു. കൊല്ലം കോർപ്പറേഷൻ എക്സ്പെൻഡിച്ചർ 100 ശതമാനമാക്കി. മുനിസിപ്പാലിറ്റികളും 160-ഓളം പഞ്ചായത്തുകളും എക്സ്പെൻഡിച്ചർ 90 ശതമാനത്തിന് മുകളിലേയ്ക്കെത്തിച്ചു. 90 ശതമാനം എക്സ്പെൻഡിച്ചർ എത്തിച്ചതിന് ധാരാളം എതിർ വാദങ്ങളുണ്ടല്ലോ, 70 ശതമാനത്തിന് മുകളിലേയ്ക്ക് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ നികുതി പിരിവെത്തിച്ചു. ഒരു ഘട്ടത്തിലും 55-60 ശതമാനത്തിന് മുകളിലേയ്ക്ക് നികുതി പിരിവ് പോയിട്ടില്ലായിരുന്നു. അത് 70 ശതമാനത്തിലെത്തിക്കാൻ സാധിച്ചു.

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് പറഞ്ഞത്. നികുതി പിരിവ് വർദ്ധിച്ചുവെന്നത് ശരിയാണ്. പക്ഷെ പരമ്പരാഗതമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന നികുതി ഇല്ലാതെയായി. കാരണം, എന്റർടെയിൻമെന്റ് ടാക്സ് ഇല്ലാതായി. അതുകൊണ്ടാണ് അവർക്ക് മറ്റ് മാർഗ്ഗങ്ങൾ തേടേണ്ടിവന്നത്. ബാക്കിയുള്ള ടാക്സ് പരമാവധി കളക്റ്റ് ചെയ്യാനുള്ള ശ്രമം നടത്തേണ്ടി വന്നത് അതുകൊണ്ടാണ്. അങ്ങൊരു കാര്യം കൂടി മനസ്സിലാക്കണം. തമിഴ്നാട് പോലെയുള്ള സംസ്ഥാനത്ത് ജി.എസ്.ടി.-യെ അതിജീവിച്ചുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്റർടെയിൻമെന്റ് ടാക്സ് നേരത്തെ കിട്ടിക്കൊണ്ടിരുന്നത് ലഭ്യമാവുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെന്ന നിലയിൽ ലോക്കൽ ഗവൺമെന്റുകൾക്ക് നേരത്തെ കിട്ടിക്കൊണ്ടിരുന്ന എന്റർടെയിൻമെന്റ് ടാക്സും പരസ്യ നികുതിയും കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ആ നികുതിയിനത്തിൽ നമുക്ക് ലഭിക്കുന്ന തുകയേക്കാളും കൂടുതലായി ജി.എസ്.ടി.-യിൽനിന്ന് കേന്ദ്ര സർക്കാർ നമുക്ക് നൽകുമെന്നുള്ള ഉറപ്പ് കിട്ടിയിട്ടുണ്ടല്ലോ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം വ്യക്തമായി ഇവിടെ പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: കിട്ടിയാലും ആ തുക വരില്ല.

ഡോ. കെ. ടി. ജലീൽ: സർ, അതല്ല; തുക കൂടുതൽ വരും. അങ്ങയുടെ ചോദ്യത്തിനുത്തരമായി ധനകാര്യ വകുപ്പുമന്ത്രി അന്ന് പറഞ്ഞത്, ഈ വർഷം ഞങ്ങൾ ലക്ഷ്യമിടുന്നത് 100 ശതമാനം എക്സ്പെൻഡിച്ചറും ടാക്സ് കളക്ഷനുമാണെന്നാണ്. നൂറിലധികം പഞ്ചായത്തുകളിൽ എക്സ്പെൻഡിച്ചറും ടാക്സ് കളക്ഷനും കഴിഞ്ഞവർഷം തന്നെ 100 ശതമാനത്തിലേയ്ക്ക് കൊണ്ടുവന്നു. ജീവനക്കാരുടെ കുറവിനെക്കുറിച്ചും പല തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതിനെക്കുറിച്ചും പലരും പറഞ്ഞു. ഏതാണ്ട് എല്ലാ ഒഴിവുകളും പുതിയ നിയമനങ്ങൾ നടത്തി നികത്തിയിട്ടുണ്ട്. അതുകൊണ്ടാണ് ഇത്ര വലിയ നേട്ടം തദ്ദേശ സ്ഥാപനങ്ങൾക്ക് എക്സ്പെൻഡിച്ചറിന്റെ കാര്യത്തിലും ടാക്സ് കളക്ഷന്റെ കാര്യത്തിലും കൈവരിക്കാൻ സാധിച്ചത്. ഉദ്യോഗസ്ഥരില്ലെങ്കിൽ എങ്ങനെയാണ് എക്സ്പെൻഡിച്ചറാക്കാനും ടാക്സ് കളക്റ്റ് ചെയ്യാനും സാധിക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, പ്ലാൻ എക്സ്പെൻഡിച്ചർ ഇത്തവണ all time high ആണെന്ന് അങ്ങ് പറഞ്ഞു. മാർച്ച് 25 മുതൽ ആരംഭിച്ച ബില്ലുകൾ ക്യൂവിൽ വച്ചിരുന്നു. അതുപോലെ സ്പിൽഓവർ വർക്കുമുണ്ടായിരുന്നു. ഈ രണ്ട് ചെലവുകളും ആ സാമ്പത്തിക വർഷത്തിൽ നിന്നും മാറ്റി ഈ വർഷത്തേയ്ക്ക് ആക്കുമ്പോൾ ആ ഫിഗറിൽ മാറ്റം വരില്ലേ?

ഡോ. കെ. ടി. ജലീൽ: സർ, എല്ലാ വർഷവും എക്സ്പെൻഡിച്ചർ ഇങ്ങനെ തന്നെയാണ് കണക്കാക്കാറുള്ളത്. അല്ലാതെ ആ വർഷത്തെ മാത്രം കാര്യങ്ങൾ എടുത്തുകൊണ്ടല്ല. ഇപ്പോൾത്തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് നിങ്ങൾ എത്ര പുതിയ വർക്കുകൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുന്നുവോ അത് നിങ്ങൾക്ക് നൽകുമെന്നാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് വച്ച് തുടങ്ങിയിട്ടുള്ള വർക്കുകൾ സ്പിൽ ഓവറായി ഗണിക്കുമെന്ന് തന്നെയാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് അക്കാര്യത്തിൽ ഒരാശങ്കയുടെയും ആവശ്യമില്ല. മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ 856 നിയമനങ്ങളും പഞ്ചായത്ത് വകുപ്പിൽ 4544 നിയമനങ്ങളും ഗ്രാമവികസന വകുപ്പിൽ 943 നിയമനങ്ങളുമാണ് പി.എസ്.സി. മുഖേന നടന്നത്. എഞ്ചിനീയറിംഗ് വകുപ്പിൽ 587 നിയമനങ്ങൾ നടന്നു. ടൗൺ പ്ലാനിംഗ് വകുപ്പിൽ 80 നിയമനങ്ങൾ നടത്താനായി.

ലൈഫ് മിഷൻ പദ്ധതി കേരളത്തിന്റെ ഒരു ഫ്ലാഗ് ഷിപ്പ് പ്രോഗ്രാമാണ്. കഴിഞ്ഞ സാമ്പത്തികവർഷം 62000-ത്തോളം പണി പൂർത്തിയാക്കാനുള്ള വീടുകളിൽ 40000 വീടുകൾ പണി പൂർത്തിയാക്കി ഗൃഹപ്രവേശം ഉറപ്പാക്കിക്കഴിഞ്ഞു. എന്തായിരുന്നു കഴിഞ്ഞ വർഷം ചെയ്തത്? രണ്ട്-രണ്ടര ലക്ഷം രൂപയാണ് ഒരു വീടിന് നൽകിയിരുന്നത്. നാല് ലക്ഷം രൂപ ഒരു വീടിന്റെ യൂണിറ്റ് കോസ്റ്റായി കണ്ട് ബാക്കി പണവുംകൂടി പണിതീരാത്ത വീടുകൾക്ക് നൽകി ആ വീടുകളുടെ പണി പൂർത്തിയാക്കി. ഈ വർഷം പതിനായിരത്തിലധികം കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ഒന്നാം ഗഡു നൽകിക്കഴിഞ്ഞു. 172000-ത്തോളം പുതിയ വീടുകൾ സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ ഈ വർഷം നിർമ്മിക്കുന്നതിനാവശ്യമായ 4,000 കോടി രൂപയുടെ വായ്പ ഹഡ്കോയിൽനിന്ന് കെ.യു.ആർ.ഡി.എഫ്.സി.-ക്ക് ലഭിച്ചുകഴിഞ്ഞു; ഉടനെതന്നെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ തുക കൈമാറും. മുമ്പുള്ള ഭവന പദ്ധതികളുടെ പ്രത്യേകത, നൂറ് പേരെ ഒരു പഞ്ചായത്ത് ലിസ്റ്റ് ചെയ്താൽ ആദ്യത്തെ വർഷം പത്ത് പേർക്കും രണ്ടാമത്തെ വർഷം ഇരുപത് പേർക്കും മൂന്നാമത്തെ വർഷം മുപ്പത് പേർക്കുമാണ് നൽകിയിരുന്നത്. ഇതങ്ങനെയല്ല. 100 ഭവനരഹിതരായ ആളുകളുണ്ടെങ്കിൽ 100 പേർക്കും ഈ വർഷംതന്നെ പണം കൊടുക്കും. അതിനാണ് ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി. മുഖേന ലോണെടുത്ത് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നത്. തദ്ദേശ സ്ഥാപനങ്ങൾ ഈ പണം വരുന്ന 15 വർഷം കൊണ്ട് അവരുടെ പ്ലാൻ ഫണ്ടിൽനിന്ന് 20 ശതമാനം വച്ച് അതിന്റെ പലിശ തുക ഒഴികെയുള്ള പണം നമുക്ക് തിരിച്ചുതന്നാൽ മതി.

ശ്രീ. കെ. സി. ജോസഫ്: സർ, പുതിയ വീടിന്റെ തവണത്തുക ഈ വർഷം കൊടുത്തുവെന്ന് അങ്ങിപ്പോൾ പറഞ്ഞു. "ലൈഫ് മിഷൻ പാർപ്പിട പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്കാണ് വീട് വയ്ക്കാനുള്ള ഒന്നാം ഗഡു അനുവദിച്ചതെന്ന്

അറിയാക്കാമോ" എന്ന ചോദ്യത്തിന് 31-1-2018-ലെ അങ്ങയുടെ ഉത്തരം, "പുതിയ വീടുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നത് ആരംഭിച്ചിട്ടില്ല" എന്നാണ്. അങ്ങ് സഭയിൽ പറഞ്ഞ കാര്യമാണിത്.

ഡോ. കെ. ടി. ജലീൽ: സർ, 31-1-2018-നുശേഷം ഇപ്പോൾ ആറ് മാസമായി. ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും അവരുടെ ഇപ്രാവശ്യത്തെ പ്ലാൻ ഫണ്ടിന്റെ 20 ശതമാനം ഉപയോഗിച്ചുകൊണ്ട് ആ തദ്ദേശസ്ഥാപനങ്ങളിലെ ഭവനരഹിതരായ ആളുകൾക്ക് ഒന്നാം ഗഡു നൽകാമെന്ന നിർദ്ദേശമാണ് എല്ലാ പഞ്ചായത്തുകൾക്കും നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ചുതന്നെയാണ് മുമ്പും വീടുകൾ നിർമ്മിച്ചിരുന്നത്. ലൈഫ് പദ്ധതി സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ്. അതിനാവശ്യമായ മൊത്തം പണം സർക്കാർ ലോണെടുത്ത് തദ്ദേശസ്ഥാപനങ്ങൾക്ക് നൽകും, ലോണിന്റെ പലിശ സർക്കാർ വഹിക്കും. ലോണിന്റെ മുതൽ 15 വർഷംകൊണ്ട് തദ്ദേശസ്ഥാപനങ്ങൾ, അവരുടെ പ്ലാൻ ഫണ്ടിന്റെ 20 ശതമാനം നൽകണം. ഇക്കാര്യം ഈ ഭവനപദ്ധതി പ്രഖ്യാപിച്ച അന്നുമുതൽ പറഞ്ഞിട്ടുള്ളതാണ്; ഇപ്പോൾ പറയുന്നതല്ല. ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങൾ കൊടുക്കുന്നില്ലെങ്കിൽ ആ തദ്ദേശ സ്ഥാപനങ്ങളാണ് അതിനുത്തരവാദി. അവർക്ക് വ്യക്തമായിട്ടുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. തീർച്ചയായും ഈ മാസം അവസാനിക്കുന്നതോടുകൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഇതിന്റെ ആദ്യഗഡു നൽകുവാൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇത്രയും കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ചർച്ച വളരെ നീണ്ടുപോകുന്നതുകൊണ്ട് പലർക്കും പ്രയാസങ്ങളുണ്ടെന്ന് അവരുടെ മുഖഭാവത്തിൽ നിന്നുതന്നെ മനസ്സിലാക്കാൻ സാധിക്കും. ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. നാണു, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ ഹരി, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഗീതാ ഗോപി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതിയെ
അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

2-ാം വകുപ്പ്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 2(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും പകരം, "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്."

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

137. ഖണ്ഡം 2 (1) (എ)-ൽ, "2017" എന്നതിനു പകരം "2013" എന്നത് ചേർക്കുക.

163. ഖണ്ഡം 2 (1) (സി)-ൽ, "റീജിയണൽ ജോയിന്റ് ഡയറക്ടർ" എന്നതിനു മുൻപായി "ടൗൺ പ്ലാനിംഗ്" എന്ന് ചേർക്കുക.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 2 (1) (എ)-ൽ, "2017 ജൂലൈ 31"എന്നതിനു പകരം "2016 മേയ് 24" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

141. ഖണ്ഡം 2 (1) (എ)-ൽ, "2017 ജൂലൈ 31-ാം തീയതിയോ" എന്നതിന് പകരം "2017 ഡിസംബർ 31-ാം തീയതിയോ" എന്ന് ചേർക്കുക.

150. ഖണ്ഡം 2(1)(ബി)-ൽ "കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്നതിന് പകരം "കൂട്ടിച്ചേർക്കുകയോ പുനർനിർമ്മിക്കുകയോ" എന്ന് ചേർക്കുക.

159. ഖണ്ഡം 2 (1) (സി)-ൽ "ജില്ലാ ടൗൺ പ്ലാനർ" എന്ന വാക്കുകൾക്ക് മുൻപിൽ "ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിലെ " എന്നീ വാക്കുകൾ ചേർക്കുക.

164. ഖണ്ഡം 2 (1) (സി)-ൽ, "റീജിയണൽ ജോയിന്റ് ഡയറക്ടർ" എന്ന വാക്കുകൾക്ക് മുൻപിൽ "നഗരകാര്യ വകുപ്പിലെ" എന്നീ വാക്കുകൾ ചേർക്കുക.

178. ഖണ്ഡം 2(1) (ഡി)-ൽ "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർ നിർമ്മാണമോ" എന്നതിന് പകരം "കെട്ടിടം നിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ പുനർനിർമ്മിക്കുകയോ" എന്ന് ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

143. ഖണ്ഡം 2 (1) (എ)-ൽ "2017 ജൂലൈ 31-ാം തീയതിയോ" എന്നതിനു പകരം "2018 മാർച്ച് 31-ാം തീയതിയോ" എന്ന് ചേർക്കുക.

152. ഖണ്ഡം 2(1) (ബി)-ൽ "പുനർനിർമ്മാണമോ" എന്നതിനു പകരം "പുതുക്കി പണിയലോ"എന്നു ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2 (1) (എ)-ൽ " 2017 ജൂലൈ 31-ാം തീയതിയോ" എന്നതിനു പകരം "2018 ജൂൺ 1-ാം തീയതിയോ" എന്നു ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

145. പ്രധാന ആക്റ്റിലെ വകുപ്പ് 407 (1)-ൽ, "ഏതെങ്കിലും" എന്ന വാക്കിന് ശേഷം "ഭൂവികസനമോ, കെട്ടിടനിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ, പുനർനിർമ്മാണമോ " എന്ന വാക്കുകൾ ചേർക്കുക.

160. ഖണ്ഡം 2(1)(സി)-ൽ " ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ, നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

181. പ്രധാന ആക്ടിലെ വകുപ്പ് 407(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിലെ "കെട്ടിട നിർമ്മാണവും" എന്ന വാക്കുകൾക്കു പകരം "ഭൂവികസനമോ, കെട്ടിടനിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ, പുനർനിർമ്മാണമോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

189. പ്രധാന ആക്ടിലെ വകുപ്പ് 407(2)നുശേഷമുള്ള വിശദീകരണത്തിൽ "നിർമ്മാണമോ" എന്ന വാക്കിനു പകരം "ഭൂവികസനമോ, കെട്ടിട നിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ, പുനർനിർമ്മാണമോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

147. ഖണ്ഡം 2 (1) (ബി)-ൽ "കൂട്ടിച്ചേർക്കലുകളോ " എന്ന വാക്കിനു മുമ്പായി " പ്ലിന്ത് ഏരിയയിൽ 100 ശതമാനത്തിലധികം വർദ്ധനവ് വരാത്ത" എന്നീ വാക്കുകൾ ചേർക്കുക.

173. ഖണ്ഡം 2(1) (സി)-ൽ "സമിതിക്ക് " എന്നതിനു പകരം "സമിതിക്കോ സമിതിയുടെ തീരുമാനത്തിൽ തർക്കമുള്ള പക്ഷം സർക്കാരിനോ "എന്നീ വാക്കുകൾ ചേർക്കുക.

179. ഖണ്ഡം 2(1)ഡി-ൽ 'കൂട്ടിച്ചേർക്കലുകളോ' എന്ന വാക്കിനുമുമ്പായി "പ്ലിന്ത് ഏരിയയിൽ 100 ശതമാനത്തിലധികം വർദ്ധനവ് വരാത്ത' എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

186. ഖണ്ഡം 2(2) -ൽ "കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കിനുമുമ്പായി "പ്ലിന്ത് ഏരിയയിൽ 100 ശതമാനത്തിലധികം വർദ്ധനവ് വരാത്ത" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2 (1)(ബി)-ൽ "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് പകരം "കെട്ടിടനിർമ്മാണമോ " എന്ന വാക്ക് ചേർക്കുക.

171. ഖണ്ഡം 2(1) (സി) -ൽ "ഉൾപ്പെടുന്ന "എന്ന വാക്കിനു ശേഷം "ഒരു " എന്ന വാക്ക് ചേർക്കുക.

191. പ്രധാന ആക്ടിലെ വകുപ്പ് 407(2)നു ശേഷമുള്ള വിശദീകരണത്തിൽ "നിർമ്മാണമോ" എന്ന വാക്കിനു ശേഷം "ഭൂവികസനമോ, കെട്ടിട നിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ, പുനർനിർമ്മാണമോ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2(1)(ബി)-ൽ " കൂട്ടിച്ചേർക്കലുകളോ" എന്നതിന് പകരം "നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകളോ" എന്ന് മാറ്റുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

155. ഖണ്ഡം 2(1) (ബി)-ൽ "കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്നതിനു ശേഷം "രൂപമാറ്റം വരുത്തലുകളോ" എന്ന് ചേർക്കുക.

167. ഖണ്ഡം 2(1)(സി)-ൽ "സ്ഥാപനത്തിലെ സെക്രട്ടറി" എന്നതിനു ശേഷം "അല്ലെങ്കിൽ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ" എന്നു ചേർക്കുക.

180. ഖണ്ഡം 2(1)(ഡി)-ൽ "പുനർനിർമ്മാണമോ" എന്ന വാക്കിന് ശേഷം "രൂപമാറ്റവരുത്തലുകളോ " എന്ന വാക്ക് ചേർക്കുക.

188. ഖണ്ഡം 2(2)-ൽ "പുനർനിർമ്മാണമോ" എന്നതിനു ശേഷം "രൂപമാറ്റം വരുത്തലോ" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

156. പ്രധാന ആക്റ്റിലെ വകുപ്പ് 407 (1)-ൽ "കെട്ടിടനിർമ്മാണമോ" എന്നതിനു പകരം "കെട്ടിടം നിർമ്മിക്കുകയോ" എന്നു ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

162. ഖണ്ഡം 2(1)(സി)-ൽ " റീജിയണൽ" എന്ന വാക്കിനു മുൻപ് "നഗരകാര്യ വകുപ്പിലെ" എന്നീ വാക്കുകൾ ചേർക്കുക.

168. ഖണ്ഡം 2(1)(സി)-ൽ "സെക്രട്ടറി" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

സർ, സെക്രട്ടറിക്ക് മാത്രമാണ് ഇതിനുള്ള അധികാരം കൊടുക്കുന്നത്. പല സാഹചര്യങ്ങളിലും സെക്രട്ടറിയുടെ ചുമതല അസിസ്റ്റന്റ് സെക്രട്ടറിയും മറ്റുള്ളവരുമൊക്കെ വഹിക്കുന്ന ഒരു സ്ഥിതി വരും. അല്ലെങ്കിൽ സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്നുകൂടി ചേർത്താൽ കുറേക്കൂടി ക്ലാരിറ്റിയും പ്രായോഗികതയുമുണ്ടാകും എന്നൊരു നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കുന്നത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2(1)(സി)-ൽ "തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ" എന്നതിനു പകരം "കോർപ്പറേഷൻ അല്ലെങ്കിൽ മുനിസിപ്പൽ " എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

170. ഖണ്ഡം 2(1)(സി)-ൽ "ഉൾപ്പെടുന്ന" എന്ന വാക്കിന് പകരം "അടങ്ങുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

176. പ്രധാന ആക്ടിലെ വകുപ്പ് 407(1) താഴെപ്പറയും പ്രകാരം മാറ്റുക:

" 407. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം - (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2017 ജൂലൈ 31-ാം തീയതിയോ അതിനുമുൻപോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർ നിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ, ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ ക്രമവൽക്കരിക്കാവുന്നതാണ്."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

177. പ്രധാന ആക്റ്റിലെ വകുപ്പ് 407(1) -ന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ഒന്നാമതായി ചേർക്കുക:

"എന്നാൽ, സമിതിയുടെ തീരുമാനം ഏകാഭിപ്രായത്തിലല്ലാത്ത സംഗതിയിൽ യാതൊരു കെട്ടിടനിർമ്മാണവും കൂട്ടിച്ചേർക്കലും പുനർ നിർമ്മാണവും ക്രമവൽക്കരിക്കാൻ പാടില്ലാത്തതാണ്."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

184. ഖണ്ഡം 2(2)-ൽ "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർ നിർമ്മാണമോ" എന്ന വാക്കുകൾക്കു പകരം "കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

190.പ്രധാന ആക്റ്റിലെ വകുപ്പ് 407(2)-ന്റെ ശേഷമുള്ള വിശദീകരണത്തിൽ "നിർമ്മാണമോ" എന്ന വാക്കിന് പകരം "പുതിയ കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ, പുനർനിർമ്മാണമോ" എന്നാക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

192. പ്രധാന ആക്റ്റിലെ വകുപ്പ് 407(2)ന്റെ ശേഷമുള്ള വിശദീകരണത്തിൽ "വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ" എന്നതിന് പകരം "വിരുദ്ധമായി നിർമ്മിച്ചതോ, കൂട്ടിചേർത്തതോ, പുനർ നിർമ്മിച്ചതോ" എന്നാക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതിയും ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശ്രീ. എസ്. ശർമ്മയുടെ 176-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ലെങ്കിൽ അത് സഭയുടെ പ്രോപ്പർട്ടിയാണ്. അദ്ദേഹം പിൻവലിക്കുകയാണെങ്കിൽ പോൾ ചോദിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ചു, പക്ഷേ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. പ്രൊഫ. കെ. യു. അരുണൻ

5. ശ്രീമതി സി. കെ. ആശ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. എൽദോ എബ്രഹാം
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. ജോർജ് എം. തോമസ്
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. എം. എം. മണി
26. ശ്രീ. മാത്യു ടി. തോമസ്
27. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
28. ശ്രീ. എം. മുകേഷ്

29. ശ്രീ. ഡി. കെ. മുരളി
30. ശ്രീ. സി. കെ. നാണു
31. ശ്രീ. യു. ആർ. പ്രദീപ്
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. കെ. ഡി. പ്രസേനൻ
34. ശ്രീമതി യു. പ്രതിഭ ഹരി
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. പി. ടി. എ. റഹീം
37. ശ്രീ. എം. രാജഗോപാലൻ
38. ശ്രീ. കെ. രാജൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
43. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
44. ശ്രീ. മുല്ലക്കര രത്നാകരൻ
45. പ്രൊഫ. സി. രവീന്ദ്രനാഥ്
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. എ. കെ. ശശീന്ദ്രൻ
48. ശ്രീ. സി. കെ. ശശീന്ദ്രൻ
49. ശ്രീ. പി. കെ. ശശി
50. ശ്രീ. വി. ശശി
51. ശ്രീ. ബി. സത്യൻ
52. ശ്രീ. എ. എൻ. ഷംസീർ

53. ശ്രീ. ജി. സുധാകരൻ
54. ശ്രീ. വി. ആർ. സുനിൽ കുമാർ
55. ശ്രീ. വി. എസ്. സുനിൽ കുമാർ
56. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
57. ശ്രീ. കെ. സുരേഷ് കുറുപ്പ്
58. ശ്രീ. എം. സ്വരാജ്
59. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. തോമസ് ചാണ്ടി
62. ഡോ. ടി. എം. തോമസ് ഐസക്
63. ശ്രീ. പി. ഉണ്ണി
64. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഹൈബി ഈഡൻ

12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ഡോ. എൻ. ജയരാജ്
15. ശ്രീ. കെ. സി. ജോസഫ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ: 64

പ്രതികൂലിക്കുന്നവർ: 31

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 194-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതിയും ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 137, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 141, 150, 159, 164, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 143, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 145, 181, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 147, 173, 179, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 171, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 155, 167, 180, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 162, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

193. ഖണ്ഡം 3(2)-ൽ, "കാര്യമോ" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനു പകരം "ഇനി പറയും പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്ന വാക്കിന് പകരം "ആവശ്യങ്ങൾക്ക്" എന്ന വാക്ക് ചേർക്കുക.

115. തത്വപ്രഖ്യാപന വാക്യത്തിൽ "സംവൽസരത്തിൽ" എന്ന വാക്കിന് പകരം " സംവത്സരത്തിൽ" എന്ന വാക്ക് ചേർക്കുക.

116. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിന് പകരം "ഇനിപ്പറയും" എന്ന വാക്ക് ചേർക്കുക.

129. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

“ (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

113. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

114. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിനു പകരം "ആവശ്യമായിരിക്കുകയാൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

118. ഖണ്ഡം 1(2)-ൽ "ഇത് 2017 ഡിസംബർ 16-ാം തീയതി" എന്നതിന് പകരം "ഉടൻ" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

119. ഖണ്ഡം 1(2)-ൽ "ഇത് 2017 ഡിസംബർ 16-ാം" എന്നതിനുപകരം "ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

120. ഖണ്ഡം 1(2)-ൽ "2017 ഡിസംബർ 16" എന്നതിന് പകരം "2017 ജൂലൈ 31" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

121. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്കിനു ശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

123. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ഇത് 2017 ജൂലൈ 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

125. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ഇത് 2018 ജൂലൈ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീറിന്റെ 122-ാം നമ്പർ ഭേദഗതി ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതിക്കും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 124-ാം നമ്പർ ഭേദഗതി ശ്രീ. എൻ. എ.

നെല്ലിക്കുന്ന് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതിക്കും ശ്രീ. അടൂർ പ്രകാശിന്റെ 126-ാം നമ്പർ ഭേദഗതി ശ്രീ. കെ. എസ് ശബരീനാഥൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതിക്കും ശ്രീ. കെ. സി. ജോസഫിന്റെ 127-ാം നമ്പർ ഭേദഗതി ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ ആ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 112, 115, 116, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നിയമസഭ അനാരോഗ്യകരമായൊരു നിയമമാണ് പാസ്സാക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അനധികൃത നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യാൻ ഡോ. എം. കെ. മുനീറും ശ്രീ. മഞ്ഞളാംകുഴി അലിയും ബിൽ കൊണ്ടുവന്നപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്നവർ നഖശിഖാന്തം എതിർത്തത് ഞാനീ അവസരത്തിൽ ഓർക്കുകയാണ്. അവരുടെ പ്രസംഗങ്ങളെക്കുറിച്ചൊന്നും ഇവിടെ പറയുന്നില്ല. ഇതൊരു പ്രീസീഡന്റായി മാറുകയാണ്. കുറേ അനധികൃത നിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാർ റെഗുലറൈസ് ചെയ്തു. ഇപ്പോഴത്തെ സർക്കാരും കുറേ അനധികൃത നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുകയാണ്. നാളെ ഇതാവർത്തിക്കാൻ ആളുകൾക്ക് എളുപ്പമാണ്. ഈ മൂന്ന് നിയമങ്ങളും നിയമവിരുദ്ധമായ പ്രവർത്തനങ്ങളെ ക്രമീകരിക്കാൻ വേണ്ടിയാണ് കൊണ്ടുവന്നത്. ഇത് മൂലനിയമത്തിന്റെ സ്പിരിറ്റിനെതിരാണ്. ആ സ്പിരിറ്റിനെതിരായ ഒരു ഭേദഗതി വരുന്നത് എത്രമാത്രം ശരിയാണെന്ന് നമ്മളെല്ലാവരും ആലോചിക്കേണ്ട കാര്യമാണ്. അനധികൃത നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതോടെ നാളെ ആർക്കും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്താമെന്ന രീതി വരികയാണ്. അവർക്കൊരു കുഴപ്പവുമില്ല, നിയമം അവരെ ശിക്ഷിക്കില്ല, നിയമം അവർക്കെതിരായി നീങ്ങില്ല, നാളെ അധികാരത്തിൽ വരുന്ന മറ്റൊരു സർക്കാർ റെഗുലറൈസ് ചെയ്യുകയും ചെയ്യും. അതുകൊണ്ടാണ് ഇതൊരു അനാരോഗ്യകരമായ നിയമനിർമ്മാണമാണെന്ന് പറയുന്നത്. അനധികൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, നിയമങ്ങൾ കാറ്റിൽപ്പറത്തുക, ചോദ്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ അടിച്ചമർത്തുക, അതുകഴിഞ്ഞ് ഇത്തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവരിക എന്നീ

പ്രവണതകൾ സംബന്ധിച്ച് ജനപ്രതിനിധികളും സർക്കാരുകളും ആലോചിക്കേണ്ടതാണ്. ഇത്തരം റെഗുലറൈസേഷൻ ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്തതാണ്. ഭാവിയിലെങ്കിലും കേരള നിയമസഭ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ റെഗുലറൈസ് ചെയ്യാതിരിക്കട്ടെയെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കൂട്ടിവച്ച ഫീസ് കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതൊരു അനോമലിയാണ്. എത്ര ന്യായീകരിക്കാൻ ശ്രമിച്ചാലും ഇതിന് ന്യായീകരണമില്ലെന്നതാണ് വസ്തുത. ഭൂരിപക്ഷമുള്ളതുകൊണ്ട് നിങ്ങൾക്ക് ഈ ബിൽ പാസ്സാക്കാൻ സാധിക്കും. പക്ഷെ, നമ്മുടെ സമൂഹത്തോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമായിരിക്കുമിതെന്ന് ഞാൻ ചൂണ്ടിക്കാട്ടുകയാണ്.

മി. സ്പീക്കർ: 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ..

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി) :

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. എൽദോ എബ്രഹാം
11. ശ്രീമതി ഗീതാ ഗോപി

12. ശ്രീ. ജോർജ് എം. തോമസ്
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. വി. കെ.സി. മമ്മത് കോയ
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു ടി. തോമസ്
28. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
29. ശ്രീ. എം. മുകേഷ്
30. ശ്രീ. ഡി. കെ. മുരളി
31. ശ്രീ. സി. കെ. നാണു
32. ശ്രീ. യു. ആർ. പ്രദീപ്
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. കെ. ഡി. പ്രസേനൻ
35. ശ്രീമതി യു. പ്രതിഭ ഹരി

36. ശ്രീ. പുരുഷൻ കടലുണ്ടി

37 ശ്രീ. പി. ടി. എ. റഹീം

38. ശ്രീ. എം. രാജഗോപാലൻ

39. ശ്രീ. കെ. രാജൻ

40. ശ്രീ. ആർ. രാജേഷ്

41. ശ്രീ. റ്റി. വി. രാജേഷ്

42. ശ്രീ. കെ. രാജു

43. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

44. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

45. ശ്രീ. മുല്ലക്കര രത്നാകരൻ

46. പ്രൊഫ. സി. രവീന്ദ്രനാഥ്

47. ശ്രീ. എസ്. ശർമ്മ

48. ശ്രീ. എ. കെ. ശശീന്ദ്രൻ

49. ശ്രീ. സി. കെ. ശശീന്ദ്രൻ

50. ശ്രീ. പി. കെ. ശശി

51 ശ്രീ. വി. ശശി

52 ശ്രീ. ബി. സത്യൻ

53. ശ്രീ. എ. എൻ. ഷംസീർ

54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

55 ശ്രീ. ജി. സുധാകരൻ

56 ശ്രീ. വി. ആർ. സുനിൽ കുമാർ

57 ശ്രീ. വി. എസ്. സുനിൽ കുമാർ

58 ശ്രീ. കടകംപള്ളി സുരേന്ദ്രൻ

59 ശ്രീ. കെ. സുരേഷ് കുറുപ്പ്

60. ശ്രീ. എം. സ്വരാജ്

61. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

62 ശ്രീ. പി. തിലോത്തമൻ

63 ശ്രീ. തോമസ് ചാണ്ടി

64. ഡോ. ടി. എം. തോമസ് ഐസക്

65 ശ്രീ. പി. ഉണ്ണി

66 ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ഡോ. എൻ. ജയരാജ്
15. ശ്രീ. കെ. സി. ജോസഫ്
16. ശ്രീ. കെ. എൻ. എ. ഖാദർ

17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. റോഷി അഗസ്റ്റിൻ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. വി. പി. സജീന്ദ്രൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ: 66

പ്രതികൂലിക്കുന്നവർ: 32

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

2-ാം വകുപ്പ്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു :

183. ഖണ്ഡം 2-ൽ

(i) ഉപഖണ്ഡം 1 (ബി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ബി) " കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും "കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടി ച്ചേർക്കലുകളോ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്."

(ii) 2-ാം ഉപഖണ്ഡത്തിൽ, " എന്ന വാക്കുകൾ" എന്നതിനുപകരം "എന്ന വാക്കുകളും," " പുനർനിർമ്മിച്ചതോ" എന്ന വാക്കിനുശേഷം "കൂട്ടിച്ചേർത്തതോ" എന്ന വാക്കും ചേർക്കേണ്ടതാണ്." എന്ന് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

128. ഖണ്ഡം 2(1) (എ) ഒഴിവാക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

134. ഖണ്ഡം 2 (1) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 235 എ ബി (1)-ൽ, " 2017" എന്നതിനു പകരം "2013" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 (1) (എ)-ൽ, "2017 ജൂലൈ 31" എന്നതിന് പകരം "2016 മേയ് 24" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

136. ഖണ്ഡം 2 (1) (എ)-ൽ, " 2017 ജൂലൈ 31-ാം തീയതിയോ" എന്നതിന് പകരം "2018 ജൂൺ 1-ാം തീയതിയോ" എന്നു ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

137. ഖണ്ഡം 2 (1) (എ)-ൽ, "2017 ജൂലൈ 31-ാം തീയതിയോ" എന്നതിന് പകരം "2017 മാർച്ച് 31-ാം തീയതിയോ" എന്ന് ചേർക്കുക.

151. ഖണ്ഡം 2(1) (സി) -ൽ "ജില്ലാ ടൗൺപ്ലാനർ" എന്ന വാക്കുകൾക്കു മുൻപായി "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

157. ഖണ്ഡം 2(1) (സി)-ൽ, "ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്നതിനു ശേഷം "/അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ " എന്ന് ചേർക്കുക.

164. ഖണ്ഡം 2(1)(സി)-ൽ "ഉൾപ്പെടുന്ന സമിതിക്ക്" എന്ന വാക്കുകൾക്ക് പകരം "ഉൾപ്പെട്ട സമിതികൾക്ക്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

138. ഖണ്ഡം 2 (1) (എ)-ൽ, "2017 ജൂലൈ 31-ാം തീയതിയോ" എന്നതിനു പകരം "2017 ഡിസംബർ 31-ാം തീയതിയോ" എന്ന് ചേർക്കുക.

174. ഖണ്ഡം 2(1)(ഡി)ൽ "കൂട്ടിച്ചേർക്കലുകളോ" എന്നതിനു ശേഷം "രൂപമാറ്റം വരുത്തുകയോ" എന്നു ചേർക്കുക.

176. ഖണ്ഡം 2(2)-ൽ "കൂട്ടിചേർക്കലുകളോ" എന്നതിനു ശേഷം "രൂപമാറ്റം വരുത്തലുകളോ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

141. പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "ഏതെങ്കിലും" എന്ന വാക്കിനു ശേഷം "ഭൂവികസനമോ, കെട്ടിടനിർമ്മാണമോ, പുനർനിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

154. ഖണ്ഡം 2(1) (സി) -ൽ "ജില്ലാ ടൗൺപ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ" എന്ന വാക്കുകൾക്ക് പകരം " ബന്ധപ്പെട്ട ജില്ലാ ടൗൺപ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ "എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

177. പ്രധാന ആക്റ്റിലെ 235 എ ബി (1) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "കെട്ടിട നിർമ്മാണവും" എന്ന വാക്കുകൾക്കു പകരം "ഭൂവികസനമോ, കെട്ടിടനിർമ്മാണമോ, പുനർനിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

179. പ്രധാന ആക്ടിലെ വകുപ്പ് 235 എബി (2)-നുശേഷമുള്ള വിശദീകരണത്തിലെ "നിർമ്മാണമോ," എന്ന വാക്കിന് പകരം "ഭൂവികസനമോ, കെട്ടിടനിർമ്മാണമോ, പുനർനിർമ്മാണമോ, കൂട്ടി ച്ചേർക്കലുകളോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

143. പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് പകരം "കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

144. പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് പകരം "കെട്ടിടനിർമ്മാണമോ" എന്ന വാക്ക് ചേർക്കുക.

153. ഖണ്ഡം 2(1) (സി) -ൽ "ജില്ലാ ടൗൺപ്ലാനർ" എന്നത് "ജില്ലാടൗൺ പ്ലാനർ" എന്നു മാറ്റുക.

163. ഖണ്ഡം 2(1)(സി)-ൽ "ഉൾപ്പെടുന്ന" എന്ന വാക്കിന് ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

168. ഖണ്ഡം 2(1) (ഡി)-ൽ "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്കു മുമ്പായി "ഭൂവികസനമോ" എന്ന വാക്കു ചേർക്കുക.

181. പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (2)-നു ശേഷമുള്ള വിശദീകരണത്തിൽ "നിർമ്മാണമോ" എന്ന വാക്കിന് ശേഷം "ഭൂവികസനമോ കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ "എന്ന വാക്കുകൾ ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

145. പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "കെട്ടിട നിർമ്മാണമോ" എന്നതിനു പകരം "കെട്ടിടം നിർമ്മിക്കുകയോ" എന്നു ചേർക്കുക.

146. ഖണ്ഡം 2(1)(ബി)-ൽ "പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ" എന്നതിനു പകരം"പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ" എന്ന് ചേർക്കുക.

152. ഖണ്ഡം 2(1)(സി) -ൽ "ജില്ലാ ടൗൺപ്ലാനർ" എന്ന വാക്കുകൾക്കു മുൻപിൽ "ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിലെ" എന്ന വാക്കുകൾ ചേർക്കുക.

172. ഖണ്ഡം 2(1) (ഡി)-ൽ "കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ" എന്നതിന്പകരം " കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ" എന്ന് ചേർക്കുക.

178. ഖണ്ഡം (2)-ൽ "കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ" എന്നതിനു പകരം " കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

148. ഖണ്ഡം 2(1)(ബി)-ൽ "പുനർനിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ" എന്നതിനുപകരം "കൂട്ടിച്ചേർക്കലുകളോ, പുനർനിർമ്മാണമോ " എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

149. ഖണ്ഡം 2(1)(ബി)-ൽ "കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കിനു മുമ്പായി "പ്ലിന്ത് ഏരിയയിൽ 100 ശതമാനത്തിലധികം വർദ്ധനവ് വരാത്ത" എന്ന വാക്കുകൾ ചേർക്കുക.

165. ഖണ്ഡം 2(1)(സി)-ൽ "സമിതിക്ക്" എന്ന വാക്കിനു പകരം "സമിതിക്കോ സമിതിയുടെ തീരുമാനത്തിൽ തർക്കമുള്ള പക്ഷം സർക്കാരിനോ" എന്നീ വാക്കുകൾ ചേർക്കുക.

173. ഖണ്ഡം 2(1)(ഡി)ൽ "കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കിനു മുമ്പായി "പ്ലിന്ത് ഏരിയയിൽ 100 ശതമാനത്തിലധികം വർദ്ധനവ് വരാത്ത" എന്നീ വാക്കുകൾ ചേർക്കുക.

175. ഖണ്ഡം 2(2)ൽ "കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കിനു മുമ്പായി "പ്ലിന്ത് ഏരിയയിൽ 100 ശതമാനത്തിലധികം വർദ്ധനവ് വരാത്ത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

150. ഖണ്ഡം 2(1)(ബി)-ൽ "കൂട്ടിച്ചേർക്കലുകളോ" എന്നതിനു പകരം "യോജിപ്പിക്കലോ " എന്നു ചേർക്കുക.

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

156. ഖണ്ഡം 2(1) (സി)-ൽ, "പഞ്ചായത്ത് " എന്ന വാക്കിനു ശേഷം "വകുപ്പിലെ " എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

158. ഖണ്ഡം 2(1) (സി)-ൽ, "തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ" എന്നതിനു പകരം "പഞ്ചായത്ത് " എന്നു ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

159. ഖണ്ഡം 2(1) (സി)-ൽ, "തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ" എന്നതിനു പകരം "ഗ്രാമപഞ്ചായത്ത് " എന്നു ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

160. ഖണ്ഡം 2(1)(സി)-ൽ, "സെക്രട്ടറി " എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ " എന്ന് ചേർക്കുക.

161. ഖണ്ഡം 2(1)(സി)-ൽ "ഉൾപ്പെടുന്ന" എന്ന വാക്കിന് പകരം "ഉൾപ്പെട്ട" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

162. ഖണ്ഡം 2(1)(സി)-ൽ "ഉൾപ്പെടുന്ന" എന്നതിനു പകരം "അടങ്ങുന്ന" എന്നു ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

166. പ്രധാന ആക്റ്റിലെ വകുപ്പ് 235 എബി (1) താഴെപ്പറയും പ്രകാരം മാറ്റുക. "235 എ.ബി. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം._ (1) ഈ ആക്റ്റിൽ എന്തുതന്നെ

അടങ്ങിയിരുന്നാലും 2017 ജൂലൈ 31-ാം തീയതിയോ അതിനു മുൻപോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ നടത്തിയിട്ടുണ്ടെങ്കിൽ ജില്ലാ ടൗൺപ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതിയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കികൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ ക്രമവൽക്കരിക്കാവുന്നതാണ് :"

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

167. പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ഒന്നാമതായി ചേർക്കുക "എന്നാൽ സമിതിയുടെ തീരുമാനം ഏകാഭിപ്രായത്തിലല്ലാത്ത സംഗതിയിൽ യാതൊരു കെട്ടിട നിർമ്മാണവും കൂട്ടി ചേർക്കലും പുനർനിർമ്മാണവും ക്രമവൽക്കരിക്കാൻ പാടില്ലാത്തതാണ് ".

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

171. ഖണ്ഡം 2(1) (ഡി)-ൽ "കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ" എന്നത് " പുതിയ കെട്ടിട നിർമ്മാണമോ, കൂട്ടിച്ചേർക്കലുകളോ, പുനർനിർമ്മാണമോ," എന്ന് മാറ്റുക.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്തിന്റെ 129-ാം നമ്പർ ഭേദഗതിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 130-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. മുരളീധരന്റെ 131-ാം നമ്പർ ഭേദഗതിയും ശ്രീ. അടൂർ പ്രകാശിന്റെ 132-ാം നമ്പർ ഭേദഗതിയും ശ്രീ. റോജി എം. ജോണിന്റെ 133-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതിക്ക് തുല്യമായതുകൊണ്ടും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 139-ാം നമ്പർ ഭേദഗതി ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതിക്ക് തുല്യമായതുകൊണ്ടും ശ്രീ. കെ. എം. ഷാജിയുടെ 170-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതുകൊണ്ടും അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 183-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 137, 151, 157, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 138, 174, 176 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 141, 177, 179 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 144, 153, 163, 168, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 145, 146, 152, 172, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 149, 165, 173, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 160, 161 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

182. ഖണ്ഡം 3(2)-ൽ "കാര്യമോ" എന്നതിനു ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

111. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്ന വാക്കുകൾക്ക് പകരം "ഇനി പറയും പ്രകാരം" എന്ന് ചേർക്കുക.

117. ഖണ്ഡം 1(1) താഴെ പറയും പ്രകാരം മാറ്റുക :

“ (1) ഈ നിയമത്തിന് 2018-ലെ കേരള പഞ്ചായത്ത് രാജ് നിയമം എന്ന് പേര് പറയാം.”

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നവാക്കിന് പകരം "ആവശ്യ ങ്ങൾക്ക്" എന്ന വാക്ക് ചേർക്കുക.

116. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിന് പകരം "ഇനി പറയും" എന്ന വാക്കുകൾ ചേർക്കുക.

124. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

114. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

115. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ഖണ്ഡം 1(2) -ൽ, " ഇത് 2017 ഡിസംബർ 16-ാം തീയതി" എന്നതിനു പകരം " ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന" എന്നു ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

121. ഖണ്ഡം 1(2) -ൽ, "2017 ഡിസംബർ 16" എന്നതിന് പകരം "2017 ജൂലൈ 31" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

122. ഖണ്ഡം 1(2)ൽ "തീയതി" എന്ന വാക്കിന് ശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 112-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതിക്കും ശ്രീ. സി. മമ്മൂട്ടിയുടെ 123-ാം നമ്പർ ഭേദഗതി ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 111, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 113, 116, 124 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. എൽദോ എബ്രഹാം
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. ജോർജ് എം. തോമസ്
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്

20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ
26. ശ്രീ. എം. എം. മണി
27. ശ്രീ. മാത്യു ടി. തോമസ്
28. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
29. ശ്രീ. എം. മുകേഷ്
30. ശ്രീ. ഡി. കെ. മുരളി
31. ശ്രീ. സി. കെ. നാണു
32. ശ്രീ. യു. ആർ. പ്രദീപ്
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. കെ. ഡി. പ്രസേനൻ
35. ശ്രീമതി യു. പ്രതിഭ ഹരി
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. പി. ടി. എ. റഹീം
38. ശ്രീ. എം. രാജഗോപാലൻ
39. ശ്രീ. കെ. രാജൻ
40. ശ്രീ. ആർ. രാജേഷ്
41. ശ്രീ. റ്റി. വി. രാജേഷ്
42. ശ്രീ. കെ. രാജു
43. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

44. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
45. ശ്രീ. മുല്ലക്കര രത്നാകരൻ
46. പ്രൊഫ. സി. രവീന്ദ്രനാഥ്
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. സി. കെ. ശശീന്ദ്രൻ
50. ശ്രീ. പി. കെ. ശശി
51. ശ്രീ. വി. ശശി
52. ശ്രീ. ബി. സത്യൻ
53. ശ്രീ. എ. എൻ. ഷംസീർ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. ജി. സുധാകരൻ
56. ശ്രീ. വി. ആർ. സുനിൽ കുമാർ
57. ശ്രീ. വി. എസ്. സുനിൽ കുമാർ
58. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
59. ശ്രീ. കെ. സുരേഷ് കുറുപ്പ്
60. ശ്രീ. എം. സ്വരാജ്
61. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
62. ശ്രീ. പി. തിലോത്തമൻ
63. ശ്രീ. തോമസ് ചാണ്ടി
64. ഡോ. ടി. എം. തോമസ് ഐസക്
65. ശ്രീ. പി. ഉണ്ണി
66. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൻദേസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ഹൈബി ഈഡൻ
14. ഡോ. എൻ. ജയരാജ്
15. ശ്രീ. കെ. സി. ജോസഫ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ

24. ശ്രീ. റോഷി അഗസ്റ്റിൻ

25. ശ്രീ. കെ. എസ്. ശബരീനാഥൻ

26. ശ്രീ. വി. പി. സജീന്ദ്രൻ

27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. സണ്ണി ജോസഫ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

2-ാം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

137. ഖണ്ഡം 2-ൽ "മുപ്പത്" എന്ന വാക്കിനു പകരം "ആറ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

138. ഖണ്ഡം 2 -ൽ " മുപ്പത് "എന്ന വാക്കിനു പകരം " പതിനെട്ട്" എന്ന് ചേർക്കുക.

154. പ്രധാന ആക്റ്റിലെ 143 എ (1) ന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കുക.

" എന്നു മാത്രമല്ല, സർക്കാർ നിശ്ചയിക്കുന്ന സമയമെന്നത് യാതൊരു കാരണവശാലും കൗൺസിലറുടെ കാലാവധി അവസാനിച്ചതിനു ശേഷമാവാനും പാടില്ലാത്തതാണ് ."

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

140. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്ന വാക്കുകൾക്കു പകരം "മൂന്ന് മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

141. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്നത് "ഇരുപത് മാസങ്ങൾക്കകം" എന്നു മാറ്റുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

142. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്നത് "ഇരുപത്തിരണ്ട് മാസങ്ങൾക്കകം" എന്നു മാറ്റുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

145. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്നത് "ഇരുപത്തിയഞ്ചു മാസങ്ങൾക്കകം" എന്നു മാറ്റുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

146. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയഞ്ചു മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

147. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്നത് "ഇരുപത്തി ആറ് മാസങ്ങൾക്കകം" എന്നു മാറ്റുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

149. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്നത് "ഇരുപത്തി എട്ട് മാസങ്ങൾക്കകം" എന്നു മാറ്റുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

150. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്നതിനു പകരം "രണ്ട് വർഷത്തിനകം" എന്ന് ചേർക്കുക.

155. പ്രധാന ആക്ടിലെ 143 എ വകുപ്പിന്റെ രണ്ടാം ഉപ വകുപ്പിന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ, 2015-നവംബർ 12-ന് തിരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള അംഗങ്ങൾക്ക് സ്വത്ത് വിവരം മുപ്പത് മാസക്കാലയളവിനുള്ളിൽ സമർപ്പിക്കാവുന്നതാണ് ."

സർ, 30 മാസത്തിനുള്ളിൽ സ്വത്തുവിവരം കൊടുക്കാത്തവരുടെ അംഗത്വം നഷ്ടപ്പെടാതിരിക്കാനുള്ളതാണ് ഈ ഭേദഗതി. അതാണ് മന്ത്രിയുടെ ഉദ്ദേശ്യമെങ്കിൽ അത് ഈ ഭേദഗതിയുടെ പർപ്പസ് സെർവ് ചെയ്യും. എന്നാൽ 2015 നവംബർ 12-ന് തെരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള അംഗങ്ങൾക്ക് സ്വത്തുവിവരം 30 മാസ ക്കാലയളവിനുള്ളിൽ സമർപ്പിക്കാവുന്നതാണെന്ന് പറഞ്ഞാൽ ഈ കാലയളവിനുള്ളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് മാത്രമേ ഇത് ബാധകമാകുകയുള്ളൂ. വൺ ടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്ക് ഇത് തീർക്കാവുന്നതാണ്. പുതിയതായി വരുന്ന അംഗങ്ങൾക്ക് ഇത് ബാധകമാകില്ല. അതുകൊണ്ട് നിലവിലുള്ള അംഗങ്ങൾക്കെന്ന് പറയുമ്പോൾ കൃത്യമാകും. 30 മാസം ആകുകയും ചെയ്യും; പുതുതായി തെരഞ്ഞെ ടുക്കപ്പെട്ട അംഗങ്ങൾക്ക് നേരത്തെ പറഞ്ഞതുപോലെ ബാധകമാകും. അവർ നിലവിലുള്ള സമയത്തിനുള്ളിൽ കണക്ക് കൊടുക്കണം. നിലവിൽ ബൈ ഇലക്ഷൻ ഇല്ലാതിരി ക്കണമെങ്കിൽ ഈ ഭേദഗതി സ്വീകരിച്ചാൽ അങ്ങയുടെ പർപ്പസ് സെർവ് ചെയ്യുമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി.സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീന്റെ 126- ാം നമ്പർ ഭേദഗതിയും ശ്രീ. അൻവർ സാദത്തിന്റെ 127-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫിന്റെ 128-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശന്റെ 129-ാം നമ്പർ ഭേദഗതിയും ശ്രീ. ഹൈബി ഈഡന്റെ 130-ാം നമ്പർ ഭേദഗതിയും ശ്രീ. ഷാഫി പറമ്പിലിന്റെ 131-ാം നമ്പർ ഭേദഗതിയും ശ്രീ. വി. എസ്. ശിവകുമാറിന്റെ 132-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസിന്റെ 133-ാം നമ്പർ ഭേദഗതിയും ശ്രീ. റോജി എം. ജോണിന്റെ 134-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രന്റെ 135-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എസ്. ശബരീനാഥന്റെ 136-ാം നമ്പർ ഭേദഗതിയും ക്രമപ്രകാരമല്ല. ശ്രീ. അനൂപ് ജേക്കബിന്റെ 139-ാം നമ്പർ ഭേദഗതി ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 138-ാം നമ്പർ ഭേഗതിക്കും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 151-ാം നമ്പർ ഭേദഗതി ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 150-ാം നമ്പർ

ഭേദഗതിക്കും ശ്രീ. മോൻസ് ജോസഫിന്റെ 153-ാം നമ്പർ ഭേദഗതി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 138, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 150, 155 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

156.ഖണ്ഡം 3(2)-ൽ, "ചെയ്ത" എന്ന വാക്കിനു പകരം "ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കുക.

158. ഖണ്ഡം 3 (2) -ൽ, "എടുത്ത" എന്ന വാക്കിന് പകരം "എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കുക.

156-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 3(2)-ൽ "ചെയ്ത" എന്ന വാക്കിനു പകരം "ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

157. ഖണ്ഡം 3(2) -ൽ, "കാര്യമോ" എന്ന വാക്കിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 156, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

111. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനു പകരം "ഇനി പറയുംപ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ആവശ്യങ്ങൾക്ക്" എന്നു ചേർക്കുക.

116. തത്വപ്രഖ്യാപനവാക്യത്തിലെ "സംവൽസരത്തിൽ" എന്ന വാക്കിന് പകരം "സംവത്സരത്തിൽ" എന്ന വാക്ക് ചേർക്കുക.

123. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.".

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

113. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

115. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നത് "ആവശ്യമായിരിക്കുകയാൽ" എന്നു മാറ്റുക.

117. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ഈ നിയമത്തിന് 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) നിയമം എന്ന് പേര് പറയാം."

122. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.".

124. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഇത് 2018 ഏപ്രിൽ 26-ാം തിയതി പ്രാബല്യത്തിൽ വരുന്നതായി കരുതപ്പെടേണ്ടതാണ് ".

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ഖണ്ഡം 1 (2)-ൽ, "ഇത് 2015 നവംബർ 12-ാം " എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

120. ഖണ്ഡം 1(2)-ൽ, "തീയതി" എന്ന വാക്കിനുശേഷം "മുതൽ" എന്ന് ചേർക്കുക.

മി.സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ 118-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതിക്കും ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 121-ാം നമ്പർ ഭേദഗതി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതിക്കും ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 125-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 112, 116, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 115, 117, 122, 124 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

## XI അറിയിപ്പ്

### പ്രവാസി ചിട്ടിയുടെ ഉദ്ഘാടനം

മി. സ്പീക്കർ: വൈകുന്നേരം 5.30-ന് നടക്കുന്ന പ്രവാസി ചിട്ടിയുടെ ഉദ്ഘാടനം സംബന്ധിച്ച് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിരുന്നു. എല്ലാ അംഗങ്ങളും ചടങ്ങിൽ പങ്കെടുത്ത് കാര്യങ്ങൾ മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.)

## അനുബന്ധം

(1) 18-6-2018-ലെ നക്ഷത്രചിഹ്നമിട്ട 213-ാം നമ്പർ ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ശ്രീ. ജി. സുധാകരൻ മേശപ്പുറത്തുവച്ച മറുപടി

### (* 213) പുതിയ കാലത്തിനനുസൃതമായ നിർമ്മാണം

(എ) 'പുതിയകാലം പുതിയ നിർമ്മാണം' എന്ന ആപ്ത വാക്യത്തിന്റെ അടിസ്ഥാനത്തിൽ ആയുസ്സ്, ഈട്, സൗന്ദര്യം ഇവ ഉറപ്പാക്കിക്കൊണ്ടുള്ള നിർമ്മാണ രീതികളാണ് വകുപ്പിന്റെ പ്രവൃത്തികളിൽ നടപ്പാക്കിവരുന്നത്. കാലത്തിനനുസരിച്ചുള്ള ആധുനിക സാങ്കേതിക വിദ്യകൾ, നൂതന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണരീതികൾ എന്നിവ അവലംബിച്ച് ഈടുറ്റ റോഡുകൾ നിർമ്മിച്ചുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിൽ നൂതന നിർമ്മാണ സാമഗ്രികളായ NRMB, Plastic, കയർ മുതലായവയും ആധുനിക സാങ്കേതികവിദ്യകളായ മില്ലിംഗ് ആൻഡ് റീ-സൈക്ലിംഗ് രീതി, മണ്ണ് സ്റ്റെബിലൈസേഷൻ ടെക്നോളജി എന്നിവ നടപ്പാക്കുന്നതിനായി G.O.(Rt).527/2018 പി.ഡബ്ല്യു.ഡി തീയതി 26-3-2018 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണമേന്മ, അഴിമതിരഹിതം, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം, വിജിലൻസ് വിഭാഗം എന്നിവ ശക്തിപ്പെടുത്തി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുകയും റോഡുകളുടെയും പാലങ്ങളുടെയും പരിപാലനത്തിനായി ചീഫ് എഞ്ചിനീയർമാരെ നിയമിക്കുകയും ചെയ്തു. വകുപ്പിന്റെ പ്രവൃത്തികൾ കൂടുതൽ സമയബന്ധിതമാക്കുവാൻ രൂപകൽപ്പന വിഭാഗം വിപുലപ്പെടുത്തി. പരാതി പരിഹാരസെൽ കൂടുതൽ ജനകീയമാക്കി ശക്തിപ്പെടുത്തി. സുരക്ഷയുടെ ഭാഗമായി പാലങ്ങളുടെ പരിശോധന കർശനമാക്കി. പുനർനിർമ്മിക്കേണ്ടതും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതുമായ പാലങ്ങൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. പാലങ്ങളുടെയും കലിങ്കുകളുടെയും പുനർ നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒരു പുതിയ ശീർഷകം ആരംഭിച്ചു. കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രമുഖ പദ്ധതികളായ മലയോര ഹൈവേ, തീരദേശ ഹൈവേ, മറ്റ് നിർമ്മാണ പ്രവൃത്തികൾ എന്നിവ സമയ ബന്ധിതമായി നടപ്പാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ പുനർവിന്യാസത്തിലൂടെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചുകൊണ്ട് കിഫ്ബിയുടെ SPV-ആയ KRFB-യുടെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചു.

(ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും പി.എസ്.സി.-ക്ക് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവ് നൽകി ഒഴിവുകൾ യഥാസമയം നികത്താറുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (റോഡ് മെയിന്റനൻസ്), ചീഫ് എഞ്ചിനീയർ (പാലങ്ങൾ) എന്നീ പുതിയ രണ്ട് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പുനർനിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 31 പാലങ്ങളുടെ പ്രവൃത്തികൾക്ക് കിഫ്ബി/ ബഡ്ജറ്റ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ ഇൻവെസ്റ്റിഗേഷൻ/ ഡിസൈൻ എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനും ഭരണാനുമതിക്കുമായി നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഇതിന്റെ പുരോഗതികൾ വിലയിരുത്തുന്നുണ്ട്.

M/s. TPF Engineering Pvt.Ltd-ന്റെ ആദ്യഘട്ട സർവ്വേയുടെ കണക്ക് പ്രകാരം അറ്റകുറ്റപ്പണി, ബലപ്പെടുത്തൽ, പുതുക്കിപ്പണിയൽ എന്നിവ ആവശ്യമായ 14 പാലങ്ങളിൽ 11 പാലങ്ങൾ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന് കീഴിലാണ്. ഇവയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) 5-1-2018-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 1/2018/ പി.ഡബ്ല്യൂ.ഡി, തീയതി പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ടി ഉത്തരവിൽ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള സോഷ്യൽ ഓഡിറ്റിംഗ് സമിതികൾ രൂപീകരിച്ചും സോഷ്യൽ ഓഡിറ്റിംഗ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചിട്ടുണ്ട്.

കൂടാതെ, ജില്ലാ സമിതികളിൽ അതത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്താനായി പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാസമിതി മുമ്പാകെ നൽകാവുന്നതാണ്. മുൻകൂട്ടി നിശ്ചയിക്കാതെതന്നെ ചെയർമാന്റെ അനുവാദത്തോടുകൂടി പ്രവൃത്തികൾ പരിശോധിക്കുന്നതിനുള്ള അധികാരം മെമ്പർ മാർക്കുണ്ടായിരിക്കുന്നതാണ്. പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതി പരാതിയിന്മേൽ സർക്കാരിന് താഴെപ്പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(i) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ;

(ii) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക;

(iii) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക;

(iv) സി.റ്റി.ഇ അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക;

(v) ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക;

(vi) പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(2) കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.- നൽകിയ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി, ശ്രീ. മാത്യു ടി. തോമസ് മേശപ്പുറത്തുവച്ച വിശദമായ മറുപടി

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നിലവിൽ മണ്ണാർക്കാട്-തെങ്കര സമഗ്ര കുടിവെള്ള പദ്ധതി, അട്ടപ്പാടി കുടിവെള്ള പദ്ധതി, അലനല്ലൂർ-കോട്ടോപ്പാടം-തച്ചനാട്ടുകര കുടിവെള്ള പദ്ധതി എന്നീ മൂന്ന് പ്രധാന പദ്ധതികളുടെ നിർവ്വഹണമാണ് നടന്നു വരുന്നത്. ധനലഭ്യതയിലെ പരിമിതിയും പദ്ധതികളുടെ ഘടകങ്ങൾക്കാവശ്യമായ സ്ഥലലഭ്യതയിലെ പ്രശ്നങ്ങളും കണക്കിലെടുത്ത് ആദ്യഘട്ടത്തിൽ ഉൽപ്പാദന ഘടകങ്ങൾക്കാണ് പ്രധാനമായും മുൻഗണന നൽകുന്നത്. ഉൽപ്പാദനഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കി അനുബന്ധ ഘടകങ്ങൾ പൂർത്തീകരിച്ച് പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മണ്ണാർക്കാട്-തെങ്കര സമഗ്ര കുടിവെള്ള പദ്ധതി

മണ്ണാർക്കാട് മുനിസിപ്പാലിറ്റി, തെങ്കര ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങൾക്കു വേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടമായി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 571.0 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ ഉൾപ്പെടുത്തിയിരുന്ന ഘടകങ്ങളായ 7 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല കിണർ, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അനുബന്ധഘടകങ്ങൾ പൂർത്തീകരിക്കാത്തതിനാൽ

ശുദ്ധീകരണശാല കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. നിലവിൽ മണ്ണാർക്കാട് സ്ഥിതി ചെയ്യുന്ന ജലസംഭരണിയിലേക്ക് വെള്ളമെത്തിക്കുവാൻവേണ്ടി പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് എന്നീ പ്രവൃത്തികൾക്കായി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 240 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയുണ്ടായി. ഇവയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മണ്ണാർക്കാട് നഗരസഭയിലെ നിലവിലെ വിതരണശൃംഖലയിലൂടെ ശുദ്ധീകരണശാലവഴി ശുദ്ധീകരിച്ച ജലം ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

മണ്ണാർക്കാട്-തെങ്കര സമഗ്ര കുടിവെള്ളപദ്ധതിയുടെ ശേഷിച്ച ഘടകങ്ങളായ തെങ്കര (പഞ്ചായത്താഫീസിനു സമീപം), ശിവൻകുന്ന്, നായാടിക്കുന്ന് എന്നിവിടങ്ങളിൽ സ്ഥാപിക്കേണ്ട ജലസംഭരണികളും പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, വിതരണശൃംഖല എന്നീ ഘടകങ്ങളും ഉൾപ്പെട്ട അടുത്ത ഘട്ടത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതാണ്.

അട്ടപ്പാടി കുടിവെള്ള പദ്ധതി

അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽപ്പെട്ട മൂന്ന് പഞ്ചായത്തുകളായ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 2015-ൽ 1153 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഈ പദ്ധതിയിൽ 10 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, കിണർ, ബൂസ്റ്റർ പമ്പ് ഹൗസ്, 5 ലക്ഷം ലിറ്റർ ശേഷിയുള്ള റോ വാട്ടർ സമ്പ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭ്യമായിരുന്നില്ല. കൂടാതെ കേന്ദ്ര സർക്കാരിന്റെ 1-11-2016-ലെ നിർദ്ദേശപ്രകാരം 25 ശതമാനത്തിൽ താഴെ നിർവ്വഹണ പുരോഗതി കൈവരിച്ച പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമാകാത്ത സ്ഥിതിയുമുണ്ടായി. ഇതുകാരണം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ച പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടതായിവന്നു.

തുടർന്ന് പ്രതിദിന ആളോഹരി ജലലഭ്യത 100 ലിറ്റർ അടിസ്ഥാനപ്പെടുത്തി പദ്ധതി പുനർ രൂപകൽപ്പന നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ലഭ്യമായ ഘടകങ്ങളുൾപ്പെടെ (കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പ് സെറ്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ബൂസ്റ്റർ സ്റ്റേഷൻ, 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, നിലവിലുള്ള ടാങ്കിലേക്കുള്ള ഗ്രാവിറ്റി മെയിൻ) എന്നിവയ്ക്കായി 2500 ലക്ഷം രൂപയുടെ പദ്ധതിക്ക് നബാർഡിലുൾപ്പെടുത്തി 30-12-2017-ൽ ഭരണാനുമതി നൽകുകയുണ്ടായി. ഈ ഘടകങ്ങളെല്ലാംകൂടി ഒറ്റ പാക്കേജായി ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വഹണം നടത്തുന്നതിനുള്ള ദർഘാസ് നടപടികൾ

നടന്നുവരുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ ആദ്യപടിയായി അഗളി പഞ്ചായത്തിൽ നിലവിലുള്ള വിതരണ ശൃംഖലവഴി ജലവിതരണം നടപ്പിലാക്കാൻ കഴിയുന്നതാണ്. എന്നാൽ പുത്തൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ ജലസംഭരണികൾക്കാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല; മാത്രമല്ല അട്ടപ്പാടിയിലെ ഭൂപ്രകൃതിയുടെ പ്രത്യേകതയനുസരിച്ച് ആകെയുള്ള 192 പട്ടികവർഗ്ഗ കോളനികളിൽ 88 കോളനികളിൽ മാത്രമേ പൈപ്പുവഴിയുള്ള ജലവിതരണം സാധ്യമാകുകയുള്ളൂ.

അടുത്ത പടിയായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ജലസംഭരണികളും അവയിലേക്കുള്ള ഗ്രാവിറ്റിമെയിനുകളും മൂന്ന് പഞ്ചായത്തുകളിലേയ്ക്കുമുള്ള വിതരണ ശൃംഖലയും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആദ്യഘട്ടം പൂർത്തിയാകുന്നമുറയ്ക്ക് രണ്ടാംഘട്ട അനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അലനല്ലൂർ-കോട്ടോപ്പാടം-തച്ചനാട്ടുകര കുടിവെള്ള പദ്ധതി

മേൽപദ്ധതിക്ക് കിഫ്ബിയിലുൾപ്പെടുത്തി 2016-17-ൽ 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തിയിരുന്ന കിണർ, പമ്പ്ഹൗസ്, 18 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് എന്നീ ഘടകങ്ങൾ ഒറ്റ പാക്കേജായി ദർഘാസ് നടപടികൾ പൂർത്തിയാക്കി പദ്ധതി നിർവ്വഹണം നടന്നുവരുന്നു. ഈ പ്രവൃത്തി 2019 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം ശുദ്ധജലം ജനങ്ങളിലെത്തിക്കാനായി ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, അലനല്ലൂർ, കോട്ടോപ്പാടം, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിലേക്കുമുള്ള ഉന്നതതല ജലസംഭരണികൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, വിതരണശൃംഖല എന്നീ ഘടകങ്ങളുൾപ്പെടുത്തി പദ്ധതി തയ്യാറാക്കി അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

മേൽ പദ്ധതികളുടെ പൂർണ്ണമായ പൂർത്തീകരണത്തിനായി ഇനിയും ഏറ്റെടുത്തു നടപ്പിലാക്കേണ്ട ഘടകങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി സ്ഥലലഭ്യത ഉറപ്പാക്കി സർവ്വേ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുയോജ്യമായ ഫണ്ടിംഗ് ഏജൻസിയിൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയായ പദ്ധതികൾക്ക് വിതരണശൃംഖല ഉൾപ്പെടെയുള്ള ബാക്കി ഘടകങ്ങൾ പൂർത്തിയാക്കുന്നതിന് പ്രത്യേക മുൻഗണന നൽകുന്നുണ്ട്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.